# ശാകുന്തളകഥയുടെ പുനർനിർമ്മിതി മലയാളത്തിൽ – സ്ത്രീവാദപരമായ ഒരു നിരീക്ഷണം

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള – കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**ജൂലിയാ ഡേവിഡ്**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
കോഴിക്കോട്

2019

# RECONSTRUCTION OF SAKUNTHALA KADHA IN MALAYALAM – A FEMINIST APPROACH

**Thesis submitted to the**
**Department of Malayalam and Kerala studies**
**University of Calicut for the Degree of**
**DOCTOR OF PHILOSOPHY**

**JULIA DAVID**

**Malayalam and Kerala Studies**
**University of Calicut**
**Kozhikode**

**2019**

**ഡോ. എൽ തോമസ്കുട്ടി**
പ്രൊഫസർ
മലയാള-കേരളപഠന വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള-കേരളപഠന വിഭാഗത്തിൽ പി.എച്ച്.ഡി. യോഗ്യതാ പരീക്ഷയ്ക്ക് സമർപ്പിക്കുന്ന **ശാകുന്തളകഥയുടെ പുനർനിർമ്മിതി മലയാളത്തിൽ - സ്ത്രീവാദപരമായ ഒരു നിരീക്ഷണം** എന്ന ഈ പ്രബന്ധം **ജൂലിയാ ഡേവിഡ്** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി **ഡോ. എൽ. തോമസ്കുട്ടി**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **ശാകുന്തളകഥയുടെ പുനർനിർമ്മിതി മലയാളത്തിൽ - സ്ത്രീവാദപരമായ ഒരു നിരീക്ഷണം** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി

**ജൂലിയാ ഡേവിഡ്**

## കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് മാർഗ്ഗ നിർദ്ദേശം നൽകിയ ഡോ. എൽ. തോമസുകുട്ടി സാറിനോട് എനിക്ക് അകമഴിഞ്ഞ നന്ദിയും കടപ്പാടുമുണ്ട്.

മുൻ മാർഗ്ഗനിർദ്ദേശകനും റിട്ടയേർഡ് അധ്യാപകനുമായ ഡോ. പി.എം. വിജയപ്പൻ സാറിന്റെ നിർദ്ദേശങ്ങൾ ഈ സമയത്ത് നന്ദിയോടെ ഓർക്കുന്നു. ഗവേഷണത്തിനാവശ്യ മായ നിർദ്ദേശങ്ങൾ തന്ന ഡോ. എം.എൻ. കാരശ്ശേരി, ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, ഡോ. എൻ. ഗോപിനാഥൻ നായർ എന്നിവരോടും ഇപ്പോഴത്തെ അധ്യാപകരോടും ഓഫീസ്, ലൈബ്രറി ജീവനക്കാരോടും എനിക്ക് അതിരറ്റ നന്ദിയുണ്ട്.

എറണാകുളം മഹാരാജാസ് കോളേജിലെ അധ്യാപകരെ നന്ദിയോടെ ഓർക്കുന്നു. ഗവേഷണ പൂർത്തീകരണത്തിനായി പ്രചോദനവും പിന്തുണയും നൽകിയ പങ്കാളി ജോഷിത്ത് മെൽവിനോടും, അച്ഛനോടും, അനിയത്തിയോടും മറ്റ് ബന്ധുക്കളോടുമുള്ള നന്ദി വാക്കുകളിൽ ഒതുക്കാൻ കഴിയില്ല. മക്കളായ ഏയ്ഞ്ചലിന റോസ്, ആൻഡ്രിയ റോസ് എന്നിവർ എന്നും സ്നേഹം പകർന്ന് എനിക്കൊപ്പമുണ്ടായി.

റഫറൻസിനായി സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവ്വകലാശാല മലയാളം വിഭാഗം ലൈബ്രറി, സി.എച്ച്. മുഹമ്മദ് കോയ സെൻട്രൽ ലൈബ്രറി, തൃശ്ശൂർ അപ്പൻതമ്പു രാൻ ലൈബ്രറി, കേരള സാഹിത്യ അക്കാദമി ലൈബ്രറി, തിരുവനന്തപുരം വഞ്ചിയൂർ ലൈബ്രറി, എറണാകുളം പബ്ലിക് ലൈബ്രറി, മഹാരാജാസ് കോളേജ് ലൈബ്രറി, കാലടി സംസ്കൃത സർവ്വകലാശാല ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർക്കും പ്രബന്ധം പൂർത്തിയാക്കിത്തന്ന ബിനാ ഫോട്ടോസ്റ്റാറ്റിലെ ബാലുവേട്ടനും മറ്റു ജീവനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി സമർപ്പിക്കുന്നു.

**ജൂലിയാ ഡേവിഡ്**

# ഉള്ളടക്കം


പുറം

**ആമുഖം** 7-19

1. പഠനലക്ഷ്യം
2. പഠനത്തിന്റെ പ്രസക്തി
3. പരികല്പന
4. പഠനരീതി
5. പൂർവപഠനങ്ങൾ
6. പ്രബന്ധസ്വരൂപം

**അധ്യായം 1** 20-94

**സൈദ്ധാന്തിക ഭൂമിക**

1.1.1 ചിന്തകൾ-ദർശനങ്ങൾ

1.1.2 സ്ത്രീ ഒരു നിർമ്മിതിയാണ്

1.1.3 സ്ത്രൈണത ഒരു മിത്താണ്

1.1.4 കുടുംബം-പുരുഷാധികാരവ്യവസ്ഥയുടെ സാംസ്കാരികനിർമ്മിതി

1.1.5 പുരുഷനിർമ്മിതമായ ഭാഷ

**1.2 സ്ത്രീനിർമ്മിതി- ഭാരതീയവും കേരളീയവുമായ ജ്ഞാനപദ്ധതികളിൽ**

**1.2.1 വിശുദ്ധസ്ത്രീ-വേശ്യ**

1.2.1.1 വേദകാലത്തെ ചിന്തകൾ

1.2.1.2 ശാങ്കരസ്മൃതിയിലെ സ്ത്രീ

1.2.1.3 കൊളോണിയൽ ആധുനികത

1.2.1.4 ആദ്യകാലമലയാള മാസികകൾ

**1.2.2 രക്ഷാകർത്താവും സ്ത്രീയും**

1.2.2.1 രക്ഷാകർത്താക്കളുള്ള നല്ലസ്ത്രീ

1.2.2.2 കന്യാദാനത്തെക്കുറിച്ച് എഴുത്തച്ഛന്റെ നിരീക്ഷണം

1.2.2.3 ബ്രാഹ്മണേതരസ്ത്രീകളുടെ രക്ഷാകർത്താവ്

1.2.2.4 പിതൃത്വനിർമ്മിതി

**1.2.3 ഭാര്യാഭർത്തൃബന്ധവും സ്ത്രീപദവിയും**

1.2.3.1 പതിവ്രതയായ ഭാര്യ

1.2.3.2 ശാങ്കരസ്മൃതിയിലെ ഭാര്യ-ഭർത്താവ്

1.2.3.3 എഴുത്തച്ഛന്റെ നിരീക്ഷണം

1.2.3.4 ആധുനികാലം-ഭാര്യ/ഭർത്തൃപദവി നിർമ്മിതികളുടെ കാലം.

1.2.3.5 ഭാര്യാധർമ്മം-കെ രാമകൃഷ്ണപിള്ളയുടെ വാത്സ്യായന സൂത്രവ്യാഖ്യാനങ്ങൾ

**1.2.4 സ്ത്രീയും ഭാഷാപ്രയോഗവും**

1.2.4.1 സ്ത്രീയുടെ ഭാഷാപ്രയോഗം വിമർശനാർഹമാണ്

1.2.4.2 സംസ്കൃതനാടകങ്ങളിലെ സ്ത്രീഭാഷ

1.2.4.3 അച്ചീചരിതങ്ങളിലെ തെഴുത്തകളുടെ ഭാഷ

1.2.4.4 മരുമക്കത്തായ കുടുംബത്തിലെ സ്ത്രീയും ഭാഷാപ്രയോഗവും

1.2.4.5 'സാമൂഹികഭാഷാവിജ്ഞാന'ത്തിലെ സ്ത്രീഭാഷാനിരീക്ഷണങ്ങൾ

1.2.4.6 സ്ത്രീഭാഷാനിരീക്ഷണങ്ങൾ-അധികാരവും ഭാഷയും എന്ന കൃതിയിൽ

**1.3 പത്തൊൻപതാം നൂറ്റാണ്ടിനു മുമ്പുള്ള മലയാളകൃതികളിലെ സ്ത്രീനിർമ്മിതി-തെരഞ്ഞെടുത്ത കൃതികളുടെ പഠനം.**

**അദ്ധ്യായം 2** **95-146**

**ശാകുന്തളകഥയുടെ പുനർനിർമ്മിതികൾ-ഒരു അവലോകനം**

2.1 വ്യാസഭാരതവും ശാകുന്തളോപാഖ്യാനവും

2.2 കാളിദാസന്റെ നാടകനിർമ്മിതി

2.3 എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനം

2.4 ഭാരതംഗാഥയും ശാകുന്തളവും

2.5 ശാകുന്തളം-ആറുദിവസത്തെ ആട്ടക്കഥ

2.6 ശാകുന്തളകഥ-കൈകൊട്ടിക്കളിപ്പാട്ടിൽ

2.7 അച്ഛനും മകളും-വള്ളത്തോളിന്റെ പുനർനിർമ്മിതി

2.8 ഭർത്തൃപരിത്യക്തയായ ശകുന്തള-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

2.9 ശകുന്തള-കെ പി കുഞ്ഞിലക്ഷ്മിയുടെ ഖണ്ഡകാവ്യം

2.10 ശകുന്തള-ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥ

2.11 ശാകുന്തളവും നാടകവും

2.12 ശാകുന്തളകഥ-സ്ത്രീവാദപരമായ പ്രശ്നവിചാരം

**അദ്ധ്യായം 3** **147-194**

**പതിവ്രതയും വേശ്യയും-**

**അടയാളപ്പെടുത്തലുകളുടെ പ്രത്യയശാസ്ത്രം**

**3 .1 എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനം**

3.1.1 ബ്രഹ്മണേതരസ്ത്രീകൾക്കും കുലസ്ത്രീയാവാം

3.1.2 ആരാണ് വേശ്യ

**3.2 ഭാരതംഗാഥയിലെ ഇന്ദിരാനേരൊത്ത കന്യകാരത്നം**

3.2.1 ഉത്തമയായ ശകുന്തള

3.2.2 മാറത്തലച്ച് കരഞ്ഞത് ശാപത്തിന് കാരണം

3.2.3 മണിപ്രവാളമാതൃകയിലെ സ്ത്രീ

**3.3 ആട്ടക്കഥയിലെ രണ്ടു സ്ത്രീകൾ**

3.3.1 പതിവ്രതയുടെ ആശങ്കകൾ

3.3.2 ശകുന്തള-ഗാന്ധർവാനന്തരം

3.3.3 ധൂമ്രകേശി-ആട്ടക്കഥയിലെ വേശ്യ

**3.4 ശാകുന്തളം എട്ടുവൃത്തം കൈക്കൊട്ടിക്കളിപ്പാട്ട്**

3.4.1 കുലനാരിമാർക്ക് വല്ലഭൻ ഈശ്വരനാണ്

3.4.2 മേനകാതനൂജയെങ്കിൽ കുലസ്ത്രീയല്ല നീ

3.4.3 ഭർത്തൃസമാഗമത്തിൽ വീണ്ടും കുലനാരിയാകുന്നു

**3.5 അത്തലിൻ സ്വരൂപമായ ശകുന്തള -അച്ഛനും മകളും**

3.5.1 സ്മൃതിമാതൃകയിലെ ഭർത്തൃവിരഹി

3.5.2 ഭർത്തൃനാശിനിയാകാൻ വിസമ്മതിക്കുന്ന വിശുദ്ധസ്ത്രീ

3.5.3 നവോത്ഥനകാലത്തെ കുലീനസ്ത്രീ

**3.6 വെണ്ണിക്കുളത്തിന്റെ ഭർത്തൃപരിത്യക്തയായ ശകുന്തള**

3.6.1 ദുരന്തനായിക

3.6.2 നവോത്ഥാനകാലത്തെ വിശുദ്ധസ്ത്രീ

3.6.3 സുഭഗനായ പുത്രന്റെ അമ്മ.

**3 .7 ഭരതന്റെ ജന്മഭാരം വഹിച്ച വിശുദ്ധ മാതാവ്**

**3 .8 തിരക്കഥയിലെ ശകുന്തള-ഒരു വിശുദ്ധ സ്ത്രീ.**

3 .8.1 ശകുന്തള-ഒരു നമ്പൂതിരിസ്ത്രീ

3.8.2 നവോത്ഥാനകാലാനന്തരമുള്ള വിശുദ്ധസ്ത്രീ

3.8.3 വീരപത്നിയും വീരമാതാവുമാവുക

3.9 തോപ്പിൽഭാസിയുടെ ശകുന്തള- ഒരു സാധാരണ സ്ത്രീ

3.9.1 വിശ്വാസത്തിലധിഷ്ഠിതമായ പ്രണയം

3.9.2 അഭിമാനമുള്ള സ്ത്രീ

3.10 മാതൃകാ സ്ത്രീനിർമ്മിതി

3.10.1. മാതാവ്-ഒരു വിശുദ്ധ സ്ത്രീ

അദ്ധ്യായം 4. 195-236

സ്ത്രീയും രക്ഷാകർത്താക്കളും

4.1 എഴുത്തച്ഛനും രക്ഷാകർത്തൃചിന്തകളും

4.1.1 കണ്വോപദേശത്തിലെ രക്ഷിതാക്കൾ

4.1.2 വന്ധകിയായ മേനക

4.2 ഭാരതംഗാഥ- 'പുരുഷന്റെ ചൊല്ലിലടങ്ങേണ്ട സ്ത്രീ' .

4.2.1 ആരാണനാരിയാണോ ?

4.2.2 ആണധികാരത്തെ അനുസരിക്കുക

4 .3 സ്ത്രീയുടെ രക്ഷകൻ തപോവനത്തിന്റെയും രക്ഷകനാണ് –ആട്ടക്കഥ

4.3.1 രക്ഷകന്റെ പദവി തന്നെ സ്ത്രീപദവി.

4.3.2 മേനകാതനയ

4.4 ഇളയതിന്റെ കൈകൊട്ടിക്കളിപ്പാട്ട്

4.4.1 താപസതരുണിയെ ഭൂപനു കൈക്കൊള്ളമോ?

4.4.2 വാത്സല്യാർദ്രനായ കണ്വമുനി

4.5 രക്ഷാകർത്താക്കളുടെ അലംഭാവം-വള്ളത്തോളിന്റെ വിമർശനം

4.5.1 സന്താനവാത്സല്യത്താൽ ഒരു പിതാവ്

4.5.2 പിതാവ് ചോദ്യം ചെയ്യപ്പെടുന്നു

4.6 വെണ്ണിക്കുളത്തിന്റെ മേനക-ശക്തയായ രക്ഷാകർത്താവ്

4.6.1 വാത്സല്യാർദ്രയായ ജനയിത്രി

4.6.2 മകളുടെ പരഭൃതാവസ്ഥ അമ്മയുടെ വിമർശനമായി മാറുന്നു.

4.7 ബാല്യമുള്ള ശകുന്തള

4.7.1 സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ രക്ഷാകർത്താക്കൾ

4.7.2 അമ്മയായ മേനകയുടെ ആവശ്യകത

**4.8 തിരക്കഥയിൽ രക്ഷാകർത്താക്കൾ വിമർശിക്കപ്പെടുന്നു**

4.8.1 യഥാർത്ഥ പിതാവിന്റെ അഗാധമായ ദുഃഖം

4.8.2 രക്ഷകർത്താക്കൾ മാപ്പു ചോദിക്കുന്ന മൂന്ന് രക്ഷിതാക്കൾ

**4.9 നാടകത്തിൽ-സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ രക്ഷിതാക്കൾ**

4.9.1 താതകണ്വൻ മൂക്കത്ത് ശുണ്ഠിയുള്ള ദുർവ്വാസാവല്ല

4.9.2 രക്ഷിതാക്കളുടെ അനുമതിയില്ലാതെ നടന്ന വിവാഹം

**4.10 രക്ഷിതാക്കളും ശകുന്തളയും**

**4.11 കണ്വൻ-സ്നേഹവാനായ രക്ഷിതാവ്**

**4.12 വിശ്വാമിത്രൻ-സ്വധർമ്മം നിറവേറ്റാത്ത രക്ഷാകർത്താവ്**

**അദ്ധ്യായം 5** **237-278**

**ഭാര്യാഭർത്തൃബന്ധവും സ്ത്രീപദവിയും**

**5.1 ആരാണ് ഭാര്യ**

5.1.1 സ്ത്രീകൾക്ക് ഭർത്തൃസേവനമാണ് നല്ലത്.

5.1.2 മാതൃകാ ഭാര്യ

5.1.3 എഴുത്തച്ഛൻ നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്ന ബന്ധങ്ങൾ

**5.2 മരുമക്കത്തായവ്യവസ്ഥയിലെ ഭാര്യ**

5.2.1 മധ്യകാലത്തെ യഥാർത്ഥ വൈവാഹികരീതി

**5.3 ആട്ടക്കഥയിലെ കാമിജനങ്ങൾ**

**5.4 മല്ലവിലോചനമാർക്ക് വല്ലഭൻ ഈശ്വരനാണ് –കൈകൊട്ടിക്കളി**

**5.5 അച്ഛനും; ഭർത്തൃപരിത്യക്തയായ മകളും**

**5.6 ശകുന്തള-വിശുദ്ധ മാതാവ്**

**5.7 ശകുന്തള-പുത്രജന്മം കൊണ്ട് സഫലയായ മാതാവ്**

**5.8 ശകുന്തള-പൂരുവംശത്തിന് സന്താനത്തെ നൽകേണ്ട അമ്മ**

**5.9 ശകുന്തളയോട് അഭിനിവേശം മാത്രം-ശാകുന്തളം നാടകം**

**5.10 കുടുംബത്തിലെ സ്ത്രീപദവി**

**5.11 ഭാര്യയുടെ ശ്രേഷ്ഠ മാതൃത്വം**

അദ്ധ്യായം-ആറ് 279-313

സ്ത്രീയും ഭാഷയും

6.1 സ്ത്രീ സംസാരിക്കുന്ന ഇതിഹാസവും,സ്ത്രീയ്ക്ക് ശബ്ദമില്ലാത്ത നാടകവും

6.2 കരുത്തോടെ സംസാരിക്കുന്ന എഴുത്തച്ഛന്റെ ശകുന്തള

6.3 ഭാരതംഗാഥയിലെ ശബ്ദമില്ലാത്ത ശകുന്തള

6.4 ആട്ടക്കഥയിലെ പ്രാകൃതം സംസാരിക്കുന്ന സ്ത്രീകൾ

6.5 സഭയിൽ വമ്പുകൾ പറയുന്ന ശകുന്തള-മച്ചാട്ട് ഇളയത്

6.6 ശകുന്തള കണ്ണീരടക്കി സംസാരിക്കുന്ന ഖണ്ഡകാവ്യം

6.7 ചിന്താവിഷ്ടയായ ശകുന്തള

6.8 ഇല്ലാ ചവിട്ടിയ കാൽ പിടിക്കില്ല ഞാൻ -കുഞ്ഞുലക്ഷ്മിയുടെ ശകുന്തള

6.9 ശകുന്തള-ഒരുപാട് സഹിച്ച സ്ത്രീ

6.10 നാടകത്തിലെ സംസാരിക്കുന്ന സ്ത്രീ

6.11 സ്ത്രീഭാഷയുടെ പ്രശ്നവിചാരങ്ങൾ

**ഉപസംഹാരം** **314-322**

ഗ്രന്ഥ സൂചി 323-333

## ൦. ആമുഖം

സ്ത്രീവാദസങ്കല്പനങ്ങളെയും അവയുടെ പ്രധിനിധാന സ്വഭാവമുള്ള സൂക്ഷ്മഘടകങ്ങളെയും മുൻനിർത്തി ശാകുന്തളപുനർനിർമ്മിതികളെ അന്വേഷിക്കുന്ന പഠനമാണിത്. സ്ത്രീയെ നിർണ്ണയിക്കുന്ന ബഹുവിധതലങ്ങൾ ഉൾക്കൊള്ളുന്ന സാംസ്കാരികവിശകലനമാണ് സ്ത്രീവാദം. പുരുഷാധികാരത്തിന്റെ ബലതന്ത്രങ്ങൾ, സാമൂഹിക ജീവിതം, കുടുംബം, പൊതു ഇടങ്ങൾ, ഭാഷ എന്നിവയെല്ലാം പലവിധമായ സാംസ്കാരിക സാഹചര്യങ്ങളിൽ സ്ത്രീയെ നിർമ്മിച്ചെടുക്കുന്നു. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയപരവും സാമ്പത്തികവുമായ ഘടകങ്ങൾ ലിംഗപരമായ വിവേചനകൾ ഉൾക്കൊള്ളുന്നവയാണ്. അവയെല്ലാം സ്ത്രീയുടെ നിത്യജീവിതത്തിൽ അതിസൂക്ഷ്മമായ ഇടപെടലുകൾ നടത്തുന്നുണ്ട്. 'സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായിത്തീരുകയാണ് അഥവാ സ്ത്രീയെ നിർമ്മിച്ചെടുക്കുകയാണ്' - എന്ന സിമോൺ ദ ബുവേയുടെ നിരീക്ഷണം വളരെ പ്രസക്തമാണ്. സ്ത്രീവാദപഠനങ്ങളിൽ നിർമ്മിതീവാദം വലിയ ഉൾക്കാഴ്ചകളാണ് നൽകിയിട്ടുള്ളത്. വിവിധദേശങ്ങളിലെ പ്രത്യേക സാംസ്കാരിക സവിശേഷതകൾക്കനുസൃതമായി പുരുഷാധിപത്യമൂല്യവ്യവസ്ഥ സ്ത്രീത്വത്തെ നിർമ്മിച്ചെടുക്കുകയാണുണ്ടായത്. സ്ത്രീവാദത്തിന്റെ പാശ്ചാത്യമാതൃകയിലുള്ള ആശയാവലികളുടെ കേവലമായ നിരീക്ഷണത്തിൽ നിന്നുകൊണ്ടല്ല, ഭാരതീയ സ്ത്രീസ്വത്വനിർമ്മിതിയുടെ ഉള്ളടക്ക പരിശോധന നടത്തേണ്ടത്. ഭാരതീയ ജ്ഞാനമണ്ഡലവും അധികാര-ഭരണക്രമീകരണങ്ങളും സംസ്കരിച്ചെടുത്ത സൈദ്ധാന്തിക ആശയങ്ങളാണ് പ്രശ്നവൽക്കരിക്കേണ്ടത്.

**0 .1 പഠനലക്ഷ്യം**

ഓരോ രാഷ്ട്രവും, അതിന്റെ വിവിധ കാലങ്ങളിലെ ഭരണ നിർവ്വഹണപദ്ധതികളും സാംസ്കാരികഘടകങ്ങളുടെ നിർമ്മിതിയും വിനിമയവും നടത്തിയിട്ടുണ്ട്. അത്തരം വിനിമയങ്ങൾക്ക് സാഹിത്യാദികളും, മത-അധികാരദർശനങ്ങളുടേതായ സൈദ്ധാന്തികവ്യവഹാരങ്ങളും സഹായകമായിട്ടുണ്ട്. പൊതുജനസംസ്കാരം രൂപപ്പെടുത്തുന്നതിൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്. സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ഭാരതത്തിലെ ഭരണ-നിർവ്വഹണമേഖലകളുടെ രക്ഷാകർത്തൃത്വം സവർണ്ണ പുരുഷനായിരുന്നുവെന്ന് കാണാം. ശ്രേണീബദ്ധമായ പൊതുജനസംസ്കാരത്തെ രൂപപ്പെടുത്തിയ ഭാരതീയസവർണ്ണജ്ഞാന പദ്ധതികൾ സ്ത്രീവാദ നിരീക്ഷണങ്ങളുടെ സൈദ്ധാന്തിക ഉള്ളടക്കത്തിൽ പരിഗണനാ വിഷയങ്ങളാണ്. ആ നിലയിൽ വ്യാസശാകുന്തളത്തെയും, അഭിജ്ഞാന ശാകുന്തളത്തെയും ഉപജീവിച്ചുണ്ടായ മലയാളപുനർനിർമ്മിതികളെ വിലയിരുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്. കേരളീയമായ സ്ത്രീനിർമ്മിതി രൂപപ്പെടുത്തുന്നതിൽ സവർണ്ണ പുരുഷജ്ഞാന മണ്ഡലത്തിനും ദർശനങ്ങൾക്കും വലിയ പ്രാധാന്യമുണ്ടായി എന്നതാണ് ഈ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

**0.2 പഠനത്തിന്റെ പ്രസക്തി**

കേരളത്തിലെ ലിംഗവിവേചനപ്രത്യയശാസ്ത്രങ്ങളുടെ രൂപീകരണവും ചരിത്രപരമായ തുടർച്ചകളും വെളിപ്പെടുത്തുന്ന പഠനമാണിത്. മധ്യകാലത്തെ സാഹിത്യരചനകളിൽ കാണുന്ന സ്ത്രീനിർമ്മിതിയും നവോത്ഥാനകാല ആധുനികതയിൽ നടന്ന തുടർച്ചയും; സമകാലിക കേരളത്തിലെ സ്ത്രീകളെ വിലയിരുത്തുന്ന ഘടകങ്ങളായി മാറിയിട്ടുണ്ട്. വ്യാസഭാരതം മുതലുള്ള എല്ലാ ശാകുന്തളകഥകളിലും സവർണ്ണപുരുഷജ്ഞാനപദ്ധതി

കളുടെ പ്രത്യയശാസ്ത്ര നിലപാടുകൾ ആവർത്തിച്ചു വരുന്നത് കാണാം. അത്തരം മാനദണ്ഡങ്ങളെ പ്രശ്നവൽക്കരിക്കുന്ന പഠനം മലയാളത്തിലെ ശാകുന്തള പുനർനിർമ്മിതികളെ മുൻ നിർത്തി ഇതുവരെ ഉണ്ടായിട്ടില്ല എന്നത് തന്നെയാണ് ഈ പഠനത്തിന്റെ പ്രസക്തി. സ്ത്രീയെ രൂപപ്പെടുത്തിയ പ്രത്യയശാസ്ത്രധർമ്മങ്ങൾ സമകാലിക കേരളത്തിലും പിന്തുടരുന്നതായി കാണാനാകും. ആ നിലയിലും ഈ പഠനം പ്രസക്തമാണ്. ഇതിഹാസപുരാണാദി വിഷയങ്ങൾ പുനരാവിഷ്കരിച്ച ധാരാളം രചനകൾ മലയാളത്തിലുണ്ട്. അവയെല്ലാം വിശദീകരിക്കേണ്ടവയാണ്. വിഷയ ബാഹുല്യം നിമിത്തം ഈ പ്രബന്ധത്തിൽ അത്തരത്തിലുള്ള വിശകലനങ്ങൾ ചേർത്തിട്ടില്ല. ഈ പ്രബന്ധത്തിന്റെ തുടർച്ചയായി അത്തരം അന്വേഷണങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### 0.3 പരികല്പന

മലയാളത്തിലെ ശാകുന്തള പുനർനിർമ്മിതികളെ സ്ത്രീവാദപരമായി നിരീക്ഷിക്കുന്നതു വഴി, സ്ത്രീയെ നിർമ്മിച്ചെടുക്കാൻ പുരുഷാധീശപ്രത്യയശാസ്ത്രനിലപാടുകൾ ആധാരമാക്കിയ സാംസ്കാരികഘടകങ്ങൾ വേർതിരിച്ചു മനസ്സിലാക്കാൻ സാധിക്കും, എന്നതാണ് ഈ പഠനത്തിന് ആധാരമായ പരികല്പന.

### 0.4 പഠനമേഖല

ശാകുന്തളപുനർനിർമ്മിതി മലയാളത്തിൽ-സ്ത്രീവാദപരമായ നിരീക്ഷണം എന്ന ഈ പ്രബന്ധത്തിൽ എഴുത്തച്ഛൻ മുതൽ തോപ്പിൽ ഭാസി വരെയുള്ള എഴുത്തുകാരുടെ രചനകളാണ് അപഗ്രഥിക്കുന്നത്. എഴുത്തുകാരുടെ രചനാകാലവും കേരളത്തിന്റെ സവിശേഷമായ സവർണ്ണപുരുഷാധികാര വ്യവസ്ഥയും ഈ പഠനത്തിൽ പരിഗണനാവിഷയങ്ങളാണ്. വ്യാസഭാര

തവും അഭിജ്ഞാനശാകുന്തളവും പ്രമേയമാക്കിയത് ശകുന്തള എന്ന സ്ത്രീയുടെ ജീവിതമാണ്. വിവിധ ജീവിതാവസ്ഥകളിൽ ശകുന്തള രൂപപ്പെട്ടു വരുന്ന സാഹചര്യം ഭാരതീയമായ രണ്ടു സാംസ്കാരികപശ്ചാത്തലത്തിൽ നിന്നാണ് വ്യാസനും കാളിദാസനും വിവരിച്ചത്. അത്തരം സാംസ്കാരിക ഘടകങ്ങൾ, '*കാളിദാസനും കാലത്തിന്റെ ദാസൻ*' -എന്ന ലേഖനത്തിൽ ജോസഫ് മുണ്ടശ്ശേരി അപഗ്രഥിച്ച്, വിവരിച്ചിട്ടുണ്ട്. ഈ രണ്ടു കൃതികളുടെയും സ്വാധീനം എഴുത്തച്ഛൻ മുതല്ക്കുള്ള മലയാള സാഹിത്യരചയിതാക്കളിലുണ്ട്. കിളിപ്പാട്ട്, ആട്ടക്കഥ, ഗാഥ, കൈക്കൊട്ടിക്കളിപ്പാട്ട്, ഖണ്ഡകാവ്യം, തിരക്കഥ, നാടകം തുടങ്ങിയ സാഹിത്യമാതൃകകളിലാണ് ശകുന്തളകഥ പുനരാവിഷ്കരിച്ചത്.

**0.5 പഠനരീതി**

സ്ത്രീവാദപരമായ സാംസ്കാരികഘടകങ്ങൾ ആധാരമാക്കി പ്രാധിനിത്യസ്വഭാവമുള്ള ശാകുന്തള പുനർനിർമ്മിതികളെ അപഗ്രഥിക്കുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകളുടെ ലൈംഗികതയെ മുൻനിർത്തിയുള്ള വിഭജനം, സ്ത്രീസംരക്ഷണം, കുടുംബത്തിലെ പദവി, സ്ത്രീ യുടെ ഭാഷാപ്രയോഗം തുടങ്ങിയ വിശകലനാത്മകസ്വഭാവമുള്ള സൂക്ഷ്മസാംസ്കാരികഘടകങ്ങളാണ് നിരീക്ഷിക്കുന്നത്. സാഹിത്യപഠനത്തെ പരമ്പരാഗത വീക്ഷണങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്ന സംസ്കാരപഠനത്തിന്റെ ഉൾക്കാഴ്ചകൾ വിഷയക്രോഡീകരണത്തിന് ഉപയുക്തമായിട്ടുണ്ട്. ഇതിഹാസത്തിലും നാടകത്തിലും ആവിഷ്കരിച്ച ശകുന്തളയുടെ ജീവിതം ഒറ്റ ഏകകമായി സ്വാംശീകരിച്ചു കൊണ്ട് സ്വതന്ത്രമായ നിർമ്മിതിയാണ്, മലയാളത്തിലെ പുനരാവിഷ്കരണങ്ങൾ നടത്തിയത്. പുനരാവിഷ്കരണം തന്നെയാണ് പുനർനിർമ്മിതി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. സംസ്കൃതഭാഷയിലുണ്ടായ ഇതിഹാസനാടകാദികളിലെ ശകുന്തളയെന്ന ഏകകഥാപാത്രത്തെ മുൻനിർത്തി, മലയാളത്തിലെ എഴുത്തുകാർ സ്വതന്ത്രമായി നിർമ്മിച്ചെടുത്ത

സ്ത്രീത്വത്തെക്കുറിച്ചുള്ള അപഗ്രഥനാത്മക വിശകലനമാണ് ഈ പ്രബ ന്ധത്തിലുള്ളത്.

**0.6 പൂർവ്വപഠനങ്ങൾ**

ഇതിഹാസത്തിലെയും നാടകത്തിലെയും ശാകുന്തളകഥകളുടെ സാഹിതീയമായ ഗുണദോഷവിചാരങ്ങൾ പൂർവ്വകാലങ്ങളിൽ പരിശോധനാ വിഷയങ്ങളായിട്ടുണ്ട്. അത്തരം രചനകളിൽ നിന്നും വ്യത്യസ്തമാണ് ജോസഫ് മുണ്ടശ്ശേരിയുടെ; 'കാളിദാസനും കാലത്തിന്റെ ദാസൻ' (1956) എന്ന പഠനം. പ്രസ്തുത ലേഖനത്തിൽ, ഇരുകൃതികളിലെയും സ്ത്രീസ്വത്വനിർമ്മിതി സൂക്ഷ്മ മായി വിശകലനം ചെയ്തിരിക്കുന്നു. അധികാരത്തിന്റെ പ്രത്യയശാസ്ത്ര നിലപാടുകൾ സ്ത്രീകളെ നിർമ്മിച്ചെടുക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തിയതായി അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ശകുന്തള കാളിദാസന്റെ കഥാപാത്രങ്ങളിൽ വച്ച് ഏറ്റവും സഹാനുഭൂതിയർഹിക്കുന്ന ഒരാളായി മാറി യതെങ്ങനെയെന്ന് അദ്ദേഹം അപഗ്രഥിച്ചു വിശദമാക്കുന്നതായിക്കാണാം. എന്നാൽ അത്തരം നിർമ്മിതികൾ സ്ത്രീത്വത്തെ സംബന്ധിച്ചിടത്തോളം ഒരു നേട്ടമായിരുന്നില്ല എന്നും അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്.

ശാകുന്തളം ഗദ്യപരിഭാഷയുടെ അവതാരിക(1959)യിൽ കുട്ടി കൃഷ്ണമാരാർ ഇതിഹാസകൃതിയും, നാടകവും തമ്മിലുള്ള സാമ്യവ്യത്യാ സങ്ങൾ പരിശോധിക്കുന്നു. അതോടൊപ്പം മുണ്ടശ്ശേരിയുടെ വാദങ്ങൾക്ക് മറു പടി നൽകാനും ശ്രമിക്കുന്നു. ശകുന്തളയെ കാട്ടുപെണ്ണായും ദുഷ്യന്തനെ വിഷ യാസക്തനല്ലാത്ത രാജാവായുമാണ് കാളിദാസൻ നിർമ്മിച്ചതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. കാട്ടിലെ സ്ത്രീയുടെ രാജ്യാർഹയോഗ്യത അളക്കാനാണ് ദുഷ്യന്തൻ സേനകളെ അയക്കാതിരുന്നത്. മാരാരുടെ നിരീക്ഷണങ്ങളെല്ലാം സവർണ്ണപുരുഷജ്ഞാനദർശനങ്ങളെ മുൻനിർത്തിയുള്ളതായിരുന്നുവെന്ന്

കാണാം. അത്തരം നിരീക്ഷണങ്ങളിലൂടെയോ, വിലയിരുത്തലിലൂടെയോ മാത്രം രൂപപ്പെട്ടു വരേണ്ടതാണ് സ്ത്രീസ്വത്വമെന്ന് അദ്ദേഹം കരുതുന്നു.

'ശകുന്തളോപാഖ്യാനം:എഴുത്തച്ഛന്റെയും കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും മഹാഭാരതങ്ങളിൽ' - എന്ന ഡോ.ടി.ബി. വേണുഗോപാലപ്പണിക്കരുടെ ലേഖനം (2008, താപസം റിസേർച്ച് ജേർണൽ) ഘടനാപരമായ വിശകലനങ്ങൾ നടത്തുന്നുണ്ട്. എഴുത്തച്ഛൻ വ്യാസഭാരതമാണ് സ്വതന്ത്രതർജ്ജമ, ചെയ്യതെങ്കിലും ശാകുന്തളോപാഖ്യാനത്തിലെ കണ്വോപദേശം, പ്രത്യേകമായി കാളിദാസനിൽ നിന്ന് സ്വീകരിച്ചതാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. എഴുത്തച്ഛൻ ശകുന്തളോപാഖ്യാനത്തിൽ വരുത്തിയ മാറ്റങ്ങളെല്ലാം കാളിദാസന്റെ നാടകസ്വാധീനത്താൽ വരുത്തിയവയാണെന്ന് വിശദമാക്കുന്നു. വില്യം ജോൺസിനെ പോലുള്ള ഓറിയന്റലിസ്റ്റുകൾക്കു മുമ്പു തന്നെ അഭിജ്ഞാന ശാകുന്തളം 'അനുകാര്യമാവും വിധം വിലോഭനീയമാകുക' യും ചെയ്യുവെന്ന് അദ്ദേഹം കരുതുന്നു.

നൗഷാദ് എസ്സിന്റെ 'വീരപുരുഷനും വിശുദ്ധസ്ത്രീയും: മഹാഭാരതമിത്ത്, ആഖ്യാനം, കമ്പോളകാലം' (2017) എന്ന പുസ്തകത്തിൽ ശാകുന്തളകഥയെ മഹാഭാരതമിത്തായി കണ്ട് വിവിധസാഹിത്യരചനകളും പ്രതിനിധാന സ്വഭാവമുള്ള സിനിമകളും സാംസ്കാരികമായി വിശകലനം ചെയ്യുന്നു. പ്രസിദ്ധമായ ശാകുന്തളം നിരൂപണങ്ങളുടെ സൂക്ഷ്മവിശകലനവും പ്രസ്തുത കൃതിയിലുണ്ട്.

പാശ്ചാത്യലോകത്തിൽ, സ്ത്രീപക്ഷനിലപാടുകൾ ശക്തമായ കാലത്തു തന്നെ കേരളത്തിലെ നിരൂപകർ സ്ത്രീചിന്തകൾ ഉൾക്കൊള്ളുന്ന പഠനങ്ങളെഴുതിയിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പത്രമാസികകളിലൂടെയാണ് അത്തരം നിരൂപണലേഖനങ്ങൾ പ്രസിദ്ധീകരിച്ചത്. പി.

ഗീതയുടെ 'എഴുത്തമ്മമാർ' എന്ന പുസ്തകത്തിനൊടുവിലും, ജെ. ദേവിക യുടെ കല്പനയുടെ മാറ്റൊലി' എന്ന പുസ്തകത്തിലും അത്തരം ലേഖനങ്ങൾ സമാഹരിച്ചിട്ടുണ്ട്. വെർജീനിയാ വുൾഫിന്റെ 'എഴുത്തുകാരിയുടെ മുറി' എന്ന പുസ്തകം വരുന്നതിന് എത്രയോ മുമ്പു തന്നെ അത്തരം ആശയങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. നവോത്ഥാനകാലത്തെ സ്ത്രീ നിർമ്മിതികളിൽ ആശങ്കപ്പെടുന്നതും, ലിംഗവിവേചനമില്ലാത്ത സമൂഹത്തെ വിഭാവനം ചെയ്യുന്നതുമായ ധാരാളം ലേഖനങ്ങൾ 'കല്പനയുടെ മാറ്റൊലി' എന്ന പുസ്തകത്തിൽ കാണാം. ഉദാഹരണത്തിന്, 1906 ന് ശാരദ എന്ന മാസികയിലാണ് കെ ലക്ഷ്മിയമ്മ, 'പുരുഷധർമ്മം എന്ന പേരിൽ ഒരു ലേഖനം രചിക്കുന്നത്. ഭാര്യാധർമ്മം, സ്ത്രീധർമ്മം തുടങ്ങിയ ശീർഷകങ്ങളിൽ സ്ത്രീ യെ മാത്രം നിർമ്മിക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്ന പ്രസ്തുത ലേഖനം പുരുഷനിർമ്മിതികൂടി ഉൾക്കൊണ്ടാകണം നവീകരണപ്രക്രീയ നട പ്പിലാക്കേണ്ടതെന്ന് വാദിക്കുന്നു. സ്ത്രീകളെ നേരിട്ട് ബാധിക്കുന്ന നിരവധി വിഷയങ്ങൾ ചർച്ച ചെയ്യുന്ന 1938 വരെയുള്ള പ്രതിനിധാന സ്വഭാവമുള്ള ലേഖ നങ്ങൾ തെരഞ്ഞെടുത്ത് ദേവിക പ്രസ്തുത കൃതിയിൽ ചേർത്തിട്ടുണ്ട്.

കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ 'വിചാരവിപ്ലവം' എന്ന പുസ്ത കത്തിൽ രണ്ടു ലേഖനങ്ങൾ സ്ത്രീപ്രശ്നങ്ങൾ അപഗ്രഥിക്കുന്നവയാണ്. 'സ്ത്രീകളുടെ പാരതന്ത്ര്യം' (1941), 'റഷ്യൻ സ്ത്രീകൾ' (1944) എന്നീ ലേഖ നങ്ങളിൽ സ്ത്രീയ്ക്കെതിരായ പുരുഷാധീശനിലപാടുകൾ വിമർശിക്കുന്നു ണ്ട്. സ്ത്രീകളുടെ അടിമാവസ്ഥയ്ക്ക് പ്രധാനകാരണം സാമ്പത്തിക സ്വാത ന്ത്ര്യമില്ലാത്തതാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. കെ. സരസ്വതി യമ്മയുടെ 'പുരുഷന്മാരില്ലാത്ത ലോകം' (1958) എന്ന പുസ്തകത്തിൽ സ്ത്രീ യുടെ സഞ്ചാരസ്വാതന്ത്ര്യത്തെയും, സാമ്പത്തിക സ്വാതന്ത്ര്യത്തെയും പ്രശ്നവ ൽക്കരിക്കുന്നുണ്ട്. സ്ത്രീയുടെ ചലനാത്മകതയെ നിയന്ത്രിക്കുന്ന പുരുഷാ ധീശനിലപാടുകളെ അവർ ശക്തമായി വിമർശിക്കുന്നു.

തൊള്ളായിരത്തി എൺപതുകളോടെ കേരളത്തിൽ ശക്തി പ്രാപിച്ച സ്ത്രീവാദദർശനങ്ങളുടെ പ്രായോഗികനിലപാടുകൾ ധാരാളം സൈദ്ധാന്തിക വിശകലനങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ നിർമ്മിതിക്ക് കാരണമായി. 1989 ൽ എൻ കെ രാമകൃഷ്ണൻ, കെ, എം വേണുഗോപാൽ എന്നിവർ ചേർന്ന് രചിച്ച 'സ്ത്രീ വിമോചനം-ചരിത്രം' , എന്ന പുസ്തകം ചരിത്രപരവും സൈദ്ധാന്തികപരവുമായ സ്ത്രീദർശനങ്ങൾ വിവരിക്കുന്നു. സച്ചിദാനന്ദന്റെ 'സ്ത്രീ പഠനങ്ങൾ(എഡി-1990 ) എന്ന സമാഹാരം സോഷ്യലിസ്റ്റ് സ്ത്രീവാദനിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. സി.എസ്. ചന്ദ്രികയുടെ 'കേരളത്തിലെ സ്ത്രീ മുന്നേറ്റത്തിന്റെ ചരിത്രം' , എൻ.കെ. രവീന്ദ്രന്റെ 'പെണ്ണെഴുതുന്ന ജീവിതം' (2010),പി ഗീതയുടെ കൃതികൾ-' കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്' (1995), 'ദേവദൂതികൾ മാഞ്ഞു പോവത്' (1999), പെൺകാലങ്ങൾ(2010), എഴുത്തമ്മമാർ-തുടങ്ങിയവ കേരളത്തിലെ സവിശേഷമായ സ്ത്രീനിലപാടുകളെ മുൻനിർത്തിയുള്ള സ്ത്രീപഠനങ്ങളാണ്. ജെ ദേവികയുടെ കൃതികൾ- 'സ്ത്രീവാദം' (2000), 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ' (2015), 'പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു' (2017) മലയാളത്തിലെ സ്ത്രീവാദനിരീക്ഷണങ്ങൾക്ക് ദിശാബോധം നൽകിയ സൈദ്ധാന്തിക രചനകളാണ്. രണ്ടായിരത്തിപ്പത്തിനു ശേഷം ധാരാളം രചനകൾ സ്ത്രീവാദനി രീക്ഷണങ്ങളോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച പൂർവ്വപഠനങ്ങളെല്ലാം ഈ പ്രബന്ധരചനയ്ക്ക് സഹായകമായിട്ടുണ്ട്. സ്ത്രീ വാദനിരീക്ഷണങ്ങളെ മുൻനിർത്തി ധാരാളം ഗവേഷണപഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സ്ത്രീവാദപരമായി ശാകുന്തളകഥയുടെ പുനർനിർമ്മിതികളെ നിരീക്ഷിക്കുന്ന ഒരു വിശദപഠനം നടന്നിട്ടില്ല.

## 0.7 പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ ആറ് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിനുള്ളത്. സൈദ്ധാന്തികനിലപാടുകൾ എന്ന ആദ്യ അധ്യായം സ്ത്രീവാദനിരീക്ഷണങ്ങളുടെ സൈദ്ധാന്തികമായ അവലോകനമാണ്. നില വിലുള്ള സ്ത്രീസ്വത്വബോധം പുരുഷാധീശവ്യവസ്ഥ നിർമ്മിച്ചെടുത്തതാണെന്ന് ഈ പ്രബന്ധം നിരീക്ഷിക്കുന്നു. സ്ത്രൈണത ഒരു മിത്താണെന്നും കുടുംബം, പുരുഷന് അധീശപദവി നൽകുന്നുണ്ടെന്നും പാശ്ചാത്യ സ്ത്രീവാദ നിരീക്ഷണങ്ങളെ മുൻനിർത്തി വിശദീകരിക്കുന്നു. പുരുഷ നിർമ്മിതമായ ഭാഷയിൽ സ്ത്രീ അടയാളപ്പെട്ടതെങ്ങനെയെന്ന നിരീക്ഷണം പ്രശസ്ത സ്ത്രീ വാദിയായ ഡെയ്ൽ സ്പെൻഡറുടെ ***Man Made Language*** എന്ന പുസ്തകത്തെ മുൻനിർത്തി പരിശോധിക്കുന്നു. തുടർന്ന് ഭാരതീയവും കേരളീയ വുമായ പാര മ്പര്യത്തിലെ ജ്ഞാനധാരകളെ മുൻനിർത്തി, വിശദമായ സ്ത്രീവാദനിരീ ക്ഷണഘടകങ്ങൾ രൂപപ്പെടുത്തുകയും ക്രോഢീകരിക്കുകയും ചെയ്യുന്നു.

പ്രതിനിധാനസ്വഭാവമുള്ള ശാകുന്തള പുനർനിർമ്മിതികളുടെ വിശദമായ പഠനമാണ് രണ്ടാം അധ്യായം. പ്രസ്തുത കൃതികളുടെ പ്രമേയത്തി ലും ഘടനയിലും വരുത്തിയ മാറ്റങ്ങൾ സഹിതം സൂക്ഷ്മമായ വിശകലനമാണ് ഈ അധ്യായത്തിലുള്ളത്. ഭാരതം കിളിപ്പാട്ട്, ഭാരതംഗാഥ എന്നീ കൃതിക ളിലെ ശാകുന്തളോപാഖ്യാനം',ശാകുന്തളം-ആറുദിവസത്തെആട്ടക്കഥ, ശാകു ന്തളം എട്ടുവൃത്തം കൈക്കൊട്ടിക്കളിപ്പാട്ട്,വള്ളത്തോളിന്റെ അച്ഛനും മകളും (ഖണ്ഡകാവ്യം), വെണ്ണിക്കുളത്തിന്റെ 'ഭർത്തൃപരിത്യക്തയായ ശകുന്തള (ഖ ണ്ഡകാവ്യം) ,കെ.പി. കുഞ്ഞിലക്ഷ്മിയുടെ ശകുന്തള(ഖണ്ഡകാവ്യം.), ലളി താംബികാ അന്തർജ്ജനത്തിന്റെ 'ശകുന്തള(തിരക്കഥ), തോപ്പിൽ ഭാസിയുടെ ശാകുന്തളം(നാടകം) തുടങ്ങിയ ഒൻപത് സാഹിത്യകൃതികളാണ് ശാകുന്തള പുനരാവിഷ്ക്കരണങ്ങളായി സ്വീകരിച്ചത്. വ്യാസഭാരതത്തിലെ ശകുന്തള

കഥയും അഭിജ്ഞാനശാകുന്തളകഥയും  മേൽപ്പറഞ്ഞ കൃതികൾ സ്വാംശീകരിച്ചതിലുള്ള സൂക്ഷ്മവിശകലനം, അപഗ്രഥനം, ക്രോഡീകരണം എന്നവയാണ് രണ്ടാം അധ്യായത്തിൽ നിർവഹിച്ചത്. മഹാഭാരതത്തിലെ സ്വതന്ത്രതർജ്ജമയായ ഭാരതം കിളിപ്പാട്ടിലടക്കം എല്ലാ പുനരാവിഷ്കാരങ്ങളിലും കാളിദാസ പ്രസിദ്ധമായ നാടകത്തിന്റെ  സ്വാധീനമുണ്ടെന്നും ലളിതാംബികാ അന്തർജ്ജനം തിരക്കഥാ രചനയിൽ, വ്യാസകാളിദാസരചനകൾക്കു പുറമെ; ഭാരതം കിളിപ്പാട്ടിലെ ശാകുന്തളോപാഖ്യാനം , അച്ഛനും മകളും തുടങ്ങിയ രചനകളെയും അതേപടി സ്വീകരിച്ചിട്ടുണ്ടെന്നും ഈ അധ്യായത്തിൽ നിരീക്ഷിക്കുന്നു.

ലൈംഗികതയെ മുൻനിർത്തി സ്ത്രീയെ വിശുദ്ധസ്ത്രീയായും വേശ്യയായും കണക്കാക്കുന്ന സവർണ്ണപുരുഷാധീശനിലപാടിനെ  ആധാരമാക്കിയുള്ള അപഗ്രഥനാത്മകവിശകലനമാണ് മൂന്നാം അധ്യായത്തിലുള്ളത്. സ്ത്രീവാദനിരീക്ഷണങ്ങളിലെ വളരെ സൂക്ഷ്മമായ വിശകലന ഉപാധിയാണത്. ബഹുലൈംഗിതയിലേർപ്പെടുന്ന സ്ത്രീകളെ അഭിസംബോധന ചെയ്യുന്ന വേശ്യ എന്ന പദം; ശകുന്തളയെയും മാതാവായ മേനകയേയും അഭിസംബോധന ചെയ്യാൻ പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതായി  കാണാം. മധ്യകാലശാകുന്തളപുനർനിർമ്മിതികളുടെ ആദ്യ ഭാഗത്ത് ശകുന്തള  വിശുദ്ധസ്ത്രീയായും ഭർത്തൃനിരാസഘട്ടത്തിൽ വേശ്യയായും രൂപാന്തരം പ്രാപിക്കുന്നു. അതേകൃതികളിൽ, മേനകയെന്ന അമ്മയുടെ വേശ്യാത്വം അവളിൽ ആരോപിക്കപ്പെടുന്നതായും നിരീക്ഷിച്ചിട്ടുണ്ട്. ആധുനികതയുടെ കാലത്തുണ്ടായ രചനകളിലാകട്ടെ, മാറിയ സാമൂഹിക സാഹചര്യങ്ങൾ, ലൈംഗികാധിഷ്ഠിതമായി സ്ത്രീയെ വിലയിരുത്തുന്നതിന് നിദാനമായി. ഇത്തരം നിരീക്ഷണങ്ങളുടെ അപഗ്രഥനവും ക്രോഡീകരണവുമാണ് വിശുദ്ധസ്ത്രീയും വേശ്യയും-അടയാളപ്പെടുത്തലുകളുടെ പ്രത്യയശാസ്ത്രം എന്ന മൂന്നാം അധ്യായത്തിലുള്ളത്

വിശുദ്ധസ്ത്രീകളുടെ രക്ഷാകർത്താക്കളെ സംബന്ധിച്ച നിലപാട് വേദങ്ങളിൽ തന്നെ ആരംഭിക്കുന്നു. മനുസ്മൃതിയിലെ പുരുഷരക്ഷിതാക്കളുടെ നിബന്ധന മധ്യകാലശാകുന്തളപുനർനിർമ്മിതികളിൽ അതേപടി ആവർത്തിക്കുന്നുണ്ട്. രക്ഷാകർത്താക്കളുടെ അലംഭാവം, വിശുദ്ധമാതൃത്വത്തിന്റെ നിബന്ധന എന്നിവയാണ് പിൽക്കാലരചനകളിൽ കാണുന്നത്. മാതാപിതാക്കൾ ഒരു പോലെ 'പുത്ര' സംരക്ഷണത്തിനായി ശ്രദ്ധിക്കണമെന്നും, സ്ത്രീയുടെ ഭാഗത്തു നിന്ന് വിട്ടുവീഴ്ചകൾ അനിവാര്യമാണെന്നും വരുന്നു. ഭാര്യാസംരക്ഷണം ചെയ്യാത്ത പുരുഷനും, പുത്രീസംരക്ഷണം നിർവ്വഹിക്കാത്ത പിതാവും ഒരുപോലെ സൂക്ഷ്മ വിചാരണ ചെയ്യപ്പെടുന്നു. ശിശുസംരക്ഷണത്തിൽ മാതാവിന് വലിയ പ്രാധാന്യം ലഭിക്കുന്നു. ഏറ്റവും അനിവാര്യമായ ഘട്ടത്തിൽ മേനകയുടെ സഹായം മകളായ ശകുന്തളയ്ക്ക് ലഭിച്ചുവെന്ന് പിൽക്കാല എഴുത്തുകാർ കരുതുന്നു. ഇത്തരം നിരീക്ഷണങ്ങളാണ് നാലാം അധ്യായത്തിൽ അപഗ്രഥനവിധേയമാകുന്നത്.

ആധുനികതയുടെ കാലത്താണ് ഭാര്യാഭർത്തൃബന്ധത്തിലധിഷ്ഠിതമായ കുടുംബമാതൃക കേരളത്തിൽ സർവത്രികമാകുന്നത്. അതേസമയം മധ്യകാലത്ത് എഴുത്തച്ഛൻ അത്തരം നിരീക്ഷണങ്ങൾ ശാകുന്തളകഥയിൽ തന്നെ ചേർത്തിട്ടുണ്ട്. അക്കാലത്തെ ഇതരകൃതികളിൽ ശകുന്തളാ ദുഷ്യന്തന്മാർ കാമിജനങ്ങൾ മാത്രമാണ്. നവോത്ഥാനകാലത്തിനുശേഷം കേരളത്തിൽ രൂപപ്പെട്ട ഭാര്യാ-ഭർത്തൃബന്ധങ്ങളുടെ നിർവചനങ്ങളിൽ എഴുത്തച്ഛന്റെ ശാകുന്തള കഥയുടെ നേരിട്ടുള്ള സ്വാധീനമുണ്ട്. അക്കാലത്ത് കുടുംബത്തിലെ സ്ത്രീയെ രൂപപ്പെടുത്തുന്ന വിചാരധാരകളിൽ പുരുഷാനുകൂല നിലപാടുകളാണുണ്ടായതെന്ന നിരീക്ഷണമാണ് ഈ പ്രബന്ധത്തിലുള്ളത്. അവ ഇന്നും നിലനിൽക്കുന്ന ഭാര്യാപദവിയിലെ അടിമാവസ്ഥയ്ക്ക് നിദാനമാണെന്നും നിരീക്ഷിച്ചിട്ടുണ്ട്. അഞ്ചാംഅധ്യായത്തിലാണ്, ഭാര്യാപദവി സ്ത്രീയിൽ സൃഷ്ടിക്കുന്ന സംഘർഷങ്ങൾ പ്രശ്നവൽക്കരിക്കുകയും അപഗ്രഥിക്കുകയും

ചെയ്യുന്നത്. ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിൽ പുരുഷന്റെ മറവി സാധൂകരിക്കുകയും സ്ത്രീയുടെ ക്ഷമാശീലം ഉദാത്തവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. സമവായത്തിലൂടെ മാത്രമേ ഭാര്യാപദവി സംരക്ഷിക്കുവാൻ സ്ത്രീയ്ക്ക് സാധിക്കുകയുള്ളു. സൂക്ഷ്മവിശകലനത്തിൽ ഭർത്തൃപദവിക്ക് താഴെയാണ് ഭാര്യയെന്നും, അവളുടെ ജാഗ്രതയിലാണ് ആ സ്ഥാനത്തിന്റെ നിലനിൽപ്പെന്നും ഈ പഠനത്തിൽ നിരീക്ഷിക്കുന്നു.

സ്ത്രീകഥാപാത്രങ്ങളുടെ ഭാഷ രൂപീകരിക്കുന്നതിൽ എഴുത്തുകാരുടെ നിലപാടുകൾക്ക് സവിശേഷമായ പ്രാധാന്യമുണ്ടെന്ന് വിശദമാക്കുന്നത് ആറാം അധ്യായത്തിലാണ്. ഭാഷ പ്രയോഗിക്കാൻ സ്ത്രീ കഥാപാത്രങ്ങളെ അനുവദിക്കുകയെന്നത് എഴുത്തുകാരുടെ പരമാധികാരമാണ്. സ്ത്രീകൾ പ്രകൃതത്തിൽ മാത്രം സംസാരിച്ചിരുന്ന സംസ്കൃതനാടകരചയിതാക്കളുടെ നിലപാടുകൾ അഭിജ്ഞാനശാകുന്തളത്തിന്റെ കൂടെ പുനരാവിഷ്കരണമായ മലയാളപുനർനിർമ്മിതികളിലുണ്ട്. 'സ്ത്രീയെ ഭാഷ പ്രയോഗിക്കാൻ അനുവദിക്കുക', 'അവൾക്ക് കാര്യകാരണസഹിതം സംസാരിക്കാനുള്ള വ്യക്തതയുള്ള ഭാഷ നൽകുക' എന്നിങ്ങനെയുള്ള രണ്ട് നിരീക്ഷണ ഘടകങ്ങളെ എഴുത്തുകാരുടെ സ്ത്രീപക്ഷനിലപാടുകളെ മുൻനിർത്തി പ്രശ്നാധിഷ്ഠിതമായി അപഗ്രഥിക്കുന്ന അധ്യായമാണിത്. സംസ്കാരപഠനത്തിന്റെ ഉൾക്കാഴ്ചകളും സാമൂഹിക ഭാഷാശാസ്ത്രദർശനങ്ങളും ഇത്തരം വിശകലനത്തിന് സഹായിച്ചിട്ടുണ്ട്. പുരുഷനോട് മുഖാമുഖം യുക്ത്യധിഷ്ഠിതമായി സംസാരിക്കുന്ന ഇതിഹാസത്തിലെ ശകുന്തളയല്ല, നാടകത്തിലുള്ളത്. 'തലയുയർത്തിപ്പിടിച്ചു പുരുഷന് തുല്യമായ വ്യക്തിത്വം അവകാശപ്പെടാൻ മതിയായ മഹാഭാരതത്തിലെ ശകുന്തള കാളിദാസന്റെ നിർമ്മിതിയിൽ ദുർബലയായിപ്പോയ'തായി മുണ്ടശ്ശേരി നിരീക്ഷിക്കുന്നുണ്ട്. എഴുത്തുകാരന്റെ പരമാധികാരമാണ് കഥാപാത്രങ്ങളുടെ നിർമ്മിതിയ്ക്കാധാരം. അത്തരം അധികാരം കഥാപാത്രങ്ങളുടെ ഭാഷാപ്രയോഗത്തെയും സ്വാധീനിക്കും. എഴുത്തച്ഛൻ ശകു

ന്തളയെ ഇതിഹാസത്തിനനുസരിച്ച് ഭാഷ പ്രയോഗിക്കാൻ അനുവദിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള ഭാഷാപ്രയോഗാനുമതി സ്ത്രീയ്ക്ക് തൊള്ളായിരത്തി അൻപതുകൾക്കു ശേഷമുള്ള ശകുന്തളപുനർനിർമ്മിതികൾ മാത്രമാണ് അനുവദിച്ചു നൽകുന്നതെന്ന് ഈ പ്രബന്ധം നിരീക്ഷിക്കുന്നു. ഉപസംഹാരം, ഗ്രന്ഥസൂചി എന്നിവയോടെ ഈ പ്രബന്ധം അവസാനിക്കുന്നു.

# അധ്യായം ഒന്ന്

# സൈദ്ധാന്തിക ഭൂമിക

### 1.1.1 ചിന്തകൾ-ദർശനങ്ങൾ

സൈദ്ധാന്തികദർശനങ്ങളുടെ വളർച്ചയാണ് എക്കാലത്തും സാഹിത്യമൂല്യനിർണ്ണയത്തിന് സാധ്യതനൽകുന്നത്. വ്യവഹാരമാതൃകകൾ കാലാന്തരത്തിൽ ചോദ്യം ചെയ്യപ്പെടുകയും അനുയോജ്യമായ രീതിയിൽ പുനരാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീവാദപരമായ അപനിർമ്മാണ ചിന്തകൾ രൂപപ്പെടുന്നത് ഴാക് ദറിദയുടെ അപനിർമ്മാണവാദത്തോടെയാണ്. അദ്ദേഹത്തിന്റെ **Phallogocentrism** എന്ന പ്രയോഗം സ്ത്രൈണതയ്ക്കു മുകളി ൽ ആണ്മ(Masculinity)യുടെ അധികാരങ്ങൾ ചൂണ്ടിക്കാട്ടുകയുണ്ടായി. സ്ത്രീവാ ദം എന്ന അപനിർമ്മാണപദ്ധതി; ഏകകേന്ദ്രീകൃതമായ അർത്ഥഘടനയിൽ നിന്നും വികേന്ദ്രീകരണത്തിലേക്കും അരികുകളുടെ സാംഗത്യത്തിലേക്കുമു ള്ള വീക്ഷണസമ്പ്രദായം ആവിഷ്കരിച്ചു. സൂചകത്തേക്കാളേറെ സൂചിതത്തിന് പ്രാധാന്യം ലഭിക്കുന്ന അപനിർമ്മാണ വിമർശനപദ്ധതികളുടെ അനന്തസാധ്യ തകൾ സ്ത്രീവാദദർശനങ്ങൾ രൂപപ്പെടുത്തിയെടുക്കുവാൻ സഹായകരമായി. സ്ത്രീയെ ഒരു പാഠമായിക്കണ്ട് പരമ്പരാഗതമായ സൂചകങ്ങളിൽ നിന്നും സ്ത്രീയെന്ന സൂചിതത്തെ പുനർവായനയ്ക്കു വിധേയമാക്കാൻ സ്ത്രീവാദദർ ശനങ്ങൾക്ക് അടിത്തറയായത് അപനിർമ്മാണപദ്ധതിയാണെന്ന് നിരീക്ഷി ക്കാം.**1**

### 1.1.2 സ്ത്രീ ഒരു നിർമ്മിതിയാണ്

പ്രത്യേക സാമൂഹിക സാംസ്കാരികമേഖല അതിനനുസൃതമായി സ്ത്രീയെ നിർമ്മിച്ചെടുക്കുകയാണ് ഉണ്ടായത്. കാലങ്ങളായി സ്ത്രീകളെ നിർവചിച്ചതും നിർമ്മിച്ചെടുത്തതും പുരുഷനാണ് എന്ന ദർശനം മുൻപ് തന്നെ സിമോൺ ദ ബുവെയെപ്പോലുള്ള സ്ത്രീവാദികൾ ഉന്നയിക്കു

കയുണ്ടായി. ബുവേ പറയുന്നത് പോലെ 'സ്ത്രൈണത ഒരു നിർമ്മിതി' മാത്രമാണ്. അത് നിർമ്മിച്ചെടുത്തത് പുരുഷനാണ്. ബുവെയുടെ സെക്കൻഡ് സെക്സ് എന്ന പുസ്തകത്തിൽ ജൈവികമായ സ്ത്രീപുരുഷവ്യത്യാസത്തെ മുൻ നിർത്തി സ്ത്രീയെ പുരുഷൻ നിർവചിച്ച വിധം വിവരിക്കുന്നുണ്ട്. അവളുടെ ബൗദ്ധികമായ ശേഷിക്ക് മുകളിൽ പ്രത്യുൽപ്പാദനപരമായ കഴിവിനെ പ്രതിഷ്ഠിച്ച് മഹത്വവൽക്കരിക്കുകയാണ് അതിൽ പ്രധാനം. പരുഷനെ മുൻനിർത്തി അവന്റെ അപര(Other) മാത്രമാണ് സ്ത്രീ എന്ന് ഈ അധികാരം നിർവചിക്കുന്നു. മനുഷ്യവർഗം എന്ന സത്തയിൽ സ്ത്രീ പരിഗണന അർഹിക്കുന്ന വർഗ്ഗമല്ല. രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ഘടകങ്ങൾ പുരുഷന്റെ താല്പര്യത്തെ മുൻനിർത്തിയാണ് നിലകൊള്ളുന്നത്. അതിലെ അധികാരതലത്തിന് ഒരിക്കലും സ്ഥാനചലനം ഉണ്ടാകുന്നില്ല എന്നും ബുവെ നിരീക്ഷി ക്കുന്നുണ്ട്.

മാതൃത്വമഹത്വവൽക്കരണവും ഗാർഹിക ഇടങ്ങളിലെ ശിശു, ഭർതൃ ശുശ്രൂഷയും സ്ത്രീയെ പാർശ്വവൽക്കരിക്കുന്ന ഘടകങ്ങളാണ്. ബുദ്ധിപരമായ ചിന്താശേഷിയേക്കാൾ അവളുടെ ശാരീരികമായ സേവനങ്ങളാണ് ആവശ്യം. അത്തരം കഴിവുകളെയാണ് സമൂഹം ഉയർത്തിക്കാണിക്കുന്നത്. അതുകൊണ്ടു തന്നെ ബൗദ്ധികമായ സ്വയംഭരണത്തിന് സ്ത്രീ ഒരിക്കലും പ്രാപ്തയാകുന്നില്ല. പുരുഷന്റെ ക്രിയാത്മകലോകത്തിൽ നിശ്ശബ്ദസേവനം നൽകുക മാത്രമാണ് സ്ത്രീ ചെയ്യേണ്ടത്. അമ്മ, ഭാര്യ എന്നീ പാരമ്പര്യാത്മക നിർവചനങ്ങളിൽ നിന്നും വ്യത്യസ്തമായ സ്വത്വരൂപീകരണത്തിന് അവളെ പരുഷാധികാരവ്യവസ്ഥ തടയുന്നു എന്നിങ്ങനെയും സിമോൺ ദ ബുവെ നിരീക്ഷിക്കുന്നു.(2) സ്ത്രീകളുടെ അവസ്ഥ നിർണയിക്കുന്നത്; ജൈവിക ഘടകങ്ങളല്ല, മറിച്ച് സാമൂഹിക ഘടകങ്ങളാണ്. സമൂഹം സ്ത്രീയെ നിർമ്മിച്ചെടുക്കുകയാണ് ചെയ്യുന്നത്.

**1.1.3 സ്ത്രൈണത ഒരു മിത്താണ്**

അമേരിക്കൻ സ്ത്രീവാദിയും ആക്ടിവിസ്റ്റുമായ ബെറ്റി ഫ്രീഡന്റെ കാഴ്ചപ്പാടിൽ, സ്ത്രൈണത(ഫെമിനിറ്റി) ഒരു പുരുഷനിർമ്മിതമിത്താണ്. യുദ്ധാനന്തര അമേരിക്കൻ വ്യവഹാരമാതൃകകളെല്ലാം സ്ത്രീകളുടെ ഗാർ ഹികവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചതായി ഒരു സർവേയിലൂടെ അവർ കണ്ടെത്തി. അമേരിക്കൻ വീട്ടമ്മയുടെ പേരില്ലാത്ത ഒരു പ്രശ്നത്തെ സ്ത്രീയുടെ വ്യതിരിക്തമായ അസ്തിത്വത്തോട് ബന്ധപ്പെടുത്തിയാണ് ഫ്രീഡൻ ചർച്ച ചെയ്തത്. അത്തരം സ്ത്രൈണവ്യതിരിക്തതയെ തൃപ്തിപ്പെടുത്തുക എന്ന ല ക്ഷ്യം മാത്രമേ സ്ത്രീയ്ക്ക് ഉണ്ടാവേണ്ടതുള്ളൂ. അതിനു തടസ്സം നിൽക്കുന്ന തെന്തും ഉപേക്ഷിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. വിവാഹം, കുട്ടികൾ, ലിംഗപരമായ വിധേയത്വം, സുരക്ഷ തുടങ്ങിയ പരമ്പരാഗതമായ ചിന്തകളിൽ നിന്നും മാറി സ്വന്തം താല്പര്യങ്ങളിലേയ്ക്ക് ഇറങ്ങാൻ സ്ത്രീക ളോട് ഫ്രീഡൻ ആഹ്വാനം ചെയ്തു. തങ്ങളുടെ വ്യതിരിക്തത തിരിച്ചറിഞ്ഞ് സ്വതന്ത്രമായ അസ്തിത്വം നില നിർത്തേണ്ടതുണ്ട്. സ്ത്രീയെ പൊതുധാരയിൽ നിന്നും പിന്തള്ളുവാനും സ്വയം അടിച്ചമർത്തപ്പെട്ടവൾ എന്ന് തെറ്റിദ്ധരിക്കു വാനും ഇടയാക്കിയത് പുരുഷാധീശവ്യവസ്ഥ നിർമ്മിച്ചെടുത്ത സ്ത്രൈണത എന്ന മിത്താണ്. അതിനെ മറികടക്കുവാനുള്ള ആർജ്ജവമാണ് സ്ത്രീക്കു ണ്ടാകേണ്ടത്.**3**

ബെറ്റി ഫ്രീഡന് മുമ്പ് പ്രശസ്ത നരവംശശാസ്ത്രജ്ഞയായ മാർഗരറ്റ് മീഡ് പൗരുഷം, സ്ത്രൈണത എന്നിവയിലുള്ള വേർതിരിവുകൾ എല്ലാ സമൂഹത്തി ലും ഒരേ മാതൃ കയിലല്ലെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ആശയത്തെ മുൻനിർത്തി സ്ത്രീവാദികൾ ലിംഗപദവിയും(GENDER) ലിംഗ വ്യത്യാസവും (SEX) ഒന്നല്ലെന്ന് സ്ഥാപിക്കുന്ന വിശകലനങ്ങൾ നടത്തുകയുണ്ടായി. ലിംഗ

പദവി സാമൂഹികമായ നിർമ്മിതിയാണ്. ഇത്തരം പദവി നിർണ്ണയിക്കപ്പെടുന്നത് തൊഴിൽവിഭജനരീതി അടിസ്ഥാനമാക്കിയാണ്. ഇത്തരത്തിലുള്ള തൊഴിൽ വിഭജനത്തിൽ വീട്ടുജോലികളും പ്രസവവും ശിശുപരിചരണവും സ്ത്രീയുടെ പരിപാവനമായ കർത്തവ്യമായി കരുതപ്പെടുന്നു. പ്രശസ്ത അമേരിക്കൻ നിരൂപകയായ എലിസബത്ത് ജെയിൻ വേ **Mans World Womens Space** എന്ന പുസ്തകത്തിൽ സാമൂഹികനിർമ്മിത മിത്തുകളെ പഠനവിധേയമാകുന്നുണ്ട്. ലൈംഗികാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനത്തിന്റെ ഫലമായ വീട്ടുജോലികൾ, ശിശുസംരക്ഷണം, മാതൃത്വമഹത്വപ്രത്യയശാസ്ത്രങ്ങൾ എന്നി വ പരുഷൻ സൃഷ്ടിച്ച സാമൂഹിക മിത്തുകളിലൂടെ സ്ത്രീയ്ക്ക് മുകളിൽ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുകയാണുണ്ടായതെന്ന് ജെയിൻവേ വാദിക്കുന്നുണ്ട്. (4) സ്ത്രീവിരുദ്ധമായ ഇത്തരം മിത്തുകൾ വിവിധകാലങ്ങളിൽ വിവിധ സംസ്കാരങ്ങളിൽ പുരുഷാധീശവ്യവസ്ഥ നിർമ്മിച്ചെടുത്തതാണെന്നു കാണാം.

.

**1.1.4കുടുംബം-പുരുഷാധികാരവ്യവസ്ഥയുടെ സാംസ്കാരിക നിർമ്മതി**

സ്ത്രീകളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്ന പുരുഷകേന്ദ്രിതസ്ഥാപനമാണ് കുടുംബം. ഭർത്താവ്, കുഞ്ഞുങ്ങൾ, സാമൂഹിക സുരക്ഷ എന്നിവ മുൻനിർത്തി കുടുംബിനിയാകാൻ സ്ത്രീയെ പരിശീലിപ്പിക്കുന്നത് കുടുംബത്തിൽ നിന്ന് തന്നെയാണെന്ന് സിമോൺ ദ ബുവെ(5)പറയുന്നുണ്ട്. സ്ത്രീയുടെ കർത്തവ്യങ്ങളും കടമകളും നിരന്തരം ഓർമ്മിപ്പിക്കുന്ന ഇടമാണ് കുടുംബം. ഒരു സാമൂഹിക സാംസ്കാരിക നിർമ്മിതിയാണത്. സ്ത്രൈണ വ്യതിരിക്തതയെ അംഗീകരിക്കാത്ത കുടുംബഘടനയെ നിരസിച്ച് വിമോചനം നേടേണ്ടതുണ്ടെന്നു ബെറ്റി ഫ്രീഡനെപ്പോലുള്ളവർ കരുതുന്നു. ഷുലാമിത്ത് ഫയർസ്റ്റോൺ '*ലിംഗഭേദത്തിന്റെ വൈരുദ്ധ്യാത്മകത*' എന്ന പുസ്തകത്തിൽ, സ്ത്രീയും പുരുഷനും തമ്മിലുള്ള അധികാരവിഭജനത്തിന്റെ

കേന്ദ്രബിന്ദുവായി കണ്ടത്, ജീവശാസ്ത്രാടിസ്ഥാനത്തിലുള്ള കുടുംബത്തെ യാണ്. ഇത്തരം കുടുംബഘടനയിലെ അടിസ്ഥാനമായ നാല് കാര്യങ്ങൾ അവ ർ പറയുന്നുണ്ട്.

1. സ്ത്രീയ്ക്ക് പുരുഷനോടുള്ള ഭൗതികആശ്രിതത്വം
2. മനുഷ്യശൈശവത്തിന്റെ നീണ്ടകാലത്തെ ആശ്രിതത്വം
3. മനുഷ്യ-ശിശുബന്ധത്തിലെ പരസ്പരാശ്രിതത്വത്തിന്റെ മനശ്ശാസ്ത്രപര മായ സ്വാധീ നങ്ങൾ
4. പ്രത്യുല്പാദനസംബന്ധമായ സ്വാഭാവിക വ്യത്യാസങ്ങളെ അടിസ്ഥാ നമാക്കിയുള്ള സ്ത്രീ-പുരുഷതൊഴിൽ വിഭജനം. **6**

സ്ത്രീയുടെ പരാധീനതകൾക്കെല്ലാം കാരണമായ ഇത്തരം കുടുംബഘടന(biological family) ഇല്ലാതാവേണ്ടത് അത്യാവശ്യമായി ഫയർ സ് റ്റോൺ കരുതുന്നു. അവരുടെ അഭിപ്രായത്തിൽ കുടുംബം എന്ന സ്ഥാപനം ഒരു സാമ്പത്തിക സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന താണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഉടമ്പടിയാണ് ഈ സാമ്പത്തിക സംവിധാനത്തെ നിലനിർത്തുന്നത്. ഈ ഉടമ്പടിയിൽ സ്ത്രീയ്ക്ക് സംരക്ഷ ണം നൽകുന്നതിന് പ്രത്യുപകാരമായാണ്; അവൾ പുരുഷന്റെ ശാരീരിക ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതും മക്കളെ പ്രസവിച്ച് വളർത്തുന്നതും പല കാര്യങ്ങളും ഉത്തരവാദിത്വത്തോടെ ചെയ്യുന്നതും. ഇത് സ്ത്രീയ്ക്ക് ജീവിത കാലം മുഴുവൻ പാരതന്ത്ര്യം നൽകുന്നതിനാൽ വിവാഹത്തെയും കുടുംബ ത്തെയും സാമൂഹികതിന്മയുടെ മൂർത്തരൂപമായിട്ടാണ് ഫയർസ്റ്റോൺ കാണു ന്നത്. സ്ത്രീ, സദാചാരം, കുടുംബം, നിയമം തുടങ്ങിയ മുൻക്രമത്തെ മാറ്റി നിർമ്മിക്കേണ്ടതുണ്ടെന്ന് ഫയർ സ്റ്റോൺ അടക്കമുള്ള റാഡിക്കൽ ഫെമിനി സ്റ്റുകൾ വിശ്വസിച്ചു.**7** കുടുംബത്തെ കുറിച്ചുള്ള സ്ത്രീചരിത്രവാദികളുടെ നിരീക്ഷണം ജെ ദേവിക ഇപ്രകാരമാണ് ചേർത്തിട്ടുള്ളത്. സ്ത്രീപക്ഷചരി

ത്രവാദികൾ പുറംലോകത്തിന് അമിത പ്രാധാന്യം നൽകുന്ന രീതിക്കു പകരം ഗാർഹിക-സ്വകാര്യജീവിതത്തിലേക്ക് വെളിച്ചം വീശുന്നതും പൊതു-ഗാർ ഹികജീവിതങ്ങളുടെ പരസ്പരബന്ധങ്ങൾ വെളിവാക്കാൻ പോന്നതുമായ ഗവേ ഷണ-രചനാരീതികൾക്കായി വാദിക്കുന്നു. കുടുംബം, കുടുംബബന്ധങ്ങൾ, സദാചാരമൂല്യങ്ങൾ മുതലായവയും ചരിത്രത്താൽ നിർണ്ണയിക്കപ്പെടുന്നവ യാണെന്ന് സ്ഥാപിക്കുന്നതിലൂടെ ഇവിടെ കുടുംബത്തെ പുറംലോകത്തിനെ തിരെ നിർവ്വചിക്കുന്ന ചിന്താശീലത്തെയാണ് വിമർശനവിധേയമാക്കിയത്. ചുരുക്കിപ്പറഞ്ഞാൽ, അതേവരെ അവഗണിക്കപ്പെട്ട ചില വശങ്ങളിലേക്ക്-സ്ത്രീകളുടെ ജീവിതങ്ങളിലേയ്ക്ക്-ശ്രദ്ധ തിരിച്ചു വിടാനാണ് സ്ത്രീ ചരിത്രം ശ്രമിക്കുന്നത്.8

സൂക്ഷ്മനിരീക്ഷണത്തിൽ കുടുംബത്തിന്റെ സ്ഥാപനവൽക്കരണം, സ്ത്രീസത്തയുടെ വ്യതിരിക്തത ഇല്ലാതാക്കുന്നതായും, പുരുഷാധികാരത്തി നു കീഴിൽ, സ്ഥായിയായ അടിമാവസ്ഥ അവൾക്കു ലഭിക്കുന്നതായും സ്ത്രീ വാദികൾ കരുതുന്നു. കൂടാതെ ചരിത്രസന്ധികളിൽ പുരുഷന് അനുകൂല മായി നിർമ്മിച്ചെടുത്തതാണ് കുടുംബവും ബന്ധങ്ങളുമെന്ന് സ്ത്രീചരിത്ര വാദികൾ നിരീക്ഷിക്കുന്നുണ്ട്.

### 1.1.5 പുരുഷനിർമ്മിതമായ ഭാഷ

മനുഷ്യൻ ഒരു സാമൂഹിക-സാംസ്കാരികജീവിയായി മാറിയത് ഭാഷ ആർജ്ജിച്ചതിനു ശേഷമാണ്. സാമൂഹികമായ ഇടപെടലുകളുണ്ടായതും ലോകവീക്ഷണം രൂപപ്പെടുന്നതും ഇതിനു ശേഷം മാത്രമാണ്. ഭാഷയുടെ അന ന്തമായ പ്രയോഗസാധ്യതകൾ മനുഷ്യകുലത്തെ പുരോഗതിയിലേക്ക് നടത്തു കയാണുണ്ടായത്. സ്ത്രീവാദപരമായ ചിന്തകൾ രൂപം കൊള്ളുന്ന കാലത്തു തന്നെ ഭാഷയെക്കുറിച്ചും അതിന്റെ പ്രയോഗസാധ്യതകളെക്കുറിച്ചും ചർച്ചക

ളുണ്ടായി. പുരുഷന്മാരിൽനിന്നും സ്ത്രീയുടെ ഭാഷാപ്രയോഗം വ്യതിരിക്ത മാകുന്നതെങ്ങനെയെന്ന പഠനവും ആദ്യ കാലം മുതലേ സ്ത്രീവാദികൾ നടത്തിയിരുന്നു. വെർജീനിയാവുൾഫ് സ്ത്രീകളുടെ വാക്യഘടന പുരുഷന്മാ രിൽ നിന്ന് വ്യത്യസ്തവും അയവുള്ളതുമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഹെലൻ സിക്സുവാകട്ടെ, സ്ത്രീരചന എന്നത് ശരീരരചന തന്നെയാണ് എന്ന് കരുതുന്നു. സ്ത്രീകളുടെ സംഭാഷണഭാഷയിൽ പഠനം നടത്തിയ റോബിൻ ലാക്കോഫും ഡെയ്ൽ സ്പെൻഡറും സ്ത്രീകളുടെ സംഭാഷണം പുരുഷന്മാരിൽ നിന്നും വ്യത്യസ്തമാണെന്ന് കരുതുന്നുണ്ട്. സ്ത്രീയുടെ ഭാഷ ലിംഗഭേദത്തോടെ നില നിൽക്കുന്നുവെന്നും അപ്രകാരം സംഭവിക്കാൻ കാരണം, സ്ത്രീക്കും പുരുഷ നും ഇടയിലെ അധികാരവ്യത്യാസമാണെന്നും അവർ നിരീക്ഷിക്കുന്നുണ്ട്.9

പ്രശസ്തസ്ത്രീവാദിയായ ഡെയ്ൽ സ്പെൻഡറാണ് ഭാഷ; പുരുഷനിർമ്മിതമാണെന്ന് നിരീക്ഷിക്കുന്നുത്. **Man made Language** എന്ന പുസ്തകത്തിലാണ് ഡെയ്ൽ സ്പെൻഡർ തന്റെ ദർശനങ്ങൾ അവതരിപ്പിക്കു ന്നത്. നിലവിലുണ്ടായിരുന്ന സ്ത്രീവാദദർശനങ്ങൾ മുൻനിർത്തി ഇംഗ്ലീഷ് ഭാഷയെ വിലയിരുത്താനാണ് അവർ പ്രസ്തുത പുസ്തകത്തിലൂടെ ശ്രമിച്ചത്. ഭാഷ യുടെ ബാഹ്യഘടനയിൽ മാത്രമല്ല സൂക്ഷ്മവ്യവഹാരഘടകങ്ങളിലും സാമൂ ഹിക സാംസ്കാരിക സൂചനകൾ ഉള്ളടങ്ങിയിരിക്കും എന്ന് അവർ കണ്ടെത്തു കയുണ്ടായി. നിലവിലുള്ള ഇംഗ്ലീഷ്ഭാഷയിൽ സ്ത്രീകളെയും, കറുത്ത വർഗ്ഗ ക്കാരെയും അപഹസിക്കുന്ന ധാരാളം പദങ്ങളുണ്ട്. അതിനാൽ ഭാഷ പുതുക്കി പ്പണിയേണ്ടതുണ്ടെന്ന് അവർ വിശ്വസിക്കുന്നു. നിലവിലുള്ള സ്ത്രീപഠന ങ്ങളിലും മനഃശാസ്ത്രപഠനങ്ങളിലും സ്ത്രീയുടെ ഭാഷാപരമായ അപാകതക ൾ പുരുഷഭാഷയോട് താരതമ്യപ്പെടുത്തിയാണ് വിലയിരുത്തുന്നത്. ലക്കോഫി നെ പോലുള്ളവരുടെ പഠനങ്ങൾ പോലും സ്ത്രീഭാഷയെയും പ്രയോഗസാധ്യ തകളെയും വിലകുറച്ചു കാണുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സ്ത്രീക ളുടെ ഭാഷാപ്രകടനത്തെക്കുറിച്ച് വിലയിരുത്തിയ ലക്കോഫിന്റെ പഠനം,

പുരുഷഭാഷയുടെ മേധാവിത്വപരതയെ അംഗീകരിക്കുന്നതാണെന്ന വിമർശ നമാണ് ഡെയ്ൽ സ്പെൻഡറിനുള്ളത്. യഥാർത്ഥത്തിൽ ഇംഗ്ലീഷ്, പുരുഷനിർ മ്മിതവും ഇപ്പോഴും പുരുഷനാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ഭാഷയാ ണ്. അവരുടെ വീക്ഷണത്തിൽ ഇംഗ്ലീഷ് ഭാഷയിൽ, ഋണാത്മകമായ ആർത്ഥി കസ്ഥാനമാണ് സ്ത്രീയ്ക്കുള്ളത്. (There is only negative semantic space for females in the English Language).**-10** ഭാഷയിലെ സൂക്ഷ്മവ്യവഹാരമാതൃകകളിൽ ഒളിഞ്ഞി രിക്കുന്ന പുരുഷാനുകൂലനിലപാടുകൾ ജൂലിയാ സ്റ്റാൻലിയുടെ പഠനങ്ങളെ മുൻനിർത്തി ഡെയ്ൽ സ്പെൻഡർ വിവരിക്കുന്നുണ്ട്. ഡോക്ടർ, സർജൻ, ലോയർ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾക്കു പകരം, സ്ത്രീ ഡോക്ടർ എന്നോ, സ്ത്രീസർജൻ എന്നോ ഒക്കെ പ്രയോഗിക്കുമ്പോൾ ചില വേർതിരിവുകൾ കാണാനാകും. നല്ല സ്ത്രീ എഴുത്തുകാരി എന്ന വിശേഷണത്തിൽ 'നിങ്ങൾ ക്ക് നല്ല പുരുഷ എഴുത്തുകാരനാവാൻ സാധിക്കുകയില്ലെ' ന്ന സൂചന ഒളി ഞ്ഞിരിപ്പുണ്ട്. സ്ത്രീയെ ബാധിക്കുന്ന ഇത്തരം ഋണാത്മക ആർത്ഥിക സ്ഥാന ങ്ങൾ ഇപ്രകാരമാണ് ഭാഷയിൽ ഒളിഞ്ഞിരിക്കുന്നതെന്ന് വിശദീരിക്കുകയും പരുഷനിർമ്മിതഭാഷയെ വളരെ അധികം മാറ്റിയെടുക്കേണ്ടതുണ്ടെന്ന് നിരീക്ഷിക്കുകയുമാണ് ഡെയ്ൽ സ്പെൻഡർ തന്റെ പുസ്തകത്തിൽ ചെയ്തതെ ന്ന് കാണാം. സ്ത്രീയെയും അവളുടെ ഭാഷാപ്രയോഗത്തെയും അപഹസിക്കു ന്ന ഘടകങ്ങൾ പുരുഷനിർമ്മിതഭാഷകളിൽ ഉണ്ട്. അവ സ്ത്രീഭാഷയെ ദുർബലമെന്നോ അർത്ഥവ്യക്തത ഇല്ലാത്തതെന്നോ കരുതുന്നു. പദങ്ങളു ടെയോ, വാക്യതലത്തിലോ,അർത്ഥതലത്തിലോ അവളുടെ ഭാഷാപ്രയോഗങ്ങ ൾ വിമർശിക്കപ്പെടുന്നുണ്ട്.**11**

സ്ത്രീവാദനിരീക്ഷണങ്ങളുടെ ഇത്തരം നിലപാടുകൾ ഭാരതീയവും കേരളീയവുമായ ജ്ഞാനമണ്ഡലത്തിൽ നിന്ന് വിലയിരുത്തേണ്ടതുണ്ട്.

## 1.2 സ്ത്രീനിർമ്മിതി- ഭാരതീയവും കേരളീയവുമായ ജ്ഞാനപദ്ധതികളിൽ

ഭാരതീയരചനകളിൽ ബ്രാഹ്മണധർമ്മശാസ്ത്രകൃതികളിലാണ് സ്ത്രീസ്വത്വനിർമ്മിതിയുടെ വിശദമായ വിവരണങ്ങൾ ഉള്ളത്. സ്ത്രീകളുടെ നൈസർഗ്ഗികമായ ജീവിതക്രമങ്ങളെ നിരീക്ഷിക്കുകയും സൂക്ഷ്മമായി വില യിരുത്തുകയും ചെയ്ത ധാരാളം രചനകൾ പ്രസ്തുത ഗ്രന്ഥങ്ങളിലുണ്ട്. വൈദിക സാഹിത്യത്തിലും, ശ്രുതിസ്മൃതികളിലും, ഇതിഹാസപുരാണാദികളിലും സ്ത്രീനിർമ്മിതിയുടെ ബഹുപാഠങ്ങൾ കാണാം. അത്തരം പാഠങ്ങളിൽ നിന്നും സ്വാംശീകരിച്ച ആശയങ്ങളുടെ ക്രോഡീകരണത്തിലൂടെ മാത്രമേ ഭാരതീയവും കേരളീയവുമായ ചിന്തകളിലൂടെ രൂപപ്പെട്ട സ്ത്രീനിർമ്മി തിയുടെ ഘടനയിലേയ്ക്ക് പ്രവേശിക്കാനാകൂ. കൊളോണിയൽ ആധുനിക തയുടെ കാലത്ത് രൂപപ്പെടുത്തിയെടുക്കേണ്ട പൊതുജീവിതക്രമത്തിന് ദേശീ യമാതൃകയായി അക്കാലത്തെ ബൗദ്ധികസമൂഹം സ്വീകരിച്ചത്, സംസ്കൃതത്തി ലെഴുതിയ ബ്രാഹ്മണജ്ഞാനപദ്ധതികളായിരുന്നുവെന്ന് റോമിലാ ഥാപ്പർ നിരീ ക്ഷിച്ചിട്ടുണ്ട്.12 കേരളത്തിലും അതേ മാതൃക തന്നെയാണ് സ്വീകാര്യമായത്. അതിൽ ഏറ്റവും സ്വീകാര്യമായത്, കിളിപ്പാട്ടുകളിലൂടെ എഴുത്തച്ഛൻ സ്വാം ശീകരിച്ചവയായിരുന്നു. മാതൃകാസ്ത്രീപുരുഷന്മാരെക്കുറിച്ചും,അവർക്ക് സ്വീകരിക്കാവുന്ന പൊതുജീവിതക്രമത്തെക്കുറിച്ചും എഴുത്തച്ഛൻ കൃതിക ളിലൂടെ പ്രചരിച്ച ആശയങ്ങൾ കൊളോണിയൽ ആധുനികതയുടെ കാലത്ത് കേരളത്തിലെ ബൗദ്ധിക സമൂഹം ജാതി-മത-ഭേദമെന്യേ സ്വീകരിച്ചു. അത്ത രം ചർച്ചകൾ അക്കാലത്തിറങ്ങിയ പത്രമാസികകളിൽ ധാരാളമായി നടന്നി ട്ടുണ്ട്. അതിന്റെ ആത്യന്തിക ഫലമാണ് ഇന്ന് കേരളത്തിൽ കാണുന്ന പൊതു മാതൃകയിലുള്ള കുടുംബവ്യവസ്ഥ.

ഭാരതീയ സാംസ്കാരികമേഖലയിൽ നിശബ്ദമാക്കപ്പെട്ട ചരിത്രമാണ് സ്ത്രീയ്ക്കുള്ളത്. വർണ്ണാശ്രമധർമ്മങ്ങൾ നിർമ്മിച്ചെടുത്ത ശ്രേണീവ്യവസ്ഥ ഖണ്ഡകാവ്യം സ്ത്രീകളെയെല്ലാം ശൂദ്രന് സമാനമായി കണക്കാക്കി. വരേണ്യപുരുഷൻ എന്ന യാഥാർഥ്യത്തിനു മുമ്പിൽ കേവലമായ അസ്തിത്വം അവകാശപ്പെടാനില്ലാത്ത അദൃശ്യതയാണ് സ്ത്രീയ്ക്കുണ്ടായത്. പ്രാകൃത ജീവിതക്രമങ്ങളിലൂടെ നീങ്ങിയ സ്ത്രയെ യഥാർത്ഥത്തിൽ, പുരുഷാധികാരവ്യവസ്ഥയ്ക്കനുകൂലമായി നിർമ്മിച്ചെടുക്കുകയാണ് ചെയ്തതെന്ന് കാണാം. സ്ത്രീകളുടെ ചരിത്രപരമായ ഭാഗധേയം വിസ്മൃതമാക്കുകയോ നിസ്സാരവൽക്കരിക്കുകയോ ചെയ്താണ് പുരുഷാധികാര രാഷ്ട്രീയവ്യവസ്ഥ അതിന്റെ ഘടന രൂപീകരിച്ചിരിക്കുന്നത്. സ്ത്രീയെ നിശ്ശബ്ദയാക്കുന്നതിന് കാലങ്ങളായി സാംസ്കാരിക-സാമൂഹിക-അധികാര-ഭാഷാവ്യവഹാരരംഗങ്ങളിൽ കർമ്മനിരതരായി ഇടപെടുന്നത് ഇത്തരം അധികാര രാഷ്ട്രീയമാണെന്ന് എൻ കെ രവീന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട്:-

'ചരിത്രം മുതൽ നിത്യവ്യവഹാരത്തിന്റെ ഭാഷവരെ സകല മേഖലകളിലും സ്ത്രീയുടെ സാന്നിധ്യം അദൃശ്യമാക്കിയും സ്ത്രീയുടെ സ്വത്വത്തെ നിഷേധിക്കുന്ന വികലബിംബങ്ങൾ സൃഷ്ടിച്ചും അവളെ സമൂഹബോധത്തിൽ നിന്നും പുറന്തള്ളിയും ഈ രാഷ്ട്രീയം (പുരുഷാധികാരരാഷ്ട്രീയം) കർമ്മനിരതമാണ്' . **13**

ഇത്തരത്തിൽ സ്ത്രീയെ അദൃശ്യമാക്കാനോ നിശബ്ദമാക്കാനോ സഹസ്രാബ്ദങ്ങളുടെ ചരിത്രം ആവശ്യമാണ്. ചരിത്രപരമായി നിരീക്ഷിക്കുമ്പോൾ ഭാരതത്തിലും ഇത്തരം സ്ത്രീ നിർമ്മിതികൾ ഉണ്ടായിരുന്നതായി കാണാം. അതിന് ഭാരതീയ സാമൂഹികഘടനയിൽ നിന്നും പ്രാചീനകാലം മുതലേ സ്ത്രീയെ നിർമ്മിച്ചെടുത്ത ഘടകങ്ങൾ വേർതിരിച്ചെടുക്കേണ്ടതുണ്ട്. കവികളുടെയും മഹർഷിമാരുടെയും പ്രാർത്ഥനാസൂക്തങ്ങളുടെ സമാഹാരമായ വേദങ്ങൾ മുതൽക്കുള്ള രചനാപാരമ്പര്യത്തിലാണ് ഇത്തരം പുരുഷനിർമ്മിത ഭാരതീയസ്ത്രീയെ അന്വേഷിക്കേണ്ടതെന്ന് നിരീക്ഷിക്കാം. ശ്രുതി

സ്മൃതികളിലും, ഇതര സംസ്കൃതരചനകളിലും സ്ത്രീയുടെ പദവി, കർമ്മമേഖല, രക്ഷിതാക്കൾ ,ഭാഷാസവിശേഷതകൾ എന്നിവ വിവരിച്ചിട്ടുണ്ട്. രണ്ടുതരം സ്ത്രീകളെയാണ് ബ്രാഹ്മണജ്ഞാനമണ്ഡലം അഥവാ സവർണ്ണപുരുഷാധീശജ്ഞാനമണ്ഡലം നിർമ്മിച്ചെടുത്തത്. അതിൽ ഒന്ന് വിശുദ്ധസ്ത്രീയും മറ്റൊന്ന് ചീത്ത സ്ത്രീ അഥവാ വേശ്യയുമാണ്. ശുദ്ധാശുദ്ധിയെക്കുറിച്ചുള്ള അടിസ്ഥാന വിശ്വാസങ്ങളാണ് ഇത്തരം വേർതിരിവുകൾക്ക് കാരണമായത്. സ്ത്രീകളുടെ ലൈംഗികമായ ശുദ്ധി, സമുദായത്തിന്റെ ശുദ്ധിയെ നിർണ്ണയിക്കുന്നതായി കണക്കാക്കി. സ്വജാതി വിവാഹത്തെ ഉമാ ചക്രവർത്തി ഇപ്രകാരമാണ് നിർവചിക്കുന്നത്:-

'ഒരു പ്രത്യേകജാതിയുടെ ഗുണപരമായ സവിശേഷകതകളെ പരിരക്ഷിക്കുന്നതിനും മറ്റു ജാതികളിൽ നിന്ന് അതിനുള്ള വ്യത്യാസങ്ങളെ സ്ഥാപിക്കുന്നതിനുമുള്ള ഒരു പ്രധാന മാർഗ്ഗമാണ് സ്വജാതി വിവാഹം' . **14**

സ്വജാതി വിവാഹങ്ങൾ ജാതിവ്യവസ്ഥയുടെ തുടർച്ചയ്ക്ക് നിദാനമായി. അത്തരം വിവാഹബന്ധങ്ങളിലേർപ്പെടുന്ന നല്ല സ്ത്രീകളെ നിർവ്വചിച്ചതെങ്ങനെയാണെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. അതോടൊപ്പം നല്ല സ്ത്രീയ്ക്ക് എന്തെല്ലാം മാറ്റങ്ങളുണ്ടായാൽ ചീത്ത സ്ത്രീയായി രൂപപ്പെടുമെന്നും നിർവ്വചിച്ചിട്ടുണ്ട്.

**1.2.1 വിശുദ്ധസ്ത്രീ-വേശ്യ**

വിശുദ്ധസ്ത്രീ എന്ന വിഭാഗത്തിൽപ്പെടുന്നവരെല്ലാം നല്ലസ്ത്രീകളാണ്. അവർ കുടുംബത്തിനുള്ളിലെ സ്ത്രീയാണ്. അത്തരം സ്ത്രീകൾ പുറത്തിറങ്ങുകയോ ഇതര സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ഇടപെടുകയോ ചെയ്യുകയില്ല. ഇതിനു നേരെ വിപരീതമാണ് ചീത്തസ്ത്രീ അഥവാ വേശ്യ. അവൾ പുറത്തിറങ്ങുകയും ഇതരപുരുഷന്മാരോട് സംസാരിക്കുകയും

ചെയ്യും. നൃത്താദികലകൾ അഭ്യസിക്കും. നല്ല സ്ത്രീ-ചീത്തസ്ത്രീ ദ്വന്ദങ്ങളുടെ നിർണ്ണയം സ്ത്രീയുടെ ലൈംഗികകാവസ്ഥയെ മുൻനിർത്തിയാണ് പലപ്പോഴും നടത്തുന്നത്. ശുദ്ധിയും അശുദ്ധിയുമാണ് അതിനടിസ്ഥാനം. കന്യകാവസ്ഥയിലിരിക്കുന്ന സ്ത്രീകൾ ശ്രേഷ്ഠരാണ്. ഏകഭർത്തൃവ്രതയായ സ്ത്രീയും അതുപോലെ തന്നെ നല്ല സ്ത്രീയാണ്. എന്നാൽ ഒന്നിലധികം പുരുഷൻമാരുമായി ഇടപെടുന്നവർ വേശ്യകളാണ്. സവർണ്ണപുരുഷജ്ഞാനമണ്ഡലം 15 നിർമ്മിച്ച വേശ്യയുടെ സ്ഥാനം കുടുംബത്തിന് പുറത്തായിരുന്നു എന്ന് കാണാം. ഈ രണ്ടുവിഭാഗം സ്ത്രീകളും ബ്രാഹ്മണജ്ഞാനപദ്ധതി അംഗീകരിച്ചവർ കൂടെയായിരുന്നുവെന്നും ശ്രദ്ധിക്കേണ്ടതുണ്ട്. തങ്ങളുടെ സുഗമമായ സാമൂഹിക ജീവിതത്തിന് അനുഗുണമായ രീതിയിൽ ശ്രേണീവൽക്കരണം നടത്തിയ അവർ, സ്ത്രീകളെയും രണ്ടു വിഭാഗമായി തിരിച്ചെടുക്കുകയായിരുന്നുവെന്ന് കാണാം.

### 1.2.1.1.വേദകാലചിന്തകൾ

വൈദികകാലത്ത്, കന്യകയും, രക്ഷിതാക്കളുള്ളതുമായ സ്ത്രീകൾക്ക് ഉയർന്ന സ്ഥാനമുണ്ട്. അത്തരം സ്ത്രീകൾ കുടുംബസ്ഥരാകുമ്പോൾ അനുസരിക്കേണ്ട നടപടി ക്രമങ്ങളുടെ വിവരണവും നിയമാവലികളും വേദങ്ങളിലുണ്ട്. ഋഗ്വേദത്തിലെ 'വിവാഹസൂക്ത' ത്തിൽ ആദർശ ദമ്പതീത്വവും ഗൃഹസ്ഥധർമ്മങ്ങളും വരൻ വധുവിനോട് പറയുന്നിടത്ത് സ്ത്രീയുടെ അച്ചടക്കവും, ഉത്തരവാദിത്വവും ഉറപ്പിച്ചു പറയുന്നുണ്ട്. 'സുമനസ്വിനിയും തേജസ്വിയുമാകുക' , ഭർത്താവിന് ദ്രോഹം ചെയ്യാതിരിക്കുക' - എന്നിങ്ങനെ സ്ത്രീ ചെയ്യേണ്ടവ നിർദേശിക്കുന്നത് പുരുഷൻ തന്നെയാണ്.16 യജുർവ്വേത്തിലാകട്ടെ, ഭർത്തൃമതികളായ സ്ത്രീകൾ നല്ലകാര്യങ്ങൾ ക്ഷമയോടെ ചെയ്യുന്നവരാണ്. ജലം പോലെ സംശുദ്ധവും മാധുര്യമുള്ളതും സദാ സന്തോഷ വതികളുമായ സ്ത്രീകൾ ഗൃഹത്തിന് ഊർജ്ജവും ഐശ്വര്യവും നൽകുന്നു. 17

ഇപ്രകാരം സ്വഭാവഗുണവും അച്ചടക്കവുമുള്ള സ്ത്രീ, രൂപം കൊള്ളുന്നതിന്റെ മാതൃകകൾ വേദങ്ങളിലുള്ളതായി കാണാം.

വിവാഹം കഴിക്കേണ്ട കന്യക സഹോദരനില്ലാത്തവളോ, പിതാവാരെന്ന് നിശ്ചയമില്ലാത്തവളോ ആകരുതെന്ന് മനുസ്മൃതി നിഷ്കർഷിക്കുന്നുണ്ട് 18 . വിവാഹിതയായ സ്ത്രീയാകട്ടെ-'ജീവിച്ചിരിക്കുന്നവനോ മൃതനോ ആയ പതിയ്ക്ക് യാതൊരു കളങ്കവും (പതിവ്രതയായ ഭാര്യ) ഉണ്ടാക്കരുത്. ഭർത്താവ് മരിച്ചു കഴിഞ്ഞാൽ സ്വമേധയാ പുഷ്പഫലമൂലാദികൾ ഭക്ഷിച്ച് ശരീരം ക്ഷീണിപ്പിക്കുന്നതാണ് നല്ലത്. വ്യഭിചാരചിന്തയാൽ പരന്റെ പേരുപോലും ഉച്ചരിക്കരുത്. പതിവ്രതയായ സ്ത്രീയ്ക്ക് രണ്ടാമതൊരു ഭർത്താവ് ഒരു ശാസ്ത്രത്തിലും വിധിക്കപ്പെട്ടിട്ടില്ല' . എന്നാൽ; 'പതിവ്രതയായ ഭാര്യ മരിച്ചു കഴിഞ്ഞാൽ പുരുഷന് വേറെ വിവാഹം കഴിക്കാവുന്നതുമാണ്' .19

മേല്പറഞ്ഞ സ്ത്രീനിർമ്മിതിയെ വിശകലനം ചെയ്യുമ്പോൾ ബ്രാഹ്മണപുരുഷാധിപത്യത്തിന്റെ സാമൂഹികാധികാരം വ്യക്തമാവുന്നു. സ്ത്രീകളുടെ ലൈംഗികതയ്ക്ക് മുകളിൽ അധികാരപ്രയോഗത്തിലൂടെ നിയന്ത്രണം ഏർപ്പെടുത്താനുള്ള പരിശ്രമം ഈ ചിന്തകളിലെല്ലാം കാണാവുന്നതാണ്. അത്തരം നിയന്ത്രണങ്ങളെ എതിർക്കുന്ന സ്ത്രീകൾക്ക് പ്രസ്തുത മൂല്യവിചാരഗ്രന്ഥങ്ങൾ കടുത്ത ശിക്ഷാനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. അവ നടപ്പിലാക്കാനുള്ള ചുമതല അതാതു ദേശത്തെ രാജാക്കന്മാരിൽ നിക്ഷിപ്തമാണ്. ശുദ്ധരായി സ്ത്രീകൾ നിലനിൽക്കേണ്ടത് ജാതീയമായ തങ്ങളുടെ ഉയർച്ച നിലനിർത്താനുള്ള ഉപാധിയായി അവർ കരുതി. പാതിവ്രത്യാചരണം കുടുംബത്തിലെ സ്ത്രീകൾക്ക് അനിവാര്യമാണെന്ന് പറയുന്ന മനു; ഗൃഹസ്ഥികളായ പുരുഷന്മാർക്ക് അതിന്റെ ആവശ്യമില്ലെന്നും നിർദ്ദേശിക്കുന്നുണ്ട്.

കുടുംബത്തിൽ സ്ഥാനം ലഭിച്ചിരുന്ന സ്ത്രീകൾ,രക്ഷിതാക്കൾ ഉള്ള സ്ത്രീകൾ എന്നിവരിൽ നിന്നും ഇതര സ്ത്രീകൾ വ്യത്യസ്തരാകുന്നുണ്ട്. ഉയർന്നശബ്ദത്തിൽ സംസാരിക്കുന്നവർ, തർക്കവിതർക്കങ്ങളിലേർപ്പെ ടുന്ന വർ, ഒന്നിലധികം പുരുഷൻമാരുമായി ബന്ധമുള്ളവർ, രക്ഷിതാക്കൾ ഇല്ലാത്ത വർ, പുരുഷന്മാരെ തേടി പോകുന്നവർ തുടങ്ങിയ സ്ത്രീകളെല്ലാം ചീത്ത സ്ത്രീ ഗണത്തിൽപ്പെടുന്നു. കുടുംബസ്ഥകളാകുന്ന സ്ത്രീകളെ വേർതിരിച്ച വേദാദികളിൽ തന്നെ ഇതര സ്ത്രീകളും കടന്നു വരുന്നുണ്ട്. ഋഗ്വേദത്തിലെ ഉഷ:വർണ്ണനയിൽ 'സഹോദരന്മാരില്ലാത്ത യുവതി പുരുഷന്മാരെ സമീപിക്കു ന്നത് പോലെ' **20** എന്നിങ്ങനെയും; മനുസ്മൃതിയിൽ, ഭർത്തൃമതിയായ സ്ത്രീ, പരപുരുഷസംയോഗം ചെയ്താൽ നിന്ദിതയാവുകയും കുഷ്ഠാദിപാപ രോഗങ്ങൾ ബാധിക്കുകയും ചെയ്യും**21** എന്നിങ്ങനെയും പരാമർശങ്ങളുണ്ട് .ഇത്തരം സ്ത്രീകളൊന്നും ശുദ്ധസ്ത്രീ ഗണത്തിൽ വരുന്നില്ലെന്ന് നിരീക്ഷി ക്കാവുന്നതാണ്. വിശുദ്ധ പദവിയ്ക്കർഹയാകുന്ന സ്ത്രീകളുടെ നിർമ്മിതി, പുരുഷനെ മുൻനിർത്തിയാണ് മനു നിർവഹിച്ചിരിക്കുന്നതെന്നു കാണാം. സഹോദരന്മാരുള്ള കന്യക, പതിവ്രതയായ ഭാര്യ, പാതിവ്രത്യാചരണം വൈധ വ്യത്തിലും പിന്തുടരുന്നവർ എല്ലാം ശുദ്ധസ്ത്രീകളാണ്. സഹോദരന്മാ രില്ലാത്ത സ്ത്രീകൾ, പരപുരുഷബന്ധമുള്ള വിവാഹിതകൾ, എന്നിവരെല്ലാം അശുദ്ധഗണത്തിൽപ്പെടുന്നു. ബന്ധുവായ പുരുഷന്റെ നേരിട്ടുള്ള സംരക്ഷണ യിൽ കഴിയുന്ന സ്ത്രീകൾ മാത്രമേ വിവാഹാർഹതയുള്ള സ്ത്രീയായി മാറു ന്നുള്ളൂ.

ഭാരതീയ സവർണ്ണപുരുഷജ്ഞാനമണ്ഡലത്തിൽ; 'സ്ത്രീ ഒന്നുകിൽ മാമുനിമാരുടെ തപസ്സിളക്കി ദേവന്മാർക്ക് വിടുപണി ചെയ്യുന്ന വേശ്യയോ ചാരിത്ര്യശുദ്ധിയിലൂടെ ഭർത്താവിന്റെ അന്തസ്സ് കാത്തു സൂക്ഷിക്കുന്ന ഭാര്യയോ വീരപുരുഷന്മാരെ പ്രസവിക്കുന്ന അമ്മയോ ആണ്' -എന്ന നിരീക്ഷ ണത്തിന് വലിയ പ്രസക്തിയുണ്ട്. **22** പിതാവിന്റെ അന്തസ്സ് കാക്കുന്ന മകൾ,

ഭർത്തൃസേവനം ചെയ്യുന്ന പതിവ്രത,പുത്രന് അഭിമാനിക്കാവുന്ന വിധത്തിലുള്ള ശ്രേഷ്ഠമാതാവ്-എന്നീ നിലകളാണ് വിശുദ്ധസ്ത്രീയ്ക്ക് അഭികാമ്യം.

കേരളത്തിൽ ബ്രാഹ്മണാഗമത്തിന് മുമ്പുള്ള സ്ത്രീനിർമ്മിതികളെക്കുറിച്ച് വ്യക്തമായ സൂചനകളില്ല. സംഘകാലകൃതികളിലാകട്ടെ, സ്ത്രീകളെ മുൻനിർത്തി വിഭജനമോ നിയമാവലികളുടെ ക്രോഡീകരണമോ നടന്നിട്ടില്ല. സംഘകാലകൃതികളിൽ സ്വൈരിണികളായ സ്ത്രീകളെക്കുറിച്ചും പതിവ്രതകളായ സ്ത്രീകളെക്കുറിച്ചും ഒരു പോലെ പ്രസ്താവമുണ്ടെന്ന് ഡോ.ഉണ്ണിക്കിടാവിനെപ്പോലുള്ളവർ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ബ്രാഹ്മണാഗമനത്തിനു ശേഷം മനുസ്മൃതിമാതൃകയിൽ ശുദ്ധാശുദ്ധിയുള്ള സ്ത്രീകളെക്കുറിച്ചുള്ള നിയമാവലികൾ ശാങ്കരസ്മൃതിയിലൂടെയും മറ്റും രൂപപ്പെടുത്തിയെടുത്തു.

കേരളത്തിൽ ബ്രാഹ്മണാഗമനവും അധിനിവേശവും വലിയ പരിവർത്തനങ്ങളുണ്ടാക്കിയതായി എം.ജി.എസ് നിരീക്ഷിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം പറയുന്നു:-

'കേരളത്തെ ഭാരതീയ സംസ്കാരത്തിന്റെ മുഖ്യധാരയിലെത്തിച്ചത് ബ്രാഹ്മണാധിവാസത്തിന്റെ ഫലമായുണ്ടായ പ്രത്യേകതരം ആര്യ ദ്രാവിഡസമ്മേളനമായിരുന്നു. സംബന്ധവ്യവസ്ഥയിലൂടെ പ്രാകൃതമായ മരുമക്കത്തായസമ്പ്രദായത്തിന് ലോകത്തിൽ മറ്റെങ്ങുമില്ലാത്തപോലെ പരിഷ്കൃതസമൂഹത്തിനകത്തും സ്ഥാനമുണ്ടായി'.**23**

അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ ബ്രാഹ്മണാധിനിവേശകാലത്ത്, നിലവിലുണ്ടായിരുന്ന പ്രാകൃതമായ സംബന്ധവ്യവസ്ഥ, കേരളത്തിൽ നിലനിർത്തുകയാണുണ്ടായത്. അതുകൊണ്ടു തന്നെ സംബന്ധവ്യവസ്ഥയിലെ സ്ത്രീ, ബ്രാഹ്മണർ വേളി കഴിക്കുന്ന സ്വസമുദായത്തിലെ സ്ത്രീ എന്നിങ്ങനെ രണ്ടു വിഭാഗം സ്ത്രീകൾ ഇവിടെയും ഉണ്ടായി. ഒന്നാം വിഭാഗത്തിലെ സ്ത്രീ

കൾ അനുവർത്തിക്കേണ്ട ധർമ്മങ്ങൾ ശാങ്കരസ്മൃതിയിലാണ് ക്രോഡീകരിച്ചിട്ടുള്ളത്.

### 1.2.1.3 ശാങ്കരസ്മൃതിയിലെ സ്ത്രീ

കേരളത്തിലെ നമ്പൂതിരിമാർക്ക് പ്രത്യേകമായി ആചരിക്കാനുള്ള ധർമ്മങ്ങളാണ് ശാങ്കരസ്മൃതിയിലുള്ളത്. ശാങ്കരസ്മൃതിയെക്കുറിച്ച് ഡോ. കെ. പി. ശ്രീദേവി ഇപ്രകാരം നിരീക്ഷിക്കുന്നുണ്ട്:-

'സംഘകാലത്തിന്റെ അവസാനഘട്ടം മുതൽ ഏ. ഡി. ഏഴാംനൂറ്റാണ്ടു വരെ പല ഘട്ടങ്ങളിലായി കേരളത്തിലെത്തിച്ചേരുകയും വടക്ക് തളിപ്പറമ്പ് മുതൽ തെക്ക് പന്തളം വരെ നിരവധി അധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്ത കുടിയേറ്റ ബ്രാഹ്മണ വിഭാഗമാണ് നമ്പൂതിരിമാർ എന്നത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഈ കുടിയേറ്റ ബ്രാഹ്മണവർഗ്ഗത്തിന്റെ അക്കാലത്തെ ആചാരാനുഷ്ഠാനങ്ങൾ മനുസ്മൃതിയെ ആധാരമാക്കിയുള്ളതായിരുന്നു എന്നും അനുമാനിക്കാം. എന്നാൽ ക്രമേണ സാമൂഹികമായും സാംസ്കാരികമായും ഇവിടുത്തെ ഒരു പ്രബല ജനവിഭാഗമായിത്തീരുകയും സാമ്പത്തികമായും രാഷ്ട്രീയമായിപ്പോലും അനിഷേധ്യമായ ആധിപത്യം കൈവരിക്കുകയും ചെയ്തപ്പോൾ അത് നിലനിർത്തുന്നതിന് വേണ്ടി അവർ മനുസ്മൃതിയിലെ നിയമങ്ങളെയും നിബന്ധനകളെയും കാലദേശാനുസൃതമായി പരിഷ്കരിച്ചു എന്ന് കരുതാവുന്നതാണ്. അവയെ നിഷ്കർഷയോടെ ആചരിച്ചു വരികയും ചെയ്തു. ഇങ്ങിനെ നമ്പൂതിരി മാർക്കിടയിൽ നടപ്പിലുണ്ടായിരുന്ന ധർമ്മശാസനങ്ങളും ആചാരാനുഷ്ഠാനങ്ങളും ഏ. ഡി.14-15 നൂറ്റാണ്ടുകളോടു കൂടി ക്രോഡീകരിക്കപ്പെട്ടതാണ് ശാങ്കരസ്മൃതി അഥവാ ലഘു ധർമ്മപ്രകാശിക എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. രൂപകല്പന ചെയ്യപ്പെട്ട കാലം ഏതു തന്നെ ആയിരുന്നാലും ശരി, ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെ നമ്പൂതിരിയുടെ സാമൂഹികജീവിതത്തെയും വ്യക്തിജീവിതത്തെയും ചിട്ടപ്പെടുത്തി നിയന്ത്രിച്ചിരുന്നത് ശാങ്കരസ്മൃതിയായിരുന്നു. അതുകൊണ്ടു തന്നെ അറുപതോ എഴുപതോ കൊല്ലം മുൻപുവരെയും നമ്പൂതിരി സമുദായത്തിൽ സ്ത്രീ എന്തായിരുന്നു എന്നത് ശാങ്കരസ്മൃതിയിലെ ദമ്പതീധർമ്മം,

ഗൃഹസ്ഥ ധർമ്മങ്ങൾ, പുത്രമാഹാത്മ്യം, ഭാര്യാഭരണം, സ്വാർത്തവിചാരം, രജസ്വലാ ധർമങ്ങൾ, 64 അനാചാരങ്ങൾ, എന്നീ അധ്യായങ്ങളിൽ നിന്നും മനസ്സിലാക്കാവുന്ന താണ്. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ പുതിയ സാമൂഹിക സംവിധാനം രൂപപ്പെ ടുമ്പോൾ അത് സ്ത്രീയെ എങ്ങിനെ ബാധിക്കുന്നു എന്നതിന്റെ ഒരു ചിത്രം കൂടി ഇവയിൽ പ്രതിഫലിക്കുന്നുണ്ട്.24

അതോടൊപ്പം മലയാളത്തിലെ ബ്രാഹ്മണരുടെ ജീവിതക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും വിവരിച്ചിട്ടുള്ള ശാങ്കരസ്മൃതി, ഇത്തരം ജ്ഞാന മണ്ഡലങ്ങൾക്കുണ്ടായ പ്രചാരം വെളിപ്പെടുത്തുന്നുണ്ട്. സ്ത്രീയെ കുലസ്ത്രീ യായും പരസ്ത്രീയായും നിർമ്മിച്ചെടുത്തതിന്റെ കേരളമാതൃക ശാങ്കരസ്മൃതി യിൽ നിന്നും വേർതിരിച്ചെടുക്കാനാകും. പരസ്ത്രീകൾ; ബ്രാഹ്മണേതരസ്ത്രീ കളാണ്. എല്ലാ സ്ത്രീകളും ശൂദ്രന്മാർക്ക് സമമാണ്. ശാങ്കരസ്മൃതിയെ ചെറാ യി രാമദാസ്, പൂഴ്ത്തിവച്ച കേരളഭരണഘടന എന്നാണ് വിശേഷിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു:-

പുതിയ ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതു വരെ, നൂറ്റാണ്ടുകളോളം കേരളത്തിന്റെ ഔദ്യോഗിക (ബ്രാഹ്മണ)ഭരണ ഘടനയായിരുന്നു ഇത്. ഇതിലെ അക്ഷര ങ്ങളുടെ ആജ്ഞ കേട്ടാണ് ജാതികേരളം ചലിച്ചിരുന്നത് ,ചലിക്കാതിരുന്നത്.25

ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിനു മുമ്പ് കേരളത്തിലെ സകലജനങ്ങളെയും നിയന്ത്രിച്ചിരുന്ന നിയമാവലികളടങ്ങിയതാണ് ശാങ്കരസ് മൃതി. ബ്രാഹ്മണജീവിതക്രമമനുസരിച്ച് ഇതര ജാതികളെയും സ്ത്രീകളെയും രൂപപ്പെടുത്തിയെടുക്കുവാൻ ഈ കൃതി സഹായിച്ചു. അതിനെക്കുറിച്ച്, ഡോ. നെല്ലിക്കൽ മുരളീധരൻ അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്:-

'............................ജാതിശ്രേണിയിലെ കീഴാളവിഭാഗങ്ങളെ കാൽക്കീഴിലമർത്താനും അവർ(ബ്രാഹ്മണർ) കുശാഗ്രബുദ്ധിയോടെ ശ്രദ്ധിച്ചു പോന്നിട്ടുണ്ട്. 'ശാങ്കരസ്മൃതി'

അടക്കമുള്ള കള്ളപ്രമാണങ്ങൾ ചമച്ച് ശൂദ്രരെയും സ്ത്രീകളെയും ഒതുക്കാനുള്ള വക്രബുദ്ധി നമ്പൂതിരിസമുദായം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളത് അനിഷേധ്യമായ ചരിത്രവസ്തുതയാണ്. **26**

തികച്ചും സ്ത്രീവിരുദ്ധമായ ആചാരപദ്ധതികളാണ് ഇതിലുള്ളത്. സ്ത്രീകളെ വിശുദ്ധസ്ത്രീയായും വേശ്യയായും വിഭജനം നടത്തി ഇരുവിഭാഗങ്ങളിലും തങ്ങളുടെ സ്വാധീനം ഉറപ്പിച്ചു നിർത്താൻ അവർക്കു സാധിച്ചു.

കേരളത്തിലെ തെക്കും വടക്കുമുള്ള ബ്രാഹ്മണസ്ത്രീകൾ എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്യരുത് എന്ന് കൃത്യമായ നിർദ്ദേശങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. പതിവ്രതകളും കുലീനകളുമായ സ്ത്രീകൾ ചെയ്യേണ്ട കർമ്മങ്ങളോടൊപ്പം വിധവകളും എന്തെല്ലാം ചെയ്യണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പതിവ്രതയായ സ്ത്രീ എപ്പോഴാണ് വേശ്യയായി മാറുന്നതെന്ന് പറയുന്ന ഈ ഗ്രന്ഥം അവരെ ശിക്ഷിക്കുന്നതിനായി സ്മാർത്തവിചാരം പോലുള്ള ശിക്ഷാനടപടികളും നിർദ്ദേശിക്കുന്നുണ്ട്. ഗൃഹസ്ഥൻ പുരാണപ്രസിദ്ധങ്ങളായ സൽക്കഥകൾ പലപ്രാവശ്യവും പത്നിയെ വർണ്ണിച്ചു കേൾപ്പിക്കണം, വ്യഭിചാരത്തിനുള്ള അൽപാകാംക്ഷ പോലും അവളുടെ മനസ്സിലേക്ക് കടക്കാൻ സമ്മതിക്കരുത്-എന്നിങ്ങനെ സ്ത്രീയുടെ ലൈംഗികതയ്ക്ക് മുകളിൽ നിയന്ത്രണങ്ങൾ . പരപുരുഷനുമായി സംസർഗ്ഗം ഉണ്ടാകുന്ന നിമിഷത്തിൽ തന്നെ കുലസ്ത്രീയായിരുന്ന അന്തർജ്ജനം വേശ്യയായി മാറുന്നു.**24**. ഇത്തരത്തിൽ ബ്രാഹ്മണ പിതൃമേധാവിത്വം 1905 ൽ കേരളത്തിലൊരു അന്തർജ്ജനത്തെ സ്മാർത്തവിചാരം നടത്തി സമുദായത്തിൽ നിന്നും ഭ്രഷ്ടാക്കുകയുണ്ടായി. പ്രസ്തുത സംഭവത്തെ സി.എസ്. ചന്ദ്രിക വിലയിരുത്തുന്നത് ഇപ്രകാരമാണ്:-

സ്ത്രീകൾ സ്വന്തം തൃഷ്ണകളെ തിരിച്ചറിയുന്നതും അതംഗീകരിക്കുകയും അതിനുവേണ്ടി മുൻകൈ എടുക്കുകയും ചെയ്യുക എന്നത് ഏതു കാലത്തും

പുരുഷാധിപത്യത്തിന് അംഗീകരിക്കാനാവാത്ത സദാചാരലംഘനമാണ്. സ്മാർത്ത വിചാരമൂല്യശാസനങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതും പല രൂപങ്ങളിൽ ഇപ്പോഴും സംര ക്ഷിക്കപ്പെടുന്നതും ഈ പ്രത്യേക നിയന്ത്രണങ്ങൾക്ക് വേണ്ടി മാത്രവുമാണ്.**27**

സ്മാർത്തവിചാരമൂല്യശാസനകൾ വ്യക്തമായി രേഖപ്പെടുത്തിയ പുസ്തകമാണ് ശാങ്കരസ്മൃതി.

അതേസമയം, കേരളത്തിൽ ഇതരജാതികളിലെ സ്ത്രീകൾ (പരസ്ത്രീകൾ) മറ്റൊരു രീതിയിലാണ് വിലയിരുത്തപ്പെട്ടതെന്ന് കാണാം. ജെ ദേവിക ചൂണ്ടിക്കാണിക്കുന്നതു പോലെ-' ,കേരളത്തിലെ ശൂദ്രസ്ത്രീകൾ (നായർ അമ്പലവാസി- സമുദായക്കാർ) പാതിവ്രത്യം ആചരിക്കേണ്ടതില്ലെന്ന് കേരളമാഹാത്മ്യം പോലുള്ള ഗ്രന്ഥങ്ങൾ ഉദ്ധരിച്ച് കൊണ്ട് പഴമക്കാർ വാദിച്ചി രുന്നു. ഇവിടുത്തെ ശൂദ്രസ്ത്രീകൾ ദേവന്മാരെ ആനന്ദിപ്പിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ട അപ്സരസ്സുകളുടെ സന്തതികളാണെന്നും അപ്സരസ്ത്രീകൾക്ക് പാതിവ്രത്യം ബാധകമല്ലാത്തതുപോലെ അവരുടെ സന്തതികൾക്കും അത് ബാധകമല്ലെന്നും ഈ കൃതികൾ പറയുന്നു. **29** ഇതേ ആശയം ഭാരതംഗാഥ യിലും ആവർത്തിക്കുന്നുണ്ട്:-

'ആരണനാരിമാരെന്നിയേയാരുമേ
കേരളം തന്നിലിന്നാദിയായി
ചാരിത്ര്യം ചിന്തിച്ചു നിൽക്കേണ്ട' .

എന്നിങ്ങനെയും,

'കേരളഭൂമിയിൽ ക്ഷത്രീയനാരികൾ-
കാരണരാകട്ടെ കാന്തർ….' **30**

എന്നിങ്ങനെയും ഭാരതംഗാഥയിലുണ്ട്. ബ്രാഹ്മണസ്ത്രീകൾ ഒഴികെ ആരും ചാരിത്ര്യത്തെക്കുറിച്ച് ഓർത്ത് നിൽക്കേണ്ടതില്ല. എന്നിങ്ങനെ പറയുമ്പോൾ വിശുദ്ധസ്ത്രീസ്ഥാനം കേരളത്തിലെ ഇതരസ്ത്രീകൾക്കുണ്ടാകേണ്ടതില്ല-എന്ന് വരുന്നു .ശൂദ്രസ്ത്രീകളെ സംബന്ധം ചെയ്യുക വഴി ബഹുലൈംഗികത ഇതര ജാതികളിൽ നിലനിർത്തുകയാണ് ബ്രാഹ്മണസാമൂഹികക്രമം ചെയ്തതെന്നു കാണാം. ബഹുലൈംഗികത ബ്രാഹ്മണാദികൾ വരുന്നതിനു മുമ്പ് ഇവിടെ നില നിന്നിരുന്ന സാമൂഹിക വഴക്കമാണ്. അത് നിലനിർത്തുക മാത്രമാണ് അധികാരികൾ ചെയ്തത്. മാത്രമല്ല, സംഘകാലകൃതികളുടെ പഠനത്തിലൂടെ ഡോ. ഉണ്ണിക്കിടാവ് വേശ്യകൾക്ക് അക്കാലത്തുണ്ടായിരുന്ന പ്രാധാന്യം വിവരിച്ചിട്ടുണ്ട്.31 അത്തരം സാമൂഹിക വഴക്കങ്ങൾ പൊതുവെ ഭാരതീയ ജീവിത ക്രമമായി നിലനിന്നു പോന്നിരുന്നതുമാണ്. ബഹുലൈംഗികതയിലേർപ്പെട്ടിരുന്ന സ്ത്രീകളുമായി വിഷയാധിഷ്ഠിത ബന്ധം പുലർത്താൻ കഴിഞ്ഞിരുന്നത്, ദ്വിജന്മാർക്കായിരുന്നുവെന്ന് രാജൻഗുരിക്കൾ പറയുന്നുണ്ട്.32

കേരളത്തിൽ വേശ്യ എന്ന സംബോധന ഉണ്ടായിരുന്നെങ്കിലും നവോത്ഥാനകാലത്തിനു മുൻപ് ഇന്ന് കാണുന്ന ലൈംഗികത്തൊഴിലാളി എന്ന അർഥം ഉണ്ടായിരുന്നില്ലെന്ന്നിരീക്ഷിച്ചിട്ടുണ്ട്.33 മറിച്ച് അഭിമാനകരമായ ഒന്നായിരുന്നു അത്. അതീവ സുന്ദരിയായി അണിഞ്ഞൊരുങ്ങി, പൊട്ടു തൊട്ട്, മുടി കെട്ടിവെച്ച് അലങ്കരിച്ച സ്ത്രീകൾ വേശ്യ എന്നറിയപ്പെട്ടു. കേരളീയ ആധുനികതയ്ക്ക് മുമ്പ് നില നിന്ന മരുമക്കത്തായ ക്രമത്തിലെ കുടുംബ വ്യവസ്ഥയുടെ ഭാഗമായിരുന്നു ബഹുലൈംഗികത. അത്തരം വ്യവസ്ഥകളിലെ സ്ത്രീകളെ അധമസ്ത്രീകളായി കണക്കാക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിനു ശേഷമാണ്.

ബഹുലൈംഗികതയെ അടിസ്ഥാനമാക്കിയുള്ള കുടുംബ-സാമൂഹിക വ്യവസ്ഥ അംഗീകരിച്ചു പോന്നതിന് പ്രധാന കാരണം, ബ്രാഹ്മണകുടുംബ

ത്തിൽ മൂത്തപുത്രൻ ഒഴികെ വേറെയാർക്കും അതേ ജാതിയിൽപ്പെട്ട സ്ത്രീകളെ വിവാഹം ചെയ്യാൻ സാധിക്കുമായിരുന്നില്ല എന്നതിനാലാണ്. സ്വാഭാവികമായും മരുമക്കത്തായ കുടുംബങ്ങളിൽ സംബന്ധം എന്ന പ്രത്യേക ലൈംഗിക ജീവിതം അനുവർത്തിക്കുകയാണ് ഉണ്ടായത്. അതുകൊണ്ടു തന്നെയാവണം സംഘകാലകൃതികൾ മുതൽ മണിപ്രവാളകൃതികളിലൂടെ വെണ്മണി കൃതികൾ വരെ ബഹുലൈംഗികതയിലടിസ്ഥാനമുള്ള ജീവിതക്രമം വിഷയമാക്കിയത്. **34**

ആധുനികതയുടെ കാലത്ത് വിദേശീയരും സ്വദേശീയരും ഇത്തരം ബന്ധങ്ങളെ ഒരുപോലെ പരിഹസിക്കാനും സ്ത്രീയെ അധമസ്ത്രീയായി കണക്കാക്കാനും തുടങ്ങി. പ്രസ്തുത കാലഘട്ടത്തെക്കുറിച്ച് സി എസ് ചന്ദ്രിക ഇപ്രകാരം വിവരിക്കുന്നു:-

1. കൊളോണിയലിസം, സാമൂഹികപരിഷ്കാരപ്രസ്ഥാനങ്ങൾ, ദേശീയസമരങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം, ഇംഗ്ലീഷ് മിഷനറിമാരുടെ മതപ്രചരണപ്രവർത്തനങ്ങൾ തുടങ്ങി ഭരണകൂടത്തിന്റെയും വർഗ്ഗത്തിന്റെയും രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും ചേർന്ന് ലിംഗപദവീ ബന്ധങ്ങളെ നിയന്ത്രിച്ചു കൊണ്ടിരുന്നു. മരുമക്കത്തായത്തിലെ സ്ത്രീകളുടെ പ്രത്യേകിച്ച് നായർസ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും വഴിവിട്ട സദാചാരത്തെക്കുറിച്ചും ഉത്ക്കണ്ഠപ്പെട്ട ബ്രട്ടീഷ് അധികാരികളും മിഷനറിമാരും ചരിത്രകാരന്മാരും ഈ സമ്പ്രദായത്തെ അപരിഷ്കൃ തമെന്ന് വിശേഷിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്തു.
2. ..............................................................നായർ സ്ത്രീകൾ നയിക്കുന്ന സംബന്ധജീവിതത്തെ വ്യഭിചാരതുല്യമായി, ചാരിത്ര്യവുമായി ബന്ധപ്പെടുത്താനും നിർവചിക്കാനും നിയമത്തെ ഉപയോഗിക്കാനായി. **35**

### 1.2.1.4 കൊളോണിയൽ ആധുനികത

നവോത്ഥാനകാലകേരളത്തിലും വിശുദ്ധസ്ത്രീ,വേശ്യ എന്നിവരുടെ സാമൂഹികപദവി നിർണ്ണയിക്കുന്നുണ്ട്. അധിനിവേശഭാരതത്തിൽ വിക്ടോറിയൻ സദാചാരചിന്തകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുകയുണ്ടായി. ലൈംഗികത പാപമാണെന്ന മതകേന്ദ്രിതദർശനങ്ങളാണ് ഇന്ത്യയിൽ പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും ബൗദ്ധികചിന്തകളെ നയിച്ചത്. അത്തരം ചിന്തകൾ, ആധുനികതയുടെ കാലത്ത് പ്രാചീനമണിപ്രവാളകാവ്യങ്ങളുടെ വ്യാഖ്യാനത്തിലും പഠനത്തിലും വരെ സ്വാധീനം ചെലുത്തുകയുണ്ടായി. ആധുനികതാചിന്തകൾ സ്ത്രീകളെ രണ്ടായി വിഭജിച്ചു. അതിൽ വേശ്യ അകറ്റി നിർത്തേണ്ട ഗണമായിരുന്നു. അവരെ ഭയപ്പെടുകയും, നികൃഷ്ടരായി കണക്കാക്കുകയും ചെയ്തു. അക്കാലത്ത് പ്രാചീനമണിപ്രവാളപഠനങ്ങൾ, ഇത്തരം മുൻവിധികളോടെയാണ് നടന്നതെന്ന് നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുതകാവ്യങ്ങൾ 'വേശ്യ' എന്ന ഗണത്തെ മുൻനിർത്തിയാണ് കാവ്യരചന നടത്തിയതെന്നും ഇവ പ്രാചീനചമ്പൂകാല കേരളത്തിലെ സാമൂഹികജീർണ്ണത വെളിപ്പെടുത്തുന്നവയാണെന്നും ആദ്യകാല മണിപ്രവാളപഠനങ്ങളെ മുൻനിർത്തി പഠിച്ചിട്ടുണ്ട്' (**36**).

ആരാണ് നല്ലസ്ത്രീ?, അതിൽ നിന്ന് വ്യത്യസ്തരായ സ്ത്രീകൾ ഏതു രീതിയിലുള്ളവരാണ് എന്ന ചർച്ചകൾ നവോത്ഥാനകാലത്ത് സജീവമായി നടന്നിരുന്നു എന്ന് കാണാം. കൊളോണിയൽ ആധുനികതാദർശനങ്ങൾ നവവരേണ്യലേഖകരും, മിഷണറിമാരുമാണ് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചതെന്ന് ജെ ദേവിക അഭിപ്രായപ്പെടുന്നുണ്ട്. പുരുഷന്റെയും സ്ത്രീയുടെയും സാമൂഹികനില നിർണയിച്ചതും, നല്ലസ്ത്രീയുടെ കർമ്മപരിസരം 'വീട്' ആണെന്ന് നിജപ്പെടുത്തിയതും ഇക്കാലത്താണ്:- 'പുരുഷനിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയ്ക്ക് പ്രസവം, ബാലപരിചരണം എന്നീ രണ്ടു ധർമ്മങ്ങളുണ്ട്.' **37**

പതിവ്രതയും, പതിസേവാതല്പരരും ആണവർ. ആദ്യകാല മാസികകളുടെ സൂക്ഷ്മപഠനത്തിൽ നല്ലസ്ത്രീ/ചീത്തസ്ത്രീ മാതൃകകളെക്കുറിച്ചുള്ള ചർച്ച കൾ നടന്നിട്ടുണ്ട്.

### 1.2.1.5 ആദ്യകാലമാസികാചർച്ചകളിൽ

നല്ലസ്ത്രീയ്ക്കുള്ള മാതൃകകൾ പുരാണേതിഹാസങ്ങളിൽ നിന്നും സ്വീകരിച്ച ധാരാളം ഉദാഹരണങ്ങൾ അക്കാലത്ത് കേരളത്തിലിറങ്ങിയ മാസികളിലെ ലേഖനങ്ങളിലുണ്ടായി. 'ദമയന്തി' എന്ന ലേഖനത്തിൽ എ. മീനാക്ഷിയമ്മ ഇപ്രകാരം പറയുന്നു:

'ദിക് പാലകൻമാർ അവളെ വിവാഹം ചെയ്യാനാഗ്രഹിച്ച് അവളോടപേക്ഷിച്ചിട്ടും ആദ്യമായി നളമഹാരാജാവിനെ മനസുകൊണ്ട് ഭർത്താവായി സ്വീകരിക്കുക നിമി ത്തം അവരുടെ സൗന്ദര്യാദി ഗുണങ്ങളിലോ, സൗഖ്യാനുഭോഗങ്ങളിലോ ലേശം പോലും താത്പര്യമില്ലാതെ പതിവ്രതാധർമ്മത്തെ അനുഷ്ഠിക്കുകയെന്നത് സാധാരണസ്ത്രീ കൾക്കില്ലാത്ത ഒരു ഗുണമാകുന്നു. ഇത് സകല സ്ത്രീകളും അനുകരിക്കേണ്ട ഒരു നിയമമാകുന്നു' **38** .

സാധാരണ സ്ത്രീകൾക്കില്ലാത്ത ഒരു ഗുണമാണ് പതിവ്രത്യാചരണം. അത് സകലസ്ത്രീകളും അനുവർത്തിക്കേണ്ടതാണ്. എന്നിങ്ങനെ ലേഖികയു ടെ രണ്ടു പ്രധാന നിരീക്ഷണങ്ങളും നല്ലസ്ത്രീയെക്കുറിച്ചുള്ള ധാരണകൾ വെളിപ്പെടുത്തുന്നു. കേരളത്തിൽ നിലവിലുള്ള സ്ത്രീകൾ ഇത്തരം മാതൃക യിലുള്ളവരല്ല. അവരെല്ലാം ദമയന്തിയുടെ മാതൃക അനുകരികരിക്കേ ണ്ടതാണ്. ഒരു നിയമവ്യവസ്ഥ എന്ന നിലയിലാണ് അക്കാലത്തെ സ്ത്രീകൾ നിർബന്ധമായും പാതിവ്രത്യാചരണം അനുഷ്ഠിക്കേണ്ടതാണെന്ന് മീനാക്ഷിയ മ്മയെ പോലുള്ളവർ പറയുന്നതെന്ന്, നിരീക്ഷിക്കാം.

1915-ലെ ലക്ഷ്മിഭായി മാസികയിൽ; കെ വി എന്ന ചുരുക്കപ്പേരിൽ വന്ന പ്രതികരണലേഖനത്തിൽ ഇപ്രകാരം പറയുന്നു.

"സ്ത്രീസ്വഭാവത്തിന് വിരുദ്ധമായി എന്ത് ചെയ്താലും അത് പ്രകൃതി വിരുദ്ധമാണത്രെ. തനിക്കു പരിചയമോ തന്നോട് സ്നേഹമോ ഇല്ലാത്ത പുരുഷനോട് വിവാഹാഭ്യർത്ഥന നടത്തുവാൻ പാടുള്ളതല്ല. അതാണ് ശൂർപ്പണഖയെ വൈരൂപ്യമുള്ളവളാക്കുന്നത്. താടക, പൂതന എന്നിവ രൊന്നും സ്ത്രീകളല്ല.

ആധുനിക പെൺകുട്ടികൾ ശകുന്തളമാരെയും ദമയന്തിമാരെയും കണ്ടു പഠിക്കണം. ഇംഗ്ലീഷുകാരികളുടെ കണ്ണും കരിയുമില്ലാത്ത പൗരുഷമല്ല, സുഭദ്രയുടെ പൗരുഷമാണത്രെ സ്ത്രീയ്ക്ക് വേണ്ടത്." **39**

താടക,പൂതന,ശൂർപ്പണഖ തുടങ്ങിയവർ സ്ത്രീകളല്ല. ശകുന്തള ,ദമയന്തി,സുഭദ്ര എന്നിവരെയാണ് ആധുനിക പെൺകുട്ടികൾ കണ്ടു പഠിക്കേണ്ടത്-എന്നിങ്ങനെയാണ് മേല്പറഞ്ഞ ഉദ്ധരണിയുടെ സത്ത. കൊളോണിയൽ ആധുനികതയിലുമുണ്ടായ സ്ത്രീനിർമ്മിതികൾ, മുമ്പ് ബ്രാഹ്മണ മൂല്യവ്യവസ്ഥ നിർമ്മിച്ചെടുത്തവ തന്നെയായി മാറുന്നത് ഇവിടെ ദർശിക്കാം. ബ്രാഹ്മണജ്ഞാനപദ്ധതി അനുശാസിക്കുന്ന വിശുദ്ധസ്ത്രീ-വേശ്യ ദ്വന്ദം തന്നെയാണ് കൊളോണിയൽ ആധുനികത ശക്തി പ്രാപിച്ച ഘട്ടത്തിലും മാതൃകയായി വരുന്നത്. നല്ലസ്ത്രീ സ്വഭാവത്തിന് വിരുദ്ധമായി പ്രവർത്തിച്ച വളാണ് ശൂർപ്പണഖ. അതുകൊണ്ട് അവൾ ശിക്ഷാർഹയാണ്. അവൾക്കുള്ള ശിക്ഷ രാമലക്ഷ്മണന്മാരെ പോലുള്ള പുരുഷന്മാർ നൽകുന്നതാണ്. വിശുദ്ധ സ്ത്രീയുടെ നിർവചനങ്ങളിൽപ്പെടാത്തവരെ സമൂഹം വേശ്യക്ക് സമമായി കരുതിയതായി നിരീക്ഷിക്കാം. പ്രസ്തുത നിരീക്ഷണത്തെക്കുറിച്ചു ദേവിക ഇപ്രകാരം അഭിപ്രായപ്പെടുന്നു:

'തറവാട്ടിൽ പിറന്നവളും ചന്തപ്പെണ്ണും തമ്മിലുള്ള അസമത്വം ഇക്കാലത്തും നിലനിൽക്കുന്നുണ്ട്. ജാതിവ്യവസ്ഥ മാറ്റിമറിച്ച കേരളീയ നവോത്ഥാനം ഈ രണ്ടു സംവർഗ്ഗങ്ങ ളെയും (നല്ല സ്ത്രീ-ചീത്തസ്ത്രീ) ഇരുപതാം നൂറ്റാണ്ടിൽ പുനഃസൃഷ്ടി

ക്കുകയാണുണ്ടായത്.......................................ഒരു സമുദായത്തിന് സമൂഹത്തിൽ ഉയരണമെങ്കിൽ അതിലെ സ്ത്രീകൾ പുതിയ ലിംഗമാന്യതയ്ക്ക് കീഴ്പ്പെടണമെന്ന അലിഖിതനിയമം ഇവിടെ പ്രാവർത്തികമായി.സ്ത്രീകൾക്ക് ഈ നവമാന്യത കൂടാതെ സമൂഹത്തി ൽ നിന്ന് സുരക്ഷ ലഭിക്കില്ലെന്നും വന്നു. നവമാന്യത നിർവചിക്കുന്ന അടക്കവും ഒതുക്കവും ഉള്ള സ്ത്രീക്ക് മാത്രമേ ലൈംഗികാതിക്രമത്തിനെതിരെ ധൈര്യമായി പരാതിപ്പെടാൻ കഴിയൂ.' **40**

വിശുദ്ധസ്ത്രീ നിർമ്മിതി ബ്രാഹ്മണമൂല്യവ്യവസ്ഥ തങ്ങളുടെ സ്ത്രീകൾക്കു മാത്രമായി നിജപ്പെടുത്തിയതായിരുന്നെങ്കിൽ, പിൽക്കാലത്ത്, എല്ലാ സമുദായത്തിൽപ്പെട്ട സ്ത്രീകളും അനുവർത്തിക്കേണ്ട ധർമ്മമായി, ഒരു നിയമവ്യവസ്ഥയായി അംഗീകരിക്കുകയാണുണ്ടായത്. അത്തരം നിയമാവലി കൾക്കു പുറത്ത് കടക്കുന്ന സ്ത്രീ, സമൂഹത്തിന് അനഭിമതയാണ്. അവൾ വേശ്യയാണ്. സമൂഹത്തിലിറങ്ങി പ്രവർത്തിക്കുന്നവരോ, ഇതരപുരുഷന്മാ രുമായി ഇടപെടുന്നവരോ ആയ സ്ത്രീകൾ ഇത്തരം നിർവ്വചനങ്ങളിൽ ഉണ്ടാ കുന്നില്ല.

എന്നാൽ അതേ കാലത്ത് നമ്പൂതിരിസമുദായ പരിഷ്കർത്താവായിരുന്ന വി ടി ഭട്ടതിരിപ്പാട്, അന്തർജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്:-

"ഞാൻ ഒരു അബലയാണെന്ന് ആവലാതിപ്പെടാതെ ചരിത്രപ്രസിദ്ധയായ വീരംഗനകളെപ്പോലെയോ സരോജിനീദേവി മുതലായ ആധുനിക ഭാരതീയ വനിതക ളെപ്പോലെയോ രാജ്യത്തിനും സമുദായത്തിനും വേണ്ടി ലോകരംഗത്തേയ്ക്കിറങ്ങി ഒരു നെറ്റി വിയർപ്പിക്കാൻ ഈ അന്തർജ്ജനങ്ങളെക്കൊണ്ട് പറ്റുകയില്ലെങ്കിൽ അതെത്ര ലജ്ജാവാഹമാണ്." **41**

നവോത്ഥാനകാലം നിർണ്ണയിച്ച ശുദ്ധസ്ത്രീസങ്കല്പത്തെ മറ്റൊരു മാ തൃകയിൽ രൂപപ്പെടുത്തിയെടുക്കാനാണ് വി. ടി. യെപ്പോലുള്ളവർ ശ്രമിച്ചത്.

ശാരീരികമായ അബലത്വമല്ല സ്ത്രീക്ക് വേണ്ടത്. കർമ്മധീരതയാണ്. അത് സമുദായത്തെയോ രാജ്യത്തെയോ നവീകരിക്കാൻ ഉതകുന്നതാകണം. ഇന്ത്യയുടെ സ്വാതന്ത്ര്യസമര കാലത്ത് വി ടി; അന്തർജ്ജനങ്ങളോട് നിർദ്ദേശിക്കുന്നത് വിശുദ്ധസ്ത്രീയെക്കുറിച്ചുള്ള വ്യത്യസ്തമായ നിലപാടുകളാണ്. ഇതേ നിലപാടുകൾ പുലർത്തിയ സ്ത്രീകളും അക്കാലത്തുണ്ടായിരുന്നു.ശാരദ എന്ന മാസികയുടെ വിശദമായ പഠനത്തിൽ നിന്നും വെളിപ്പെട്ടത്, യഥാർത്ഥസ്ത്രീ ആരായിത്തീരണമെന്ന സ്ത്രീകളുടെ തന്നെ നിരീക്ഷണമായിരുന്നു അവ ഇപ്രകാരം ക്രോഡീകരിക്കാം:

1. സ്ത്രീകൾക്ക് പൊതുജീവിതത്തിൽ ഇടപെട്ട്, സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കാനാകും.
2. ലോകോപകാരത്തിനായി പ്രവർത്തിച്ച സ്ത്രീകളുടെ മാതൃകകൾ പിന്തുടരാനാവും.(ഉദാ:-ആനന്ദബായിജോഷി,ഫ്ലോറെൻസ്നൈറ്റിംഗേൽ)
3. ഭരണരംഗങ്ങളിൽ സ്ത്രീകൾക്ക് മികച്ച പ്രവർത്തനം കാഴ്ച്ച വെക്കാൻ സാധിക്കും (ഉദാ:-മഹാറാണി സുവർണ്ണമയി, ലേഡി ജെയിൻ ഗ്രേ )
4. സാഹിത്യരചനയിൽ തല്പരരാകുന്നത് അഭിലഷണീയമാണ് (ഉദാ:-സരോജിനി നായിഡു).
5. സ്ത്രീ എന്ന അവസ്ഥയെയോ ശാരീരികമായ വെല്ലുവിളികളെയോ അതിജീവിക്കേണ്ടതുണ്ട്(ഉദാ-ഹെലൻ കെല്ലർ)**42**

കുടുംബകേന്ദ്രിതമോ, പതികേന്ദ്രിതമോ ആയ സ്വത്വത്തിൽ നിന്നും വിഭിന്നമായ സ്ത്രീസ്വത്വം രൂപപ്പെടുന്നതിന് ശാരദയെ പോലുള്ള ആദ്യകാലമാസികകളിലെ സ്ത്രീപക്ഷലേഖനങ്ങളോ കുറിപ്പുകളോ സഹായിച്ചിട്ടുണ്ട്. ഭരണ-സേവനമേഖലയിൽ പങ്കാളിത്തമുള്ള, സ്വാശ്രയത്വമുള്ള സ്ത്രീകളെ ഇതേകാലത്ത് തന്നെ ശാരദയെ പോലുള്ള സ്ത്രീ മാസികകൾ വിഭാവനം ചെയ്തിട്ടുണ്ട്.

ഭാരതീയ-കേരളീയ സാംസ്കാരിക വീക്ഷണങ്ങൾ സ്ത്രീയെ രണ്ടു വിഭാഗവുമായി വേർതിരിച്ചതായി കാണാം. ഒരു വിഭാഗം ബ്രാഹ്മണപിതൃ അധികാരവ്യവസ്ഥയിൽ പതിവ്രതാരത്നമായി ഗാർഹികാന്തരീക്ഷത്തിൽ ജീവിക്കുന്ന സ്ത്രീയാണ്. അവർ വിശുദ്ധസ്ത്രീ എന്ന ഗണത്തിൽപ്പെടുന്നു. വിശുദ്ധ സ്ത്രീയ്ക്ക് അനുവദിച്ച നിയമാവലികളിൽപെടാത്ത മറ്റൊരു വിഭാഗം സ്ത്രീകൾ വേശ്യ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. കേരളത്തിൽ, കൊളോണിയൽ ആധുനികതാഘട്ടത്തിലുണ്ടായ നവീകരണപ്രവർത്തനങ്ങളിലെ സ്ത്രീനിർമ്മിതിയിലും ഈ രണ്ടുവിഭജനം നടത്തുകയുണ്ടായി. സാമൂഹികമായ അത്തരം നടപടികൾ സ്ത്രീകളുടെ പദവി നിർണ്ണയിച്ചു. ഒന്നുകിൽ വിശുദ്ധ സ്ത്രീയായി പൂജിക്കുകയും അല്ലെങ്കിൽ വേശ്യയായി അപമാനിക്കുകയും ചെയ്യുന്നതായി കാണുന്നു. യഥാർത്ഥ സ്ത്രീ, ഇത്തരം പുരുഷനിർമ്മിതികളിൽ നിന്നെല്ലാം വ്യത്യസ്തയാണ്. ധീരയും കർമ്മനിരതയുമായ സ്വതന്ത്രസ്ത്രീയാണ് സ്ത്രീവിമോചകർ ലക്ഷ്യമാക്കുന്ന യാഥാർത്ഥ സ്ത്രീ.

### 1.2.2 രക്ഷാകർത്താവും സ്ത്രീയും

സ്ത്രീയ്ക്ക് ഒരു രക്ഷാകർത്താവ് എന്ന ദർശനം ഉണ്ടാകുന്നത് കുടുംബത്തെക്കുറിച്ചും സ്വകാര്യസ്വത്ത് നിലനിർത്തുന്നതിനെ കുറിച്ചുമുള്ള സംവിധാനങ്ങളിലാണ്. കുടുംബരൂപപരിണാമത്തിൽ പ്രാചീനകാലത്തിലെ ബഹുലൈംഗികവ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായി ഏക ദാമ്പത്യവ്യവസ്ഥ നിലവിൽ വന്നെങ്കിലും അവ പുരുഷന് അനുകൂലമായ ഘടനകളാണ് കുടുംബത്തിലും സമൂഹത്തിലും ഉണ്ടാക്കിയെടുത്തതെന്ന് സ്ത്രീവിമോചനം എന്ന പുസ്തകത്തിൽ ഏംഗൽസിനെ ഉദ്ധരിച്ച് എ. കെ. രാമകൃഷ്ണനും കെ.എം. വേണുഗോപാലും നിരീക്ഷിക്കുന്നുണ്ട്:-

സമൂഹവിവാഹത്തിന്റെ കാലത്ത് സ്ത്രീകൾ അനുഭവിച്ചിരുന്ന ലൈംഗിക സ്വാതന്ത്ര്യം ഓരോ പരിവർത്തനഘട്ടത്തിലും പടിപടിയായി ഇല്ലാതായി ക്കൊണ്ടിരുന്നുവെങ്കിലും പുരുഷന്റെ കാര്യത്തിൽ അത്തരം സ്വാതന്ത്ര്യത്തിന് യാതൊരു ഭംഗവും ഉണ്ടായിട്ടില്ലെന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നു. പരിഷ്കൃത സമൂഹ ത്തിന്റെ കപടസദാചാരരീതികൾ സ്ത്രീയുടെ ലൈംഗികതയ്ക്ക് മാത്രമാണ് കടി ഞ്ഞാണിടുന്നതെന്നും പുരുഷന്മാരുടെ കാര്യത്തിൽ വിവാഹത്തിന് പുറത്തുള്ള ലൈംഗികബന്ധങ്ങളും വ്യഭിചാരവും താരതമ്യേന ലഘുവായ ഒരു സദാ ചാരപ്രശ്നമായിരിക്കുമ്പോൾ സ്ത്രീകളുടെ കാര്യത്തിൽ അവ ഗുരുതരമായ കുറ്റ കൃത്യങ്ങളായി കരുതപ്പെടുന്നുവെന്നും ഏംഗൽസ് ചൂണ്ടിക്കാട്ടുന്നു. ഈ വ്യവസ്ഥ യിലെ സൗമ്യനായ പുരുഷൻ സ്വത്തുടമസ്ഥനായതു നിമിത്തം സ്വയം വീട്ടിൽ ഒന്നാമനാകുകയും സ്ത്രീയെ രണ്ടാംസ്ഥാനത്തേയ്ക്ക് അഥവാ പുരുഷനാൽ സംര ക്ഷിക്കപ്പെടേണ്ടവൾ എന്ന നിലയിലേയ്ക്ക് മാറ്റുകയും ചെയ്തതായി കാണാം.**43**

പുരുഷന്റെ തൊഴിൽപരമായ ഒന്നാംസ്ഥാനം സമൂഹത്തിലും കുടുംബത്തിലും ഒരുപോലെ ലഭിക്കുകയും സ്ത്രീപദവി പുരുഷനെ അപേ ക്ഷിച്ച് രണ്ടാംസ്ഥാനത്താവുകയും ചെയ്തു.

### 1.2.2.1 രക്ഷാകർത്താക്കളുള്ള നല്ലസ്ത്രീ

ബ്രാഹ്മണമൂല്യവ്യവസ്ഥയിൽ സ്ത്രീയുടെ രക്ഷാകർത്താവ്; ശൈശവബാല്യഘട്ടങ്ങളിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യ ത്തിൽ പുത്രനുമാണ്. ഋഗ്വേദത്തിലെ ചില സൂക്തങ്ങളിൽ തന്നെ ഭവനത്തിൽ വെച്ച് വിവേകവും ചിന്തയും നേടിയ ശേഷം ഭർത്താവിനെ സ്വീകരിക്കുന്ന യുവതികളെക്കുറിച്ച് പറയുന്നുണ്ട് **44**. പിതാവോ സഹോദരനോ ഇല്ലാത്ത സ്ത്രീ അനഭിമതയാണ്. അവളെ വിവാഹം ചെയ്യരുതെന്ന് സ്മൃതിയിൽ മനു നിഷ്കർഷിക്കുന്നുണ്ട്. രക്ഷാകർത്താക്കൾ യഥാകാലത്ത് സംരക്ഷിച്ച് പോരുന്നതിനാൽ സ്ത്രീയ്ക്ക് സ്വാതന്ത്ര്യ

മാവശ്യമില്ല. ബാല്യത്തിൽ സ്ത്രീ; പിതാവിന്റെയും യൗവ്വനത്തിൽ ഭർത്താവിന്റെയും, ഭർത്താവ് മരിച്ചാൽ പുത്രന്മാരുടെയും അധീനതയിൽ വർത്തിക്കണമെന്നും ഒരിക്കലും സ്വതന്ത്രയായി പെരുമാറരുതെന്നും മനു നിർദ്ദേശിക്കുന്നുണ്ട്.45 ഓരോ ജീവിതാവസ്ഥയിലും പുരുഷാധികാരത്തിന്റെ അധീനതയിലാണ് വിശുദ്ധസ്ത്രീയുടെ ജീവിതം. 'സ്ത്രീ സങ്കൽപം മതങ്ങളുടെ കാഴ്ചപ്പാടിൽ' എന്ന ലേഖന ത്തിൽ പി ഗീത ഇപ്രകാരം അഭിപ്രായപ്പെടുന്നു:

'സ്ത്രീയുടെ ബാലകൗമാരങ്ങളും വാർദ്ധക്യം പോലും പുരുഷന് പതിച്ചു കൊടുക്കപ്പെട്ടത് മനുസ്മൃതിയിലൂടെയായിരുന്നു'.46

എന്നാൽ രക്ഷാകർത്താക്കൾ വേണ്ടത് ബ്രാഹ്മണമൂല്യവ്യവസ്ഥ പിന്തുടരേണ്ട സ്ത്രീകൾക്കായിരുന്നു; അഥവാ മേൽപ്പറഞ്ഞ വിശുദ്ധസ്ത്രീയ്ക്കായിരുന്നു. ഇതര സ്ത്രീകളെക്കുറിച്ച് വ്യത്യസ്തമായ നിലപാടുകളാണ് ഉണ്ടായിരുന്നത്. അവർക്ക് ബ്രാഹ്മണാദി ഉന്നതകുലങ്ങളിൽപ്പെട്ടവരുടെ ജീവിതക്രമീകരണത്തിനുതകുന്ന വിധത്തിൽ പാതിവ്രത്യാചരണ നിബന്ധനയോ രക്ഷാകർത്തൃനിബന്ധനയോ ഉണ്ടായിരുന്നില്ല എന്ന് കാണാം.

### 1.2.2.2 കന്യകാദാനം -എഴുത്തച്ഛന്റെ നിരീക്ഷണത്തിൽ

.മധ്യകാലകേരളത്തിൽ ബ്രാഹ്മണേതര സ്ത്രീകളൊന്നും തന്നെ പിതാവിന്റെ സംരക്ഷണയിൽ കഴിഞ്ഞവരായിരുന്നില്ല. എങ്കിലും എഴുത്തച്ഛൻ സ്ത്രീകൾക്ക് ഉത്തമനായ പിതൃരക്ഷിതാവിനെ സങ്കല്പിക്കുന്നുണ്ട്. ശാകുന്തളോപാഖ്യാനത്തിൽ സ്ത്രീയുടെ രക്ഷിതാക്കളെക്കുറിച്ച് മനുസ്മൃതിയെ മുൻനിർത്തി വിവരിച്ചിട്ടുണ്ട്. പിതാവ് നിർവ്വഹിക്കേണ്ട കന്യകാദാനം വിശിഷ്ടമായി എഴുത്തച്ഛൻ പരിഗണിക്കുന്നു. അനുശാസനിക പർവ്വത്തിൽ യുധിഷ്ഠിരനെ ഭീഷ്മർ ഉപദേശിക്കുന്നിടത്ത്,

"ദിവ്യം വിശിഷ്ട വരകന്യകാ ദാനം
സർവ്വകർമ്മങ്ങൾക്കും മൂലമെന്നും ചൊല്ലി
കന്യകാദാനപ്രകാരഭേദങ്ങളും
കന്യകാദാനത്തിനുള്ളൊരു കാലവും" .

എന്നിങ്ങനെ പറയുന്നുണ്ട്. കന്യകാദാനത്തെ വിശിഷ്ടമായി കാണേണ്ടതുണ്ടെന്നാണ് എഴുത്തച്ഛന്റെ പക്ഷം. (കന്യാദാനം എന്നത് ബ്രാഹ്മണർക്കിടയിൽ വിവാഹത്തെ സൂചിപ്പിക്കുന്ന പദമാണ്). അക്കാലത്തെ മരുമക്കത്തായവ്യവസ്ഥയിൽ നമ്പൂതിരിസംബന്ധത്തിന് നൽകുന്ന പ്രാധാന്യത്തേക്കാൾ നല്ലത് പെൺകുട്ടികളെ വിവാഹം ചെയ്ത് അയക്കുന്നതാണെന്ന് അദ്ദേഹം കരുതിയിരിക്കണം എന്ന നിരീക്ഷണത്തിന് പ്രാധാന്യമുണ്ട്.47

### 1.2.2.3 ബ്രാഹ്മണേതരസ്ത്രീകളുടെ രക്ഷാകർത്താവ്

വൈദികപാരമ്പര്യത്തിലധിഷ്ഠിതമായ രക്ഷാകർത്തൃത്വമാണ് സ്ത്രീകൾക്ക് ബ്രാഹ്മണജ്ഞാനപദ്ധതി അനുവദിച്ചത്. എന്നാൽ കേരളത്തിലടക്കമുള്ള ശൂദ്രാദി ഇതരസ്ത്രീകൾക്ക് സംബന്ധം പോലുള്ള വിവാഹക്രമം നൽകിയതും ബ്രാഹ്മണരുടെ സാമുദായിക സാമൂഹിക ജീവിതരീതികൾക്കനുസൃതമായിട്ടായിരുന്നു. കുടുംബത്തിൽ മൂത്തപുത്രൻ മാത്രമേ ബ്രാഹ്മണസ്ത്രീകളെ വിവാഹം കഴിച്ചിരുന്നുള്ളൂ. ബാക്കിയുള്ളവർക്ക് ശൂദ്രസ്ത്രീകളുമായി സംബന്ധമായിരുന്നു അനുവദിച്ചത്. അത്തരം ബന്ധങ്ങളിൽ പിതാവ് രക്ഷിതാവായിരുന്നില്ല. മറിച്ച് സ്ത്രീയുടെ കുടുംബത്തിലെ മൂത്ത കാരണവരായിരുന്നു രക്ഷാകർത്തൃസ്ഥാനത്തുണ്ടായിരുന്നത്. തറവാട്ടിലെ കുട്ടികൾക്ക് പിതാവിന്റെ സംരക്ഷണം നൽകേണ്ട അമ്മാവൻ പലപ്പോഴും കർക്കശക്കാരനും സ്ഥാപിത താല്പര്യക്കാരനുമായിരിക്കും. ഉഗ്രപ്രതാപവാന്മാരായിരുന്ന കാരണവന്മാരെക്കുറിച്ച് ഡോ. എസ്. കെ. നായരും പഞ്ചുമേനോ

നെപ്പോലെ അട്ടഹസിച്ചു നടന്നിരുന്ന അമ്മാവനെക്കുറിച്ച് കെ.എം. പണിക്കരും ആത്മകഥകളിൽ അനുസ്മരിക്കുന്നുണ്ട്.

"ഉഗ്രപ്രതാപവാന്മാരായിരുന്ന കാരണവന്മാരുടെ മുൻപിൽ ഈ സംബന്ധക്കാരൻ കേവലം നിഷ്പ്രഭനാണ്" -എന്നിങ്ങനെയാണ് എസ്. കെ. നായർ പറയുന്നത്.48

വീട്ടിലെ വിഭവങ്ങളുപയോഗിക്കാനോ സ്വന്തം തീരുമാനങ്ങളെടുക്കാനോ ഇത്തരം രക്ഷാകർത്തൃബന്ധങ്ങൾ സ്ത്രീകൾക്ക് അനുവാദം നൽകിയിരുന്നില്ല. തറവാട്ടുകാരണവരെ അനന്തരവർക്കു മാത്രമല്ല, സ്ത്രീജനങ്ങൾക്കും ഭയമായിരുന്നുവെന്നും മരുമക്കളിൽ അനുസരണക്കേട് കാണിക്കുന്നവർക്ക് വീടുവിലക്കാനും ഊണ് മുടക്കാനും മടിയുണ്ടാവാറില്ലെന്ന് കെ.എം. പണിക്കർ ആത്മകഥയിൽ പറയുന്നുണ്ട്.48

കുടുംബസ്വത്ത് സ്ത്രീകളുടേതായിരുന്നുവെങ്കിലും അവർ തറവാട്ടിന് അധിപകളായിരുന്നില്ല. കാരണവരെ ആശ്രയിച്ചു കഴിയേണ്ട അനേകം അംഗങ്ങളിൽ ഒരുത്തി മാത്രമാണവർ. കാരണവർ സഹാനുഭാവമില്ലാത്ത ഒരു സ്വേച്ഛാപ്രമത്തനാണെന്നു വന്നാൽ തറവാട്ടംഗങ്ങളായ സ്ത്രീകളും ഇളംതലമുറകളും അസംതൃപ്തിയിലും നിത്യദുരിതത്തിലും കാലം കഴിക്കേണ്ടി വന്നു.49 മരുമക്കത്തായ വ്യവസ്ഥയിൽ പുരുഷന്മാർക്ക്; ഭാര്യ, മക്കൾ എന്നിവരോടുള്ളതിനേക്കാൾ ഉത്തരവാദിത്വം സഹോദരിമാരോടും അനന്തരവന്മാരോടുമായിരുന്നു. എന്നാൽ അത്തരം ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറല്ലാതിരുന്ന കാരണവന്മാരെക്കുറിച്ചും ഉത്തരവാദിത്വമില്ലാത്ത അച്ഛന്മാരെക്കുറിച്ചും കേശവദേവ് തന്റെ ആത്മകഥ യിൽ സൂചിപ്പിക്കുന്നുണ്ട്:-

"അച്ഛനുണ്ട്-മക്കളോട് ഉത്തരവാദിത്വമില്ലാത്ത അച്ഛൻ! മരുമക്ക ത്തായ സമ്പ്രദായത്തിൽ, അച്ഛന്മാർക്ക് മക്കളോട് ഉത്തരവാദിത്വമില്ല. മരുമക്കത്തറവാട്ടിലെ എല്ലാ അംഗങ്ങളോടും ഉത്തരവാദിത്വമുള്ള ഒരുഭരണാധികാരിയുണ്ട്-കാരണവർ.

കാരണവർക്കും സ്വന്തം മക്കളോട് ഉത്തരവാദിത്വം ഉണ്ടായിക്കൂടാ. സഹോദരി മാരോടും അവരുടെ മക്കളോടുമാണ് അയാളുടെ ഉത്തരവാദിത്വം. അത്തരം ഉത്തരവാദിത്വം അസ്വാഭാവികമാണ്. തന്മൂലം, മരുമക്കത്തായ കുടുംബത്തിൽ ആർക്കും ആരോടും ഉത്തരവാദിത്വമുണ്ടായില്ല" .50

ഇത്തരം വ്യവസ്ഥയിലും സ്ത്രീയ്ക്ക് സ്വന്തമായ തീരുമാന ങ്ങളെടുക്കാനോ സ്വന്തം ജീവിതക്രമം നിർണ്ണയിക്കാനോ സാധിക്കുമായിരു ന്നില്ല എന്നതായിരുന്നു വാസ്തവം.

എന്നാൽ ഇതേ വ്യവസ്ഥയെക്കുറിച്ച് അക്കാലത്ത് വ്യത്യസ്തമായ അഭിപ്രായങ്ങളും ഉണ്ടായിരുന്നു. മരുമക്കത്തായം സ്ത്രീകൾക്ക് ലഭിച്ച സ്വാത ന്ത്ര്യമാണെന്നും അത് അവർ ദുർവ്യയം ചെയ്യുന്നുണ്ടെന്നും ലക്ഷ്മിബായി മാസികയിൽ പുത്തേഴത്ത് രാമൻമേനോൻ അഭിപ്രായപ്പെടുന്നുണ്ട്.-

'മലയാള സമൂഹത്തിൽ സ്ത്രീകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം അവർ ആലോചന കൂടാതെ ദുർവ്യയം ചെയ്യുന്നുണ്ടെന്ന് സംശയിക്കണം' .51

സ്ത്രീകൾക്ക് ഈ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതുണ്ടോ എന്നത് നവോത്ഥാനകേരളവരേണ്യപുരുഷന്മാർ വളരെ ശക്തമായി ചർച്ച ചെയ്തിരുന്നെന്ന് നിരീക്ഷിക്കാം.

### 1.2.2.4 പിതൃത്വനിർമ്മിതി

നവോത്ഥാനകാലഘട്ടത്തിൽ അമ്മാവനേക്കാൾ അച്ഛന് പ്രാധാന്യം ലഭിച്ചു. അച്ഛൻ കേന്ദ്രിതമായ കുടുംബഘടന കേരളത്തിൽ രൂപം കൊള്ളുന്നത് പ്രസ്തുത കാലത്താണ്. നായർസമുദായ പരിഷ്കരണനേതാക്കളിൽ പ്രമുഖനായ

മന്നത്ത് പദ്മനാഭന്റെ  പിതാവ് നീലവന ഇല്ലത്ത് ഈശ്വരൻ നമ്പൂതിരിയായിരുന്നു. തന്റെ  ജനനശേഷം അച്ഛൻ വിവാഹബന്ധം വേർപെടുത്തിയതായി അദ്ദേഹം ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്:-

മൂത്തപുത്രിയായ പാർവ്വതിയമ്മയെ വിവാഹം ചെയ്തത് വാകത്താനത്ത് നീലവനയില്ലത്ത് ഈശ്വരൻ നമ്പൂതിരി എന്ന മലയാള ബ്രാഹ്മണനായിരുന്നു. അവർക്കുണ്ടായ ആദ്യപുത്രനാണ് ഞാൻ..................എന്റെ ജനനശേഷം അധികം താമസിയാതെ അച്ഛൻ വിവാഹബന്ധം വേർപെടുത്തിപ്പോയി' . **52**

നായർകുടുംബങ്ങളിൽ അമ്മാവനായിരുന്നു പ്രാധാന്യം. കുടുംബത്തിലെ സ്ത്രീകളെ  നമ്പൂതിരിയോ നായരോ ആയ പുരുഷന്മാർ സംബന്ധം ചെയ്യുകയായിരുന്നു പതിവ്. അത്തരം  വിവാഹബന്ധങ്ങളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം അമ്മവാനായിരുന്നു.  സ്ത്രീയ്ക്ക് പൊതുവെ  വലിയ പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ സമുദായപരിഷ്ക്കരണശ്രമങ്ങളിലേർപ്പെട്ടിരുന്ന സമയത്ത് നമ്പൂതിരിസംബന്ധം പോലുള്ള വിവാഹരീതികളെ  മന്നത്ത് പത്മനാഭൻ ശക്തമായി എതിർത്തിരുന്നതായി തകഴിയുടെ ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്.  അന്ന്  വലിയ വീടുകളിലെ കുഞ്ഞുങ്ങളുടെ പിതാക്കന്മാർ പട്ടന്മാരും മലയാളബ്രാഹ്മണരുമാണ്. മരുമക്കത്തായ കുടുംബത്തിൽ അച്ഛൻ എന്ന പദത്തിന് പ്രസക്തിയില്ല. ബ്രാഹ്മണവിവാഹത്തെ മന്നം അതി ശക്തമായി എതിർത്തു' .

അച്ഛൻ കേന്ദ്രിതമായ കുടുംബവ്യവസ്ഥയ്ക്ക് രൂപം നൽകാനാണ് അക്കാലത്തെ സാമുദായിക പരിഷ്ക്കർത്താക്കൾ ശ്രമിച്ചതെന്ന് നിരീക്ഷിക്കാം. മന്നത്ത് പത്മനാഭന്റെ  ഒരു പ്രസംഗത്തെ പറ്റി  തകഴി തന്റെ  ആത്മകഥയിൽ വിവരിക്കുന്നുണ്ട്:-

ഈ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെയും മന്നത്ത് പത്മനാഭന്റേയും നേതൃത്വത്തിൽ ആള്ളോഹരിഭാഗത്തിന് പ്രക്ഷോഭണം നടക്കു

കയാണ്. ഒരു പ്രക്ഷോഭണം സംഘടിപ്പിക്കുമ്പോൾ അതിന് ആക്കം കിട്ടുവാൻ വേണ്ടി വികാരങ്ങളുടെ ഏത് കമ്പിയിൽ തൊടണമെന്ന് മന്നത്തിനെപ്പോലെ അറിയാവുന്ന മറ്റൊരാൾ ഇല്ല. ഇറങ്ങിത്തിരിക്കുന്ന കാര്യങ്ങളൊക്കെ ഒരുമാതിരി കടവിൽ കൊണ്ട് ചെന്ന് എത്തിക്കാൻ അദ്ദേഹത്തിന് കഴിയുന്നതും അതുകൊണ്ടാണ്. നാടാകെ നടന്ന് അദ്ദേഹം പ്രസംഗിച്ചു. ഒരു പ്രസംഗം ഞാനും കേട്ടതാണ്. കാരണവരെയും അമ്മാവി യെയും അമ്മായി അമ്മാച്ചന്റെ ചെവിയിലോതുന്ന തലയിണപ്പഞ്ചതന്ത്രത്തെയു മൊക്കെക്കുറിച്ച് സരസമായി പറഞ്ഞ് സദസ്സിൽ കൂടിയിരിക്കുന്ന അനന്തരവരെ കൈയ്യിലെടുത്ത് അദ്ദേഹം ചോദിച്ചു:

വല്ലവരുടെയും കുട്ടികളെ തീറ്റിപ്പോറ്റാൻ എന്തിന് നാം കഷ്ടപ്പെടുന്നു?

വല്ലവരുടെയും കുട്ടികളെന്നാൽ സ്വന്തം അനന്തരവരാണ് കേട്ടോ! ആ ചോദ്യം സഹോദരിയോടുള്ള സ്നേഹത്തെ, നൂറ്റാണ്ടുകളായി നായന്മാരിൽ ലയിച്ചു കിടക്കുന്ന അനന്തരവരോടുള്ള വാത്സല്യത്തെ, ഒരു കാലത്ത് ഭദ്രമായിരുന്ന ഒരു സാമൂഹിക സംവിധാനത്തിന്റെ കീഴ്ഘടകമായ കുംടുംബത്തെക്കുറിച്ചുള്ള കുടുംബ സങ്കൽപ്പ ത്തെ എല്ലാം തൂത്തെറിയുന്നു. സ്വന്തം രക്തത്തിൽ ജനിച്ച കുട്ടികളെ സ്നേ ഹിക്കണ മെന്ന് പഠിപ്പിച്ചില്ലെങ്കിലും അതിനു പ്രാധാന്യമില്ലാത്ത സംവിധാനത്തോടുള്ള എതി ർപ്പുണ്ടാകുന്നു; കുട്ടികളെ സ്നേഹിക്കാൻ തോന്നുന്നു.53

രക്ഷാകർത്താവിന്റെ സ്ഥാനത്ത് പിതാവിനെ നിർമ്മിച്ചെടുക്കുന്ന പ്രക്രീയ എപ്രകാരമാണ് നടന്നതെന്നെതിന്റെ മാതൃക ഈ ആത്മകഥാംശ ത്തിൽ നിന്ന് വേർതിരിച്ചെടുക്കാം. തനിക്കും തന്റെ സഹോദരിക്കും മരുമക്ക ത്തായ വ്യവസ്ഥയോടാണ് കൂടുതൽ താത്പര്യമെന്ന് അദ്ദേഹം പറയുന്നുണ്ട്. ചുരുക്കത്തിൽ പിതാവ്; എന്നത് അക്കാലത്ത് നിർമ്മിച്ചെടുത്ത കുടുംബ അധികാരവ്യവസ്ഥയായിരുന്നുവെന്ന് നിരീക്ഷിക്കാം.

പിതൃദായക്രമത്തിലേക്ക് മാറേണ്ടതിന്റെ ആവശ്യകത സാഹി ത്യാദി രചനകളിലും സാമൂഹിക വിമർശനലേഖനങ്ങളിലും ഉണ്ടായി .മാതൃ ദായ ക്രമത്തിൽ നിന്ന് മാറി പിതൃദായക്രമത്തിലേക്ക് നായർസമൂഹം മാറുന്ന വിഷയമാണ് ഇന്ദുലേഖയിലുള്ളത്. യൂറോപ്യൻ മാതൃകയിലുള്ള കുടുംബ

ജീവിതമാണ് അതിന് നിദാനമെന്ന് കാണാം. എന്നാൽ പൂർണ്ണമായും വൈദേശിക മാതൃകകൾ പിന്തുടരുന്നതിനോട് അന്നത്തെ സാമൂഹിക സാമുദായിക പരിഷ്ക്കർത്താക്കൾ എതിരായിരുന്നു. പിതൃദായക്രമത്തിലധിഷ്ഠിതമായ ജീവിതക്രമീകരണത്തിന്, യൂറോപ്യൻ മാതൃകയ്ക്ക് ബദലായി അവർ സ്വീകരിച്ചത് ബ്രാഹ്മണജ്ഞാനചിന്തയിലധിഷ്ഠിതമായ കുടുംബജീവിതക്രമമായിരുന്നു. സ്വതന്ത്ര സ്ത്രീസങ്കല്പം അതോടുകൂടെ ഇല്ലാതാവുകയാണ് ചെയ്തത്.

പിൽക്കാലത്ത് കേരളത്തിൽ മനുസ്മൃതിയിലധിഷ്ഠിതമായ പുരുഷസംരക്ഷിത ജീവിതത്തിലേയ്ക്ക് സ്ത്രീകൾ മാറിവരുകയുണ്ടായി. മകൾ, ഭാര്യ, 'അമ്മ എന്നീ ജീവിതഘട്ടങ്ങളിലെല്ലാം സ്ത്രീയ്ക്ക് പുരുഷനായ രക്ഷാകർത്താവുണ്ടാകുന്നത് തന്നെയാണ് അഭികാമ്യം. ഇത്തരം നിലപാടുകളെല്ലാം പിൽക്കാലത്ത് ചോദ്യം ചെയ്യപ്പെട്ടെങ്കിലും ഇന്നും കേരളീയകുടുംബവ്യവസ്ഥ സാമാന്യമായി പുരുഷകേന്ദ്രിതമായ രക്ഷാകർത്തൃത്വമാണ് പിന്തുടർന്നു പോരുന്നതെന്നു കാണാം. സ്ത്രീയ്ക്ക് പുരുഷനാണ് രക്ഷാകർത്താവ്. ഇത് കാലങ്ങളായി അംഗീകരിച്ചു പോരുന്നുണ്ട്. പുരുഷന്മാർ സംരക്ഷിക്കാനില്ലാത്ത സ്ത്രീ അനഭിമതയാണ്. അത്തരം സംരക്ഷണ വ്യവസ്ഥയിൽ സ്ത്രീയുടെ സ്ഥാനം രണ്ടാമതാണ്. അതുകൊണ്ടു തന്നെ, സ്ത്രീകളുടെ സംരക്ഷണയിൽ കഴിയുന്നത് രണ്ടാം കിടയാണ്. അവിടെയും ഒരു പുരുഷൻ-അത് പുത്രനായാലും -അംഗീകാരമുള്ളതാണ്, അഭിലഷണീയമാണ്.

### 1.2.3 ഭാര്യാഭർത്തൃബന്ധവും സ്ത്രീപദവിയും

പ്രകൃത്യാ, വ്യത്യസ്തവ്യക്തിത്വമുള്ള വർഗമായ സ്ത്രീപുരുഷന്മാർ ജീവിതകാലം മുഴുവൻ ഭാര്യാ-ഭർത്തൃബന്ധത്തിലധിഷ്ഠിതമായി ജീവിക്കുമ്പോൾ സ്ത്രീയുടെ സ്ഥാനം, ധർമ്മങ്ങൾ, കർമ്മങ്ങൾ എന്നിവ സ്വത്വനിർമ്മിതിയുമായി ബന്ധപ്പെടുത്തി സമഗ്രമായി നിരീക്ഷിക്കേണ്ടതാണ്. അത്തരം

സ്ത്രീത്വങ്ങൾ നിർമ്മിച്ചെടുത്തത് സാമൂഹിക-അധികാരബോധ്യങ്ങളിൽ നിന്നാണെന്ന് കാണാം. ഭാരതത്തിലെ സമൂഹരൂപീകരണചരിത്രത്തിൽ ബ്രാഹ്മണധർമ്മശാസ്ത്രാദികളുടെ അനുവർത്തന കാലത്തിന് മുമ്പ് വ്യത്യസ്ത മായ ജീവിതക്രമമാണ് നിലനിന്നതെന്ന് ചരിത്ര-നരവംശ-സാമൂഹിക പഠന ങ്ങൾ വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത വേട്ട-പെറുക്കിത്തീനി സമൂഹങ്ങളുടെ ഇടയിൽ, സ്ഥിതി-സമത്വവാദത്തിലധിഷ്ഠിതമായ സമൂഹങ്ങളെ കാണാനാവു മെന്ന് ആസ്ട്രോ- അമേരിക്കൻ സാമൂഹിക ശാസ്ത്രജ്ഞയായ ജെർദ ലെർണ റെ മുൻനിർത്തി ഉമാ ചക്രവർത്തി നിരീക്ഷിച്ചിട്ടുണ്ട്.54 അത്തരം സമൂഹങ്ങ ളിൽ സ്ത്രൈണയുടെ ഭാഗമായ പ്രത്യുൽപാദനകർമ്മത്തിന് വലിയ പ്രാധാന്യ മുണ്ടായിരുന്നു. ഈ സമൂഹത്തിൽ സ്ത്രൈണ ലൈംഗികതാനിയന്ത്രണം പുരുഷന്മാർക്ക് ഏറ്റെടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. പിൽക്കാല ഭാരത ത്തിൽ വൈദികജ്ഞാനനിർമ്മിതികളിലാണ് പുരുഷനിയന്ത്രിത കുടുംബ വ്യവസ്ഥയെക്കുറിച്ചും ശ്രേണീകരിച്ച സാമൂഹികബന്ധങ്ങളെക്കുറിച്ചുമുള്ള ലിഖിത നിയമങ്ങൾ രൂപപ്പെട്ടു വന്നത്. വൈദിക മന്ത്രങ്ങളുടെ വിശകലന ത്തിൽ നിന്നും അവ, അതിശക്തമായ പുരുഷാധീശസ്വഭാവങ്ങൾ പുലർത്തു ന്നുവെന്ന് ഉമാ ചക്രവർത്തി വിലയിരുത്തുന്നു. ബ്രാഹ്മണധർമ്മശാസ്ത്ര കൃതികളിലെല്ലാം സ്ത്രൈണ ലൈംഗികതയെയും പ്രതിൽപ്പാദന പ്രക്രീയക ളെയും നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രേഖപ്പെടുത്തിക്കാണുന്നു. ബ്രാഹ്മണജ്ഞാനമണ്ഡലം നിർമ്മിച്ചെടുത്ത അത്തരം നിർദ്ദേശങ്ങളും നിയമാ വലികളുമാണ് ഭാര്യയെന്ന നിലയിലുള്ള സ്ത്രീനിർമ്മിതിയ്ക്ക് ആധാരം.

**1.2.3.1 പതിവ്രതയായ ഭാര്യ**

വേദാദികളിൽ വിവാഹസമ്പ്രദായമാണ് ഭാര്യ എന്നും ഭർത്താവ് എന്നുമുള്ള പദവീ വിഭജനം കുടുംബത്തിൽ ഉണ്ടാക്കിയത്. ഭർത്തൃ നിർദ്ദേ ശ്ശങ്ങൾ അനുസരിക്കുന്ന, വിധേയത്വത്തോടെ പെരുമാറുന്ന ആഭരണാദിവിഭൂ

ഷകളണിഞ്ഞ സ്ത്രീയാണ് വേദങ്ങളിലെ ഭാര്യ. ഭാര്യ എന്ന നിലയ്ക്കുള്ള സ്ത്രീയുടെ ധർമ്മം പാതിവ്രത്യാചരണവും, ഭർത്തൃശുശ്രൂഷയുമാണ്. 'പത്നി യത്രേ ഗൃഹം' എന്നും (ഗൃഹത്തിൽ) 'ഭദ്രയായ ഭാര്യയുണ്ടല്ലോ' 55 എന്നും ഋക്ക് സൂക്തങ്ങളിൽ ചേർത്തിട്ടുണ്ട്. വരൻ വധുവിന് വേണ്ടി ഇന്ദ്രനോട് പ്രാർത്ഥിക്കുന്ന മറ്റൊരു ഋക് സൂക്തത്തിൽ; സ്ത്രീയെ സൽപുത്രവതിയും സൗഭാഗ്യവതിയും ആക്കാനും അവളിൽ പത്ത് പുത്രന്മാരെ ഉണ്ടാക്കിത്തരാനും ആവശ്യപ്പെടുന്നുണ്ട്.56 പുത്രൻമാരുടെ ജന്മത്തിലാണ് ഒരു സ്ത്രീയുടെ സൗഭാഗ്യം നിലനിൽക്കുന്നതെന്ന് വേദങ്ങളും അർത്ഥമാകുന്നുണ്ടെന്ന് നിരീക്ഷിക്കാം. ആത്മപരവും ശാരീരികപരവുമായി ശക്തയാവുന്നതാണ് ഭാര്യാപദവിയ്ക്ക് അനുയോജ്യം എന്ന് യജുർവേദം അനുശാസിക്കുന്നു. ഭർത്തൃഹിതാനുസാരിണിയും പുത്രോൽപ്പാദകയുമായ സ്ത്രീയുടെ ഒരേയൊരു ലാഭം ഭർത്താവാണെന്ന് അഥർവ്വവേദം സങ്കല്പിക്കുന്നുണ്ട്. സ്വധർമ്മത്തിൽ നിന്നും സ്ത്രീ വീഴ്ച്ച വരുത്തിയാൽ പരുഷന് അവളോട് സ്വഹിതമനുസരിച്ച് പെരുമാറാനും അഥർവ്വവേദം അനുജ്ഞ നൽകുന്നുണ്ട്.57. അതുകൊണ്ടു തന്നെയാകണം പിൽക്കാലത്ത്, മനുസ്മൃതിയിൽ (പുരുഷന്മാർ)വിവാഹം കഴിക്കാൻ പാടില്ലാത്ത പത്ത് കുലങ്ങളെക്കുറിച്ച് പറയുമ്പോൾ 'സ്ത്രീസന്താനം മാത്രം ജനിക്കുന്ന കുലം ഒഴിവാക്കേണ്ടതാണെന്ന് നിർദേശിക്കുന്നത് 58 .യജുർവ്വേദത്തിലും ഋക്സൂക്തങ്ങളിലെ ഭാര്യാസങ്കല്പം തന്നെ ആവർത്തിക്കുന്നു.സ്നേഹം, നല്ല ശീലം, നല്ല ദൃഷ്ടി, കുലീന മനസ്കത എന്നിവ ഭാര്യയുടെ നല്ല സ്വഭാവങ്ങളാണ്. എന്നാൽ അവളുടെ കർമ്മമാകട്ടെ, 'അന്ന' ത്തെ നല്ലവണ്ണം പാകമാക്കു ന്നതിനു കൈകൾക്കുണ്ടാവേണ്ട കുശലതയാണ്.59 ഭാര്യയെ സന്തോഷിപ്പിക്കുക, പൂജിക്കുക, എന്നെ നിർദ്ദേശ്ശങ്ങൾ വൈദിക കാലത്തും സ്മൃതികാലത്തും നിലനിന്നിരുന്നു. നല്ല ആടയാഭരണാദികൾ നൽകി അവളെ സന്തോഷിപ്പിക്കുന്നതാകട്ടെ, 'സൽപുത്രലബ്ധി' ക്കാണ്. പുരുഷപ്രജയെ ഉൽപ്പാദിപ്പിക്കുന്ന സ്ത്രീമാത്രമേ ശ്രേഷ്ഠയാകുന്നുള്ളൂ. വീരന്മാരായ പുരുഷന്മാർക്ക് വീരന്മാരായ പുത്രന്മാർ ജനിക്കാനുള്ള കാരണം മാത്രമായി ഭാര്യമാറുന്നു. പുരുഷനായ

ഭർത്താവിനെ സന്തോഷിപ്പിക്കുകയും അവന്റെ കുലം പുരുഷനിലൂടെ തന്നെ നില നിർത്തുകയും ചെയ്യുക എന്ന ധർമ്മമാണ് സ്ത്രീയ്ക്കുള്ളത്.

### 1.2.3.2 ശാങ്കരസ്മൃതിയിലെ ഭാര്യ-ഭർത്താവ്

കേരളബ്രാഹ്മണരുടെ ജീവിതക്രമങ്ങൾ വിവരിച്ചിട്ടുള്ള ശാങ്കരസ്മൃതിയിൽ വിവാഹത്തെക്കുറിച്ചും സ്ത്രീധർമ്മങ്ങളെക്കുറിച്ചും വിവരിച്ചിട്ടുണ്ട് . ഡോ . കെ.ബി. ശ്രീദേവി ഇപ്രകാരം പറയുന്നു. അടിസ്ഥാനപരമായി നോക്കുമ്പോൾ ശാങ്കരസ്മൃതിയിൽ പ്രതിഫലിക്കുന്ന സ്ത്രീയെക്കുറിച്ചുള്ള കാഴ്ചപ്പാട് മനുസ്മൃതിയിൽ നിന്നും വ്യത്യസ്തമല്ല. ഗർഭഗ്രഹണത്തിനു വേണ്ടിയാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നും ,സ്ത്രീ ക്ഷേത്ര തുല്യയാണ് എന്നും (ഇവിടെ ക്ഷേത്രമെന്നതിന് വിളഭൂമി എന്നാണ് അർഥം) സന്തതിയുടെ വിശുദ്ധിക്ക് വേണ്ടി സ്ത്രീയെ പ്രയത്നപൂർവ്വം രക്ഷിക്കേണ്ടതാണ് എന്നും മനുസ്മൃതി അനുശാസിക്കുന്നുണ്ട്. ചാതുർവർണ്യത്തിലധിഷ്ഠിതമായ അന്നത്തെ സമൂഹത്തിൽ വർണ്ണസങ്കരമെന്ന വിപത്ത് സംഭവിക്കാതിരിക്കാൻ വേണ്ടി ക്ഷേത്രവിശുദ്ധിയെ കാത്ത് സൂക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മനുസ്മൃതിയിലെ വിവാഹത്തിന്റെയും സ്ത്രീപുരുഷബന്ധങ്ങളുടെയും നിയമങ്ങൾ രൂപപ്പെട്ടത്" . **60** സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ബ്രാഹ്മണജ്ഞാനവ്യവസ്ഥ സൃഷ്ടിച്ച ജാതിശ്രേണീകരണമാണ് പരിശുദ്ധമായ വിവാഹബന്ധമെന്നും ഭാര്യാഭർത്തൃബന്ധമെന്നും ഉള്ള നിർവചനത്തിൽ കാണാനാവുന്നത്. സ്ത്രീയെ സംബന്ധിച്ചിടത്തോളമുള്ള ശാങ്കരസ്മൃതിയിലെ വിധിനിഷേധങ്ങൾ വിവാഹവ്യവസ്ഥയുടെ അനുബന്ധങ്ങളാണ്. അവ ഭാര്യയുടെ മാത്രം ധർമ്മങ്ങളാണ്. അവ താഴെപറയുന്ന വിധത്തിൽ ക്രോഡീകരിക്കാം:-

1. ഭർത്താവ് ഉണ്ണുന്നതിനു മുൻപോ ഭർത്താവിനൊരുമിച്ചോ ഉണ്ണരുത്.
2. പത്നി ഭർത്താവ് ഉണ്ട ഇലയിൽ തന്നെ ഉണ്ണണം.

3. ഭർത്താവിന് വിരോധമായി ഒരുവാക്ക് പോലും പറയരുത്.
4. ഭർത്താവിന് വേറെയും ഭാര്യമാരുണ്ടെങ്കിൽ അവരെ സഖികളെ പ്പോലെ വിചാരിക്കണം.
5. ഭർത്താവിന്റെ അച്ഛനമ്മമാരെ നിത്യവും ശുശ്രൂഷിക്കണം.
6. പുത്രന്മാരെ ശകാരിക്കാൻ പാടില്ല.അവർക്ക് നല്ല ഭക്ഷണം കൊടുക്കണം.
7. പാല് കുടിക്കുന്ന കുഞ്ഞിന് കൃത്യമായി അത് നൽകണം. ദേഷ്യത്താൽ അവരെ ശപിക്കരുത്. കുട്ടി കരഞ്ഞാൽ കാരണ മന്വേഷിച്ചു വേണ്ടത് ചെയ്യണം.
8. ഭർത്താവിനെ പൂജിക്കണം.
9. കുലസ്ത്രീകൾ തീർത്ഥയാത്ര നടത്തരുത്.ഭർത്താവിന്റെ കാൽ കഴുകിയ വെള്ളം അവർക്ക് ഗംഗാതീർത്ഥമാണ്.
10. വിധവയായ സ്ത്രീ മലയാളത്തിന്റെ അതിർത്തി വിട്ട് മറ്റൊരിട ത്തും തീർത്ഥ സ്നാനത്തിന് പോകരുത്.
11. അതിദൂരത്തുള്ള നദിയിൽ സ്നാനത്തിനു പോകരുത്
12. സ്ത്രീകൾക്ക് വേദോച്ചാരണം കേൾപ്പാൻ പാടില്ല.അധികമായ വിദ്യാഭ്യാസം ആവശ്യമില്ല.
13. സ്ത്രീകൾ പാട്ടു പാടുകയോ, നൃത്തം ചെയ്യുകയോ പാടുള്ളതല്ല.
14. ബ്രാഹ്മണസ്ത്രീകൾക്ക് ഭർത്താവൊഴിച്ച് മറ്റൊരു പുരുഷനെ കാണ്മാൻ പാടില്ല.
15. അവർ പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ മറക്കുടയും തുണയും വേണം. തക്ക സഹായികളുമുണ്ടായിരിക്കണം. രാത്രി വഴി നട ക്കരുത്. ഉത്സവകാലങ്ങളിൽ അമ്പലത്തിൽ പോവരുത്.
16. ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ തനിച്ചു വ്രതങ്ങളനുഷ്ഠിക്കുന്ന ഭാര്യ ഭർത്താവിന്റെ ആയുസ്സിനെ നശിപ്പിക്കുകയും ഭയങ്കരമായ നരകത്തിലെത്തുകയും ചെയ്യും
17. ഭർത്താവിന്റെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നവൾക്ക് വ്രതലോപം കൊണ്ടു ള്ള ദോഷം സംഭവിക്കുന്നില്ല.**61**

സ്ത്രീയുടെ ശരീരത്തിന് മേലും സാമൂഹിക ജീവിതത്തിനു മേലും കടുത്ത നിയന്ത്രണങ്ങളാണ് ശാങ്കരസ്മൃതിയേർപ്പെടുത്തിയതെന്നു കാണാം. ഇങ്ങനെ സാമൂഹികവും വൈയക്തികവുമായ ഒട്ടേറെ വിധി നിഷേധങ്ങളെക്കൊണ്ട് നമ്പൂതിരിസ്ത്രീയുടെ ലോകത്തെ ആകാവുന്നത്ര സങ്കുചിതമാക്കുകയും ജീവിതത്തിന്റെ വർണഭംഗികളെയെല്ലാം കെടുത്തി ക്കളയുകയും ചെയ്തു ശാങ്കരസ്മൃതിയെന്ന് ഡോ. കെ. ശ്രീദേവി നിരീക്ഷിക്കുന്നു ണ്ട്.**62** ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതി വരെ ഇത്തരം ജീവിതക്രമങ്ങ ളിലൂടെയാണ് പതിവ്രതകളും കുലീനകളുമായ ബ്രാഹ്മണസ്ത്രീകൾ കടന്നു പോയത്. അല്ലാത്തവരെയെല്ലാം വേശ്യകളായും കണക്കാക്കാക്കി.

മേൽപ്പറഞ്ഞ ധർമ്മശാസ്ത്രാദികളിലെ ഭാര്യാധർമ്മങ്ങൾ സ്ത്രീകളുടെ ജൈവശാസ്ത്രപരമായ ക്രമങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നിർവ്വഹിക്കുന്നത്. സ്ത്രീകളുടെ പ്രാകൃതസ്വഭാവ-അനുശീ ലനങ്ങളെ മാറ്റിയെടുത്ത് ഗുണസമ്പന്നയായ മാതൃകാസ്ത്രീയായി പരി വർത്തിപ്പിച്ചെടുക്കാനുള്ള പരിശ്രമം ബ്രാഹ്മണജ്ഞാന പദ്ധതികൾ രൂപ പ്പെടുത്തിയെടുത്തു. അത്തരം മാതൃകാസ്ത്രീകളെ ഇതിഹാസാദി കൃതിക ളിൽ നമുക്ക് ദർശിക്കാനാവും. മധ്യകാലകേരളത്തിൽ ഇതിഹാസങ്ങളുടെ പുനരാഖ്യാനത്തിലൂടെ എഴുത്തച്ഛൻ ലക്ഷ്യമാക്കിയത് ബ്രാഹ്മണധർമ്മശാ സ്ത്രങ്ങളുടെ പ്രചാരണമായിരുന്നു. മാതൃകാഭാര്യയെക്കുറിച്ചുള്ള അദ്ദേഹ ത്തിന്റെ നിരീക്ഷണം വളരെ പ്രധാനപ്പെട്ടതാണ്.

#### 1.2.3.3 എഴുത്തച്ഛന്റെ നിരീക്ഷണം

ബ്രാഹ്മണജ്ഞാനങ്ങളെ മുൻനിർത്തിയാണ് എഴുത്തച്ഛൻ, കിളിപ്പാ ട്ടിൽ ധർമ്മാദികൾ വിവരിച്ചിട്ടുള്ളത്. ലക്ഷ്മണോപദേശത്തിനു ശേഷം മാതാ വിനോടു രാമൻ ഇപ്രകാരമാണ് പറയുന്നത്:-

"അച്ഛനങ്ങെന്തുള്ളിലിച്ഛയെന്നാലതി-

ങ്ങിച്ഛയെന്നങ്ങുറച്ചീടേണമമ്മയും

ഭർത്തൃകർമ്മാനുകരണമത്രേ പാതി-

വ്രത്യനിഷ്ഠാ വധൂനാമെന്നതു നിർണ്ണയം" .**63**

ഭർത്തൃപ്രവർത്തിയെ അനുകരിക്കലാണ് പാതിവ്രത്യനിഷ്ഠയുള്ള ഭാര്യമാരുടെ ധർമ്മം. അതുകൊണ്ട് അച്ഛന്റെ തീരുമാനത്തെ 'അമ്മ മാനിക്കേണ്ടതാണെന്ന് പുത്രൻ ഉപദേശിക്കുന്നു. സ്വന്തം തീരുമാനമെടുത്ത കൈകേയിയോട് എഴുത്തച്ഛന് ക്ഷമിക്കാനാവാത്തത് ഭർത്താവായ ദശരഥന്റെ മരണത്തിന് കാരണക്കാരിയായ കൈകേയിയെ എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത് ദുഷ്ടേ,ദുരാത്മാവേ,മഹാപാപീ , ദുർവൃത്ത മാനസേ, ഭർത്തൃഘാതകീ എന്നിങ്ങനെയാണ്.**64** അതുപോലെ,സീത രാമനെ ഭർത്താവ് എന്ന് സംബോധന ചെയ്യുന്നുണ്ട്. വനവാസത്തിനൊരുങ്ങുന്ന ഭർത്താവിനൊപ്പം തനിക്കും പോകണമെന്ന് അവൾ ആഗ്രഹിക്കുന്നു. സ്ത്രീയെ സംരക്ഷിക്കാൻ കഴിവുള്ളവനാണ് ഭർത്താവ്. **65** നാളായാണീചരിതത്തിലാകട്ടെ,

"ഒരുത്തിക്കൊരു ഭർത്താവൊഴിഞ്ഞു വിധിച്ചതി-

ലൊരുത്തനനേകം നാരികളെകൊള്ളാം താനും" - **66**

എന്നിങ്ങനെ സ്ത്രീയ്ക്ക് ഒരു ഭർത്താവാണ് അഭികാമ്യം എന്നും, പുരുഷന് ഒന്നിലധികം നാരികളെ വിവാഹം ചെയ്യാവുന്നതാണെന്നും പറയുന്നുണ്ട്. എന്നാൽ സ്ത്രീ ഒന്നിലധികം വിവാഹം ചെയ്യുമ്പോൾ മാന്യന്മാർ വിധിച്ചതിൻപ്രകാരം പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ട്. ഇത്തരം നിരീക്ഷണങ്ങളെല്ലാം വേദ-ശ്രുതി- സ്മൃതികളെ മുൻനിർത്തി എഴുത്തച്ഛൻ രൂപപ്പെടുത്തിയെടുത്തതാണെന്നു കാണാം.

എഴുത്തച്ഛൻ ബ്രാഹ്മണർക്ക് അതിശക്തമായ സ്വാധീനമുണ്ടായിരുന്ന മധ്യകാലത്ത് ജീവിച്ച വ്യക്തിയാണ്. അദ്ദേഹത്തിന് ബ്രാഹ്മണരോടും അവരുടെ മൂല്യ വ്യവസ്ഥയോടും പ്രകടമായ ഭക്ത്യാദരങ്ങളുണ്ടായിരുന്നുവെന്ന് ഡോ. പി. ഉഷ മഹാഭാരതം കിളിപ്പാട്ടിനെ മുൻനിർത്തി, രേഖപ്പെടുത്തിയിട്ടുണ്ട്.

'ബ്രഹ്മത്തെ മാത്രമല്ല, ബ്രാഹ്മണനെയും തികഞ്ഞ ഭക്ത്യാദരങ്ങളോടെയാണ് ആചാര്യൻ കണ്ടിരുന്നത് എന്നതിന് ഈ കൃതിയിൽ വ്യക്തമായ സൂചനകളുണ്ട്. ആസ്തിക പർവ്വത്തിൽ അമൃതഹരണത്തിന് പുറപ്പെടുന്ന ഗരുഡനോട് പാലാഴിയുടെ കരയിലുള്ള നിഷാദരെ ഭക്ഷിച്ചുകൊള്ളൂ എന്നും എന്നാൽ അബദ്ധത്തിൽപോലും ബ്രാഹ്മണർ അതിൽപ്പെട്ടുപോകരുതെന്നും വിനത പറയുന്നു' . **67**

വേദജ്ഞരായ ഭൂദേവന്മാരാണ് ശ്രേഷ്ഠരെന്ന് പ്രസ്തുത ഭാഗത്ത് വിനതാവാക്കുകളിലൂടെ എഴുത്തച്ഛൻ സൂചിപ്പിക്കുന്നത്. സൃഷ്ടി/സ്ഥിതി/ലയ കർത്താക്കളായ ബ്രഹ്മാവ്,വിഷ്ണു,ശിവൻ എന്നിവരും ദേവേന്ദ്രാദിയായ ദേവഗണങ്ങളും പഞ്ചഭൂതങ്ങളും വേദങ്ങൾക്കു സമമല്ലെന്നും അതിനാലവരെല്ലാരേക്കാളും മികച്ചത് ബ്രാഹ്മണനാണെന്നും അദ്ദേഹം കരുതുന്നു. ബ്രാഹ്മണരോളം മഹത്വം മറ്റാർക്കുമില്ലെന്നും ഏഴുലോകത്തിനും ആധാരമായത് അവരാണെന്നും, അവരെ നിന്ദിക്കരുതെന്നും വ്യക്തമാക്കുന്നു. ഭൂദേവരായ ബ്രാഹ്മണർക്ക് ദൈവതുല്യമായ സ്ഥാനമാണ് ആചാര്യൻ നൽകിയിരിക്കുന്നതെന്നും ഉഷ നിരീക്ഷിക്കുന്നു. കാശ്യപ-തക്ഷക സംവാദത്തിലും സംഭവപർവ്വത്തിലെ യയാതീ-ദേവയാനീ സംഭാഷണത്തിലും നിഗ്രഹ-ശാപ-അനുഗ്രഹശക്തികളെക്കുറിച്ച് പരാമർശമുണ്ട്. ബ്രാഹ്മണരെ പേടിക്കേണ്ടതുണ്ട്, അനുസരിക്കേണ്ടതുണ്ട്-എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ പക്ഷം.**68** പി.കെ. ബാലകൃഷ്ണനും എഴുത്തച്ഛന്റെ കൃതികളിൽ ബ്രാഹ്മണപക്ഷപാതിത്വവും ബ്രാഹ്മണധർമ്മശാസ്ത്രാദികളോടുള്ള അഭിമുഖ്യവുമുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ട്.**69** ഡോ. ചേലനാട്ട് അച്യുതമേനോനാകട്ടെ, മധ്യകാലകേരളത്തിൽ നമ്പൂതിരി വിദ്യാ

ഭ്യാസത്തിന് ബദലായി എഴുത്തച്ഛൻ സമ്പ്രദായം കൊണ്ട് വന്ന് ബൗദ്ധികമായി സ്വസമുദായത്തെ ഉയർത്തിയെടുക്കാനാണ് അദ്ദേഹം ശ്രമിച്ചതെന്ന് നിരീക്ഷിച്ചിട്ടുണ്ട്.**70** ചുരുക്കത്തിൽ മധ്യകാല കേരളത്തിലെ സാമൂഹിക അധികാര വ്യവസ്ഥകളെ നിയന്ത്രിക്കുന്നവരുടെ ജീവിതമാതൃകയിൽ പൊതുജനജീവിതക്രമവും രൂപപ്പെട്ടുവരേണ്ടതുണ്ടെന്ന് എഴുത്തച്ഛൻ കരുതി. അത്തരത്തിൽ മധ്യകാലത്തിലെ ബ്രാഹ്മണേതരസ്ത്രീകൾ, ബ്രാഹ്മണസ്ത്രീ കളുടെ ജീവിതരീതികൾ സ്വീകരിക്കാവുന്നതാണെന്ന് അദ്ദേഹം കിളിപ്പാട്ടു കൃതികളിൽ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെവാദങ്ങളെല്ലാം ന വോത്ഥാനകാലത്താണ് കൂടുതൽ സ്വീകാര്യമായത്.

### 1.2.3.4 ആധുനികകാലം-ഭാര്യ/ഭർത്തൃപദവി നിർമ്മിതികളുടെ കാലം.

കൊളോണിയൽ ആധുനികതയുടെ വക്താക്കളും നവോത്ഥാനകാല പ്രവർത്തകരും കേരളത്തിൽ ഏറ്റവുമധികം ശ്രദ്ധിച്ചത് ഭാര്യാഭർത്തൃപദവി കൾ നിർമ്മിച്ചെടുക്കാനാണ്.1889-ൽ പുറത്തിറങ്ങിയ ഇന്ദുലേഖയെന്ന നോവ ൽ മുതൽ സ്ത്രീ പദവിയും പുരുഷപദവിയും ചർച്ച ചെയ്യുന്നുണ്ട്. മരുമക്കത്താ യ വ്യവസ്ഥയും സംബന്ധവ്യവസ്ഥയും നിലനിൽക്കെ തന്നെ ഭർത്തൃകേ ന്ദ്രിത അണുകുടുംബവ്യവ്യസ്ഥ കൊളോണിയൽ ആധുനികതയെ മുൻനി ർത്തി അവതരിപ്പിക്കാൻ ഒ. ചന്തുമേനോന് കഴിഞ്ഞു. ഇംഗ്ലീഷ്മാതൃകയിലു ള്ള ജീവിതക്രമമാണ് പാരമ്പര്യത്തെ എതിർത്തിറങ്ങിപ്പോകുന്ന ആധുനിക നായർയുവാവിന് ലഭിക്കുന്നത്. എന്നാൽ പ്രസ്തുതപുരുഷന്റെ ഭാര്യാപദവി നായർയുവതിയെ സംബന്ധിച്ചിടത്തോളം രണ്ടാംസ്ഥാനം മാത്രം ലഭിക്കു ന്നതായിരുന്നു. അതാകട്ടെ, വിക്ടോറിയൻ മാതൃകയിലുള്ള കുടുംബവുമായി രുന്നുവെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കളക്ടർ സ്ഥാനത്തുള്ള പുരുഷനെ അനുഗമിക്കേണ്ട മാതൃകാഭാര്യയായി ഇന്ദുലേഖ മാറുന്നു.

### 1.2.3.5 ഭാര്യാധർമ്മം-കെ രാമകൃഷ്ണപിള്ളയുടെ വാത്സ്യായന സൂത്രവ്യാഖ്യാനങ്ങൾ

കേരളപഞ്ചികാ പത്രാധിപർ സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ 1902- ജൂണിൽ തിരുവനന്തപുരം നേറ്റീവ് പ്രെസ്സിൽ നിന്നും അച്ചടിച്ച വാത്സ്യായനസൂത്രവ്യാഖ്യാനങ്ങൾ ലഘുപുസ്തകം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുള്ള ഭാര്യാപദവിയുടെ സ്ഥാനം വിലയിരുത്തുന്നു. വാത്സ്യായനസൂത്രങ്ങൾ 11 എണ്ണമാണ് വിശദീകരിക്കുന്നതെങ്കിലും, അതിനോട് ചേർന്ന് നിൽക്കുന്ന വേദം, സ്മൃതി, പുരാണം, നീതി, രാമായണം,ഭാരതം, കാളിദാസാദി കാവ്യസൂക്തികൾ എന്നിവയിൽ നിന്നും ഉദ്ധരണങ്ങൾ ചേർത്തിട്ടുണ്ട്. ഇന്ത്യയിലെ സ്ത്രീകളുടെ ദുരവസ്ഥയ്ക്കു കാരണമായി വിദേശികൾ പറയുന്നത് പരുഷന്മാർ സ്ത്രീകളെ അടിമകളെപ്പോലെ ഗണിക്കുന്നതുകൊണ്ടാണ്- വിദേശികളുടെ ഇത്തരം ചിന്തകൾക്ക് പകരമായിട്ടാണ് മേൽപ്പറഞ്ഞ പുസ്തകം രചിക്കുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. സ്ത്രീകളെ മാനിക്കുന്ന ആര്യന്മാരുടെ ചിന്തകളാണ് ഇതിലടങ്ങിയിട്ടുള്ളത്. "ഈ സ്ത്രീധർമ്മങ്ങൾ ഏവ? ഈ ധർമ്മസ്ഥാപകന്മാർ ആര് ? ഇങ്ങനെയുള്ള പല പ്രശ്നങ്ങൾക്കും ഈ ചെറിയ പുസ്തകം ഒരു ഉത്തരമായിരിക്കും" - എന്നിങ്ങനെയാണ് തന്റെ ശ്രമത്തെക്കുറിച്ചു രാമകൃഷ്ണ പിള്ള പറയുന്നത്.കേരളത്തിലും പരിഷ്കരണപ്രക്രിയകൾക്ക് മാതൃകയായത് ബ്രാഹ്മണധർമ്മശാസ്ത്രാദികളാണെന്ന് ഇദ്ദേഹവും സൂചിപ്പിക്കുന്നുണ്ട്. പ്രസ്തുത പുസ്തകത്തിൽ അദ്ദേഹം പറയുന്ന കാര്യങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം:-

1. ഭാര്യ, ഭർത്താവിനെ ഉള്ളുകൊണ്ട് വിശ്വസിച്ചു ദൈവത്തെ എന്നപോലെ കരുതുക. അവന് അനുകൂലമായവ മാത്രം ചെയ്യുക.

2. ഭർത്താവിന്റെ അഭിപ്രായപ്രകാരം മാത്രമേ ഭാര്യ കുടുംബ കാര്യങ്ങൾ ചെയ്യാവൂ.
3. സ്ത്രീകൾക്ക് മുഖ്യമായ ചിന്ത വീട്ടുകാര്യങ്ങളെപ്പറ്റിയാകണം
4. കാരണം ഗൃഹസ്ഥന്മാർക്ക് (പുരുഷൻ) വീടിനേക്കാൾ മനോഹര മായിരിക്കുന്നില്ല
5. ഭർത്താവിന്റെ 'അമ്മ,അച്ഛൻ,വേലക്കാർ,നാത്തൂൻ,അവരുടെ ഭർ ത്താവ് എന്നിവരോട് മര്യാദയ്ക്ക് പെരുമാറണം.
6. ഭിക്ഷുണി,സന്യാസിനി,ബുദ്ധ/ജൈനവിശ്വാസികളായ സന്യാ സിനികൾ, വശീകരണ ഔഷധമുപയോഗിക്കുന്ന സ്ത്രീകൾ തുടങ്ങിയവരുമായി ഭാര്യ സംസർഗം ചെയ്യാൻ പാടുള്ളതല്ല.
7. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ, ആരോഗ്യപരമായ കാര്യങ്ങൾ എന്നിവ ശ്രദ്ധിച്ചിട്ടാവണം ഭാര്യ ഭക്ഷണം തയ്യാറാക്കേണ്ടത്.
8. വെളിയിൽ നിന്ന് വരുന്ന ഭർത്താവിന്റെ സ്വരം കേട്ടാലുടൻ തന്നെ ഞാനെന്തു ശുശ്രൂഷ ചെയ്യണം എന്ന് പറഞ്ഞു അത് ചെയ്യാൻ തയ്യാറായി നിൽക്കണം
9. വെളിയിൽ നിന്ന് വരുന്ന ഭർത്താവിന്റെ കാല്കഴുകുന്ന കൃത്യം വേലക്കാരിയല്ല, ഭാര്യ തന്നെ ചെയ്യേണ്ടതാകുന്നു.
10. അലങ്കാരവിഭൂഷിതയായാണ് ഭാര്യ ഭർത്താവിന്റെ മുൻപിൽ നിൽക്കേണ്ടത്.
11. ഭർത്താവ് അമിത ചെലവ് ചെയ്താൽ ഭാര്യ ഇക്കാര്യം ശരിയ ല്ലെന്ന് വാത്സല്യവിനയങ്ങളോടു കൂടി ഏകാന്തത്തിൽ ബോധ്യ പ്പെടുത്തണം.**71**

ഇങ്ങനെ പതിനൊന്ന് ഭാര്യാധർമ്മങ്ങൾ പുസ്തകമാക്കി നവോത്ഥാനകാലത്ത് പ്രസിദ്ധീകരിച്ചതിൽ നിന്നും, കുലീനസ്ത്രീയ്ക്ക് ബ്രാഹ്മണചിന്താപദ്ധതികൾ നിർദ്ദേശിച്ച പെരുമാറ്റച്ചട്ടങ്ങൾ എല്ലാവിഭാഗം കേരളീയസ്ത്രീകളും അനുവർത്തിക്കേണ്ട മാതൃകയാണെന്ന് എഴുത്തുകാരൻ

കരുതുന്നതുകൊണ്ടാണ്. ഇത്തരം പ്രവണതകളെ ജെ. ദേവിക ഇപ്രകാരമാണ് വിലയിരുത്തുന്നത്:-

' സ്ത്രീകളെ പൂർണ്ണമായും ഭർത്തൃകുടുംബത്തിന്റെ കീഴിലാക്കുന്ന, സ്ത്രീകൾക്ക് അവകാശങ്ങൾ അധികവും നിഷേധിക്കുന്ന സ്വന്തം കുടുംബവുമായി അവരെ അറുത്തുകളയുന്ന, വിവാഹം ചെയ്യാത്ത സ്ത്രീകൾക്ക് സമൂഹത്തിൽ അംഗത്വ മില്ലെന്നു പോലും കരുതുന്ന ബ്രാഹ്മണവിവാഹാദർശമാണ് ഇന്ത്യൻ വൈവാഹിക സദാചാരമെന്ന് ഈ പുതിയ ആശയവ്യവസ്ഥ സ്ഥാപിച്ചു. മദ്രാസിലും (ചെന്നൈ) മറ്റും ഉന്നതവിദ്യാഭ്യാസത്തിനായി എത്തിയ നായർയുവാക്കളിൽ പലരും ഇതിന്റെ സ്വാധീനത്തിലായി. മലബാറിൽ നിലവിലുള്ള വിവാഹരീതി വെറും 'വെപ്പാട്ടി വ്യവസ്ഥ' യാണെന്ന് അവർ വാദിച്ചു തുടങ്ങി'.**72**

നായന്മാർ മുതൽക്കുള്ളവരുടെ കുടുംബഘടനയിൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും പദവികൾ പുനർക്രമീകരിച്ചത് നവോത്ഥാനകാല ത്താണ്. ആധുനിക വിദ്യാഭ്യാസം ലഭിച്ച പുരുഷന്മാരാണ് ഇത്തരം നവീകരണ പ്രവർത്തനങ്ങൾക്ക് പരിശ്രമിച്ചത്. അതുവഴി, കുടുംബത്തിന്റെ കേന്ദ്രമായ പുരുഷന് ഉന്നത പദവികൾ ലഭിക്കുകയും ചെയ്തത് ഇക്കാലത്താണ്. സ്വാഭാവി കമായും ഭാര്യ എന്ന സ്ത്രീയുടെ പദവി രണ്ടാമതായി മാറി. ലിംഗവിവേച നത്തിന്റെ കേരളമാതൃകകൾ ആരംഭിച്ചത് നവോത്ഥാനകാലത്താണെന്നും അവ സ്ത്രീവിരുദ്ധമായിരുന്നുവെന്നും മേൽപ്പറഞ്ഞ വിശകലനങ്ങളിൽ നിന്നും മനസ്സിലാക്കാം. എന്നാൽ ഇതേകാലത്ത് ആധുനിക വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ തങ്ങളുടെ നിലപാടുകൾ അക്കാലത്തിറങ്ങിയ മാസികകളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. എങ്കിലും 1930 കളോടെ പുരുഷനി ർമ്മിത ഭാര്യാമാതൃകകൾക്കാണ് പ്രാധാന്യം ലഭിച്ചതെന്ന് നിരീക്ഷിക്കാം.

ചുരുക്കത്തിൽ, വിവാഹത്തിലൂടെ ഭാര്യ-ഭർത്തൃബന്ധത്തിൽ ജീവിക്കുന്ന സ്ത്രീകൾക്ക് പുരുഷനെ അപേക്ഷിച്ച് താഴ്ന്ന സ്ഥാനമാണുള്ളത്.

ധർമ്മങ്ങളും കർത്തവ്യങ്ങളും സ്ത്രീയെ പുരുഷന്റെ ദാസിയാക്കി നിർമ്മി ച്ചെടുക്കുകയാണ് ചെയ്തത്. ഭർത്താവിനാണ് അധീശപദവി ഉള്ളത്. ഗൃഹവേല കളോടൊപ്പം ശിശുസംരക്ഷണവും സ്ത്രീയുടെ നിർബന്ധിത കർമ്മമാണ്. ഇതേ മാതൃകയിലുള്ള ജീവിതമാണ് സാമാന്യമായി ഇന്നത്തെ കേരളത്തിൽ അനുവർത്തിച്ചു വരുന്നതെന്ന് കാണാം.

### 1.2.4 സ്ത്രീയും ഭാഷാപ്രയോഗവും

സംസാരിക്കുന്ന അഥവാ ഭാഷ കൈകാര്യം ചെയ്യുന്ന സ്ത്രീയെക്കുറിച്ചുള്ള നിരീക്ഷണം സ്ത്രീവാദപരമായ ദർശനങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ്. വിവേചന ബുദ്ധിയില്ലാത്തതുകൊണ്ടാണ് മലയാളഭാ ഷയിൽ സ്ത്രീകളെ നപുംസകലിംഗപ്രത്യയത്തിൽ സംബോധന ചെയ്യുന്ന തെന്ന നിരീക്ഷണം ഇരുപതാംനൂറ്റാണ്ടിൽപ്പോലും നിലനിന്നിരുന്നു.73 അതു കൊണ്ടു തന്നെ ബുദ്ധിയും വിവേചനശേഷിയുമില്ലാത്ത വർഗ്ഗമായ സ്ത്രീകൾ ഭാഷ എങ്ങനെ കൈകാര്യം ചെയ്തു എന്നത് പ്രത്യേകം നിരീക്ഷിക്കേണ്ട വസ്തുതയാണ്. എഴുത്തുകാരുടെ സാമൂഹിക വീക്ഷണങ്ങളും രാഷ്ട്രീ യാധികാരചിന്തകളും, പുരുഷാധീശമനോഭാവവും എപ്രകാരമാണ് സ്ത്രീക ഥാപാത്രങ്ങളുടെ ഭാഷാപ്രയോഗസാധ്യതകളെ നിർമ്മിച്ചെടുത്തതെന്ന് പരി ശോധിക്കാനാവും. എഴുത്തുകാർ സ്ത്രീകഥാപാത്രങ്ങൾക്ക് നൽകിയ പദങ്ങൾ, വാക്യഘടന, ആശയസ്ഫുടത, ദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്ന തിലൂടെയാണ് അത്തരം സൂക്ഷ്മവ്യവഹാരങ്ങളിലെ സ്ത്രീവിരുദ്ധത വേർതിരി ച്ചെടുക്കാനാവുക. സ്ത്രീയെ; നന്നായി ഭാഷ കൈകാര്യം ചെയ്യിക്കാനും നിശ്ശബ്ദയാക്കാനും എഴുത്തുകാരുടെ നിലപാടുകൾ കൊണ്ട് സാധിക്കും. സ്ത്രീയുടെ ഭാഷാപ്രയോഗത്തെ നിർണ്ണയിക്കുന്ന അത്തരം ഘടകങ്ങൾ രൂപപ്പെട്ടത് നിരീക്ഷിക്കേണ്ടതാണ്.

### 1.2.4.1 സ്ത്രീയുടെ ഭാഷാപ്രയോഗം വിമർശനാത്മകമാണ്

ഇന്ത്യൻ സാഹിത്യസാംസ്കാരികചരിത്രത്തിൽ സ്ത്രീയുടെ ഭാഷണത്തെ നിലവാരമില്ലാത്തതോ നിയന്ത്രണമേർപ്പെടുത്തേണ്ടതോ രണ്ടാം കിടയായോ കരുതിയിരുന്നു. ഋഗ്വേദത്തിൽ സ്ത്രീകൾ പുരുഷന്മാരുമായി സംവാദത്തിലേർപ്പെട്ടിരുന്നതായി കാണാം. എന്നാൽ സൂക്ഷ്മ നിരീക്ഷണത്തിൽ അത്തരം സംവാദങ്ങൾ അവളെത്തന്നെ അധിക്ഷേപിക്കുന്നതോ പുരുഷഭാഷണത്തെ അപേക്ഷിച്ച് യുക്തിരഹിതമായതോ നിലവാരമില്ലാത്തതൊ ആയിരുന്നെന്ന് കാണാം. ഉദാഹരണത്തിന് ഉർവ്വശിയുമായുള്ള പുരൂരുവസ്സിന്റെ സംഭാഷണത്തിനിടയിൽ-പെണ്ണുങ്ങൾക്ക് സ്നേഹിക്കലില്ല ,ചെന്നായ്ക്കളുടേതാണ് അവരുടെ ഹൃദയം എന്നിങ്ങനെ സ്ത്രീ(ഉർവശി) തന്നെയാണ് പറയുന്നത്.74 സ്ത്രീയെ അധിക്ഷേപിക്കാൻ അവളുടെ ഭാഷ തന്നെ സ്വീകരിച്ചിരിക്കുന്നു. സ്ത്രീവിരുദ്ധമായ അഭിപ്രായപ്രകടങ്ങൾക്ക് സ്ത്രീകഥാപാത്രങ്ങളെ തന്നെ ഉപയോഗിക്കുന്നത് പഴയകാലം മുതൽ തന്നെ കാണാവുന്നതാണ്. വൈവസ്വരായ യമനും യമിയും തമ്മിലുള്ള ഭാഷണത്തിലാകട്ടെ, സഹോദരനെ കാമിക്കുന്ന സ്ത്രീയുടെ ദുർബലമോ അശ്ലീലചിന്തകൾ ചേർന്നതോ ആയ ഭാഷയാണ് ഉള്ളത്.75 അക്കാലത്ത് മാറിയ സാമൂഹിക വ്യവസ്ഥയ്ക്ക് അനുഗുണമല്ലാത്ത ഭാഷണമാണ് സ്ത്രീയ്ക്കുള്ളത്. മാറ്റത്തെ അറിയണമെന്നും,അനുവർത്തിക്കണമെന്നുമാണ് പുരുഷൻ സ്ത്രീയെ ഉപദേശിക്കുന്നത്.

ബൃഹദാരണ്യകോപനിഷത്തിൽ വിദുഷിയായ ഗാർഗി; യാജ്ഞവല്ക്യനോട് ആത്മതത്ത്വാന്വേഷണം ചെയ്യുന്നുണ്ട്. എന്നാൽ ഗാർഗിയുടെ യുക്തിയുക്തമായ ചോദ്യങ്ങൾക്കു മുമ്പിൽ ഉത്തരം മുട്ടുന്ന ആ ബ്രഹ്മജ്ഞാനി ഗാർഗിയെ; 'നിന്റെ ശിരസ്സ് താഴെ വീണുപോകാതിരിക്കട്ടെ,എന്ന് പറയുന്നുണ്ട്.76 പ്രസ്തുത ഭാഗം ഉദ്ധരിച്ചുകൊണ്ട് ഉമാ ചക്രവർത്തി ഇപ്രകാരം പറയുന്നു:-

'ഗാർഗ്ഗിയുടെ ചോദ്യങ്ങൾ സാന്ദ്രതയും വേഗതയുമുള്ളവയായിരുന്നു.അതുകൊണ്ട് ബലം പ്രയോഗിച്ച് അവളെ ഭയപ്പെടുത്തണമായിരുന്നു. ബലപ്രയോഗം നടത്തുമെന്ന ഭീഷണികൊണ്ട് മാത്രം സ്ത്രീകളെ നിശ്ശബ്ദരാക്കുവാൻ സാധിക്കും. വിശുദ്ധജ്ഞാനം പുരുഷന്മാർക്കൊപ്പം സ്വന്തമാക്കാൻ അനുവദിക്കാത്ത തരത്തിൽ, ബ്രാഹ്മണസ്ത്രീകളുൾപ്പെടെ, എല്ലാ സ്ത്രീകളെയും, അതിന്റെ മണ്ഡലത്തിൽ നിന്നും ആട്ടിയകറ്റാൻ കാരണമായത് ഗാർഗ്ഗിയുടെ എതിർച്ചുവയുള്ള ചോദ്യങ്ങളാണ്. ആത്യന്തികമായി, സ്ത്രീകളുടെ ചോദ്യങ്ങൾ അവരുടെ പുരുഷന്മാരുടെ പ്രത്യയശാസ്ത്രത്തിനു കീഴിൽ മുങ്ങിപ്പോയി. എന്നിങ്ങനെ പ്രശസ്ത ദളിത് സ്ത്രീപക്ഷ എഴുത്തുകാരിയായ കുമുദ് പാവ്ഡേയുടെ അഭിപ്രായത്തെ മുൻനിർത്തി ഉമാ ചക്രവർത്തി വിവരിക്കുന്നുണ്ട്.'**77**.

ശാങ്കരസ്മൃതിയിലാകട്ടെ, തിരണ്ടിരിക്കുന്ന സ്ത്രീകൾക്ക് മറ്റുള്ളവരെ കാണാനോ ഇതര വസ്തുക്കൾ സ്പർശിക്കാനോ അനുവാദമില്ലെന്ന് പറയുന്നു. മൂന്ന് ദിവസങ്ങൾക്കു ശേഷം കുളിച്ചു മാറ്റുടുത്താൽ മാത്രമേ സാധാരണ ജീവിതത്തിലേയ്ക്ക് പ്രവേശനമുണ്ടായിരുന്നുള്ളൂ എന്ന നിബന്ധന സ്വീകരിച്ചിട്ടുണ്ട്. അതുവരെ മറ്റുള്ളവരുമായി സ്ത്രീകൾക്ക് സംഭാഷണമടക്കം നിഷേധിച്ചതായിക്കാണാം.

### 1.2.4.2 സംസ്കൃതനാടകങ്ങളിലെ സ്ത്രീഭാഷ

സംസ്കൃതനാടകങ്ങളിലാകട്ടെ, സ്ത്രീഭാഷ നീചകഥാപാത്രങ്ങൾക്ക് സമമായിരുന്നു. ഉത്തമരായ പുരുഷന്മാർ നല്ല സംസ്കൃതത്തിൽ സംസാരിച്ചപ്പോൾ ഉത്തമ- മധ്യമ-നീചഭേദമില്ലാതെ സ്ത്രീകൾ പ്രാകൃതത്തിൽ സംസാരിച്ചു. ഭാസനാടകമായ സ്വപ്നവാസവദത്തത്തിൽ യൗഗന്ധരായണനും വാസവദത്തയും തമ്മിലുള്ള ഒരു ചെറിയ സംഭാഷണശകലം നോക്കുക:-

യൗഗന്ധരായണ:-ഭവതി! ഏവമനിർജ്ഞാതാനി ദൈവതാന്യവധൂയന്തേ .

വാസവദത്ത :-അയ്യ! നഹി പരിസ്സമോ പരിഖേദം ണ ഉപ്പാദേദി, ജഹ അഅം. പരിഭവോ.

സംസ്കൃതത്തിലായിരുന്നെങ്കിൽ വാസവദത്ത പറയേണ്ടിയിരുന്നത്- 'ആര്യ! തഥാ പരിശ്രമഃ പരിഖേദം നോത്പാദയതി, യഥായം പരിഭവഃ' എന്നിങ്ങനെ യാണ്.78

ഭാസന്റെ മറ്റൊരു നാടകമായ പ്രതിമാനാടകത്തിലാകട്ടെ, ദശരഥരാജാവും ഭാര്യ കൗസല്യയും തമ്മിലുള്ള സംഭാഷണം ഇപ്രകാരമാണ് കൊടുത്തിരിക്കു ന്നത്:-

രാജാവ്:- കിം കിം സർവ്വജനഹൃദയനയനാഭിരാമസ്യ രാമസ്യ ജനനീ ത്വമസി കൗസല്യാ.

കൗസല്യാ :-മഹാരാജ! സ ഏവ മന്ദഭാ ഇണീ ഖു അഹം

സംസ്കൃതത്തിലായിരുന്നെങ്കിൽ കൗസല്യ പറയേണ്ടിയിരുന്നത്-*മഹാരാജ! സൈവ മന്ദഭാഗിനീ ഖലഹം* 79 എന്നിങ്ങനെയാണ് സ്ത്രീകഥാപാത്രങ്ങൾക്ക് ഉത്തമസംസ്കൃതം തന്നെ ഭാഷയായി നല്കാമായിരുന്നിട്ടും അപ്രകാരം ചെയ്യാതി രുന്നതിൽ അക്കാലത്തെ ബ്രാഹ്മണാധികാരജ്ഞാനപദ്ധതികളുടെ സ്വാധീന മാണ് ഉള്ളതെന്ന് കാണാനാകും.

സംസ്കൃതനാടകങ്ങൾ ഉത്തമപുരുഷന്മാർക്കു മാത്രമേ സംസ്കൃ തഭാഷയിൽ സംസാരിക്കാൻ അർഹത നൽകിയുള്ളൂ. ബാക്കിയുള്ള കഥാ പാത്രങ്ങൾക്ക് പ്രാകൃതഭാഷയാണ് നൽകിയത്. സംസ്കൃത നാടകങ്ങളിലെ സ്ത്രീകഥാപാത്രങ്ങളുടെ ഭാഷയെക്കുറിച്ച് 'സാമൂഹിക ഭാഷാവിജ്ഞാനം' എന്ന കൃതി ഇപ്രകാരമാണ് നിരീക്ഷിക്കുന്നത്:-

'നമ്മുടെ പഴയ സംസ്കൃത നാടകങ്ങളിൽ പ്രധാനകഥാപാത്രങ്ങളെല്ലാം സംസ്കൃതത്തിലാണ് സംസാരിക്കുക. ഉയർന്ന സാമൂഹികസ്ഥിതിയിലുള്ളവരായാലും *സ്ത്രീകൾ, കുട്ടികൾ, രോഗികൾ*, പ്രച്ഛന്നവേഷക്കാർ എന്നിവർ പ്രാകൃതഭാഷയിൽ മാത്രമേ സംസാരിക്കൂ. പ്രാകൃതത്തിന് സംസ്കൃതത്തിന്റെയത്ര മാന്യതയില്ലല്ലോ.

മാന്യതയുള്ളവർ സംസ്കൃതത്തിലേ സംസാരിക്കൂ എന്നാകാം ഇതിന്റെ അർത്ഥം. സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ, സ്ത്രീകളുടെ സാമൂഹിക പദവി തന്നെയാ ണ് അത്തരം ഭാഷ നൽകുവാൻ സംസ്കൃതനാടകരചയിതാക്കളെ പ്രേരിപ്പിച്ച ഘടകമെന്ന് നിരീക്ഷിയ്ക്കാം'.**80**

സംസ്കൃതത്തിന്റെ വകഭേദമായിരുന്നു, പ്രാകൃതം. ബൗദ്ധ ഭാഷയായ പാലിയോടാണ് പ്രകൃതത്തിന് കൂടുതൽ അടുപ്പം. അധികാരത്തിന്റെയും പൗരോഹിത്യത്തിന്റെയും സാദ്ധ്യതകൾ നില നിർത്താൻ ബ്രാഹ്മണർ സംസ്കരിച്ചെടുത്ത ഭാഷ ഉപയോഗിക്കുകയാണുണ്ടായത്. സ്വാഭാവികമായും ഔന്നത്യത്തിന്റെ പ്രതീകമായി ഭാഷ മാറുന്നു. ഇന്ത്യയിലെവിടെയും ബ്രാഹ്മണർ അധികാരകേന്ദ്രങ്ങളുടെ പിൻബലത്തോടെ മാത്രമാണ് പൗരോഹിത്യത്തിന്റെയും സാമ്പത്തിക മേഖലയുടെയും ഉയർന്ന അവസ്ഥയിലെത്തിയത്. ശ്രേഷ്ഠബ്രാഹ്മണരോടൊപ്പം രാജാക്കന്മാർക്കും - നിലനിൽപ്പിനെ മുൻനിർത്തി- ബഹുമാന്യപദവി നൽകുകയുണ്ടായി. അത്തരം താല്പര്യങ്ങളുടെ ഭാഗമായാണ് ഉത്തമപുരുഷന്മാർക്കും നാടകാദികളിൽ ശ്രേഷ്ഠഭാഷയായി കരുതുന്ന സംസ്കൃതപ്രയോഗം നൽകിയതെന്ന് കരുതാം. ബ്രാഹ്മണരിൽ തന്നെ ശ്രേഷ്ഠരായിക്കരുതാറില്ലാത്തവർക്കും കഥാപാത്രസൃഷ്ടികളിൽ വേണ്ടത്ര പ്രാധാന്യം ലഭിച്ചിരുന്നില്ല. ബുദ്ധിയുടെയും ശുദ്ധിയുടെയും സാമ്പത്തികാടിത്തറയുടെയും ദീർഘകാലസംരക്ഷണമാണ് യാഥാർത്ഥത്തിൽ ബ്രാഹ്മണജ്ഞാനത്തിന്റെ അടിസ്ഥാനം. അത്തരം അറിവുകളിൽ വ്യാപാരിക്കുന്നവർക്കുള്ള പ്രാധാന്യം മറ്റാർക്കും കൈമാറാൻ അവർ തയ്യാറായിരുന്നില്ല. ഭാഷ നിലനിർത്തിപ്പോരുന്ന ഔന്നത്യം സ്ത്രീകൾ കഥാപാത്രമായി വരുന്ന നാടകങ്ങളിലൊന്നും തന്നെ നൽകാൻ രചയിതാക്കൾ തയ്യാറായില്ല എന്നതാണ് വാസ്തവം. അതിന് അടിസ്ഥാനമാകട്ടെ, ഔന്നത്യപദവിയും, അധീശമനോഭാവവുമാണെന്ന് നിരീക്ഷിക്കാം.

**1.2.4.3 അച്ചീചരിതങ്ങളിലെ 'തെഴുത്ത'കളുടെ ഭാഷ**

ഉണ്ണിയച്ചി,ഉണ്ണിച്ചിരുതേവീചരിതങ്ങളിൽ അങ്ങാടികളിലെ വില്പന ക്കാരികളായ സ്ത്രീകളുടെ സംഭാഷണം ചേർത്തിട്ടുണ്ട്. അത്തരം സംഭാഷ ണങ്ങൾ വെറുപ്പുളവാക്കുന്നവയോ ചിരിയ്ക്ക് കാരണമാവുന്നവയോ ആണെന്ന് അതാതു ഗ്രന്ഥകാരന്മാർ സൂചിപ്പിക്കുന്നുണ്ട്. ഉണ്ണിയച്ചീ ചരിതത്തിലെ ഗന്ധ ർവന്റെ ഭാവം ഇപ്രകാരമാണ് എഴുത്തുകാരൻ ചേർത്തത്:- *".......ഇങ്ങനെ പരസ്പരം ശക്തിയോടെ വഴക്കടിക്കുന്ന സ്ത്രീകളുടെ സംഘത്തെ കണ്ട് വെറുപ്പോടെ അയാൾ മുന്നോട്ട് പോയി* . **81**

*( "...........തെരുവിൽ വഴ്ക്കുന്തൊഴു-*

*തെത്തക്കുഴാം കണ്ടുവർത്തങ്ങു പോയാനാസൗ)* സാധാരണക്കാരായ സ്ത്രീകളുടെ സംഭാഷണം നായകന് വെറുപ്പുളവാക്കുന്നതാണ്.

ഉണ്ണിച്ചിരുതേവീചരിതത്തിലാകട്ടെ,

"നാണം കെട്ടിടയിട്ടുടനകമും
പുറമും ചിന്തകളെഞ്ഞൊക്കവിടമു-
മപി മറ്റൊരിടമുമുടനെ കാട്ടി-
കാട്ടികൈവിരൽ ചൂട്ടിയെതിർത്തിരു-
പക്കമുമേവർക്കും ചിരിനലിയും-
വണ്ണം ............"

**82** ചിറ്റങ്ങാടിയിലെ ദാസിപ്പെണ്ണുങ്ങളുടെ സംഭാഷണം മറ്റുള്ളവർക്ക് ചിരിയുണ്ടാകുന്നതാണ്.പരസ്പരം ആക്ഷേപിക്കലോ, ശപിക്കലോ ആണ് അവരുടെ ഭാഷയിൽ ഉള്ളത് .

### 1.2.4.4മരുമക്കത്തായകുടുംബത്തിലെസ്ത്രീയും ഭാഷാ പ്രയോഗവും

കേരളത്തിലെ നമ്പൂതിരിസംബന്ധത്തിൽ നായർ സ്ത്രീ ഉപചാരവാക്കുകൾ ഉപയോഗിക്കാൻ നിർബന്ധിതയായിരുന്നു. അതുകൊണ്ടാണ് ഇന്ദുലേഖ ഞാൻ എന്ന് സ്വയം സംബോധന ചെയ്യുമ്പോൾ സൂരിനമ്പൂതിരി ആശ്ചര്യചകിതനാകുന്നത്. കാമുകനായ മാധവനോട് നേർക്കുനേരെ താർക്കികരീതിയിൽ സംസാരിക്കുന്നവളാണ് ഇന്ദുലേഖ. നവോത്ഥാനകാലത്തെ സ്ത്രീമാതൃക എന്ന നിലയിൽ അദ്ദേഹത്തിന്റെ വീക്ഷണകോണുകൾ അവതരിപ്പിക്കാൻ ഇന്ദുലേഖയ്ക്ക് ചന്തുമേനോൻ ശബ്ദം നൽകി. മലയാളത്തിലെ സ്ത്രീകൾ അന്യരാജ്യങ്ങളിലെന്ന പോലെ പാതിവ്രത്യധർമ്മം അനുസരിക്കാത്തതിനെയും ഭർത്താക്കന്മാരെ യഥേഷ്ടം സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതിനെയും പുരുഷൻമാരുടെ നേർക്ക് ഗർവ്വോടെ നോക്കുന്നതിനെയും മറ്റും മാധവൻ വിമർശിക്കുമ്പോൾ ബുദ്ധിമതിയായ സ്ത്രീ സംസാരിക്കുന്ന രീതിയിൽ മറുപടി നൽകുന്നുണ്ട്.83 അക്കാലത്തെ നായർ-നമ്പൂതിരി സ്ത്രീകളുടെ താരതമ്യം നടത്തി നവോത്ഥാനപരമായ മാറ്റങ്ങൾ വേണ്ടതെവിടെയാണെന്ന് ചൂണ്ടിക്കാട്ടി സംസാരിക്കുന്നത് ഇന്ദുലേഖ എന്ന സ്ത്രീയാണ്. സാമൂഹികമായ അനാചാരങ്ങൾക്കു നേരെ ഉറക്കെ സംസാരിക്കുവാൻ സ്ത്രീകൾക്കും സാധിക്കും എന്ന് ചന്തുമേനോന്റെ ഇന്ദുലേഖാ നിർമ്മിതി സൂചിപ്പിക്കുന്നു.

യാഥാർത്ഥത്തിൽ; അക്കാലത്തെ പല നായർ തറവാടുകളിലും കാരണവർ എത്തുമ്പോൾ സ്ത്രീ സംഭാഷണങ്ങൾ നിശബ്ദമാകുന്ന ദൃശ്യം കെ എം പണിക്കർ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്:-

'അദ്ദേഹം പഞ്ചുമേനോനെപ്പോലെ അട്ടഹസിച്ച്, പഞ്ചപുച്ഛമടക്കി പിറകെ നടന്നിരുന്ന ചിലരോടൊരുമിച്ച് ചാലയിലേയ്ക്ക് വരുന്നതും എന്റെ അമ്മൂമ്മ പേടിച്ച് വിറ

ച്ചുകൊണ്ട് നാലുകെട്ടിലേക്ക് മറയുന്നതും അതുവരെ ഉത്സവസ്ഥലം പോലെ കോലാഹലമായിരുന്ന ആ വീട് പെട്ടന്ന് നിശ്ശബ്ദതയിലാഴുന്നതും എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്' .84

സ്ത്രീകളുടെ ഉച്ചത്തിലുള്ള സംസാരം, വാഗ്വാദങ്ങൾ എന്നിവ തടയുന്ന രീതി കുടുംബങ്ങളിൽ ഉണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണ് വിധിയെന്ന് ആത്മകഥയ്ക്കൊരു ആമുഖത്തിൽ ലളിതാംബികാ അന്തർജ്ജനം എഴുതിയിട്ടുണ്ട്. **85** ഇപ്പോഴും, ഋതുവായ സ്ത്രീയുമായുള്ള സംഭാഷണവും ഇടപെടലും മണ്ഡലകാലങ്ങളിലും മറ്റും നിഷിദ്ധമാണ്.

### 1.2.4.5 'സാമൂഹികഭാഷാവിജ്ഞാന'ത്തിലെ സ്ത്രീഭാഷാനിരീക്ഷണങ്ങൾ

ഡോ. ഉഷാനമ്പൂതിരിപ്പാടിന്റെ സാമൂഹിക ഭാഷാവിജ്ഞാനം എന്ന കൃതി 1984-ലാണ് ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. പ്രസ്തുതഗ്രന്ഥത്തിലെ ആറാം അധ്യായത്തിൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും ഭാഷ പഠനവിധേയമാക്കുന്നുണ്ട്. അവരുടെ നിരീക്ഷണങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം-

- സ്ത്രീപുരുഷഭാഷാവ്യത്യാസം; ഭാഷയ്ക്കുള്ളിലെ ഭാഷ(languagette) എന്ന് വിശേഷിപ്പിക്കാം.
- സ്ത്രീഭാഷയ്ക്ക് ഒരു ഭാഷാഭേദത്തിന്റെ സ്ഥാനമില്ല.
- സ്ത്രീയുടെ മാനസികവും സാമൂഹുകവും ശാരീരികവുമായ ചില വ്യത്യസ്തത, ഭാഷാപ്രയോഗങ്ങളിലും അവിടവിടെ ചില വ്യത്യാസങ്ങൾ വരുത്തുന്നുണ്ട്.
- രണ്ടു തരത്തിൽ സ്ത്രീഭാഷകളെ നിരീക്ഷിക്കാറുണ്ട്. ഒന്ന്; സ്ത്രീകളുടേതു മാത്രമായ ചില ഭാഷണസവിശേഷതകളാണ്.മറ്റൊന്ന് സാമൂഹിക

മായ പല കാരണങ്ങൾ കൊണ്ട് സ്ത്രീകളുടെ ഭാഷ എന്ന വ്യവഹാര ത്തിൽ ഉൾപ്പെടുന്നവയുമാണ്.

- മനുഷ്യൻ (പുരുഷൻ എന്ന വിശേഷാൽ അർത്ഥം മനുഷ്യൻ എന്ന പദത്തിനുണ്ട്) എന്ന പൊതുപദത്തിൽ പുരുഷനും സ്ത്രീയും ഉൾപ്പെടു ന്നതിനാൽ ഭാഷയിൽ തന്നെ പുരുഷമേധാവിത്വം ഉണ്ട്.
- Language and Women's place എന്ന കൃതിയിൽ റോബിൻ ലാക്കോഫ് പറയുന്നത്, വാക്കുകൾ തെരെഞ്ഞെടുക്കുന്നതിലും, വാക്യഘടനാ നിയമങ്ങളിലും ഊണത്തിലും സ്ത്രീകളും പുരുഷന്മാരും വ്യത്യാസ മുണ്ടെ ന്നാണ്.
- പ്രത്യേക താല്പര്യങ്ങൾ പ്രകടിപ്പിക്കൽ, ശൂന്യവിശേഷണപ്രയോഗം , അനുബന്ധചോദ്യങ്ങളുടെ(question tag) ആവർത്തനം,ഉറപ്പില്ലാത്ത പദപ്രയോഗം ഉപചാരപദപ്രയോഗം എന്നിവയിലെല്ലാം സ്ത്രീഭാഷ വ്യതിരിക്ത പ്രകടിപ്പിക്കുന്നതായി ലാക്കോഫ് വിവരിക്കുന്നുണ്ട്.
- പീറ്റർ ട്രഡ്ഗില്ലിന്റെ Social identity and linguistic sex differentiation എന്ന ലേഖനത്തെ മുൻനിർത്തി കുടുംബബന്ധങ്ങൾ,സാമൂഹിക സുരക്ഷ, തൊഴിലിടങ്ങളിലെ അംഗീകാരം,എന്നിവയുടെ അടിസ്ഥാനത്തിൽ സ്ത്രീഭാഷ അന്തസ്സുറ്റതായി തീരണമെന്ന് അവർ ആഗ്രഹിക്കുന്നതായി നിരീക്ഷിക്കുന്നു.
- മലയാളത്തിൽ ബന്ധസൂചകപദങ്ങളുടെ പ്രയോഗത്തിൽ സ്ത്രീപുരുഷ വ്യത്യാസമുണ്ട്.ഉദാ:-ആങ്ങള,പെങ്ങൾ, ഒടപ്രന്നോൾ,ഓപ്പോൾ
- വിശേഷണങ്ങൾ,വ്യാക്ഷേപകപദങ്ങൾ തുടങ്ങിയവയുടെ പ്രയോഗങ്ങ ൾ ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും സ്ത്രീകൾ ചേർക്കുന്നുണ്ട്.
- ശരിയായ ഉച്ചാരണത്തിലും പ്രയോഗങ്ങളിലും സ്ത്രീകളാണ് അധികം നിഷ്കർഷിക്കുന്നത്.എന്തും പച്ചയായി പറയാൻ പുരുഷൻ മടിക്കുന്നില്ല. എന്നാൽ പച്ചയായി പറയാതെ, സ്ത്രീ ശിഷ്ടോക്തിയെ ആശ്രയി ക്കുന്നു.

- ഈണ(intonation)ത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ, പുരുഷന്മാരുടേത് കുറേക്കൂടി ശക്തമാണെന്നും സ്ത്രീകളുടേത് വിധേയത്വം കലർന്നതാണെന്നും കാണാം.
- ഇന്നും സ്ത്രീയുടേത് വിധേയത്വത്തിന്റെയും ഉറപ്പില്ലായ്മയുടേയും ഭാഷയാണ്; പുരുഷന്മാരുടേതാകട്ടെ, അധികാരത്തിന്റെയും ഉറപ്പിന്റെയും ആണ്. **86**

## 1.2.4.6 സ്ത്രീഭാഷാനിരീക്ഷണങ്ങൾ- 'അധികാരവും ഭാഷയും' എന്ന കൃതിയിൽ

*അധികാരവും ഭാഷയും* എന്ന പി.എം. ഗിരീഷിന്റെ പുസ്തകത്തിൽ ഭാഷയെ മുൻനിർത്തിയുള്ള ഗവേഷണ നിരീക്ഷണങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സമൂഹത്തിന്റെ അവസ്ഥാന്തരങ്ങളും അധികാരബന്ധങ്ങളും ഭാഷയെ സ്വാധീനിക്കുന്നുണ്ടെന്ന നിലപാടാണ് പ്രസ്തുത രചനയ്ക്കാധാരം. അധികാരവും ലിംഗവിവേചനവും ഭാഷയിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് അദ്ദേഹം വിവരിക്കുന്നു.

- ആൺ-പെൺവ്യത്യാസം ജീവശാസ്ത്രപരമാണെങ്കിലും ലിംഗവിവേചനം ഉണ്ടാകുന്നത്, സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാലാണ്.
- ഭാഷ, മതം, നിയമം, രാഷ്ട്രീയം,തൊഴിൽ, വീട്ടിലെ വ്യവഹാരം എന്നിവയിലെല്ലാം ആധുനിക സമൂഹത്തിൽ പുരുഷനേക്കാൾ താഴ്ന്ന നിലവാരം മാത്രമേ സമൂഹം സ്ത്രീയ്ക്ക് അനുവദിച്ചു കൊടുത്തിട്ടുള്ളൂ.
- സമൂഹത്തിന്റെ സാമ്പത്തികഘടന സ്ത്രീയിലല്ല, പുരുഷനിലാണ് കേന്ദ്രീകരിക്കപ്പെടുന്നത് എന്നതാണ് ആധുനിക സമൂഹത്തിലെ ലിംഗവിവേചനത്തിന് പ്രധാന കാരണം.

- കുടുംബാന്തരീക്ഷത്തിലും സാമൂഹിക മേഖലകളിലും അധികാരം പ്രകടിപ്പിക്കുന്ന പ്രകാരങ്ങളായ നിയോജകം, വിധായകം എന്നിവ പുരുഷന്മാരേക്കാൾ കുറഞ്ഞ തോതിലേ സ്ത്രീകൾ ഉപയോഗിക്കുന്നുള്ളൂ.
- ഭാഷയിൽ നിലനിൽക്കുന്ന ലിംഗവിവേചനം പുരുഷമേധാവിത്വ സമൂഹത്തിന്റെ ഘടനയുടെ പ്രതിഫലനങ്ങളാണ്.87

സ്ത്രീയുടെ ഭാഷാപ്രയോഗം പുരുഷന്മാരിൽ നിന്നും വ്യത്യസ്തമാണ്. വേദകാലം മുതൽക്കു തന്നെ സ്ത്രീഭാഷയ്ക്ക് നിലവാരം കുറവാണെന്നു കരുതുന്നു. വൈകാരികവിക്ഷോഭങ്ങൾ സ്ത്രീകളുടെ ഭാഷാപ്രയോഗത്തെ സ്വാധീനിക്കാറുണ്ട്. ഉത്തമനായ പുരുഷന്റെ മുഖത്തുനോക്കി താർക്കിക രീതിയിൽ സംസാരിക്കാൻ പാടുള്ളതല്ല. സ്ത്രീകൾ ഉറക്കെ സംസാരിക്കുന്നത് അഭിലഷണീയമല്ല. ഇപ്രകാരം സ്ത്രീ ഭാഷാപ്രയോഗത്തെ രണ്ടാംകിടയാക്കി കാണുന്ന സമീപനത്തെ മുൻനിർത്തി ശാകുന്തളപുനർനിർമ്മിതികൾ നിരീക്ഷിക്കുന്നത് സ്ത്രീവാദനിരീക്ഷണങ്ങളുടെ പ്രായോഗികപാഠമായി കാണാം.

## 1.3 പത്തൊൻപതാം നൂറ്റാണ്ടിനു മുമ്പുള്ള മലയാളകൃതികളിലെ സ്ത്രീനിർമ്മിതി-തെരഞ്ഞെടുത്ത കൃതികളുടെ പഠനം.

മലയാളത്തിൽ കണ്ടുകിട്ടിയ ആദ്യരചനകൾ മുതൽ, രണ്ടു ഗണത്തിലാണ് സ്ത്രീകളെ നിർമ്മിച്ചെടുത്തത്.

1. പാട്ടുരചനകളിൽപെട്ട ഇതിഹാസാദിഇതിവൃത്തങ്ങളിലെ മാതൃകാ സ്ത്രീകൾ അഥവാ വിശുദ്ധസ്ത്രീ (സീത,ദമയന്തി, പാഞ്ചാലി)
2. മണിപ്രവാളസാഹിത്യത്തിൽ പരാമർശിക്കുന്ന വാരംഗനമാർ അഥവാ വേശ്യ.

നവോത്ഥാനകാലം വരെ ഇത്തരം രണ്ട് സ്ത്രീമാതൃകകളിലാണ് എഴുത്തുകാർ സ്ത്രീകളെ നിർമ്മിച്ചെടുത്തത്.ചീരാമൻ, കണ്ണശ്ശന്മാർ എഴുത്തച്ഛൻ തുടങ്ങിയവർ  ഒരു വിഭാഗവും പ്രാചീനമണിപ്രവാളകൃതികൾ, കൃഷ്ണ ഗാഥ, ഭാരതംഗാഥ മുതൽ വെണ്മണി സാഹിത്യം വരെ രണ്ടാമത്തെ വിഭാഗ ത്തിലും പെടുന്നു. സൂക്ഷ്മനിരീക്ഷണത്തിൽ, ഒന്നുകിൽ പതിവ്രത അല്ലെങ്കിൽ വേശ്യ എന്ന രണ്ട് സ്ത്രീവിഭജനമാണ് മലയാള സാഹിത്യത്തിൽ മധ്യകാലത്ത് ഉണ്ടായിരുന്നതെന്ന് കാണാം.

മലയാളത്തിലെ ആദ്യകാലരചനകളുൾപ്പെടുന്ന പാട്ടുകൃതികളിലെല്ലാം ബ്രാഹ്മണജ്ഞാനപദ്ധതികൾ ആവർത്തിക്കുന്നുണ്ട്. രാമായണം, ഭാരതം, ഭഗവത്ഗീത തുടങ്ങിയ സംസ്കൃതപ്രസിദ്ധങ്ങളായ രചനകളുടെ സ്വതന്ത്രത ർജ്ജമകളാണ് രാമചരിതകാരനും കണ്ണശ്ശന്മാരും ചെയ്തത്. പ്രാദേശിക ഭാഷയി ലേക്ക് മേൽപ്പറഞ്ഞ ജ്ഞാനനിർമ്മിതികളുടെ പ്രചാരണമാണ് അവർ ലക്ഷ്യം വെച്ചത്

**1.2.5.1** രാമചരിതം വാല്മീകിരാമായണത്തിന്റെ  സ്വതന്ത്രപുനരാവി ഷ്ക്കാരമാണ്. അതുകൊണ്ടുതന്നെ വാല്മീകിയിൽ നിന്നും വ്യത്യസ്തമായി, കമ്പരാമായണത്തിന്റെ  മാതൃകയിൽ ഭക്തിപ്രചരണം കൂടി രാമചരിതകാ രൻ ലക്ഷ്യമാക്കിയിരുന്നു. വേദപുരാണഇതിഹാസാദികളിലെ ബ്രാഹ്മണ ജ്ഞാനമണ്ഡലത്തിന്റെ  പ്രചരണമാണത്. അതു കൊണ്ടുതന്നെ സീതാനി ർമ്മിതിയിലും ഇതേ ആശയങ്ങൾ അദ്ദേഹം പുലർത്തിയതായി കാണാം. ഉദാ ഹരണത്തിന്:- നൂറ്റിപന്ത്രണ്ടാം വൃത്തത്തിലെ അഞ്ചും ആറും പാട്ടുകളിൽ, ലങ്കയിൽ വച്ച് രാമൻ സീതയെ ആക്ഷേപിക്കുന്ന ഭാഗങ്ങളാണ് ഉള്ളത്.അവ ഇപ്രകാരം ക്രോഡീകരിക്കാം.

1. അയോദ്ധ്യാനഗരം ഭരിച്ച രാജാക്കന്മാരിൽ,നീയൊഴിഞ്ഞു ഏത് സ്ത്രീകളാണ് നിലകേട് ഉണ്ടാക്കിയിട്ടുള്ളത് ? (ഇത്രമാത്രം അപമാനം).ആരുമുണ്ടായിട്ടുമില്ല, വന്നു കഴിഞ്ഞു പോയിട്ടുമില്ല. എല്ലാ സ്ത്രീകളിലും വച്ച് നിനക്കാണ് പാടവമുള്ളത്.
2. നിശിചരനായ രാവണന്റെ തൊഴിൽ കൊണ്ടും നിന്റെ (ലക്ഷ്മണനോടുള്ള) പരുഷവചനങ്ങൾ കൊണ്ടും, എളിയവർപോലും കാകുൽസ്ഥകുലത്തിന് കളങ്കം പറയുമാറ് എനിക്ക് കനത്തു കനത്തു പോയ് വളരും വണ്ണം അവസാനമില്ലാത്ത മാനഭംഗം എളുപ്പത്തിൽ നിനക്ക് വരുത്തുവാൻ കഴിഞ്ഞു.**88**

എന്നിങ്ങനെ വാല്മീകിയെക്കാളുപരി സീതയെ ചീരാമന്റെ രാമൻ വഴക്കു പറയുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം, സ്ഥാനത്തിൽ ഇളയവനാണെങ്കിലും ലക്ഷ്മണൻ എന്ന പുരുഷനെ പരുഷവചനം പറഞ്ഞതാണ് സീതയുടെ വലിയ തെറ്റ്. അതുകൊണ്ട് തന്റെ കുലത്തിനു മുഴുവനായി അവൾ കളങ്കം വരുത്തി.

സീതയെ വീണ്ടെടുത്തത് പരാക്രമവീര്യവും പൗരുഷവും ലോകരെ അറിയിക്കുവാൻ മാത്രമാണെന്നും അവൾ ചെയ്തത് തെറ്റാണെന്ന് രാമൻ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നിടത്ത് സ്ത്രീയെ മാത്രം കുറ്റം പറയുന്ന വാല്മീകിയുടെ പക്ഷം പിടിക്കുകയും,അതിലും കവിഞ്ഞു അവളുടെ ഭാഷണത്തെക്കൂടെ മോശമായി ചിത്രീകരിക്കുകയുമാണ് ചീരമാൻ ചെയ്തതെന്ന് കാണാം. ഇപ്രകാരം രാമായണാദി സംസ്കൃതരചനകളിലെ സ്ത്രീനിർമ്മിതിയുടെ ആവിഷ്കാരമാണ് ചീരാമനും ചെയ്തതെന്ന് കാണാം.

**1.2.5.2** കണ്ണശ്ശരാമായണത്തിന്റെ ആമുഖത്തിൽ ഡോ പുതുശ്ശേരി രാമചന്ദ്രൻ ഇപ്രകാരം പറയുന്നുണ്ട്:- പതിന്നാലാം ശതകത്തിൽ കേരളത്തിലാരംഭിച്ച നവോത്ഥാനസംരംഭങ്ങളുമായി ബന്ധപ്പെടുത്തി വേണം നിരണം

കൃതികളെ നാം വിലയിരുത്തേണ്ടത്. വാല്മീകിരാമായണം, വ്യാസഭാരതം, ഭാഗവതപുരാണം തുടങ്ങി സംസ്കൃതത്തിലെ പ്രമുഖകൃതികൾ ഗൗരവബോധം കൈവിടാതെയും കാവ്യരസം ചോർന്നു പോകാതെ യും മൂല്യപ്രതിഷ്ഠാപ നലക്ഷ്യം മുൻനിർത്തി അഭ്യസ്തവിദ്യരുടെ ഭാഷയിലേക്ക് പകർന്നു വെ യ്ക്കുകയുണ്ടായി അവർ. കേരളത്തിലെ സാംസ്കാരികവോത്ഥാന സംരംഭങ്ങ ളുടെ പ്രാഥമിക പ്രയോക്താക്കളായിരുന്നു അവ.89 ഭഗവത്ഗീതയടക്കമുള്ള സംസ്കൃതരചനകളെ, നവീകരിച്ച പാട്ടുഭാഷയിലേക്ക് തർജ്ജമ ചെയ്ത കണ്ണശ്ശ ന്മാരുടെ ലക്ഷ്യം ബ്രാഹ്മണജ്ഞാനപദ്ധതികളുടെ സംസ്ഥാപനമായിരുന്നു. സ്വാഭാവികമായും വേദാദികളിലെ സ്ത്രീനിർമ്മിതിയുടെ സ്വതന്ത്രതർജ്ജമ തന്നെയായിരുന്നു അവരുടെ കൃതികളിലും ആവർത്തിച്ചത്.

**1.2.5.3** എഴുത്തച്ഛൻ മധ്യകാലകേരളീയ സമൂഹത്തെ നവീകരിക്കാൻ ലക്ഷ്യമിട്ടിരുന്നതായി അദ്ദേഹത്തിന്റെ കൃതികൾ വെളിപ്പെടുത്തുന്നുണ്ട്. അദ്ധ്യാത്മികപാതയിൽ മുന്നേറേണ്ടത് കേരളീയന്റെ ആവശ്യമായി അദ്ദേഹം കണ്ടു.രാമായണം കിളിപ്പാട്ടിൽ; ദശരഥന്റെ മരണത്തിൽ വിലപിക്കുന്ന ഭരതൻ ഇപ്രകാരമാണ് അമ്മയായ കൈകേയിയെ പറയുന്നത്:-

"..........കോപിച്ചു നോക്കീടിനാൻ മാതരം
ക്രോധാഗ്നിതന്നിൽ ദഹിച്ചുപോം അമ്മയെ-
ന്നാധി പൂണ്ടീടിനാർ കണ്ടു നിന്നോർകളും
ഭർത്തവിനെ കൊന്ന പാപേ! മഹാഘോരേ!
നിസ്ത്രപേ! നിർദ്ദയേ! ദുഷ്ടേ! നിശാചരീ!" **90**

പിതാവിന്റെ മരണത്തിന് കാരണമായത് തന്റെ മാതാവായ കൈകേയിയുടെ പ്രവൃത്തികളാണ്. അതിനാൽ ഭർത്തൃഹത്യ ചെയ്ത സ്ത്രീയെ ഭാരതനോടൊപ്പം എഴുത്തച്ഛനും ശക്തമായി ഭർത്സിക്കുന്നു. ഭാരതംകിളിപ്പാ ട്ടിലെ സംഭവപർവ്വത്തിൽ ,പാഞ്ചാലീ വിവാഹത്തെക്കുറിച്ച് യുധിഷ്ഠിരനും

പാഞ്ചാലരാജാവും സംസാരിക്കുമ്പോൾ എഴുത്തച്ഛന്റെ ഭാഷ്യം ഇപ്രകാരമാണ് ചേർത്ത്:-

"നിശ്ചയം വേദലോകവിരുദ്ധമിതു പാർത്താൽ
ദുശ്ചരിത്രങ്ങൾ നിങ്ങൾക്കില്ല തോന്നീടേണ്ടൂ-
ഒരുത്തന്നനേകം ഭാര്യമാരെയുണ്ടാക്കീടാ-
മൊരുത്തിക്കനേകം ഭർത്താക്കന്മാരരുതല്ലോ
വേദത്തിൽ വിധിച്ചതു തന്നെയല്ലെന്നാകിലും
ലോകർക്കു കേട്ടാൽ മതമായിരിക്കണമല്ലോ
വേദത്തിൽ വിധിയില്ല ലോകർക്കും മതമല്ല
പാതിത്യം വരുമെന്നാൽ നരകമതുമുണ്ടാം". **91**

വേദാദികൾക്കു വിരുദ്ധമായത് എഴുത്തച്ഛൻ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്.ഒരുസ്ത്രീയ്ക്ക് ഒന്നിലധികം ഭർത്താക്കന്മാർ വേദങ്ങൾ പ്രകാരം പാടുള്ളതല്ല. പാഞ്ചാലിയ്ക്ക് അങ്ങനെ സംഭവിച്ചതിൽ പാഞ്ചാലനോളം ദുഃഖം എഴുത്തച്ഛനും ഉണ്ട്. ഭാരതം മൂലത്തെക്കാൾ കൂടുതൽ പ്രസ്തുത വിവാഹത്തിലെ അപാകതകൾ വേദശാസ്ത്രപ്രകാരം വെളിപ്പെടുത്താൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. അതോടൊപ്പം സ്ത്രീ ഒന്നിലധികം വിവാഹം കഴിച്ചാൽ മാന്യന്മാർ പറയുന്ന പ്രകാരം പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം പറയുന്നുണ്ട്. ആ മാന്യന്മാർ ബ്രാഹ്മണശ്രേഷ്ഠന്മാരാണ്. അവരുടെ വേദാദി ശ്രുത്യസ്മൃതികളിലെ വിധികളനുസരിച്ചാണ് സ്ത്രീ പ്രായശ്ചിത്തം ചെയ്യേണ്ടത്. ബ്രാഹ്മണജ്ഞാനമണ്ഡലത്തിന്റെ പ്രയോക്താക്കളായി പാട്ടു കവികളോടൊപ്പം എഴുത്തച്ഛനും മാറുന്നതായി കാണാം.

**1.2.5.4** പാട്ടുപ്രസ്ഥാനത്തിനു സമാന്തരമായി നിലകൊണ്ട മണിപ്രവാള പ്രസ്ഥാനത്തിൽ വ്യത്യസ്തമായരീതിയിൽ സ്ത്രീകളെ അവതരിപ്പിക്കുകയുണ്ടായി. മധ്യകാലകേരളത്തിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ

ബ്രാഹ്മണർക്കുണ്ടായിരുന്ന അധികാരം ബ്രാഹ്മണേതരസ്ത്രീകളെ വ്യത്യസ്ത മായാണ് നിർമ്മിച്ചെടുത്തത്. പാതിവ്രത്യം ആചരിക്കുന്ന സ്ത്രീകളിൽ നിന്നും വ്യത്യസ്തരായിരുന്നു ഇവർ. വരേണ്യപുരുഷന് പതിവ്രതയും വേശ്യയും ഒരേസമയത്ത് പ്രാപ്യരായിരുന്നു. മണിപ്രവാളസാഹിത്യത്തിലെ നായികമാർ മരുമക്കത്തായികളായിരുന്ന സ്ത്രീകളാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.92

**1.2.5.5** വൈശികതന്ത്രം,പ്രാചീനചമ്പുക്കൾ,ലഘു കാവ്യങ്ങൾ, സന്ദേശ കാവ്യങ്ങൾ,ചന്ദ്രോത്സവം തുടങ്ങിയ കൃതികളിൽ ആദ്യകാലമണിപ്രവാള സ്ത്രീകളെ കാണാനാകും. പ്രസ്തുത നായികമാർ ദേവദാസികളായിരുന്നു എന്ന് ഇളംകുളവും അല്ല, നായർസ്ത്രീകളായിരുന്നു എന്ന് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിയും പിൽക്കാലത്ത് ഡോ പി സോമനെ പോലുള്ള ഗവേഷകരും നിരീക്ഷിക്കുന്നുണ്ട്. ഏത് ജാതിയിൽ പെട്ട സ്ത്രീ എന്നതിനേക്കാളുപരി അത്തരം സ്ത്രീകളുടെ നിർമ്മിതി കൊണ്ട് ലക്ഷ്യമാക്കിയതെന്തായിരുന്നു എന്ന നിരീക്ഷണത്തിനാണ് ഇവിടെ കൂടുതൽ പ്രസക്തിയെന്നു കാണാം. വൈശികതന്ത്രം എന്ന കൃതിയിൽ ഇത് വ്യക്തമായി പറയുന്നുണ്ട്. വൈശികം കൊണ്ട് പുരുഷനെ തൃപ്തിപ്പെടുത്തി സമ്പത്ത് സമാഹരിക്കുകയാണ് പ്രധാന ലക്ഷ്യം. ബ്രാഹ്മണരും ഇതരസമ്പന്ന വർഗ്ഗവും ഉൾപ്പെട്ട വരേണ്യപുരുഷനെ യാണ് തൃപ്തിപ്പെടുത്തേണ്ടത്. എന്നാൽ അർഹതപ്പെട്ടവരുമായി ബന്ധം മാത്ര മേ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. അല്ലെങ്കിൽ,ശൂർപ്പണഖയ്ക്ക് സംഭ വിച്ചതുപോലെയുള്ള നാശം ഉണ്ടാകാനിടയുണ്ട്.

"വല്ലോരിലും മതിയിലോരുമുറുത്ത സംഗം
നന്നല്ലപോൽ നളിനസുന്ദരി നമ്മുളാർക്ക്;
കേൾപ്പീലയോ തദിഹ ശൂർപ്പണഖയ്ക്കു പെണ്ണേ!
നാശം തുടങ്ങിയതു രാമനിൽ വാഞ്ഛകൊണ്ടേ" **93**

അതിരുവിട്ട ബന്ധങ്ങൾ പാടില്ലെന്ന് പറയുന്നു. 'പോൽ' എന്നിങ്ങനെയും അഥവാ അങ്ങനെ ചെയ്താൽ ശൂർപ്പണഖയ്ക്കു സംഭവിച്ച തുപോലെ നാശം സംഭവിക്കാമെന്നും പറയുന്നിടത്ത് ഇതെല്ലാം നിയന്ത്രിക്കു ന്ന പുരുഷാധികാരവ്യവസ്ഥയെ കുറിച്ചുള്ള സൂചനയാണ് ഉള്ളത്. രാമൻ എന്ന അർഹതയില്ലാത്ത ആഗ്രഹമാണ് ശൂർപ്പണഖയുടെ നാശത്തിനു ഇടയാക്കിയ ത്. അത്തരം ആഗ്രഹങ്ങൾ പുരുഷനാൽ തന്നെ ഇല്ലാതാക്കപ്പെടുമെന്ന സൂചനയാണ് വൈശികതന്ത്രം തന്നെ നൽകുന്നത്.

**1.2.5.6** അച്ചീചരിതങ്ങളിലാകട്ടെ,സ്വർഗ്ഗലോകവാസികളായ ഗന്ധർവ്വൻ, ഇന്ദ്രൻ, ചന്ദ്രൻ തുടങ്ങിയവർ യഥാക്രമം ഉണ്ണിയച്ചി, ഉണ്ണിച്ചിരുതേവി, ഉണ്ണിയാടി എന്ന സ്ത്രീകളെ സന്ദർശിക്കുവാൻ ഭൂമിയിലേക്ക് വരികയാണ്. കേരളത്തിലെ മൂന്ന് ഭൂവിഭാഗങ്ങളിൽ ജീവിച്ച സ്ത്രീകളാണ് അവർ. ഉണ്ണിയച്ചീചരിതം വടക്കൻ കോട്ടയത്തെ പഴയഞ്ചേരിഭഗവതിയുടെ ഉപാസ കനായ തേവൻ ചിരികുമാനാണു രചിച്ചത്. ഉണ്ണിച്ചിരുതേവീചരിതം മധ്യ കേരളത്തിലെ എടപ്പാളിനടുത്തുള്ള ശുകപുരം ഗ്രാമക്കാരനായ കവിയാണ് രചിച്ചത്. ഉണ്ണിയാടീചരിതം; തെക്കൻകേരളത്തിലാണ് ഉണ്ടായത്. കായംകുളം രാജാവിന്റെ അധികാരപരിധിയിൽപ്പെടുന്ന കണ്ടിയൂരിലെ ദാമോദര ചാക്യാ രാണ് രചയിതാവ്. കവികൾ സ്വന്തം നാട്ടിലെ പ്രശസ്തരായ സ്ത്രീകളോടൊപ്പം, ഗ്രാമീണപ്രകൃതിയും നഗരജീവിതവും വർണ്ണിക്കുകയാണുണ്ടായത്. ഒരേമാ തൃകയിലുള്ള രചനാശൈലിയാണ് മൂന്നു കവികളും സ്വീകരിച്ചതെന്ന് പിൽ ക്കാലത്തു നിരീക്ഷിച്ചിട്ടുണ്ട്.**94** അച്ചീചരിതങ്ങളിൽ; സ്ത്രീകളെ പുകഴ്ത്തു ന്നതോടൊപ്പം പ്രകൃതി, അങ്ങാടികൾ ,ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ തുടങ്ങി മധ്യകാല കേരള ത്തിന്റെ പരിച്ഛേദമാണ് വർണ്ണിച്ചത്. ഉണ്ണിയച്ചി, ഉണ്ണിച്ചിരു തേവി, ഉണ്ണിയാടി തുടങ്ങിയ സ്ത്രീകളും പദ്യരത്നം കൃതികളിൽ പരാമർശി ക്കുന്ന മല്ലീനിലാവ്, ഇളയച്ചി, ഇട്ടിയച്ചി ,ചെറിയച്ചി തുടങ്ങിയവരും സ്വർവേശ്യയായ ഉർവശിയിൽ നിന്നോ, അപ്സരസ്സുകളിൽ നിന്നോ വംശാവലി

ആരംഭിക്കുന്നവരാണ്. സ്ത്രീകളുടെ അംഗോപാംഗവർണ്ണനകളാണിതിൽ പ്രധാനം. എന്നാൽ രാമചരിതത്തിന് ഒടുവിലായി സീതയെ വർണ്ണിക്കുന്നതും, വാനരന്മാർ ആദ്യമായി സീതയെ കാണുന്ന രംഗവും ഇതേ മാതൃകയിലാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. കവികൾ അക്കാലത്തു നിലനിന്നിരുന്ന പൊതുകാവ്യരചനാ മാതൃകയിലാണ് രചന നിർവഹിച്ചതെന്ന് കരുതാം. തൃതീയപുരുഷാർത്ഥപ്രാപ്തി ലക്ഷ്യമാക്കിയുള്ള അതിസാധാരണ ജീവിതമാണ് അച്ചീചരിതങ്ങളിലുള്ളത്. സ്വന്തം പ്രകൃതിയും അവിടത്തെ എല്ലാ വിഭാഗം മനുഷ്യരും അവരുടെ സാമൂഹികമായ ഇടപെടലും കവിതയ്ക്ക് വിഷയമായി. ബ്രാഹ്മണേതരസ്ത്രീകളായിരുന്നു ഇതിലെ സ്ത്രീകൾ. അവർക്ക് അക്കാലത്തെ സമൂഹം വളരെ പ്രാധാന്യം നൽകിയതായി കാണാനാകും. തൃതീയപുരുഷാർത്ഥലബ്ധി മാത്രമല്ല പ്രസ്തുത സ്ത്രീകളുടെ ധർമ്മം; മറിച്ച് അവർ നടികൾ കൂടിയായിരുന്നു എന്നും,അവരുടെ ഗൃഹം നാനാജാതി ജനങ്ങളുടെ സംഗമഭൂമിയായിരുന്നു എന്നും ഇക്കാവ്യങ്ങൾ വെളിപ്പെടുത്തുന്നു. സന്ദേശകാവ്യങ്ങളും, ചന്ദ്രോത്സവവും ഇതേ മാതൃകയിലുള്ള രചനകളാണ്. സന്ദേശകാവ്യങ്ങളിലെ സ്ത്രീകൾ രാജാക്കന്മാരെ നേരിട്ട് സ്വീകരിക്കുന്നുണ്ട്. ഉണ്ണുനീലി സന്ദേശത്തിൽ; സന്ദേശഹരൻ വേണാട്ടുരാജാവായ തൃപ്പാപ്പൂർ മൂപ്പൻ ആദിത്യവർമ്മയെ ഉണ്ണിയച്ചി, വെള്ളൂർ നാണി,ചെറുകര കുട്ടത്തി, ചെറുകര ഉണ്ണിയാടി, മുത്തൂറ്റ് ഇളയച്ചി, കണ്ടിയൂർ കുറുങ്ങാട്ട് ഉണ്ണുനീലി,കുറുങ്ങാട്ട് രണ്ടാംഉണ്ണുനീലി,കുറുങ്ങാട്ട് ഉണ്ണിച്ചക്കി, കുറുങ്ങാട്ട് ചിരുതേവി,കൈതക്കാട്ട് സുന്ദരികൾ, കണ്ടംകുളം സുന്ദരി, മുണ്ടയ്ക്കൽ ചെറിയത് തുടങ്ങിയ സ്ത്രീകൾ സ്വീകരിക്കാൻ എത്തുകയോ; ഇവരെ സന്ദർശിക്കണമെന്ന് കവി രാജാവിനോട് നിഷ്കർഷിക്കുകയോ ചെയ്യുന്നുണ്ട്.. ഇതരപുരുഷപരിവാരത്തോടൊപ്പം മുൻനിരയിൽ തന്നെയാണ് ഇത്തരം സ്ത്രീകളുടെ സ്ഥാനം. മാത്രമല്ല, തങ്ങളെക്കുറിച്ചു കാവ്യമെഴുതുന്ന കവികൾക്ക് നല്കാൻ തക്ക സമ്പത്തും, രാജാവിന് സമാനമായ കീർത്തിയും ഇവർക്കുണ്ടായിരുന്നു എന്നതും പ്രത്യേകം നിരീക്ഷിക്കേണ്ട വസ്തുതകളാണ്.

**1.2.5.7** എന്നാൽ പിൽക്കാലത്തു ഇത്തരം കാവ്യങ്ങൾ-

"നമ്പൂതിരിമാരുടെ പുളപ്പുകാലത്തെ വെളിപ്പെടുത്തുന്നു" **95** -
എന്നിങ്ങനെയും ;

"എട്ടാംശതകത്തിൽ സന്മാർഗ്ഗദീപവും മുന്നിൽപിടിച്ചു വൈദികധർമ്മ പ്രചരണത്തിനു വാളും പരിചയുമേന്തി കേരളത്തിൽ പ്രവേശിച്ച വിജ്ഞാനമൂർത്തികളും സമരനിപുണരുമായ ഭട്ടന്മാരല്ല പതിമൂന്നാം ശതകത്തിലെ നമ്പൂതിരിമാർ ശിഷ്ടാചാരമെന്ന പേരിൽ സന്മാർഗത്തിന്റെ സകലസീമകളെയും അതിലംഘിച്ചു ജീവിതം നയിച്ചിരുന്ന ഒരു സമുദായമായി അവർ അധഃപതിച്ചു ക്ഷേത്രം വക വസ്തുക്കളിൽ നിന്നും ലഭിച്ച വമ്പിച്ച ആദായവും ക്ഷേത്രപരിസരങ്ങളിലെ അഴിഞ്ഞ ജീവിതവുമായിരുന്നു ഇതിനു കാരണം" **-96**
എന്നിങ്ങനെയും ;

"ഏതായാലും കിട്ടിയിട്ടുള്ള കൃതികൾ(അച്ചീചരിതങ്ങൾ) ,കേരളത്തിലെ ഗ്രാമങ്ങളുടെ പ്രകൃതിവിലാസവാഴ്വും ജീവിതശൈലികളും,പട്ടണങ്ങളുടെയും അങ്ങാടികളുടെയും ചെഴിപ്പും, ന്യൂനപക്ഷമെങ്കിലും സമുദായത്തിലെ നിയാമകശക്തിയായിരുന്ന ഉപരിതലസ്ഥരുടെ സന്മാർഗ്ഗഭ്രംശമെല്ലാം തെളിഞ്ഞു നിഴലിക്കുന്ന വർണ്ണഭാസുരമായ മണിക്കണ്ണാടികളാകുന്നു" **97**

എന്നിങ്ങനെയും;നിരവധി വിമർശനങ്ങൾ പ്രസ്തുത കാവ്യങ്ങളെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. വിർശനങ്ങളുടെ പൊതുഘടകങ്ങൾ ഇപ്രകാരം ചുരുക്കാം.

1. കേരളത്തിലെ ബ്രാഹ്മണസമൂഹത്തിന്റെ അധീശത്വം സാമൂഹിക സാംസ്കാരിക മേഖലകളെയാകെ നിയന്ത്രിച്ചിരുന്നു.
2. ഇതരജാതിയിൽപെട്ട സ്ത്രീകളോടുള്ള ഇവരുടെ ബന്ധം സന്മാർഗ്ഗഭ്രംശമാണ് വെളിപ്പെടുത്തുന്നത്.

ഇത്തരം നിരീക്ഷണങ്ങളെല്ലാം നവോത്ഥാനകാലത്തിനു ശേഷമുണ്ടായ സാമൂഹിക പരിവർത്തനങ്ങളെയും സാംസ്കാരിക മാറ്റങ്ങളെയും മുൻ നിർത്തി ഉണ്ടായതാണ്. ചുരുക്കത്തിൽ ബ്രാഹ്മണർക്ക് പ്രാധാന്യമുണ്ടായിരുന്ന കാലമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിനു മുമ്പുള്ള കേരളം. അതുകൊണ്ട് തന്നെ അക്കാലങ്ങളിലിറങ്ങിയ സാഹിത്യകൃതികളിലെല്ലാം ബ്രാഹ്മണജ്ഞാനമണ്ഡലമുൾക്കൊള്ളുന്ന വിഷയങ്ങൾ സ്വീകരിക്കുകയുണ്ടായി. സ്വാഭാവികമായും അത്തരം കൃതികളിലെ സ്ത്രീനിർമ്മിതികൾ ബ്രാഹ്മണാനുകൂലമനോഭാവങ്ങൾ സ്വീകരിച്ച് നടന്നവയാണെന്നു നിരീക്ഷിക്കാം.

സ്ത്രീവാദനിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ ശാകുന്തളകഥയുടെ പുനരാവിഷ്ക്കാരങ്ങൾ സമഗ്രമായി അപഗ്രഥിക്കേണ്ടതുണ്ട്. തെരഞ്ഞെടുത്ത ശാകുന്തളപുനർനിർമ്മിതികളുടെ വിശദമായ അവലോകനമാണ് രണ്ടാമത്തെ അധ്യായത്തിൽ നിർവഹിക്കുന്നത്. തുടർന്നുള്ള അധ്യായങ്ങളിൽ ശാകുന്തളപുനർനിർമ്മിതികൾ സൂക്ഷ്മമായി അപഗ്രഥിക്കുകയും സൈദ്ധാന്തികമായി വിലയിരുത്തുകയും ചെയ്യുന്നു.

## കുറിപ്പുകൾ

1. ഫെമിനിസം:സിദ്ധാന്തവും പ്രയോഗവും എന്ന ലേഖനത്തിൽ ഡോ. ജാൻസി ജെയിംസ് ഇക്കാര്യം വളരെ വിശദമായി നിരീക്ഷിച്ചിട്ടുണ്ട്:- ഫെമിനിസം ഒരു അപനിർമ്മാണപദ്ധതിയാണ്. പാശ്ചാത്യതത്ത്വചിന്തയിലെ അതിക്രമ(heirarchy) ത്തെ പുനഃക്രമീകരിക്കാൻ ജാക്വസ് ഡെറിഡാ തുടങ്ങി വെച്ച വിമർശന സിദ്ധാന്തം, പുരുഷമേൽക്കോയ്മ സൃഷ്ടിച്ച അതിക്രമത്തിന്റെ പീഡന ഭാരത്തിലമർന്നു കഴിഞ്ഞിരുന്ന സ്ത്രീ സമുദായത്തിന് തങ്ങളുടെ സ്ഥാനവും അന്തസ്സും പുനർനിർവചിക്കാൻ ഉന്മേഷം നൽകിയതിൽ അത്ഭുതപ്പെടാനില്ല- എന്നിങ്ങനെയാണ് അവർ അഭിപ്രായപ്പെടുന്നത്.പുറം 18.

ജാൻസി ജെയിംസ്, ഫെമിനിസം:സിദ്ധാന്തവും പ്രയോഗവും,*ഫെമിനിസം*, പ്രസാ. എൻ ജയകൃഷ്ണൻ,(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2011) പു. 18.

2. Arpitha Mukhopaadhyay, Simone de beauvoir and Raadical feminism , Sumith chakrabarthy,Edi. *feminisms , (*Orient Black Swan,Hyderabad 2018), pp. 30-34.

3. Ibid pp.37.

4. എം. കെ. രാമകൃഷ്ണൻ, കെ. എം. വേണുഗോപാലൻ,റാഡിക്കൽ ഫെമിനിസം: ലിംഗവ്യത്യാസവും ലൈംഗിക പദവിയും, *സ്ത്രീവിമോചനം: ചരിത്രം സിദ്ധാന്തം* (പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട, 2016),പു. 122-125.

5. Arpitha Mukhopaadhyay, Simone de beauvoir and Raadical feminism , Sumith chakrabarthy,Edi. *feminisms , (*Orient Black Swan,Hyderabad 2018), pp. 32.

6. എം. കെ. രാമകൃഷ്ണൻ, കെ. എം. വേണുഗോപാലൻ,റാഡിക്കൽ ഫെമിനിസം: ലിംഗവ്യത്യാസവും ലൈംഗിക പദവിയും, *സ്ത്രീവിമോചനം: ചരിത്രം സിദ്ധാന്തം* (പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട, 2016),പു.109.

7. ഡോ ജോസ് കെ മാനുവേൽ, 'ക്വീർ -സിദ്ധാന്തവും സംവാദവും കേരളീയ പശ്ചാത്തലത്തിൽ' , *വിജ്ഞാനകൈരളി,*(മാർച്ച് 2018),പു.15 )

8.ജെ. ദേവിക,*സ്ത്രീവാദം*,( ഡി.സി.ബുക്ക്സ്,കോട്ടയം,2000), പു. 29.

9. ഡോ. ഐറിസ് കൊയ്‌ലോ, ഫെമിനിസവും ഭാഷയും,*ഫെമിനിസം*, പ്രസാ. എൻ ജയകൃഷ്ണൻ,(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011),പു. 354.

10. There is only negative semantic space for females in the English Language, Dale Spender,*Man Made Language,* (Routledge,London,1985), pp.21.

11. Ibid,pp.11-23.

12 ഥാപ്പർ, റൊമില *ആദിമ ഇന്ത്യാ ചരിത്രം*,വിവപി.കെ.ശിവദാസ് (ഡി.സി. ബുക്ക്സ് കോട്ടയം,2009 ) പു. 55-59. ഈ പുസ്തകത്തിലെ ഭൂതകാലത്തെക്കുറിച്ചുള്ള ധാരണകൾ എന്ന ഒന്നാം അധ്യായത്തിൽ,പ്രസ്തുതകാര്യങ്ങൾ വിശദമായി ചേർത്തിട്ടുണ്ട്.

13. എൻ. കെ. രവീന്ദ്രൻ, 'സ്ത്രീയെ നിശ്ശബ്ദയാക്കുന്ന സാഹിത്യസംസ്കാരം' , കലാകൗമുദി, 9 ലക്കം:956, (ജനു 1994), പു. 55.,

14. ഉമ ചക്രവർത്തി, *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ*,വിവ:പി.എസ് മനോജ്കുമാർ(മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്,2008),പു. 59

15. സവർണ്ണപുരുഷജ്ഞാനമണ്ഡലം, ബ്രാഹ്മണജ്ഞാനപദ്ധതികൾ, തുടങ്ങി യ പ്രയോഗങ്ങൾ വേദാദികളിലൂടെ രൂപപ്പെട്ടു വന്ന വിജ്ഞാനധാരകളെയാണ് സൂചിപ്പിക്കുന്നത്. അത്തരം ജ്ഞാനപദ്ധതികൾ ഉൽപാദിപ്പിച്ച നിയമങ്ങൾ ഭാരതത്തിലും കേരളത്തിലും എല്ലാ ജാതിവിഭാഗങ്ങളും അനുസരിച്ചു പോന്നവയാണ്.

16 . *ഋഗ്വേദസംഹിത*, വിവ:വള്ളത്തോൾ നാരായണമേനോൻ (1955; പുനർ മുദ്രണം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം,2016 ),പു.661.

17 . *യജുർവ്വേദസംഹിത*,എ.വി. രാധാകൃഷ്ണ വൈദിക്,സൂക്തം 50, പു 147.

18 .യസ്യാസ്തു ന ഭവേത് ഭ്രാതാ ന

വിജ്ഞായേത വാ പിതാ

നോപയച്ഛേത താം പ്രാജ്ഞ:

പുത്രികാ ധർമ്മശങ്കയാ

(സഹോദരനില്ലാത്തവളെ പുത്രികാ ധർമ്മശങ്കയാൽ വിവാഹം കഴിക്കരുത്. പിതാവാരെന്ന് നിശ്ചയമില്ലാത്തവളെയും വിവാഹം കഴിക്കരുത്.)

*മനുസ്മൃതി,* വ്യാഖ്യാ:പ്രൊഫ. എൻ. ഗോപിനാഥൻ നായർ, (വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ,1997)പു. 93.

19 . അതേ പുസ്തകം, പു. 224 .

20 .ഡോ. കെ. കുഞ്ചുണ്ണിരാജ, ഡോ. എം. എസ്. മേനോൻ,(എഡി ),ഋഗ്വേദത്തിന്റെ സാഹിത്യമൂലം-സംസ്കൃതസാഹിത്യചരിത്രം, (കേരളസാഹിത്യ അക്കാദമി, തൃശൂർ, 2002),പു. 78-79.

21. *മനുസ്മൃതി,* വ്യാഖ്യാ:പ്രൊഫ. എൻ. ഗോപിനാഥൻ നായർ, (വിദ്യാരംഭം പബ്ലി ഷേഴ്സ്, ആലപ്പുഴ,1997)പു. 226.

22. എൻ. കെ. രവീന്ദ്രൻ,' സ്ത്രീയെ നിശ്ശബ്ദയാക്കുന്ന സാഹിത്യസംസ്കാരം' , കലാ കൗമുദി, 9 ലക്കം:956, (ജനു 1994), പു. 56.

23.ഡോ.എം.ജി.എസ്. നാരായണൻ,അധിനിവേശം വ്യവസായവിപ്ലവം ദേശീയത വിജ്ഞാനവിസ്ഫോടനം, *500 വർഷത്തെ കേരളം ചില അറിവ ടയാളങ്ങൾ,* (എഡി) വി.ജെ.വർഗീസ്,ഡോ.എൻ. വിജയമോഹനൻപിള്ള, ഡോ.സ്കറിയാ സക്കറിയ (താരതമ്യപഠനസംഘം,ചങ്ങനാശ്ശേരി,കറൻറ് ബുക്ക്സ്, കോട്ടയം, 1999), പു.14

24. അതേ പുസ്തകം, പു. 269.

25. *ശാംകരസ്മൃതി(ലഘുധർമ്മ പ്രകാശിക),*പൂർവ്വഭാഗം, ഭാ.വ്യാ.ടി.സി. പരമേശ്വരൻ മൂസ്സത്,പുനരച്ചടി പരിശോധകൻ ചെറായി രാമദാസ്,(സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം,2017),പു. 5

26. മുരളീധരൻ. ഡോ., നെല്ലിക്കൽ *കേരള ജാതിവിവരണം* (റെയിൻബോ ബുക് പബ്ലിഷേഴ്സ്,ചെങ്ങന്നൂർ,2008)പു.296

27. സി. എസ്. ചന്ദ്രിക, കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ, (ഡി.സി.ബുക്ക്സ്, കോട്ടയം, 2016), പു. 65.

28. ജെ.ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ?* കേരളാ ശാസ്ത്ര സാഹിത്യപരിഷത്,തൃശ്ശൂർ,2015 ), പു. 31.

29.ചെറുശ്ശേരിഭാരതം,കേരളസാഹിത്യഅക്കാദമി,തൃശൂർ, ഒന്നാം പതിപ്പ്,1974, പു.18.

30. അതേ പുസ്തകം. പു. 30

31 ഡോ. ഉണ്ണിക്കിടാവ്, *സംഘകാലകൃതികളിലെ തമിഴ് സംസ്കാരം*, (കേരള സാഹിത്യഅക്കാദമി,തൃശൂർ,2007),പു.115-120.

32. വിദ്യാസമ്പന്നരും ധനികരുമായ വ്യക്തികൾക്ക് മാത്രമേ നാഗരികനായിത്തീരാനും വേശ്യകളൊടൊത്ത് വിഷയനിബദ്ധമായ ജീവിതം നയിക്കാനും കഴിഞ്ഞിരുന്നുള്ളൂ എന്ന് രാജൻ ഗുരുക്കൾ നിരീക്ഷിക്കുന്നുണ്ട്.എന്നാൽ വിദ്യാഭ്യാസവും ധനികരുമായവർ ശൂദ്രന്മാരായിരുന്നില്ല, മറിച്ച് ദ്വിജന്മാർ അഥവാ ബ്രാഹ്മണരായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

രാജൻ ഗുരുക്കൾ,കാമസൂത്രത്തിന്റെ സാമൂഹിക പശ്ചാത്തലം, *മിത്ത് ചരിത്രം സമൂഹം* ,(പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട,2009),പു. 97

33.യാക്കോബ് തോമസ്, വേശ്യ-പാഠം ചരിത്രം ആധുനികത, *പഴയ കൃതി പുതിയ വായന* ,ജന.എഡി . ഡോ . വി. പി. മാർക്കോസ്,എഡി. ഡോ. മ്യൂസ് മേരി ജോർജ്ജ്, (ഭൂമി മലയാളം,വിദ്വാൻ പി ജി നായർ സ്മാരക ഗവേഷണകേന്ദ്രം, യു. സി. കോളജ്, ആലുവ,2011),പു.139-141.

34.കൂടുതൽ വായനയ്ക്ക്,ഡോ. ഉണ്ണിക്കിടാവ്, *സംഘകാലകൃതികളിലെ തമിഴ് സംസ്കാരം*, (കേരള സാഹിത്യഅക്കാദമി,തൃശൂർ,2007),

35.സി. എസ്. ചന്ദ്രിക, *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ,* (ഡി.സി.ബുക്ക്സ്, കോട്ടയം, 2016), പു.88-89.

36.കെ.വി. ദിലീപ് കുമാർ, ചെറുശ്ശേരിയുടെ ഭാരതഗാഥ, (താപസം റിസർച്ച് ജേർ ണൽ, വാല്യം-3,ലക്കം-3, ജനുവരി, 2008),പു.349-350.

37. ജെ. ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ?* കേരള ശാസ്ത്ര സാഹിത്യപരിഷത്,തൃശ്ശൂർ,2015 ), പു.38,

38. എ). മീനാക്ഷിയമ്മ, *ദമയന്തി,* (ശാരദ,പുസ്തകം 1, ലക്കം 5, 1905), പു.1

39. കെ.വി, പ്രതികരണലേഖനം,(ലക്ഷ്മിഭായി,1915), പു.188 .

40.ജെ. ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ?* (കേരള ശാസ്ത്ര സാഹിത്യപരിഷത്,തൃശ്ശൂർ,2015 ), പു

41. വി.ടി. ഭട്ടത്തിരിപ്പാട്, സമ്പൂർണ്ണകൃതികൾ

42. ജൂലിയാ ഡേവിഡ്, ആദ്യകാല മാസികളിലെ സ്ത്രീശാക്തീകരണം-ശാരദയെ ആസ്പദമാക്കി ഒരു പഠനം, ഗവേഷണപ്രബന്ധം-യു.ജി.സി.മൈനർ റിസേർച്ച് പ്രോജക്റ്റ്,2016.

43. എം.കെ. രാമകൃഷ്ണൻ, കെ. എം. വേണുഗോപാലൻ,റാഡിക്കൽ ഫെമിനിസം: ലിംഗവ്യത്യാസവും ലൈംഗിക പദവിയും, *സ്ത്രീവിമോചനം: ചരിത്രം സിദ്ധാന്തം* (പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട, 2016),പു.183,184.

44. *ഋഗ്വേദസംഹിത,* വിവ:വള്ളത്തോൾ നാരായണമേനോൻ (1955;പുനർമുദ്രണം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2016 ),പു.

45.*മനുസ്മൃതി,* വ്യാഖ്യാ:പ്രൊഫ. എൻ. ഗോപിനാഥൻ നായർ, (വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ,1997)പു.

46. പി. ഗീത, സ്ത്രീസങ്കല്പം മതങ്ങളുടെ കാഴ്ചപ്പാടിൽ,*ഫെമിനിസം,* പ്രസാ. എൻ ജയകൃഷ്ണൻ,(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011),പു. 82.

47.അന്നംസിനി എ പി, നാടോടിസ്വത്വം എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ, ഗവേഷ ണപ്രബന്ധം, കേരള സാഹിത്യ അക്കാദമി.2017 ,പുറം-195,196.

48. എസ്. കെ.നായർ, *ആത്മകഥ,* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം,1972),പുറം-22,23.

49 . പി.കെ. ബാലകൃഷ്ണൻ,*ജാതിവ്യവസ്ഥയും കേരളചരിത്രവും.* ,(ഡിസി ബുക്സ്, കോട്ടയം,2015.പു.85.

50.കേശവദേവ്, *ഓർമ്മകളുടെ ലോകത്തിൽ,* സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം,1972 ,പുറം-27

51. പുത്തേഴത്ത് രാമൻമേനോൻ ,*സമുദായപരിഷ്കരണം* , പുറം-404 ).

52.മന്നത്ത് പത്മനാഭൻ, *എന്റെ ജീവിത സ്മരണകൾ,* ഒന്നാം ഭാഗം, എൻ.എസ്. എസ്. പ്രസ്സ്, തിരുവനന്തപുരം, പു.1,2.

53.തകഴി ശിവശങ്കരപ്പിള്ള, *എന്റെ ബാല്യകാലകഥ,* (മംഗളോദയം, തൃശ്ശൂർ, 1967),പു. 102.

54.ഉമ ചക്രവർത്തി, *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ,*വിവ:പി.എസ് മനോജ്കുമാർ(മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്,2008),പു. 55

55.*ഋഗ്വേദസംഹിത,* വിവ:വള്ളത്തോൾ നാരായണമേനോൻ, (1955;പുനർമുദ്രണം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2016),ഋക്:3-53-4,ഋക്: 3-53-26,പു.513,514.

56.അതേ പുസ്തകം, പു. 823.

57.മേഴ്സി കെ വി,സ്ത്രീസങ്കല്പം ആനന്ദിന്റെ നോവലുകളിൽ-ഗവേഷണപ്രബന്ധം,( കേരള സാഹിത്യ .അക്കാദമി, തൃശ്ശൂർ,2006), പുറം-19

58.*മനുസ്മൃതി,* വ്യാഖ്യാ:പ്രൊഫ. എൻ. ഗോപിനാഥൻ നായർ, (വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ,1997)പു. 92.

59. *യജുർവ്വേദസംഹിത,*എ.വി. രാധാകൃഷ്ണ വൈദിക്,സൂക്തം 50, പു 147.

60.ഡോ. കെ.ബി. ശ്രീദേവി,കേരളത്തിലെ നമ്പൂതിരിസ്ത്രീകളുടെ ഗതകാല ചരിത്രവും വർത്തമാനാവസ്ഥയും, *500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ,* (എഡി) വി.ജെ.വർഗീസ്,ഡോ.എൻ. വിജയമോഹനൻപിള്ള, ഡോ.സ്കറിയാ സക്കറിയ (താരതമ്യപഠനസംഘം,ചങ്ങനാശ്ശേരി,കറൻറ് ബുക്ക്സ്, കോട്ടയം, 1999), പു.296.

61.*ശാംകരസ്മൃതി(ലഘുധർമ്മ പ്രകാശിക),*പൂർവ്വഭാഗം, ഭാ.വ്യാ.ടി.സി. പരമേശ്വരൻ മൂസ്സത്,പുനരച്ചടി പരിശോധകൻ ചെറായി രാമദാസ്,(സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം,2017),പു. 149.

62. ഡോ. കെ.ബി. ശ്രീദേവി,കേരളത്തിലെ നമ്പൂതിരിസ്ത്രീകളുടെ ഗതകാല ചരിത്രവും വർത്തമാനാവസ്ഥയും, *500 വർഷത്തെ കേരളം ചില അറിവടയാള*

*ങ്ങൾ,* (എഡി) വി.ജെ.വർഗീസ്,ഡോ.എൻ. വിജയമോഹനൻപിള്ള, ഡോ.സ്കറിയാ സക്കറിയ (താരതമ്യപഠനസംഘം,ചങ്ങനാശ്ശേരി,കറൻറ് ബുക്ക്സ്, കോട്ടയം, 1999), പു.297.

63. തുഞ്ചത്ത് എഴുത്തച്ഛൻ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്,പരിശോധകൻ: എ. ഡി.ഹരിശർമ്മ.(സാഹിത്യപ്രവർത്തക സഹകരണസംഘം,നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം,2016)പു.172.

64. അതേ പുസ്തകം, പു.183,209.

65.അതേ പുസ്തകം, പു.174

66. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിതസംസ്കരണം:ഡോ പി. എം വിജയപ്പൻ,( കറൻറ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998),പു. 342.

67.ഉഷ.ഡോ, പി. *എഴുത്തച്ഛന്റെ ഭക്തിയും ദർശനവും* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം 2003)പു.155-156

68. അതേ പുസ്തകം, പു.156

69.ബാലകൃഷ്ണൻ പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (ഡി.സി.ബുക്ക്സ്. കോട്ടയം,2015),പു.127

70.അച്യുതമേനോൻ,ചേലനാട്ട്. *എഴുത്തച്ഛനും കാലവും.* (കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം,2015)പു.166

71. കാമസൂത്രം സംസ്കൃതഭാഷയിലെഴുതിയ കൃതിയാണ്. ചർവാകനായിരുന്ന വാത്സ്യായനമഹർഷിയാണ് അതിന്റെ രചയിതാവ്.അതിന്റെ ഏഴ് അധികരണങ്ങളിലായി 37 അദ്ധ്യായ ങ്ങൾ ഈ കൃതിയിലുണ്ട്. നാലാം അധികരണത്തിലാണ് ഭാര്യാധർമ്മങ്ങൾ വിവരിച്ചിട്ടുള്ളത്.

ഭാര്യാധർമ്മം,വാത്സ്യായന സൂത്രങ്ങൾ, വ്യാ: കെ. രാമകൃഷ്ണപിള്ള,(നേറ്റീവ് പ്രസ്സ്, തിരുവനന്തപുരം, 1902),1- 21.

72.ജെ. ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ?*(കേരള ശാസ്ത്ര സാഹിത്യപരിഷത്,തൃശ്ശൂർ,2015 ), പു.101.

73.ഏ. ആർ. രാജരാജവർമ്മ,കേരളപാണിനീയം,പു.

74.*ഋഗ്വേദസംഹിത,* വിവ:വള്ളത്തോൾ നാരായണമേനോൻ, (1955; പുനർ മുദ്രണം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ട യം,2016 ), ഋക്: 10-95-15,പു.791.

75. അതേ പുസ്തകം, പു. ഋക്:10-10,പു. 631-633.

76. ബൃഹദാരണ്യകോപനിഷത്ത്, വ്യാഖ്യാ:മൃഡാനന്ദസ്വാമികൾ, (ശ്രീരാമകൃഷ്ണാശ്രമം,തൃശൂർ,1992),പു.272.

77. ഉമ ചക്രവർത്തി, *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ,* വിവ:പി.എസ് മനോജ്കുമാർ(മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്,2008),പു.33

78. ഭാസനാടകചക്രം ജന:എഡിറ്റർ ഡോ ടി ഭാസ്കരൻ, (കറൻറ് ബുക്ക്സ്,തൃശ്ശൂർ, 1987). പുറം-18.

79. അതേ പുസ്തകം,പു. 278.

80.സാമൂഹികഭാഷാവിജ്ഞാനം-ഡോ. ഉഷാനമ്പൂതിരിപ്പാട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, ഒന്നാംപതിപ്പ്,1994, പു.85

81. ഉണ്ണിയച്ചീ ചരിതം,വ്യാഖ്യാ: ഡോ. എൻ. ഗോപിനാഥൻ നായർ, (സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം,2016), പു.101.

82. ഉണ്ണിച്ചിരുതേവീ ചരിതം, വ്യാഖ്യാ:ചാത്തനാത്ത് അച്യുതനുണ്ണി, എം. ആർ. രാഘവവാര്യർ,( സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം),പു. 60-62.

83.ഷനോജ് എം. പി., 'സാമൂഹിക നവോത്ഥാനം മലയാളനോവലുകളിൽ' , (ഗവേഷണപ്രബന്ധം,കേരളസാഹിത്യ അക്കാദമി, തൃശൂർ),പുറം-60,61

84. കെ. എം. പണിക്കർ,ആത്മകഥ,(മംഗളോദയം, തൃശ്ശൂർ,1967),പു. 10-11

85. ലളിതാംബികാ അന്തർജ്ജനം, ആത്മകഥയ്ക്കൊരു ആമുഖം, (സാഹിത്യപ്രവർത്തകസംഘം,നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 1979) പു-92.

86.ഡോ.ഉഷാനമ്പൂതിരിപ്പാട്,*സാമൂഹികഭാഷാവിജ്ഞാനം,*(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994), പു.82 -94.

87.ഡോ. പി.എം.ഗിരീഷ്, *അധികാരവും ഭാഷയും*,(ഐ ബുക്ക്സ് കേരള,വിബ്ലിയോർ പ്രിൻ്റ് ഇന്നോവേഷൻസ്,കോഴിക്കോട്,2015),പു.58,167,177.

88. രാമചരിതം,വ്യഖ്യാനം-പി വി കൃഷ്ണൻ നായർ,പു. 754 ,755

89. കണ്ണശ്ശരാമായണം, വ്യാ: പുതുശ്ശേരി രാമചന്ദ്രൻ, ആമുഖം, (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2013),പു.60.

90. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിതസംസ്കരണം:ഡോ പി. എം വിജയപ്പൻ,( കറൻറ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998),പു.133 ,134.

91. അതേ പുസ്തകം, ഒരു.342.

92. ഡോ. പി. സോമൻ, *ദേവദാസികളും സാഹിത്യചരിത്രവും,* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2014), പു.85-109.

93. വൈശികതന്ത്രം,പു.35

94.ഡോ. എം ആർ. രാഘവവാര്യർ,വടക്കൻ പാട്ടുകളിലെ പണിയാല

95. ഇളംകുളം കുഞ്ഞൻപിള്ള, *കേരളത്തിലെ ഇരുളടഞ്ഞ ഏടുകൾ,* പു-81.

96.ഡോ. കെ എം ജോർജ്ജ്, *ആദ്യകാലമണിപ്രവാളം*,സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,(സാഹിത്യപ്രവർത്തകസഹകരണസംഘം,കോട്ടയം, 2017) പു-199

97.എൻ. കൃഷ്ണപിള്ള,*അച്ചീചരിതങ്ങൾ,* കൈരളിയുടെകഥ,(ഡിസി ബുക്ക്സ്, കോട്ടയം,2016)പുറം-68

# അധ്യായം രണ്ട്

# ശാകുന്തള കഥയുടെ പുനർനിർമ്മിതി - ഒരു അവലോകനം

ഒന്നേകാൽ ലക്ഷം ശ്ലോകങ്ങൾ, രണ്ടായിരത്തി നാനൂറ്റി നാല്പ ത്തിരണ്ട് അധ്യായങ്ങൾ, നൂറിൽപ്പരം ഉപപർവ്വങ്ങൾ, പതിനെട്ട് പർവ്വങ്ങൾ, ആയിരത്തിലധികം ഉപാഖ്യാനങ്ങൾ-എന്നിവയുൾക്കൊള്ളുന്ന ബൃഹദ്ഗ്രന്ഥ മാണ് മഹാഭാരതം. മഹാഭാരതത്തിലെ ഭീഷ്മോല്പത്തി മുതൽ യുധിഷ്ഠിരന്റെ സ്വർഗ്ഗാരോഹണം വരെയുള്ള കേന്ദ്രകഥയും, ഉപകഥകളും, ഇന്ത്യയിലെ എല്ലാത്തരം പ്രാദേശിക സാഹിത്യരൂപങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മലയാ ളത്തിലും കണ്ണശ്ശകൃതികൾ മുതൽ വൈവിധ്യമാർന്ന രചനാ ശൈലികളിൽ വ്യത്യസ്ത ഭാവനകളിൽ മഹാഭാരതകഥകൾ ആവിഷ്കരിച്ചിട്ടുണ്ട്. വ്യാസഭാ രതത്തിന്റെ നേരിട്ടുള്ള വിവർത്തനം, സ്വതന്ത്രപുരാനാവിഷ്കരണം എന്നി ങ്ങനെ രണ്ടു വിധത്തിലാണ് ഇതിഹാസങ്ങളെയും അതിലെ ഉപകഥകളെയും എഴുത്തുകാർ ഉപജീവിച്ചു കാണുന്നത്. മലയാളത്തിൽ കുഞ്ഞിക്കുട്ടൻ തമ്പു രാൻ, വള്ളത്തോൾ നാരായണ മേനോൻ, വിദ്വാൻ കെ പ്രകാശം തുടങ്ങിയ വരാണ് നേരിട്ടുള്ള വിവർത്തനം നിർവ്വഹിച്ചത്. കണ്ണശ്ശന്മാർ, എഴുത്തച്ഛൻ, ഉണ്ണായി വാര്യർ, കുഞ്ചൻനമ്പ്യാർ തുടങ്ങിയവർ മഹാഭാരതത്തിലെ പ്രധാനകഥയുടെയോ ഉപകഥയുടെയോ സ്വേച്ഛാനുസരണമുള്ള പുനരാവിഷ്ക രണം നടത്തിയവരാണ്.

## 2.1 വ്യാസഭാരതവും ശാകുന്തളോപാഖ്യാനവും

വ്യാസമഹാഭാരതത്തിൽ ശകുന്തളോപാഖ്യാനം പൂരുവംശകഥയു ടെ ഭാഗമായാണ് വിവരിച്ചിരിക്കുന്നത്. ആദിപർവം 68 മുതൽ 74 വരെയുള്ള ഏഴധ്യായങ്ങളിൽ മുന്നൂറ്റിഇരുപത്തേഴു ശ്ലോകങ്ങളിലായാണ് പ്രസ്തുത ഉപാ ഖ്യാനം നിബന്ധിച്ചിട്ടുള്ളത്. ശാകുന്തളകഥയുടെ ആരംഭം, പൂർവ്വ ഇതിഹാസ കാല (Pre-epic period)ത്തിലാണെന്ന് റൊമീള ഥാപ്പർ പറയുന്നു: ശകുന്തളയെ ക്കുറിച്ച് ശതപഥ ബ്രാഹ്മണത്തിൽ പറയുന്നുണ്ട്. അതിൽ അവളെ, ഉൽകൃഷ്ട ഗോത്രത്തിൽപ്പെട്ട ഭാരതരുമായിട്ടാണ് ബന്ധപ്പെടുത്തിയിട്ടുള്ളത്. ശാകുന്തള

കഥയുടെ മറ്റൊരു പരാമർശം, ഐതരേയ ബ്രാഹ്മണത്തിലാണ്. എല്ലാ ദിക്കുകളും കീഴടക്കിയ ദീർഘതമസ്സിനാൽ രാജ്യാഭിഷിക്തനാക്കപ്പെട്ട, ഭരതനെക്കുറിച്ചാണ് പ്രസ്തുതകൃതിയിൽ പരാമർശിക്കുന്നത്. 2

ശകുന്തളാദുഷ്യന്തമാരുടെ ജീവിതവും പ്രണയവും പരിണതികളുമാണ് ശാകുന്തളോപാഖ്യാനത്തിലെ പ്രമേയം. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വ്യാസഭാരതം വിവർത്തനത്തിൽ ശകുന്തളോപാഖ്യാനം;

1. ദുഷ്യന്തന്റെ നായാട്ട്
2. കണ്വതപോവനവർണ്ണന
3. മേനകാപ്രേഷണം
4. ശകുന്തളയുടെ ജനനകഥ
5. ശകുന്തളയുടെ ഗാന്ധർവ്വവിവാഹം
6. ശകുന്തളാസ്വീകാരം

എന്നിങ്ങനെ ആറു ശീർഷകത്തിലാണ് ചേർത്തിട്ടുള്ളത്.3

പുരുവംശത്തിൽ ജനിച്ച ദുഷ്യന്തരാജാവിന്റെ അതിശക്തമായ നായാട്ടു വർണ്ണനയോടെയാണ് പ്രസ്തുത ഉപാഖ്യാനം ആരംഭിക്കുന്നത്. നായാട്ടിനിടെ ദുഷ്യന്തൻ കണ്വാശ്രമത്തിലെത്തുകയും, തപസ്വിനീരൂപം പൂണ്ട കന്യകയായ ശകുന്തളയെ കാണുകയും ചെയ്തു. ബ്രഹ്മചാരിയായ കണ്വമുനിയ്ക്ക് എപ്രകാരമാണ് ഒരു മകൾ ജനിക്കുകയെന്ന രാജാവിന്റെ ചോദ്യത്തിന്, താൻ മേനകാ വിശ്വാമിത്രന്മാരുടെ പുത്രിയും, കണ്വമുനിയുടെ വളർത്തുപുത്രിയുമാണെന്നാണ് ശകുന്തള മറുപടി നൽകുന്നത്. ശകുന്തള ക്ഷത്രിയസ്ത്രീ തന്നെയായതിനാൽ അവളെ ഗാന്ധർവ്വവിധിപ്രകാരം വിവാഹം കഴിക്കാൻ ആഗ്രഹിച്ച രാജാവ്, അവളോട് അനുമതി ചോദിച്ചു. തന്റെ പുത്രനെ രാജാവാക്കണമെന്ന നിബന്ധനയിൽ ശകുന്തള ഗാന്ധർവവിവാഹത്തിന് സമ്മതിച്ചു. ശകുന്തളയെ ഉചിതസമയത്ത് യഥാവിധി സ്വരാജധാനിയിലേക്ക് കൂട്ടിക്കൊണ്ടു പോകാമെന്ന് രാജാവ് ഉറപ്പു നൽകി. ദിവ്യദൃഷ്ടിയാൽ കാര്യങ്ങൾ

മനസ്സിലാക്കിയ കണ്വൻ സന്തുഷ്ടനാവുകയും, 'കരുത്തനും കീർത്തിമാനുമായ പുത്രൻ ഉണ്ടാകട്ടെ 'എന്ന് ശകുന്തളയെ അനുഗ്രഹിക്കുകയും ചെയ്തു. ശകുന്തളയുടെ കുഞ്ഞ് സർവ്വദമനൻ എന്ന പേരിൽ അറിയപ്പെട്ടു. ഹിംസ്രജന്തുക്കളുമായി അടുപ്പമുള്ള ബാലന്റെ  വിവരണം മഹാഭാരതത്തിൽ വ്യാസൻ പ്രത്യേകം ചേർത്തിട്ടുണ്ട്. പിന്നീട് ശകുന്തളയേയും പുത്രനെയും കണ്വൻ ദുഷ്യന്തരാജസന്നിധിയിലേക്ക് അയച്ചു. രാജാവ് നടന്ന വസ്തുതകളൊന്നും ഓർമ്മയില്ലാത്തതു പോലെ അവളെ അധിക്ഷേപിച്ചു. ശകുന്തളയ്ക്ക് ദേഷ്യവും അപമാനവും  ഉണ്ടായെങ്കിലും സംയമനം പാലിച്ച് രാജാവിനെ ചോദ്യം ചെയ്യുന്നു. തന്റെ  പാതിവ്രത്യത്തെയും, പുരുഷജീവിതത്തിൽ ഭാര്യയ്ക്കും മകനുമുള്ള പ്രാധാന്യത്തെ പറ്റിയും അവൾ വിവരിക്കുന്നു. എന്നാൽ രാജാവ് അവരെ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. മാത്രമല്ല അവരെ അധിക്ഷേപിക്കുകയും ചെയ്യുന്നു. അത്തരം അധിക്ഷേപങ്ങളെ ശകുന്തള അതിശക്തമായ ഭാഷയിൽ ചോദ്യം ചെയ്യുന്നു. രാജാവിനേക്കൾ മികച്ചതാണ് തന്റെ  ജന്മമെന്ന് വാദിക്കുന്നു. വാഗ്ദാനലംഘകനായ രാജാവിനെ അതേരീതിയിൽ വിമർശിച്ചശേഷം പോകാൻ തുടങ്ങുമ്പോൾ, 'ശകുന്തള പറഞ്ഞതെല്ലാം ശരിയാണെ'ന്ന അശരീരിയുണ്ടാകുന്നു. ആചാര്യന്മാർ നിറഞ്ഞ സദസ്യരോട് ദേവവാക്യം കേൾക്കാനും, പുത്രനെയും ശകുന്തളയെയും സ്വീകരിക്കാനും രാജാവ് അപേക്ഷിക്കുന്നു. പിന്നീട് ദുഷ്യന്തപുത്രനായ സർവ്വദമനനെ ഭരതനെന്ന പേരിൽ യുവരാജാവായി വാഴിക്കുന്നു.

പ്രശസ്തനിരൂപകനായ ജോസഫ് മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിൽ, വ്യാസഭാരതത്തിലെ ശകുന്തളയുടെ നിർമ്മിതി ഇപ്രകാരം ക്രോഡീകരിക്കാം.

1. ശകുന്തള ഒന്നാന്തരം തൻറേടക്കാരിയാണ്.
2. ദുഷ്യന്തനോട് മുഖാമുഖം സംസാരിക്കുന്നു.
3. ഗന്ധർവ്വത്തിന് മുമ്പ് തന്റെ  ഭാവിയെ മുൻനിർത്തി വാഗ്ദാനങ്ങൾ വാങ്ങുന്നു.

4. കാമിനിയുടെ പ്രേമത്തെക്കാൾ ഒരമ്മയുടെ ധാർമ്മികരോഷമാണു ള്ളത്.
5. ഒരു റൊമാൻറിക് ലൗവിൽ സ്വയം അബലയായിത്തീരുന്നവളല്ല.
6. പുരുഷന്റെ അധിനായകത്വത്തെ സാധൂകരിക്കാനോ സ്ത്രീയുടെ സ്വതഃസിദ്ധമായ തൻറേടത്തെയും അവകാശബോധത്തെയും അസാധുവാക്കാനോ മഹാഭാരതകാരൻ ശ്രമിച്ചില്ല എന്നുകൂടെ മുണ്ടശ്ശേരി നിരീക്ഷിക്കുന്നുണ്ട്.**4**

**2.2 കാളിദാസന്റെ നാടകനിർമ്മിതി**

വ്യാസഭാരതത്തിൽ നിന്ന് വ്യത്യസ്തമായി ഇതിഹാസഉപാഖ്യാനത്തിനു പ്രസിദ്ധമായ പുനർനിർമ്മിതി നൽകിയത് കാളിദാസനാണ്. സംസ്കൃതനാടകങ്ങളിൽ വളരെ പ്രസിദ്ധമാണ് അദ്ദേഹത്തിന്റെ അഭിജ്ഞാനശാകുന്തളം. മഹാഭാരതത്തിലെ കഥാഭാഗത്തിൽ അനവധി സംഘർഷാത്മകരംഗങ്ങൾ കൂട്ടിച്ചേർത്താണ് ശാകുന്തള നാടകം നിർമ്മിച്ചത്. കഥാപാത്രങ്ങളെ കൂട്ടിച്ചേർക്കാനും പ്രമേയത്തിൽ വലിയമാറ്റങ്ങൾ വരുത്താനും അദ്ദേഹം ശ്രമിച്ചു. ഏഴ് അങ്കങ്ങളിലായാണ് അഭിജ്ഞാനശാകുന്തളം നാടകം വിഭജിച്ചത്. ശാന്തമായ കണ്വാശ്രമപരിസരത്ത് നായാട്ടിനായി എത്തുന്ന ദുഷ്യന്തൻ, മുനികുമാരന്മാരുടെ ക്ഷണപ്രകാരം ആശ്രമത്തിനകത്ത് പ്രവേശിക്കുന്നതും ശകുന്തളയുമായി പ്രണയബദ്ധനാകുന്നതും, ഗാന്ധർവ്വവിധി പ്രകാരം വിവാഹിതരാകുന്നതും, വേർപിരിയുന്നതുമാണ് ആദ്യത്തെ മൂന്ന് അങ്കങ്ങളിലെ പ്രതിപാദ്യം. ആശ്രമ ത്തിൽ നിന്ന് ഭർത്തൃഗൃഹത്തിലേക്ക് ശകുന്തളയെ പറഞ്ഞയക്കുന്ന നാടകീയ മുഹൂർത്തങ്ങളാണ് നാലാമങ്കം. രാജകൊട്ടാരത്തിൽ വച്ച് ശകുന്തളയും ദുഷ്യന്തനും പരസ്പരം അഭിമുഖീകരിക്കുന്ന അഞ്ചാമങ്കം കൂടുതൽ സംഘർഷാത്മകമാണ്. അഭിജ്ഞാന മോതിരത്താൽ ശകുന്തളാവൃത്താന്തമെല്ലാം ഓർമ്മ വന്ന് ദു:ഖിതനായ ദുഷ്യന്തനെ, പിന്നീട് അസുരനിഗ്രഹത്തിനായി ഇന്ദ്രസദസ്സിലേക്ക് കൊണ്ടു പോകുന്നത് ആറാമങ്ക

ത്തിലാണ് വിവരിക്കുന്നത്. ശുഭപര്യവസായിയായ ഏഴാമങ്കത്തിൽ ശകുന്ത ളാദുഷ്യന്തന്മാരുടെ പുനസ്സമാഗമം രേഖപ്പെടുത്തിയിരിക്കുന്നു. മുണ്ടശ്ശേരി യുടെ നിരീക്ഷണത്തിൽ പ്രധാനമായി നാലു കാരണങ്ങളാലാണ് മഹാഭാരത കഥയിൽ കാളിദാസൻ മാറ്റങ്ങൾ വരുത്തിയത്. ഒന്ന്-ബൗദ്ധദർശനത്തിൽ പ്രധാനപ്പെട്ട 'വൈരാഗ്യ'ത്തിനെതിരായി 'ഗാർഹസ്ഥ്യ'ത്തിന് പ്രാധാന്യം നൽ കിയ കവിയാണ് കാളിദാസൻ. രണ്ട് -ഉത്തമ ഗാർഹസ്ഥ്യത്തിൽ ശരീരമാത്ര നിഷ്ഠമായ സ്ത്രീപുരുഷബന്ധത്തിൽ നിന്ന് വ്യത്യസ്തമായി ഉദാത്തമായ സംശു ദ്ധിയുടേതായ അവസ്ഥ ഉണ്ടായി വരുന്നു. മൂന്ന്-സംസ്കാരദീപ്തനായ മനുഷ്യ ൻ സാമൂഹ്യജീവിയാകാനുള്ള തിടുക്കത്തിൽ കൃത്രിമമായി നിർമ്മിച്ചെടുത്ത താൽപര്യങ്ങളിൽ ഒന്നാണ് പ്രേമം. നാല്- കൃത്രിമമായി ഉണ്ടാക്കിയെടുത്ത വയെല്ലാം മാനവസംസ്കാരത്തിന്റെ നേട്ടങ്ങളാണ്. ഇപ്രകാരം പ്രത്യേക സാംസ് കാരികലക്ഷ്യങ്ങൾ ശാകുന്തളോപാഖ്യാനത്തിന്റെ പുനരാവിഷ്കരണത്തിന് കാളിദാസനെ പ്രേരിപ്പിച്ചിരിക്കാനിടയുണ്ട്.**5**

കേരളത്തിൽ കൊളോണിയൽ ആധുനികതയോടെ ഇതിഹാ സാദികളിലെ പ്രധാനകഥകൾക്കും ഉപകഥകൾക്കും അതിലെ സവിശേഷ മായ കഥാപാത്രങ്ങൾക്കും വളരെ പ്രാധാന്യം ലഭിക്കുകയുണ്ടായി. വൈദേശി കജ്ഞാനമണ്ഡലത്തിനു ബദലായി സ്വദേശീയ അപരങ്ങളെ കണ്ടെത്തുന്ന തും വ്യാഖ്യാനിക്കുന്നതും മാതൃകാനിർമ്മിതികൾ നടത്തിയെടുക്കുന്നതും ഇക്കാലത്താണ്. മഹാഭാരതത്തിലെ ഉപകഥയായ ശാകുന്തളോപാഖ്യാനത്തെ ഉപജീവിച്ച് കാളിദാസൻ രചിച്ച അഭിജ്ഞാനശാകുന്തളത്തിന് ആധുനികതാ വ്യവഹാരങ്ങൾക്കിടയിൽ വലിയ പദവി ലഭിച്ചത് മാരാർ ചൂണ്ടിക്കാണി ക്കുന്നുണ്ട്:-

'വിശ്വസാഹിത്യത്തിൽ ഭാരതീയസാഹിത്യത്തിനുള്ള സ്ഥാനം,അതിൽ കാളിദാസാദികൾക്കുള്ള സ്ഥാനം, അവയിൽ ശാകുന്തളത്തിനുള്ള സ്ഥാനം എന്നിവയെപ്പറ്റിയെല്ലാം ഇനി വാഴ്ത്തുവാൻ ബാക്കിയില്ല.പാശ്ചാത്യരും പൗരസ്ത്യ രുമായ-സർ ഡബ്ല്യൂ ജോൺ ഗോയ്ഥെ, മോണിയർ വില്യംസ്, ഹംബോൾട്,

ഡോ.ഷെഗൽ,മാക്സ് മുള്ളർ, കീത്ത്, മക്ഡൊണാൾഡ്, ബങ്കിം ചന്ദ്ര ചാറ്റർജി, ദ്വിജേന്ദ്രലാൽ റോയി, രവീന്ദ്രനാഥ ടാഗോർ, ശ്രീ അരവിന്ദൻ, സരോജിനി നായിഡു മുതലായ- വളരെ വലിയ വലിയ ആളുകൾ അതിനെ പറ്റി എഴുതിയിട്ടുള്ളവ കൊണ്ട് ശാകുന്തള പ്രശംസാ ഭണ്ഡാഗാരം തിങ്ങിനിറഞ്ഞിരിക്കുന്നു.' **6**

ദുഷ്യന്തൻ എന്ന രാജാവ്, സ്ത്രീയെന്ന നിലയിൽ ശകുന്തള, വ്യാസഭാരതവും കാളിദാസനാടകവും തമ്മിലുള്ള വ്യതാസങ്ങൾ-തുടങ്ങി നിരവധി ഘടകങ്ങൾ പിൽക്കാലത്തു പരിശോധനവിഷയങ്ങളായി. വൈദേശികവും സ്വദേശീയവുമായ വിചാരധാരകൾ ഇത്തരം വിലയിരുത്തലുകൾക്ക് നിദാനമായി. മുണ്ടശ്ശേരിയുടെ 'കാലത്തിന്റെ കണ്ണാടി' (1954) എന്ന നിരൂപണഗ്രന്ഥത്തിൽ വ്യാസശാകുന്തളവും കാളിദാസശാകുന്തളവും തമ്മിൽ താരതമ്യം ചെയ്ത് വിലയിരുത്തുന്നുണ്ട്. പ്രസ്തുത പഠനത്തിലെ നിരീക്ഷണങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം.

മുണ്ടശ്ശേരി; 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന പഠനം കവി സാമൂഹിക ജീവിയാണെന്ന അടിസ്ഥാനനിലപാടിലൂന്നിയാണ് നടത്തിയത്. സമൂഹമനസ്സിന്റെ സ്വാധീനം സാഹിത്യകാരന്മാരിൽ ഉണ്ടാകുമെന്നും അത് കാളിദാസന്റെ ശാകുന്തളത്തിലും ഉണ്ടാകുമെന്നും അദ്ദേഹം കരുതി. അഭിജ്ഞാനശാകുന്തളകഥയിൽ ഗാന്ധർവ്വവിവാഹത്തിലെ പൊള്ളത്തരം വേർപാടിന്റെ പൊള്ളുന്ന മാനസികാവസ്ഥയിൽ പരിഹരിക്കപ്പെട്ട് പുനഃസമാഗമനത്തോടെ കലർപ്പറ്റ അനുരാഗമായി ജീവിതം മുഴുവൻ നീണ്ടു നിൽക്കുന്ന സ്നേഹമായി പരിണമിക്കുകയുമാണ് ചെയ്യത്. ഇത് കാളിദാസീയ സംസ്കാരത്തിന്റെ ജീവനായിത്തന്നെ മുണ്ടശ്ശേരി കണക്കാക്കുന്നുണ്ട്. സ്ത്രീപക്ഷത്തു നിന്ന് നോക്കുന്ന മുണ്ടശ്ശേരി വ്യത്യസ്തമായ നിലപാടാണ് തുടർന്ന് സ്വീകരിക്കുന്നത്. നാടുവാഴി പ്രഭുക്കന്മാർ നായാട്ടിനും മറ്റും പോകുമ്പോൾ കണ്ടെത്തുന്ന കന്യാജനങ്ങളെ കാമപൂർത്തിക്കു വേണ്ടി യഥേഷ്ടം ഉപയോഗപ്പെടുത്തിയിരുന്നു. കാര്യം കഴിഞ്ഞിട്ടൊടുവിൽ മാറാപ്പേറ്റേണ്ടി വരുന്ന

കന്യാജനങ്ങൾ വാഗ്ദാനങ്ങൾ പാലിച്ചുകിട്ടുവാനും അവകാശങ്ങൾ നേടിയെടുക്കാനുമായി കയറിച്ചെല്ലുമ്പോൾ അത്തരം കാമുകന്മാർ കൈമല ർത്താറുണ്ടെന്ന വസ്തുതയാണ് മഹാഭാരതത്തിൽ മറച്ചുവെക്കാതെ പറഞ്ഞത്. സത്യ മര്യാദകൾക്കെതിരായി ദുഷ്യന്തൻ കള്ളം പറഞ്ഞത് മനുഷ്യരെ ഭയന്നിട്ടാണ്. സ്വേച്ഛാപ്രഭുക്കന്മാരുടെ തൊലി പൊളിച്ചുകാട്ടി നാണം കെടുത്തി നന്നാക്കണമെന്നായിരിക്കണം മഹാഭാരതകാരൻ ഉദ്ദേശിച്ചത്. പുരുഷന്റെ അധിനായകത്വത്തെ സാധൂകരിക്കാനോ സ്ത്രീയുടെ സ്വതഃസിദ്ധമായ തൻറേടത്തെയും അവകാശബോധത്തെയും അസാധുവാക്കുവാനോ മഹാഭാരതകാരൻ ശ്രമിച്ചില്ല എന്നുകൂടെ മുണ്ടശ്ശേരി നിരീക്ഷിക്കുന്നുണ്ട്. എന്നാൽ അഭിജ്ഞാനശാകുന്തളത്തിലെ സാമൂഹികനിർമ്മിതി ശകുന്തളയ്ക്കെതിരെ സ്വീകരിച്ച നിലപാടുകൾ അഭിജ്ഞാനശാകുന്തളത്തിൽ നിന്ന് മുണ്ടശ്ശേരി വേർതിരിച്ചെടുക്കുന്നുണ്ട്. അവ ഇപ്രകാരമാണ്:-

1. സ്ത്രീയുടെ സാമൂഹികപദവി താഴെ ആക്കി.
2. ദുർവ്വാസാവിന്റെ കഥ ശകുന്തളയ്ക്ക് എതിരാണ്. സ്ത്രീയുടെ ശ്രദ്ധക്കുറവ് വിമർശിക്കപ്പെടുന്നു.
3. ദുഷ്യന്തന്റെ ശകുന്തളനിരാസം മഹാഭാരതത്തിലെപ്പോലെ അധർമ്മഭീതി കൊണ്ടല്ല, മറിച്ച് ദുർവ്വാസാശാപത്താൽ പൂർവ്വകഥ വിസ്മരിച്ചതിനാലാണ്.
4. ശാപമോക്ഷത്തിനാധാരമായ വാഗ്ദാനങ്ങൾ ശകുന്തളയിൽ നിന്നും മറച്ചു വെയ്ക്കപ്പെടുന്നു.
5. രാജാവിനാൽ മാത്രമല്ല,സ്വജനങ്ങളാലും ശകുന്തള വിമർശനവിധേയയാകുന്നു.
6. സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യം നിരസിക്കപ്പെടുന്നു.
7. സ്ത്രീയെ പുരുഷന്റെ ഉപഭോഗ്യവിഭവങ്ങളിൽ ഏറ്റവും മികച്ച ഒന്ന് മാത്രമാക്കി.

8. ദുഷ്യന്തൻ എന്ന പുരുഷനെ മാത്രം ബാധിക്കുന്ന ഒന്നാക്കി ശാകുന്തള കഥയെ രൂപമാറ്റം വരുത്തി.

സ്ത്രീവാദപരമായ നിരീക്ഷണങ്ങൾ കേരളത്തിൽ ശക്തമാകുന്നതിനു മുമ്പു തന്നെ മുണ്ടശ്ശേരി രചിച്ച നിരൂപണമാണിത്. ആത്യന്തികമായി ചൂഷണമനുഭവിക്കുന്ന വർഗ്ഗത്തെ അഭിസംബോധന ചെയുന്ന പ്രത്യയശാസ്ത്ര നിലപാട് വിമർശകനിലുള്ളതു കൊണ്ടാണ് കാളിദാസന്റെ പക്ഷപാതപരതയെ ചോദ്യം ചെയാൻ അദ്ദേഹത്തിന് കഴിഞ്ഞതെന്ന് നിരീക്ഷിക്കാം. മഹാഭാരതകാലത്തു നിന്നും വ്യത്യസ്തമായി കുറേക്കൂടെ സംസ്കാരസമ്പന്നനാകാൻ ശ്രമിച്ച പുരുഷൻ സ്ത്രീയുടെ സഹജമായ തൻറേടത്തെയും സ്വാതന്ത്ര്യത്തെയും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു എന്നതാണ് വാസ്തവം. 7

കാളിദാസനെ വിമർശിച്ചുകൊണ്ടുള്ള മുണ്ടശ്ശേരിയുടെ നിലപാടുകളെ മാരാർ എതിർക്കുന്നുണ്ട്. ഇതിഹാസത്തിലോ നാടകത്തിലോ വിഷയാസക്തനായ സ്വേച്ഛാപ്രഭുവായി കാളിദാസൻ ദുഷ്യന്തനെ ചിത്രീകരിക്കുന്നില്ല. ശകുന്തളയെ താത്കാലികമായാണ് നിരസിക്കുന്നത്. അതാകട്ടെ, അവളുടെ നിശ്ചയദാർഢ്യം പരീക്ഷിക്കാനും ജനങ്ങളെ ബോധ്യപ്പെടുത്താനുമാണ് അപ്രകാരം ചെയ്തത്. മാരാർ പറയുന്നത് ഇതാണ്:-

1. സൈന്യത്തെ ഇന്ന സമയത്ത് അയക്കാം(ശകുന്തളയെ കൂട്ടി കൊണ്ട് വരാൻ) എന്ന് പറഞ്ഞിട്ടില്ല.
2. വനതരുണിയ്ക്ക് രാജ്യം വാഗ്ദാനം ചെയ്ത ദുഷ്യന്തന്റെ അതിസാഹസമായ നടപടിയുടെ അർഹത ശകുന്തളയിൽ പരീക്ഷിക്കേണ്ടതാണ്. അതുകൊണ്ടാണ് സൈന്യത്തെ വൈകിച്ചത്.
3. കാട്ടിലെ സ്ത്രീയ്ക്ക് രാജ്യം അർഹിക്കുന്നുണ്ടെങ്കിൽ അത്തരം പരീക്ഷണങ്ങളെ അവൾ നേരിടുക തന്നെ ചെയ്യും.
4. നാടകത്തിലെ ശകുന്തള തരളചിത്തയും സരളഹൃദയയുമാണ്.

5. നായകനെ വേണമെങ്കിൽ നമ്മുടെ ചിലർ ചെയ്യുമ്പോലെയും ശ്രീ.മുണ്ട ശ്ശേരി കാണുംപോലെയും കരുതിക്കൂട്ടി യുവതീവഞ്ചനം ചെയ്തു നടക്കു ന്ന ഒരുത്തനാക്കാമായിരുന്നു; പക്ഷെ അത് പിശാചകഥയേ ആവൂ. മനു ഷ്യകഥയാവില്ല.
6. ദുർവ്വാസാശാപം കേൾക്കാതിരുന്ന നായിക വികാരത്താൽ ദുർബലയാ ണ്. ഇതിഹാസത്തിലെ അശരീരിവാക്യത്തിനുള്ള പ്രാധാന്യം മാത്രം ദുർവാസാവിന്റെ ശാപത്തിന് നൽകിയാൽ മതി. അല്ലാതെ മുണ്ടശ്ശേരി കരുതുന്നത് പോലെ ആരിൽ നിന്നും ഒന്നും ഒപ്പിയെടുക്കാനുള്ളതല്ല ആ ശാപം.
7. വ്യാസൻ ചളിയിൽ ചവിട്ടാതെ അകന്നു നിന്നു. കാളിദാസൻ ചളിയിൽ ചവിട്ടി, കാൽ വെടിപ്പായി കഴുകി.8

മാരാരുടെ ഇത്തരം വാദങ്ങളൊന്നും മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങളെ മറി കടക്കാൻ പോന്നതായിരുന്നില്ല. സ്ത്രീയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെല്ലാം ബ്രാഹ്മണജ്ഞാനമണ്ഡലത്തിലെ പര മ്പരാഗതസങ്കല്പങ്ങൾ സ്വീകരിക്കുന്നവയാണ്. സ്ത്രീയെ കേവലം പരീക്ഷ ണവസ്തുവാക്കുന്ന നിലപാടുകളാണ് മാരാർ ഈ പഠനത്തിൽ സ്വീകരിച്ചതെ ന്ന നിരീക്ഷണം ശ്രദ്ധേയമാണ്.9 മാത്രമല്ല, ശകുന്തള എന്ന സ്ത്രീയെ രണ്ടാം തരമാക്കുന്ന കാളിദാസന്റെ 'പുളിങ്ങ' പ്രയോഗത്തിലെ ആശയം, മാരാരും ആവർത്തിച്ചിട്ടുണ്ട്. അഭിജ്ഞാന ശാകുന്തളം രണ്ടാം അങ്കത്തിൽ, ഈന്തപ്പഴം തിന്നു ചെടിച്ചവന് പുളിങ്ങ തിന്നാൽ കൊള്ളാമെന്ന് തോന്നാറുണ്ടെന്ന് പറയുന്നത്, വിദൂഷകനാണ്. നഗര-കാനനവ്യത്യാസം സ്ത്രീശരീരത്തിലാരോ പിച്ചും പുരുഷന്റെ കാമാസക്തി മുൻനിർത്തിയുമാണ് ഈ വിമർശനം വരു ന്നത്. പക്ഷെ സ്ത്രീകളെ വളരെ തരം താഴ്ത്തുകയും, അവരെ ശരീരത്തെ യും സാമൂഹിക ചുറ്റുപാടുകളെയും ആസ്പദമാക്കി വിലയിരുത്തുകയും ചെയ്ത തിൽ വലിയ അപാകതകൾ കാളിദാസൻ രണ്ടാംഅങ്കത്തിൽ വരുത്തിയിട്ടു

ണ്ട്. അതിനു സമാനമായി 1964 ൽ മാരാർ "കാട്ടിലെ സ്ത്രീയുടെ രാജ്യാർഹ യോഗ്യത അളക്കേണ്ട തുണ്ടെന്ന്" **10** പറയുമ്പോൾ സ്ത്രീയെ വിലയിരുത്താൻ പുരുഷനും അധികാര വ്യവസ്ഥയ്ക്കും തന്നെയാണ് അവകാശം എന്ന ചിന്ത ഉറപ്പിക്കുകയാണ്. മാരാരുടെ മനുഷ്യസങ്കല്പം അങ്ങനെ നോക്കുമ്പോൾ പുരുഷൻ മാത്രം ഉൾപ്പെടുന്നതാണ്. പുരുഷന്റെ നിരീക്ഷണത്തിലോ സംരക്ഷണത്തിലോ വിലയിരുത്തലിലോ മാത്രമാണ് സ്ത്രീ കടന്നു വരുന്നത്. അവൻ അളക്കുന്നതിനനുസരിച്ച് മാത്രമാണ് സ്ത്രീയ്ക്ക് മൂല്യം ലഭിക്കുന്നത്. മുണ്ടശ്ശേരിയുടെ സ്ത്രീപക്ഷസമീപനത്തിൽ നിന്നും വളരെ വ്യത്യസ്തവും പരമ്പരാഗത ധാരണകളിലധിഷ്ഠിതവുമാണ് മാരാരുടെ ശാകുന്തളപഠനം എന്ന് നിരീക്ഷിക്കാം.

ആദ്യകാല മാസികകളുടെ ഘട്ടം മുതലേ ശാകുന്തളകഥയെക്കുറിച്ച് ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സ്ത്രീയുടെ പദവിയെ മുൻനിർത്തി പരിശോധിച്ച നിരീക്ഷണങ്ങൾ കുറവായിരുന്നു. തൊള്ളായിരത്തിഅൻപതുകളോടെ രൂപപ്പെട്ട "പുരുഷന്റെ ചുമതല" യായ സ്ത്രീയെ അവലംബമാക്കി വ്യത്യസ്തവും പ്രസിദ്ധവുമായ രണ്ടു നിരീക്ഷണങ്ങളാണ് മുണ്ടശ്ശേരിയുടേതും മാരാരുടേതെന്നും കാണാം.

**2.3 എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനം**

മലയാളത്തിൽ എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിലാണ് ശാകുന്തളകഥയുടെ സ്വതന്ത്രപുനർനിർമ്മിതി ആദ്യമായി കാണുന്നത്. അതിനു മുമ്പ് രചിച്ചതും എഴുത്തച്ഛനെ സ്വാധീനിച്ചതുമായ ഭാരതമാലയിൽ ശാകുന്തളോപാഖ്യാനം ചേർത്തിട്ടില്ല. എന്നാൽ കണ്ണശ്ശഭാരതത്തിൽ ശകുന്തളോപാഖ്യാനം ചേർത്തിട്ടുമുണ്ട്. എഴുത്തച്ഛന്റെ ആധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട് എന്നീ കൃതികൾ ഇതിഹാസങ്ങളുടെ സ്വതന്ത്രവും

സംക്ഷിപ്തവുമായ പുനരാവിഷ്കാരമാണ്. ഇതിഹാസകഥകളെ മുഖ്യപ്രമേയമാക്കി, തന്റെ സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളിൽ നിന്നു കൊണ്ട് അവയ്ക്ക് പുനരാവിഷ്കരണം നൽകുകയായിരുന്നു അദ്ദേഹം ചെയ്തതെന്ന് കാണാം.

എഴുത്തച്ഛൻ മഹാഭാരതം സംഭവപർവ്വത്തിൽ ഇരുനൂറ്റി എൺപത്തിയൊൻപത് ഈരടിയിലാണ് ശാകുന്തളകഥ നിബന്ധിച്ചിട്ടുള്ളത്. വ്യാസഭാരത കഥയുടെ സ്വതന്ത്രവും സംക്ഷിപ്തവുമായ പുനർനിർമ്മിതിയാണ് അദ്ദേഹം നിർവഹിച്ചത്. മൂലകഥയിൽ അനാവശ്യമെന്നു തോന്നിയ ഭാഗങ്ങൾ അതേപടി ഉപേക്ഷിച്ചു. ഭക്തി, സദാചാരബോധനം, സത്യനീതി ധർമ്മാചരണം തുടങ്ങി തനിക്കു പറയാനുള്ള ഭാഗങ്ങൾ വിശദമായി ചേർത്തു. അതായത് വ്യാസഭാരതത്തിൽ നിന്നും പ്രധാന ആശയങ്ങൾ സ്വീകരിച്ചും ചിലത് തള്ളിക്കളഞ്ഞും തൻറേതായ കൂട്ടിച്ചേർക്കലുകൾ നടത്തിയും സർഗ്ഗാത്മകമായ പുനർനിർമ്മിതിയാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അദ്ദേഹം 'വിപുലന' ത്തിന് മാതൃകയാക്കിയത് കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകമാണെന്ന് ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ നിരീക്ഷിച്ചിട്ടുണ്ട്.11 എഴുത്തച്ഛൻ സംക്ഷേപണത്തിൽ വരുത്തിയ മാറ്റങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം:

- **മൂലകൃതിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ചില ഭാഗങ്ങൾ എഴുത്തച്ഛൻ ഒന്നോ രണ്ടോ വാക്യങ്ങളിലൊതുക്കി.**

1. (ഉദാ)ഭാരതത്തിൽ വിശദമായി വിവരിച്ചിട്ടുള്ള വനവർണ്ണനയും ദുഷ്യന്തന്റെ നായാട്ടും പത്തു വരികളിലാണ് അദ്ദേഹം ചേർത്തത്.
2. (ഉദാ) വിശ്വാമിത്രനെ വശഗനാക്കാൻ ഇന്ദ്രൻ മേനകയെ നിയോഗിക്കുന്ന ഭാഗം ഇരുരുവരുടെയും ദീർഘ സംഭാഷണങ്ങളാൽ നിബന്ധിതമാണ്. പ്രത്യേകിച്ചും മേനക അതിലെ ഭവിഷ്യത്തുകൾ ചൂണ്ടിക്കാണിക്കുന്ന ഭാഗങ്ങളും, വായുഭഗവാനോട് സഹായമഭ്യർത്ഥിക്കുന്ന ഭാഗങ്ങളും ഒഴി

വാക്കി.പ്രസ്തുത ഭാഗം എഴുത്തച്ഛൻ രണ്ട് ഈരടികളിലാണ് ചേർത്തി ട്ടുള്ളത്.**12**

- **മൂലകഥയിലെ ചിലഭാഗങ്ങൾ പൂർണ്ണമായും ഒഴിവാക്കി.**

1. (ഉദാ) ശകുന്തളാസ്വീകരണത്തിനായി അശരീരിയുണ്ടായ സന്ദർഭ ത്തിൽ, ശകുന്തളാവൃത്താന്തം തനിക്കറിയാമായിരുന്നിട്ടും പറയാ തിരുന്നത് സദസ്യരിൽ ശകുന്തളയെപ്രതി, ദുർവിചാരശങ്ക ഭയന്നിട്ടാ ണെന്ന മൂലത്തിലുള്ള ഭാഗം എഴുത്തച്ഛൻ ഉപേക്ഷിക്കുന്നു. പകരം അശരീരി കേട്ടയുടൻ തന്നെ സന്തോഷത്തോടെ പത്നിയോടും പുത്രനോടുമൊപ്പം കഴിഞ്ഞു പോന്നുവെന്നു പറഞ്ഞ് ആഖ്യാനം അവസാനിപ്പിക്കുന്നു.
2. (ഉദാ) മൂലകഥയിൽ ദുഷ്യന്തൻ ശകുന്തളയെ കണ്ടമാത്രയിൽ തനിക്ക് അനുരാഗമുണ്ടായതിനാൽ അവളാരാണെന്ന അന്വേഷണ മാണ് നടത്തുന്നത്. സ്വജന നകഥ അവൾ തന്നെ വിവരിച്ച ശേഷം മാത്രമാണ് ക്ഷത്രീയസ്ത്രീയാണെന്ന വിവരം വെളിപ്പെടുത്തുന്നത്. എന്നാൽ എഴുത്തച്ഛന്റെ ദുഷ്യന്തനാകട്ടെ, ക്ഷത്രിയ സ്ത്രീ കളിലല്ലാ തെ തനിക്ക് 'ചിത്തജതാപമുണ്ടാവില്ലെ'ന്ന് ഉറപ്പിക്കുന്നു. ഈ ഭാഗത്ത് എഴുത്തച്ഛൻ കാളിദാസന്റെ അഭിജ്ഞാനശാകുന്തളം ഉപജീവിച്ചിട്ടു ണ്ടെന്ന് ഡോ ടി ബി വേണുഗോപാലപ്പണിക്കർ അഭിപ്രായപ്പെടു ന്നുണ്ട്.**13**

ജനമേജയന്റെ ആവശ്യപ്രകാരം വൈശമ്പായനൻ പറയുന്ന രീതിയിലാണ് മഹാഭാരതകഥ മൂലകൃതിയിൽ നിബന്ധിച്ചിരിക്കുന്നത്. എന്നാൽ എഴുത്തച്ഛനാകട്ടെ, കിളിയോടുള്ള ഭാഷണം കഥാപാത്രങ്ങളുടെ സംഭാഷണം, കവിഭാഷണം എന്നിവയിലൂടെയാണ് കഥാഗതി നിയന്ത്രിക്കു

ന്നത്. പലഭാഗത്തും എഴുത്തച്ഛൻ എന്ന കവിയുടെ ശക്തമായ ഭാഷണമാണ് ഉയർന്നുകേൾക്കുന്നത്.

ചുരുക്കത്തിൽ വ്യാസഭാരത്തിനുള്ളിൽ കാളിദാസനാടകവും ചേർത്ത് സ്വന്തമായ പുനർനിർമ്മിതിയാണ് എഴുത്തച്ഛൻ നിർവഹിച്ചതെന്ന് നിരീക്ഷിക്കാം.

## 2.4 ഭാരതംഗാഥയും ശാകുന്തളവും

കൗരവപാണ്ഡവകഥ അടിസ്ഥാനമാക്കി സ്വന്തമായ കല്പനകൾക്ക് പ്രാധാന്യം നൽകി രചിച്ച കാവ്യമാണ് ഭാരതംഗാഥ.വ്യാസഭാരതത്തിലെ പ്രധാനകഥാഭാഗങ്ങൾ ചേർത്ത് പ്രത്യേക ഉപശീർഷകങ്ങളിലായി ഘടിപ്പിച്ച 45 അദ്ധ്യായങ്ങളും 5667 ഈരടികളുമാണ് പ്രസ്തുത കൃതിയിലുള്ളത്.

സംഭവമാദിയായ് സംഹാരത്തോളവും
സംക്ഷേപമായിട്ടു ചൊല്ലുന്നെന്നാൽ" **14**

എന്നിങ്ങനെ ഭാരതകഥ, സംഭവം മുതൽ സംഹാരം വരെ സംക്ഷേപിക്കുകയാണ് താൻ ചെയ്യുന്നതെന്ന് പറയുന്നതിൽ നിന്ന് തന്നെ; തൻ്റേതായ പുനർനിർമ്മിതിയാണ് കവി ഉദ്ദേശ്ശിച്ചതെന്നു കാണാം. 1974ൽ, കേരളസാഹിത്യഅക്കാഡമി ചെറുശ്ശേരി ഭാരതം എന്ന പേരിലാണത് പുറത്തിറക്കിയത്.

ഭാരതംഗാഥയുടെ മൂന്നാംഅധ്യായത്തിൽ ശാകുന്തളോപാഖ്യാനം എന്ന ശീർഷകത്തിൽ തന്നെയാണ് കഥാഖ്യാനം നിർവഹിച്ചിട്ടുള്ളത്. മഹാഭാരതം മൂലകൃതിയെക്കാളുപരി, കാളിദാസന്റെ അഭിജ്ഞാനശാകുന്തളം എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ട് എന്നീ കൃതികളാണ് ശാകുന്തളോപാഖ്യാനരചനയ്ക്ക് ഭാരതഗാഥ ഉപജീവിച്ചിട്ടുള്ളത്. നായാട്ടിനു പുറപ്പെട്ട ദുഷ്യന്തൻ കണ്വതപോവനത്തിലെത്തുന്നതും മറ്റു മുനിമാരെ വന്ദിച്ച ശേഷം കണ്വാശ്രമത്തിൽ ശകു

ന്തളയെ കാണുന്നതും ഭാരതം കിളിപ്പാട്ടിന്റെ മാതൃകയിലാണ് രചിച്ചത്. ശകുന്തളയുടെ ജനനകഥാവിവരണത്തിൽ വസിഷ്ഠ-വിശ്വാമിത്രൻമാരുടെ ശത്രുതാകാരണമായി സൂചിപ്പിക്കുന്ന കഥ കവി പ്രത്യേകം ചേർത്തതാണ്. വസിഷ്ഠനിൽ നിന്നുണ്ടായ ദുരനുഭവമാണ് ബ്രഹ്മർഷിയാകണമെന്ന മോഹം വിശ്വാമിത്രനിലുണ്ടാക്കിയത്. 94 ഈരടികളിലാണ് വസിഷ്ഠനും വിശ്വാമിത്രനും കാമധേനുവിന് വേണ്ടി യുദ്ധം ചെയ്ത കഥ വിവരിക്കുന്നത്. പ്രസ്തുതഭാഗം മൂലകഥയിലോ, എഴുത്തച്ഛന്റെ കിളിപ്പാട്ടിലോ, അഭിജ്ഞാനശാകുന്തളത്തിലോ പരാമർശിക്കുന്നില്ല.

ദുർവ്വാസാവിന്റെ ശാപകഥ തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഭാരതഗാഥയിൽ ചേർത്തുകാണുന്നത്. കാളിദാസന്റെ ശകുന്തള ദുഷ്യന്തനെക്കുറിച്ച് ഓർത്തിരുന്ന് ബ്രാഹ്മണപൂജ ചെയ്യാതിരുന്നതിനാലാണ് ശാപം ഏൽക്കുന്നത്. ഗാഥയിലാകട്ടെ, തന്റെ മോതിരം പുഴയിൽ വീണുപോയപ്പോൾ അവൾ അലറിക്കരഞ്ഞതിനാലാണ് മഹർഷി ശപിക്കുന്നത്. കൊട്ടാരത്തിലെത്തിയ ശേഷം അവൾ ദുഷ്യന്തനോട് സംസാരിക്കുന്നത് കേരളത്തിലെ നാട്ടിൻപുറത്തെ ഒരു വീട്ടമ്മയെ പോലെയാണ്.

ക്ഷോണിവൻ തന്നുടെ ചാരത്തു ചെന്നിട്ട്
തൂണും മറഞ്ഞങ്ങു നിന്നു ചൊന്നാൾ
കാന്താരം തന്നിൽ നിന്നെന്നെനീയമ്പോടു
ഗാന്ധർവമായിട്ടു വേട്ടു പിന്നെ
ഇഷ്ടമായി മേവുന്നൊരെന്നെയുമിങ്ങനെ
യിട്ടും കളഞ്ഞു നീ പോന്നതെന്തേ? 15

വനത്തിൽ വെച്ച് തന്നെ വിവാഹം ചെയ്തെങ്കിലും അവിടെ ഉപേക്ഷിച്ചു പോന്നതെന്തെന്ന് ചോദിക്കുന്ന രംഗം വാതിലിനു മറഞ്ഞു നിന്ന് സംസാരിക്കുന്ന നാടൻ വീട്ടമ്മയെ, എന്ന പോലെയാണ് അവതരിപ്പിച്ചിട്ടുള്ളത്. പിന്നീട് ശകുന്തളയെ തിരിച്ചറിയാതെ രാജാവ് തിരസ്കരിച്ചപ്പോൾ അവൾ

മടങ്ങുന്നു. മോതിരം തിരിച്ചു കിട്ടിയപ്പോൾ പഴയകഥകളെല്ലാം ഓർമ്മ വന്ന രാജാവ് അവരെ തെരഞ്ഞ് കാടു തോറും നടക്കുന്നു.അവസാനം ഭാര്യയെയും പുത്രനെയും കണ്ടെത്തി രാജ്യത്തിലേക്ക് കൂട്ടികൊണ്ടു വരുന്നു.

മഹാഭാരതകഥയിലെ ശാകുന്തളോപാഖ്യാനം 348 ഈരടികളിലാക്കി സംക്ഷേപിക്കുന്നതിന് ചില ഭാഗങ്ങൾ വിട്ടുകളയാനും പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കാനും ഗാഥാകാരൻ ശ്രമിച്ചിട്ടുണ്ടെന്നു കാണാം. ആഭ്യന്തര സൂചനകൾ വെച്ച് ഭാരതഗാഥ രചിച്ചത് ഒരു ബ്രാഹ്മണനാണെന്ന് ചിറക്കൽ ടി ബാലകൃഷ്ണൻ നായർ നിരീക്ഷിച്ചിട്ടുണ്ട്. ജാതിശ്രേണിയിൽ ബ്രാഹ്മണർക്ക് പ്രാധാന്യമുണ്ടായിരുന്നതിന് ഭാരതംഗാഥയിൽ,പ്രമേയപരമായി ചില തെളിവുകളുണ്ട്. ധർമ്മപുത്രരുടെ രാജസൂയത്തോടനുബന്ധിച്ച കഥാഭാഗത്ത് കേരളം വാണ ത്രിഗർത്തൻ എന്ന രാജാവിന്റെ യും മകളുടെയും കഥ പറയുന്നുണ്ട്. ത്രിഗർത്തന് അഗ്നിഭഗവാന്റെ സഹായമുണ്ടായിരുന്നു. അഗ്നി, ബ്രാഹ്മണവേഷത്തിൽ ത്രിഗർത്തപുത്രിയുമായി സംസർഗം ചെയ്യുകയും കൊട്ടാരത്തിലുള്ളവർ അത് കണ്ടുപിടിക്കുകയും ചെയ്യുന്നു. ആ ബ്രാഹ്മണൻ അഗ്നിയാണെന്നറിഞ്ഞപ്പോൾ ത്രിഗർത്തൻ സന്തോഷിക്കുകയും അഗ്നിയെ ആദരിക്കുകയും ചെയ്തു. അന്ന് മുതൽ അഗ്നി രണ്ടു നിയമങ്ങൾ കേരളത്തിൽ ഏർപ്പെടുത്തി. കേരളത്തിൽ ബ്രഹ്മണസ്ത്രീകൾ മാത്രം ചാരിത്ര്യവ്രതം അനുഷ്ഠിച്ചാൽ മതി. മറ്റൊന്ന് കേരളത്തിലെ ക്ഷത്രീയ സ്ത്രീകളുടെ ഭർത്താക്കന്മാരായി ബ്രാഹ്മണർ മാറട്ടെ. ഇങ്ങനെ രണ്ടു നിയമങ്ങൾ കവി ഇപ്രകാരമാണ് ചേർത്തത്.

ആരണനാരിമാരെന്നിയെ ആരുമേ
കേരളം തന്നിലിന്നാദിയായി
ചാരിത്ര്യം ചിന്തിച്ചു നിൽക്കേണ്ടതില്ലയെൻ
കാരുണ്യം കൊണ്ടതു തേറിനാലും
പാതിവ്രത്യത്തിന്റെ ഭംഗത്തെക്കൊണ്ടൊരു
പാതകമില്ലതു തേറിനാലും.

മറ്റൊന്ന്,

കേരളഭൂമിയിൽ ക്ഷത്രീയനാരികൾ-
ക്കാരണരാകട്ടെ കാന്തർ ......

ഇപ്രകാരമുള്ള വരികൾ കേരളത്തിൽ ബ്രാഹ്മണർക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്ന കാലത്തു രചിച്ചതിനാലാണെന്ന് നിരീക്ഷിക്കാം. കേരളത്തിൽ മരുമക്കത്തായം ഉണ്ടാവുകയും നമ്പൂതിരിമാർ സംബന്ധസമ്പ്രദായം സ്വീകരിക്കുകയും ചെയ്ത സവിശേഷ ചരിത്ര-സാമൂഹിക സാഹചര്യവുമായി ചേർത്തു വെച്ചാൽ ഈ പ്രകരണത്തിന്റെ അർഥം ലഭിക്കുമെന്ന് കെ വി ദിലീപ് കുമാർ നിരീക്ഷിച്ചിട്ടുണ്ട്. മാത്രമല്ല, ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഇപ്രകാരം ബ്രാഹ്മണർ, ക്ഷത്രീയ സ്ത്രീകളുടെ ഭർത്താക്കന്മാരായിരുന്നു എന്ന വസ്തുത കാണിപ്പയ്യൂരിന്റെ ആത്മകഥയിലും മറ്റും പരാമർശിക്കുന്നുണ്ട്.**16**

**2.5 ശാകുന്തളം-ആറുദിവസത്തെ ആട്ടക്കഥ**

ശാകുന്തളകഥയുടെ ശ്രദ്ധാർഹമായ മറ്റൊരു പുനരാവിഷ്കാരമാണ് ശാകുന്തളം-ആറുദിവസത്തെ ആട്ടക്കഥ. *നൂറ്റിഒന്ന് ആട്ടക്കഥകൾ* എന്ന പേരിൽ ഡോ. എസ്. കെ. നായർ, പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം എന്നിവർ സമാഹരിച്ച കൃതികളുടെ ആമുഖത്തിൽ ഇതിന്റെ രചയിതാവ് കലക്കത്ത് കുഞ്ചൻ നമ്പ്യാരാണെന്ന് ഉള്ളൂർ കരുതുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്:-

'കർത്താവിനെ പറ്റി ഇപ്പോഴും തീർത്തൊന്നും പറയാറായിട്ടില്ല. ഉള്ളൂർ നിഷ്കൃഷ്ടപരിശോധന നടത്തി അഭിപ്രായപ്പെടുന്നു രാഘവൻ നമ്പ്യാരുടെ കൃതിയല്ലാ ശാകുന്തളമെന്ന്. രാമപാണിവാദനായ കുഞ്ചൻ നമ്പ്യാരുടെ അന്ത്യകാലകൃതിയാണെന്നത്രേ അദ്ദേഹം പ്രസ്താവിക്കുന്നത്.രാമപാണിവാദനും കുഞ്ചനമ്പ്യാരും രണ്ടു വ്യക്തികളാണെങ്കിൽ ശാകുന്തളം രാമപാണിവാദന്റെ എന്ന് പറഞ്ഞാൽ കൂടുതൽ യുക്തി

യുക്തമാകും'.17 അതിനർത്ഥം കുഞ്ചൻ നമ്പ്യാർ അത്തരമൊരു കൃതിയെഴു താൻ സാധ്യതയില്ല എന്ന് തന്നെയാണെന്ന് കരുതാം.

അതേസമയം ഡോ. എസ്. കെ നായർ കലക്കത്ത് രാഘവൻ നമ്പ്യാരുടേതാണെന്ന് (ചോദ്യരൂപേണ) പ്രസ്തുത ആട്ടക്കഥയെന്ന് സൂചിപ്പി ക്കുന്നുണ്ട്.18 കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തെ പ്രധാനകഥ യായി നിലനിർത്തി നിരവധി പരിവർത്തനങ്ങൾ വരുത്തിയാണ് ആറ് ദിവസ ത്തെ ആട്ടക്കഥ രചിച്ചിട്ടുള്ളത്. ദുഷ്യന്തരാജാവിന്റെ നായാട്ട്, കണ്വാശ്രമ പ്രവേ ശനം, ശകുന്തളാസമാഗമം ,അഭിജ്ഞാനം നൽകിയ ശേഷമുള്ള വേർപാട്, ദുർ വ്വാസാവിന്റെ ശാപം, രാജാവിന്റെ നഗരത്തിലേക്കുള്ള തിരിച്ചുപോക്ക്- ഇത്ര യും ഘട്ടങ്ങൾ മാത്രമാണ് ആട്ടക്കഥയുടെ പ്രധാനകഥാഭാഗത്ത് ചേർത്തി ട്ടുള്ളു. രാജാവ് നഗരത്തിലേക്ക് തിരിച്ചുപോകുന്നതോടുകൂടി ആട്ടക്കഥ അവ സാനിക്കുന്നു. അഭിജ്ഞാനശാകുന്തളത്തിലെ വളരെ പ്രധാനപ്പെട്ടതെന്ന് കവി ക്ക് തോന്നുന്ന ഭാഗങ്ങൾ മാത്രമെടുത്താണ് ആറ് ദിവസമായി തിരിച്ചിട്ടുള്ളത്. അതിനനുസരിച്ച് കഥാഗതി നിശ്ചയിച്ചിരിക്കുന്നു. ഓരോ ദിവസത്തിലും ദുഷ്യന്തരാജാവ് ഒരോ രാക്ഷസന്മാരുമായി ഏറ്റുമുട്ടുന്നു. കാളിദാസകൃതി യിൽ രണ്ടാം അങ്കത്തിലാണ് കണ്വതപോവനമേഖലയിലെ രാക്ഷസന്മാരുടെ ശല്യത്തെക്കുറിച്ച് പരാമർശമുള്ളത്. അവരിൽനിന്നും രക്ഷനേടാൻ ആശ്രമ ത്തിലെ മുനികൾ ദുഷ്യന്തനോട് സഹായം അഭ്യർത്ഥിക്കുന്നുണ്ട്. ആട്ടക്കഥ യിലാകട്ടെ, ദുഷ്യന്തൻ എന്ന നായകന് ഒരു പ്രതിനായകനെ കവി സൃഷ്ടിക്കു ന്നുണ്ട്. ദക്ഷോനാഥൻ എന്നാണ് ആ രാക്ഷസരാജാവിന്റെ നാമധേയം. തന്നെ ഇന്ദ്രന് പോലും ഭയമാണെന്നതിൽ അയാൾ അഭിമാനം കൊള്ളുന്നുണ്ട്. അയാ ൾക്കും താപസപുത്രിയായ ശകുന്തളയിൽ താൽപര്യമുണ്ട്. കണ്വതപോ വനത്തെ തകർത്ത് ശകുന്തളയെ തൻറേതാക്കുക എന്നതാണ് രാക്ഷസ രാജാ വിന്റെ ലക്ഷ്യം. മധുകരൻ, വജ്രദംഷ്ട്രൻ,മായാവി, വീരബാഹു, ദക്ഷോ നാഥൻ എന്നീ രാക്ഷസന്മാരും ധൂമ്രകേശി എന്ന രാക്ഷസിയും വിവിധ സന്ദർഭ

ങ്ങളിലായി ദുഷ്യന്തനോട് ഏറ്റുമുട്ടുന്നു. ദുഷ്യന്തനെപ്പോലെ തന്നെ ശകുന്തളയെ പ്രണയിക്കുന്ന പ്രതിനായകനെ സങ്കൽപ്പിച്ച ശേഷം, നിലവിലുള്ള പ്രണയകഥയ്ക്ക് സമാന്തരമായി മറ്റൊരു കഥ പറയുകയാണ് ആട്ടക്കഥാകാരൻ ചെയ്തത്. കൂടാതെ രാമനെ സമീപിച്ച ശൂർപ്പണഖയ്ക്ക് സമാനമായി ധൂമ്രവതി എന്ന രാക്ഷസി ദുഷ്യന്തനെ കാമാർത്ഥം സമീപിക്കുന്നുണ്ട്. അവൾക്ക് ശൂർപ്പണഖയ്ക്കു സംഭവിച്ചതിനു സമാനമായി ശരീരഛേദം ഉണ്ടാകുന്നു.എല്ലാ രാക്ഷസന്മാരെയും നിഗ്രഹിക്കുന്നതോടൊപ്പം തന്നെ പ്രധാനകഥയിലെ സംഭവങ്ങളും നടക്കുന്നുണ്ട്. എന്നാൽ കാളിദാസനാടകകഥ മുഴുവനായും വിവരിക്കുന്നുമില്ല. ദുർവ്വാസാവിന്റെ ആഗമനം, ശാപം, ശാപമോക്ഷം എന്നിങ്ങനെയുള്ള ഭാഗങ്ങളോടെ, പ്രധാനകഥ അവസാനിക്കുന്നു.

**2.5.1 കഥാസംഗ്രഹം-ഒന്നാംദിവസം**

ചന്ദ്രവംശരാജാവായ ദുഷ്യന്തൻ നായാട്ടിന് തേരാളിയുമൊന്നിച്ചു വനത്തിലെത്തി. ഒരു കൃഷ്ണമൃഗത്തെ പിന്തുടർന്ന് അതിനെ ശരമെയ്ത് വീഴ്ത്താനൊരുങ്ങിയപ്പോൾ കണ്വശിഷ്യന്മാർ തടഞ്ഞ് , ആശ്രമമൃഗത്തെ വധിക്കരുതെന്ന് അപേക്ഷിച്ചു. തുടർന്ന് രാജാവ് ആശ്രമത്തിലേക്ക് പോയെങ്കിലും കണ്വൻ ശകുന്തളയുടെ ദോഷപരിഹാരം നടത്താൻ മറ്റെങ്ങോ തീർത്ഥാടനത്തിന് പോയിരിക്കുകയായിരുന്നു. ആ തപോവനത്തിനു സമീപമുള്ള കാട്ടിൽ അതിമായനെന്ന ഒരു രാക്ഷസൻ പാർത്തിരുന്നു.കണ്വൻ ആശ്രമത്തിലില്ല എന്നറിഞ്ഞ് അവൻ ശകുന്തളയെ അപഹരിക്കുന്നതിന് മധുകരൻ എന്ന അയച്ചു. ശകുന്തളയും തോഴിമാരും ദുഷ്യന്തനുമുള്ള പശ്ചാത്തലത്തിൽ മധുകരൻ അവളെ ആക്രമിക്കുകയും ദുഷ്യന്തൻ രാക്ഷസനെ പലായനം ചെയ്യിക്കുകയും ചെയ്തു.തുടർന്ന് രാജാവ് കന്യകമാരുടെ സ്വാഗതസൽക്കാരങ്ങൾ സ്വീകരിച്ചു.

### 2.5.2 രണ്ടാംദിവസം

ദുഷ്യന്തൻ കണ്വാശ്രമത്തിലെ കന്യകമാരോട് സംസാരിക്കുക വഴി, ശകുന്തളയുടെ മാതാപിതാക്കൾ മേനകാവിശ്വാമിത്രൻമാരാണെന്ന് മനസ്സിലാകുന്നു. അവൾ ക്ഷത്രീയസ്ത്രീയാണെന്ന് മനസിലായതോടെ രാജാവ് . സന്തോഷവാനാകുന്നു. അതേസമയത്ത് ദുഷ്യന്തൻ അടിച്ചോടിച്ച മധുകരൻ അതിമായന്റെ സമീപത്തെത്തി നടന്നവ വിവരിക്കുന്നു. കൂടുതൽ ആൾബലത്തോടെ വീണ്ടും ദുഷ്യന്തനിഗ്രഹത്തിനായി പുറപ്പെടുന്നു. ഈ സമയത്ത് ശകുന്തളയും തോഴിമാരും വൃക്ഷങ്ങൾ നനച്ചുകൊണ്ടിരിക്കുകയായിരുന്നു. ആക്രമണോത്സുകരായി വന്ന രാക്ഷസന്മാരെ രാജാവ് ആക്രമിച്ച് തോൽപ്പിച്ചു. അതോടെ കണ്വാശ്രമവാസികൾക്ക് സംതൃപ്തിയായി.

### 2.5.3 മൂന്നാംദിവസം

ശകുന്തളയ്ക്ക് തന്നിൽ പ്രേമയുണ്ടെന്ന് ദുഷ്യന്തൻ പല ലക്ഷണങ്ങൾ കൊണ്ട് അനുമാനിച്ചു. അദ്ദേഹത്തിന് ഉറക്കം കുറഞ്ഞു. ശകുന്തളാചിന്ത തന്നെ എപ്പോഴും .വിദൂഷകനായ മാഡവ്യന് നായാട്ടു കാരണം മടുപ്പു വന്നു തുടങ്ങിയിരുന്നു. ശകുന്തളയുടെ സൗന്ദര്യാതിശയത്തെപ്പറ്റി രാജാവ് മാഡവ്യനോട് സംഭാഷണം നടത്തുമ്പോൾ ധൂമ്രകേശി വരുന്നു. തന്റെ ഭർത്താവായ മധുകരന്റെ മരണത്തിന് കാരണക്കാരനായ ദുഷ്യന്തനോട് പക വീട്ടാൻ വന്നവളെങ്കിലും രാജാവിനെ കണ്ടപ്പോൾ കാമാർത്തയാകുന്നു. ശകുന്തളയുടെ വേഷമണിഞ്ഞ് അവൾ ദുഷ്യന്തനോട് പ്രണയാഭ്യർത്ഥന നടത്തുന്നു.അവൾ മായാവിയാണെന്ന് മാഡവ്യന് മനസിലാകുകയും രാജാവ് അവളുടെ മൂക്കും മുലയും അറുത്തു കളയുകയും ചെയ്യുന്നു. തപസ്വികൾ രാജാവിനെ അനുഗ്രഹിച്ച് പുഷ്പഫലാദികൾ കാഴ്ച വച്ചു. രാജാമാതാവിന്റെ സന്ദേശമനുസരിച്ച് നഗരത്തിലേക്ക് പോകേണ്ടതുണ്ടായെങ്കിലും ദുഷ്യന്തന് ആശ്രമം വിടാൻ

മനസ്സ് വന്നില്ല. മുനികാര്യത്തിനെന്ന മട്ടിൽ അദ്ദേഹം താമസിക്കുകയും മാഢവ്യനെ നഗരത്തിലേയ്ക്ക് പറഞ്ഞയക്കുകയും ചെയ്തു. മധുകരന്റെ മരണവാർത്തയറിഞ്ഞ് സഹോദരനായ വജ്രദംഷ്ട്രൻ പക വീട്ടാൻ വന്നു. ദുഷ്യന്തൻ അവനെയും നിഗ്രഹിച്ചു. കുറെനാൾകൂടെ ആശ്രമത്തിൽ താമസിച്ചു.

### 2.5.4 നാലാം ദിവസം

ദുഷ്യന്തൻ രാവിലെ വിജനസ്ഥലത്ത് ഇരിക്കുമ്പോൾ ശകുന്തളാർത്ഥമുള്ള അനുരാഗചിന്ത അദ്ദേഹത്തെ അലട്ടി.മാലിനീതീരത്തുള്ള വള്ളിക്കുടിലിൽ മാരതാപപരവശയായി ശകുന്തള സഖിമാരുടെ ശുശ്രൂഷയേറ്റ് വിശ്രമിക്കുന്ന രംഗം രാജാവ് നേരിട്ട് കണ്ട് സ്വയം തൃപ്തനായി. ആ സമയത്ത് അതിമായന്റെ പ്രതിപുരുഷനായ മായാവി എന്ന രാക്ഷസൻ രാജാവ് നോക്കിയിരിക്കെത്തന്നെ ശകുന്തളയെ മായകൊണ്ട് മറച്ചു. കാമുകനായ ദുഷ്യന്തൻ ആകെ വിഷണ്ണനായി. പെട്ടന്ന് ദേവവാക്യം കേട്ടു. മായാവിയുടെ മായാപ്രയോഗത്തിൽ നിന്ന് ശകുന്തള രക്ഷ നേടി എന്നറിഞ്ഞു.പലായനം ചെയ്തുകൊണ്ടിരുന്ന മായാവിയെ ആഗ്നേയാസ്ത്രം കൊണ്ട് ദുഷ്യന്തൻ വധിച്ചു. വള്ളിക്കുടിലിൽ വിശ്രമിച്ചിരുന്ന പ്രണയിനിയെ രാജാവ് പിന്നീട് സമീപിക്കുന്നു.

### 2.5.5 അഞ്ചാംദിവസം

വിരഹാതുരയായ ശകുന്തള വള്ളിക്കുടിലിൽ സഖികളുമൊത്ത് വിഷാദമഗ്നയായി ഇരിക്കയാണ്. രാജാവിനെ സഖിയുടെ മനോഗതം അറിയിക്കുവാനുള്ള ഉപായമാലോചിക്കുന്നു. ഒടുവിൽ പ്രേമലേഖനം കുറിക്കാൻ അവർ തീരുമാനിക്കുന്നു. ഇതെല്ലാം വള്ളിക്കുടിലിൽ മറഞ്ഞു നിന്ന് കേട്ട

ദുഷ്യന്തൻ പെട്ടന്ന് അവരുടെ മുൻപിൽ വന്ന് തന്റെ അനുരാഗതീവ്രത വെളി പ്പെടുത്തുന്നു.

അതേസമയം മധുകരപത്നിയായ ധൂമ്രകേശി അതിമായന്റെ മുന്നിൽ സങ്കടം ബോധിപ്പിച്ചു. ശകുന്തളാപഹരണത്തിന് യത്നിച്ചപ്പോൾ ദുഷ്യന്തൻ തന്നെ അംഗഭംഗപ്പെടുത്തി എന്ന് അവൾ രാക്ഷസാധീശനെ അറിയിച്ചു. അതി മായൻ പകവീട്ടാൻ പുറപ്പെട്ടു.

വള്ളിക്കുടിലിൽ ദുഷ്യന്തനെയും ശകുന്തളയെയും തനിച്ചാക്കിയിട്ട് സഖികൾ പോയി. അപ്രതീക്ഷിതമായ ഗൗതമിയുടെ വരവിൽ രാജാവ് വള്ളിക്കുടിലിൽ മറയുകയും; ശകുന്തള കാമുകനോടെന്ന പോലെ വള്ളിക്കുടിലിനോട് യാത്ര പറയുകയും ചെയ്തു.

അതിമായാനെന്ന രാക്ഷസൻ കണ്വാശ്രമം ആക്രമിച്ചു. ദുഷ്യന്തൻ അവനെ സൈന്യത്തോടെ ആക്രമിച്ചോടിച്ചു.അന്ന് രാത്രി ദുഷ്യന്തൻ ശകുന്തളയെ ഗാന്ധർവ്വമായി പരിണയിച്ചു.

### 2.5.6 ആറാം ദിവസം

ശകുന്തളയുമൊത്ത് സന്തോഷത്തോടെ കഴിഞ്ഞ രാജാവിനോട് മുനിമാർ വന്ന് നന്ദി അറിയിച്ചു. രാക്ഷസാക്രമങ്ങൾ പരിഹരിച്ചതിൽ സന്തോ ഷമറിയിച്ചു. തുടർന്ന് രാജാവ് ശകുന്തളയോട് യാത്ര ചോദിക്കുന്നു. ആ സമ യത്ത് രാക്ഷസ രാജാവായ അതിമായൻ ശകുന്തളയെ എങ്ങനെയെങ്കിലും സ്വാധീനപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. വീരബാഹു എന്ന അനുചരൻ ദുഷ്യന്തനെ ആക്രമിച്ച് ബന്ധിച്ചുകൊണ്ടു വരാമെന്ന് പറയുന്നു. അതിമായന് അനുമതി നൽകുന്നു.

ദുഷ്യന്തൻ ശകുന്തളയോട് യാത്ര പറയുന്നു. പിരിയുമ്പോൾ ഒരു മോതിരം നൽകി .അതിലെഴുതിയിട്ടുള്ള നാമധേയത്തിലെ ഓരോ അക്ഷരവും ഓരോ ദിവസവും എണ്ണി ഒടുവിലത്തെ അക്ഷരമാകുമ്പോൾ കൊട്ടാരത്തിലേക്ക് ശകുന്തളയെ കൊണ്ടുപോകാൻ പുരോഹിതൻ തന്നെ വരുമെന്ന് ദുഷ്യന്തൻ അവളെ സമാശ്വസിപ്പിച്ചു. പ്രിയവിരഹം കൊണ്ട് അദ്ദേഹത്തെ തന്നെ ചിന്തിച്ചു കൊണ്ടിരുന്നശകുന്തളയ്ക്ക് അതിഥിയായിവന്ന ദുർവ്വാസാവിനെ മാനിക്കാൻ കഴിയാതെ വന്നു. മഹർഷി കോപിച്ച, ഭർത്താവ് അവളെ ഓർക്കാതെ പോകട്ടെ എന്ന് ശപിച്ചു. മുദ്രമോതിരം കാണിച്ചാൽ സ്മരണയുണ്ടാകുമെന്നു ശാപമോക്ഷം നല്കി. ദുഷ്യന്തൻ മാർഗ്ഗമധ്യേ ആക്രമിച്ച രാക്ഷസരെ നിഗ്രഹിച്ച് നഗരത്തിലെത്തി മാതാവിനെ വന്ദിച്ചു.19

സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ശാകുന്തളകഥ മുഴുവനായും പറയുക എന്നതിനേക്കാളുപരി ഓരോദിവസവും യുദ്ധോത്സുകമായി അവതരിപ്പിക്കുക എന്നതായിരുന്നു ആട്ടക്കഥാരചനാലക്ഷ്യമെന്ന് കരുതാം. വീരരസപ്രധാനമാണ് ആട്ടക്കഥ.

**2.6 ശാകുന്തളകഥ-കൈകൊട്ടിക്കളിപ്പാട്ടിൽ**

തിരുവാതിരപ്പാട്ടുകളുടെ രചനയിലൂടെ പ്രശസ്തിയാർജ്ജിച്ച വ്യക്തിയാണ് മച്ചാട്ട് ഇളയത്. ശാന്തമ്പിള്ളി നാരായണൻ ഇളയതെന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. 1750 മുതൽ 1843 വരെയാണ് അദ്ദേഹത്തിന്റെ ജീവിതകാലം. 1977ൽ വിദ്വാൻ മച്ചാട്ടെളയത്-ജീവിതവും കൃതികളും എന്ന പേരിൽ സി. പി. കൃഷ്ണനെളയത് അദ്ദേഹത്തെക്കുറിച്ചും കൃതികളെക്കുറിച്ചും സമഗ്രപഠനം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുതകൃതിയിൽ ഇളയതിനെക്കുറിച്ച് നിരീക്ഷിക്കുന്ന കാര്യങ്ങൾ ഇപ്രകാരം വിവരിക്കാം.

- പുത്തേഴത്ത് രാമൻ മേനോൻ; ശക്തൻതമ്പുരാൻ എന്ന ജീവചരിത്രഗ്രന്ഥ ത്തിൽ മച്ചാട്ട് ഇളയത് അസാമാന്യമായ കവിതാവാസനയും സാഹിത്യാ ഭിരുചിയും കലർന്ന കലാകാരനായിരുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.
- ഭാഷാ(കേരള)സാഹിത്യചരിത്രത്തിൽ ഉള്ളൂർ അദ്ദേഹത്തിന്റെ രചന കൾ രചനാസൗഷ്ഠവം തികഞ്ഞ ഭാഷാകൃതികളായിരുന്നുവെന്ന് നിരീ ക്ഷിക്കുന്നു. മാത്രമല്ല അതിമനോഹരങ്ങളായ അത്തരം പാട്ടുകൾ, അതിനു മുൻപുണ്ടായ കൃതികളെ അന്തർധാനം ചെയ്യിച്ചു എന്ന അനു മാനിക്കാവുന്നതാണ് എന്നിങ്ങനെയും അഭിപ്രായപ്പെട്ടിരിക്കുന്നു.
- മനോധർമ്മവും ഫലിതവും, കല്പനാരസികത്വവും തികഞ്ഞ കവിയാണ് മച്ചാട്ട് ഇളയത് എന്ന് അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നതായി വടക്കുംകൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്.
- സംസ്കൃതഭാഷാപണ്ഡിതനും, ജ്യോതിശാസ്ത്രവിദഗ്ദ്ധനുമായിരുന്ന ഇള യത്, പെണ്ണുങ്ങൾക്ക് പാടിക്കളിക്കാനും അവരുടെ പ്രീതി സമ്പാദിപ്പാനു മായി സ്വമേധയാ അല്ല; മറിച്ച് ശക്തൻ തമ്പുരാന്റെ ആവശ്യാർത്ഥമാ ണ് കൈകൊട്ടിക്കളിപ്പാട്ടുകൾ രചിച്ചത്.
- ഇളയതിന്റെ പാട്ടുകൾക്കെല്ലാം, പാടികേൾക്കാനുള്ള സുഖവും കളിച്ചു കാണാനുള്ള രസവും അന്യാദൃശമാണ്.
- തുഞ്ചന്റെ യും കുഞ്ചന്റെ യും ചുവടുപിടിച്ച് നല്ല മലയാളത്തിൽ കവനം ചെയ്തു തുടങ്ങിയത് വെണ്മണി നമ്പൂതിരിപ്പാടന്മാരാണ് എന്ന ഒരു ധാരണ ചില സാഹിത്യരസികന്മാർക്ക് ഉണ്ടെങ്കിൽ അതിനു കാരണം ഇളയതിനെ വിസ്മരിച്ചതുകൊണ്ടാണ്.

ചുരുക്കത്തിൽ, മച്ചാട്ട് ഇളയതിന്റെ രചനാസവിശേഷതകൾ തിരിച്ചറിയുന്ന വിധത്തിൽ സമഗ്രമായ ആമുഖമാണ് സി. പി. കൃഷ്ണനെളയത് ചേർത്തിട്ടുള്ള തെന്ന് കരുതാം.**20**

തിരുവാതിരപ്പാട്ടുകൾക്ക് സാഹിത്യലോകത്തിലേയ്ക്ക് പ്രവേശനം നേടിക്കൊടുത്തത് മച്ചാട്ട് ഇളയതാണെന്ന് എസ്. ഗുപ്തൻനായർ നിരീക്ഷിച്ചിട്ടുണ്ട്. തിരുവാതിരക്കളിപാട്ടുകളുടെ പ്രധാന ഉപയോക്താക്കൾ സ്ത്രീകളാണ്. സ്ത്രീകളുടെ സംഘങ്ങളാണ് തിരുവാതിരക്കളി നടത്തുന്നത്. കേരളത്തിൽ, സ്ത്രീകളുടെ മാത്രം ആഘോഷമാണ് ധനുമാസത്തിലെ തിരുവാതിരനോമ്പും മറ്റ് അനുബന്ധ ആചാരങ്ങളും. അതിന്റെ ഭാഗമായാണ് തിരുവാതിരക്കളി നടത്തുന്നത്.

' കുളിരുന്ന മഞ്ഞുകാലത്തെ കൂസാതെ, വെളുപ്പിനെ എഴുന്നേറ്റ് നെഞ്ഞറ്റം വെള്ളത്തിലിറങ്ങി നിന്ന് നീന്തിത്തുടിക്കുകയും പകലൊക്കെ പാടിക്കളിക്കുകയും ചെയ്യുന്നതിന്റെ വിനോദാംശം ഒരു വശത്തും അനുകൂലമായ ദാമ്പത്യത്തിന് വേണ്ടിയുള്ള വ്രതദീക്ഷയും ഈശ്വരഭജനവും മറുവശത്തും ഒരു പോലെ താങ്ങി വളർത്തിയതാണ് നമ്മുടെ തിരുവാതിരയുത്സവം.21 എന്ന ഗുപ്തൻനായരുടെ നിരീക്ഷണം ശ്രദ്ധേയമാണ്.

സുമംഗലികളായ സ്ത്രീകൾ ഭർത്താവിന്റെ ആയുസ്സിനും ക്ഷേമത്തിനും ഒപ്പം കുടുംബത്തിന്റെ ഐശ്വര്യത്തിനും വേണ്ടി തിരുവാതിരവ്രതം അനുഷ്ഠിക്കുന്നു. കന്യകമാർ നല്ല ഭർത്താവിനെ ലഭിക്കുവാനാണ് വ്രതം അനുഷ്ഠിക്കുന്നത്. നിലവിലുള്ളതോ, വരാനുള്ളതോ ആയ ഭർത്താവ് എന്ന പുരുഷനെ മുൻനിർത്തി സ്ത്രീസംഘങ്ങളൊരുമിച്ച് ആചരിക്കുന്ന അനുഷ്ഠാനത്തിന്റെ ഭാഗമാണ് കൈക്കൊട്ടിക്കളി.

വ്യാസഭാരതത്തിലെ ശാകുന്തളോപാഖ്യാനമാണ് ശാകുന്തളം എട്ടുവൃത്തത്തിലെ പ്രമേയത്തിന് ആധാരം. എന്നാൽ രചനാഘട്ടത്തിൽ എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിലെ ശാകുന്തളോപാഖ്യാനം അതേപടി അനുകരിക്കു അനുകരിക്കു കയാണ് അദ്ദേഹം ചെയ്തത്. പ്രസ്തുത കൃതിയിലെ;

"ഓടും മൃഗങ്ങളെ തേടി നരപതി
കാടകം പുക്കൊരു നേരത്തിങ്കൽ" -എന്നിങ്ങനെയും,

"കല്യാണീ കളവാണീ ചൊല്ലൂ നീയാരെന്നതും
കല്യേ നീയാരുടയ പുത്രിയെന്നും
നിൻമൂലമെനിക്കുള്ളിൽ മന്മഥവിവശത
മേന്മേൽ വന്നുദിക്കുന്നു നിർമ്മലാംഗി"

-എന്നിങ്ങനെയുമുള്ള വരികൾ വളരെ പ്രശസ്തമാണ്.നിരവധി സാഹിത്യച രിത്രഗ്രന്ഥങ്ങളിൽ പ്രസ്തുത വരികൾ എടുത്തു ചേർക്കുകയും സാഹിത്യമേന്മ വർണിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എസ് . ഗുപ്തനായർപറയുന്നു- 'ശാകുന്തള ത്തിലെ പാട്ടുകൾ കൈകൊട്ടിക്കളിപ്പാട്ടുകാർക്ക് മാർഗ്ഗദർശകങ്ങളായി തീർ ന്നവയാണ്. സ്ത്രൈണഭാവങ്ങൾക്കും ലോലവികാരങ്ങൾക്കും സർവ്വാംഗീണ മായ സ്വാധീനത ഈ പെൺപാട്ടുകളിൽ കാണാം. വർണ്ണനകളും കഥാബ ന്ധവും എല്ലാം ഈ സ്ഥായീഭാവത്തെ മനസ്സിൽ കണ്ടുകൊണ്ടു തന്നെ.' പേര് സൂചിപ്പിക്കുന്നത് പോലെ കഥാഭാഗം എട്ടുഭാഗങ്ങളിലായി തിരിച്ചാണ് കാവ്യരചന നിർവഹിച്ചത്. **22**

**2.6.1 എഴുത്തച്ഛന്റെ സ്വാധീനം**

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തേക്കാൾ മച്ചാട്ട് ഇളയതിനെ സ്വാധീനിച്ചത് എഴുത്തച്ഛന്റെ ഉപാഖ്യാനമാണ്. ഒന്നാം വൃത്തം ആരംഭിക്കുന്ന ത് തന്നെ, *'മധുരമൊഴി ശാരികേ'* വന്നാലും നീ എന്ന് പറഞ്ഞിട്ടാണ് ശാരിക പൈതലായ എഴുത്തച്ഛന്റെ കിളിമകളിലൂടെ ഇളയതും കാവ്യമാരംഭി ക്കുന്നു. ഗുരുവന്ദനശേഷം നെല്ലുവായിൽ കൃഷ്ണനെയും, കരിവദനൻ ഭാരതി കൃഷ്ണ ന്മാരെയും വണങ്ങുന്നു. ദുഷ്യന്തന്റെ നായാട്ട്, കണ്വാശ്രമവർണ്ണന, ശകുന്തളാദ ർശനം തുടങ്ങിയവ 36 ഈരടികളിൽ വളരെ ചുരുക്കിയാണ് കവി വിവരിക്കു

ന്നത്. മൂന്നാംഭാഗത്ത് കണ്വമുനി എവിടെപ്പോയെന്ന ദുഷ്യന്തന്റെ ചോദ്യത്തിന് ശകുന്തള ഇപ്രകാരമാണ് മറുപടി പറയുന്നത്:-

"കായ്കനികളറുപ്പാനായ് പോയിതു-
കാശ്യപനെന്നറിഞ്ഞാലും" 23

എഴുത്തച്ഛൻ കിളിപ്പാട്ടിൽ പ്രസ്തുത ഭാഗം ചേർത്തിരിക്കുന്നത് ഇപ്രകാരമാണ്,

കായോടു പഴങ്ങളെകൊണ്ടു വന്നീടുവാനായ്
പോയിതു പിതാ,വൊരു രണ്ടു നാഴിക പാർത്താൽ.24

സൂക്ഷ്മനിരീക്ഷണത്തിൽ, എഴുത്തച്ഛൻ വിവരണാത്മകമായി ചേർത്തവ ഇളയത് വളരെ ചുരുക്കി ഹൃദ്യമായി പുനരാവിഷ്കരിക്കുകയാണെന്ന് കാണാം. താപസബീജത്തിന് നാശമില്ലെന്ന് കണ്ടാണ് മേനക ശകുന്തളയെ ഉപേക്ഷിച്ചതെന്ന എഴുത്തച്ഛന്റെ നിരീക്ഷണം ഇളയത് കാവ്യത്തിൽ അതേപടി ചേർത്തിട്ടുണ്ട്. പ്രസ്തുത ഭാഗം മൂലകൃതിയിലോ കാളിദാസകൃതിയിലോ ഇല്ലാത്തതാണെന്ന് ഈ പ്രബന്ധത്തിൽ മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

"ക്ഷത്രിയസ്ത്രീയിലെന്നി മറ്റുള്ള നാരിമാരിൽ
ചിത്തജതാപമേനിക്കുണ്ടാവാൻ മൂലമില്ല" -25 എന്ന എഴുത്തച്ഛന്റെ ആശയം;

'ചെല്ലരുതാത്ത മയ്ക്കണ്ണിമാർകളിൽ
ചെല്ലുമാറില്ലെന്റെ ചിത്തം' -26 എന്നിങ്ങനെ കവി സ്വീകരിച്ച് മാറ്റിയെഴുതിയിരിക്കുന്നു. മറ്റൊരുഭാഗത്ത്, ശകുന്തളാദുഷ്യന്തസംവാദത്തിനിടെ:

'പുത്രനെക്കൊണ്ടേ പിതൃക്കൾക്കൂർദ്ധ്വലോകപ്രാപ്തിയുള്ളൂ' 27എന്നിങ്ങനെ മച്ചാട്ട് ഇളയത് ചേർക്കുന്നുണ്ട്. പ്രസ്തുത ആശയം എഴുത്തച്ഛന്റെ കിളിപ്പാട്ടിലെ;

പുന്നാമമായിട്ടുള്ള നരകത്തിങ്കൽ നിന്ന്

'തന്നുടെ പിതാവിനെ ത്രാണനം ചെയ്തീടുന്നവൻ' - **28** എന്നീ വരികളുടെ ആശയം സ്വീകരിച്ച് എഴുതിയവയാണ്. ചുരുക്കത്തിൽ എഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ വലുതായ സ്വാധീനം മച്ചാട്ട് ഇളയതിന്റെ കൃതിയിലുണ്ട്.

കണ്വോപദേശം, ദുഷ്യന്തനുമായിട്ടുള്ള ശകുന്തളയുടെ ദീർഘ സംഭാഷണം എന്നിവ വളരെ ചുരുങ്ങിയ വരികളിൽ മാത്രമാണ് അദ്ദേഹം സ്വീകരിച്ചു കാണുന്നത്. സാരോപദേശങ്ങൾ, തത്ത്വചിന്തകൾ, നീതിവാക്യങ്ങൾ തുടങ്ങിയവയൊന്നും ഇളയത് സ്വീകരിച്ചിട്ടില്ല. തിരുവാതിരക്കളിപ്പാട്ടിന് ചേരുന്ന രചനാശൈലിയിലേയ്ക്ക് എഴുത്തച്ഛന്റെ കിളിപ്പാട്ടിനെ രൂപമാറ്റം ചെയ്തതായി കാണാം.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലെ ,എഴുത്തച്ഛൻ സ്വീകരിക്കാത്ത രണ്ടു ആശയങ്ങൾ കവി സ്വീകരിച്ചതായി കാണുന്നു. മച്ചാട്ട് ഇളയതിന്റെ ദുഷ്യന്തൻ,ശകുന്തളയെക്കാണുമ്പോൾ,

'ആഭരണങ്ങളില്ലിവൾക്കെങ്കിലും
ശോഭയ്ക്കൊരു കുറവില്ല' **29**

എന്നിങ്ങനെ ദുഷ്യന്തൻ ചിന്തിക്കുന്നുണ്ട്. ആഭരണങ്ങളില്ലാത്ത ശകുന്തളയെക്കുറിച്ച് കാളിദാസശാകുന്തളത്തിലെ നാലാമങ്കത്തിലാണ് വിവരിക്കുന്നത്. അവൾക്കു വേണ്ടി ആടയാഭരണാദികൾ നൽകുന്നത് വൃക്ഷലതാദികളാണ്. വിവാഹിത ഭർത്താവിനു മുന്നിൽ അണിഞ്ഞൊരുങ്ങി നിൽക്കേണ്ടതുണ്ടെന്ന ശ്രുതിസ്മൃതിചിന്തകളാണ് കാളിദാസൻ അവതരിപ്പിക്കുന്നത്. അത്തരം ചിന്തകളെ മുൻനിർത്തി തന്നെയാണ് ഇളയതും പ്രസ്തുതവർണ്ണന നടത്തിയതെന്ന് കാണാം.

ആറാം ഭാഗത്ത് ഭർത്തൃഗൃഹത്തിലേക്ക് പോകാൻ സമയമായെന്ന് പറയുമ്പോൾ ശകുന്തള ദുഖിക്കുന്നു.

"കനിവേറും നിജതാതനേയും മുനി-
കന്യകളാം സഖികളെയുമശേഷം
വിരവോടു വേർപിരിയുന്നതു ചിത്തേ
കരുതുകയാലതിഖിന്നതയോടും" 30 എന്നിങ്ങനെയാണ് കവി പ്രസ്തുത ഭാഗം വിവരിക്കുന്നത് മുനികന്യകളായ സഖിമാരെക്കുറിച്ച് കാളിദാസനാണ് പറയുന്നത്. വ്യാസഭാരതത്തിലോ എഴുത്തച്ഛന്റെ കിളിപ്പാട്ടിലോ അത്തരം കഥാപാത്രങ്ങൾ വരുന്നില്ല.

മച്ചാട്ട് ഇളയന്റെ കാവ്യത്തിൽ, എട്ടാം ഭാഗത്ത്,കവി ശകുന്തളയോട് ക്ഷമായാചനം നടത്തുന്ന രാജാവിനെ അവതരിപ്പിക്കുന്നുണ്ട്. കാളിദാസനാടകത്തിൽ ഏഴാമങ്കത്തിലാണ് പ്രസ്തുത ഭാഗം വരുന്നത്. ഇളയതിന്റെ ദുഷ്യന്തൻ ഇപ്രകാരം പറയുന്നു:-

"അരുതേ നീരസമകതളിരിൽ
പരമാർത്ഥം തവ പരിഭവമൊട്ടുമേ
പരിചൊടുള്ളിലുദിക്കരുതേ
ദയയില്ലാത്തൊരു ശഠനിവനെന്നു
ദയിതേ ഹൃദി കരുതരുതേ
കൃപയാ കേവലമപരാധം മമ
സപദി സഹിക്ക സമസ്തമിദാനീം".31

എന്നിങ്ങനെ ഉള്ളു തുറന്ന് പശ്ചാത്തപിക്കുന്നവനാണ് ദുഷ്യന്തൻ. ശകുന്തളയെന്ന തന്റെ ദയിതയോട് നീരസമരുതെന്ന് പറയുന്നു. സ്ത്രീകളുമായി നേരിട്ട് ബന്ധപ്പെടുന്ന ഒരു കളിയുടെ ഭാഗമായ കാവ്യത്തിൽ, കവി ഇപ്രകാരം ചേർത്തത് ബോധപൂർവ്വമാകാനാണ് സാധ്യത. ചുരുക്കത്തിൽ, കാളിദാസനും എഴുത്തച്ഛനുമാണ് കവിയെ കൂടുതൽ സ്വാധീനിച്ചതെന്ന് കാണാം.

## 2.7 അച്ഛനും മകളും-വള്ളത്തോളിന്റെ പുനർനിർമ്മിതി

കാളിദാസന്റെ പ്രഖ്യാതമായ അഭിജ്ഞാനശാകുന്തളം നാടകത്തെ മുൻനിർത്തിയാണ് അച്ഛനും മകളും എന്ന ഖണ്ഡകാവ്യം വള്ളത്തോൾ നാരായണ മേനോൻ രചിച്ചത്. കാളിദാസൻ സങ്കല്പിച്ചെടുത്ത ഒരു കാവ്യസാഹചര്യത്തിൽ നിന്ന് പുതിയൊരു സന്ദർഭം സൃഷ്ടിച്ചെടുത്ത് നാടകീയമായി അവതരിപ്പിക്കുകയാണ് വള്ളത്തോൾ ചെയ്തത്. ദുഷ്യന്തനാൽ പരിത്യക്തയായ ശേഷം അമ്മയായ മേനക, ശകുന്തളയെ കാശ്യപാശ്രമത്തിലെത്തിക്കുന്നു. അവിടെ വച്ച് പിതാവായ വിശ്വാമിത്രൻ ശകുന്തളയെ കാണുന്നതും സംസാരിക്കുന്നതുമാണ് കാവ്യപ്രമേയം. സമസ്തകേരള സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടക്കലിൽ വച്ച് നടന്ന കവിതാമത്സരത്തിൽ വിഷയം നൽകിയത് വള്ളത്തോൾ നാരായണമേനോൻ ആയിരുന്നു. ഭർത്തൃപരിത്യാഗശേഷമുള്ള ശകുന്തളയുടെ ആശ്രമജീവിതമായിരുന്നു വിഷയം.സി. എസ്. നായർ ഇപ്രകാരം പറയുന്നു:-

'പരീക്ഷ്യന്മാരുടെ പ്രയത്നഫലങ്ങളിൽ പരീക്ഷകനായ മഹാകവിക്കുണ്ടായ അസംതൃപ്തിയായിരിക്കാം അദ്ദേഹത്തിന്റെ പ്രഗത്ഭമായ പ്രതിഭാശക്തിയെ ആ പരീക്ഷാവിഷയത്തിലേക്കു തന്നെ തിരിച്ചു വിട്ടത്.അതിന്റെ മധുരഫലമത്രെ ഇപ്പോൾ സഹൃദയസമക്ഷം അവതരിപ്പിച്ചിരിക്കുന്ന ഈ അച്ഛനും മകളും' . **32**

വള്ളത്തോൾക്കവിതകളിലെ നായികാസൃഷ്ടിയെ മുൻനിർത്തി തായാട്ട് ശങ്കരൻ ഇപ്രകാരം വിലയിരുത്തുന്നു - 1914 ൽ രചിച്ച ബന്ധനസ്ഥനായ അനിരുദ്ധനിലാണ് വള്ളത്തോൾ വ്യത്യസ്തയായ നായികയെ സൃഷ്ടിക്കുന്നത്- എന്നിങ്ങനെയും; 'സ്തനനി തംബകബര്യാദികളിൽ കുടുങ്ങിക്കിടക്കുന്ന ജീവിതമല്ല അവരുടേത്. സാമാന്യമനുഷ്യന്റെ സാമാന്യസ്വഭാവം കലർന്ന തൻറേടികളാണവർ' എന്നിങ്ങനെയും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട് **33**

സ്ത്രീകളെ ശരീരമാത്രനിഷ്ഠമായി അവതരിപ്പിക്കുന്ന ആദ്യകാലരചനാരീതികളിൽ നിന്നും അദ്ദേഹം സ്വയം മാറ്റം വരുത്തുകയും; സ്വതന്ത്രകളും വ്യക്തിത്വമുള്ളവരായി അവരെ ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പാർവതി (ശിഷ്യനും മകനും); ചമ്പകവല്ലി(കൊച്ചു സീത),ഒരു ഹൈന്ദവസ്ത്രീ (ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി), അന്തർജ്ജനം(പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി) തുടങ്ങിയ സ്ത്രീകൾ വള്ളത്തോളിന്റെ മുൻകാല സ്ത്രീകഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തരാണ്. കൊളോണിയൽ ആധുനികതാസങ്കൽപ്പത്തിൽ നിന്നും, ദേശീയതാബോധത്തിൽ നിന്നുമാണ് ഇത്തരം സ്ത്രീകളുടെ നിർമ്മിതിയെന്ന് നിരീക്ഷിക്കാം. അച്ഛനും മകളും എന്ന കാവ്യത്തിലെ ശകുന്തളയും ഇതേ മാതൃകയിൽ കവി സൃഷ്ടിച്ചെടുത്തതാണ്.

കാശ്യപമഹർഷിയെ കണ്ട് വന്ദിക്കാനാണ് സ്വശിഷ്യനായ ശുനശ്ശേഫനുമൊന്നിച്ച് വിശ്വാമിത്രൻ വരുന്നത്. അവിടെ വച്ച് അദ്ദേഹം സ്വന്തം പുത്രിയേയും ദൗഹിത്രനേയും കാണുന്നു. ശകുന്തളയോട് വാത്സല്യത്തോടെ സംസാരിക്കുകയും ദുഷ്യന്തപരിത്യാഗകഥ കേട്ട് ശപിക്കാനൊരുങ്ങുകയും ചെയ്യുന്നു. ശകുന്തള അത് തടയുകയും മുനിയെ സമാധാനിപ്പിക്കുകയും കാവ്യം അവസാനിക്കുന്നു. പ്രധാനമായും കവി കഥ വിവരിക്കുന്ന രീതിയിലാണ് കാവ്യഘടനയുള്ളത്. ഇടയ്ക്ക് കഥാപാത്രങ്ങളുടെ സംഭാഷണവും കവിയുടെ ആത്മഭാഷണവും കഥാഗതി നിയന്ത്രിക്കുന്നു. കവിയുടെ ആത്മഗതങ്ങളാണ് അച്ഛനും മകളും എന്ന കാവ്യത്തിന് സവിശേഷമായ പുനർനിർമ്മിതി നൽകുന്നത്.

വിശ്വാമിത്രൻ സർവ്വദമനനെന്ന ശകുന്തളാപുത്രനെ ആലിംഗനം ചെയ്യുന്ന രംഗമാണ് സൂക്ഷ്മതയോടെ കവി സൃഷ്ടിച്ചത്. കവിയുടെ ആത്മഗതങ്ങളാണ് അദേഹത്തിന്റെ നിലപാട് വ്യക്തമാക്കുന്നത്. മുത്തച്ഛനെ(കാശ്യപമഹർഷിയെ) കാണിച്ചു തരാമെന്ന് പറഞ്ഞാണ് സർവ്വദമനൻ വിശ്വാമിത്രന് സമീപത്തേക്ക് ഓടിയടുക്കുന്നത്. കാശ്യപമഹർഷിക്ക് മാനുഷഭാവത്തോടു

കൂടിയ ബാലൻ .ദൗഹിത്രനായുണ്ടാവാനിടയില്ലെന്നും വിശ്വാമിത്രൻ ഓർക്കുന്നു. തുടർന്ന് കവിയുടെ ആത്മഗതം ഇപ്രകാരമാണ് ചേർക്കുന്നത്- 'ആരാണ് ഈ കുഞ്ഞെന്ന് ചോദിക്കാനല്ല; പെട്ടന്ന് ആ കുഞ്ഞിനെ മാറത്തൊന്ന് അണയ്ക്കാനാണ് ഋഷി പ്രൗഢൻ ആഗ്രഹിച്ചത്. സാഹസക്കാരനായ പൈതൽ ആ വിമുക്തനെ നിമിഷനേരം കൊണ്ട് ഐഹികത്തിലേയ്ക്ക് വീണ്ടും വലിച്ചു താഴ്ത്തി. 'വീണ്ടും' എന്ന പദം കവി ബോധപൂർവം ചേർത്തതാണെന്നു കാണാം. മുമ്പ് മേനകയാണ് ബ്രഹ്മർഷിയെ ഐഹികത്തിലേയ്ക്ക് പിടിച്ചു താഴ്ത്തിയതെങ്കിൽ ഇപ്പോൾ ബാലനാണ് അപ്രകാരം ചെയ്തത്. ലൗകിക ജീവിതവും ആധ്യാത്മികജീവിതവും ചേർത്തുനോക്കിയ കവി, അതിൽ ആദ്യത്തേതിന് പ്രാധാന്യം നൽകുന്നതായി കാണാനാകും. മുത്തച്ഛൻ കുഞ്ഞിനെ എടുത്ത് പുണരുമ്പോഴുണ്ടാകുന്ന ഓരോ ഭാവങ്ങളും കവി സൂക്ഷ്മതയോടെ വിവരിച്ചിട്ടുണ്ട്. വിശ്വാമിത്രൻ എന്ന മുനിയോട് കവിക്ക് ചോദിക്കാനുള്ളത് ഇപ്രകാരമാണ്-

ഞാനൊന്ന് ചോദിക്കട്ടെ സാദരം മഹാമുനേ;
ധ്യാനത്തിലുൾച്ചേരുന്നാ സച്ചിദാനന്ദം താനോ
മാനിച്ചീയിളം പൂമെയ്യ് പുൽകിലുളവായോ-
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം!.' **34**

കടുത്ത ധ്യാനത്തിനും ബ്രഹ്മർഷിയാകാനുള്ള കഠിനപരിശ്രമത്തിനുമാണ് വിശ്വാമിത്രൻ ലൗകികബന്ധങ്ങളുപേക്ഷിച്ചത്. തപസ്വിയുടെ ധ്യാനത്താൽ ലഭിക്കുന്ന സച്ചിദാനന്ദമാണോ അതോ പൗത്രസ്പർശനം നൽകുന്ന ആനന്ദമാണോ വലുതെന്ന് കവിയുടെ ചോദ്യം കൊളോണിയൽ ആധുനികതയുടെ കാലത്ത് പിതാവ് എന്ന സവിശേഷമായ നിർമ്മിതിയെ മുൻനിർത്തി കവി ചോദിച്ചതാണെന്ന് കാണാം. ആയത് എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിലുമുണ്ട്.

"പുത്രസ്പർശനത്തിൽപരം സ്പർശനസുഖമില്ല" -എന്നിങ്ങനെയും;

"സ്പർശന വസ്തുക്കളിൽ ശ്രേഷ്ഠത്വം തനയനും

സ്പർശനസുഖമനുഭവിക്ക ഭവാനിപ്പോൾ" **35**

എന്നിങ്ങനെയുമുള്ള വരികളിലെ ആശയത്തിന്റെ മറ്റൊരു തരത്തിലുള്ള ആവർത്തനമാണിത്. വള്ളത്തോൾ, വിശ്വാമിത്രനെ നയിക്കുന്നത് ഗാർഹസ്ഥ്യത്തിലേക്കാണ്. പിതൃകേന്ദ്രിതമായ കുടുംബവ്യവസ്ഥ രൂപം കൊള്ളുന്ന കാലത്ത് എഴുതിയ ഈ കാവ്യം കുടുംബത്തെക്കുറിച്ചുള്ള കവിയുടെ ഉറച്ച ധാരണകളിൽ നിന്നും ഉണ്ടായതാണ്. .

"അപരിചിതത്തോളിലശ്ശങ്കം തലചായ്ച്ചാ-

നറിയപ്പെടാത്തേതോ ചേർച്ചയാൽപ്പോലെ ബാലൻ" **36**

അറിയപ്പെടാത്ത ഏതോ ചേർച്ചയിലാണ് വിശ്വാമിത്രമഹർഷിയുടെ ആ ബാലൻ വിശ്വാമിത്രമഹർഷിയുടെ തോളത്തിരിക്കുന്നത്. അറിയപ്പെടാത്ത ചേർച്ച എന്നത് കവിയുടെ രക്തബന്ധസൂചകമായ കാവ്യപ്രയോഗമാണ്. ബാലകനിലെ ക്ഷാത്രതേജസ്സും ഋഷിയിലെ ബ്രാഹ്മതേജസ്സും കവിയ്ക്ക് നേത്രരഞ്ജകമായി . അനുഭവപ്പെടുന്നു. വിശ്വാമിത്രനെപ്പോലെ തപശ്ശക്തിയുള്ള മഹർഷിയിലും പുത്രിയോടും പൗത്രനോടും പിതൃനിർവിശേഷമായ സ്നേഹമുണ്ടെന്ന് പറയാനാണ് കവി പ്രസ്തുതരംഗം കൊണ്ട് ഉദ്ദേശിച്ചത്. 'കാളിദാസൻ ശാകുന്തളത്തിൽ മേനകയ്ക്കൊരു മാതൃഹൃദയം നൽകിയത് പോലെ അച്ഛനും മകളും എന്ന കൃതിയിൽ വിശ്വാമിത്രന് ഒരു പിതൃഹൃദയം നൽകുകയാണ് കവി' എന്ന എം. ലീലാവതിയുടെ അഭിപ്രായം ഇവിടെ പ്രസക്തമാണ്.**37**

എന്നാൽ പിതൃധർമ്മങ്ങൾ നിർവഹിക്കാൻ സാധിക്കാത്ത വിശ്വാമിത്രനെ കവി വിമർശിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. കേശവദേവ് തന്റെ ആത്മകഥയിൽ പറയുന്നതുപോലെ ഉത്തരവാദിത്വമില്ലാത്ത

പിതാവിനെ  കവിതയിലൂടെ ചോദ്യം ചെയ്യുകയാണ് വള്ളത്തോൾ. ഇത്തരം ഉത്തരവാദിത്വങ്ങൾ പുരുഷൻ ചെയ്തു തീർക്കേണ്ടതാണെന്ന ബോധം രൂപപ്പെട്ടു വരുന്ന കാലമാണത്.

ശകുന്തള തന്റെ  പുത്രിയാണെന്നറിഞ്ഞതോടെ സന്യാസിയായിട്ടും വിശ്വാമിത്രന് കണ്ണീരുറന്നുപോയി. തന്റെ  കാൽക്കൽ വന്ദിച്ച ശകുന്തളയെ പിടിച്ചെഴുന്നേല്പിച്ച് നെറുകയിൽ പത്തുനൂറ് ഗാഢം മുകർന്നു.മകളുടെ കണ്ണീർ തുടച്ച് മറ്റേ കയ്യാൽ പുറത്തു മന്ദം തടവിക്കൊണ്ടിരുന്നു. സ്വധർമ്മനിർവ്വഹണത്തിൽ നിന്നും വ്യതിചലിച്ച പിതാവിന്റെ  സ്വാഭാവികമായ സ്നേഹപ്രകടനമായി കവി ആ രംഗം അവതരിപ്പിച്ചിരിക്കുന്നു.  "അപത്യവാത്സല്യമേ, വശിയും വശഗൻ തേ-"  **38**  സന്താനവാത്സല്യത്തിന് മുമ്പിൽ ഇന്ദ്രിയനിഗ്രഹം ചെയ്ത ഋഷിയും വശഗനാണ്. അതുകൊണ്ടു തന്നെ തന്റെ  ഓമൽകുമാരിയെ ദുഷ്യന്തൻ സ്വച്ഛന്ദമുപേക്ഷിച്ച വാർത്ത വിശ്വാമിത്രനെ  കോപാകുലനാക്കുന്നു.

'പകർന്നൂ ഭാവം പെട്ടന്നാക്കാലരുദ്രാകാര-
നുതിർന്നൂ മിഴിയിൽ നിന്നെരിതീപ്പൊരിമേന്മേൽ'  .**39**

വിശ്വാമിത്രന്റെ കോപത്തെ പറ്റി തായാട്ട് ശങ്കരൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു:-

'ക്രുദ്ധനായ വിശ്വാമിത്രൻ പ്രാപഞ്ചിക ശക്തികൾക്കു കൂടി അധൃഷ്യനാണ്. തപശ്ശക്തികൊണ്ട് ബ്രഹ്മാവിനെപ്പോലും വിളിച്ചു വരുത്തിയ കൗശികന്റെ  വിശ്വരൂപമാണത്. അദ്ദേഹം ദുഷ്യന്തനെ ശപിച്ചാൽ ശപിച്ചതു തന്നെ. ഈ ക്ഷോഭത്തെ ശമിപ്പിക്കുന്നതിന് ശകുന്തളയ്ക്കേ കഴിയൂ.'  **40**

എന്നെയോർത്തടങ്ങണം എന്നാണ് ശകുന്തള അദ്ദേഹത്തോട് അപേക്ഷിക്കുന്നത്. ഉഗ്രവൈധവ്യത്തീയാൽ കത്തിനശിക്കാനിടവരരുത്. ഭർത്തൃ

നാശിനിയായിത്തീരാൻ താങ്കളുടെ പുത്രിയെ അനുവദിക്കരുത്. തന്റെ മാതാപിതാക്കൾ ചെയ്ത അതേ പ്രവൃത്തി ഭർത്താവും ചെയ്തുവെന്നതാണ് വാസ്തവം. അച്ഛനമ്മമാർ മുമ്പേ ഉപേക്ഷിച്ച നിർഭാഗ്യയെ ഭർത്താവും സ്വച്ഛന്ദമുപേക്ഷിച്ചുവെന്നു മാത്രം. തന്റെ നിർഭാഗ്യം കൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്. മാതാപിതാക്കൾക്ക് വേണ്ടാതിരുന്ന ഒരുവളെ ഭർത്താവിനും വേണ്ടാത്തതിൽ ശകുന്തളയ്ക്ക് അത്ഭുതമില്ല. രക്ഷിതാക്കൾ സംരക്ഷിക്കാത്ത സ്ത്രീയ്ക്ക് വൈവാഹിക ജീവിതത്തിലും സംരക്ഷണം ഉണ്ടാവണമെന്നില്ല. സ്ത്രീയുടെ രക്ഷിതാക്കളുടെ അലംഭാവമാണ് ശകുന്തളയ്ക്ക് സംഭവിച്ച ദുരിതങ്ങൾക്കെല്ലാം കാരണം. ശ്രുതി-സ്മൃതികളിലെ രക്ഷാകർത്തൃസങ്കൽപ്പത്തെ മുൻനിർത്തിയാണ് ഈ ചിന്തകൾ കവിതയിലുൾച്ചേർത്തതെന്ന് നിരീക്ഷിക്കാം. അതിന് ആധാരമായ കാലം കൊളോണിയൽ ആധുനികതയുടേതാണെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

### 2.8 ഭർത്തൃപരിത്യക്തയായ ശകുന്തള-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

മറ്റൊരു സ്വതന്ത്രമായ പുനർനിർമ്മിതിയാണ്, വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ ഭർത്തൃപരിത്യക്തയായ ശകുന്തള. കോട്ടയ്ക്കലിൽ വച്ച് നടന്ന സാഹിത്യപരിഷത്തിന്റെ ത്രിതീയ സമ്മേളനം സംബന്ധിച്ചുണ്ടായ കവിതപരീക്ഷയ്ക്ക് അയച്ചു കൊടുത്തതാണ് പ്രസ്തുത ലഘുകാവ്യം. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തെ ഉപജീവിച്ചാണ് കാവ്യരചന നടത്തിയിട്ടുള്ളത്.

ദുഷ്യന്തരാജസന്നിധിയിൽ വച്ച് ഭർത്താവിനാൽ പരിത്യക്തയാകുന്ന ശകുന്തളയെ അവതരിപ്പിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. രാജാവിനാൽ മാത്രമല്ല, അതുവരെ ഉണ്ടായിരുന്ന ബന്ധുജനങ്ങളാലും തിരസ്കൃതയാവുന്ന

ശകുന്തള മാനസികമായി തന്നെ തകർന്നു പോകുന്നതായി കവി പറയുന്നു. ഭയസംഭ്രമവേപിതാംഗിയായ അവൾ ഇപ്രകാരം പുലമ്പുന്നു:-

"നെറികെട്ട ജഗത്തിനുള്ള,വൻ-
മറിമായങ്ങൾ അറിഞ്ഞുകൂടായ്കയാൽ
വെറുതെ കുഴിയിൽ പതിച്ചുപോയ്
വിറകൊള്ളേണ്ടിനി മൂഢചേതന " **41**

ഈ ലോകത്തിന്റെ നെറികേടുകൾ തിരിച്ചറിയാത്തതിനാൽ കുഴിയിൽ പതിച്ചുപോയി തന്റെ ചേതന. അല്ലയോ താത, അങ്ങെന്റെ പിഴ പൊറുത്തു തരേണം. (രാജാവിന്റെ) വിസ്മൃതി കാരണം അനാഥയായിത്തീർന്ന ഗർഭിണിയും ദീനയുമായ എനിക്ക് ദുഃഖം താങ്ങി ജീവിക്കാൻ വയ്യ. അമ്മേ, എനിക്ക് നിത്യവിശ്രമം തരിക -എന്നിങ്ങനെ 'ചതിയിൽ പെട്ട പൈതലെപ്പോലെ' തളർന്ന് കരയുന്നവളാണ് ഒന്നാം ഭാഗത്തിലെ ശകുന്തള.രണ്ടാംഭാഗത്തു മാതാവായ മേനക ശകുന്തളയെ ശുശ്രൂഷിക്കുന്ന രംഗമാണ് ഉള്ളത്. തന്റെ മകൾക്കു വിവേകപൂർവ്വമായ ഉപദേശങ്ങൾ നൽകി തകർന്നുപോയ അവളുടെ മനോനില നേരെയാക്കാൻ ശ്രമിക്കുന്ന മാതാവായി മേനകയെ കവി അവതരിപ്പിക്കുന്നു. 'മനുഷ്യരുടെ പരിഹാസവാക്കുകൾ ഭൂമിയിൽ ചുറ്റിയടിച്ചാലെന്ത്, ഈശ്വരസന്നിധി വാസ്തവമറിഞ്ഞീടുക തന്നെ ചെയ്യും' **42** -എന്നിങ്ങനെയും

'അഴൽ നീക്കുക,മംഗളത്തിനാ-
യെഴുന്നേറ്റമ്മയെയാനമിക്കുക ' **43**

-എന്നിങ്ങനെയും മേനക പുത്രിയെ ആശ്വസിപ്പിക്കുന്നു. തുടർന്ന് ശകുന്തള സ്വയം സമാധാനിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. തനിക്കു സംഭവിച്ചതെല്ലാം ഓർക്കുകയും, എല്ലാം സധൈര്യം മറികടന്നു പിറക്കാനിരിക്കുന്ന കുഞ്ഞിനു വേണ്ടി ജീവിക്കാൻ തീരുമാനിക്കുകയാണ് ചെയ്യുകയാണ് വെണ്ണിക്കുള

ത്തിന്റെ ശകുന്തള.കുമാരനാശാന്റെ ചിന്താഷ്ടയായ സീതയുടെ രചനാശൈലി യാണ് കവി ശകുന്തളാചിന്തകൾക്ക് നൽകിയതെന്ന് നിരീക്ഷിക്കാം. രാജാവ് കനിവില്ലാതെ അവളെ ഉപേക്ഷിച്ചുവെങ്കിലും, ശകുന്തളയുടെ മനസ്സ് രാജാവിൽത്തന്നെയാണ്. ദൈവതലിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിക്കാനാ ഗ്രഹിക്കുന്ന അവൾ, കടുത്ത ജീവിതചര്യകളിലൂടെ വിധിക്കനുകൂലമായി നീങ്ങുന്നു. വിപരീത വിധിയിൽ തോൽക്കാതെ ഉറച്ചവിശ്വാസത്തോടും ലളിത വും, ദൃഢവുമായ മനോ-ശാരീരികാവസ്ഥകളോടെയും ശകുന്തളയെ വ്യത്യസ്ത കാഴ്ചയിലൂടെ കവി പരിവർത്തിപ്പിക്കുന്നു.ഒടുവിൽ ദുഷ്യന്തനെ കാണുമ്പോൾ

'.......................കണ്ടു കാന്തനെ;

മെലിയും മേനിയോടസ്ഥിമാത്രനായ്' **424**

എന്നിങ്ങനെ ശകുന്തളയെപ്പോലെ ദുഷ്യന്തനും അസ്ഥിമാത്രനും ദുഖിതനും ആണെന്ന് അവൾ മനസ്സിലാക്കുന്നു. അവളനുഭവിച്ച ദുഃഖത്തോളം വരി ല്ലെങ്കിലും ദുഷ്യന്തനും ദുഃഖിതനായിരുന്നു എന്ന കവിചിന്ത, പ്രണയത്തി ലധിഷ്ഠിതമായ സ്ത്രീ പുരുഷബന്ധത്തെ വെളിപ്പെടുത്തുന്നു.

**2.9 ശകുന്തള-കെ പി കുഞ്ഞിലക്ഷ്മിയുടെ ഖണ്ഡകാവ്യം**

1947-ൽ തൃശ്ശൂരിലെ മംഗളോദയം പ്രസ്സിലാണ് കെ പി കുഞ്ഞിലക്ഷ്മി യുടെ ശകുന്തള ' എന്നഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചത്. കാളിദാസന്റെ അഭി ജ്ഞാനശാകുന്തളം കഥയാണ് പ്രസ്തുതകൃതിയുടെ രചനയ്ക്കാധാരം. കാളിദാ സകഥ, ശകുന്തളയുടെ പക്ഷത്തുനിന്ന് അവതരിപ്പിക്കുന്നു എന്നതാണ് ഈ കൃതിയുടെ പ്രത്യേകത. തികച്ചും സ്വതന്ത്രമായ വീക്ഷണങ്ങൾ ഇതിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. പൂർവ്വം,ഉത്തരം എന്നിങ്ങനെ രണ്ടു ഭാഗങ്ങളിലായി കാവ്യം വിഭജിച്ചിരിക്കുന്നു. പൂർവ്വഭാഗത്ത് ആറും , ഉത്തരഭാഗത്ത് ഏഴും ഉപവിഭാഗങ്ങ ളുണ്ട്. ശകുന്തളയുടെ ജനനത്തോടെയാണ് കാവ്യം ആരംഭിക്കുന്നത്. ജനിച്ച

ഉടനെ മകളെ വേർപിരിയേണ്ടി വരുന്ന മേനകയുടെ വേദനയോടൊപ്പം; സുന്ദരമായതെന്തോ സംഭവിക്കാനൊരുങ്ങുന്നതായുള്ള പ്രകൃതി ചിത്രീകരണവും ആദ്യ ഭാഗത്ത് കവയിത്രി ചേർത്തിട്ടുണ്ട്. മാതാപിതാക്കൾക്കു വേണ്ടാതിരുന്ന വിലയില്ലാ ഗർഭമായിട്ടല്ല,മറിച്ചു ഭാരതത്തിന്റെ പ്രതിഷ്ഠയ്ക്കായി ജന്മഭാരം വഹിച്ച 'ദൈവത'മായിട്ടാണ് കെ.പി. കുഞ്ഞുലക്ഷ്മിയമ്മയുടെ ശകുന്തളാ സൃഷ്ടി.

"ഭാരതത്തിന് പ്രതിഷ്ഠയ്ക്കായ് ജന്മ-

ഭാരം വഹിച്ച ദൈവതം".**45**

ഭാരതസംസ്ഥാപനത്തിനായി പിറവിയെടുക്കാനിരിക്കുന്ന കുഞ്ഞിന്റെ മാതാവിന് ലഭിക്കേണ്ട ഔന്നത്യം എല്ലാ ഭാഗത്തും കവി നൽകുന്നുണ്ട്. ബാല്യകാലത്തെ ശകുന്തളക്ക് കണ്വമുനിയുടെയും ഗൗതമിയുടെയും സ്നേഹസമ്പന്നമായ വാത്സല്യാദികൾ ലഭിക്കുന്നുണ്ട്. അവൾക്ക് തോഴിമാരെ കിട്ടുന്നു. അവളുടെ സ്വതന്ത്രമായ തീരുമാനങ്ങളും ബാല്യകാലം മുതലേ അംഗീകരിച്ചു കിട്ടുന്നുണ്ട്. ബാല്യം,യൗവ്വനം,പ്രണയം, വിരഹം, ഭർത്തൃഗൃഹത്തിലേക്കുള്ള യാത്ര എന്നിവയാണ് പൂർവ്വഭാഗത്ത് ചേർത്തിരിക്കുന്നത്. ഇതിഹാസത്തിൽ നിന്നും, സംസ്കൃതനാടകത്തിൽ നിന്നും വ്യത്യസ്തമായ വ്യക്തിത്വം ശകുന്തളയ്ക്ക് ഈ കാവ്യത്തിൽ കെ പി കുഞ്ഞുലക്ഷ്മി നൽകുന്നുണ്ട്. ദുഷ്യന്തന്റെ കൊട്ടാരത്തിലെ ദുരനുഭവങ്ങളൊന്നും കവിതയിലില്ല. ദുരന്താനുഭവങ്ങൾക്കു ശേഷം മാതാവായ മേനക ശകുന്തളയെ കാണുന്നതോടുകൂടിയാണ് ഉത്തരഭാഗം ആരംഭിക്കുന്നത്. തന്റെ ഏറ്റവും വലിയ തെറ്റ് ജനനത്തോടെ മകളെ ഉപേക്ഷിക്കേണ്ടിവന്നതാണെന്ന് മേനക ദുഃഖത്തോടെ പറയുന്നു:-

"പൊട്ടുന്ന ഹൃദയത്തോ-

ടാത്മസന്താനത്തെക്കൈ

വിട്ടുപോം ജനനിയെ-

ച്ചുണ്ടിടും സമുദായം." **46**

സമുദായവും ലോകനീതിയും പഴിക്കുന്നത് നാരിയെ മാത്രമാണ്. ജനകനെയല്ല. അതിനുകാരണം സമുദായം പുരുഷന്മാരിൽ പക്ഷപാതിത്വം കാണിക്കുന്നതാണ്. സമുദായം തന്നെ, പുരുഷന്മാരുടെ ഇച്ഛ മാത്രം നടക്കണ മെന്നാണ് ആഗ്രഹിക്കുന്നത്.

"നാരിയെപ്പഴിക്കട്ടെ-
വാസ്തവം മറച്ചാര്യ -
പുരുഷാഭിജാത്യത്തിൻ -
ജഡമിങ്ങിളകാതെ."**47**

എന്നിങ്ങനെ മേനകയുടെ വാക്കുകളാൽ അക്കാലത്തെ പുരുഷാധികാരവ്യവസ്ഥ നിർണയിക്കുന്ന സ്ത്രീദൈന്യത വെളിപ്പെടുത്തുന്നു.തന്റെ മകളുടെ ശൈശവവും ബാല്യവും ദൂരെയിരുന്നാണെങ്കിലും താൻ ശ്രദ്ധിച്ചിരുന്നു. അവളെ സ്നേഹിക്കാനാവാഞ്ഞതിൽ ഏറെ പ്രയാസപ്പെട്ടിരുന്നു. എങ്കിലും ഇന്ന് ഞാൻ മകളോട് മാപ്പുചോദിക്കുകയാണ്. ആരുപേക്ഷിച്ചാലും സ്വന്തം മകൾ അമ്മയ്ക്ക് സ്വീകാര്യയാണ്.എന്നിങ്ങനെ നിരാലംബയും ദുഖിതയുമായ ശകുന്തളയ്ക്ക്, മാതാവ് ശക്തി പകരുന്നുണ്ട്.

"ഒന്ന് കൺമിഴിക്കൂ നീ
ജീവിതം തനിത്തേന-
ല്ലെന്നറിഞ്ഞപ്പോൾ തന്ന
തട്ടിയങ്ങെറിഞ്ഞാലോ ?'**45**

ജീവിതത്തിന്റെ ഏറ്റവും ദുർഘടമായ അവസ്ഥയിലൂടെ കടന്നുപോയ ശകുന്തളയ്ക്ക് ശക്തി പകരുന്നതായിരുന്നു മേനകയുടെ ആഗമനവും സ്വീകാരവും. മാതാവ് അവളെ കാശ്യപാശ്രമ(മാരീചമുനി)ത്തിലെത്തിക്കുന്നു. മേന

കയെന്ന മാതാവിനെ ഉയർത്തിക്കാണുന്ന കാവ്യമാണിത്. മാതാവിന് കുഞ്ഞുങ്ങളിലുണ്ടാകുന്ന സ്വാധീനമാണ് കവയത്രി ഉയർത്തിക്കാണിക്കുന്നത്. ഈ കാവ്യത്തിൽ, മേനക സ്വർവേശ്യയായ കഥാപാത്രമല്ല; മറിച്ച് മാതൃത്വത്തിന്റെ മഹത്തായ മാതൃകയിൽ സൃഷ്ടിച്ചെടുത്ത കഥാപാത്രമാണ്. അവരുടെ ഇടപെടലുകളിലും ശകുന്തളയോടുള്ള ഉപദേശങ്ങളിലും അതുണ്ട്.

തുടർന്ന് കാവ്യഭാഗം ശകുന്തളയുടെ ചിന്തകളിലൂടെയും ആത്മഭാഷണങ്ങളിലൂടെയും വികസിക്കുന്നു. ഭർത്തൃനിരാസത്താൽ തകർന്നുപോകുന്ന സ്ത്രീയുടെ ആത്മ വേദനകളും അവയെല്ലാം മറികടക്കാനുള്ള ശ്രമങ്ങളും തുടർന്നുള്ള ഭാഗങ്ങളിൽ ചേർത്തിട്ടുണ്ട്. ഉത്തരഭാഗത്തിന്റെ മൂന്നാം ഖണ്ഡത്തിൽ ആരാണ് സ്ത്രീ എന്നതും അവളുടെ വികാരവിചാരങ്ങൾ അവൾക്കു തന്നെ വിനയാകുന്നതെങ്ങനെയെന്നുമുള്ള ശകുന്തളാചിന്തകൾ ചേർത്തിരിക്കുന്നു. 'നിത്യവഞ്ചിത സൗഭാഗ്യമൂർത്തികൾ' എന്നാണ് കവി സ്ത്രീകളെ വിശേഷിപ്പിക്കുന്നത്. അതിനു കാരണവും കെ. പി. കുഞ്ഞുലക്ഷ്മി കണ്ടെത്തുന്നു.

'ആണിനായജൻ സൃഷ്ടിച്ചു പെണ്ണിനെ
ജ്ഞാനിയോതിയാൽ പാഴായ് വരാപ്പദം' . **48**

കവയത്രി ബോധപൂർവ്വം ചേർത്ത മേനകഭാഷണങ്ങളിലും, ശകുന്തളാചിന്തകളിലും സ്ത്രീയുടെ യഥാർത്ഥ അവസ്ഥ ഉൾകൊള്ളുന്നുണ്ട്. കാളിദാസനാടകത്തിൽ ശകുന്തളയുടെ വ്യക്തിദുഃഖത്തേക്കാൾ രാജാവിന്റെ ദുഃഖവിവരണത്തിനാണ് പ്രാധാന്യം ലഭിച്ചത്. 1947 കാലഘട്ടത്തിൽ ഒരു സ്ത്രീ, ശാകുന്തളകഥ വിഷയമാക്കി കാവ്യം രചിച്ചപ്പോൾ പ്രസ്തുതകഥയിലെ സ്ത്രീയ്ക്കാണ് പ്രാധാന്യം ലഭിച്ചതെന്ന് നിരീക്ഷിക്കാം. പുരുഷസമൂഹത്തെ ഒന്നടങ്കം തള്ളിപ്പറയാനോ സ്ത്രീകളെ ഉയർത്തിക്കാട്ടി വേർതിരിക്കയോ അല്ല

പ്രസ്തുതകാവ്യം ശ്രമിച്ചത്, മറിച്ച് സമൂഹത്തിലെ സ്ത്രീയുടെ ദയനീയാവസ്ഥ വെളിപ്പെടുത്താനുള്ള പരിശ്രമമാണ് എഴുത്തുകാരി നടത്തിയതെന്ന് നിരീക്ഷിക്കാം. കണ്വമുനിയെ ആദരിക്കുന്ന; പുത്രനെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ശകുന്തള ഭർത്താവിന്റെ ഏറ്റുപറച്ചിലിൽ സർവ ദുഃഖവും മറക്കുന്നു. പുത്രസംരക്ഷണമെന്ന സ്ത്രീധർമ്മം ഈ കാവ്യത്തിൽ ആവർത്തിച്ചു വരുന്നുണ്ട്. കാളിദാസശാകുന്തളത്തിൽ, ദുർവ്വാസാവിനെ ആദരിക്കാഞ്ഞതിനാലാണ് ശകുന്തളയ്ക്ക് ദുരനുഭവങ്ങളുണ്ടായത്. എന്നാൽ കുഞ്ഞുലക്ഷ്മിയുടെ ദുഷ്യന്തൻ തെറ്റിന്റെ ഭാഗധേയം ഏറ്റെടുക്കാൻ തയ്യാറാണ്. തന്നെ ഓർത്തിരുന്നതു കൊണ്ടാണ് ശകുന്തളയ്ക്ക് മുനിയെ ആദരിക്കാനാവാതെപോയത്. അഭിജ്ഞാനശാകുന്തളത്തിന്റെ വ്യത്യസ്തമായ അവതരണമാണ് കെ പി കുഞ്ഞുലക്ഷ്മി ശകുന്തള എന്ന ഖണ്ഡകാവ്യത്തിൽ നിർവഹിച്ചതെന്ന് നിരീക്ഷിക്കാം.

**2.10 ശകുന്തള-ലളിതാംബികാ അന്തർജനത്തിന്റെ തിരക്കഥ**

കൊട്ടാരക്കര കോട്ടവട്ടം ഇല്ലത്തിൽ 1906 ലാണ് ലളിതാംബികാ അന്തർജ്ജനത്തിന്റെ ജനനം. ആധുനികകേരളരൂപീകരണചരിത്രപശ്ചാത്തലത്തിലാണിത്. പുരോഗമനേച്ഛുക്കളായ പിതാവിന്റെയും ഭർത്താവിന്റെയും പരിഗണനകളും സഹായങ്ങളുമാണ് തന്റെ സാഹിത്യസപര്യയെ മുന്നോട്ട് നയിച്ചതെന്ന് അന്തർജ്ജനം ആത്മകഥയിൽ പറഞ്ഞിട്ടുണ്ട്.

ലളിതാംബിക അന്തർജനത്തിന്റെ ശകുന്തള എന്ന തിരക്കഥ പ്രസിദ്ധീകരിച്ചത് 2010ലാണ്. 1965 ലാണ് പ്രസ്തുതകൃതി ഉദയാസ്റ്റുഡിയോയ്ക്കു വേണ്ടി സിനിമയായത്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം, വ്യാസഭാരതത്തിലെ ശകുന്തളോപാഖ്യാനം, ഭാരതംകിളിപ്പാട്ടിലെ ശകുന്തളോപാഖ്യാനം, വള്ളത്തോളിന്റെ അച്ഛനും മകളും തുടങ്ങിയവയെല്ലാം തന്റെ തിരക്കഥാരച

നയ്ക്ക് അന്തർജ്ജനം ഉപജീവിച്ചിട്ടുണ്ട്. സിനിമയ്ക്കനുയോജ്യമായ രംഗവിഭ ജന ത്തോടെയാണ് തിരക്കഥയാരംഭിക്കുന്നത്. ദൃശ്യത്തിന്റെ അനന്തസാധ്യത കൾ ഉപയോഗപ്പെടുത്താൻ എഴുത്തുകാരി ശ്രദ്ധാപൂർവം ശ്രമിച്ചിട്ടുണ്ട്. തിരക്കഥ യിലെ അമ്പത്തിയേഴാം സീനിൽ അച്ഛനും മകളും എന്ന ഖണ്ഡകാ വ്യത്തിലെ ആശയങ്ങൾ അതേപടി ചേർത്തിട്ടുണ്ട്. തിരക്കഥയാരംഭിക്കുന്നത് സിനിമയുടെ ദൃശ്യസാധ്യതയും, ആസ്വാദക ശ്രദ്ധ പിടിച്ചുപറ്റാനിടയുള്ള നാട കീയരംഗങ്ങൾ ആവിഷ്കരിച്ചുകൊണ്ടുമാണ്. ശകുന്തളയുടെ ജനനകഥയാണ് ആദ്യ മൂന്ന് സീനുകളിൽ ചേർത്തത്. മേനക,വിശ്വാമിത്രൻ,കണ്വമുനി തുടങ്ങിയ കഥാപാത്രങ്ങളാണ് ആദ്യരംഗങ്ങളിൽ വരുന്നത്. വിപണനസാധ്യ തയ്ക്ക് പ്രാധാന്യം കൊടുത്തതുകൊണ്ടാവണം മേനകാവിശ്വാമിത്രൻമാരുടെ പ്രണയരംഗങ്ങളിൽ നിന്നു സിനിമയാരംഭിച്ചത്. മലയാളത്തിലെ ശാകുന്തള പുനർനിർമ്മിതികൾ ഉപജീവിച്ച വ്യാസഭാരതത്തിലോ അഭിജ്ഞാനശാകുന്ത ളത്തിലോ ഇത്തരമൊരു രംഗത്തിൽ നിന്നല്ല,കഥയാരംഭിച്ചതെന്ന് കാണാം. അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ എഴുത്തുകാരി ശ്രദ്ധാപൂർവം ശ്രമി ച്ചിട്ടുണ്ട്. തിരക്കഥയിലെ അമ്പത്തിയേഴാം സീനിൽ അച്ഛനും മകളും എന്ന ഖണ്ഡകാവ്യത്തിലെ ആശയങ്ങൾ അതേപടി ചേർത്തിട്ടുണ്ട്. തിരക്കഥയാ രംഭിക്കുന്നത് സിനിമയുടെ ദൃശ്യസാധ്യതയും, ആസ്വാദക ശ്രദ്ധ പിടിച്ചുപറ്റാ നിടയുള്ള നാടകീയരംഗങ്ങൾ ആവിഷ്കരിച്ചുകൊണ്ടുമാണ്. ശകുന്തളയുടെ ജനനകഥയാണ് ആദ്യ മൂന്ന് സീനുകളിൽ ചേർത്തത്. മേനക, വിശ്വാമിത്രൻ, കണ്വമുനി തുടങ്ങിയ കഥാപാത്രങ്ങളാണ് ആദ്യരംഗങ്ങളിൽ വരുന്നത്. വിപ ണന സാധ്യതയ്ക്ക് പ്രാധാന്യം കൊടുത്തതു കൊണ്ടാവണം മേനകാവിശ്വാമി ത്രൻമാരുടെ പ്രണയരംഗങ്ങളിൽ നിന്നു സിനിമയാരംഭിച്ചത്. മലയാളത്തിലെ ശാകുന്തളപുനർ നിർമ്മിതികൾ ഉപജീവിച്ച വ്യാസഭാരതത്തിലോ അഭിജ്ഞാന ശാകുന്തളത്തിലോ ഇത്തരമൊരു രംഗത്തിൽ നിന്നല്ല ,കഥയാരംഭിച്ചതെന്ന് കാണാം.

മലയാളതിരക്കഥാരചനാ രംഗത്തെ ആദ്യസ്ത്രീയാണ് ലളിതാംബി കാഅന്തർജ്ജനം. ശാകുന്തളകഥ തിരക്കഥാരൂപത്തിൽ പരിവർത്തിപ്പിക്കാൻ അവരുടെ ഗവേഷണാത്മകബുദ്ധി പ്രവർത്തിച്ചിട്ടുണ്ട്. അന്നുവരെയുണ്ടായിരുന്ന പ്രശസ്ത ശാകുന്തളപാഠങ്ങളെ സമന്വയിപ്പിച്ചു കൊണ്ടാണ് അവർ ചലച്ചിത്രഭാഷ്യം ഒരുക്കിയതെന്ന് കാണാം. **49**

**2.11 ശാകുന്തളവും നാടകവും**

തോപ്പിൽഭാസിയുടെ ശാകുന്തളം എന്ന നാടകത്തിൽ അഞ്ചു അങ്കങ്ങളാണുള്ളത്.വ്യാസഭാരതത്തിലെ ശകുന്തളോപാഖ്യാനവും കാളിദാസന്റെ അഭിജ്ഞാനശാകുന്തളവും ഉപജീവിച്ചാണ് നാടകം രചിച്ചിട്ടുള്ളത്. നാടകത്തിന്റെ മുഖവുരയിൽ തന്റെ രചനാലക്ഷ്യവും അതിനുവേണ്ടി വരുത്തിയ മാറ്റങ്ങളും സവിസ്തരം പ്രസ്താവിക്കുന്നുണ്ട്. വ്യാസഭാരതത്തിലെ ചെറിയൊരു ഉപാഖ്യാനത്തെ അഭിജ്ഞാന ശാകുന്തളം നാടകമാക്കി കാളിദാസൻ വികസിപ്പിച്ചെടുത്തപ്പോൾ വിശ്വപ്രസിദ്ധമായ രചനയായി അതുമാറിയെന്ന് തോപ്പിൽ ഭാസി കരുതുന്നുണ്ട്. എന്നാൽ രാജാവിനനുകൂലമായി കഥ മാറ്റിയതിൽ തനിക്കുള്ള വ്യത്യസ്തമായ നിലപാടാണ് തന്റെ നാടകരചനക്കടിസ്ഥാനമെന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്:

"സ്ത്രീയെ ഉപഭോഗ ഉപകരണമായി മാത്രം കണക്കാക്കുന്ന രാജാവിനെയും രാജധർമ്മങ്ങളെയും ഭർത്സിക്കുകയും ,രാജാവിന്റെ സ്ത്രീയോടുള്ള അവഹേളനത്തിനെതിരെ തന്റേടത്തോടെ ശബ്ദമുയർത്തുകയും ചെയ്യുന്ന ഒരു സ്ത്രീയെ ചിത്രീകരിക്കുകയുമായിരുന്നു വ്യാസന്റെ ഉദ്ദേശവും ലക്ഷ്യവും. കാളിദാസന്റെ ഉദ്ദേശലക്ഷ്യങ്ങൾ അതിനു കടകവിരുദ്ധവും."

........................................................................................................................

"കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെ തൊണ്ണൂറുശതമാനവും പകർത്തിക്കൊണ്ടു തന്നെ എനിക്ക് വ്യാസന്റെ കഥയോട് നീതിപുലർത്താം ............കാലദൈർഘ്യത്തിൽ വ്യത്യാസമുണ്ടെന്നല്ലാതെ ശകുന്തളയെ യാത്രയയക്കുന്ന രംഗത്തിലും കാളിദാസനും വ്യാസനും തമ്മിൽ വിയോജിപ്പില്ല. കാലദൈർഘ്യത്തിന്റെ കാര്യത്തിൽ ഞാൻ കാളിദാസനെ സ്വീകരിക്കുന്നു. നാടകമെന്ന ദൃശ്യത്തിന് അതാണ് നല്ലത്. ശകുന്തളയെ അറിയില്ലെന്ന് ദുഷ്യന്തൻ പറയുന്ന അഞ്ചാം അങ്കത്തിലും അത് മന:പൂർവ്വം പറയുന്ന ഒരു കള്ളമാണു ' എന്നൊരു തിരുത്തലേ കാളിദാസനിൽ നിന്നു വരുത്തേണ്ടതുള്ളു. മോതിരം കൊടുക്കലും ദുർവാസാശാപവും മറ്റും ഉപേക്ഷി ക്കുന്നതുകൊണ്ട് ദുഷ്യന്തൻ മന:പൂർവം കള്ളം പറയുകയാണെന്ന് സിദ്ധമാകുന്നു." **50**

വ്യാസഭാരതത്തിൽ നിന്നും കാളിദാസൻ വരുത്തിയ മാറ്റങ്ങൾ സ്ത്രീപക്ഷ വീക്ഷണത്തോടെ വിമർശനാത്മകമായി എഴുതിയ നാടകമാണ് തോപ്പിൽഭാസിയുടെ 'ശാകുന്തളം. തന്റെ പ്രത്യയ ശാസ്ത്രനിലപാടുകളിൽ നിന്ന് കൊണ്ടാണ് ശാകുന്തള കഥയെ പുനർനിർമ്മിച്ചതെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. അതാകട്ടെ, കാളിദാസന് രാജാവിനോടുള്ള പ്രതിബദ്ധതയ്ക്ക് കടകവിരുദ്ധവുമാണ്. അതുകൊണ്ടു തന്നെ ശുഭപര്യവസായിയായ നാടകമല്ല അദ്ദേഹം ഉദ്ദേശിച്ചതെന്ന് നിരീക്ഷിക്കാം. ഭാസിയുടെ ശാകുന്തളം നാടകം അഞ്ച് അങ്കത്തോടെ അവസാനിക്കുന്നു.

"മുക്കുവർക്ക് മീനിന്റെ വയറ്റിൽ നിന്ന് മുദ്രമോതിരം കിട്ടുന്നതും, ദുഷ്യന്തന്റെ ശകുന്തളവിയോഗത്തിലുള്ള വ്യഥയും ദേവലോകയാത്രയും മടക്കയാത്രയും മാരീചാ ശ്രമപ്രവേശവും ശകുന്തളയോടും പുത്രനോടും ദുഷ്യന്തൻ ചേരുന്ന സുഖപര്യവസാ യിയായ കഥയും,പ്രധാനമായി രംഗപ്രയോഗത്തിനു വേണ്ടി എഴുതുന്ന ഈ നാടക ത്തിൽ നിന്ന് ഞാൻ വിട്ടുകളയുകയാണ്." **51**

നാടകീയ സംഘർഷങ്ങളുടെ സാധ്യതയാണ് തോപ്പിൽഭാസി തന്റെ രചനയ്ക്കായി സ്വീകരിച്ചത്. ദുഷ്യന്തരാജാവ് ശകുന്തളയെ തിരസ്കരിക്കുന്ന തോടുകൂടി നാടകം അവസാനഭാഗമാകുന്നു. അഭിജ്ഞാനശാകുന്തളത്തിൽ

പുത്രനെയും ശകുന്തളേയും രാജാവ് സ്വീകരിക്കുന്ന ഭാഗം ഭാസിയുടെ അഭിപ്രായത്തിൽ ആന്റിക്ലൈമാക്സ് ആണ്. 'മറ്റൊരു സ്ത്രീ' യോടൊപ്പം(മേനക) ആകാശമാർഗ്ഗേണ അപ്രത്യക്ഷയായതായി പുരോഹിതൻ രാജാവിനോട് പറയുന്നതോടെയാണ് നാടകം അവസാനിക്കുന്നത്. കാളിദാസന്റെ നാടകം സ്വീകരിച്ച്, അതിലെ സ്ത്രീവിരുദ്ധഘടകങ്ങളെ ഉപേക്ഷിച്ച് തനതായ പുനഃസൃഷ്ടി നടത്തുകയാണ് തോപ്പിൽ ഭാസി ചെയ്തതെന്ന് നിരീക്ഷിക്കാം.

**2.12 ശാകുന്തള കഥ-സ്ത്രീവാദപരമായ പ്രശ്നവിചാരം**

ഇതിഹാസത്തിലെയും കാളിദാസനാടകത്തിലെയും ശാകുന്തള കഥകളുടെ സവിശേഷമായ സമ്മിശ്രണമാണ് മേൽപ്പറഞ്ഞ പുനർനിർമ്മിതികളിലെല്ലാം ദർശിക്കാനാവുന്നത്. ഇതിഹാസത്തിൽ, ശാകുന്തളോപാഖ്യാനം ആരംഭിക്കുന്നതു തന്നെ ജാതി ശ്രേണീവൽക്കരണത്തിൽ സ്ത്രീയുമായി ബന്ധമുള്ള പ്രകടമായ പ്രശ്നങ്ങൾ ഉന്നയി ച്ചുകൊണ്ടാണ്. *ബ്രാഹ്മണന്റെ പുത്രി ക്ഷത്രീയന് ചേരുന്നതെങ്ങനെ*-യെന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. അത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത് തന്നെ ബ്രാഹ്മണധർമ്മശാസ്ത്രങ്ങൾ അനുസരിക്കുന്ന സാമൂഹിക ചുറ്റുപാടുകളിലാണ്. ഇതിഹാസകാരൻ തന്നെ അത്തരം പ്രശ്നങ്ങളാണ് നിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്നത്. അതുകൊണ്ടു തന്നെയാണ്, തന്റെ ജനനകഥ ശകുന്തള സ്വയം പറയാൻ നിർബന്ധിതയാവുന്നത്. കാളിദാസനിലേയ്ക്കെത്തുമ്പോഴേയ്ക്കും ഇതേ പ്രശ്നം കുറേക്കൂടെ തീവ്രതരമായി ഉന്നയിക്കപ്പെടുന്നു. എന്നാൽ രാജാവിന് മറുപടി നൽകുന്നത് ശകുന്തളയല്ല, തോഴിമാരാണ് എന്നതും പ്രത്യേകം ശ്രദ്ധാർഹമാണ്. സ്ത്രീയുടെ ജനനരഹസ്യം ശാകുന്തളകഥയിൽ പ്രധാനമാവുന്നത്, പ്രസ്തുത ഉപാഖ്യാനം തന്നെ ബ്രാഹ്മണമൂല്യവ്യവസ്ഥിതിയെ മുൻനിർത്തി രചിച്ചതു കൊണ്ടാണ്. കാളിദാസനാടകമാവട്ടെ, പ്രസ്തുതവ്യവസ്ഥ കുറേക്കൂടെ സൂക്ഷ്മമായ അംശങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിക്കുകയാണുണ്ടായത്. അപ്പോഴാണ്

ഇതിഹാസത്തിൽ രാജാവിന്റെ നേർക്കു നോക്കി മറുപടി പറയുന്ന ശകുന്തള യിൽ നിന്നും വ്യത്യസ്തമായി, തോഴിമാർ അവൾക്കു വേണ്ടി സംസാരിക്കുന്ന കഥാംശം രൂപപ്പെടുന്നത്. ഗാന്ധർവ്വത്തിനു പകരം പുത്രന്റെ രാജപദവീലബ്ധി ആവശ്യപ്പെടുന്ന ഇതിഹാസ ശകുന്തളയിൽ നിന്ന് വ്യത്യസ്തമായി; തോഴിമാർ അതേ ആവശ്യം ഉന്നയിക്കുന്ന നാടകം രൂപപ്പെടുന്നതും വിശുദ്ധസ്ത്രീ നിർമ്മിതീ ഘടകങ്ങളിലേയ്ക്ക് ശകുന്തളയുടെ കഥാപാത്രത്തെ ചേർത്തെടുത്ത് കൊണ്ടാണെന്ന് നിരീക്ഷിക്കാനാകും.

ശാകുന്തളോപാഖ്യാനത്തിലെ സ്ത്രീവാദപരമായ മറ്റൊരു പ്രധാനപ്രശ്നം ശകുന്തളയുടെ രക്ഷിതാക്കളെ മുൻനിർത്തിയുള്ളതാണ്. സ്ത്രീയ്ക്ക് നിർബന്ധമായും ഒരു പുരുഷരക്ഷിതാവുണ്ടാകേണ്ട ആവശ്യകത ശക്തമായി ഉന്നയിച്ചിട്ടുള്ളത് ശ്രുതിസ്മൃതികളിലാണ്. ഇതിഹാസത്തിലെ ശാകുന്തളോപാഖ്യാനത്തിലാകട്ടെ, അതേ പ്രശ്നം വലിയ പ്രാധാന്യത്തോടെ ചേർത്തിട്ടുണ്ട്. ശകുന്തളയുടെ രക്ഷിതാക്കളുടെ അലംഭാവവും അവളെ നിസ്സാരമായി ഉപേക്ഷിച്ചതിലുള്ള ക്രൗര്യവും ഇതിഹാസകാരൻ തന്നെ പ്രശ്നവൽക്കരിക്കുന്നുണ്ട്. പിതാവിന്റെ വരവിന് ശേഷം മാത്രം ഗാന്ധർവ്വം നടത്താമെന്ന് ശകുന്തള രാജാവിനോട് ആവശ്യപ്പെടുന്നതും സ്ത്രീജീവിതത്തിൽ രക്ഷിതാക്കളുടെ പ്രാധാന്യം മുൻനിർത്തിയാണ്. രാജസന്നിധിയിൽ വച്ച് ശകുന്തളയെ നിഷേധിക്കുന്ന സമയത്ത് രാജാവ് അവളുടെ മാതാപിതാക്കളെ ഒരു പോലെ ഭർത്സിക്കുന്നതും ബ്രാഹ്മണധർമ്മശാസ്ത്രങ്ങളെ മുൻനിർത്തിയാണ്. കുട്ടിയെ കാട്ടിൽ വലിച്ചെറിഞ്ഞ നിർദ്ദയത്വം ദുഷ്യന്തവാക്കുകളിലൂടെ ഇതിഹാസകാരനും വിമർശിക്കുന്നുണ്ട്. നാടകത്തിൽ രക്ഷിതാക്കളുടെ അനുമതിയില്ലാതെ ശകുന്തളയെടുത്ത ഗാന്ധർവ്വതീരുമാനമാണ് ശക്തമായ വിമർശനമായി കാളിദാസൻ കണ്വ-ഗൗതമീവാക്കുകളിലൂടെ ഉന്നയിക്കുന്നത്. വിവാഹകാര്യത്തിൽ സ്ത്രീ സ്വന്തമായെടുക്കുന്ന തീരുമാനങ്ങളുടെ ആത്യന്തികഫലം അവർ തന്നെ അനുഭവിക്കേണ്ടതാണെന്ന സൂചന അഭി

ജ്ഞാനശാകുന്തളത്തിലുണ്ട്. അതുകൊണ്ടാണ് പുരുഷരക്ഷിതാവായ ഭർത്താവിൽ ശകുന്തളയെ നിർദ്ദയം ഏല്പിച്ചുകൊടുത്തുകൊണ്ട് കണ്വാശ്രമത്തിൽ നിന്ന് വന്നവരെല്ലാം മടങ്ങിപ്പോകുന്നത്. ചുരുക്കത്തിൽ പുരുഷ രക്ഷിതാക്കളുടെ സംരക്ഷണം, അവരെ അനുസരിക്കൽ തുടങ്ങിയ അതിസൂക്ഷ്മ സ്ത്രീപക്ഷപ്രശ്നങ്ങൾ ശാകുന്തളത്തിൽ പ്രത്യേകമായി വരുന്നുണ്ടെന്ന് കാണാം. അവ മലയാളത്തിലെ ശാകുന്തള പുനർനിർമ്മിതികളിലെങ്ങനെയാണ് ആവിഷ്കരിച്ചതെന്ന് നിരീക്ഷിക്കേണ്ടതുണ്ട്.

സ്ത്രീയെ സംബന്ധിച്ച മറ്റൊരു പ്രധാന ജീവിതാവസ്ഥ വിവാഹാനന്തരം സംഭവിക്കുന്ന വലിയ മാറ്റമാണ്. പുത്രീസ്ഥാനത്തു നിന്ന് ഭാര്യാപദവിയിലെത്തുമ്പോൾ വലിയ പരിവർത്തനങ്ങളാണ് കുടുംബവും സമൂഹവും സ്ത്രീയിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഇതിഹാസത്തിലെ ശാകുന്തളോപാഖ്യാനത്തിൽ ആരായിരിക്കണം ഭാര്യ എന്ന വിശദീകരണം ശകുന്തളയെക്കൊണ്ട് തന്നെയാണ് വ്യാസമുനി നൽകുന്നത്. അതാകട്ടെ, ബ്രാഹ്മണ ധർമ്മശാസ്ത്രകൃതികളിൽ നിന്നും യാതൊരു വ്യത്യാസവും ഉള്ളതല്ല. ഭാര്യ എന്ന നിലയിലുള്ള അവസ്ഥ പുരുഷന്റെ ഭർത്തൃപദവിയിൽ നിന്നും വളരെ താഴത്തേയ്ക്കായി നിജപ്പെടുത്തിയതിനും ഉള്ള ഉദാഹരണങ്ങൾ വ്യാസഭാരതത്തിലും അഭിജ്ഞാന ശകുന്തളത്തിലും വ്യക്തമായി കാണാം. ബ്രാഹ്മണന് ശൂദ്രൻ എപ്രകാരമാണോ ദാസനായിരിക്കുന്നത്, അപ്രകാരം തന്നെ ഭർത്താവിന്റെ ദാസിയാണ് ഭാര്യ-എന്ന് ബ്രാഹ്മണധർമ്മശാസ്ത്രകൃതികളോടൊപ്പം ശാകുന്തളോപാഖ്യാനവും അഭിജ്ഞാനശാകുന്തളം നാടകവും ഉറച്ചു വിശ്വസിക്കുന്നു. മലയാളത്തിൽ വിവിധ കാലങ്ങളിലുണ്ടായ ശാകുന്തളപുനർനിർമിതികളിൽ ഭാര്യാപദവി ആവിഷ്കരിച്ചതെങ്ങനെ എന്ന വിശകലനത്തിന് സ്ത്രീവാദനിരീക്ഷണങ്ങളിൽ പ്രാധാന്യമുള്ളതായി കരുതാം.

ശകുന്തള എന്ന സ്ത്രീ, ഭാഷ കൈകാര്യം ചെയ്യുന്ന പ്രധാന രണ്ടു സന്ദർഭങ്ങൾ രാജാവിനെ ആദ്യമായി കാണുമ്പോഴും, രാജ്യസഭയിൽ വച്ച് തിരസ്കാരം ഏറ്റുവാങ്ങുമ്പോഴുമാണ്. പ്രസ്തുത സന്ദർഭങ്ങളിൽ; ഇതിഹാസത്തിലെ ശകുന്തള സ്ത്രീ സഹജമെന്നാരോപിക്കുന്ന ലജ്ജാഭാരങ്ങളില്ലാതെ തന്നെ ദുഷ്യന്തനോട് സംസാരിക്കുന്നുണ്ട്. നാടകത്തിലാകട്ടെ, ശകുന്തളയുടെ ഭാഷണസാധ്യത തന്നെ കാളിദാസൻ ഇല്ലാതാക്കുകയാണുണ്ടായത്. ഇത്തരം രണ്ടു സാധ്യതകളും മലയാളത്തിലെ എഴുത്തുകാർ സ്വീകരിച്ചപ്പോൾ എന്തെല്ലാം പരിവർത്തനങ്ങളാണുണ്ടായതെന്ന വിശകലനം സ്ത്രീവാദനിനിലപാടുകളുടെ സൂക്ഷ്മനിരീക്ഷണത്തിൽപ്പെടുന്നതാണ്. സ്ത്രീയെ സംസാരിക്കാനനുവദിക്കുന്ന-അനുവദിക്കാത്ത എഴുത്തുകാരുടെ വ്യത്യസ്തമായ നിലപാടുകളാണ് പരിശോധനാവിധേയമാക്കുന്നത്.

വ്യാസഭാരതത്തെയോ,കാളിദാസനാടകത്തെയോ ഉപജീവിച്ചുകൊണ്ട് എഴുതിയ, മലയാളത്തിലെ പുനർനിർമ്മിതികളിലെ ശകുന്തളയെന്ന സ്ത്രീയെ മുൻനിർത്തിയുള്ള സ്ത്രീവാദപരമായ നിരീക്ഷണങ്ങളാണ് തുടർന്നുള്ള അധ്യായങ്ങളിൽ വിശകലന വിധേയമാക്കുന്നത്. പ്രകൃതിജീവികൾ എന്ന നിലയിൽ സ്വതന്ത്ര അസ്തിത്വമുള്ള സ്ത്രീകളെ; അതിൽ നിന്നും വ്യത്യസ്തമായി, പിതൃഅധികാരവ്യവസ്ഥയ്ക്കനുസൃതമായി നിർമ്മിച്ചെടുത്തതിന് മാതൃകയാണ് ശകുന്തള എന്ന ഇതിഹാസകഥാപാത്രം. ഇതിഹാസകഥാപാത്രമായതു കൊണ്ടു തന്നെ; സ്ത്രീവാദനിരീക്ഷണങ്ങൾ ഭാരതീയ പശ്ചാത്തലത്തിലാണ് ക്രോഡീകരിക്കുന്നത്. അത്തരം നിരീക്ഷണങ്ങളുടെ സൈദ്ധാന്തിക ഭൂമിക ഒന്നാം അധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. ശുദ്ധിയെ അടിസ്ഥാനമാക്കി-സ്ത്രീയെ രണ്ടു ഗണമായിത്തിരിച്ച ബ്രാഹ്മണധർമ്മശാസ്ത്ര മൂല്യ വ്യവസ്ഥയെ-, ശാകുന്തളകഥയുടെ മലയാളത്തിലെ തെരഞ്ഞെടുത്ത പുനർനിർമ്മിതികളിലൂടെ അടുത്ത അധ്യായത്തിൽ വിശകലനം ചെയ്യുന്നു.

## കുറിപ്പുകൾ

1. ഈ ഗണനം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതം വിവർത്തനം അനുസരിച്ചുള്ളതാണ്.
2. Romila Thaapar, *The Narrative from the Mahaabharatha*, shakunthala-Texts Readings Histories, (Kali for women,Delhi,2000),p.10
3. കുഞ്ഞിക്കുട്ടൻ തമ്പുരാൻ, *ഭാഷാഭാരതം*.
4. ജോസഫ് മുണ്ടശ്ശേരി, *കാളിദാസനും കാലത്തിന്റെ ദാസൻ*, മുണ്ടശ്ശേരി കൃതികൾ, രണ്ടാം വാല്യം,(കറന്റ് ബുക്ക്സ്,തൃശ്ശൂർ,)പുറം.48.
5. ജൂലിയാ ഡേവിഡ്,*മുണ്ടശ്ശേരിയുടെ ശകുന്തള,* മലയാളനിരൂപണം പുനർ വായനകൾ, മലയാളപച്ച, (റിസർച്ച് ജേർണൽ, മലയാള വിഭാഗം KKTM ഗവ കോളേജ് കൊടുങ്ങല്ലൂർ, ഫെബ്രുവരി, 2018),പു. 290.
6. അഭിജ്ഞാനശാകുന്തളം-കാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണമാരാർ, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്,അഞ്ചാം പതിപ്പ്,2012,
7. ജോസഫ് മുണ്ടശ്ശേരി, *കാളിദാസനും കാലത്തിന്റെ ദാസൻ*, മുണ്ട ശ്ശേരി കൃതികൾ, രണ്ടാം വാല്യം,(കറന്റ് ബുക്ക്സ്,തൃശ്ശൂർ,)
8. അഭിജ്ഞാനശാകുന്തളം-കാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണ മാരാർ, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്,അഞ്ചാം പതി പ്പ്,2012, പു. 5-17.
9. ഷൂബ കെ എസ്, ആഗോളീകരണകാലത്തെ കുട്ടിക്കൃഷ്ണമാരാർ,( എം എൻ വിജയൻ സാംസ്കാരികവേദി, തിരുവനന്തപുരം, ഒന്നാംപതിപ്പ്, 2011),പുറം-141.

10. അഭിജ്ഞാനശാകുന്തളംകാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണമാരാർ, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്,അഞ്ചാം പതിപ്പ്,2012, പു.13.

11. ടി.ബി.വേണുഗോപാലപ്പണിക്കർ,ശകുന്തളോപാഖ്യാനം:എഴുത്തച്ഛന്റെയും കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും മഹാഭാരതങ്ങളിൽ,( താപസം , റിസർച്ച് ജേർണൽ ജനുവരി,2008),പു. 308

12. മന്മഥമന്ദമരുന്മാധവമാസാദിയെ

നിർമ്മലചന്ദ്രനോടു കൂടവേ നിയോഗിച്ചാൻ

ഡോ പി. എം വിജയപ്പൻ, *തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം: സംശോധിതസംസ്കരണം* (കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998),പു. 225

13. ടി.ബി.വേണുഗോപാലപ്പണിക്കർ,ശകുന്തളോപാഖ്യാനം:എഴുത്തച്ഛന്റെയും കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും മഹാഭാരതങ്ങളിൽ,(താപസം , റിസർച്ച് ജേർണൽ ജനുവരി,2008),പു.306

14. ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ, (കേരള സാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.45

15. അതേ പുസ്തകം, പു. 38.

16. കെ. വി. ദിലീപ്കുമാർ, ചെറുശ്ശേരിയുടെ ഭാരതഗാഥ, (താപസം റിസർച്ച് ജേർണൽ, വാല്യം-3,ലക്കം-3, ജനുവരി, 2008), പുറം-350.

17. നൂറ്റിഒന്ന് ആട്ടക്കഥകൾ, സമാ:ഡോ. എസ്.കെ.നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം,(നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ഒന്നാം പതിപ്പ്, 1979), പു.10

18. ആട്ടക്കഥ-ഡോ. എസ്. കെ. നായർ,സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, (ജന.എഡി.), ഡോ. കെ.എം.ജോർജ്ജ്,(സാഹിത്യ പ്രവർത്തക സഹ കരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം), പു. 517.

19. കഥാസംഗ്രഹം അവലംബം-നൂറ്റിഒന്ന് ആട്ടക്കഥകൾ-ഡോ. എസ്.കെ. നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ഒന്നാം പതിപ്പ്, 1979.

20. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും*,(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ,ഒന്നാംപതിപ്പ്,1977),പു. 61-69.

21. എസ്. ഗുപ്തൻ നായർ, *വിട്ടുപോയ കണ്ണികൾ*,സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,(ജന.എഡി.), ഡോ. കെ.എം.ജോർജ്ജ്,( സാഹിത്യ പ്രവർത്തക സഹകരണ സംഘം,നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം, പതിനൊന്നാം പതിപ്പ്,2017),പു. 682.

22. അതേപുസ്തകം, പു. 683.

23. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും*,(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ,ഒന്നാംപതിപ്പ്,1977), പു. 145

24. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിതസംസ്കരണം:ഡോ പി. എം വിജയപ്പൻ,( കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998), പു. 223.

25. അതേപുസ്തകം, പു. 224.

26. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും*,(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ,ഒന്നാംപതിപ്പ്,1977), പു. 145.

27. അതേപുസ്തകം, പു. 152.

28. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം:സംശോധിതസംസ്കരണം-ഡോ പി. എം വിജയപ്പൻ, (കറന്റ് ബുക്ക്സ്, തൃശ്ശൂർ, 1998), പു. 233.

29. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും*,(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ, 1977),പു. 145.

30. അതേപുസ്തകം, പു. 150.

31. അതേപുസ്തകം, പുററം 153.

32. അച്ഛനും മകളും,അവതാരിക:വിദ്വാൻ സി. എസ്. നായർ, *വള്ളത്തോളിന്റെ കവിതകൾ,*( ഡി.സി. ,ബുക്ക്സ്,കോട്ടയം,2003),പു. 328.

33. തായാട്ട് ശങ്കരൻ,*വള്ളത്തോൾ നവയുഗത്തിന്റെ കവി,*(വള്ളത്തോൾ വിദ്യാപീഠം,ശുകപുരം, 1986), പു. 275,329.

34. വള്ളത്തോളിന്റെ കവിതകൾ,വള്ളത്തോൾ നാരായണമേനോൻ,( ഡി.സി. ,ബുക്ക്സ്,കോട്ടയം,2003),പു. 339-340.

35. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം:സംശോധിതസംസ്കരണം-ഡോ പി. എം വിജയപ്പൻ, (കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998), പു. 235.

36. വള്ളത്തോളിന്റെ കവിതകൾ,വള്ളത്തോൾ നാരായണമേനോൻ,( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു. 339.

37. എം.ലീലാവതി,മലയാളകവിതാസാഹിത്യചരിത്രം,(കേരളസാഹി ത്യ അക്കാദമി,തൃശ്ശൂർ,2002),പു. 206.

38. വള്ളത്തോളിന്റെ കവിതകൾ,വള്ളത്തോൾ നാരായണമേനോൻ,( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു. 343.

39. അതേപുസ്തകം, പു. 344.

40. തായാട്ട് ശങ്കരൻ,*വള്ളത്തോൾ നവയുഗത്തിന്റെ കവി,*(വള്ളത്തോൾ വിദ്യാപീഠം,ശുകപുരം,ഒന്നാംപതിപ്പ്,1986), പു. 269.

41. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്,*ഭർത്തൃപരിത്യക്തയായ ശകുന്തള,* (മലയാള മനോരമ,കോട്ടയം,ഒന്നാം പതിപ്പ്,1920),പു. 2.

42. അതേപുസ്തകം, പു. 6.

43. അതേപുസ്തകം, പു. 19.

44. കെ.പി.കുഞ്ഞുലക്ഷ്മി അമ്മ,*ശകുന്തള,* (മംഗളോദയം,തൃശ്ശൂർ,ഒന്നാം പതിപ്പ് 1947), പു. 3

45. അതേപുസ്തകം, പു.6

46. അതേപുസ്തകം, പു. 7

47. അതേപുസ്തകം, പു. 12

48. അതേപുസ്തകം, പു. 13

49. ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ*,(കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്,തിരുവനന്തപുരം,2010).

50. . തോപ്പിൽ ഭാസി, *ശാകുന്തളം,* (ഡി സി. ബുക്ക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 1987),പു. 10-11.

51. അതേപുസ്തകം, പു. 11

,

# അധ്യായം മൂന്ന്

## പതിവ്രതയും വേശ്യയും -

## അടയാളപ്പെടുത്തലുകളുടെ പ്രത്യയശാസ്ത്രം

വിശുദ്ധസ്ത്രീ,വേശ്യ 1 എന്നിങ്ങനെയുള്ള സ്ത്രീവിഭജനം ശരീരത്തെയും ലൈംഗികതയെയും മുൻനിർത്തി സവർണ്ണപുരുഷപ്രത്യയ ശാസ്ത്രം രൂപപ്പെടുത്തിയെടുത്തതാണ്. കേരളത്തിൽ ഇരുപതാംനൂറ്റാണ്ടിലെ ആദ്യപകുതി വരെയും സവർണ്ണ പുരുഷപ്രത്യയശാസ്ത്രം ശ്രേണീവ്യത്യാസ മില്ലാതെ എല്ലാവരും അനുവർത്തിച്ചു പോന്നിരുന്നു. ഭരണ-നിർവ്വഹണ മേഖലകളിൽ ബ്രാഹ്മണാധികാരത്തിനുണ്ടായിരുന്ന അനിഷേധ്യമായ സ്ഥാന മാണ് അത്തരം നിലപാടുകളിൽ ജീവിക്കാൻ കേരളജനതയെ നിർബന്ധിത മാക്കിയത്. മധ്യകാലത്തും നവോത്ഥാനകാലത്തും അതിനുശേഷവും ഉ ണ്ടായ ശകുന്തള പുനർനിർമ്മിതികളിൽ അധികാരവ്യവസ്ഥയെ നിയന്ത്രിച്ച സ്ത്രീ വിഭജനപരമായ പ്രത്യയശാസ്ത്ര നിലപാടുകൾ എഴുത്തുകാർ അവത രിപ്പിച്ചിട്ടുണ്ടോയെന്ന അപഗ്രഥനാത്മക വിശകലനമാണ് ഈ അധ്യായത്തി ലുള്ളത്.

വ്യാസഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിൽ വിശുദ്ധ സ്ത്രീ-വേശ്യ എന്നിവരെ വ്യത്യസ്തനിലയിൽ അടയാളപ്പെടുത്തിയതായി കാണാം. മേനകയുടെ വേശ്യാത്വത്തെ ദുഷ്യന്തൻ പരിഹസിക്കുന്നുണ്ട്. വ്യഭി ചാരിണിയാണ് ശകുന്തളയുടെ അമ്മ. ശകുന്തള സംസാരിക്കുന്നതും വേശ്യാ സ്ത്രീകൾ സംസാരിക്കുന്നതു പോലെയാണ്. വേശ്യ ആരാണെന്നും അവൾ സഭാമധ്യത്തിൽ നിന്ദ അർഹിക്കുന്നവളാണെന്നുമുള്ള ബോധം ദുഷ്യന്ത നിലൂടെ വ്യാസൻ പറഞ്ഞു വെക്കുന്നുണ്ട്. അതേ സമയം സമാന്തരമായി ഭാര്യ എന്ന വിശുദ്ധസ്ത്രീയെക്കുറിച്ച് ശകുന്തള സംസാരിക്കുന്നുണ്ട്. പതിവ്രത യായ ഭാര്യ ആദരിക്കപ്പെടേണ്ടവളാണ്. ഭാര്യയ്ക്ക്, ജായ എന്ന പേര് വരാൻ ഇടയായത് ഭർത്താവ് ഭാര്യയിൽ ചേർന്നാൽ താൻ തന്നെ അവളിൽ പുത്രനായി ജനിക്കുന്നത് കൊണ്ടാണ്. പതിയുടെ ആത്മാവാണ് ഭാര്യയിൽ പുത്രരൂപേണ ജനിക്കു ന്നത്. ഇഹലോകത്തിലും പരലോകത്തിലും ഒരുപോലെ പുരുഷന്

കൂടെ നിൽക്കുന്നത് ഭാര്യയാണ്. ഇപ്രകാരമാണ് ഇതിഹാസത്തിലെ നിരീക്ഷ ണങ്ങളുള്ളത്.

സ്ത്രീകളെ ഇപ്രകാരം രണ്ടായി തിരിക്കുന്ന വിധം ഇതിഹാസകാലത്തു തന്നെ നിലനിന്നിരുന്നുവെന്ന് കാണാം. രണ്ടുവിഭജനവും പുരുഷന്റെ ആവ ശ്യാർത്ഥമുള്ളതായിരുന്നു. വിശ്വാമിത്രനെന്ന മഹർഷിയുടെ തപസ്സ് മേന കയിലൂടെ തടസ്സപ്പെടുത്തേണ്ട ആവശ്യം ഇന്ദ്രൻ എന്ന പുരുഷന്റെയായിരുന്നു. അത്തരം കർമ്മങ്ങൾക്കാവശ്യമായിരുന്ന സ്ത്രീകളെ നിർമ്മിച്ചെടുത്തതും അവരെ അപ്സരസ്സ് അഥവാ സ്വർ വേശ്യ എന്ന പേരിട്ട് വിളിച്ചതും പുരുഷാ ധികാരവ്യവസ്ഥയാണ്. അതേപോലെ സ്വന്തം രക്തത്തിൽപ്പിറന്ന, പിന്തുട ർച്ചാവകാശം നൽകേണ്ട പുത്രനെ ഉറപ്പാക്കാൻ വിശുദ്ധസ്ത്രീയും ആവശ്യ മാണ്. യഥാർത്ഥത്തിൽ, വേദാദികൾ മുതൽ നിലനിന്ന പുരുഷാധീ ശവ്യവസ്ഥയാണ് വിശുദ്ധസ്ത്രീയെയും-വേശ്യയെയും അടയാളപ്പെടുത്തിയ പ്രത്യയശാസ്ത്രമെന്ന് നിരീക്ഷിക്കാം. അവയാകട്ടെ, സ്ത്രീയുടെ ശരീരത്തെ മുൻനിർത്തിയുള്ള ശുദ്ധാശുദ്ധിവിചാരത്തിൽ നിന്നും ഉടലെടുത്തതുമാണ്.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിൽ വ്യക്തമായി വിശുദ്ധസ്ത്രീ-വേശ്യ വിഭജനം നടക്കുന്നുണ്ട്. ശകുന്തളയെ അവളുടെ കർമ്മങ്ങൾ കൊണ്ട് ഒരിടത്ത് വിശുദ്ധസ്ത്രീയായും പിന്നീട് വേശ്യയായും അടയാളപ്പെടുത്തുന്നു. കന്യകയും കണ്വമുനിയുടെ വളർത്തുപുത്രിയുമായ ശകുന്തള വിശുദ്ധസ്ത്രീയാണ്. കണ്വമുനിയുടെ സാമൂഹികപദവി തന്നെ യാണ് ശകുന്തളയുടെ സ്ത്രീപദവി വിശുദ്ധമാക്കുന്നത്. എന്നാൽ ബന്ധു ക്കളുടെ, പ്രത്യേകിച്ചും കണ്വമഹർഷിയുടെ അനുവാദമില്ലാതെ സ്വന്തതീരു മാനപ്രകാരം ഗാന്ധർവവിവാഹം ചെയ്തതോടെ ശകുന്തളയുടെ വിശുദ്ധസ്ത്രീ പദവി ഇല്ലാതെയാകുന്നു. അതോടെ അവളുടെ അമ്മയായ മേനകയുടെ വേശ്യാത്വം അവളിൽ ആരോപിതമാകുന്നു. പിന്നീട്; 'ഭരതൻ എന്ന പുത്രന്റെ

അമ്മ' എന്ന മാതൃസ്ഥാനമാണ് അവളെ വിശുദ്ധസ്ത്രീയായി ഉയർത്തുകയും ഭാര്യാപദവി യിൽ തിരിച്ച് എത്തിക്കുകയും ചെയ്യുന്നത്. വളരെ സൂക്ഷ്മമായാണ് സ്ത്രീയെ സഹസ്രാബ്ദങ്ങളിലൂടെ നിർമ്മിച്ചെടുത്തത്. അത്തരം നിർമ്മിതികളിലെല്ലാം പുരുഷാധീശവ്യവസ്ഥയുടെ വ്യക്തമായ ഇടപെടലുകൾ നടന്നിട്ടുണ്ട്. ഇന്നും സമൂഹമനസ്സിൽ നിലനിൽക്കുന്ന വിശുദ്ധസ്ത്രീ-വേശ്യ നിർമ്മിതികൾക്ക് ആയിരക്കണക്കിന് വർഷങ്ങളുടെ പഴക്കമുണ്ടെന്ന് നിരീക്ഷിക്കാം.

## 3.1 എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനം

### 3.1.1 ബ്രാഹ്മണേതരസ്ത്രീകൾക്കും കുലസ്ത്രീയാവാം

പതിവ്രതയുടെയും വേശ്യയുടേയും സാമൂഹികസ്ഥാനം അടിസ്ഥാനമാക്കി എഴുത്തച്ഛൻ ശകുന്തളോപഖ്യാനത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. ആരാണ് കുലീനസ്ത്രീ എന്ന വിവരണം ബ്രാഹ്മണാധികാരമൂല്യവ്യവസ്ഥയിൽ നിന്നും യാതൊരു വ്യത്യാസവും ഉള്ളതല്ല. 'പതിവ്രതമാരായ കുലസ്ത്രീകൾ'എന്ന് പറയുന്നത് കണ്വമുനിയാണ്. കുലസ്ത്രീ എന്നാൽ പതിവ്രതമാരായ വിശുദ്ധസ്ത്രീകളാണ്. കണ്വോപദേശം കാളിദാസനിൽ നിന്ന് സ്വീകരിച്ച ശേഷം സ്വന്തം നിലപാടുകളായാണ് എഴുത്തച്ഛൻ കിളിപ്പാട്ടിൽ ചേർത്തതെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശകുന്തളാവാക്കുകളിലാണ് കുലസ്ത്രീകൾ ദുഷിച്ചുപോകുന്ന വിധം ചേർത്തിട്ടുള്ളത്.

"പരബീജത്തെ ഗ്രഹിച്ചീടിന കുലസ്ത്രീകൾ
നരകം പ്രാപിക്കുന്നു കുലവും നശിപ്പിക്കും." **2**

പതിവ്രതയെക്കുറിച്ചും വേശ്യയെക്കുറിച്ചുമുള്ള പ്രസ്തുത വിവരണങ്ങളിലെല്ലാം ശ്രുതിസ്മൃതികളുടെ ആവർത്തനമുണ്ടെന്നു നിരീക്ഷി

ക്കാം. അത്തരം പാതിവ്രത്യാചരണം ബ്രാഹ്മണസ്ത്രീകൾ നിർബന്ധമായും അനുഷ്ഠിക്കേണ്ട കർമ്മമാണ്. എഴുത്തച്ഛന്റെ കണ്വമുനി ശകുന്തള എന്ന ഒരു ബ്രാഹ്മണേതരസ്ത്രീയ്ക്കല്ല ഉപദേശം നൽകുന്നത്. മറിച്ച്,ബ്രാഹ്മണേതരസ്ത്രീകൾക്കാണ്. അതായത് ഒന്നിലധികം സ്ത്രീകളെ അദ്ദേഹം മുന്നിൽക്കാണുന്നു.

താതനാം മുനിവരൻ പുത്രിയോടരുൾചെയ്താൻ
നീ തവഭർത്താവിനെച്ചെന്നു കാണണമിനി.
സ്വാതന്ത്ര്യം നാരിമാർക്കിലെന്നല്ലോ ചൊല്ലീടുന്നു
താതൻ താൻ രക്ഷിക്കണം കൗമാരം വയസ്സിങ്കൽ
പുത്രൻ താൻ രക്ഷിക്കണം വാർദ്ധക്യം വയസ്സിങ്കൽ
ഭർത്താവു രക്ഷിക്കണം യൗവ്വനം വയസ്സിങ്കൽ
പുത്രൻ താൻ രക്ഷിക്കണം വാർദ്ധക്യം വയസ്സയിങ്കൽ
ദേവകൾക്കെല്ലാം വിഷ്ണു ദേവതയല്ലോ, ഭൂമി-
ദേവന്മാർക്കെല്ലാമഗ്നിതാനും ബ്രഹ്മാവു ദൈവം.
ലോകങ്ങൾക്കെല്ലാം ദൈവം ബ്രാഹ്മണരെന്നു നൂനം
മൂർഖനാകിലും ഭർത്താനാരിമാർക്കെല്ലാം ദൈവം
ചേതസാ വാചാ വൃത്ത്യാ കർമ്മണാ ഭർത്താവിനെ-
സ്സാദരം ശുശ്രൂഷിക്ക നല്ലതു നിങ്ങൾക്കെല്ലാം" 3

-എന്നിങ്ങനെയുള്ള ബഹുവചന സംബോധനയിൽ ബ്രാഹ്മണേതര സ്ത്രീകളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. ബ്രാഹ്മണസ്ത്രീകളുടെ പാതിവ്രത്യാചരണം എല്ലാവർക്കും അനുവർത്തിക്കാവുന്നതാണ്. കണ്വമുനിയുടെ വളർത്തുപുത്രിയായ ശകുന്തള ബ്രാഹ്മണേതരസ്ത്രീയാണ്. ഭർത്തൃശുശ്രൂഷ കുലസ്ത്രീകൾക്ക് ഇഹലോകസൗഖ്യം നൽകുന്നുവെന്ന കണ്വമുനിയുടെ ഉപദേശത്തിൽ കാളിദാസന്റെ സ്വാധീനമുണ്ട്. എന്നാൽ അതിനുമുമ്പ് *"സ്വാതന്ത്ര്യം നാരിമാർക്കില്ലെന്നല്ലോ ചൊല്ലുന്നു"* എന്നിങ്ങനെ എഴുത്തച്ഛൻ ചേർത്ത; മനുസ്മൃതിയിലെ *"ന സ്ത്രീ സ്വാതന്ത്ര്യമർഹതി"* എന്നവസാനിക്കുന്ന ശ്ലോകതർജ്ജമ വ്യാസഭാരതത്തിലോ കാളിദാസശാകുന്തളത്തിലോ കണ്വമഹർഷി പറയുന്ന

തല്ല. എഴുത്തച്ഛൻ കൂട്ടിച്ചേർത്തതാണ്. അപ്പോൾ വിപുലമായ രീതിയിൽ ബ്രാഹ്മണേതരസ്ത്രീകളെ കണ്വനിലൂടെ ഉപദേശിക്കുകയായിരുന്നു എഴുത്തച്ഛന്റെ ലക്ഷ്യം. ലോകങ്ങൾക്കെല്ലാം എപ്രകാരമാണോ ബ്രാഹ്മണൻ ദൈവമാകുന്നത്, അതുപോലെയാണ് മൂർഖനാണെങ്കിൽ പോലും സ്ത്രീയ്ക്ക് ഭർത്താവ് ദൈവമാകുന്നത്. അതിൽ നിന്ന് തന്നെ ബ്രാഹ്മണജ്ഞാനപദ്ധതികളെ മുൻനിർത്തിയാണ് അദ്ദേഹം പതിവ്രതയായ ഭാര്യാനിർമ്മിതി നടത്തിയതെന്ന് കരുതാം.

പ്രസ്തുത ഉപദേശം പതിനാറാം നൂറ്റാണ്ടിലെ പ്രത്യേക അധികാര രാഷ്ട്രീയ സാഹചര്യത്തിൽ അനേകാർത്ഥമുള്ളവയാണ്. സ്ത്രീപുരുഷന്മാർക്ക് ഒന്നിലധികം ബന്ധങ്ങളാകാമായിരുന്ന അക്കാലത്തു ബ്രാഹ്മണ ജ്ഞാനപദ്ധതി നിഷ്കർഷിച്ച സ്വസമുദായസ്ത്രീനിർമ്മിതി ശൂദ്രസമൂഹത്തിലും ആകാവുന്നതാണെന്ന് എഴുത്തച്ഛൻ പറയുന്നു. പരബീജത്തെ ഗ്രഹിച്ചീടുന്ന സ്ത്രീ ബഹുലൈംഗികത അനുവർത്തിക്കുന്നവളാണ്. അത്തരം സ്ത്രീക്ക് ലഭിക്കുന്ന ശിക്ഷ നരകപ്രാപ്തിയാണ്. മാത്രമല്ല, കുലത്തിന്റെ നാശത്തിനത് കാരണമാവുകയും ചെയ്യും. ഈ ശകുന്തളാഭാഷണം എഴുത്തച്ഛൻ വേദങ്ങളുടെ പിൻബലത്തോടെയാണ് പറയുന്നത്. ജാതിശ്രേണീകരണത്തിലെ ശുദ്ധാശുദ്ധ ചിന്ത, പുത്രൻ(പുതിയ തലമുറ), സ്വകാര്യസ്വത്ത് എന്നിവയെ മുൻനിർത്തിയാണ് സ്മൃതിഗ്രന്ഥങ്ങൾ പാതിവ്രത്യാചരണം പോലുള്ളവ സ്ത്രീക്ക് മാത്രമായി നിജപ്പെടുത്തിയത്. സ്വന്തപുത്രനെ ഉറപ്പു വരുത്തി, തലമുറകളിലൂടെ സ്വകാര്യസ്വത്ത് കൈമാറ്റം സ്ത്രീകളുടെ അതിശക്തമായ ധർമ്മാചരണത്തിലൂടെ സാധ്യമാക്കുകയാണ് ചെയ്തതെന്ന് നിരീക്ഷിക്കാം

### 3.1.2 ആരാണ് വേശ്യ ?

പതിവ്രതയെക്കുറിച്ചുള്ള ചർച്ചയോടൊപ്പം ആരാണ് വേശ്യ എന്ന പരാമർശങ്ങളും എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനത്തിലുണ്ട് .രാജമന്ദിരത്തിലെത്തിയ ശകുന്തള ദുഷ്യന്തനിരാസത്തിന് മറുപടിപറയുന്നിടത്ത് ഈ ആശയം കടന്നു വരുന്നുണ്ട്:-

സ്നിഗ്ദ്ധമാരായ വേശ്യമാരുടെ ശരീരവും
സ്നിഗ്ദ്ധമാം വാസോരത്നജാലമെന്നിവറ്റിലും
പുത്രാദേഹാലിംഗനമെത്രയും സുഖമേറും
പുത്രസ്പർശനത്തിൽപ്പരം സ്പർശനസുഖമില്ല. 4

സ്നിഗ്ദ്ധമാരായ വേശ്യമാരുടെ ശരീരസ്പർശനത്തേക്കാൾ എന്തുകൊണ്ടും സുഖമേറുന്നത് പുത്രദേഹാലിംഗനമാണ്. ഈ ഭാഗത്ത് ആരാണ് വേശ്യ എന്ന സൂചന കവി നൽകുന്നു. മൃദുവായ ശരീരത്തോട് കൂടിയവരാണ് വേശ്യകൾ. അത്തരം ശരീരങ്ങളുടെ സ്പർശനം നൽകുന്ന ശരീരമാത്രസംതൃപ്തിയേക്കാൾ എന്തുകൊണ്ടും നല്ലത് പുത്രനെ സ്പർശിക്കുന്നതാണ്- എന്നിങ്ങനെ സ്പർശനത്തെ മുൻനിർത്തിയാണ് എഴുത്തച്ഛൻ പ്രസ്തുത ആശയം ചേർത്തു കാണുന്നത്. സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ, പരസ്പരസ്പർശനമില്ലാതെ ജീവിച്ച ജനതയോടാണ് സ്വന്തം പുത്രനെ സ്പർശിക്കുന്നതിന്റെ മഹത്വം എഴുത്തച്ഛൻ എടുത്തു പറയുന്നത്. വേശ്യ- പുരുഷന്മാരുടെ രതിജീവിതവും, പുത്രൻ- പുരുഷന്മാരുടെ ഗാർഹസ്ഥ്യജീവിതവും വെളിപ്പെടുത്തുന്നു. പുത്രനെ കേന്ദ്രീകരിച്ചുള്ള ഗാർഹസ്ഥ്യജീവിതമാണ് കൂടുതൽ നല്ലതെന്ന സൂചന ഇവിടെയുണ്ട്. എന്നാൽ നിലവിൽ ഉള്ള വ്യവസ്ഥയിലാണ് വേശ്യാസ്പർശനം വരുന്നത്. ബഹുലൈംഗിക തയെയാണ് സൂചിപ്പിക്കുന്നത്. അത്തരം വ്യവസ്ഥയിലെ സ്ത്രീകളാണ് വേശ്യകൾ. പുരുഷനെ സംബന്ധിച്ചിടത്തോളം അവരേക്കാൾ നല്ലത്, ഭാര്യാബന്ധ(വിശുദ്ധ സ്ത്രീ) ത്തിലധിഷ്ഠിതമായ ജീവിതമാണ്.

സുദീർഘവും ന്യായാന്യായങ്ങൾ ചൂണ്ടിക്കാട്ടിയുമുള്ള ശകുന്തളാഭാഷണങ്ങൾ സ്വാഭാവികമായും ദുഷ്യന്തനിൽ കോപമുണ്ടാക്കി. ദുഷ്യന്തന്റെ പ്രവൃത്തികളെ ചോദ്യം ചെയ്യുമ്പോൾ ശകുന്തള അയാൾക്ക് കുലട അഥവാ വേശ്യയായി മാറുന്നു. തുടർന്നുള്ള ദുഷ്യന്തഭാഷണങ്ങൾ വേശ്യ ആരെന്നു നിർണയിക്കുന്നു.

"ധാർഷ്ട്യമെത്രയും പാരമുണ്ടു നാരികൾക്കെന്നു
കേട്ടുകേളിയേയുള്ളു കണ്ടിട്ടില്ലേവം മുന്നം
കുലടയായ് നീ വന്നെന്നോടു കുലീനയെ-
ന്നലസാലാപം ചെയ്കഖിലമലമലം
.................................................................
സത്യവും പറയുമാറില്ലവരൊരുനാളും
മിഥ്യാപവാദം കണ്വനുണ്ടാക്കിച്ചമാക്കേണ്ട" 5

"നാരിമാർക്ക് ധാർഷ്ട്യ(കൂസൽ കൂടാതെയുള്ള പ്രവൃത്തി)മുണ്ടെന്ന് പറഞ്ഞു കേട്ടിട്ടേയുള്ളൂ.മുമ്പ് കണ്ടിട്ടില്ല.കുലടയായ നീ വന്ന് എന്നോട് കുലീനയാണെന്ന് പറയുകയാണ്.സ്വർണ്ണ,ആഭരണവസ്ത്രാദികൾ തന്നാലുടനെ ഇവിടം വിട്ടു പോകണം. വാമമാരെന്നു(സാധാരണഗതിയിൽ അനുസരിക്കാത്തവൾ) എന്നാണ് സ്ത്രീകളെക്കുറിച്ച് പൊതുവെ പറയുന്നത്. കാമതല്പരരായി ഉണ്ടായവരാണ് നാരീജനം. മിക്ക സ്ത്രീകളും പരവശ(മറ്റൊരുവന് അധീന)കളാണ്. സത്യം പറയാത്തവർ, മനസ്സെപ്പോഴും കോപാകുലമായവർ -എന്നിങ്ങനെ ശകുന്തളയിലെ വേശ്യാത്വത്തെ ദുഷ്യന്തൻ ഉറപ്പിക്കുന്നുണ്ട്. പുരുഷനെ അധിക്ഷേപിക്കുമ്പോൾ അഥവാ ചോദ്യം ചെയ്യുമ്പോൾ തന്നെ സ്ത്രീയെ വേശ്യയായി കണക്കാക്കുന്നു.

ആദ്യസമാഗമത്തിൽ മേനകയാണ് തന്റെ മാതാവെന്ന വെളിപ്പെടുത്തലിൽ സന്തുഷ്ടനാകുന്ന ദുഷ്യന്തൻ ശകുന്തളയെ മാത്രമല്ല, അവളുടെ അമ്മയെയും വന്ധകി യായി കണക്കാക്കുന്നു. രാജാവിന്റെ നിന്ദാവാണികൾ എഴുത്തച്ഛന്റെ ശകുന്തളയെ തകർക്കുന്നില്ല. രാജാവിനെ പ്രവൃത്തിയെ ചോദ്യം ചെയ്യാനും അധിക്ഷേപിക്കാനും അവൾക്ക് സാധിക്കുന്നുണ്ട്. പ്രസ്തുതഭാഗത്തെല്ലാം എഴുത്തച്ഛൻ വ്യാസഭാരതത്തെ മുൻ നിർത്തി പുനർനിർമ്മിതി നടത്തിയതാണെന്നു നിരീക്ഷിക്കാം.

വ്യാസഭാരതത്തിലെ ആശയങ്ങൾ സ്വതന്ത്രമായി പുനർനിർമ്മിച്ച കവിയാണ് എഴുത്തച്ഛൻ. പതിനാറാംനൂറ്റാണ്ടിലെ, വിശുദ്ധസ്ത്രീ സങ്കല്പനിർമ്മിതിയിൽ അദ്ദേഹത്തിന്റെ ഭാരതംകിളിപ്പാട്ട് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വ്യാസഭാരതത്തിൽ ശ്രീകൃഷ്ണന്റെ പതിനാറായിരം ഭാര്യമാരെ മ്ലേച്ഛന്മാർ കൊണ്ടുപോയതായി എഴുതിയപ്പോൾ, എഴുത്തച്ഛൻ കിളിപ്പാട്ടിൽ അവരെല്ലാം സതിയനുഷ്ഠിക്കുകയായിരുന്നു എന്നാണ് തർജ്ജമ ചെയ്തതെന്ന് പി കെ ബാലകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്:-

അതായത് വാസുദേവരുടെ ദേവകിയോ ടൊപ്പം പതിനാറായിരം കൃഷ്ണപത്നിമാരും ഉടന്തടി ചാടി മരിച്ചുവെന്ന്! അങ്ങനെ ശ്രീകൃഷ്ണപത്നിമാരിൽ ഒരുത്തിയെപ്പോലും ദസ്യുക്കളുടെ കാമാർത്തിക്കു വിട്ടു കൊടുക്കാതെ ആചാര്യപാദരുടെ ഭക്തി,അവരുടെ മാനം രക്ഷിച്ചു നിർത്തുമ്പോൾ, വ്യാസനവതരിപ്പിച്ച ആ പ്രാപഞ്ചിക ജീവിതചക്രത്തിന്റെ ഭ്രമണ ഗതിക്കെന്തു മാറ്റം സംഭവിച്ചുവെന്ന് കാണാൻ നാം സ്വന്തം ഭാവനാശക്തിയെ അഭയം തേടേണ്ടതില്ല." 6.അതേ മാതൃകയിൽ, ശാകുന്തളോപാഖ്യാനത്തിലും എഴുത്തച്ഛൻ ശകുന്തളയെ വിശുദ്ധസ്ത്രീയായി പുനർനിർമ്മിക്കുകയായിരുന്നുവെന്ന് നിരീക്ഷിക്കാം. മധ്യകാലകൃതികളിൽ പ്രമുഖമായ എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ തന്നെ വിശുദ്ധസ്ത്രീയെക്കുറിച്ചും വേശ്യയെക്കുറിച്ചും വ്യത്യസ്തമായ നിരീക്ഷണങ്ങളുണ്ടെന്ന് കാണാം.

### 3.2 ഭാരതംഗാഥയിലെ ഇന്ദിരാനേരൊത്ത കന്യകാരത്നം

ഭാരതംഗാഥയിലെ ദുഷ്യന്തൻ കണ്വാശ്രമത്തിലെത്തുമ്പോൾ കാണുന്നത്: ഇന്ദിരാനേരൊത്ത കന്യകാരത്നത്തെയാണ്. കന്യകമാരിൽ വിശു ദ്ധസ്ഥാനമാണ് അപ്പോൾ ചെറുശ്ശേരിയുടെ ശകുന്തളയ്ക്കുള്ളത്.

"കണ്വാശ്രമത്തിങ്കൽച്ചെല്ലുന്ന നേരത്തു
കണ്ടതില്ലമ്മുനി തന്നെ നേരെ
ഇന്ദിരാനേരൊത്ത കന്യകാരത്നത്തെ
വന്ദിച്ചു നിന്നതു കാണായപ്പോൾ
മാണ്പാർന്ന കാന്തി കലർന്ന് നിന്നീടുന്നോ-
രാമ്പലും തിങ്കളും കണ്ടപോലെ". 7

അതിസുന്ദരിയായ കന്യകാരത്നമാണ് ചെറുശ്ശേരിയുടെ ശകുന്തള. അവളും രാജാവും കാണുന്നതും; ഇഷ്ടം തോന്നുന്നതും മണിപ്രവാളകാവ്യ ങ്ങളുടെ മാതൃകയിലാണ് കവി രചിച്ചത്. അതുകൊണ്ടാണ് കവികല്പനയിൽ കാമുകീ കാമുകന്മാരായ ചന്ദ്രനെയും ആമ്പലിനെയും പോലെ എന്നിങ്ങനെ ദുഷ്യന്തനെയും ശകുന്തളയെയും അവതരിപ്പിച്ചത്. ആദ്യസമാഗമത്തിൽ തന്നെ അന്യോന്യാകാംക്ഷ ഉണ്ടായ മന്നവ വീരനും, കന്യകയ്ക്കും തങ്ങളുടെ ദൃഷ്ടികൾ പരസ്പരം മാറ്റാൻ കഴിഞ്ഞില്ലെന്നും കവി സൂചിപ്പിക്കുന്നുണ്ട്. കന്യക, കന്യകാരത്നം എന്നിങ്ങനെയുള്ള അഭിസംബോധനകൾ വിവാഹ ത്തിന് മുൻപുള്ള വിശുദ്ധസ്ത്രീയെക്കുറിക്കുന്നതാണ്. കണ്വമുനിയുടെ മക ളായ *ആരണ്യ*നാരിയാണോ അവൾ എന്ന് ദുഷ്യന്തൻ ചോദിക്കുന്നുണ്ട്. കാരണം *'ധർമ്മത്തെ'* (ബ്രാഹ്മണധർമ്മശാസ്ത്രത്തിലധിഷ്ഠിതമായി ക്ഷത്രീയർ അനു വർത്തിക്കേണ്ട ധർമ്മം) പാലിച്ചു ജീവിക്കുന്ന തനിക്ക് ബ്രാഹ്മണസ്ത്രീയോട് താത്പര്യം ഉണ്ടാവാനിടയില്ല. അതുകൊണ്ടാണ് *'പറ്റാതകാന്തി കലർന്ന'*

അവളോട് ഉറ്റവരാരെന്ന് ചോദിക്കുന്നത്. ജാതിശ്രേണിയിലധിഷ്ഠിതമായ ധർമ്മാചരണം ക്ഷത്രീയൻ നടത്തേണ്ടതുണ്ടെന്ന ചിന്ത ഭാരതംഗാഥയിലും ആവർത്തിച്ചിരുന്നു.

### 3.2.1 ഉത്തമയായ ശകുന്തള

കന്യകമാരിൽ ഉയർന്ന അവസ്ഥയാണ് കവി ശകുന്തളയ്ക്ക് നൽകുന്നത്. അവളുടെ വാക്കുകളാകട്ടെ, *'ഉത്തമ'* നാരിക്ക് ചേർന്നതുമാണ്. പൈതലായിരുന്നപ്പോളെടുത്തു വളർത്തിയ മാമുനിയോടുള്ള അവളുടെ ആദരവിനെ പരിഗണിച്ചായിരിക്കണം 'ഉത്തമയായ ശകുന്തള' എന്ന സംബോധന കവി അവൾക്കു നൽകുന്നത്. വിവാഹാഭ്യർത്ഥന നടത്തുന്ന ദുഷ്യന്തനോട്, പൈതലായിരുന്ന കാലം മുതൽ അച്ഛനായിരുന്ന മാമുനിയുടെ ഇഷ്ടമനുസരിച്ചു മാത്രമേ തീരുമാനമെടുക്കാനാവൂ എന്ന് സൂചിപ്പി ക്കന്നുണ്ട്. പിതാവ്, ഭർത്താവ്, പുത്രൻ തുടങ്ങിയവരുടെ ചൊല്ലിലടങ്ങി നിൽക്കേണ്ടവരാണ് സ്ത്രീകൾ എന്നും സ്വതന്ത്രമായ തീരുമാനം എടുക്കാൻ പാടില്ല എന്നും ഗാഥകളെ മുൻനിർത്തി വിശുദ്ധസ്ത്രീയായ ശകുന്തള ദുഷ്യന്തനോട് പറയുന്നുണ്ട്. ശകുന്തള ഇപ്രകാരം പറഞ്ഞത് തത്ത്വം അഥവാ ബ്രാഹ്മണാധിഷ്ഠിത-ധർമ്മ തത്ത്വങ്ങൾ അറിഞ്ഞിട്ടാണെന്ന് കവി സൂചിപ്പിക്കുന്നുണ്ട്. അതു കൊണ്ടുകൂടിയാണ് കവി അവളെ ഉത്തമയെന്ന് വിളിക്കുന്നത്. അതായത് ബ്രാഹ്മണധർമ്മാദികൾ അറിയുന്ന അവൾ ഉത്തമ തന്നെയാണ്. സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ, ചെറുശ്ശേരിയും വിവാഹത്തിന് മുമ്പ് ശകുന്തളയെ ഉത്തമനാരിയായി അഥവാ വിശുദ്ധസ്ത്രീയായി കണക്കാക്കുന്നുണ്ട്. ഭർത്തൃസന്നിധിയിലെത്തുന്ന ശകുന്തളയെ അവതരിപ്പിച്ചിരിക്കുമ്പോഴും വിശുദ്ധയായ സ്ത്രീമാതൃക പ്രത്യക്ഷമാകുന്നു.

'ക്ഷോണിപൻ തന്നുടെ ചാരത്തു ചെന്നിട്ടു
തൂണ് മറഞ്ഞങ്ങു നിന്നു ചൊന്നാൾ" **8**

ഉത്തമയായ പത്നി ഭർത്താവിന്റെ നേർക്കുനേരെ നിന്ന് സംസാരിക്കുന്നവളല്ല. തൂണ് മറഞ്ഞുനിന്നു കാര്യങ്ങൾ പറയുന്ന ഉത്തമസ്ത്രീയായ ശകുന്തള ഒരു പഴയകാല കേരളീയവനിതയാണ്. അവൾ പതിവ്രതയുടെ ശരീരഭാഷ ഉൾക്കൊള്ളുന്നു. ദുഷ്യന്ത നിരാസത്തിനു ശേഷം കാനനത്തിൽ താമസിക്കുന്ന അവളുടെ മനസ്സും കവി വെളിപ്പെടുത്തുന്നുണ്ട്:

"ഭർത്താവിനെ ചിന്തിച്ചിട്ടുൾത്താപം പൂണ്ടുള്ള
മുഗ്ദ്ധവിലോചന" **9** യാണ്.

രാജാവ് അവളെ തിരസ്കരിച്ചെങ്കിലും യാതൊരു പരിഭവവും ഇല്ലാതെ പുത്രനെയും വളർത്തി,അയാളെ മാത്രം ധ്യാനിച്ചുകൊണ്ടാണ് കാട്ടിൽ ശകുന്തളയുടെ വാസം. അവിടെ വച്ച് ഭർത്താവിനെ കാണുമ്പോൾ ഉത്തമ ശീലയ്ക്കനുഗുണമായ രീതിയിൽ ഉപചാരപൂർവ്വം പെരുമാറുന്നു:

"ഭർത്താവെക്കണ്ടു വണങ്ങിമേന്മേൽ"

മാത്രമല്ല, തന്റെ പുത്രൻ രാജാവിന്റേതാണെന്നു പറയുന്നുമുണ്ട്. അവനെ സംശയമേതുമില്ലാതെ സ്വീകരിക്കണമെന്നാണ് അവളുടെ ആവശ്യം.

"എങ്കൽ നിണക്ക് ജനിച്ചുള്ള ബാലകൻ
ശങ്കയില്ലേതുമേ തേറിനാലും" **10**

ദുഷ്യന്തനെന്ന ഭർത്താവിനെ യഥാവിധി അനുസരിക്കുന്ന ഉത്തമയായ, പതിവ്രതയായ രത്നമായിട്ടാണ് ഭാരതംഗാഥാകാരൻ ശകുന്തളയെ അവതരിപ്പിച്ചതെന്ന് കാണാം

### 3.2.2 മാറത്തലച്ച് കരഞ്ഞത് ശാപത്തിന് കാരണം

കാളിദാസനാടകത്തിലാണ് ദുഷ്യന്തനെ ഓർത്തിരിക്കുന്ന ശകുന്തളയ്ക്ക് ക്ഷിപ്രകോപിയായ ദുർവ്വാസാവിന്റെ ശാപം ഏൽക്കുന്നത് മാറത്തലച്ച് കരഞ്ഞതിനാലാണ്. ചെറുശ്ശേരി പ്രസ്തുത ഭാഗം ഇപ്രകാരമാണ് ചേർത്തത് :-

ശാന്തനായുള്ളോരു കാന്തനേച്ചിന്തിച്ചു
ദാന്തനായുള്ള ശകുന്തള താൻ
യാനം തുടങ്ങിനാൾ കാന്തനേ കാണ്മാനായ്
ദീനത പൂണ്ടു തളർന്നു മേന്മേൽ
ചാലെ വളർന്നു നല്ലോളങ്ങളാളുമ-
കാളിന്ദിതീരത്തു ചെല്ലുന്നേരം
ഭർത്താവ് തന്നുടെ രൂപാമണ്ടെത്രയും
ചിത്രത പൂണ്ടുള്ളോരംഗുലീയം
വീണൊരു നേരത്തെടുത്തു വിഴുങ്ങിനാ-
നാണോരു തോയത്തിൽ നിന്ന മത്സ്യം.
പാരിച്ച താപത്താൽ വാരിജലോചന
മാറത്തലച്ചു കരഞ്ഞാളപ്പോൾ
മത്തനായുള്ളോരു ശ്രീദുർവ്വാസാവുതാൻ
ക്രുദ്ധനായ നിന്നു ശപിച്ചാനപ്പോൾ
ഉത്തമനാരികൾക്കുത്തമമല്ലാത
വൃത്തികളിങ്ങനെ കാട്ടുകയാൽ
അത്തൽ പൂണ്ടോടിത്തൻ ചാരത്തു ചെല്ലുമ്പോൾ
ഭർത്താവു നിന്നേ മറന്നുപോക" **11**

ഭർത്താവിനെ ചിന്തിച്ച് ദുഖത്തോടെ കാളിന്ദീനദിയ്ക്കരികെ ചെന്ന നേരത്ത് മോതിരം അതിൽ വീണുപോയി. ആ സമയത്തുണ്ടായ അതിദുഃഖം കാരണം ഉറക്കെ മാറത്തലച്ചു കരഞ്ഞു. അത് കേട്ടപ്പോഴാണ് ദുർവ്വാസാവ്

ശപിക്കുന്നത്. അത്തരത്തിലുള്ള കരച്ചിൽ ഉത്തമസ്ത്രീകൾക്ക് യോജിച്ച പ്രവൃത്തിയല്ല എന്ന് കൂടെ കവി സൂചിപ്പി ക്കുന്നുണ്ട്. അതുകൊണ്ടാണ് മുനി ശപിച്ചതെന്ന നിരീക്ഷണം മൂലകൃതിയിൽ ഇല്ലാത്തതും കവിയുടെ മാത്രം സൃഷ്ടിയാണെന്നും കാണാം.

### 3.2.3 മണിപ്രവാളമാതൃകയിലെ സ്ത്രീ

കണ്വാശ്രമത്തിൽ വച്ചുള്ള ആദ്യസമാഗമം മുതൽ കാമികളായാണ് ദുഷ്യന്തനെയും ശകുന്തളയെയും ചെറുശ്ശേരി വിവരിക്കുന്നത്. സുന്ദരിയായ ശകുന്തളയോട് ദുഷ്യന്തൻ പറയുന്നത് ഇപ്രകാരമാണ്-

"ഓമലേ നിന്നുടെ പൂമേനി കണ്ടു ഞാൻ
കാമമാൽ പൊങ്ങുന്നു പാരമെന്നാൽ" **12**

ശകുന്തളയെ കണ്ടുള്ള കാമപീഡയാണ് അവൾ ആരെന്നറിയാനുള്ള ചോദ്യത്തിന് കാരണമായി ചെറുശ്ശേരി ചേർക്കുന്നത്. മറുപടി പറയുന്ന ശകുന്തളയ്ക്കും അതേ അവസ്ഥ തന്നെയാണ് ഉള്ളത്:-

"തണ്ടലർബാണമേറ്റുണ്ടായൊരിണ്ടലാൽ
തൊണ്ടയും കമ്പിച്ചു നിന്നു" **13**

മെല്ലെ ആണ് അവൾ സംസാരിച്ചു തുടങ്ങുന്നത് ഗാന്ധർവ്വമാകുന്ന വേളിയാണ് രാജാക്കന്മാർക്ക് ശ്രേഷ്ഠമെന്ന് ദുഷ്യന്തൻ പറഞ്ഞശേഷം; കാമാർത്തരായതിനാൽ,

"പാണിഗ്രഹണം ചെയ്യുവെന്നും-
അംഗജതാപമായ്മേവുന്ന തോയത്തിൽ
മുങ്ങി മയങ്ങി രമിച്ചു മേന്മേൽ" **14**

എന്നിങ്ങനെയും ചെറുശ്ശേരി ചേർത്തിരിക്കുന്നു. ദുഷ്യന്തൻ തിരിച്ചു പോകാൻ വേണ്ടി യാത്ര പറയുമ്പോൾ ശകുന്തള വിരഹിയായ കാമുകിയായി മാറുന്നു.

"കാമുകനിങ്ങനെ ചൊന്നത് കേട്ടിട്ടു
കാമിനിയായ ശകുന്തള താൻ
പൂവമ്പൻ തന്നുടെ ബാണങ്ങളേല്ക്കയാൽ
ജീവനകന്നുള്ള ദേഹം പോലെ
ഇണ്ടലും പൂണ്ടിങ്ങു തൊണ്ടയും കമ്പിച്ചു
മിണ്ടുവാൻ വല്ലാതെ നിന്ന നേരം". **15**

വിരഹത്തിന്റെ വേവ് സഹിക്കാനാവാഞ്ഞതിനാൽ ശകുന്തളയുടെ കണ്ണുനീര് വീണ് മാറിടം കരിഞ്ഞു വെണ്ണീറായിപ്പോയി എന്നിങ്ങനെയും കവി ചേർത്തിരിക്കുന്നു.മാത്രമല്ല, അംഗജതാപം അധികരിച്ചതിനാലാണ് അവൾ ഭർത്താവിനെ കാണാൻ പോകുന്നത്. ഇഷ്ടത്തോടെയിരിക്കുന്ന തന്നെ കളഞ്ഞിട്ടു പോയതെന്താണെന്ന അവളുടെ ചോദ്യവും വിരഹികളുടേതിന് സമാനമാണ്. കാളിന്ദിയിൽ നിന്നും മോതിരം കണ്ടുകിട്ടിയ ദുഷ്യന്തൻ അവളെക്കുറിച്ചു ചിന്തിച്ചു ദീനത പൂണ്ടു എന്നും ചേർത്തിരിക്കുന്നു. സംസ്കൃതത്തിന്റെയും അതുവഴി മണിപ്രവാളത്തിന്റെയും മാതൃകയിലുള്ള കാവ്യങ്ങൾ, ചമ്പുക്കൾ, സന്ദേശകാവ്യങ്ങൾ,ചെറിയച്ചി പോലുള്ള ലഘുകാവ്യങ്ങൾ എന്നിവയുടെ രചനാതന്ത്രങ്ങൾ ചെറുശ്ശേരി ഇവിടെ സ്വീകരിച്ചതായി കാണാം. ചുരുക്കത്തിൽ ഒരു മണിപ്രവാളനായികയുടെ മാതൃകയിലാണ് ശകുന്തളയെന്ന അതികാമിയായ സ്ത്രീയെ കവി നിർമ്മിച്ചിട്ടുള്ളത്. അവൾ ബ്രാഹ്മണസ്ത്രീ മാതൃകയിലുള്ളവളല്ല . മണിപ്രവാളമാതൃകയിൽ ശകുന്തളയുടെ പെരുമാറ്റവും വൈകാരികപ്രകടനങ്ങളും അവതരിപ്പിച്ചതിൽ നിന്നും ആയത് വ്യക്തമാണ്. ഭാരതംഗാഥയിലെ സ്ത്രീനിർമ്മിതി, അപരസ്ത്രീകൾക്കുള്ള മാതൃകയാണ്.

കേരളത്തിൽ ബ്രാഹ്മണനാരിമാരിമാരെയും അപരകളേയുംനിർമ്മിച്ചെടുത്ത അതേവ്യവസ്ഥയാണ് ഈ കൃതിയിലെ സ്ത്രീനിർമ്മിതിയ്ക്കും ആധാരം. ,

## 3.3 ആട്ടക്കഥയിലെ രണ്ടു സ്ത്രീകൾ

### 3.3.1പതിവ്രതയുടെ ആശങ്കകൾ.

കുലീനസ്ത്രീയെക്കുറിച്ചും പുംശ്ചലിയെക്കുറിച്ചുമുള്ള പരാമർശങ്ങൾ *ശാകുന്തളം ആറു ദിവസത്തെ ആട്ടക്കഥ*യിലുണ്ട്. ശാകുന്തളം ആട്ടക്കഥയിൽ, രണ്ടു സ്ത്രീകഥാപാത്രങ്ങളാണ് ഉള്ളത്. ഒന്ന് യഥാർത്ഥ ശകുന്തളയും, മറ്റൊന്ന് ധൂമ്രകേശിയെന്ന രാക്ഷസിയുമാണ്. ശകുന്തളയെ കുലീനസ്ത്രീയായും ധൂമ്ര കേശി എന്ന രാക്ഷസിയെ വേശ്യയായും ആട്ടക്കഥയിൽ അവതരിപ്പിച്ചിരി ക്കുന്നു. ഗാന്ധർവ്വത്തിനു മുമ്പുള്ള ശകുന്തളയ്ക്ക് ആട്ടക്കഥയിൽ ശ്രേഷ്ഠപദവി യാണ് രചയിതാവ് നൽകുന്നത്. വിപ്രകന്യക, മാമുനീന്ദ്രപുത്രി ,കണ്വനന്ദിനി, കാശ്യപകന്യക, മുനിപുത്രി എന്നിങ്ങനെ പിതാവിനാൽ ഉയർന്ന പദവി ലഭിച്ച വളാണ് അവൾ. അവളുടെ സൗന്ദര്യത്തോടൊപ്പം, കന്യകാത്വവും ,ബ്രാഹ്മണ വളർത്തുപുത്രി എന്ന സാമൂഹികസ്ഥാനവും ക്ഷത്രീയരാജാവിന് അവളെ അർഹയാക്കുന്നു. രാജാവിന് മുമ്പിൽ നമ്രശിരസ്കയും അല്പഭാഷിണിയുമാണ വൾ. ശകുന്തളയ്ക്കു വേണ്ടി സംസാരിക്കുന്നത് തോഴിമാരാണ്. അവർ തന്നെ:-

"അംഗനമാർക്കൊരു നാളും അവിനയമരുതെന്നാലും
മംഗലാംഗ, ഭവാനോടു ഞങ്ങളൊന്നു ചോദിക്കുന്നു." **16**

എന്നിങ്ങനെ പറഞ്ഞാണ് ദുഷ്യന്തനോട് വിവരങ്ങൾ ചോദിക്കുന്നത്. സ്ത്രീകൾക്ക് വിനയമുണ്ടാകേണ്ടതാണ്. അവർ അവിനയത്തോടെ രാജാവി നെപ്പോലുള്ള പുരുഷന്മാരോട് ചോദ്യാദികൾ ഉന്നയിക്കാൻ പാടില്ല എന്ന ചിന്ത ആട്ടക്കഥാകാരനിൽ ഉണ്ട്. .

പിതാവിന്റെ അനുവാദമില്ലാതെ സ്വതന്ത്രമായ തീരുമാനമെടുക്കാനാവാത്തതിൽ അവൾ ദുഖിക്കുന്നതായി ആട്ടക്കഥാകാരൻ പറയുന്നത് ഇപ്രകാരമാണ്:

"ആതങ്കമിതറിയുമ്പോൾ താതനെന്തു കരുതീടും ?
കാതരാക്ഷിമാർക്കു ലോകേ സ്വാതന്ത്ര്യവുമരുതല്ലൊ."

എന്നിങ്ങനെ പതിവ്രതയുടെ ആശങ്കകൾ ആട്ടക്കഥയിൽ പ്രത്യക്ഷപ്പെടുന്നു. തന്റെ മനോഗതം രാജാവിനെ നേരിട്ടറിയിക്കാൻ മാത്രമല്ല തോഴിമാരോട് പറയുവാനും ശകുന്തള ഭയക്കുന്നുണ്ട്.

"നാളിൽ നാളിൽ വന്നീടുന്ന നളിനബാണഖേദമെല്ലാം
ആളിമാർക്കുമറിയിപ്പാൻ ആകുലമുണ്ടെനിക്കുള്ളിൽ"

ഇത്തരം ഭയം, കന്യകയായ ശകുന്തളയ്ക്ക് അനിവാര്യമാണെന്ന് കവി കരുതുന്നു.പ്രശസ്തനായ മഹർഷിയുടെ മകൾ നല്ല സ്ത്രീയാണ്. കവി അവളെ സംബോധന ചെയ്യുന്നത് ഇപ്രകാരമാണ്:-

"നല്ലാരിൽ മൗലിമണീ കല്യാണശീലവതി
ചൊല്ലാർന്ന മാമുനി തനൂജാ." **17**

മാമുനി തനൂജയായതുകൊണ്ടാണ് സ്ത്രീകളിൽ ശ്രേഷ്ഠയായി അവൾ മാറുന്നത്. ശകുന്തള തന്റെ താത്പര്യം അറിയിക്കാനാവാതെ അതിയായി ദുഖിക്കുന്നു. നല്ലസ്ത്രീയുടെ നല്ല സ്വഭാവം അവളെ വിവശയാക്കുന്നു.

### 3.3.2 ശകുന്തള ഗാന്ധർവാനന്തരം

ഗാന്ധർവ്വവിവാഹം കഴിയുന്നതോടെ ശകുന്തളയെ മറ്റൊരു തരം കഥാപാത്രമാക്കി ആട്ടക്കഥാകാരൻ മാറ്റുന്നു. വിവാഹാനന്തരമുള്ള ശകുന്തള ചപലയും ദീർഘസംഭാഷണങ്ങളാൽ ദുഷ്യന്തനെ സംശയിക്കുന്നവളുമാണ്. രാജാവ് തിരിച്ചു പോകുമ്പോൾ കാമപരവശയായി മാറി ചപലഭാഷണങ്ങളുതിർക്കുന്നവളാണ്.

ദീനയാകുമെന്നുടയ മാനസവും കവർന്നയ്യോ,
പ്രാണനാഥൻ പോയിതല്ലോ ഹാഹാ ദൈവമേ !
"കോമളാംഗനവനുടെ പ്രേമലോലമപാംഗവും
കാമകേളീകൗശലവും കാണ്മാനെന്നു ഞാൻ" ?18

ഇപ്രകാരം ചിന്തിച്ചിരിക്കുന്ന ശകുന്തളയ്ക്ക് ദുർവ്വാസാവിനെ കാണാനാവുന്നില്ല. വിശുദ്ധസ്ത്രീയിൽ നിന്നും ശകുന്തളയ്ക്കു വരുന്ന മാറ്റം അവളെ ഉടൻ ശിക്ഷാർഹയാക്കുന്നു.

"ഉത്തമതാപസൻ ഞാനത്രവന്നതുമിവൾ
ഉൾത്താരിലറിയുന്നില്ല,കാന്തനെ ചിന്തിച്ചുൾത്താരിലറിയുന്നില്ല
എന്നെ മാനിയാതെ ഇന്നേവം വസിക്കയാൽ
നിന്നെയവൻ മറന്നീടും എത്ര ചൊന്നാലും
നിന്നെയവൻ മറന്നീടും" 19

എന്നിങ്ങനെ ദുർവ്വാസാവിന്റെ ശാപമാണ് കടുത്ത ശിക്ഷയായി മാറുന്നത്. വിശുദ്ധസ്ത്രീയ്ക്കുണ്ടാവേണ്ട നിയമാവലികളുടെ ലംഘനം, കടുത്തശിക്ഷയാണ് ശകുന്തളയ്ക്കു നൽകുന്നത്. രാജാവിന്റെ നഗരത്തിലേക്കുള്ള യാത്രയിൽ അവസാനിക്കുന്ന ആട്ടക്കഥയിൽ, ദുർവ്വാസാവിന്റെ ശാപം ചേർത്തില്ലെങ്കിലും അഭംഗിയുണ്ടാകുമായിരുന്നില്ല. എന്നിട്ടും കുലീനസ്ത്രീയിൽ

നിന്നും 'ദുർഭഗ' സ്ത്രീയിലേയ്ക്കുള്ള ശകുന്തളാപരിണാമം ഒഴിവാക്കുവാൻ ആട്ടക്കഥാകാരൻ ശ്രമിക്കുന്നില്ല. അപ്പോൾ ശകുന്തള തന്നെ, ഗാന്ധർവ വിവാഹത്തിനു മുമ്പ് വിശുദ്ധസ്ത്രീയും, പിന്നീട് വേശ്യ എന്ന രണ്ടവസ്ഥകളിലേയ്ക്ക് എത്തിച്ചേരുന്നു. ഈ ഭാഗത്തെല്ലാം ആട്ടക്കഥാകാരനിൽ ശരീരമാത്രനിഷ്ഠമായി സ്ത്രീയെക്കാണുന്ന മണിപ്രവാളകവികളുടെ സ്വാധീനമുണ്ടെന്നു നിരീക്ഷിക്കാം.

### 3.3.3 ധൂമ്രകേശി -ആട്ടക്കഥയിലെ വേശ്യാസ്ത്രീ.

അട്ടകഥാകാരൻ പ്രത്യേകം സൃഷ്ടിച്ച കഥാപാത്രമാണ് ധൂമ്രകേശി എന്ന രാക്ഷസസ്ത്രീ. മധുകരൻ എന്ന രാക്ഷസന്റെ പത്നിയാണവൾ. തന്റെ ഭർത്താവിന്റെ മരണത്തിന് കാരണക്കാരനായ ദുഷ്യന്തനോട് പ്രതികാരം ചെയ്യാനാണ്, അയാളുടെ സമീപത്ത് അവൾ എത്തുന്നത്. പ്രസ്തുതഭാഗം ആട്ടക്കഥയ്ക്കായി കൂട്ടിച്ചേർത്തതു കൊണ്ട് വിശുദ്ധസ്ത്രീയിൽ നിന്നും വ്യത്യസ്തയായ സ്ത്രീയെക്കുറിച്ചുള്ള ചിന്തകളാൽ വേറിട്ട് നിൽക്കുന്നുണ്ട്.

"കൊല്ലാൻ ചെന്നൊരു യാതുധാനി ധരണീപാലേന്ദ്രനെക്കണ്ടഹോ
മല്ലീസായകതാപമാർന്നു തരസാവൈരം മറന്നാദരാൽ
ഉല്ലാസം കലരുന്ന കണ്വതനയാരൂപേണ ചെന്നന്തികേ
ചില്ലീവല്ലീവിലാസചാരുമുഖിയായി മെല്ലെന്നു ചൊല്ലീടിനാൾ"

രാജാവിനെ കണ്ടപ്പോൾ വന്ന കാര്യം മറന്ന രാക്ഷസി ശകുന്തളാരൂപത്തിലാണ് പ്രത്യക്ഷമായത്. തന്റെ കാമപാരവശ്യം രാജാവിനെ അറിയിക്കുന്നത് ഇപ്രകാരമാണ്.

"കാമസുന്ദരാംഗ, നിന്നെ കാൺകമൂലമിന്നെനിക്കു
കാമപീഡ വളരുന്നു കാത്തുകൊൾക നീ.

ബന്ധുക്കളെ എല്ലാമിപ്പോൾ ഹന്ത വഞ്ചിച്ചിങ്ങു വന്നേൻ
കാന്ത,നിന്നിലുള്ള കാമമെന്തു ചൊൽവൂ ഞാൻ ?
നിന്മതിയിൽ പ്രേമലേശമെന്നിലിപ്പോളുണ്ടാകേണം
നന്മ തേടും യൗവ്വനം മേ വ്യർത്ഥമാക്കൊല്ലാ.
മാരകേളിയാടി നിത്യം സ്വൈര്യമായി രസിച്ചീടാം
ചാരു കാനനാന്തേ ഗൂഢം കൂടെപ്പോന്നാലും "

ഇപ്രകാരം പ്രണയപീഡ തുറന്നു പറയുന്ന അവളെ വിദൂഷകനായ മാഢവ്യനാണ് ആദ്യം സംശയിക്കുന്നത്.

"ഗോഷ്ഠികൾ കാട്ടീടും പുംശ്ചലിയാമിവൾ
കാട്ടിലെവിടുന്നു വന്നിങ്ങു ചാടി?"

എന്നിങ്ങനെ അവളിലെ വേശ്യാത്വം ഉറപ്പിക്കുന്നു. അതിനാലാവളെ വിശ്വസിക്കരുതെന്നും മാഢവ്യൻ രാജാവിനെ ഉപദേശിക്കുന്നു. ബന്ധുക്കളെ വഞ്ചിച്ചു സൈര്യസല്ലാപത്തിന് വന്നതാണ് താനെന്ന് തുറന്നു പറയുന്ന വ്യാജ ശകുന്തളയെ കണ്വമുനിയെന്ന താതനെക്കുറിച്ചു പറഞ്ഞു രാജാവ് പിന്തിരിപ്പിക്കുന്നു.

"സുന്ദരി, നിൻ വാക്കു കേട്ടു ധന്യനായി ഞാനെന്നാലും
ഒന്നുമാത്രമുണ്ടെനിക്കു കേട്ടു വ്യാകുലമിപ്പോൾ
കാമിനീ, നിൻ താതനാകും മാമുനീന്ദ്രനറിയാതെ
നാമിന്നേവം ചെയ്യീടുക യോഗ്യമോ? ബാലേ !**20**
.............................................................................
"സാധുശീലേ നിനക്കേവം സ്വതന്ത്ര്യമയോഗ്യമല്ലേ?
താതാദേശം പ്രതീക്ഷിച്ചു പാർക്ക ബാലികേ "

എന്നിങ്ങനെ രാജാവ് കുലീനസ്ത്രീയായ ശകുന്തള ചെയ്യേണ്ടുന്ന പ്രവൃത്തികളെ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, ഇന്ദുവംശജാതനാകുന്ന താൻ

നിന്ദ്യ കർമ്മം ചെയ്യുകയില്ല എന്നുകൂടിപറഞ്ഞ് ശകുന്തളാവേഷം ധരിച്ചു വരുന്ന ധൂമ്രകേശിയെ നിരസിക്കുന്നു.

പാരിലെങ്ങുമേവം ക്രൗര്യം നാരിമാർക്കു കണ്ടിട്ടില്ല
നേരല്ല നിൻ നിർബന്ധങ്ങൾ ദൂരെപ്പോക നീ.21

ഇങ്ങനെ സ്വതന്ത്രചിന്ത, ഭാഷണം, ആഗ്രഹങ്ങൾ എന്നിവ തുറന്നു പറയാൻ തയ്യാറാവുന്നത് വേശ്യയാണ്.അതുകൊണ്ടാണ് അവൾ ഭൂമിയിൽ ക്രൗര്യമാർന്ന സ്ത്രീയായി മാറുന്നത്. അവളുടെ ആഗ്രഹങ്ങൾ വേശ്യയുടെ ആഗ്രഹങ്ങളായതു കൊണ്ടാണ്, 'നേരല്ല നിന്റെ നിർബന്ധങ്ങൾ' എന്ന് പറയുന്നത്. മിതഭാഷിയോ, സർവ്വംസഹയോ ആണ്, വിശുദ്ധസ്ത്രീ അഥവാ പതിവ്രത. എന്നാൽ ശകുന്തളാരൂപത്തിൽ വന്ന ആ സ്ത്രീയ്ക്ക് വിശുദ്ധ സ്ത്രീ പദവി ഇല്ല. സ്വാതന്ത്ര്യമില്ലാത്ത ഒരു കന്യക പുരുഷനോടുള്ള അഭീഷ്ടം തുറന്നു പറഞ്ഞതു തന്നെയാണ് അവളെ വേശ്യയാക്കുന്നതെന്ന് നിരീക്ഷി ക്കാം.

രാജാവിന്റെ നിരാസം ധൂമ്രകേശിയെ കോപാകുലയാക്കുകയും ആക്രമോത്സുകയാക്കുകയും ചെയ്യുന്നു. പൗരവന്മാരുടെ നേരെ വന്ന് എതിർക്കുകയും ദുർഭാഷണം നടത്തുകയും ചെയ്യുന്നത്;ഒരു സ്ത്രീ (രാക്ഷസിയാണെങ്കിലും)യായതിൽ ആട്ട ക്കഥാകാരൻ അത്ഭുതപ്പെടുന്നുണ്ട്.

പൗരവന്മാരുടെ നേരേവന്നീവണ്ണം
സാരമില്ലാത്തൊരു നാരിയോ ചൊല്ലുന്നു ? 22

രാക്ഷസിയാണെങ്കിൽ പോലും സാരമില്ലാത്ത ഒരു സ്ത്രീ; രാജാവിനെ എതിരിടാൻ വരുന്നത് കടുത്ത ശിക്ഷ കിട്ടേണ്ട കുറ്റമാണ്. രാമായണത്തിൽ ശൂർപ്പണഖയ്ക്കു കിട്ടിയ ശിക്ഷയാണ് ധൂമ്രകേശിയ്ക്ക് ലഭിക്കുന്നത്. അവളുടെ കുചനാസികാദികൾ ഛേദിക്കുന്നു. ശൂർപ്പണഖയെപ്പോലുള്ള സ്ത്രീ

കളെ വേശ്യാസ്ത്രീയായി അവതരിപ്പിക്കുകയും അവർക്ക് അക്കാലത്തെ അധികാരവും സമൂഹവും നൽകുന്ന അധമസ്ഥാനം വ്യക്തമാക്കുകയുമായിരുന്നു ആട്ടക്കഥാകാരന്റെ ലക്ഷ്യമെന്നു നിരീക്ഷിക്കാം. ശൂർപ്പണഖയെപ്പോലെ ലൈംഗികാഭിലാഷങ്ങൾ തുറന്നു പറയുന്ന സ്ത്രീയ്ക്ക് അംഗവിച്ഛേദനമാണ് ശിക്ഷയായി ലഭിക്കേണ്ടതെന്ന് ഈ കവിയും കരുതുന്നു. ധൂമ്രകേശിയെന്ന രാക്ഷസസ്ത്രീയെ പുതിയ കഥാപാത്രമായി കൂട്ടിച്ചേർത്തതു തന്നെ മേല്പറഞ്ഞ വസ്തുത നിർമ്മിച്ചെടുക്കാനയിരുന്നു

## 3.4 ശാകുന്തളം എട്ടു വൃത്തം കൈകൊട്ടിക്കളിപ്പാട്ട്

### 3.4.1 കുലനാരിമാർക്ക് വല്ലഭൻ ഈശ്വരനാണ്

കുലനാരി, പതിവ്രത, വേശ്യ എന്നിങ്ങനെയുള്ള പരാമർശങ്ങൾ മച്ചാട്ടിളയതിന്റെ ശാകുന്തളം കൈക്കൊട്ടിക്കളിപ്പാട്ടിലുണ്ട്. എഴുത്തച്ഛന്റെ ശകുന്തളോപാഖ്യാനത്തിന്റെ സ്വാധീനമാണ് മച്ചാട്ടിളയതിന്റെ കൃതിയിലുള്ളത്. കന്യകയായ ശകുന്തളയെ കവി വർണ്ണിക്കുന്നത് ഇപ്രകാരമാണ്.

"ആരുള്ളതിപ്പർണ്ണശാലയിലെന്നതി-
ഗൗരവത്തോടാശു ചോദിച്ചപ്പോൾ,
ലക്ഷണയുക്തമാം വാക്കുകേട്ടന്നേരം
ലക്ഷ്മിസമാനമാം രൂപത്തോടും
മിന്നൽക്കൊടി പോലെ മിന്നുന്ന കന്യക
തന്വംഗിതാനുമവിടെ വന്നു" .23

ലക്ഷ്മിസമാന, കന്യക, നാരീമണി, ഉത്തമസ്ത്രീരത്നം, നാരിമാർ തിലകം എന്നിങ്ങനെ നല്ല വിശേഷണങ്ങൾ ഗാന്ധർവ്വത്തിനു മുമ്പുള്ള ശകുന്തളയെ സംബോധന ചെയ്യാൻ കവി സ്വീകരിച്ചു കാണുന്നു. ശകുന്തളാജനന

കഥ അറിയുമ്പോൾ ഇളയതിന്റെ ദുഷ്യന്തൻ കാളിദാസസ്വാധീനത്താൽ വളരെ സന്തുഷ്ടനാകുന്നുണ്ട്. സുന്ദരിയായ മേനകയുടെ പുത്രിയായതു കൊണ്ടാവണം അവൾക്ക് ഇത്ര പ്രഭ. മനുഷ്യസ്ത്രീകൾക്ക് ഇത്ര ഭംഗിയുണ്ടാവാനിടയില്ലെന്നും കവി കൂട്ടിച്ചേർക്കുന്നു. അത്തരത്തിലുള്ള കുലസ്ത്രീയ്ക്കാണ് കണ്വോപദേശം നൽകുന്നത് :-

"മല്ലവിലോചനമാർക്കിഹ ബാലേ
വല്ലഭനീശ്വരനെന്നറിയേണം" 24

ഭർത്താവ് സ്ത്രീകൾക്ക് ഈശ്വരനാണ് എന്ന എഴുത്തച്ഛന്റെ കാവ്യഭാഗം അതേപടി കവി സ്വീകരിച്ചു കാണുന്നു. മല്ലവിലോചന പതിവ്രതയായ വിശുദ്ധസ്ത്രീയാണ്. ശകുന്തളയെ ഭർത്താവിനടുത്തേയ്ക്ക് പുത്രനോടും ശിഷ്യന്മാരോടും ഒപ്പം കണ്വമുനി പറഞ്ഞയക്കുന്നു .

### 3.4.1 മേനകാതനൂജയെങ്കിൽ കുലസ്ത്രീയല്ല നീ

ദുഷ്യന്തൻ ശകുന്തളയെ നിരസിക്കുന്ന ഘട്ടത്തിൽ മേനക, സ്വർവേശ്യയായതു കൊണ്ട് 'നീയും വേശ്യയാണ്' എന്നിങ്ങനെ അധിക്ഷേപിക്കുന്നുണ്ട്.

.

"മേനകാതനൂജയെങ്കിൽ മാനിനി നീ വേശ്യയല്ലോ;
മേനിയെന്നോർത്തീടേണ്ട കുലസ്ത്രീയല്ല നീ" .25 151

എന്നിങ്ങനെ ഇളയതിന്റെ ദുഷ്യന്തൻ അതിശക്തമായി വേശ്യകളെയും വേശ്യാസന്തതികളെയും വിമർശിക്കുന്നുണ്ട്. എന്നാൽ വേശ്യാസന്തതികളായ ദിവ്യന്മാർ പലരുണ്ടെന്ന് ശകുന്തള പറയുന്നു. ഉർവ്വശിയുടെ പുത്രനായ വസിഷ്ഠനെയാണ് അവൾ സൂചിപ്പിക്കുന്നത്. അത്തരം പൂർവ്വന്മാരെ

'ദുഷിച്ചവചന' ത്താൽ ശകുന്തള ആക്ഷേപിക്കുകയാണ് എന്നും അവളുടെ ധാർഷ്ട്യം അത്ഭുതകരമാണെന്നും ദുഷ്യന്തൻ പറയുന്നു. നാണമില്ലാത്തവൾ, തല്ലുകൊള്ളേണ്ടവൾ, മാരതാപം കൊണ്ട് ബുദ്ധി നേരെയല്ലാത്തവൾ എന്നിങ്ങനെ വേശ്യയ്ക്ക് സമാനമായി ശകുന്തള ഭർത്തൃനിരാസഘട്ടത്തിൽ രൂപാന്തരം ചെയ്യപ്പെടുന്നു. അതികാമിയായ സ്ത്രീയായ മേനകയുടെ പുത്രി-എന്നതുകൊണ്ടാണ് ശകുന്തള വേശ്യയാകുന്നത്. വസിഷ്ഠന്റെ സാമൂഹികപദവി ഒരു സ്ത്രീയ്ക്ക് അവകാശപെടാനില്ലാത്തതു കൊണ്ടുതന്നെ, മേനകയുടെ മാതൃത്വവുമായി ഉർവ്വശിയെ ചേർത്തു പറയുവാൻ പാടുള്ളതല്ലെന്ന് ദുഷ്യന്തനിലൂടെ കവിയും കരുതുന്നതായി കാണാം.

**3.4.3 ഭർത്തൃസമാഗമത്തിൽ വീണ്ടും കുലനാരിയാകുന്നു**

സമാഗമാനന്തരം തന്നോട് പൊറുക്കണമെന്ന് ദുഷ്യന്തൻ ശകുന്തളയോട് ആവശ്യപ്പെടുന്ന അവസാനഭാഗത്ത് ശകുന്തളയുടെ മറുപടിയിൽ വീണ്ടും നല്ല സ്ത്രീയെ കാണാനാകും:-

"കുലനാരീജനമതിലൊരുവർക്കിഹ
കലഹം കാന്തനോടുളവാകാമോ
പ്രിയമെന്നാകിലുമപ്രിയമാകിലു
മയി!തവ വചനം മമ മധുരം!" **26**

*കുലനാരിമാർക്ക് ഭർത്താവിനോട് കലഹമുണ്ടാവില്ല* എന്ന ഭാഗം സ്മൃതിയിലധിഷ്ഠിതമായ വിശുദ്ധസ്ത്രീസങ്കല്പം ആവർത്തിക്കുന്നു. മനുസ്മൃതിയിലും, ശാങ്കരസ്മൃതിയിലും ഭാരതീയകാവ്യശാസ്ത്രനിർവ്വചനങ്ങളിലും എല്ലാം ആവർത്തിക്കുന്നതുമാണ്, നല്ല സ്ത്രീയെക്കുറിച്ചുള്ള മേൽപ്പറഞ്ഞ നിർവ്വചനം. കുലനാരികളായ സ്ത്രീകൾ, അഥവാ നല്ല സ്ത്രീകൾ ഭർത്താവിനോട് കലഹിക്കാറില്ല, മറിച്ച് മധുരമായി സ്നേഹത്തോടെ, ശബ്ദം കുറച്ചു

മാത്രമേ സംസാരിക്കാറുള്ളൂ. അപഗ്രഥനാത്മകമായി വിശകലനം ചെയ്യുമ്പോൾ, ശകുന്തളയുടെ കന്യകാവസ്ഥയിലുണ്ടായിരുന്ന വിശുദ്ധ സ്ത്രീ പദവി നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ അവളുടെ യഥാർത്ഥ അമ്മയായ മേനകയുടെ വേശ്യാത്വം അവളിൽ ആരോപിക്കപ്പെടുന്നു. എന്നാൽ അശരീരി എന്ന ദേവദൂതവാക്യം അവളെ വീണ്ടും വിശുദ്ധസ്ത്രീയാക്കി മാറ്റുന്നു. ചുരുക്കത്തിൽ വിശുദ്ധസ്ത്രീ-വേശ്യ ദ്വന്ദം ശകുന്തളയെ തന്നെ വിവിധരീതിയിൽ നിർമ്മിച്ചെടുക്കുന്നുവെന്ന് ശാകുന്തളം എട്ടുവൃത്തം എന്ന മച്ചാട്ട് ഇളയതിന്റെ  കൃതിയെ മുൻനിർത്തി നിരീക്ഷിക്കാം.

## 3.5 അത്തലിൻ സ്വരൂപമാർന്ന ശകുന്തള-അച്ഛനും മകളും

### 3.5.1 സ്മൃതിമാതൃകയിലെ ഭർത്തൃവിരഹി

നവോത്ഥാനകാലം നിർമ്മിച്ചെടുത്ത  കേരളീയസ്ത്രീനിർമ്മിതിയെ മുൻനിർത്തിയാണ് ശകുന്തളയെന്ന വിശുദ്ധസ്ത്രീയ്ക്ക് വള്ളത്തോൾ നാരായണമേനോൻ രൂപം കൊടുത്തത്.' അത്തലിൻ സ്വരൂപം' ,' സദ്വൃത്ത' എന്നിങ്ങനെയാണ് ശകുന്തളയെ കവി വിശേഷിപ്പിക്കുന്നത്. 'മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞിട്ട മുടിയും ലാവണ്യം മാത്രം ഏകഭൂഷണമായിട്ടുള്ളവളും' ആണ് പിതാവായ ദുഷ്യന്തൻ കാണുമ്പോൾ ശകുന്തള. ഭർത്തൃ വിരഹിയായ വിശുദ്ധസ്ത്രീ അനുവർത്തിക്കേണ്ട സ്മൃതി വാക്യങ്ങൾക്ക് ഏറ്റവുമധികം പ്രചാരവും സ്വീകാരവും ലഭിച്ചത് നവോത്ഥാനകാലത്താണ്. ഫലമൂലാദികൾ മാത്രം കഴിച്ച് ശരീരം സ്വയം ക്ഷീണിപ്പിച്ചാണ് ഭർത്തൃ വരഹികളായ സ്ത്രീകൾ കഴിയേണ്ടതെന്ന കഴിയേണ്ടതെന്ന സ്മൃതിവാക്യം ഖണ്ഡകാവ്യത്തിലെ ശകുന്തളാനിർമ്മിതിയിൽ വള്ളത്തോൾ ആവർത്തി ക്കുന്നു.

"മുഷിഞ്ഞ വസ്ത്രങ്ങളും, മെടഞ്ഞ വാർകുന്തലും,

മെലിഞ്ഞ ലാവണ്യകഭൂഷമാമുടലുമായ്

അത്തലിൻ സ്വരൂപം പോലാ വന്ന യുവതിയെ" 26

ഭർത്തൃനിരാസത്താൽ തകർന്നവിശുദ്ധസ്ത്രീയുടെ സ്ഥായിയായ ദുഃഖഭാവമാണ് അവൾക്ക്. നെടുവീർപ്പിട്ടും, കണ്ണീരൊരുവിധം അടക്കിക്കൊണ്ടുമാണ് അവൾ വിശ്വാമിത്രനോട് സംസാരിക്കുന്നത്. ശരീരം ക്ഷീണിച്ചതിനാലും, ഭർത്തൃപരിത്യക്തതയായതിനാലും ദുഃഖത്തിന് രൂപം' ( "അത്തലിൻ സ്വരൂപം) വെച്ചതുപോലെയാണ് അവളുടെ ശരീരഭാഷ. സദ്വൃത്തയാൾ, സങ്കടം പൊറാത്തവൾ, സൗശീല്യമുള്ളവൾ എന്നിങ്ങനെ ദുഖിതയായ വിശുദ്ധസ്ത്രീയ്ക്ക് അനുഗുണമായ സംബോധനകളാണ് ശകുന്തളയ്ക്ക് കവി നൽകുന്നത്.

**3.5.2 ഭർതൃനാശിനിയാകാൻ വിസമ്മതിക്കുന്ന വിശുദ്ധസ്ത്രീ**

നവോത്ഥാനകാലത്ത് കേരളത്തിൽ സ്വീകാര്യത ലഭിച്ച മാതൃകാസ്ത്രീ സങ്കല്പത്തിലാണ് വള്ളത്തോൾ വിശുദ്ധസ്ത്രീ രൂപത്തിൽ ശകുന്തളയെ നിർമ്മിച്ചെടുത്തത്. പിതാവിന്റെ കോപത്തിൽ നിന്ന് ഭർത്താവിനെ ശകുന്തള രക്ഷിച്ചെടുക്കുന്നത് അവളിലെ പതിവ്രത്യാചരണം കൊണ്ടാണ്. സ്വാമി വംശത്തെ മുഴുവൻ തകർത്തു കളയുന്ന ഇടിവാളായ് വിശ്വാമിത്രന്റെ ശാപം മാറാനിടയുണ്ട്. ഭർത്തൃനാശിനിയായി താൻ മാററുതെന്നാണ് വിശ്വാമിത്രനോട് അവൾ പറയുന്നത്. അതുകൊണ്ടുതന്നെയാണ് ശപിക്കാനാഞ്ഞ പിതാവിന്റെ ചുരുട്ടിയ കൈ, സ്വന്തം കൈകൾ കൊണ്ട് അവൾ പിടിച്ചെടുത്തത്. സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ഭർത്തൃനിരാസം; സ്ത്രീയുടെ ദോഷം കൊണ്ടോ നിർഭാഗ്യം കൊണ്ടോ ആണ് സംഭവിച്ചതെന്ന സൂചന കവി നൽകുന്നുണ്ട്. അത്തരം ഭർത്താവിനെ ചോദ്യം ചെയ്യാനോ, ശപിക്കാനോ ഭാര്യയുടെ ബന്ധുക്കൾക്ക് അർഹതയില്ലെന്ന് സൂചനയും ഈ കാവ്യത്തിലുണ്ട്. പ്രത്യേകിച്ചും സ്ത്രീയെ സംരക്ഷിക്കേണ്ട-സ്മൃതിയിലധിഷ്ഠിതമായ ധർമ്മം-യഥാവിധി നിർവ്വഹിക്കാത്ത പിതാവിന് അവളുടെ ഭർത്താവിനെ അധിക്ഷേപിയ്ക്കാൻ

അർഹതയില്ലെന്ന് കവി വ്യക്തമാക്കുന്നു. അത്തരത്തിൽ ഭാര്യാബന്ധുക്കൾ ചെയ്യുമ്പോൾ അതിൽ നിന്നും പതിയെയും, പതിയുടെ വംശത്തെയും സംരക്ഷിക്കേണ്ടത് സ്ത്രീയുടെ ധർമ്മമായി മാറുന്നു. അഥവാ ഭർത്തൃപദവീ സംരക്ഷണം വിശുദ്ധസ്ത്രീയുടെ പ്രധാന കർമ്മമായി നവോത്ഥാന കാലത്ത് രൂപമെടുക്കുന്നു.

### 3.5.3 നവോത്ഥനകാലത്തെ കുലീനസ്ത്രീ

കാളിദാസന്റെ ശകുന്തളയെക്കാൾ ദുഖിതയും ദുർബലയുമാണ് വള്ളത്തോളിന്റെ ശകുന്തള. ഭർത്തൃവിരഹിയാണെങ്കിലും നഷ്ടപ്പെട്ട കുടുംബം തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയുള്ളവളാണ്. 'അന്തർവത്നി' യായിരിക്കെ ഉപേക്ഷിച്ചിട്ടും സൗമ്യനാം കണവൻ എന്നിങ്ങനെയാണ് അവൾ ഭർത്താവിനെ വിശേഷിപ്പിച്ചത്. പാതിവ്രത്യദീക്ഷയോടെ ഭർത്താവിന്റെ ആഗമനം കാത്തിരിക്കുന്നവളാണ് വള്ളത്തോളിന്റെ ശകുന്തള. ഇത്തരമൊരു വിശുദ്ധസ്ത്രീയായി മാത്രമാണ് ശകുന്തള നിർമ്മിതമാവുന്നത്. വേശ്യ എന്ന ഗണത്തിന്റെ യാതൊരു സാധ്യതയും വള്ളത്തോളിന്റെ ശാകുന്തള നിർമ്മിതിയിലില്ല. നവോത്ഥാന കാലം നിർമ്മിച്ചെടുത്ത കുലീനയായ സ്ത്രീയാണവൾ. അവളുടെ വിശുദ്ധ മാതൃത്വം വെളിപ്പെടുന്നത് നോക്കുക:-

സുബഹിഷ്കൃതമായിക്കൊള്ളട്ടെയെൻ ജീവിതം
സുതനും പുറത്തായി പോകൊലാ മമ ദോഷാൽ. 27

പുത്രനെ പ്രതി അവൾ അനുഭവിക്കുന്ന ദുഃഖം മുഴുവൻ മേൽപ്പറഞ്ഞ വരികളിലുണ്ട്. മകന് അർഹതപെട്ട പിതൃത്വസംരക്ഷണയും രാജ്യാവകാശ സാധ്യതകളും തന്റെ ദോഷം കൊണ്ട് ഇല്ലാതാവുന്നതിലാണ് അവളുടെ ദുഃഖം. കുടുംബത്തിൽ നിന്നും താൻ പുറത്തായാൽപ്പോലും മകൻ അംഗീകരിക്കപ്പെടണമെന്ന് ആശിക്കുന്ന നല്ല അമ്മയാണവൾ. സംഭവിച്ചതെല്ലാം സ്വന്തം

ദോഷം കൊണ്ടാണെന്ന് വള്ളത്തോളിന്റെ ശകുന്തള കരുതുന്നു. പുരുഷനെ അവന്റെ തെറ്റുകുറ്റങ്ങളിൽ നിന്ന് സംരക്ഷിച്ചെടുക്കേണ്ടത് സ്ത്രീയുടെ ധർമ്മ മായി മാറുന്നത് കാണാനാകും. ഭാര്യയേക്കാളുപരി 'അമ്മ എന്ന ഉദാത്ത അവ സ്ഥയ്ക്കാണ് വള്ളത്തോൾ പ്രാധാന്യം നൽകിയത്. വിശ്വാമിത്രൻ ശകുന്തള യോട്; ആരാണ് അവളെന്ന് ചോദിക്കുന്ന ചോദ്യം തന്നെ മകന്റെ അമ്മ എന്ന അവസ്ഥയെ മുൻനിർത്തിയാണ്:-

"..............................................................................സ്ഫുടസമ്രാട്-

ചിഹ്നനാമിക്കുഞ്ഞിന്റെ യമ്മയാം നീയാർ വത്സേ?" **28**

സ്ത്രീയുടെ വിവാഹശേഷമുള്ള ജീവിതം, പുത്രനെ അടിസ്ഥാനമാക്കി നവീകരിച്ച് മാതൃപദവിയിൽ ഉദാത്തമാക്കുന്നു.

## 3.6 വെണ്ണിക്കുളത്തിന്റെ ഭർത്തൃപരിത്യക്തയായ ശകുന്തള

.

### 3.6.1 ദുരന്തനായിക

വെണ്ണിക്കുളത്തിന്റെ ശകുന്തള കാശ്യപാശ്രമത്തിൽ മകനെയും സംരക്ഷിച്ചു കൊണ്ട് കഴിയുകയാണ്. ജീവിതദുരന്തം നൽകിയ വൈരൂപ്യ മാണ് അവൾക്കുള്ളത്.ചിട കെട്ടിയ കേശം,ചടച്ച ശരീരം,ദീപ്തി നശിച്ച വരണ്ട ചുണ്ടുകൾ,പൊടിപറ്റി മുഷിഞ്ഞ വൽക്കലം-എല്ലാം അവളെ ദുരന്തനായിക യാക്കി മാറ്റിയിരിക്കുന്നു. എന്നാൽ മരണ ചിന്ത കളഞ്ഞു ജീവിക്കാൻ തീരു മാനമെടുത്ത അവൾ കടുത്ത നിത്യചര്യകളിലൂടെ നാഥനെ കാത്തിരിക്കുന്നു.

"മലപോലുയരട്ടെ മഞ്ഞു ,മാ
മഴപെയ്യട്ടെ;കുലുങ്ങുകയില്ലവൾ
പുലരുമ്പോളെഴീറ്റു നിത്യവും
പുഴയിൽ ചെന്നു കുളിച്ചു പോന്നീടും

ഉടലാകെ നിറഞ്ഞ നാഥനിൽ

ബ്ബലമായുന്നിയ ചിത്തതാരുമായ്

ശിലപോലുമലിഞ്ഞീടും വിധം

ചില മന്ത്രങ്ങളുരുക്കഴിച്ചീടും." **29**

എന്നിങ്ങനെ മനസ്സിന് ബലം കൊടുത്തു ജീവിക്കുന്നവളാണ് വെണ്ണിക്കുളത്തിന്റെ ശകുന്തള. പ്രാർത്ഥനയും കടുത്ത ജീവിതചര്യകളും; അവൾക്ക് ആത്മബലം ലഭിക്കുവാനും മൃത്യുചിന്തയിൽ നിന്ന് രക്ഷ നേടാനു മുള്ള മാർഗ്ഗങ്ങളാണ്. തന്റെ ജീവിത ദുരന്തത്തിൽ നിന്ന് പാഠം ഉൾക്കൊണ്ട് ചെറുത്തു നിൽപ്പിനായി പൊരുതുന്ന സ്ത്രീയാണവൾ. വെണ്ണിക്കുളത്തിന്റെ ഭർത്തൃപരിത്യക്തയായ ശകുന്തള; വിശുദ്ധസ്ത്രീയെക്കുറിച്ചുള്ള മാറുന്ന സങ്കല്പങ്ങൾ ഉൾക്കൊള്ളുന്ന കവിതയാണത്.

### 3.6.2 നവോത്ഥാനകാലത്തെ വിശുദ്ധ സ്ത്രീ

ശകുന്തളയുടെ ശരീരവർണ്ണനയും കടുത്ത ദിനചര്യയും സ്മൃതിയില ധിഷ്ഠിതമായ ഭർത്തൃവിരഹിയുടെ മാതൃകയിലുള്ളതാണ്. അവളുടെ ചിന്ത കളാകട്ടെ, ഭർത്താവിനെ കുറ്റപ്പെടുത്താതും ആത്മവിമർശനമുൾക്കൊള്ളു ന്നതുമാണ്. *മന്ദഭാഗ്യ, പഞ്ജരത്തിലെ കിളി,പാപി* എന്നിങ്ങനെ ശകുന്തള തന്നെ സംബോധന ചെയ്യുന്നുണ്ട്. അവളുടെ ചിന്തകളിൽ കഴിഞ്ഞുപോയ ഓരോ നിമിഷവും പുനർജ്ജനിക്കുന്നുണ്ട്. തന്റെ ദുർവിധിയെ മാത്രമാണ് അവൾ പഴിക്കുന്നത്. കവി ശകുന്തളാചിന്തകളിലൂടെ പറയുന്നത് ഇപ്രകാര മാണ്:-

"പുരുവംശ നൃപാല ചാരുമ-

ന്ദിരമെ,ങ്ങീയിവളെങ്ങു ദുർവിധേ !

വിരചിച്ചു ഭവാനിടയ്ക്കിടയ്ക്കഹോ!

കരകാണാത്തൊരു വാരിരാശിയെ!

ധരയിൽ പ്രിയരാഗഭംഗദുർ-

ഭരമാംജീവിതമാണ് "രൗരവം"

തരുണിയ്ക്കതിലെത്ര കാമ്യമാ-

മരണത്തിന്റെ കരാളകന്ദരം !

പഴിയെന്തിനു പൗരവേന്ദ്രനിൽ

പഴുതേ ചൊൽവതു; പാപി തന്നെ ഞാൻ

സ്മരചോദനയാൽ ചതിച്ചു ഹാ!

പരിശുദ്ധാശയരാം പിതാക്കളെ

വിപരീതവിധേ. ജയിക്ക നീ-

യപരാധത്തിനു ശിക്ഷ നൽകുവാൻ

കൃപയെങ്ങനെ നേർന്നിടുന്നു, ഞാൻ

ചപലപ്രജ്ഞ വഹിക്കുവോളവും." **30**

ശകുന്തള പഴിക്കുന്നത് സ്ത്രീയെയാണെന്നു കാണാം. അത് കവിയുടെ ചിന്തകളാണ്. സമ്പന്നനായ കാമുകനെ മോഹിച്ച അപരാധമാണ് അവൾ ചെയ്തിരിക്കുന്നത്. പ്രണയം തകർന്നിട്ടുള്ള ജീവിതം ഭൂമിയിൽ ദുർഭരിതമാണ്. സ്ത്രീയെ സംബന്ധിച്ചിടത്തോളം അത്തരം ജീവിതത്തേക്കാൾ ഭേദം മരണമാണ്. രാജവിനെ കുറ്റം പറയേണ്ടതില്ല. കാമചോദനയാൽ താൻ മാതാപിതാക്കളെ ചതിച്ചു. അതിനെല്ലാം കാരണമായ വിപരീതവിധി ജയിക്കുക. സ്ഥിരപ്രജ്ഞയില്ലാത്തതു കൊണ്ടാവണം അവൾക്കങ്ങനെ സംഭവിച്ചതെന്നും കവി പറയുന്നു .

സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ ശകുന്തളയെന്ന സ്ത്രീയാണ് അപരാധിയായി മാറുന്നത്. സംഭവിച്ചതെല്ലാം സ്ത്രീയുടെ ചപലബുദ്ധി കൊണ്ടുണ്ടായതാണ്. മറ്റൊന്ന് വിധിയാണ്. പുരുഷനെ ഈ കാവ്യത്തിലും

കുറ്റപ്പെടുത്തുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്പന്നനായ പുരുഷനെ മോഹിച്ച സ്ത്രീയാണ് തെറ്റുകാരി. പ്രണയവും കാമവും സ്ത്രീയെ പാപിയാക്കി മാറ്റുന്നു. മാതാപിതാക്കളെ ചതിച്ചവളാണ് ശകുന്തള. പൊതുവെ സ്ഥിരബുദ്ധിയില്ലാത്തവരാണ് സ്ത്രീകളെന്ന നിരീക്ഷണവും കവി നടത്തുന്നുണ്ട്. ഇപ്രകാരം സ്ത്രീയെ കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും വേശ്യയായി മുദ്ര കുത്തുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. പുരുഷനെ മുൻനിർത്തി സ്ത്രീ ബന്ധങ്ങളിൽ കുറേക്കൂടെ സൂക്ഷ്മത പുലർത്തേണ്ടതുണ്ടെന്ന സൂചന കവി നൽകുന്നുണ്ട്. അല്ലെങ്കിൽ പ്രണയം പോലുള്ള ബന്ധങ്ങൾ അവൾക്ക് മരണത്തിൽ അഭയം തേടേണ്ട അവസ്ഥയുണ്ടാക്കാനിടയുണ്ട്. അതികാമിയായ സ്ത്രീയുടെ ജീവിതം ശുഭകരമല്ലെന്നും അത്തരത്തിലുള്ള ഭംഗജീവിതങ്ങളിലെ സ്ത്രീകൾ മരിക്കുകയാണ് നല്ലതെന്ന സൂചനയും കവി കൊണ്ടുവരുന്നു. വേശ്യ എന്ന സ്ത്രീകളില്ലെന്നും അഥവാ അതികാമിയായ അത്തരം സ്ത്രീകൾ ജീവിക്കേണ്ടതില്ലെന്നും കാവ്യം വെളിപ്പെടുത്തുന്നു. മറിച്ച് നല്ല സ്ത്രീയായി മാറാൻ എല്ലാവരും പരിശ്രമിക്കേണ്ടതുണ്ടെന്നും കവി പറയുന്നു.

ചുരുക്കത്തിൽ പുരുഷനെ കുറ്റപ്പെടുത്താത്ത, സ്വയം കുറ്റങ്ങളേൽക്കുന്ന നവോത്ഥാനകാലത്തെ വിശുദ്ധസ്ത്രീനിർമ്മിതിയാണ് വെണ്ണിക്കുളത്തിന്റെ ശകുന്തളയെന്ന് നിരീക്ഷിക്കാം

**. 3.6.3 സുഭഗനായ പുത്രന്റെ അമ്മ.**

പുത്രജന്മമാണ് സ്ത്രീയുടെ ജീവിതം ധന്യമാകുന്നത്. വ്യാസന്റെ ശാകുന്തളോപാഖ്യാനത്തിലും ജനിക്കാനിരിക്കുന്ന പുത്രന്റെ രാജ്യപദവി ശകുന്തള ഉറപ്പാക്കുന്നുണ്ട്. തന്റെ ദുസ്സഹമായ ദുഖത്താൽ കുഞ്ഞിന് ഒന്നും സംഭവിക്കരുതെന്ന് വെണ്ണിക്കുളത്തിന്റെ ശകുന്തള ചിന്തിക്കുന്നുണ്ട്:-

"കൃശമാക്കരുതെൻ വയറ്റിലെ-

ശിശുവിൻ സുസ്ഥിതി, ദുസ്സഹാർത്തിയാൽ "31

എന്നിങ്ങനെ കുഞ്ഞിനെ ബാധിക്കരുത് തന്റെ വ്യക്തിദുഃഖമെന്ന് പറയുന്നു. ഇനിയുള്ള ജീവിതം കുഞ്ഞിന് വേണ്ടിയുള്ളതാണ്. സമർത്ഥനായ രാജാവായി വരുവാനുള്ളതാണ് ആ കുഞ്ഞ്. അവളിലെ മാതൃത്വത്തിന്റെ പ്രാധാന്യം വെണ്ണിക്കുളവും എടുത്ത് പറയുന്നുണ്ട്. അതുകൊണ്ടാണ് അവസാനഭാഗത്ത് ദുഷ്യന്തൻ:-

"മകനേയിതിനുത്തരം തരും

മികവാളും തവ ഭാഗ്യലക്ഷ്മിയാൾ" 32

എന്നിങ്ങനെയാണ് മകന്റെ ഭാഗ്യത്തിന് കാരണമായ ലക്ഷ്മിയായി അവളെ കണക്കാക്കുന്നത്. ചുരുക്കത്തിൽ സുഭഗനായ പുത്രന്റെ വിശുദ്ധയായ അമ്മയാണ് വെണ്ണിക്കുളത്തിന്റെ ശകുന്തളയെന്ന് നിരീക്ഷിക്കാം.

## 3.7 ഭരതന്റെ ജന്മഭാരം വഹിച്ച വിശുദ്ധമാതാവ്

ഭരതന്റെ ജന്മഭാരം വഹിച്ച ശകുന്തള കെ.പി. കുഞ്ഞിലക്ഷ്മിയമ്മ എന്ന കവയത്രിയ്ക്ക് ദൈവതുല്യയാണ്. കണ്വമുനിയുടെ ആശ്രമത്തിൽ ഗൗതമിയുടെ മാതൃപരിചരണത്തിൽ ജീവിച്ച ശകുന്തളയ്ക്ക് ബാല്യം മുതലേ ഉയർന്ന സ്ഥാനം ലഭിച്ചിരുന്നതായി ഖണ്ഡകാവ്യത്തിൽ വിവരിച്ചിട്ടുണ്ട്.

"ഇഷ്ടമെന്താണെനിക്കത് നേടിയേ-

യക്ഷമാലയുമച്ഛനെടുക്കുള്ളു

ധാത്രി ഗൗതമിയ്ക്കിന്നുമരുമ ഞാൻ,

ആത്മതുല്യയാനാളിമാർക്കത്രയൊ." 33

കെ പി കുഞ്ഞിലക്ഷ്മിയമ്മ ശകുന്തളയ്ക്ക് സ്വതന്ത്രവും ഉന്നതവുമായ സ്ഥാനം നൽകിയതായി കാണാം. ശകുന്തളയുടെ ബാല്യലീല

കൾ വിവരിക്കുന്ന പൂർവ്വഭാഗം കവിയുടെ ബോധപൂർവ്വമായ പുനരാവി ഷ്കാരമാണ്. മാതാപിതാക്കളുടെ അരുമയാണ് ശകുന്തള. യൗവ്വനത്തിൽ അവൾക്ക് നേരിടേണ്ടി വന്ന ദുരന്തം അഭിമാനബോധത്തെ ബാധിക്കുന്നതാ യിരുന്നു. അവസാന ഭാഗത്ത് ദുഷ്യന്തൻ വന്നെന്നറിയുമ്പോൾ അവൾ ചിന്തി ക്കുന്നത്, ഇപ്രകാരമാണ്:

"ഇല്ലാ ചവിട്ടിയ കാൽ പിടിക്കില്ല ഞാൻ "34

എങ്കിലും അവസാനം പുത്രനെ മുൻനിർത്തി ,അവന്റെ നിർബന്ധത്തിന് വഴങ്ങി ദുഷ്യന്തനൊപ്പം പോകേണ്ടി വരുന്നു. ഭാരതത്തിന് രാജാവായി മാറേണ്ട പുരുഷന്റെ ശ്രേഷ്ഠമാതൃപദവിയാണ് കവി ശകുന്തളയ്ക്ക് നൽകു ന്നത്. അതുകൊണ്ടു തന്നെ പുത്ര നന്മ ആഗ്രഹിക്കേണ്ടത് വിശുദ്ധസ്ത്രീയുടെ ധർമ്മമായി മാറുന്നു. വള്ളത്തോൾ, വെണ്ണി ക്കുളം എന്നിവരുടെ വിശുദ്ധസ്ത്രീ തന്നെയാണ് ഈ കാവ്യത്തിലുമുള്ളതെന്ന് നിരീക്ഷിക്കാം.

## 3.8 തിരക്കഥയിലെ ശകുന്തള-ഒരു വിശുദ്ധസ്ത്രീ

### 3 .8.1 ശകുന്തള-ഒരു നമ്പൂതിരിസ്ത്രീ

ലളിതാംബിക അന്തർജ്ജനം ശകുന്തളയെ അവതരിപ്പിച്ചിരിക്കുന്നത് മലയാളിയായ ബ്രാഹ്മണസ്ത്രീയായിട്ടാണെന്ന് തിരക്കഥയുടെ അവതാരികാ കാരനായ സി എ. സ്. വെങ്കിടേശ്വരൻ അഭിപ്രായപ്പെടുന്നുണ്ട്.

"കറുകമാലയും, ശുഭ്രവസ്ത്രങ്ങളും ഞൊറിഞ്ഞുടുക്കലും,വാൽക്കണ്ണാടിയും, അഷ്ടമംഗല്യവും, വായ്ക്കുരവയും മറ്റുമാണ് ഈ മലയാളി ശകുന്തളയ്ക്ക് അകമ്പടി. ഇവിടെ ശകുന്തള ഒരു മലയാളി ബ്രാഹ്മണകന്യക തന്നെയായാണ് വിഭാവനം ചെയ്യ പ്പെടുന്നത്".35

അതുകൊണ്ടുതന്നെ നൂറ്റാണ്ടുകളായി ബ്രാഹ്മണസ്ത്രീയെ നിർമ്മിച്ച മാതൃകയിലാണ് ശകുന്തളയും രൂപം കൊണ്ടിരിക്കുന്നത്. കണ്വാശ്രമത്തിലേക്കു വരുന്ന രാജാവ് കാണുന്നത്;

കുളിച്ചീറൻ മാറാത്ത കുലീനസൗന്ദര്യത്തിനുടമയായ ശകുന്തളയെയാണ്. താപസകന്യക, താപസകുമാരി, മഹർഷിയുടെ അരുമമകൾ, പാവം കുല കന്യക,സ്ത്രീ രത്നം,താതന്റെ പ്രാണനിൽ പ്രാണൻ എന്നിങ്ങനെ ഉയർന്നസ്ഥാനമാണ് ശകുന്തളയ്ക്ക് തിരക്കഥയിലുള്ളത്. വിവാഹത്തിന് നമ്പൂതിരി സ്ത്രീ ഒരുങ്ങുന്ന മാതൃകയിലാണ് ശകുന്തള ഒരുങ്ങുന്നത്. മുങ്ങിക്കുളിച്ച് മുടി തിരുകി, കറുക മാല ചൂടി ശുഭ്രവസ്ത്രങ്ങൾ ഉടുത്ത അവളുടെ മുമ്പിൽ വാൽക്കണ്ണാടിയും,അഷ്ടമംഗല്യവും ,ഭദ്രദീപവും ,അടയും മലരും ഉണ്ട്. വായ്ക്കുരവയും മംഗലഗീതങ്ങളും ചേർന്ന മംഗല്യപൂജയ്ക്കു ശേഷം അവളുടെ ശിരസ്സിൽ വൃദ്ധതാപസികൾ അരിയും നെല്ലും ഉഴിഞ്ഞിട്ട് അനുഗ്രഹിക്കുന്നുണ്ട്. ഇണപ്പുടവ തലയിലിട്ട് യാത്രപുറപ്പെടുന്ന അവൾ വിശുദ്ധ ബ്രാഹ്മണസ്ത്രീയാണ്.**36** കണ്വോപദേശം മനുസ്മൃതിയിലും ശങ്കരസ്മൃതിയിലും ചേർത്ത ഭാര്യാധർമ്മങ്ങൾ തന്നെയാണ്.

1. അരമനയിൽ ഞാനൊരു മഹാരാഞ്ജിയായല്ലോ എന്ന് നീ ഞെളിയരുത്.
2. അതിഥിപൂജ മുടക്കരുത്
3. ഭർത്താവ് കുറ്റം ചെയ്താലും കയർക്കരുത്
4. ഭൃത്യരിൽ കരുണ വേണം.
5. ഇങ്ങനെയല്ലങ്കിൽ ഗൃഹിണിയെന്നത് ഗൃഹബാധയാകും.**37**

ബ്രാഹ്മണസ്ത്രീയ്ക്ക് നിർബന്ധമാക്കിയിരുന്ന ധർമ്മാചരണങ്ങൾ; വിശുദ്ധ സ്ത്രീകൾക്ക് പൊതുവെ ആചരിക്കാമെന്നാണ് എഴുത്തുകാരി ചേർത്തിരി ക്കന്നത്. ചുരുക്കത്തിൽ ശകുന്തളാനിർമ്മിതിയിലൂടെ വിശുദ്ധ സ്ത്രീമാതൃക സൃഷ്ടിക്കാനാണ് അന്തർജ്ജനം ശ്രമിച്ചത്. അതാകട്ടെ, നൂറ്റാണ്ടുകളോളം അകത്തിരുന്ന നമ്പൂതിരിസ്ത്രീകൾക്ക് ആര്യാധിഷ്ഠിതധർമ്മങ്ങൾ നിഷ്കർഷിച്ച കർമ്മങ്ങളുടെ ആവർത്തനമായിരുന്നുവെന്ന് കാണാം.

### 3.8.2 നവോത്ഥാനകാലാനന്തരമുള്ള വിശുദ്ധസ്ത്രീ

നവോത്ഥാനകാലം നിർമ്മിച്ചെടുത്ത കേരളീയസ്ത്രീമാതൃക യുടെ ഗുണദോഷങ്ങൾ ചർച്ച ചെയ്ത ഒരു കാലഘട്ടത്തിലാണ് ലളിതാംബികാ അന്തർജ്ജനം ജീവിച്ചത്. അത്തരം സൂക്ഷ്മഘടകങ്ങളെല്ലാം അവരുടെ തിര ക്കഥയിൽ നിന്ന് വേർതിരിച്ചെടുക്കാൻ സാധിക്കും. യഥാർത്ഥത്തിൽ ശാകുന്ത ളകഥ; പ്രണയത്തിലാരംഭിച്ച് ഗാന്ധർവ്വവിവാഹം, ഭർത്തൃനിരാസം എന്നിവ യിലൂടെക്കടന്ന് വിശുദ്ധമാതൃപദവിയിലൂടെ സ്വീകാര്യയായിത്തീരുന്ന സ്ത്രീ യുടെ കഥയാണ്. കാമുകി, ഭാര്യ,മാതാവ് എന്നീ നിലകളിലുള്ള ശകുന്തളയെ ഒരോഘട്ടത്തിലും അധികാരവ്യവസ്ഥയുടെ താത്പര്യങ്ങൾക്കനുസൃതമായി വിലയിരുത്തപ്പെടുന്നുണ്ട്. അത്തരം സ്ത്രീനിർമ്മിതീഘടകങ്ങൾ അന്തർജ്ജന ത്തിന്റെ ശകുന്തളയെയും സ്വാധീനിച്ചിട്ടുണ്ട്. ഉദാഹരണമായി ചില ഭാഗങ്ങ ൾ താഴെ ചേർക്കുന്നു.

1. രാജാവിനെ ആദ്യമായി കണ്ടുമുട്ടുന്ന ഭാഗത്ത് ശകുന്തളയുടെ ശരീരഭാഷ അന്തർജ്ജനം ചേർത്തിരിക്കുന്നത് ഇപ്രകാരമാണ്- 'ശകു ന്തള ലജ്ജാഭാരത്തോടെ രാജാവിനെ ഒളികണ്ണിട്ടു നോക്കിക്കൊണ്ടു നിലത്ത് വരച്ചു നിൽക്കുന്നു.**38**
2. തന്റെ പ്രണയം വികാരവിവശതയോടെ അറിയിക്കുന്ന രാജാവിനോട് 'മര്യാദവിടരുതേ എന്നും അസ്വതന്ത്രയായ മുനികന്യകയാണ് താനെ ന്നും ശകുന്തള പറയുന്നു.**39.**
3. ദുഷ്യന്തരാജാവ്, ലോകത്തുള്ള മനോഹരകാര്യങ്ങളെല്ലാം രാജാവിന വകാശപ്പെട്ടതാണെന്നും സ്ത്രീരത്നമായ അവളെ പൗരവസാമ്രാജ്യ കിരീടത്തിലണിയിക്കുവാനായി താൻ എടുത്തതാണെന്നും പറയുന്നു ണ്ട്. അതിന് ശകുന്തള നൽകുന്ന മറുപടി, വിശുദ്ധ സ്ത്രീ സങ്കല്പത്തെ

ക്കുറിച്ചു തിരക്കഥാകൃത്തിന്റെ വിശ്വാസം ഉൾപ്പെട്ടതാണ്.---- "ആശ്രമ പുഷ്പങ്ങൾ പൂജയ്ക്കുള്ളതാണ്. മുടിയിൽ ചൂടിയാലത് വാടിപ്പോകും. ഹൃദയത്തോട് ചേർത്തുവെയ്ക്കൂ" . 40 ഒന്നിലധികം വിവാഹാനുമതിയുള്ള പുരുഷനോട്, വിശുദ്ധസ്ഥാനം നൽകി അലങ്കരിച്ചു വെക്കേണ്ടവളല്ല, സ്ത്രീയെന്ന് അന്തർജ്ജനം സൂചിപ്പിക്കുന്നു. അലങ്കരിച്ചു പ്രതിഷ്ഠിക്കുന്നതിലല്ല, ഹൃദയത്തോടു ചേർന്ന് നിർത്തുന്ന ബന്ധങ്ങളാണ് സ്ത്രീക്കാവശ്യം.

4. ഭർത്തൃവിരഹം താങ്ങനാവാത്തത് ശകുന്തള ഇപ്രകാരമാണ് പറയുന്നത്- ദൂതൻ വരുമ്പോഴേക്കും ഞാൻ ഉരുകി മരിച്ചുപോകും. അങ്ങയില്ലാതെ ഞാൻ ജീവിച്ചിരിക്കയില്ല.അങ്ങയെക്കാണാതെ ഒരു നിമിഷം...വയ്യ.. എനിക്ക് വയ്യ...
5. എട്ടുംപൊട്ടുമറിയാത്ത താപസകുമാരിയാണ് ഞാൻ. സ്വാഗതം പറയാനല്ലാതെ വിട നൽകാനറിഞ്ഞു കൂടാ.41
6. തന്റെ തോന്ന്യാസ(ഗന്ധർവ്വതീരുമാനം)ത്തിന് പിതാവിൽ നിന്ന് എന്ത് മറുപടി ലഭിക്കുമെന്ന് അവൾക്ക് ആശങ്കയുണ്ട്.42
7. ആശ്രമത്തിൽ വച്ച് അത്രയൊക്കെ പറഞ്ഞു മയക്കിയ പൊട്ടിപ്പെണ്ണിനെ സ്വയം തള്ളരുതെ..., എന്നിങ്ങനെയാണ് ഭർത്തൃനിരാസഘട്ടത്തിൽ ശകുന്തള ആവശ്യപ്പെടുന്നത്.43

മേല്പറഞ്ഞവ സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ പ്രണയതീവ്രതയിൽ മയങ്ങിപ്പോകുന്ന പൊട്ടിപ്പെണ്ണാണ് അഥവാ ബുദ്ധിശൂന്യയാണ് ശകുന്തള. പുരുഷന്റെ വാഗ്ദാനങ്ങളിൽ മുതിർന്നവരെ മറക്കുകയും സ്വയം തീരുമാനം എടുക്കുകയും ചെയ്തു. അതാണ് തോന്ന്യാസമായി മാറിയത്. കാരണവന്മാരോടൊന്നും ചോദിച്ചിട്ടല്ല ബന്ധത്തിലേർപ്പെട്ടത്. അതു കൊണ്ടു തന്നെ വരാനുള്ള ഭവിഷ്യത്തുകൾ സ്ത്രീ ഒറ്റയ്ക്ക് നേരിടേണ്ടി വരും. കണ്വാശ്രമത്തിൽ നിന്നും കൂടെ വന്ന ബന്ധുക്കൾ അവളെ ഉപേക്ഷിച്ച് പൊയ്ക്ക

ഴിഞ്ഞ ശേഷം ശകുന്തള പുത്രനുവേണ്ടി ജീവിക്കാൻ തീരുമാനി ക്കുന്നു. ചുരുക്കത്തിൽ; കാമുകി,ഭാര്യ എന്നീ അവസ്ഥകളിൽ സ്ത്രീയുടെ ചപലത കളും ബുദ്ധിശൂന്യതകളും ലളിതാംബികാ അന്തർജ്ജനം വിമർശനവിധേയ മാക്കുന്നു. അതേസമയം സ്ത്രീയെ വിഗ്രഹവൽക്കരിക്കുന്ന പുരുഷാധീശ ഘടകങ്ങൾ തിരിച്ചറിയുകയും സ്വന്തം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യിട്ടുമുണ്ട്. മാതൃത്വത്തിന് മഹത്തായ സ്ഥാനമുണ്ടെന്നും മകനുവേണ്ടി യുള്ള തുടർജീവിതമാണ് ശകുന്തളയ്ക്കു വേണ്ടതെന്നും കരുതുന്നു. അത്തര ത്തിലുള്ള ജീവിതത്തിലൂടെ വഞ്ചിച്ച പുരുഷനോട് പ്രതികാരം ചെയ്യാനാവു മെന്നും കരുതുന്നതായികാണാം.

### 3.8.3 വീരപത്നിയും വീരമാതാവുമാവുക

തിരക്കഥയുടെ അമ്പത്തിഅഞ്ചാംസീനിൽ, ശകുന്തള കാട്ടുപുല്ലിന്റെ തണ്ടു കൊണ്ടുണ്ടാക്കിയ കളിവില്ലിൽ ദർഭകൊണ്ട് അമ്പെയ്ത് മകനെ കളി പ്പിക്കുന്നുണ്ട്. അസ്ത്രാദി വിദ്യകൾ പഠിപ്പിച്ച് മകനെ ശക്തനായി, വീരയോ ദ്ധാവായി വളർത്തി വലുതാകുകയാണ് അവളുടെ ജീവിത ലക്ഷ്യം. കാശ്യപാ ശ്രമത്തിൽ വച്ച് ദുഷ്യന്തൻ ആവശ്യപ്പെടുന്നതും പുത്രനെ ഓർത്ത് അയാൾക്ക് മാപ്പു നൽകാനാണ്.തന്നിലെ സ്ത്രീത്വത്തെ അപമാനിച്ചതെല്ലാം ദുഷ്യന്തനെ ശകുന്തള ഓർമ്മിപ്പിക്കുന്നുണ്ട്. അപ്പോഴും സ്ത്രീ എന്നതിനേക്കാൾ ശ്രേഷ്ഠമായ അമ്മയെന്ന സ്ഥാനത്തു നിന്ന് കൊണ്ട് രാജാവ് ആവശ്യപ്പെടുന്നത്- തന്റെ പുത്രനെ തരൂ,പുരുവംശ ത്തിന് സന്താനം തരൂ എന്നാണ്. അതുമുഖേന തന്റെ ജീവിതവും നൽകണം. ശകുന്തളയുടെ മാതൃജീവിതം ശ്രേഷ്ഠമാവാനാണ് കാശ്യപമുനിയും അനുഗ്രഹിക്കുന്നത്. വീരപത്നിയാവുന്നതോടൊപ്പം വീരമാ താവുമാകുവാൻ അദ്ദേഹം ശകുന്തളയെ ആശംസിക്കുന്നു.

ചുരുക്കത്തിൽ മാതാവ് എന്ന വിശുദ്ധ സ്ത്രീയായ ശകുന്തളയെ അന്തർജ്ജനം അംഗീകരിക്കുന്നു. അവൾ തന്റെ ആത്മാഭിമാനം വീണ്ടെടു ക്കുന്നത് പോലും പുത്രനെ വളർത്തിയാണ്. മകനിലൂടെ സ്ത്രീയുടെ സ്ഥാനം ഉയർത്തപ്പെടുന്നു. അവനിലൂടെ സ്ത്രീയ്ക്ക് നിലനിൽപ്പുണ്ടാകുന്നു. ഇത്തരം വീക്ഷണങ്ങൾ അതിശക്തമായി അന്തർജ്ജനം തിരക്കഥയിൽ ഉന്നയിച്ചിട്ടുണ്ട്.

## 3.9തോപ്പിൽ ഭാസിയുടെ ശകുന്തള-ഒരു സാധാരണ സ്ത്രീ

### 3.9.1 വിശ്വാസത്തിലധിഷ്ഠിതമായ പ്രണയം

പതിവ്രത, വിശുദ്ധ,കുലീന തുടങ്ങിയ വിശേഷണങ്ങളൊന്നും ശാകുന്തളം നാടകത്തിൽ ശകുന്തളയ്ക്ക് നൽകുന്നില്ല. സ്വന്തം അവസ്ഥയെ ക്കുറിച്ചും ഭാവിയെക്കുറിച്ചും ആശങ്കയുള്ള ഒരു സാധാരണസ്ത്രീ മാത്രമാണ് അവൾ. താനും ദീർഘാപാംഗനെന്ന മാനും ഒരുപോലെ അനാഥരായി വളർന്ന താണെന്ന് ഭാസിയുടെ ശകുന്തള പറയുന്നുണ്ട്. ദുഷ്യന്തൻ വിവാഹാഭ്യർത്ഥ നടത്തുമ്പോൾ പിതാവിന്റെ അനുമതി കൂടാതെ കന്യക ഗർഭവതിയായാൽ എന്തുചെയ്യുമെന്ന് അവൾ ആശങ്കപ്പെടുന്നു. ദുഷ്യന്തൻ; അവളിലുണ്ടാകുന്ന പുത്രനെ യുവരാജാവായി അഭിഷേകം ചെയ്യുമെന്ന വ്യാസന്റെ മറുപടി പറ യുന്നു. സമൂഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും അവൾ ആശങ്കപ്പെ ടുന്നു. എങ്കിലും ദുഷ്യന്തനിൽ വിശ്വാസമുണ്ടെന്ന് അവൾ സൂചിപ്പിക്കുന്നുണ്ട്:-

മാൻപേട കൃഷ്ണമൃഗത്തിലെന്നതു പോലെ ഞാൻ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു' **44**

എന്നാണ്.പുരുഷനെ വിശ്വാസത്തിലധിഷ്ഠിതമായി പ്രണയിക്കുകയാണ് താനെന്ന് തോപ്പിൽഭാസിയുടെ ശകുന്തള വ്യക്തമാകുന്നു. അതാകട്ടെ ഒരു ഇണയ്ക്ക് തന്റെ കൂട്ടുകാരനോട് തോന്നുന്ന വിശ്വാസമാണ്. മാൻപേട യുടെയും കൃഷ്ണമൃഗത്തിന്റെയും ഉപമ ചേർത്ത് നാടകകാരൻ പറഞ്ഞത് അതു കൊണ്ടാണ്.

സമൂഹത്തിന്റെ നിയമാവലികൾ അനുസരിക്കേണ്ടവളാണ് സ്ത്രീയെന്ന് ഭാസിയും വിശ്വസിക്കുന്നുണ്ട്. അതുകൊണ്ടാണ് ഗാന്ധർവ്വാന ന്തരം താതനെ ഓർത്ത് അവൾ ഭയക്കുന്നത്. ധാരാളം ഭാര്യമാരുള്ള ദുഷ്യന്ത നെ തന്റെ കാര്യമറിഞ്ഞ ഏതെങ്കിലുമൊരാൾ പിന്തിരിപ്പിച്ചാലോ എന്നതാണ് അവളുടെ ഭയത്തിന് പ്രധാന കാരണം.വിവാഹബന്ധത്തിലേർപ്പെടുമ്പോൾ സ്ത്രീ ബന്ധുമിത്രാദികളെ, പ്രത്യേകിച്ചും പിതാവിനെ അറിയിക്കേണ്ടതുണ്ട്. തന്റെ തെറ്റിന് മാപ്പു തരാൻ തോഴിമാർ മുഖേന ശകുന്തള പിതാവിനോട് ആവ ശ്യപ്പെടുന്നു.

### 3.9.2 അഭിമാനമുള്ള സ്ത്രീ

ഭർത്തൃനിരാസത്താൽ താൻ വഞ്ചിതയായിയെന്ന് നാടകത്തിലെ ശകുന്തള പിന്നീട് വിലപിക്കുന്നുമുണ്ട്. രാജപുരോഹിതന്റെ മഠത്തിൽ താമ സിപ്പിക്കാനുള്ള രാജകല്പന സധൈര്യം നിരസിക്കുന്നു. രാജാവിനോട് അഭി മാനത്തോടെ സംസാരിക്കുന്നു:-

അങ്ങയുടെ ഔദാര്യത്തിനു നന്ദി. ഈ രാജകൊട്ടാരവൃത്തത്തിലുള്ള സകലരും കേൾക്കെ അങ്ങെന്നെ അറിയില്ലെന്നും എന്റെ ഗർഭത്തിലുള്ള ശിശു അങ്ങയുടെ അല്ലെന്നും പറഞ്ഞു കഴിഞ്ഞു.ആ നിലയ്ക്ക് കണ്വാശ്രമത്തിൽ വളർന്ന ശകുന്ത ളയ്ക്ക് അങ്ങയുടെ ഔദാര്യം വേണ്ട.**45**

എന്നിങ്ങനെയുള്ള വാക്കുകളിൽ തന്നെ അവളെ ധൈര്യമുള്ള സ്ത്രീയായി അവതരിപ്പിച്ചതായി കാണാം. തുടർന്ന് അവൾ രാജാവിന്റെ സഹായം സ്വീകരിക്കാതെ മേനകയോടൊപ്പം അപ്രത്യക്ഷമാകുന്നതോടെ നാടകം അവസാനിക്കുന്നു. വാഗ്ദാനലംഘകനും വഞ്ചകനുമായ പുരുഷ നോടൊപ്പം ശകുന്തള ജീവിക്കുന്നില്ല.അത്തരം ഭാഗങ്ങൾ അഥവാ ആറും ഏഴും അങ്കങ്ങൾ നാടകകാരൻ മുഴുവനായും ഒഴിവാക്കി.അതുകൊണ്ടു തന്നെ

ആത്മാഭിമാനമുള്ള വ്യത്യസ്തയായ ശകുന്തളയെയാണ് തോപ്പിൽ ഭാസി വിഭാവനം ചെയ്തതെന്ന് നിരീക്ഷിക്കാം.

## 3.10 മാതൃകാ സ്ത്രീനിർമ്മിതി

കേരളത്തിൽ കൊളോണിയൽ ആധുനികതയുടെ കാലത്താണ് പ്രാചീനമധ്യകാലീനകൃതികൾ വായിക്കുവാനും വ്യാഖ്യാനിച്ചു വിവരിക്കു വാനും ആരംഭിച്ചത്. പ്രസ്തുത കൃതികളിലെ പ്രത്യേകിച്ചും മണിപ്രവാള കൃതികളിലെ വിവരണങ്ങൾ സന്മാർഗിക അധഃപതനം സംഭവിച്ച കാലത്തു ണ്ടായവയാണെന്ന് വ്യാഖ്യാതാക്കൾ പറഞ്ഞുവെച്ചു. ഇളംകുളത്തിനെ പോലു ള്ളവർ- നമ്പൂതിരിമാരുടെ പുളപ്പുകാലത്തിന്റെ സൃഷ്ടികളായി- മണിപ്രവാള കാവ്യങ്ങളെ കണക്കാക്കി. യഥാർത്ഥത്തിൽ കേരളത്തിൽ ബഹുഭർത്തൃ ത്വവും ബഹുഭാര്യാത്വവും നിലനിന്നിരുന്ന കാലഘട്ടമായിരുന്നു അത്. ബ്രാഹ്മ ണസ്ത്രീകൾക്ക് ഏകഭർത്തൃത്വവും ബാക്കിയുള്ളവർക്ക് ബഹുലൈംഗിക തയും കല്പിച്ചതിന്റെ നിയമശാസനകൾ ഭാരതംഗാഥയിലുണ്ട്. മരുമക്കത്താ യത്തിലധിഷ്ഠിതമായ കുടുംബജീവിതക്രമത്തിലുണ്ടായ കാവ്യമാണ് വൈശി ക തന്ത്രമെന്നതിന് ആഭ്യന്തരതെളിവുകൾ തന്നെ ഉണ്ട്.46

എന്നാൽ എഴുത്തച്ഛനെപോലുള്ള പാട്ട്/ഭക്തിപ്രസ്ഥാനത്തിൽപെട്ട കവികൾ ബ്രാഹ്മണജ്ഞാനപദ്ധതികളായ വേദാദികളിലെ സ്ത്രീമാതൃക കൾക്ക് വലിയ പ്രധാന്യം നൽകി. വിശുദ്ധപദവിയുള്ള അത്തരം സ്ത്രീമാതൃ കകൾ അനുകരണീയമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. വേദേതിഹാസാ ദികളായ സംസ്കൃതരചനകളെല്ലാം ബ്രാഹ്മണർ തലമുറകളായി വാമൊഴി യായി കൈമാറിപ്പോന്നതിനാൽ കാലക്രമേണ അതിൽ കൂട്ടിച്ചേർക്കലുകൾ (ബ്രാഹ്മണർക്കനുകൂലമായവ) ഉണ്ടായിട്ടുണ്ടെന്ന് വ്യാസഭാരതത്തെ മുൻ നിർത്തി പി കെ ബാലകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. 47 ബ്രാഹ്മണരുടെ ശ്രേഷ്ഠത

പ്രഖ്യാപിക്കുന്ന ധാരാളം ഭാഗങ്ങൾ വ്യാസഭാരതത്തിലുണ്ടെന്നും അദ്ദേഹം പറയുന്നു. അതുകൊണ്ടു തന്നെ അവർ അനുവർത്തിച്ചു വരുന്ന ശ്രേഷ്ഠ കർമ്മങ്ങളിൽ പ്രധാനപ്പെട്ടതായി ബ്രാഹ്മണസ്ത്രീകളുടെ പാതിവ്രത്യാചരണവും ഉൾപ്പെട്ടു. വ്യാസഭാരതത്തിൽ പതിവ്രതകളായ സ്ത്രീകളെ വിശുദ്ധ സ്ത്രീകളായി കരുതുന്നുണ്ട്. വ്യാസനും കാളിദാസനും ഒരുപോലെ ബ്രാഹ്മണേതരസ്ത്രീകൾക്ക് വിശുദ്ധസ്ത്രീപദവി നേടിയെടുക്കാനാവുമെന്ന് ശാകുന്തളകഥയിലൂടെ സൂചിപ്പിച്ചു. അതുകൊണ്ടു തന്നെ വേശ്യയായ മേനക ഇരു കൃതികളിലും അധമകഥാപാത്രമായി മാറുന്നു. പതിനാറാം നൂറ്റാണ്ടു മുതൽ ഇരുപതാംനൂറ്റാണ്ടു വരെയുണ്ടായ ശാകുന്തളപുനർ നിർമ്മിതികളിലെല്ലാം വിശുദ്ധസ്ത്രീ-വേശ്യ ദ്വന്ദം പ്രസക്തമായ സ്ത്രീവിഭജനങ്ങളായി മാറുന്നുണ്ട്.

എഴുത്തച്ഛൻ മുതൽ മച്ചാട്ട് ഇളയതുവരെയുള്ളവരുടെ സാമൂഹിക സാഹചര്യത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് വള്ളത്തോൾ മുതലുള്ള വരുടെ സാഹചര്യം. അതുകൊണ്ടു തന്നെ വിശുദ്ധസ്ത്രീ-വേശ്യ നിർമ്മിതി കളിൽ കൃത്യമായ വ്യത്യാസം ഇരുവിഭാഗത്തിലും ഉണ്ടെന്ന് കാണാം. ഒന്നാം വിഭാഗം ബ്രാഹ്മണജ്ഞാന പദ്ധതികൾക്കനുസരിച്ചാണ് വിശുദ്ധസ്ത്രീയെയും വേശ്യയെയും വിഭജിച്ചത്. രണ്ടാംവിഭാഗത്തിലുള്ളവരാകട്ടെ, ബ്രാഹ്മണജ്ഞാനപദ്ധതികളോടൊപ്പം ആധുനികതയുടെ വീക്ഷണങ്ങളും സ്ത്രീയെ നിർമ്മിച്ചെടുക്കുന്നതിന് ആധാരമാക്കി. അന്തർജ്ജനത്തിന്റെയും തോപ്പിൽഭാസിയുടെയും കൃതികളിൽ സ്വതന്ത്രവും വ്യക്തിത്വവുമുള്ള സ്ത്രീസത്ത ഉണ്ടായി വരുന്നതും കാണാനാകും. വിശുദ്ധസ്ത്രീ-വേശ്യ ദ്വന്ദത്തിൽ നിന്നും വിശുദ്ധ സ്ത്രീ മാത്രം അംഗീകരിക്കപ്പെടുന്നത് ആധുനികതയുടെ കാലത്താണ്.

ബഹുലൈംഗികത അനുവർത്തിക്കുന്ന സ്ത്രീകളെയെല്ലാം വേശ്യകളായി കണക്കാക്കുന്ന രീതിയാണ് എഴുത്തച്ഛൻ മുതൽ ഇളയത് വരെയുള്ളവർ സ്വീകരിച്ചത്. ബഹുലൈംഗികതയിലേർപ്പെടുന്ന പുരുഷന്മാർക്ക്

ഇത്തരം വേർതിരിവുകൾ ഉണ്ടായില്ലെന്നതും നിരീക്ഷിക്കേണ്ടതാണ്. എന്നാൽ എഴുത്തച്ഛന്റെ ശകുന്തള; പുരുഷന്മാർ ബഹുലൈംഗികത അനുവർത്തിക്കുന്നതു കൊണ്ടുള്ള ഗുണദോഷവിചാരം നടത്തുന്നുണ്ട്. ദുഷ്യന്തന് ധാരാളം ഭാര്യമാരുള്ളത് ശക്തമായി വിമർശന വിധേയമാകുന്നത് തിരക്കഥയിലും ഭാസിയുടെ നാടകത്തിലുമാണ്. ബഹുലൈംഗികതയെ മുൻനിർത്തി ശക്തമായ പുരുഷവിമർശനമുന്നയിച്ചു കാണുന്നത് ഭാസിയുടെ നാടകത്തിലാണ്. ലളിതാംബികാ അന്തർജ്ജനമാകട്ടെ, പുരുഷന്റെ ബഹുലൈംഗികതയിൽ പരിഭവിക്കുന്ന സ്ത്രീയായാണ് ശകുന്തളയെ അവതരിപ്പിക്കുന്നത്. ആധുനികതയ്ക്ക് ശേഷം വരുന്ന ശാകുന്തളപുനർനിർമ്മിതികളിൽ പുരുഷന്റെ ബഹുലൈംഗികത ഭാര്യയുടെ ഭാഗ്യദോഷമായോ, വിധിഹിതമായോ വിലയിരുത്തപ്പെടുന്നുണ്ട്. അത്തരത്തിൽ ആധുനികതയുടെ വിശുദ്ധ സ്ത്രീ നിർവനങ്ങൾ പുരുഷനെ ബാധിക്കാത്തതും സ്ത്രീയെ മാത്രം ലക്ഷ്യം വച്ചുള്ളതുമായി മാറി. കാളിദാസന്റെ ദുഷ്യന്തനെ ലൈംഗികതയെ മുൻനിർത്തി എസ്.സുധീഷ് ഇപ്രകാരമാണ് വിലയിരുത്തുന്നത് :-

> കാളിദാസന്റെ ദുഷ്യന്തൻ ഒരുപാടു വളവും തിരിവും ഒളിവും മറവുമുള്ള വ്യക്തിത്വമാണ്. നീയും ഊഴിയുമാണ് എന്റെ ധനം എന്ന് പറയുന്നിടത്തും അതുകഴിഞ്ഞ് നിമിഷങ്ങൾക്കുള്ളിൽ എനിക്ക് അവളോട് അനുരാഗമില്ല എന്ന് പറയുന്നിടത്തും അത് വ്യക്തമാവുന്നു.ആവശ്യത്തിനെന്നല്ല അനാവശ്യത്തിനു പോലും കളവു പറയുന്ന പ്രകൃതക്കാരനാണ് അയാൾ. **48**

അത്തരത്തിലുള്ള പുരുഷന്റെ ബന്ധങ്ങൾ നിലനിർത്തുകയും അതിനനുസൃതമായി സ്ത്രീയെ രൂപം മാറ്റുകയും ചെയ്യുന്നു. ഏക ഭർതൃവ്രതയായ സ്ത്രീ, വിശുദ്ധയാവുകയും ബഹുലൈംഗികതയിലേർപ്പെടുന്ന സ്ത്രീയെ വേശ്യയായി കണക്കാക്കുകയും ചെയ്യുന്നു. ബഹുലൈംഗികത പുരുഷനെ ബാധിക്കുന്ന സാമൂഹികപ്രശ്നമായി മാറിയില്ല.

### 3.10.1 മാതാവ്-ഒരു വിശുദ്ധസ്ത്രീ

മാതൃത്വത്തിന്റെ മഹത്വവൽക്കരണമാണ് കാളിദാസശാകുന്തളത്തിന്റെ കേന്ദ്രബിന്ദു. ശകുന്തള കാശ്യപാശ്രമത്തിലെത്തുന്നതും പുത്രനെ ശുശ്രൂഷിച്ച് ജീവിക്കുന്നതും നാടകത്തിലെ അവസാനരംഗത്തിലാണ് ചേർത്തിട്ടുള്ളത് . കാമുകി എന്ന നിലയിലോ ഭാര്യ എന്ന നിലയിലോ കാളിദാസന്റെ ദുഷ്യന്തന് ശകുന്തളയെ ആവശ്യമില്ല. ഇക്കാര്യം രണ്ടാമങ്കത്തിൽ വിദൂഷകൻ ഈന്തപ്പഴം-പുളിങ്ങ താരതമ്യത്തിലൂടെ സ്ഥാപിക്കുന്നുണ്ട്. ഭാരതത്തിന്റെ ഭാവിരാജാവായ പുത്രന്റെ അമ്മയായതു കൊണ്ടു മാത്രമാണ് കാളിദാസനാടകത്തിൽ ശകുന്തളയ്ക്ക് അംഗീകാരം ലഭിക്കുന്നത്. കാരണം വംശം നിലനിർത്താൻ രാജാവിന് പുത്രൻ കൂടിയേ തീരൂ. അപ്രകാരം പുത്രന്റെ അമ്മ എന്ന മാതൃസ്ഥാനമാണ് ശകുന്തളയ്ക്ക് ഉയർന്നപദവി നൽകുന്നത്. ഇത്തരത്തിൽ മാതൃത്വത്തെ സ്ഥാപനവൽക്കരിക്കുന്നത് സ്ത്രീയെ സംബന്ധിച്ചിടത്തോളം അയഥാർത്ഥമായ വൈകാരികാനുഭവമാണ്. അത് സ്ത്രീയെ പുരുഷന് കീഴിലാക്കുന്ന പ്രക്രീയയാണെന്ന് ഷുലാമിത് ഫയർസ്റ്റോണിനെ പോലുള്ള സ്ത്രീവാദികൾ നിരീക്ഷിക്കുന്നുണ്ട്. അമ്മയായതു കൊണ്ട് മാത്രം സ്ത്രീ അടിമത്വം അനുഭവിക്കേണ്ടി വരുന്നു. സ്ത്രീയുടെ ജീവിതത്തിൽ മാതൃത്വമെന്ന സ്ഥാപനവൽക്കരണപ്രക്രീയ നടക്കുമ്പോൾ അവളുടെ സ്വത്വബോധം ഇല്ലാതാകുകയും അവളുടെ നില പുരുഷന് താഴെയായിത്തീരുകയും ചെയ്യുന്നു. നിരവധി വിജ്ഞാന-വൈദഗദ്ധ്യ മേഖലകളുടെ ആധികാരികതയാൽ സ്ഥാപനവല്ക്കരിക്കപ്പെടുന്ന മാതൃത്വമാണ് എല്ലാ സ്ത്രീകളെയും ചൊല്പടിയിൽ നിർത്തുവാൻ ആൺകോയ്മയെ സഹായിക്കുന്നത്. അധികാരം ആര്, ആരിൽ പ്രയോഗിക്കണം, അറിവും സമ്പത്തും ആര് നിയന്ത്രിക്കണം എന്നിത്യാദിയുള്ള നിരവധി പ്രശ്നങ്ങളിൽ ഇടപെടുകയും മറ്റ് സ്ഥാപനങ്ങളുമായി നിഗൂഢബന്ധം പുലർത്തുകയും ചെയ്യുന്ന ഒരു ആൺകോയ്മാസ്ഥാപനമാണ് മാതൃത്വമെന്ന് ഏഡ്രിയൻ റിച്ച് ചൂണ്ടിക്കാട്ടുന്നുണ്ട്.49

കെ പി കുഞ്ഞിലക്ഷ്മി, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ ശാകുന്തളം പുനർനിർമ്മിതികളിൽ  ഈ ആശയം ശക്തമായി ഉന്നയിക്കുന്നുണ്ട്. പുത്രന്റെ  അമ്മയായതു കൊണ്ടുമാത്രമാണ് ദുഷ്യന്തനൊപ്പം പോകേണ്ടിവരുന്നതെന്ന് രണ്ട് സ്ത്രീ എഴുത്തുകാരികളും പറയുന്നുണ്ട് .കെ. പി കുഞ്ഞുലക്ഷ്മി മാതൃത്വപദവിയുടെ മാഹാത്മ്യം അംഗീകരിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. അതേസമയം, ഒരിക്കൽ ചവിട്ടിയ കാൽ പിടിക്കാൻ താനില്ലെന്ന് അഭിമാനത്തോടെ പറയുകയും ചെയ്യുന്നുണ്ട്. ലളിതാംബികാഅന്തർജ്ജനത്തിന്റെ  ശകുന്തള തന്റെ  സ്ത്രീ തനിമയെ അംഗീകരിക്കാത്തതിൽ ശക്തമായി പ്രധിഷേധിക്കുന്നുണ്ട്. അവിടെ കാശ്യപമുനി, അഥവാ പുരുഷാധീശവ്യവസ്ഥയുടെ പ്രധിനിധി ഇടപെടുകയും,സ്ത്രീ അനുസരിക്കാൻ നിർബന്ധിതയാവുകയും ചെയ്യുന്നു. എന്നാൽ തോപ്പിൽഭാസിയുടെ ശകുന്തള അത്തരത്തിലുള്ള പരിഗണന ആവശ്യമില്ലെന്ന് പറഞ്ഞാണ് ദുഷ്യ ന്തനെ ഉപേക്ഷിക്കുന്നത്. പുരുഷൻ നിർമ്മിച്ചെടുത്ത മാതൃത്വസ്ഥാപനത്തെ നിഷേധിക്കുക യാണ് നാടകകാരൻ ചെയ്തത്.

എഴുത്തച്ഛൻ, ഭാരതംഗാഥാകാരൻ, ആട്ടക്കഥാകാരൻ, മച്ചാട്ട് ഇളയത് എന്നിവരുടെ ശാകുന്തളപുനർനിർമ്മിതികളിൽ മാതൃത്വത്തിന്റെ  മഹത്വവൽക്കരണം ഇല്ലെന്നു കാണാം. അതേസമയം വള്ളത്തോൾ, വെണ്ണിക്കുളം, കെ.പി. കുഞ്ഞിലക്ഷ്മി  എന്നിവരുടെ കാവ്യങ്ങളിലാകട്ടെ, അമ്മയായ ശകുന്തളയ്ക്ക് പ്രാധാന്യം ലഭിക്കുന്നുണ്ട്. മകനുവേണ്ടി ജീവിക്കുന്ന 'അമ്മ മാത്രമാണ് വള്ളത്തോളിന്റെ  ശകുന്തള. വെണ്ണിക്കുളവും മകനെ സംരക്ഷിച്ചു ജീവിക്കുന്ന ശകുന്തളയെക്കുറിച്ചു പറയുന്നുണ്ട്. ആധുനികതയുടെ ഭാഗമായ നവീകരണപ്രക്രീയയാണ് കേരളത്തിൽ മാതൃത്വത്തെ സ്ഥപനവൽക്കരിച്ചതെന്ന് നിരീക്ഷിക്കാം. അതിനു മുമ്പും കേരളത്തിലെ കുടുംബങ്ങളിൽ സ്ത്രീ സംരക്ഷണയിൽ തന്നെയാണ് കുഞ്ഞുങ്ങൾ വളർന്നത്. എന്നാൽ മാതാവ്

തന്നെ ശിശുസംരക്ഷണയിൽ ഏർപ്പെടണമെന്ന നിബന്ധന കൊണ്ടുവരുന്നത് കൊളോണിയൽ ആധുനികതയുടെ കാലത്താണ്. അക്കാലത്തുണ്ടായ വിശുദ്ധമാതൃത്വനിർമ്മിതിയെ, ദേവിക വിലയിരുത്തുന്നത് ഇപ്രകാരമാണ്:-

'മക്കളുടെ നന്മയ്ക്കു വേണ്ടി ജീവിതവും ജീവനും ഉഴിഞ്ഞു വെക്കുന്ന മാതാവാണ് ഉത്തമ മാതാവ്; കുട്ടികളെ സമർത്ഥമായി നിയന്ത്രിച്ചും നേർവഴിക്കു നടത്തിയും വിദ്യാഭ്യാസം ചെയ്യിപ്പിച്ചും, അതുപോലെ അവരുടെ ശാരീരിക വളർച്ചയെ പരമാവധി പോഷിപ്പിച്ചുമാണ് അമ്മ തന്റെ കടമ നിർവഹിക്കേണ്ടത്. ഇങ്ങനെ സ്വന്തം കർത്തവ്യം അറിഞ്ഞു ചെയ്യുന്ന അമ്മമാർ വീടിനു മാത്രമല്ല, രാജ്യത്തിനു തന്നെ വലിയ നേട്ടം ഉണ്ടാക്കിക്കൊടുക്കുന്നവരാണ്-പത്തൊൻപതാം നൂറ്റാണ്ടിൽ നിന്നുള്ള നിരവധി രേഖകളിൽ-ആദ്യകാല നോവലുകളിൽ മിഷനറിമാരുടെ എഴുത്തു കുത്തുക ളിൽ,സർക്കാർ രേഖകളിൽ,പത്രമാസികകളിൽ-ഈ ആശയങ്ങൾ നിറഞ്ഞു നിൽക്കു ന്നുവെന്ന് കാണാം.മറ്റൊരുവിധത്തിൽ പറഞ്ഞാൽ പ്രസവമെന്ന ശാരീരിക പ്രക്രിയയെ ക്കാളധികം 'വളർത്തുക' എന്ന സാമൂഹ്യവൽക്കരണപ്രക്രിയയ്ക്ക് നവമാതൃത്വത്തിൽ പ്രാധാന്യമേറി'. **50**

ഇത്തരം സാമൂഹികപരിണാമകാലത്ത് രചിച്ചതു കൊണ്ടാണ് വള്ള ത്തോൾ, വെണ്ണിക്കുളം, കുഞ്ഞിലക്ഷ്മി എന്നിവരുടെ രചനകളിൽ ശകുന്ത ളയുടെ മാതൃപദവിക്ക് വലിയ പ്രാധാന്യം ലഭിച്ചതെന്ന് നിരീക്ഷിക്കാം. കുറേക്കൂടെ മാറിയ സാഹചര്യത്തിൽ അന്തർജ്ജനത്തിന്റെ ശകുന്തള പുരു ഷാധിഷ്ഠിത സമൂഹത്തോട് സ്ത്രീയെ ഉപാധികളില്ലാതെ അംഗീകരിപ്പി ക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. എങ്കിലും നിർമ്മിച്ചു വച്ച മാതൃത്വത്തിന്റെ സ്ഥാപനപരത അംഗീകരിക്കാൻ അന്തർജ്ജനത്തിന്റെ ശകുന്തളയും നിർബന്ധിതയാകുന്നു. തോപ്പിൽ ഭാസിയുടെ ശകുന്തള മാതൃത്വത്തിലൂടെ വിശുദ്ധസ്ത്രീയായി പരിണമിക്കുന്നുമില്ല.

യഥാർത്ഥത്തിൽ വിശുദ്ധസ്ത്രീ-വേശ്യ ദ്വന്ദങ്ങൾ അതാതുകാലത്തെ അധികാരപ്രത്യയശാസ്ത്രവീക്ഷണങ്ങൾക്കനുസൃതമായാണ് നടന്നതെന്ന് കാണാം. മധ്യകാലരചനകളിൽ ശകുന്തളയെ കന്യകാവസ്ഥയിൽ വിശുദ്ധസ്ത്രീയായും സ്വന്തതീരുമാനത്തോടെ ഗന്ധർവ്വവിവാഹം നടത്തിയതോടെ വേശ്യയായും കണക്കാക്കുന്നുണ്ട്. കൊളോണിയൽ ആധുനികതയുടെ കാലത്ത് ശകുന്തളയെ വിശുദ്ധസ്ത്രീയായി മാത്രമേ അവതരിപ്പിച്ചു കാണുന്നുള്ളൂ. ശകുന്തളയുടെ അമ്മയായ മേനകയിലെ വേശ്യാത്വം ചോദ്യം ചെയ്യപ്പെടുന്നത്, മധ്യകാലകൃതികളിലാണ്. മാതാവെന്ന നിലയിലുള്ള അവളുടെ കുറവുകൾ മാപ്പുചോദിക്കേണ്ട സംഗതികളായി മാറുന്നാതാകട്ടെ, ആധുനികതയുടെ കാലത്തുണ്ടായ കൃതികളിലുമാണ്. ശാകുന്തള പുനർനിർമ്മിതികൾ ഇത്തരം പുരുഷാധീശപ്രത്യയ ശാസ്ത്രത്തെ ഉൾക്കൊണ്ടാണ് വിശു ദ്ധസ്ത്രീയെയും വേശ്യയെയും നിർമ്മിച്ചെടുത്തതെന്ന് നിരീക്ഷിക്കാം. ചുരുക്കത്തിൽ, കേരളത്തിൽ മാതൃകാസ്ത്രീനിർമ്മിതി ഉണ്ടായത്, വിവിധ കാലങ്ങളിലുണ്ടായ ശാകുന്തള പുനർനിർമ്മിതികളുടെ അപഗ്രഥനത്തിലൂടെ വെളിപ്പെടുന്നതായി കാണാം.

വിശുദ്ധസ്ത്രീയെ സംരക്ഷിക്കേണ്ട ചുമതല പുരുഷരക്ഷിതാക്കൾക്കുണ്ട്. അടുത്ത അധ്യായത്തിൽ വേദാദികൾ മുതൽ അനുവർത്തിച്ചു വരുന്ന സ്ത്രീയുടെ രക്ഷാകർത്തൃത്വനിബന്ധന ശാകുന്തളപുനർനിർമ്മിതികളിൽ രേഖപെടുത്തിയതിന്റെ അപഗ്രഥനാത്മക വിശകലനമാണുള്ളത്.

## കുറിപ്പുകൾ

1. ഈ പ്രബന്ധത്തിൽ, ഏകവ്യക്തിയിലധിഷ്ഠിതമായ ലൈംഗികബന്ധം അനുവർത്തിക്കുന്ന സ്ത്രീയെക്കുറിക്കാനാണ് വിശുദ്ധസ്ത്രീ എന്നും ബഹുലൈംഗികത അനുവർത്തിക്കുന്ന സ്ത്രീയെക്കുറിക്കാനാണ് വേശ്യ എന്നുമുള്ള പദങ്ങൾ ഉപയോഗിച്ചിട്ടുള്ളത്.

2.തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിതസംസ്കരണം:ഡോ പി. എം വിജയപ്പൻ, കറന്റ്ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,സെപ്തംബർ,1998, പു. 234.

3. അതേപുസ്തകം, പു. 228.

4. അതേപുസ്തകം, പു. 235.

5.അതേപുസ്തകം, പു. 236.

6.പി.കെ. ബാലകൃഷ്ണൻ, *എഴുത്തച്ഛന്റെ കല* ,ഡി.സി.ബുക്ക്സ്, കോട്ടയം, രണ്ടാം പതിപ്പ്, ആഗസ്ത്,2013), പു. 57.

7. ചെറുശ്ശേരിഭാരതം,പ്രസാ:ചിറയ്ക്കൽ.ടി.ബാലകൃഷ്ണൻ നായർ, (കേരളസാഹിത്യഅക്കാദമി,തൃശൂർ, ഒന്നാം പതിപ്പ്,1974), പു. 28.

8.അതേപുസ്തകം, പു. 38.

9.അതേപുസ്തകം, പു. 39.

10.അതേപുസ്തകം, പു. 41.

11.അതേപുസ്തകം, പു. 37.

12. അതേപുസ്തകം, പു. 28.

13. അതേപുസ്തകം, പു. 29.

14. അതേപുസ്തകം, പു. 35.

15. അതേപുസ്തകം, പു. 36.

16. നൂറ്റിഒന്ന് ആട്ടക്കഥകൾ-ഡോ. എസ്.കെ.നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം,(നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ഒന്നാം പതിപ്പ്, 1979), പു.462.

17.അതേപുസ്തകം, പു. 490.

18. അതേപുസ്തകം, പു. 520.

19.അതേപുസ്തകം, പു. 521.

20. അതേപുസ്തകം, പു. 479.

21. അതേപുസ്തകം, പു. 480.

22.അതേപുസ്തകം, പു. 481.

23. വിദ്വാൻ മച്ചാട്ടെളയത്-ജീവിതവും കൃതികളും-സി. പി. കൃഷ്ണനെളയത്, കേരളസാഹിത്യ അക്കാദമി,തൃശൂർ,ഒന്നാം പതിപ്പ്,1977, പുറം 144.

24.അതേപുസ്തകം, പു. 149.

25.അതേപുസ്തകം, പു. 151.

26. അതേപുസ്തകം, പു. 153.

27.അച്ഛനും മകളും,അവതാരിക:വിദ്വാൻ സി. എസ്. നായർ, വള്ളത്തോളിന്റെ കവിതകൾ,( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു. 346.

28.അതേപുസ്തകം, പു. 341.

29.വെണ്ണിക്കുളം ഗോപാലക്കുറുപ്പ്,*ഭർത്തൃപരിത്യക്തയായ ശകുന്തള*, (മലയാള മനോരമ,കോട്ടയം,ഒന്നാം പതിപ്പ്,1920),പു. 3,4.

30.അതേപുസ്തകം, പു. 9,10.

31.അതേപുസ്തകം,പു.10

32.അതേപുസ്തകം,പു.19.

33. കെ.പി.കുഞ്ഞുലക്ഷ്മി അമ്മ *ശകുന്തള*, , (മംഗളോദയം,തൃശ്ശൂർ,ഒന്നാം പതിപ്പ് 1947), പു. 3.

34.അതേപുസ്തകം,പു.12.

35.ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ*,(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2010),പു. xv

36.അതേപുസ്തകം,പു. 60.

37. അതേപുസ്തകം,പു.67.

38.അതേപുസ്തകം,പു. 17.

39.അതേപുസ്തകം,പു.36.

40. അതേപുസ്തകം,പു.43.

41.അതേപുസ്തകം,പു.46.

42.അതേപുസ്തകം,പു.54.

43. അതേപുസ്തകം,പു.75.

44.തോപ്പിൽ ഭാസി, *ശാകുന്തളം,* (ഡി സി. ബുക്ക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 1987), പു.52.

45.അതേപുസ്തകം,പു.93.

46.ഡോ. പി. സോമൻ,*ദേവദാസികളും സാഹിത്യചരിത്രവും,* കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്,തിരുവനന്തപുരം,2014),പു.88.

47.പി.കെ. ബാലകൃഷ്ണൻ, *എഴുത്തച്ഛന്റെ കല, ചില വ്യാസഭാരതപഠനങ്ങളും*, (ഡി.സി.ബുക്ക്സ്,കോട്ടയം,2013), പു. 138.

48. പ്രൊ. എസ്. സുധീഷ്,ശാകുന്തളത്തിലെ ജനകീയ വിചാരണ,അനുബന്ധ പഠനം, വീരപുരുഷനും വിശുദ്ധസ്ത്രീയും-മഹാഭാരതമിത്ത് ആഖ്യാനം കമ്പോളകാലം,നൗഷാദ് എസ്,(പാഠശാല പബ്ലിക്കേഷൻസ്,കൊച്ചി,2017), പു.132.

49. എം. കെ. രാമകൃഷ്ണൻ, കെ. എം. വേണുഗോപാലൻ, *സ്ത്രീവിമോചനം: ചരിത്രം സിദ്ധാന്തം* (പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട, 2016),പു.145.

50.ജെ.ദേവിക, *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ?* (കേരള ശാസ്ത്ര സാഹിത്യപരിഷത്,തൃശ്ശൂർ,2015 ), പു.112.

# അധ്യായം നാല്

# സ്ത്രീയും രക്ഷാകർത്താക്കളും

സ്ത്രീയ്ക്ക് രക്ഷിതാവായി പുരുഷനുണ്ടാവേണ്ടതിന്റെ ആവശ്യകത ഭാരതീയജ്ഞാനപരിസരങ്ങളിൽ പ്രശ്നവൽക്കരിച്ചിട്ടുണ്ട്. രക്ഷ ആവശ്യമായി വരുന്നത് വിശുദ്ധസ്ത്രീകൾക്കാണ്. അവരെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും സംരക്ഷിക്കുവാൻ സാധിക്കേണ്ടതുണ്ട്. ശ്രുതിസ്മൃതികളിൽ ആവർത്തിക്കുന്ന രക്ഷാകർത്തൃത്വം ശകുന്തളയ്ക്ക് വാസ്തവത്തിൽ ലഭിച്ചിട്ടില്ല. അവൾ ആരുടെ പുത്രിയാണെന്ന് വ്യക്തത വരുത്താനുള്ള പരിശ്രമം വ്യാസഭാരതത്തിലും കാളിദാസനാടകത്തിലും ഒരു പോലെ ആവർത്തിക്കുന്നുണ്ട്. പുരുഷന്റെ സാമൂഹിക പദവിയാണ് ഈ ചോദ്യങ്ങൾക്കു നിദാനം. നിത്യബ്രഹ്മചാരിയായ കണ്വമുനിയ്ക്ക് ഒരു പുത്രിയുണ്ടാവാനിടയില്ല. ഇനിയുണ്ടായാൽ തന്നെ അവളെ ഒരിക്കലും ക്ഷത്രിയനായ ദുഷ്യന്തന് ഭാര്യയാക്കാൻ സാധിക്കില്ല. ബ്രഹ്മചാരിയായ മുനി, ക്ഷത്രീയനായ ദുഷ്യന്തൻ എന്നിവരുടെ സാമൂഹികപദവികളാണ് സ്ത്രീയുടെ സ്വത്വത്തെ നിർണ്ണയിക്കുന്നതെന്നു വരുന്നു. ശകുന്തളയുടെ മാതാപിതാക്കളായ മേനക, വിശ്വാമിത്രൻ, രക്ഷിതാവായ കണ്വമുനി, എന്നിവരെ മുൻനിർത്തിയാണ്, *സ്ത്രീയും രക്ഷിതാക്കളു*മെന്ന ഈ അധ്യായം പഠനവിധേയമാക്കുന്നത്.

സ്ത്രീയുടെ രക്ഷാകർത്താക്കളെക്കുറിച്ച് വ്യാസഭാരതത്തിലെ ശാകുന്തളോപാഖ്യാനം തന്നെ വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്. ലോകപൂജിതനും ഊർദ്ധ്വ രേതസ്സുമായ കണ്വന് ഒരു പുത്രിയുണ്ടായതെങ്ങനെ എന്നും കണ്വമഹർഷിയുടെ പുത്രിയായി താൻ മാറിയതെങ്ങനെയെന്നും ശകുന്തള ദുഷ്യന്തനോട് പറയുന്നു .വിജനമായ കാട്ടിൽ ശകുന്തപക്ഷികളുടെ വലയത്തിൽ കഴിഞ്ഞിരുന്ന പെൺകുഞ്ഞിനെ ശകുന്തളയെന്ന് പേരിട്ടു വിളിച്ച് സംരക്ഷിച്ചത് കണ്വമുനിയാണ്. തന്നെ ഇത്രയും കാലം സംരക്ഷിച്ച് വളർത്തി

യ പിതാവിനോട് വിവാഹാനുമതി നേടിയെടുക്കേണ്ടതുണ്ട്. എങ്കിലും ദുഷ്യന്തൻ വിവാഹ വിഭാഗത്തിൽ ഗാന്ധർവ്വത്തിനുള്ള പ്രാധ്യാനം ചൂണ്ടിക്കാട്ടിയപ്പോൾ അവൾ സ്വീകരിക്കാൻ തയ്യാറാകുകയായിരുന്നു. അതേസമയം ഭാവിയെക്കരുതി പുത്രന് രാജ്യവകാശം വേണമെന്ന നിബന്ധന ശകുന്തള ദുഷ്യന്തനെ അറിയിക്കുന്നു. വിവാഹകാര്യത്തിൽ സ്ത്രീ; രക്ഷിതാക്കളുടെ ധർമ്മമാണ് സ്വയം നിർവഹിച്ചത്. പിന്നീട് വാഗ്ദാനം ലംഘിച്ച പുരുഷനോട് മുഖാമുഖം ചോദ്യം ചെയ്യാൻ അവൾക്ക് സാധിക്കുന്നുണ്ട്. അതുകൊണ്ടാണ് മുണ്ടശ്ശേരി, അതിശക്തയായ സ്ത്രീ കഥാപാത്രമായി വ്യാസന്റെ ശകുന്തളയെ കണക്കാക്കുന്നത്.

കാളിദാസൻ സ്ത്രീയുടെ രക്ഷിതാക്കളുടെ കർമ്മങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് വിവരിക്കുന്നത്. രക്ഷിതാക്കളെക്കുറിച്ച് ദുഷ്യന്തന്റെ ചോദ്യം തന്നെ ശകുന്തളയോടല്ല തോഴിമാരോടാണ്. അവരാണ് അവളുടെ പിതാവിനെക്കുറിച്ച് വിവരിക്കുന്നത്. കണ്വമുനിയുടെ രക്ഷാകർത്തൃത്വവും ബ്രാഹ്മണപദവിയും ശകുന്തളയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നുണ്ട്. രക്ഷിതാക്കളുടെ അനുമതിയില്ലാതെ നടന്ന വിവാഹത്തെ അധിക്ഷേപിക്കുന്നതും ശകുന്തളയെ കുലട എന്ന് വിളിക്കുന്നതും കണ്വശിഷ്യന്മാരാണ്. ഭർത്താവിന് വേണ്ടെങ്കിൽ കുലം നശിപ്പിച്ച അവളെ താതനും വേണ്ടെന്നും സ്വന്തം വിശുദ്ധനിഷ്ഠയിൽ ഉറപ്പുണ്ടെങ്കിൽ ഭർത്തൃഗൃഹത്തിലെ അടിമവേലയും അവൾക്ക് ഉചിതമാണെന്ന് അവർ ഉറപ്പിച്ചു പറയുന്നു. *"പുരോഭാഗേ കിം സ്വാതന്ത്ര്യമവലംബ്യതേ"* 1 എന്നിങ്ങനെയാണ് ശാർങ്ഗരവൻ കോപത്തോടെ ചോദിക്കുന്നത്. പുരോഭാഗേ എന്ന പദത്തിന് മലയാളതർജ്ജമകളിൽ മാരാർ *ചേട്ട* എന്നും, കേരളവർമ്മ *ദോഷൈകദർശിനീ* എന്നും, എ ആർ *ദോഷം മാത്രം കാണുന്നവളെ* എന്നും, ആറ്റൂർ *വിവേകം കെട്ടവളേ* എന്നും കുറ്റിപ്പുറത്ത് കേശവൻ നായർ *സ്വയംകൃതമായ ചാപല്യം* എന്നിങ്ങനെയുമാണ് തർജ്ജമ നൽകിയത്.2 ഇത്തരം പദങ്ങളെല്ലാം ശകുന്തള രക്ഷിതാവിനോട് ചോദിക്കാതെ എടുത്ത

ഗാന്ധർവ്വതീരുമാനത്തെ വിമർശിക്കുന്നവയാണ്. സ്വയം തീരുമാനമെടുത്ത സ്ത്രീയെ വ്യാസൻ അപഹസിക്കുന്നില്ലെങ്കിലും കാളിദാസൻ വിമർശിക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്ന് കാണാം.

### 4.1 എഴുത്തച്ഛനും രക്ഷാകർത്തൃചിന്തകളും

ശകുന്തള ആരുടെ പുത്രിയാണെന്ന ചോദ്യം എഴുത്തച്ഛന്റെ ശാകുന്തളോപാഖ്യാനത്തിലുണ്ട്. പ്രസ്തുത ഭാഗത്ത് കാളിദാസനെ അതേപടി സ്വീകരിക്കുകയാണ് അദ്ദേഹം. കന്യകയുടെ മാതാപിതാക്കൾ ആരാണെന്നറിയാനുള്ള ദുഷ്യന്തന്റെ വ്യഗ്രത, അവളിൽ തനിക്കുള്ള അനുരാഗകാരണം മനസ്സിലാക്കാനുള്ള ഉപാധിയായിരുന്നു. കണ്വമുനിയുടെ വളർത്തുപുത്രിയും, മേനകാവിശ്വാമിത്രൻമാരുടെ യഥാർത്ഥപുത്രിയുമാണ് അവളെന്നെ അറിവ് രാജാവിനെ സന്തോഷിപ്പിക്കുന്നു. വിവാഹം കഴിക്കുന്ന സ്ത്രീയുടെ രക്ഷാകർത്താക്കൾ ആരെന്നറിയുക വളരെ പ്രധാനപ്പെട്ട കാര്യമാകുന്നു. ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രീയന് ആഗ്രഹമുണ്ടാവരുതെന്ന ബ്രാഹ്മണജ്ഞാനപദ്ധതിയുടെ ആശയാവിഷ്കാരമായിരുന്നു ഇതിഹാസകാരനും കാളിദാസനും ശാകുന്തളകഥയിലൂടെ അവതരിപ്പിച്ചത്. സ്ത്രീവാദപരമായി ചിന്തിക്കുമ്പോൾ, രക്ഷിതാക്കളില്ലാത്ത സ്ത്രീ, വിവാഹത്തിന് അർഹയല്ലെന്ന സ്മൃതിയിലെ വാദവും നില നിൽക്കുന്നു. യഥാർത്ഥ ത്തിൽ; രക്ഷിതാക്കളുടെ, പ്രത്യേകിച്ചും പുരുഷന്മാരുടെ സാമൂഹികസ്ഥാനമാണ് സ്ത്രീയെ നിർണ്ണയിക്കുന്നതെന്ന് കാണാം.

വ്യാസഭാരതത്തിലെ മേനകാ-ഇന്ദ്രസംഭാഷണം ശാകുന്തളോപാഖ്യാനത്തിന്റെ ആരംഭത്തിൽ വിസ്തരിക്കാതെ ഏതാനും ഈരടികളിലാണ് എഴുത്തച്ഛൻ ചുരുക്കിയത്. ഹിമവൽപ്രസ്ഥദേശത്ത് മേനക, പുത്രിയെ ഉപേക്ഷിച്ച് പോയത്, 'താപസബീജത്തിന് നാശം വരില്ലെ' ന്ന 3 സമാധാനത്തിലാണ്. മൂല

കൃതികളില്ലാത്ത പ്രസ്തുത പരാമർശം, എഴുത്തച്ഛനിലെ ബ്രാഹ്മണ-പുരുഷ-രക്ഷാകർത്തൃസങ്കൽപ്പത്തിന് ഉത്തമ ഉദാഹരണമാണ്. 'മാതാപിതാക്കൾ ആരെന്ന' ദുഷ്യന്തന്റെ ചോദ്യവും, *കണ്വനാം താതൻ തന്നെ മാനിക്കുകിൽ സ്വാതന്ത്ര്യം തനിക്കില്ലെന്ന* ശകുന്തളയുടെ രക്ഷാകർത്താക്കൾക്ക് സ്ത്രീയിലുള്ള പ്രാധാന്യത്തെ ഉറപ്പിക്കുന്നതാണ്. വ്യാസഭാരതത്തിൽ ഇത്തരം ഭാഗങ്ങളില്ല. കാളിദാസന്റെ ചിന്തകളോടൊപ്പം തന്റേതായ കൂട്ടിച്ചേർക്കലുകളാണ് എഴുത്തച്ഛൻ പ്രസ്തുത ഭാഗത്ത് നടത്തിയത്. പതിനാറാം നൂറ്റാണ്ടിലെ സാമൂഹിക സാംസ്കാരിക സാഹചര്യത്തിൽ നിന്നാവണം ഇത്തരം പരാമർശങ്ങൾ എഴുത്തച്ഛൻ കൂട്ടിച്ചേർത്ത തെന്ന് നിരീക്ഷിക്കാം.

#### 4.1.1. കണ്വോപദേശത്തിലെ രക്ഷിതാക്കൾ

ശകുന്തളയെ ദുഷ്യന്തരാജസന്നിധിയിലേക്ക് പറഞ്ഞുവിടുമ്പോൾ എഴുത്തച്ഛന്റെ കണ്വമുനി നൽകുന്ന ഉപദേശങ്ങൾ വ്യാസഭാരതത്തിലില്ലാത്തതും കാളിദാസനാടകത്തിലുള്ളതുമാണ്. അത് സ്മൃതികാരന്റെ രക്ഷാകർത്തൃസങ്കല്പം ആവർത്തിക്കുന്നതുമാണ്.

'സ്വാതന്ത്ര്യം നാരിമാർക്കില്ലെന്നല്ലോ ചൊല്ലീടുന്നു
താതൻ താൻ രക്ഷിക്കണം കൗമാരം വയസ്സിങ്കൽ
ഭർത്താവ് രക്ഷിക്കണം യൗവ്വനം വയസ്സിങ്കൽ
പുത്രൻ താൻ രക്ഷിക്കണം വാർദ്ധക്യം വയസ്സിങ്കൽ" 4

സ്ത്രീയെ പിതാവ്, ഭർത്താവ്,പുത്രൻ എന്നിവർ യഥാക്രമം ബാല്യ-യൗവ്വന-വർദ്ധക്യകാലങ്ങളിൽ സംരക്ഷിക്കേണ്ടതാണെന്നും അതുകൊണ്ടു തന്നെ, *"സ്വാതന്ത്ര്യം നാരിമാർക്കില്ലെന്നല്ലോ ചൊല്ലീടുന്നു"* എന്നിങ്ങനെ സ്ത്രീയുടെ പുരുഷര ക്ഷിതാക്കളെ മനുവിനെ ഉദ്ധരിച്ച് കണ്വമഹർഷിയുടെ വാക്കുകളായി ചേർത്തിട്ടുണ്ട്. അത്തരത്തിലൊരു ഉപദേശം കാളിദാസന്റെ

കണ്വമുനി പറയുന്നില്ല എന്നത് പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. അതായത്, വ്യാസനോ കാളിദാസനോ പറയാത്ത കാര്യങ്ങൾ എഴുത്തച്ഛൻ സ്വന്തമായി ചേർത്തിട്ടുണ്ടെന്ന് സാരം. സ്ത്രീകൾക്ക് വിവിധ ജീവിതഘട്ടങ്ങളിൽ പുരുഷരക്ഷിതാക്കൾ അത്യന്താപേക്ഷിതമാണെന്ന് സ്മൃതിയെ മുൻ നിർത്തി എഴുത്തച്ഛനും കരുതുന്നുണ്ടെന്ന് നിരീക്ഷിക്കാം.

#### 4.1.2. വന്ധകിയായ മേനക

മാതാവ് എന്ന നിലയിൽ മേനകയെ അംഗീകരിക്കാനാവാത്ത മനസ്സ് എഴുത്തച്ഛനിലുണ്ട്. ദുഷ്യന്തവാക്കുകളാൽ മേനകയെ ശക്തിയായി അദ്ദേഹം വിമർശിക്കുന്നു. സന്തതിയെ നിർമ്മാല്യത്തെപോലേ ഉപേക്ഷിച്ച മേനക എഴുത്തച്ഛന്റെ കാഴ്ചപ്പാടിൽ വന്ധകിയാണ്. കണ്വമുനിയുടെ ആശ്രമത്തിൽ ശകുന്തള കോകിലനാരിയെപ്പോലെ പരഭൃതയായി കഴിയേണ്ടി വന്നത്, മേനക കാരണമാണ്. എന്നാൽ എഴുത്തച്ഛൻ ഇതേ കാരണത്തിന് പിതാവായ വിശ്വാമിത്രനെ വിമർശിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. ശകുന്തളോപാഖ്യാനത്തിൽ രക്ഷാകർത്തക്കളും സ്ത്രീയും തമ്മിലുള്ള ബന്ധം ശക്തമായി ഉന്നയിക്കപ്പെടുന്നു. മാതാപിതാക്കളുടെ നിരാസവും അന്യഗൃഹത്തിൽ കഴിയേണ്ടി വരുന്ന ശകുന്തളയുടെ പരഭൃതാവസ്ഥയും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. കന്യകയായിരുന്നപ്പോൾ ശകുന്തളയുടെ മാതാപിതാക്കളുടെ പദവി ദുഷ്യന്തനെ അസ്വസ്ഥനാക്കുന്നില്ല. എന്നാൽ രാജ്യാവകാശമുന്നയിച്ച് പുത്രനെയും കൂട്ടി കൊട്ടാരത്തിൽ ചെല്ലുമ്പോൾ അവളുടെ രക്ഷാകർത്താക്കളുടെ പ്രവൃത്തി ചോദ്യം ചെയ്യപ്പെടുന്നു. പ്രത്യേകിച്ചും മേനക എന്ന അമ്മയെ മുൻനിർത്തിയാണ് ശകുന്തളാവിമർശനങ്ങൾ രാജാവ് നടത്തുന്നത്. വേശ്യയ്ക്ക് തുല്യയായി ശകുന്തളയെയും അമ്മയെയും രാജാവ് അധിക്ഷേപിക്കുന്നു. മാതാപിതാക്കളുടെ സംരക്ഷണമില്ലാതെ വളർന്ന ശകുന്തള അസ്വീകാര്യയാണെന്ന

ബ്രഹ്മണാധികാരമൂല്യവ്യവസ്ഥ പിന്തുടരുന്ന കാളിദാസകൽപ്പനകളാണ് എഴുത്തച്ഛൻ പ്രസ്തുത ഭാഗത്ത് സ്വീകരിച്ചതെന്ന് നിരീക്ഷിക്കാം.

ചുരുക്കത്തിൽ ബ്രാഹ്മണാജ്ഞാനപദ്ധതികളിലെ മൂല്യസങ്കല്പത്തെ മുൻനിർത്തിയാണ് എഴുത്തച്ഛൻ ശകുന്തളയുടെ രക്ഷാകർത്താക്കളെ കുറിച്ച് പറഞ്ഞിരിക്കുന്നത്. ബ്രാഹ്മണസ്ത്രീകൾക്ക് മാത്രം ലഭിക്കേണ്ടതായി പറയുന്ന ശ്രുതിസ്മൃതികളിലെ പുരുഷാധിഷ്ഠിത രക്ഷാകർത്തൃത്വം ശൂദ്രാദി വിഭാഗങ്ങളിൽപെട്ട സ്ത്രീകൾക്ക് കൂടെ ലഭിക്കേണ്ടതാണെന്ന് അദ്ദേഹം കരുതുന്നു. ശകുന്തളയുടെ മാതാപിതാക്കളുടെ പുത്രീനിരാസം മുമ്പെങ്ങുമില്ലാത്തവിധത്തിൽ എഴുത്തച്ഛൻ ചോദ്യം ചെയ്യുന്നുണ്ട്. കോകിലനാരി,പരഭൃത തുടങ്ങിയ പദങ്ങളിലൂടെ അന്യഗൃഹത്തിൽ കഴിയേണ്ടിവന്ന അവളുടെ അനാഥാവസ്ഥയും സൂചിപ്പിക്കുന്നുണ്ട്. ദുഷ്യന്തനിരാസഘട്ട ത്തിലാണിങ്ങനെ ശകുന്തളയുടെ മാതാപിതാക്കളുടെ അനാസ്ഥ എഴുത്തച്ഛൻ ചോദ്യം ചെയ്യുന്നത്. അതാകട്ടെ, രൂക്ഷവിമർശനമായി മാറുന്നു.

## 4.2 ഭാരതംഗാഥ-പുരുഷന്റെ ചൊല്ലിലടങ്ങേണ്ട സ്ത്രീ.

### 4.2.1 ആരാണനാരിയാണോ ?

കാളിദാസകാവ്യത്തെ ഉപജീവിച്ച കാവ്യമായതുകൊണ്ടു തന്നെ രക്ഷിതാക്കളെക്കുറിച്ചുള്ള ചോദ്യം ഭാരതംഗാഥകാരനും ഒഴിവാക്കുന്നില്ല. ശകുന്തളയുടെ ബന്ധുക്കൾ ആരെന്നറിയാനുള്ള ദുഷ്യന്തന്റെ ചോദ്യം ഇപ്രകാരമാണ് കവി ചേർത്തിട്ടുള്ളത്:

"പറ്റാതെ കാന്തികലർന്നൊരു നിന്നെയി-

നുറ്റവരാകുന്നതാരെടോ ചൊൽ" 5

കണ്വാശ്രമത്തിൽ കണ്ട കന്യക 'ആരണനാരി' യാണോ അല്ലയോ എന്നറിയുകയാണ് രാജാവിന്റെ ഉദ്ദേശം. അതുകൊണ്ടു തന്നെയാണ് അതി സുന്ദരിയാണെങ്കിലും, ഉറ്റവരെക്കുറിച്ചുള്ള ചോദ്യം ഭാരതകാരനും ചേർത്തിട്ടുള്ളത്. ആരണനാരിയാണെങ്കിൽ ക്ഷത്രീയന് അവൾ സ്വീകാര്യയല്ല. അതുകൊണ്ടാണ്:-

"ധർമ്മത്തെപ്പാലിച്ചു മേവിനിന്നീടുന്നോ-
രെന്മനമിന്നിപ്പോളെന്തു മൂലം
ചാരത്തു മേവുന്നോരാരണനാരിയിൽ
ചാടിനിന്നീടുന്നു പാരം പാരം" **6**

'ബ്രാഹ്മണാധിഷ്ഠിത' മായ ധർമ്മം പാലിച്ചു പോരുന്ന ക്ഷത്രീയനായിട്ടും ബ്രാഹ്മണനായ കണ്വമുനിയുടെ പുത്രിയിൽ തനിക്കെന്തുകൊണ്ടാവും ഇഷ്ടം തോന്നുന്നതെന്ന് ദുഷ്യന്തൻ ആശങ്കപ്പെടുന്നു. തുടർന്ന് ശകുന്തളാജനനകഥയറിയുകയും വിവാഹാഭ്യർത്ഥന നടത്തുകയും ചെയ്യുന്നു. 'ധന്യയായുള്ള ശകുന്തള' , 'ചാരുവായുള്ളൊരു കന്യക' എന്നിങ്ങനെയുള്ള സംബോധനകൾ കണ്വമുനിയെ മുൻനിർത്തിയുള്ള ശകുന്തളയുടെ പദവിയുടെ മൂല്യം വെളിവാക്കുന്നതാണ്. എന്നാൽ ദുഷ്യന്തൻ അവളെ തള്ളിപ്പറയുമ്പോൾ ഭ്രാന്തരെപ്പോലെ സംസാരിക്കുന്നതെന്താണെന്ന് ചോദിക്കുന്നു. ഗാന്ധർവ്വത്തെക്കുറിച്ച് രാജാവിനെ ഓർമ്മിപ്പിക്കുമ്പോൾ അവളെ ഭ്രാന്തിയായി അഥവാ ബുദ്ധിയില്ലാത്തവളായി കണക്കാക്കുന്നു. കന്യകാവസ്ഥയിൽ അവൾക്കുള്ള മൂല്യം ഗാന്ധർവ്വവിവാഹാനന്തരം ലഭിക്കുന്നില്ല.

### 4.2.2 ആണധികാരത്തെ അനുസരിക്കുക

ഭാരതംഗാഥയിൽ രാജാവിന്റെ വിവാഹാഭ്യർത്ഥനയ്ക്കുള്ള ശകുന്തളയുടെ മറുപടിയിലുള്ളത്, സ്ത്രീയുടെ രക്ഷിതാക്കളെക്കുറിച്ചുള്ള ശ്രുതി

സ്മൃതിസങ്കല്പമാണ്. തന്റെ പിതാവായിരിക്കുന്ന മഹാമുനിയുടെ ആഗ്രഹ മനുസരിച്ചേ തനിക്ക് പ്രവർത്തിക്കാനാവൂ. വിവാഹത്തിൽ മാത്രമല്ല, എല്ലാ ജീവിതാവസ്ഥകളിലും സ്ത്രീ, പുരുഷന്റെ ചൊല്ലിൽ അടങ്ങി ജീവിക്കേണ്ട താണ്. അല്ലാതെ സ്വാതന്ത്ര്യമായിട്ടു പെരുമാറുവാൻ സ്ത്രീകൾക്ക് അധികാര മില്ലെന്നാണ് ഓരോ ഗാഥകളിൽ പറഞ്ഞു കേൾക്കുന്നത്.

"അച്ഛനായ് മേവുമിമാമുനി തന്നുടെ
ഇച്ഛയറിഞ്ഞു നിരന്നുവേണം
ബാല്യത്തിൽ താതൻ താൻ ചൊല്ലിങ്കൽ നിൽക്കേണം
ബാലികമാർ പിന്നെ യൗവ്വനത്തിൽ
ഭർത്താവിൻ ചൊല്ലിലടങ്ങി നിന്നീടേണം
വൃദ്ധതയിങ്കൽ തൻ പുത്രൻ ചൊല്ലിൽ.
സ്വാതന്ത്ര്യമായിട്ടു കാട്ടരുതെന്നത്രേ
ഗാഥകളോരോന്നിൽ ചൊല്ലിക്കേൾപ്പു" .7

ഉത്തമയായ ശകുന്തളയാണ് തത്ത്വമറിഞ്ഞു സംസാരിക്കുന്നത്. കാളിദാസനും, എഴുത്തച്ഛനും യഥാക്രമം അഭിജ്ഞാനശാകുന്തളത്തിലും ഭാര തംകിളിപ്പാട്ടിലും കണ്വമുനിയെക്കൊണ്ട് പറയിച്ച അതേഭാഗം; തത്ത്വങ്ങളറി യുന്ന ശകുന്തളാവാക്കുകളിലാണ് ഭാരതംഗാഥാകാരൻ ചേർത്തത്. സ്ത്രീയ്ക്ക് രക്ഷയാകേണ്ട ബന്ധങ്ങളെല്ലാം സ്മൃതി സങ്കല്പത്തിൽ പറഞ്ഞ മാതൃകയി ലാണ് ഉള്ളത്. സ്വാതന്ത്ര്യമായി ഓരോന്ന് കാട്ടരുതെന്ന് സ്ത്രീയെ കൊണ്ട്, അഥവാ ശകുന്തളയെ കൊണ്ടു തന്നെ പറയിച്ചപ്പോൾ അർത്ഥം തന്നെ വ്യത്യ സ്തമായി മാറി. പിതാവ്, ഭർത്താവ്,പുത്രൻ എന്നിവർ സംരക്ഷിക്കണം എന്ന തിൽ നിന്ന് മാറി സ്ത്രീ, മേല്പറഞ്ഞവരുടെ അധികാരത്തിൻ കീഴിൽ നിൽക്കേ ണ്ടതാണ് എന്നാണ് ഭാരതഗാഥാകാരൻ പറയുന്നതെന്ന് കാണാം. രക്ഷ എന്നത് പുരുഷധർമ്മമായി മാറുകയും, സ്ത്രീ അവരെ അനുസരിക്കുക എന്ന നിലയി ലേയ്ക്ക് ബന്ധങ്ങളിലെ അധികാരക്രമീകരണം ഗാഥാകാരൻ നടത്തിയിരി

ക്കുന്നു. അതാകട്ടെ, സ്ത്രീകൊണ്ട് പറയിക്കുമ്പോൾ കൂടുതൽ സ്വീകാര്യത വരുന്നു.

ഗാന്ധർവ്വത്തിന് ശേഷം നാലഞ്ചു ദിവസം കഴിയുമ്പോൾ രാജാവ് ശകുന്തളയോട് പറയുന്നത് ഇപ്രകാരമാണ്:-

"മാമുനിയോടു വഴങ്ങിച്ചു വേണം നീ
ധാമത്തിൽ പോരുവാനെന്നാലിപ്പോൾ
ഇന്നിലം തന്നിലിരുന്നു കൊണ്ടീടുക
വന്നു വന്നീടുവൻ വൈകാതെ ഞാൻ." 8

കണ്വമുനി എന്ന രക്ഷിതാവിന്റെ അനുമതിയില്ലാതെ രാജാവ് അവളെ കൊണ്ടുപോകുവാൻ തയ്യാറാകുന്നില്ല. അതുകൊണ്ടാണ് അവളോട് അവിടെ തന്നെ കഴിഞ്ഞുകൊള്ളുവാൻ ആവശ്യപ്പെടുന്നത്. എന്നാൽ ഗാന്ധർവ്വ സമയത്ത് വളരെ നിസ്സാരമായ ന്യായങ്ങൾ മാത്രമാണ് കണ്വമുനിയുടെ അനുമതി ആവശ്യപ്പെടുന്ന ശകുന്തളയോട് ഗാഥാകാരന്റെ ദുഷ്യന്തൻ ഉന്നയിക്കുന്നത്. *ശാന്തന്മാരായുള്ള രാജാക്കന്മാർക്കെല്ലാം ഗാന്ധർവ്വമെന്ന വേളിയാണ് ശ്രേഷ്ഠമായത്*-എന്ന് മാത്രമാണ് ദുഷ്യന്തൻ പറയുന്നത്. സ്ത്രീയും രക്ഷാകർത്താക്കളും തമ്മിലുള്ള ബന്ധം സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ആണധികാര വ്യവസ്ഥയ്ക്കനുകൂലമായ സ്ത്രീനിർമ്മിതിയാണ് കവി നടത്തിയതെന്ന് നിരീക്ഷിക്കാം.

## 4.3 സ്ത്രീയുടെ രക്ഷകൻ തപോവനത്തിന്റെയും രക്ഷകനാണ് ശാകുന്തളം ആട്ടക്കഥ

### 4.3.1 രക്ഷകന്റെ പദവി തന്നെ സ്ത്രീപദവി.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെ അടിസ്ഥാനമാക്കി രചിച്ച ശാകുന്തളം ആട്ടക്കഥയിലും സ്മൃതിരീതിയിലുള്ള രക്ഷാകർത്തൃസങ്കല്പം ആവർത്തിക്കുന്നു. സ്ത്രീയെ സംരക്ഷിക്കുന്ന പുരുഷൻ,വിവാഹത്തിന് മുമ്പ് പിതാവും,പിന്നീട് ഭർത്താവും ആണ്. കണ്വമുനി ശകുന്തളയുടെ മാത്രമല്ല; തപോവനത്തിന്റെയും രക്ഷകനാണ്. അദ്ദേഹത്തിന്റെ അഭാവത്തിൽ തപോവനത്തിനും ശകുന്തളയ്ക്കും ഒരുപോലെ രക്ഷകനാകുന്നത് ദുഷ്യന്തനാണെന്നാണ് ആട്ടക്കഥ സൂചിപ്പിക്കുന്നത്. തപോവനസംരക്ഷകൻ എന്ന നിലയിലുള്ള ദുഷ്യന്തന്റെ വീര്യത്വം ആട്ടക്കഥയിലുടനീളം ആഘോഷിക്കുന്നുണ്ട്. ശകുന്തളയെ ആദ്യം കാണുമ്പോൾ ആക്രമിക്കുന്ന വണ്ട് (മധുകരൻ എന്ന പേരുള്ള രാക്ഷസൻ ) മുതലുള്ള എല്ലാ ദുഷ്ടശക്തികളെയും രാക്ഷസന്മാരായി കാണുന്നു. കണ്വമുനിയുടെ അഭാവത്തിൽ തപോവനത്തിന് ദുഷ്യന്തൻ നൽകുന്ന സംരക്ഷണത്വം കവി ഇങ്ങനെയാണ് വിവരിക്കുന്നത്:-

- കാനനം തന്നിലുള്ള ദുഷ്ടവർഗ്ഗത്തെയെല്ലാം ഞാൻ സംഹരിച്ച് പലായനം ചെയ്കതിനാൽ മനസ്സിൽ ഭയം ഉണ്ടാവേണ്ടതില്ല.സന്തോഷമായി തപം ചെയ്തു കൊള്ളുക.9
- ധർമ്മപരന്മാരായ താപസന്മാരുടെ കർമ്മത്തിന് വിഘാതം ചെയുന്ന ദുർമ്മതി വൃന്ദത്തെ നിർമ്മൂലനം ചെയ്യാനാണ് ഞാൻ വന്നിരിക്കുന്നത്. 10
- രാക്ഷസരെയൊക്കവേ രണശിരസ്സി കൊന്നു ഞാൻ
- കാൽക്ഷണം വൈകാതെ കാത്തുകൊള്ളുന്നേൻ 11
- യാമിനീചരരെക്കൊന്നു യാഗം കാത്തു, തത്ര
- മാമുനിമാരുടെ താപമെല്ലാം തീർത്തു,

- തമ്പംഗിക്കു തന്നിലുള്ള ഭാവം കണ്ടു ഗൂഢം
- മന്നവേന്ദ്രൻ മനതാരിൽ നന്ദിപൂണ്ടു 12

തപോവനസംരക്ഷണവും ആർത്തജനരക്ഷയും രാജാവിന്റെ കടമയാണ്. വ്യാസൻ മുതൽ എല്ലാവരും അത് ആവർത്തിക്കുന്നുണ്ട്. കാളിദാസനാടകത്തിൽ ശകുന്തളയെ വണ്ട് ആക്രമിക്കുമ്പോഴാണ് ദുഷ്യന്തന്റെ രംഗപ്രവേശം നടക്കുന്നത്. ആ അക്രമത്തിൽ നിന്നും അവളെ രക്ഷിക്കേണ്ടത് രാജാവായ ദുഷ്യന്തനാണെന്നും അതുകൊണ്ട് അദ്ദേഹത്തെ വിളിച്ചപേക്ഷിക്കുക എന്നും തോഴിമാർ ഹാസ്യരൂപേണ പറയുന്നുണ്ട്. അതേ വണ്ട്, ആട്ടക്കഥയിൽ മധുകരൻ എന്ന പേരുള്ള രാക്ഷസനാണ്. അപ്രകാരം ശകുന്തളാരക്ഷയും, തപോവനരക്ഷയും കണ്വമഹർഷിയുടെ അസാന്നിധ്യത്തിൽ നിർവ്വഹിക്കുന്ന വീര്യവാനായ രക്ഷാകർത്താവാണ് ആട്ടക്കഥയിലെ ദുഷ്യന്തൻ.

*"മാമുനീന്ദ്രപുത്രിയിവളന്യജാതയോവാൻ"* എന്ന് ദുഷ്യന്തൻ ചിന്തിക്കുമ്പോഴും *"ബ്രഹ്മപരായണനല്ലോ മഹാമുനി തൻമകളാമോ ഇവൾ പറഞ്ഞാലും"* എന്ന് അദ്ദേഹം തന്നെ സന്ദേഹപ്പെടുമ്പോഴും ശകുന്തളയുടെ രക്ഷാകർത്താവിലുള്ള സംശയമാണ് വെളിപ്പെടുന്നത്. അതാകട്ടെ, ജാതി ശ്രേണിയെ മുൻനിർത്തിയുള്ള ആശങ്കയാണ്. 'കാരുണ്യ മാംബുധി' യായ കണ്വമുനി കൗതുകാൽ പാലിച്ചതു കൊണ്ടു മാത്രമാണ് ശകുന്തളയിൽ ഉത്കൃഷ്ടത്വമുണ്ടാവുന്നതെന്നും ആട്ടക്കഥയിലെ വിദൂഷകന്റെ വാക്കുകളിൽ ഉണ്ട്. കണ്വമുനി എന്ന വിശുദ്ധ ബ്രാഹ്മണന്റെ പിതൃപദവിയാണ് ശകുന്തളയുടെ പദവി ഉയർത്തുന്നത്. കന്യകയായ സ്ത്രീകൾ 'താതാദേശം' അനുസരിക്കേണ്ടവരാണെന്ന് ധൂമ്രകേശിയോടു പറയുന്ന ദുഷ്യന്തരാജാവ് തന്നെയാണ് പിന്നീട്; യഥാർത്ഥ ശകുന്തളയോട് ഗാന്ധർവ്വവിവാഹത്തെക്കുറിച്ച് സംസാരിക്കുന്നത്. ജനകനറിയാതെ താൻ വിവാഹത്തിന് മുതിരുമ്പോഴുണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ശകുന്തള രാജാവിനോട് പറയുന്നുണ്ടെങ്കിലും:-

'താതനിതറിയുമ്പോൾ പ്രീതി കലരും നൂനം" 13

എന്നാണ് രാജാവിന്റെ മറുപടി. വിവാഹശേഷം ദുഷ്യന്തനാണ് ശകുന്തളയുടെ രക്ഷാകർത്തൃസ്ഥാനമുള്ളത്. ദുഷ്യന്തൻ തപോവനങ്ങളുടെ രക്ഷകൻ കൂടിയാണ്. ദുഷ്യന്തനിലെ രക്ഷകന് പ്രാധാന്യം ലഭിക്കുന്ന കൃതിയാണിത്. സ്ത്രീക്ക് മാത്രമല്ല, സംരക്ഷണം ആവശ്യപ്പെടുന്ന എല്ലാത്തിന്റെയും രക്ഷകനായി ദുഷ്യന്തരാജാവിനെ അവതരിപ്പിച്ചിരിക്കുന്നു. പരമാധികാരിയായ രാജാവുമായി അത്തരത്തിലുള്ള ഒരു ബന്ധമാണ് സ്ത്രീയായ ശകുന്തളയ്ക്കും രാജാവിനും തമ്മിലുള്ളതെന്നു നിരീക്ഷിക്കാം.

**4.3.2 മേനകാതനയ**

ശകുന്തള, ആരുടെ പുത്രിയാണെന്ന ദുഷ്യന്തചോദ്യത്തിന് ആട്ടക്കഥയിൽ മറുപടി പറയുന്നത് തോഴിമാരാണ് :-

"മാനനീയൻ വിശ്വാമിത്രൻ മേനകയോടൊത്തു മുന്നം
ഹീനധൈര്യം ബഹുകാലം കാനനാന്തേ രമിച്ചുപോൽ.
അവരുടെ തനൂജ ഇവൾ അദയമവരുപേക്ഷിച്ചു
അവനം ചെയ്തു മാമുനീന്ദ്രൻ അതുകൊണ്ടല്ലോ താതനായി".14

വിശ്വാമിത്രമേനകമാർ 'അദയ' മുപേക്ഷിച്ചതുകൊണ്ടാണ് കണ്വമാമുനി ശകുന്തളയുടെ പിതാവായി മാറിയത്. അദയം എന്ന പ്രയോഗത്തിൽ ശകുന്തളയുടെ യാഥാർത്ഥരക്ഷിതാക്കളുടെ അലംഭാവത്തെ ആട്ടക്കഥാകാരനും നിശിതമായി വിമർശിക്കുന്നു. അതേസമയം;ശകുന്തള മേനകയുടെ പുത്രിയാണെന്ന അറിവ് രാജാവിൽ അദ്ഭുതാദികൾ ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ടാണ് അമാനുഷികമായ സൗന്ദര്യം അവൾക്കുണ്ടെന്ന് രാജാവ് പറയു

ന്നത്. മനുഷ്യസ്ത്രീകളിൽ ജനിച്ചിരുന്നെങ്കിൽ ഇത്രയും ഭംഗി അവൾക്കുണ്ടാകുമായിരുന്നില്ല. വിവാഹത്തിന് മുമ്പ് *കണ്വമുനിയുടെ വളർത്തുപുത്രി*യെന്ന നിലയും *മേനകയുടെ പുത്രി* എന്ന വാസ്തവവും അവളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നുണ്ട്. മൂന്നാം ഭാഗത്ത് ശകുന്തളയെക്കുറിച്ച് ദുഷ്യന്തൻ മാഢവ്യനോട് പറയുമ്പോഴും മേനകയുടെ മാതൃത്വം ശ്രേഷ്ഠമായി പരാമർശിക്കുന്നുണ്ട്:-

സാരസാക്ഷിയാമവൾ മേനകാസുതയല്ലോ
കാരുണ്യാംബുധി കണ്വൻ കൗതുകാൽ പാലിച്ചു **15**

-എന്നിങ്ങനെ മേനകപുത്രി എന്ന അലൗകിക അവസ്ഥയും കണ്വമുനിയുടെ പരിപാലനവും കന്യകയായ ശകുന്തളയുടെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നുണ്ട്.

## 4.4 ഇളയതിന്റെ കൈകൊട്ടിക്കളിപ്പാട്ട്

### 4.4.1 താപസതരുണിയെ ഭൂപനു കൈക്കൊള്ളമോ?

ബ്രാഹ്മണസ്ത്രീയെ ക്ഷത്രീയനു സ്വീകരിക്കാനാവുമോ എന്ന് മച്ചാട്ട് ഇളയതിന്റെ ശകുന്തളയാണ് ചോദിക്കുന്നത്. വ്യാസഭാരതത്തിലെ മൂലകഥ മുതൽ ശ്രേണീകരിച്ച ജാതിയിലധിഷ്ഠിതമായ ഈയൊരു പ്രശ്നം ശാകുന്തളോപാഖ്യാനങ്ങളിൽ ആവർത്തിച്ചു വരുന്നുണ്ട്. ദുഷ്യന്തനെന്ന രാജാവിന് തന്റെ പ്രണയചിന്തയിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ്:-

"ചെല്ലരുതാത്ത ചേലക്കണ്ണിമാർകളിൽ
ചെല്ലുമാറില്ലെന്റെ ചിത്തം" **16**

എന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്നത്. ശകുന്തളയുടെ രക്ഷിതാവ് കണ്വമുനി യാണെന്ന് അറിയുന്ന ഇളയതിന്റെ ദുഷ്യന്തനും സന്തോഷിക്കുന്നു. ശകുന്തങ്ങ ളെടുത്ത തന്നെ;

"വളർപ്പാനായ് ക്കൊടുക്കയാൽ
ശകുന്തളയെന്ന് മുനി പേരുമിട്ട്
പരിചോടെ വളർത്തിതു, പരമാർത്ഥമിതെന്നവൾ
പറഞ്ഞതപ്പോൾ തെളിഞ്ഞു ഭൂപതിയും".17

രണ്ടു കാരണങ്ങളാലാണ് ഭൂപതിയുടെ മനസ്സ് തെളിഞ്ഞത്. ഒന്നാമതായി, ബ്രാഹ്മണന്റെ പുത്രിയല്ലാത്തതിനാൽ തനിക്ക് അവളെ വിവാഹം ചെയ്യാം. രണ്ടാമതായി ബ്രാഹ്മണൻ "പരിചോടെ വളർത്തിയ" തിനാൽ അവൾ നല്ല സ്ത്രീ ആവാനാണ് സാധ്യത. ഈ രണ്ടു സാധ്യതകളും ശകുന്തളയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതായി നിരീ ക്ഷിക്കാം.

### 4.4.2 വാത്സല്യാർദ്രനായ കണ്വമുനി

ഗാന്ധർവവിവാഹം നടന്നശേഷം കണ്വമുനിയെ വിവരമറി യിക്കാഞ്ഞതിൽ ശകുന്തള ഭയപെടുന്നതായി മച്ചാട്ട് ഇളയത് സൂചിപ്പിക്കു ന്നുണ്ട്. എന്നാൽ മഹർഷിയാകട്ടെ;

"ശാന്തനാം ദുഷ്യന്തൻ നിന്റെ കാന്തനെന്നു മുന്നം
ചിന്തിച്ചിരുന്നതും ദൈവം സാധിപ്പിച്ചു" 18

എന്നിങ്ങനെ പറഞ്ഞ് അവളെ സമാധാനിപ്പിക്കുകയാണ് ഉണ്ടായത്. തുടർന്ന് കാളിദാസകഥ ചേർക്കുന്ന കവി, ജനകന്റെ വാക്കുകൾ കേട്ട് വിനയത്തോടെ ഭർത്തൃ ഗൃഹത്തിലേക്ക് പോകാനാഗ്രഹിക്കുണ്ടെങ്കിലും

ശകുന്തളയ്ക്ക് രക്ഷിതാവിനെയും തോഴിമാരെയും പിരിയുന്നതിൽ ദുഖമുള്ളതായി പറയുന്നു.

"കനിവേറും നിജ താതനെയും മുനി-
കന്യകളാം സഖികളെയുമശേഷം
വിരവൊടു വേർപിരിയുന്നതു ചിത്തേ
കരുതുകയാലതിഖിന്നതയോടും
പോവതിനായവൾ മാമുനിതന്നുടെ
ഭാവമറിഞ്ഞു വണങ്ങിയനേരം
കണ്ണീരവിരതമൊഴുകിയവൾക്കും
കണ്വനുമധികം കരുണ കലർന്നു
മധുമൊഴിയാളേയുമുണ്ണിയേയും നിജ-
മടിയിലിരുത്തിയനുഗ്രഹമേകി,
അനുനയവാക്കുകൾ ചൊല്ലി മുനീന്ദ്രൻ
അനുസരണംചെയ്തൻപൊടയച്ചു **19**

വളരെ സ്നേഹവാനായ രക്ഷിതാവാണ് ആട്ടക്കഥയിലെ കണ്വമുനി. വിശദമായി ചേർത്തില്ലെങ്കിലും കാളിദാസൻ നൽകിയ വ്യക്തിത്വമാർന്ന രക്ഷിതാവ് തന്നെയാണ് കൈക്കൊട്ടിക്കളിയിലെയും കണ്വമഹർഷിയെന്നു നിരീക്ഷിക്കാം.

തുടർന്നുവരുന്ന ഭാഗത്ത് തന്നെ ഭർത്താവ് തിരിച്ചറിയാത്ത നിമിഷത്തിൽ;

"വല്ലതും പറഞ്ഞിട്ടെന്നെ വല്ലഭ/വെടിയൊലാ/
ചൊല്ലേറും താതൻ തന്നെ നല്ലവണ്ണം ചിന്തിയ്ക്കേണം" / **20**

എന്നിങ്ങനെ ശകുന്തള പറയുന്നുണ്ട്. തന്റെ *ചൊല്ലേറും താതനായ* കണ്വമഹർഷിയെ ദുഷ്യന്തൻ ഓർക്കേണ്ടതുണ്ട്. അത് മുൻനിർത്തിവേണം തന്റെ വാക്കുകൾ വിലയിരുത്തേണ്ടത്. ഇവിടെ 'രക്ഷിതാവ്' എന്ന നിലയിലും 'ബ്രാഹ്മണൻ' എന്ന നിലയിലും കണ്വമുനിയുടെ സ്ഥാനം ശകുന്തള എന്ന താപസസ്ത്രീയ്ക്ക് മാന്യപദവി നൽകുന്നതായി കാണാം.

## 4.5 രക്ഷാകർത്താക്കളുടെ അലംഭാവം-വള്ളത്തോളിന്റെ വിമർശനം

### 4.5.1 സന്താനവാത്സല്യത്താൽ ഒരു പിതാവ്

ശ്രുതിസ്മൃതിനിർദ്ദേശങ്ങൾക്കനുസൃതമായി സ്ത്രീയെ സംരക്ഷിക്കേണ്ട ചുമതല പുരുഷൻമാർക്ക് നൽകിയെങ്കിലും രക്ഷിതാക്കളുടെയോ ഭർത്താവിന്റെയോ അലംഭാവമാണ് ശകുന്തളയുടെ ദുരവസ്ഥയ്ക്ക് കാരണമെന്ന് നിരീക്ഷിക്കാവുന്നതാണ്. സ്ത്രീയുടെ ഇതരബന്ധങ്ങൾ അവളെ സംരക്ഷിക്കുന്നതിലേക്കോ, സമത്വത്തിലേക്കോ, സ്വാതന്ത്ര്യത്തിലേയ്ക്കോ നയിക്കുന്നില്ല വള്ളത്തോളിന്റെ അച്ഛനും മകളും എന്ന കാവ്യം വിശ്വാമിത്രൻ എന്ന ശകുന്തളാരക്ഷിതാവിന്റെ സ്നേഹവാത്സല്യങ്ങൾ പ്രതിപാദിക്കുന്നു. *അച്ഛനും മകളും* എന്ന് കാവ്യത്തിന് പേര് നൽകുമ്പോൾ തന്നെ, സ്ത്രീയുടെ ബന്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പിതൃസ്ഥാനത്തെ മുൻനിർത്തിയാണ് വള്ളത്തോളിന്റെ കാവ്യരചനയെന്ന് കാണാം. പത്തൊൻപതാംനൂറ്റാണ്ടിലെ ബന്ധങ്ങളുടെ നിർമ്മിതി തന്നെയാണ് ഇത്തരം കാഴ്ച്ചപ്പാടിലൂടെ ശകുന്തള കഥയെ പുനർനിർമ്മിക്കാൻ വള്ളത്തോളിനെ പ്രേരിപ്പിച്ചത്.

സ്മൃതിസങ്കല്പത്തെ മുൻനിർത്തി, ശകുന്തളാ രക്ഷിതാക്കളെ ചോദ്യം ചെയ്യുന്ന രീതിയിലാണ് വള്ളത്തോൾ കാവ്യരചന നടത്തിയത്. ശകു

ന്തള തന്റെ പുത്രിയാണെന്നറിഞ്ഞതോടെ 'തീർണ്ണ ക്ലേശ' നായിട്ടും വിശ്വാമിത്രന് കണ്ണീരുറന്നു പോയതായി കവി പറയുന്നുണ്ട്. തന്റെ കാൽക്കൽ വന്ദിച്ച ശകുന്തളയെ പിടിച്ചെഴുന്നേല്പിച്ച് നെറുകയിൽ പത്തിരുന്നൂറു ഗാഢം മുകർന്നു. മകളുടെ കണ്ണീർ തുടച്ച് മറ്റേ കയ്യാൽ പുറത്ത് മന്ദം തടകികൊണ്ടിരുന്നു. കവിയുടെ നിരീക്ഷണത്തിൽ സ്വധർമ്മനിർവ്വഹണത്തിൽ നിന്നും വ്യതിചലിച്ച പിതാവിന്റെ പശ്ചാത്താപവിവശമായ സ്നേഹ പ്രകടനമാണത്. തുടർന്ന് കവി പറയുന്നത് ഇങ്ങനെയാണ്:

"അപത്യവാത്സല്യമേ,വശിയും വശഗൻ തേ" *21*

സന്താനവാത്സല്യത്തിനു മുമ്പിൽ ഇന്ദ്രിയ വശകനാണ്. അതുകൊണ്ടുതന്നെയാവണം തന്റെ ഓമൽക്കുമാരിയെ ദുഷ്യന്തൻ, 'സ്വച്ഛന്ദമുപേക്ഷിച്ച വാർത്ത വിശ്വാമിത്രനെ കോപാകുലനാക്കുന്നത്:-

"പകർന്നൂഭാവം പെട്ടന്നാകാല രുദ്രാകാര-
ന്നുതിർന്നൂ മിഴിയിൽ നിന്നെരിതീപ്പൊരിമേന്മേൽ." 22

വിശ്വാമിത്രന്റെ കോപത്തെപ്പറ്റി തായാട്ട് ശങ്കരൻ ഇപ്രകാരമാണ് അഭിപ്രായപ്പെടുന്നത്:

'ക്രുദ്ധനായ വിശ്വാമിത്രൻ പ്രപഞ്ചശക്തികൾക്കു കൂടി അധ്യഷ്യനാണ്. തപശ്ശക്തികൊണ്ട് ബ്രഹ്മാവിനെ പോലും വിളിച്ച് വരുത്തിയ കൗശികന്റെ വിശ്വരൂപമാണത്.അദ്ദേഹം ദുഷ്യന്തനെ ശപിച്ചാൽ ശപിച്ചതു തന്നെ. ഈ ക്ഷോഭത്തെ തണുപ്പിക്കാൻ ശകുന്തളയ്ക്കേ കഴിയൂ' 23

### 4.5.2 പിതാവ് ചോദ്യം ചെയ്യപ്പെടുന്നു

എന്നെയോർത്തടങ്ങേണം എന്നാണ് വള്ളത്തോളിന്റെ ശകുന്തള വിശ്വാമിത്രനോട് അപേക്ഷിക്കുന്നത്. ഉഗ്രവൈധവ്യത്തീയാൽ കത്തിനശി

ക്കാനിടവരരുത്. ഭർത്തൃനാശിനിയായിത്തീരാൻ താങ്കളുടെ പുത്രിയെ അനുവദിക്കരുത്' - എന്നിങ്ങനെ പിതാവിനോട് അഭ്യർത്ഥിച്ച ശേഷം; തന്റെ ജീവിതത്തിൽ രക്ഷിതാക്കൾ ചെയ്യതതെന്താണെന്നും അവൾ വിശദീകരിക്കുന്നു.- *അച്ഛനമ്മമാർ മുമ്പേ ഉപേക്ഷിച്ച നിർഭാഗ്യയെ ഭർത്താവും സ്വച്ഛന്ദമുപേക്ഷിച്ചു*വെന്നു മാത്രം. തന്റെ നിർഭാഗ്യം കൊണ്ടാണെന്നു ശകുന്തള പറ യുന്നുണ്ടെങ്കിലും; ബാല്യകൗമാരയൗവ്വനങ്ങളിലെ ഇതരബന്ധങ്ങൾ സ്ത്രീയ്ക്ക് അർഹിക്കുന്ന പരിഗണന നൽകിയില്ല എന്ന കവിചിന്തകൾ പ്രസ്തുതഭാഗങ്ങളിലുണ്ടെന്ന് നിരീക്ഷിക്കാം. മാതാപിതാക്കൾക്ക് വേണ്ടാതിരുന്ന ഒരുവളെ ഭർത്താവിനും ആവശ്യമില്ലാതായതിൽ ശകുന്തളയ്ക്ക് അത്ഭുതമില്ല. തന്റെ ദോഷം കൊണ്ട് അടുത്ത തലമുറ കൂടി അനാഥത്വം ഏറ്റുവാങ്ങേണ്ടി വരരുതെന്നാണ് അവളുടെ ആഗ്രഹം. യഥാർത്ഥ പിതാവുമായി ശകുന്തളയുടെ കൂടിക്കാഴ്ച്ചയാണ് *അച്ഛനും മകളും* എന്ന കാവ്യത്തിന്റെ പ്രമേയം. അച്ഛനെക്കുറിച്ച് വലിയ ധാരണകൾ രൂപപ്പെട്ടു വരുന്ന കാലത്താണ് വള്ളത്തോൾ ഇത്തരമൊരു കാവ്യം രചിക്കുന്നത്. ധർമ്മങ്ങൾ നിറവേറ്റാത്ത ശകുന്തളാപിതാവിന് ഭർത്താവ് എന്ന രക്ഷകനെ ശാസിക്കാൻ അധികാരമില്ല എന്ന സൂചന കാവ്യത്തിലുണ്ടെന്നും നിരീക്ഷിക്കാം .

## 4.6 വെണ്ണിക്കുളത്തിന്റെ മേനക-ശക്തയായ രക്ഷാകർത്താവ്

### 4.6.1 വാത്സല്യാർദ്രയായ ജനയിത്രി

മേനകയെന്ന അമ്മയുമായുള്ള ശകുന്തളയുടെ ബന്ധമാണ് വെണ്ണിക്കുളം ഗോപാലക്കുറുപ്പ് പ്രാധാന്യത്തോടെ ഭർത്തൃപരിത്യക്തയായ ശകുന്തളയിൽ അവതരിപ്പിക്കുന്നത്. ശകുന്തളയുടെ രക്ഷാകർത്താവാ കുന്നതും മേനകയാണ്. ദുഷ്യന്തപരിത്യാഗത്തോടെ അതുവരെയുണ്ടായ സ്വജനങ്ങളും കൈവിട്ടപ്പോൾ അമ്മയെ വിളിച്ച് തനിക്ക് നിത്യവിശ്രമം നൽ

കണമെന്ന് ആവശ്യപ്പെടുകയാണ് ശകുന്തള. എന്നാൽ അവൾക്കുണ്ടായ ദുരിതത്തിൽ പിടിച്ചുനിൽക്കാനുള്ള ആത്മശക്തി നല്കുവാനാണ് മേനകയിലെ രക്ഷാകർത്താവ് ശ്രമിക്കുന്നത്.

"നിതരാം പക പൂണ്ടു വത്സലേ,
ഹത പുണ്യോദയമാഞ്ഞടിക്കയാൽ
ചതി പറ്റി വിഷണ്ണയാകിലും
ഗതിയില്ലാത്തവളായതില്ല നീ" **24** -എന്നിങ്ങനെയും

"അരചന്റെ നഭോവിലംഘിയാം
പുരടശ്രീയണി മേടയോമനേ
അരുളീലഭയം നിനക്കിതാ-
തലചായ്ക്കുന്നതിനെൻമടിത്തടം!" -എന്നിങ്ങനെയും

"നരർ തൻ പരിഹാസവാത്യയ-
ദ്ധരയിൽ ചുറ്റിയടിക്കിലെന്തു തേ ?
ഗിരികൾക്കു ചലത്വമേകിയോൻ
കരുണാവാരിധി കാൺമൂ വാസ്തവം" .**25**

എന്നിങ്ങനെയും മേനക മകൾക്ക് ആത്മബലം നൽകുന്നു.രാജാവിനും തെറ്റുപറ്റിയിട്ടുണ്ട്. തന്റെ മകളുടെ നിരപരാധിത്വം ഈശ്വരനറിയാവുന്നതാണ്. അഴൽ നീക്കുവാനും മംഗളത്തിനായി ജീവിക്കുവാനുമാണ് ശകുന്തള ശ്രമിക്കേണ്ടത്. മനുഷ്യരുടെ പരിഹാസവാക്കുകളെ അവഗണിക്കുക .ഈശ്വരന് സമസ്തവുമറിയാം. രാജാവ് നിരസിച്ചെങ്കിലും തന്റെ മകൾ, ഗതിയില്ലാത്തവളായില്ല. അമ്മയെന്ന നിലയിൽ, താനവളെ സംരക്ഷിക്കും. ആത്മവിശ്വാസത്തോടെ മുന്നോട്ടു നീങ്ങാനാണ് വെണ്ണിക്കുളത്തിന്റെ മേനക മകളെ ഉപദേശിക്കുന്നത്.

**4.6.2 മകളുടെ പരഭൃതാവസ്ഥ-അമ്മയുടെ വിമർശനമായി മാറുന്നു.**

മകളോട് താൻ ചെയ്ത തെറ്റും വെണ്ണിക്കുളത്തിന്റെ ശകുന്തള ഏറ്റു പറയുന്നുണ്ട്. മാതാവായ താൻ വേർപിരിഞ്ഞതിനാൽ;

"പ്രിയപുത്രി വളർന്നു നീ നറും-
കുയിലിൻ മുട്ട വിരിഞ്ഞിടും വിധം"

അവൾക്കുണ്ടായ ജീവിതാനുഭവം വ്യസനകരമായിരുന്നുവെന്ന് സൂചനയുണ്ട്. തന്റെ ഗുണത്തെക്കുറിച്ചുള്ള സ്വാർത്ഥചിന്തയാണ് കുഞ്ഞിനെ ഉപേക്ഷിക്കാൻ കാരണമായത്. നിർദ്ദയം കുഞ്ഞിനെ ഉപേക്ഷിച്ച പ്രവൃത്തി കുറ്റകരമായിപ്പോയി. അതുകൊണ്ടാണ് തന്റെ പ്രീയപ്പെട്ട കുഞ്ഞ് പരഭൃതയായി പോയത്. അവളെക്കണ്ടതിൽ സന്തോഷമുണ്ടെങ്കിലും വിധിക്കൂത്തിൽ നമ്രശീർഷയായിപ്പോയ അമ്മയാണ് താനെന്ന് മേനക വിലപിക്കുന്നു. മകളുടെ പരഭൃതാവസ്ഥയിൽ മേനകയ്ക്ക് ദുഃഖമുണ്ട്. അവളെ യഥാവിധി സംരക്ഷിക്കാതിരുന്ന അമ്മ എന്ന വിമർശനവും മേനകയെക്കുറിച്ച് ഈ കാവ്യം ഉൾക്കൊള്ളുന്നതായി കാണാം.

## 4.7 ബാല്യമുള്ള ശകുന്തള

### 4.7.1 സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ രക്ഷാകർത്താക്കൾ

ശാകുന്തളപുനർനിർമ്മിതികളിൽ ശകുന്തളയുടെ ബാല്യകാലം സങ്കല്പിച്ചെഴുതിയത് കെ. പി. കുഞ്ഞിലക്ഷ്മിയാണ്. നവോത്ഥാനകാലത്തിനു ശേഷം കേരളത്തിൽ വന്ന മാറ്റം കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന പ്രാധാന്യമാണ്. ഒരു

പക്ഷെ സ്ത്രീയായ കുഞ്ഞിലക്ഷ്മി മനഃപൂർവ്വം കൂട്ടിച്ചേർത്താവണം ഇത്തരത്തിലൊരു ബാല്യകാലം. വളർത്തച്ഛനായ ആശ്രമത്തിലുള്ളവരും ബാല്യം മുതലേ ശകുന്തളയുടെ കാര്യത്തിൽ  കാര്യത്തിൽ പ്രത്യേകം ശ്രദ്ധ നൽകിയവരാണ്. അതുകൊണ്ടു തന്നെ, തന്റെ  പദവിയെക്കുറിച്ച് ബോധ്യമുള്ളവളാണ് ശകുന്തള. അങ്ങനെ വളരാൻ അവളെ പ്രാപ്തരാക്കിയതാകട്ടെ, ബാല്യത്തിലെ രക്ഷാകർത്താക്കൾ തന്നെയാണ്. സ്ത്രീയുടെ ബന്ധങ്ങൾ അവളെ സ്വത്വ ബോധത്തിലേക്ക് നയിക്കുന്നതായി കാണാം.

### 4.7.2 അമ്മയായ മേനകയുടെ ആവശ്യകത

അതോടൊപ്പം തന്നെ അമ്മയായ മേനകയ്ക്ക് അതുല്യമായ സ്ഥാനം കവയത്രി നൽകുന്നു. ശകുന്തളയുടെ ജീവിതത്തിലെ സന്ദിഗ്ദ്ധഘട്ടത്തിൽ അവളെ സഹായിക്കാനെത്തിയ മാതാവിന് മികവുറ്റ രൂപം നല്കാൻ അവർ ശ്രമിച്ചു. മകളെ സ്വീകരിക്കാൻ വന്ന മാതാവ് ആദ്യം തന്നെ  തന്റെ  തെറ്റ് ഏറ്റു പറയുകയാണ്:-   'എന്നേ ചെയ്ത തെറ്റ് തീർക്കുവാൻ വന്നൊരമ്മയാണ് താൻ . സ്വന്തം കുഞ്ഞിനെ ഉപേക്ഷിക്കാൻ നിർബന്ധിതയായ ഹത ഭാഗ്യയാണ് ആ അമ്മ. അതിൽ അവർക്കുണ്ടായ ദുഃഖവും വേദനയും കവിതയിലുണ്ട്. നല്ല വാക്കുകൾ പറഞ്ഞു മകളെ ബലപ്പെടുത്തുന്ന രക്ഷാകർത്താവാണ് ഇവിടെ മേനക.ആരുപേക്ഷിച്ചാലും സ്വന്തം മക്കൾ അമ്മയ്ക്ക്  പ്രീയപ്പെട്ടവരും സ്വീകാര്യരുമാണെന്ന സന്ദേശം കവിത പങ്കുവെയ്ക്കുന്നു.

"ആരുപേക്ഷിച്ചാലെന്ത-
    തെന്തിനായാലെന്തേ, സ്വീ-
കാരയോഗ്യരാണമ്മ
    യ്ക്കാത്മജരാജന്മാന്തം"

മാരീചമുനിയുടെ ആശ്രമത്തിൽ ശകുന്തള എത്തിപ്പെടാൻ നിമിത്തമായത് മേനകയാണെന്ന സൂചന കാളിദാസന്റെ  അഭിജ്ഞാനശാകുന്തളത്തിലാണ്

ഉള്ളത്. എന്നാൽ മാതൃപുത്രീ സംഗമം നാടകത്തേക്കാൾ കൂടുതൽ മികവോ ടെയാണ് കുഞ്ഞുലക്ഷ്മ നൽകുന്നത്.

"അമ്മയോടിമാട്ടാദ്യം ചേർന്നമർന്നൊരാ മാത്ര
വർണ്ണനാതീതം; ഭാഷയ്ക്കില്ലതിൽ പ്രവേശനം." **26** എന്നിങ്ങനെയും;

"മൂർച്ഛ തീർന്നപ്പോൾ മാതൃവക്ഷസ്സിലമർന്നവ-
ളാശ്വാസിച്ചാളീനാശം നന്മയ്ക്കു വളമായി" **27** എന്നിങ്ങനെയും

ശകുന്തള പറയുമ്പോൾ അമ്മയുമായുള്ള ബന്ധതീവ്രത സ്ത്രീയ്ക്ക് അനുഭവപ്പെടുന്നതെങ്ങനെയെന്ന് കവി വ്യക്തമാക്കുന്നു. മാതൃബന്ധം സ്നേഹവും വാത്സല്യവും പകരുന്നു. ഭാഷയ്ക്കു പോലും പ്രവേശനമില്ലാത്ത അനുഭൂതിയാണ് ശകുന്തളയ്ക്ക് അമ്മയോട് ചേരുമ്പോഴുണ്ടാകുന്നത്. ഒരുവശത്ത് തനിക്കുണ്ടായ 'നാശം' ; മാതാവിന്റെ വാത്സല്യം അനുഭവിക്കുകയെന്ന നന്മയ്ക്ക് വളമാകുകയാണ് ചെയ്തത്. കുടുംബബന്ധങ്ങളിൽ സ്ത്രീയായ മാതാവിനാണ് അവളെ മനസ്സിലാക്കാൻ സാധിക്കുന്നുള്ളൂ എന്ന് എഴുത്തുകാരി സൂചിപ്പിക്കുന്നു. വിശുദ്ധ മാതൃത്വനിർമ്മിതി നടന്ന കാലത്തുണ്ടായ രചനയാണിത്. കൊളോണിയൽ ആധുനികതയുടെ കാലത്തുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കരണപ്രക്രീയയിലൊന്ന് മാതാവിന് കുഞ്ഞുങ്ങളുടെ വ്യക്തിത്വവികസനത്തിൽ നേരിട്ട് ഇടപെടാനാവുമെന്ന നിലപാടാണ്. സ്ത്രീയ്ക്ക് വിദ്യാഭ്യാസം നൽകേണ്ടത് പോലും കുഞ്ഞുങ്ങളെ നന്നായി വളർത്തേണ്ട ആവശ്യത്തിലേക്കാണെന്ന് അക്കാലത്ത് കരുതിയത് . *ശാരദ* എന്ന വനിതാ മാസികയിലെ ടി. അമ്മുക്കുട്ടിയമ്മയുടെ നിരീക്ഷണം നോക്കുക:

'കുട്ടികളുടെവിദ്യാഭ്യാസത്തെക്കുറിച്ചാലോചിച്ചാലും ബാല്യത്തിൽ തന്നെ അവരുടെ വാസനകളെ അറിഞ്ഞു തക്കതായ അറിവുകളെ പറഞ്ഞു കൊടുക്കുന്നതിന് അമ്മമാരെപ്പോലെ സൗകര്യം മറ്റാർക്കും ഉണ്ടാകുന്നതല്ല. തക്കതായ വിദ്യാഭ്യാസം അമ്മമാർക്കില്ലെങ്കിൽ ഈ സൗകര്യംകൊണ്ട് ഫലമില്ല ……………………

........................................................................ നമ്മുടെ കുട്ടികൾ, ആരോഗ്യശാലി കളായും സൽസ്വഭാവികളായും വിദ്വാന്മാരായും തീരേണമെങ്കിൽ സ്ത്രീവിദ്യാഭ്യാസമല്ലാതെ അതിനു യാതൊരു മാർഗ്ഗമില്ലെന്നു നിശ്ചയമായും പറയാം'.**28**

ഇത്തരത്തിൽ മാതൃത്വവും കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധം സൂക്ഷ്മമായി നിർവചിക്കുന്ന ധാരാളം ലേഖനങ്ങൾ അക്കാലത്തുണ്ടായിട്ടുണ്ട്. അവയെല്ലാം വിശുദ്ധമാതൃത്വമെന്ന നിർമ്മിതിയിലേക്കാണ് പിൽക്കാലത്തു നയിച്ചത്. മേനക എന്ന അമ്മയുടെ വേറിട്ട നിർമ്മിതി മാതാവെന്ന നിലയിൽ ശകുന്തളയിലേക്കും പിൽക്കാലരചനകളിൽ ആവർത്തിച്ച് വരുന്നത് മേല്പ റഞ്ഞവയ്ക്ക് ദൃഷ്ടാന്തമാണ്.

## 4.8 തിരക്കഥയിൽ രക്ഷാകർത്താക്കൾ വിമർശിക്കപ്പെടുന്നു

### 4.8.1 യഥാർത്ഥ പിതാവിന്റെ അഗാധമായ ദുഃഖം

ശാകുന്തളകഥയിൽ ശകുന്തളയുടെ രക്ഷാകർത്തൃസ്ഥാനത്തുണ്ടായി രുന്ന എല്ലാവരെയും ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിൽ പരാമർശിക്കുന്നുണ്ട്. വിശ്വാമിത്രൻ, കണ്വമുനി, കാശ്യപമഹർഷി തുട ങ്ങിയവരാണ് ശകുന്തളയുടെ പിതൃസ്ഥാനത്ത് വരുന്നത്. വളർത്തച്ഛനായ കണ്വമുനിയാണ് യാഥാർത്ഥ പിതാവിന്റെ സ്നേഹവാത്സല്യത്തോടെ ശകു ന്തളയെ സംരക്ഷിച്ചത്. കണ്വമുനിക്ക് ശകുന്തളയെ ലഭിക്കുമ്പോൾ; ഉയർന്ന പദവിയിൽ സംര ക്ഷിക്കുമെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്- ' *പ്രകൃതിയെ വെറുത്ത് ജീവിച്ചിരുന്ന താപസന് ദൈവം തന്ന നിധിയാണ് ശകുന്തള* . അവ ൾ തപോവനത്തിന്റെ അരുമയായും അഭിമാനമായും വളരുമെന്നും, ആര്യാവ നത്തിന് രാജ്ഞിയായി മാറുമെന്നും ശകുന്തങ്ങളോട് കണ്വമുനി പറയുന്നുണ്ട്. തന്റെ പുത്രിയുടെ നല്ല ഭാവി സ്വപ്നം കാണുന്ന വാത്സല്യാർദ്രമനസ്കനാണ്, തിര

ക്കഥയിലെ കണ്വമുനി. അഭിജ്ഞാനശാകുന്തളത്തേക്കാൾ, തീവ്രമായ വൈകാരികതയോടെയാണ് 'കുടിവെയ്പ്പി' നായി സ്വന്തം മകളെ പറഞ്ഞയക്കുന്ന അദ്ദേഹത്തെ അന്തർജ്ജനം അവതരിപ്പിച്ചത്. താതനെ പിരിഞ്ഞു തൻ ജീവിക്കേണ്ടതിലെ ദുഃഖാവസ്ഥ പിതാവിനോട് പറയുമ്പോൾ കണ്വമുനി വികാരഭരിതമായാണ് മറുപടി നൽകുന്നത്. 'തനിക്ക് സ്നേഹമെന്തെന്ന് പഠിപ്പിച്ചത് ശകുന്തളയാണ്. അതിന്റെ ദുഖവും കൂടെ താനറിയണം. സ്നേഹമാണ് ധർമ്മം. സ്നേഹമാണ് തപസ്സ്. സ്നേഹവേദന കൊണ്ടുള്ള ദുഖവും സുഖമാണ്. പിതൃബന്ധങ്ങളിൽ അനിവാര്യമായ സ്നേഹവും കരുതലും,വാത്സല്യവും അന്തർജ്ജനം ഉറപ്പിച്ചു പറയുന്നു. കണ്വദുഃഖത്തെ വിവരിക്കാൻ ദൃശ്യഭാഷയിൽ ഇപ്രകാരം പറയുന്നു:-

സരസ്സിനക്കരെ നിന്നവളെ നോക്കി കണ്വൻ അനുഗ്രഹമുദ്രയോടെ കയ്യുയർത്തി നിൽക്കുന്നു.കണ്ണിൽ ഒരു തുള്ളി ബാഷ്പം തിളങ്ങുന്നു.ഇടയ്ക്കുള്ള കുളത്തിൽ ഓളങ്ങളിളകുന്നു' .29

ലോകസുഖങ്ങളെ അതിജീവിച്ചു ശീലമുള്ള കണ്വമുനിയുടെ കണ്ണുനീർത്തുള്ളി, കുളത്തിലെ ഓളങ്ങളിലേയ്ക്ക് ചേരുമ്പോൾ അഗാധമായ ദുഖമാണ് ദൃശ്യവൽക്കരിക്കുന്നതെന്ന് നിരീക്ഷിക്കാം.

**4.8.2 ശകുന്തളയോട് മാപ്പുചോദിക്കുന്ന മൂന്ന് രക്ഷിതാക്കൾ**

ശകുന്തള എന്ന സ്ത്രീയോട് നീതികേടു കാണിച്ച ബന്ധുക്കളെയെല്ലാം ലളിതാംബിക അന്തർജ്ജനം തിരക്കഥയിൽ മാപ്പുചോദിപ്പിക്കുന്നുണ്ട്. ആദ്യഭാഗത്ത് മേനകയും,അമ്പത്തിയേഴാം സീനിൽ പിതാവായ വിശ്വാമിത്രനും ഒടുവിൽ ഭർത്താവായ ദുഷ്യന്തനും തങ്ങളുടെ തെറ്റുകൾക്ക് മാപ്പു ചോദിക്കുന്നു.

സ്ത്രീകളിലെ മാതൃഭാവത്തിന് വലിയ പ്രാധാന്യം നൽകിയ എഴുത്തുകാരിയാണ് ലളിതാംബികാ അന്തർജ്ജനം. പഞ്ചാരയുമ്മ, അവിവാഹിത,

മുലപ്പാലിന്റെ മണം വയൽവക്കിൽ, സ്നേഹയാചകി, കറുത്തവാവിൻറെ നറും ചന്ദ്രിക എന്നെ കഥകൾ ഉദാഹരണമാണ്. അതുകൊണ്ടു തന്നെയാവണം; നവ ജാതശിശുവിനെ വേർപിരിയുമ്പോൾ മേനകയ്ക്കുണ്ടാകുന്ന വേദന തീവ്ര മായി തന്നെ അവർ ചേർത്തത്. പശ്ചാത്തല വിവരണഭാഗത്താണ് കുഞ്ഞിനെ വേർപിരിയുന്ന മേനകയുടെ വൈകാരിക പ്രകടനം വിവരിക്കുന്നത്.

'അവളുടെ കണ്ണുകളിൽ നീർതുളുമ്പി.മാറിൽ ചോരക്കുഞ്ഞ്.ആദ്യം ദൂരെ മറഞ്ഞ മുനിയെ വെറുപ്പോടെ നോക്കി. പിന്നെ വാത്സല്യപൂർവ്വം കുഞ്ഞിന്റെ മുഖത്ത് നോക്കു ന്നു. വിവിധ വികാരങ്ങൾ മാറി മാറി വരുന്നു.കുറച്ച് ചിന്തിച്ച് എന്തോ ഉറപ്പിച്ച ശേഷം കുഞ്ഞിനെ ചുണ്ടോടണച്ചു ചുംബിച്ചു കൊണ്ട് ......' **30**

കുഞ്ഞിനെ വേർപിരിയാൻ നിർബന്ധിതയാകുന്ന മേനക,വ്യാസനും എഴുത്തച്ഛനും നിരീക്ഷിക്കുന്നതു പോലെ *'നിർമാല്യം പോലെ ഉപേക്ഷിച്ച വളല്ല* . അനിവാര്യമായ വേർപിരിയൽ മേനകയിൽ അതീവദുഃഖം ഉണ്ടാക്കി യതായി അന്തർജ്ജനം സൂചിപ്പിക്കുന്നുണ്ട്. തുടർന്ന് തീവ്രവേദനയോടെയാണ് അവൾ ശിശുവിനോട് മാപ്പു ചോദിക്കുന്നത്. പിതാവ് കുഞ്ഞിനെ നിരസിച്ചി രിക്കുകയാണ്. ഭൂമിയുടെ സന്തതിയായ അവളെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടു പോകുവാൻ തനിക്കു കഴിയില്ല.കുഞ്ഞിനെ വനദേവതമാർ കാത്തുകൊള്ളു മെന്ന് പ്രത്യാശിക്കുന്നു. തളിരിലകളും പൂക്കളും കൊണ്ട് ഒരു കിടക്കയു ണ്ടാക്കി, വൃക്ഷഛായയിൽ കിടത്തുന്നു. കണ്ണുയർത്തി കൂപ്പുകൈയോടെ പ്രാർത്ഥിക്കുന്നു. മേനക രണ്ടടി നടന്നിട്ട് വീണ്ടും തിരിഞ്ഞു നോക്കുന്നു. വിങ്ങിപ്പൊട്ടിക്കൊണ്ട് പുക പോലെ അപ്രത്യക്ഷയാകുന്നു. താപസ ബീജത്തിന് നാശമുണ്ടാകില്ലെന്ന മേനകയുടെ സമാധാനം; എഴുത്തച്ഛനെ അനുകരിച്ച് അന്തർജ്ജനവും സ്വീകരിക്കുന്നുണ്ട്. ശിശുവായ ശകുന്തളയെ മേനക ഉപേക്ഷിച്ചുപോകുന്ന രംഗം ഇത്ര സൂക്ഷ്മമായി വിവരിക്കുന്ന രംഗം ഇതുവരെയുള്ള ശകുന്തളാ പുനർനിമ്മിതികളിൽ ചേർത്തതായി കാണുന്നില്ല.

മാതൃത്വത്തോട് തനിക്കുള്ള ആഭിമുഖ്യം വെളിപ്പെടുത്തുന്നതോടൊപ്പം സിനിമയുടെ ദൃശ്യപരതയ്ക്ക് തീവ്രതയുണ്ടാക്കുമെന്നതിനാലുമാകണം, അന്തർജ്ജനം പ്രസ്തുത ഭാഗം ആദ്യരംഗങ്ങളിൽ തന്നെ ചേർത്തതെന്ന് നിരീക്ഷിക്കാം. വിശുദ്ധ മാതാവിന്റെ പക്ഷത്തു നിന്നുള്ള ഒരു വായനയാണ് ഇതിൽ സാധ്യമായത്.

തിരക്കഥയിലെ അമ്പത്തിയേഴാം സീനിൽ വിശ്വാമിത്രൻ എന്ന പിതാവാണ് അവളോട് മാപ്പ് ചോദിക്കുന്നത്. വള്ളത്തോളിന്റെ അച്ഛനും മകളും എന്ന ഖണ്ഡകാവ്യത്തിലെ കഥ മുഴുവനായും പ്രസ്തുത സീനിലേക്ക് അന്തർജ്ജനം സ്വീകരിച്ചിട്ടുണ്ട്. ഒടുവിലാണ് ശകുന്തളയോട് പിതാവ് മാപ്പ് ചോദിക്കുന്നത്. ശകുന്ത ളയെ ശിശുവായിരിക്കുമ്പോഴേ, നിരസിച്ച വിശ്വാമിത്ര മഹർഷിയെ സ്വധർമ്മം നിർവ്വഹിക്കാത്ത രക്ഷിതാവായിട്ടാണ് തിരകഥാകൃത്ത് കണക്കാക്കുന്നത്. അത്തരം സൂചനകൾ മുമ്പ് തന്നെ എഴുത്തുകാരി ചേർക്കുന്നുണ്ട്:- ദുഷ്യന്തനുമായുള്ള ഗാന്ധർവ്വവിവരമറിയുമ്പോൾ താതകണ്വൻ നിരസിക്കുമോ എന്ന ആശങ്ക പ്രിയംവദ അനസൂയയോട് പങ്കു വെക്കുന്നുണ്ട്. അപ്പോൾ:-

"താതകണ്വൻ വിശ്വാമിത്രനല്ല, ദുർവ്വാസാവുമല്ല. കരുണാനി ധിയായ താതൻ തന്റെ അരുമ മകളുടെ അറിവില്ലായ്മയ്ക്ക് മാപ്പു കൊടുക്കാതിരിക്കുമോ" - **31**

എന്നിങ്ങനെയാണ് അനസൂയ മറുപടി പറയുന്നത്. ആ മറുപടിയിൽ ദുർവ്വാസാവിനോടൊപ്പമാണ് വിശ്വാമിത്രനെ ചേർത്ത് പറയുന്നത്. മകളെ നിരസിച്ച പിതാവാണ് വിശ്വാമിത്രൻ. അതുകൊണ്ടു തന്നെ ശകുന്തള എന്ന സ്ത്രീയോട് അദ്ദേഹം മാപ്പു പറയട്ടെ, എന്ന നിലപാടാണ് അന്തർജ്ജനം അമ്പത്തിയേഴാം സീനിൽ സ്വീകരിച്ചത്. വിശാലമായ അർത്ഥത്തിൽ ബ്രാഹ്മണ ജ്ഞാനപദ്ധതിയും കൊളോണിയൽ ആധുനികതയും സൃഷ്ടിച്ചെടുത്ത രക്ഷി

താക്കളൊന്നും തന്നെ ശകുന്തള എന്ന സ്ത്രീയോട് നീതികാട്ടിയിട്ടില്ല എന്ന നിലപാടാണ് ലളിതാംബികാ അന്തർജ്ജനത്തിനുള്ളതെന്ന് നിരീക്ഷിക്കാം.

## 4.9 നാടകത്തിൽ-സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ രക്ഷിതാക്കൾ

### 4.9.1 താതകണ്വൻ മൂക്കത്ത് ശുണ്ഠിയുള്ള ദുർവ്വാസാവല്ല

ശകുന്തളയുടെ പിതൃസ്ഥാനത്ത് തോപ്പിൽ ഭാസി കാണുന്നത്. കണ്വമുനിയെ ആണ്. അവസാനഭാഗത്ത് മേനക മകളെ, സ്വീകരിക്കുന്നതായും ചേർത്തിരിക്കുന്നു. മകളെ സ്നേഹവാത്സല്യത്തോടെ വളർത്തി വലുതാക്കിയ പിതാവാണ് കണ്വൻ. കൊടുംവനത്തിൽ അച്ഛനും അമ്മയും ഉപേക്ഷിച്ച കുഞ്ഞിനെ ശകുന്തപക്ഷികൾ പരിപാലിക്കുന്നത് കണ്ട്, അവിടെ നിന്നും എടുത്ത് ശകുന്തള എന്ന് പേരിട്ട വളർത്തി. പിതാവ് അവളെ ധർമ്മാചരണത്തിൽ പരതന്ത്രയായാണ് വളർത്തിയത്. അതുകൊണ്ടുതന്നെ, പിതാവിനോട് തനിക്കുള്ള വിധേയത്വവും ശകുന്തള രാജാവിനോട് സൂചിപ്പിക്കുന്നുണ്ട്. പിതാവിനോട് ചോദിക്കുന്നതിനു മുമ്പുതന്ന വിവാഹതീരുമാനമെടുക്കുന്നതിനെ അവൾ ശക്തമായി എതിർക്കുന്നുണ്ട്. താൻ സ്വതന്ത്രയല്ലെന്നും പിതാവിന് വിധേയായ കന്യകയാണെന്നും അവൾ പറയുന്നു. താതന്റെ അനുവാദത്തോടെയും അനുഗ്രഹത്തോടെയും ദുഷ്യന്തൻ വിവാഹം ചെയ്യുന്നതാണ് തന്റെ ഇഷ്ടമെന്നും സൂചിപ്പിക്കുന്നു. രാജാവിന്റെ നിർബന്ധത്തിന് മുമ്പിൽ നിസ്സഹായാകുന്ന ശകുന്തളയെ നാടകകൃത്ത് ദൃശ്യവൽക്കരിക്കുന്നുണ്ട്:-

ശകുന്തള:-(ദൈന്യഭാവത്തിൽ) "രാജൻ, പ്രസവിച്ചിട്ടയുടൻ മാതാപിതാക്കളുപേക്ഷിച്ച അശരണയായ എന്നോട് കരുണ കാട്ടണം" .32

എന്നിങ്ങനെ തന്റെ ദീനാവസ്ഥ രാജാവിനോട് അവൾ വെളിപ്പെടുത്തുന്നുണ്ട്. പിന്നീട് പിതാവിനെ അറിയിക്കാതെ നടന്ന ഗാന്ധർവ്വത്തെയോർത്ത് ശകുന്തള വേവലാതിപ്പെടുന്നുമുണ്ട്. അപ്പോൾ അനസൂയ അവളെ സമാധാനിപ്പിക്കുന്നത്. *'താതകണ്വൻ മൂക്കത്ത് ശുണ്ഠിയുള്ള ദുർവ്വാസാവല്ല,* എന്ന് പറഞ്ഞാണ്. കണ്വമുനി സ്നേഹ വാത്സല്യങ്ങൾ നിറഞ്ഞ പിതാവാണ്. ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്ക് യാത്രയാക്കുമ്പോഴാണ് കണ്വമുനിയിലെ പ്രിതൃസ്നേഹം കൂടുതൽ വെളിപ്പെടുന്നത്. തന്റെ പ്രിയപുത്രിയെ ദേവതാസാന്നിധ്യമുള്ള തപോവനവൃക്ഷലതാദിയോട് അനുഗ്രഹിച്ച് യാത്രയാക്കുവാനാവശ്യപ്പെടുന്നു. മകൾക്ക് അണിഞ്ഞൊരുങ്ങാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും, ഒരു തളിരില പോലും അവൾ നുള്ളിയെടുത്തിട്ടില്ല. ഒരു കടിഞ്ഞൂൽ പൂവ് വിരിയു മ്പോൾ ശകുന്തള അതിയായി സന്തോഷിക്കുമായിരുന്നുവെന്നും കണ്വമുനി പറയുന്നുണ്ട്. വൃക്ഷലതാദികളും, അവയിൽ വസിക്കുന്ന പക്ഷികുലവും, വനദേവതകളുമെല്ലാം തന്റെ മകളെ അനുഗ്രഹിക്കണമെന്ന് ആ പിതാവ് ആഗ്രഹിക്കുന്നു. കണ്വമുനിയിലെ രക്ഷിതാവിന് പ്രിയങ്കരിയായ പുത്രിയാണ് ശകുന്തളയെന്നും നിരീക്ഷിക്കാം.

#### 4.9.2 രക്ഷിതാക്കളുടെ അനുമതിയില്ലാതെ നടന്ന വിവാഹം

കണ്വമഹർഷി, ശാർങ്ഗരവനോട് ശകുന്തളയെ മുൻ നിർത്തി തന്റെ സന്ദേശം രാജാവിനെ അറിയിക്കണമെന്ന് പറയുന്നത് ഇപ്രകാരമാണ്:-

"ഞങ്ങൾ തപസ്സുമാത്രം ധനമായിട്ടുള്ള ഋഷിമാരാണെന്നുള്ളതും അങ്ങയുടെ ശ്രേഷ്ഠമായ വംശവും, ശകുന്തളയ്ക്കും അങ്ങേയ്ക്കും തമ്മിലുള്ള ബന്ധം ബന്ധുക്കൾ ഉറപ്പിച്ചതല്ല എന്നുള്ളതും, നല്ലപോലെ വിചാരിച്ച് ഇവളെ അങ്ങയുടെ ഭാര്യമാരിൽ ഒരാളായി സ്വീകരിക്കണം. പിന്നെ ഭാഗ്യം പോലെ വരട്ടെ. വധൂബന്ധുക്കൾക്കു മറ്റെന്തു പറയാൻ എന്ന് സാരം. ഇപ്രകാരം പറയുന്ന ശ്ലോകം അഭിജ്ഞാനശാകുന്തളത്തിൽ നിന്നും തോപ്പിൽ ഭാസി അതേപടി സംസ്കൃതത്തിൽ നിന്നുമെടുത്ത് ചേർത്തതാണ്. പ്രസ്തുത ഭാഗം ഏ. ആർ. രാജരാജവർമ്മ ഇപ്രകാരമാണ് തർജ്ജമ ചെയ്തത്:-

"സമ്പത്തായ് സംയമത്തെക്കരുതി മരുവുമീ
നമ്മെയും, തൻ കുലത്തിൻ-
വൻപും, ബന്ധുക്തികൂടാതിവൾ നിജഹൃദയം
നിങ്കലർപ്പിച്ചതും, നീ
നന്നായോർത്തിട്ടു ദാരപ്പരിഷയിലിവളെ
ക്കൂടി മാനിച്ചിടേണം
പിന്നത്തെയോഗമെല്ലാം വിധിവശം,മതിലീ
ജ്ഞാതികൾക്കില്ല ചോദ്യം".**33**

സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ശകുന്തളാദുഷ്യന്തന്മാരുടെ വിവാഹബന്ധം ബന്ധുക്കളുടെ അഥവാ രക്ഷിതാക്കളുടെ സമ്മതമില്ലാതെ നടന്നതിൽ കാളിദാസനെപ്പോലെ തോപ്പിൽ ഭാസിക്കും എതിർപ്പുണ്ടെന്നു വരുന്നു. വിവാഹം പോലുള്ള കർമ്മങ്ങളിൽ സ്ത്രീകൾക്ക് സ്വന്തതീരുമാനം ഉണ്ടാവുന്നതിൽ നാടകകാരനും വിയോജിപ്പ് പ്രകടിപ്പിക്കുന്നു.ശകുന്തളയ്ക്ക് വന്നു ഭവിക്കുന്നതിനെല്ലാം കാരണമായി ഗാന്ധർവ്വമെന്ന സ്വന്തതീരുമാന പ്രകാരമുള്ള വിവാഹം കാരണമായെന്ന സൂചന നാടകകാരനും പങ്കുവെ ക്കുന്നു.

നാടകാവസാനം മേനക തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തു ന്നുണ്ട്. സ്വർഗ്ഗവും ഭൂമിയും പാരതന്ത്ര്യമാണ് സ്ത്രീയ്ക്ക് നൽകുന്നതെന്നാണ് മേനകയുടെ പക്ഷം.മകളെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാനാവാത്ത തിലും മേനകയ്ക്ക് ദുഖമുണ്ട്. കാശ്യപാശ്രമത്തിൽ അവൾക്കു സുരക്ഷി തമായ സ്ഥാനം ഒരുക്കുന്ന മാതാവാണ് മേനക. തന്റെ രക്ഷിതാക്കളാവേണ്ട മാതാപിതാക്കൾക്ക് അതിനു സാധിച്ചിട്ടില്ലെന്ന ബോധം ശകുന്തളയിലുണ്ട്. അതുകൊണ്ടാണ്:- "പിതാവില്ല, മാതാവി നും എന്നെ കൈക്കൊള്ളുവാനാവില്ല അസരണയായ സ്ത്രീയാണ് ശകുന്തള" **35** എന്നിങ്ങനെയാണ് മാതാവിനോടവൾ

പറയുന്നത്. മേനക അവളെ സ്വർഗ്ഗത്തേക്കാൾ സുന്ദരമായ ഹേമകൂടപർവ്വത ത്തിലെ മാരീചാശ്രമത്തിലേയ്ക്ക് കൊണ്ടുപോകുന്നുണ്ട്.

സുരക്ഷ നൽകുന്ന മാതാപിതാക്കൾ എന്നതിനേക്കാൾ, സ്നേഹവും വാത്സല്യവുമുള്ള രക്ഷിതാക്കളെയാണ് ശകുന്തളയ്ക്കാവശ്യം. മേനക നിസ്സ ഹായയാണ്. അധികാരവ്യവസ്ഥ നിർണയിക്കുന്നത് മാത്രമേ അവൾക്ക് ചെയ്യാ ൻ സാധിക്കൂ. കണ്വമുനിയാകട്ടെ, സ്നേഹാർദ്രനാണ്. എന്നാൽ ഭർത്തൃ നിരാ സഘട്ടത്തിൽ മഹർഷിയല്ല മാതാവ് തന്നെയാണ്  അവളെ ഏറ്റെടുക്കുന്നത്. തോപ്പിൽഭാസിയുടെ നാടകത്തിൽ ,അതാത് കാലത്തിൽ ശകുന്തളയെ സംര ക്ഷിക്കേണ്ടവർ അത് ചെയ്യുന്നില്ല എന്ന വിമർശനമാണുള്ളത്. ആപത്ഘട്ടത്തി ലാകട്ടെ, അമ്മയായ മേനകയാണ് അവളെ സഹായിക്കുന്നത്. പുരുഷന്മാരായ സംരക്ഷകരൊന്നും തന്നെ ശകുന്തളയെ സഹായിച്ചില്ല എന്നത് തോപ്പി ൽഭാസി പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. സ്മൃതി സങ്കൽപ്പത്തിലെ രക്ഷാ കർത്തൃസങ്കല്പമല്ല ഭാസിനാടകത്തിൽ സന്നിവേശിപ്പിക്കുന്നതെന്ന് നിരീക്ഷി ക്കാം.

## 4.10 രക്ഷിതാക്കളും ശകുന്തളയും

പതിവ്രതകളായ വിശുദ്ധസ്ത്രീകൾക്ക് പുരുഷന്മാരായ രക്ഷിതാക്കളുണ്ടാകണമെന്ന നിബന്ധന മനുസ്മൃതിതിയിലാണ് ശക്തമായി ഉന്നയിച്ചു കാണുന്നത്. സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തിന് അർഹതയില്ല എന്ന് പറ യുന്നതിന് മുമ്പാണ് പിതാവും ഭർത്താവും പുത്രനുമായവർ സ്ത്രീയെ സംര ക്ഷിക്കേണ്ടതുണ്ടെന്ന് മനു നിഷ്കർഷിക്കുന്നത്. ശാകുന്തളോപാഖ്യാനത്തിൽ വളർത്തച്ഛനായ കണ്വമഹർഷിയുടെ ബ്രഹ്മചര്യത്തെ മുൻനിർത്തിയാണ് കന്യകയായ ശകുന്തളയുടെ പിതൃത്വസംശയം വ്യാസൻ ദുഷ്യന്തനിലൂടെ ചോദിക്കുന്നത്. അവളുടെ ബാല്യത്തിൽ പുരുഷനായ കണ്വൻ തന്നെയാണ്

ശകുന്തളയുടെ രക്ഷാകർത്താവ്. ഗാന്ധർവ്വസമയത്ത് കണ്വമുനി വളർത്തച്ഛനാണെന്ന് അറിയുന്ന ദുഷ്യന്തൻ സന്തോഷിക്കുന്നുണ്ട്. എന്നാൽ ശകുന്തളാനിരാസഘട്ടത്തിൽ യഥാർത്ഥ മാതാപിതാക്കളായ വിശ്വാമിത്രനും, മേനകയും വ്യാസഭാരതത്തിൽ തന്നെ ദുഷ്യന്തനാൽ അപഹസിക്കപെടുന്നുണ്ട്.

#### 4.10.1 കണ്വൻ-സ്നേഹവാനായ രക്ഷിതാവ്

ബ്രാഹ്മണൻ എന്ന നിലയിൽ കണ്വമുനിയ്ക്ക് വ്യാസഭാരതത്തിലും കാളിദാസശാകുന്തളത്തിലും വലിയ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. കന്യകാവസ്ഥയിലുള്ള ശകുന്തളയ്ക്ക് ഉന്നതപദവി ലഭിക്കുന്നത് തന്നെ കണ്വമുനിയുടെ വളർത്തു പുത്രിയായതു കൊണ്ടാണ്. ഒരു മുനിയോട് കണ്വൻ അവളുടെ ജനനകഥ പറയുന്നതോടെയാണ് ശകുന്തള തന്നെ അക്കാര്യമറിയുന്നതെന്ന് വ്യാസഭാരതത്തിൽ പറയുന്നുണ്ട്. അതുവരെ കണ്വനാണ് തന്റെ പിതാവെന്നാണ് അവൾ കരുതിയത്. ഗാന്ധർവ്വത്തെക്കുറിച്ച് ദുഷ്യന്തൻ ആവശ്യപെടുമ്പോഴും ഫലമൂലാദികൾ കൊണ്ടുവരാൻ ആശ്രമം വിട്ടുപോയ പിതാവ് വരുന്നത് വരെ കാക്കാൻ അവൾ ദുഷ്യന്തനോട് ആവശ്യപ്പെടുന്നുണ്ട്. മനു നിഷ്ക്കർഷിക്കുന്ന എട്ടുവിവാഹവിഭാഗങ്ങളിൽ അനുയോജ്യമായ ഗാന്ധർവ്വം ധർമ്മമാർഗമനുസരിച്ചുള്ളതാണെന്ന ദുഷ്യന്തന്റെ വാദങ്ങളെ മുൻനിർത്തിയാണ് , ആത്മസ്വാതന്ത്ര്യമോർത്ത് ശകുന്തള സമ്മതിക്കുന്നത്. എന്നാൽ പിന്നീട് അതേ ആത്മസ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുന്നു. സ്വർവേശ്യയായ അമ്മയുടെ കർമ്മങ്ങളെ മുൻനിർത്തി ശകുന്തള വ്യാസഭാരത്തിൽ തന്നെ ദുഷ്യന്തനാൽ പരിഹസിക്കപെടുന്നു. കണ്വമുനി എന്ന ബ്രാഹ്മണനായ ശകുന്തളയുടെ വളർത്തച്ഛൻ തന്റെ കടമകളെല്ലാം നിറവേറിയ രക്ഷാകർത്താവായി വ്യാസഭാരതത്തിൽ തന്നെ അവതരിച്ചിട്ടുണ്ട്.

രക്ഷിതാവ് എന്ന നിലയിൽ കണ്വമുനിയെ ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിച്ചത് കാളിദാസശാകുന്തളത്തിലാണ്. യഥാർത്ഥ അച്ഛനല്ലാതിരുന്നിട്ടും

പിതാവെന്ന നിലയിൽ തികഞ്ഞ സംതൃപ്തിയാണ് അദ്ദേഹത്തിനുള്ളത്. ശകുന്തള എന്ന വളർത്തുമകൾ അദ്ദേഹത്തിന്റെ  ചുമതലയാണ്. മകളെ ഭർത്തൃഗൃഹത്തിലേക്ക് പറഞ്ഞയക്കുമ്പോൾ ഗൃഹസ്ഥനുണ്ടാകുന്ന  വ്യാകുലതകൾ കാളിദാസൻ ബോധപൂർവം തന്നെ കണ്വനിൽ ചേർത്തിട്ടുണ്ട്. നാലാമങ്കത്തിലെ അത്തരം ഭാഗങ്ങൾ ഇപ്രകാരമാണ് കാളിദാസൻ ചേർത്തിട്ടുള്ളത്;

1. ശകുന്തള പോകുന്നതോർത്തിട്ട്,കാട്ടിൽ കഴിയുന്ന തനിക്കു പോലും പുത്രീസ്നേഹത്താൽ വ്യസനമുണ്ടാകുമ്പോൾ, ഗൃഹസ്ഥന്മാർ ആദ്യമായി പെണ്മക്കളെ പിരിയുമ്പോൾ എത്രമാത്രം വേദനിച്ചിരി ക്കണം. **35**
2. ശകുന്തള പർണ്ണശാലയുടെ മുറ്റത്ത്  വിരിയിച്ച വരിനെല്ല് പാകമായി വരുന്നത് കാണെ എന്റെ  ശോകമെങ്ങനെ ശമിക്കാനാണ്.**36**
3. പെൺകുട്ടിയെന്നത് കേവലം അന്യനുള്ള സ്വത്താണ്.അവളെ ഇപ്പോൾ കൈക്കൊണ്ടവന്നയച്ചു കൊടുത്തതോടെ എന്റെ  അന്തരാത്മാവ് നിക്ഷേപം തിരിച്ചേൽപ്പിച്ചാലത്തെപ്പോലെ ആവോളം തെളിഞ്ഞിരിക്കുന്നു.**37**

ഇപ്രകാരം ചുമതലകളെല്ലാം നിറവേറ്റിയ; വൈകാരിക ഭാവങ്ങളുള്ള ഹൃദയാലുവായ പിതാവാണ് കാളിദാസന്റെ  കണ്വമുനി. സ്ത്രീയെ സംബന്ധിച്ച ധാർമ്മിക ചുമതലകളെല്ലാം സ്മൃതിയിൽ പറഞ്ഞവ തന്നെയാണ്. മകൾക്കു നൽകുന്ന ഉപദേശങ്ങളും സ്മൃതിയിലെ അനുശാസനകളാണ്.അവയെല്ലാം ശകുന്തളയുടെ യഥാർത്ഥ രക്ഷിതാക്കളേക്കാൾ നന്നായി ചെയ്തത് കണ്വമുനി തന്നെയാണെന്ന് കാളിദാസകൃതിയും കരുതുന്നു.

വ്യാസഭാരതത്തിന്റെ  സ്വതന്ത്രതർജ്ജമ നിർവഹിച്ച എഴുത്തച്ഛൻ കാളിദാസനെ മുൻനിർത്തി കണ്വോപദേശം വരെ ചേർത്തിട്ടുണ്ട്. ശകുന്തള എന്ന മകളുടെ താതനെ പിരിയുന്ന ദുഃഖം, മകളെ പിരിയുമ്പോൾ താതനുണ്ടായ ദുഃഖം എന്നിവ വ്യക്തമായി തന്നെ എഴുത്തച്ഛൻ ചേർത്തിട്ടുണ്ട്.

"മകളെക്കരം കൊണ്ട് തടവി മന്ദം മന്ദം
സുഖമായ് വരികെന്നു പറഞ്ഞോരനന്തരം
അശ്രുക്കൾ പൊഴിക്കയുമുൾക്കനം വിടുകയും
നിശ്ശ്വാസം വരുകയും നിസ്സഹം ചിന്തിക്കയും
മാനുഷഭാവം കൊണ്ട് മാമുനിക്കതുനേരം
മാനസഖേദം ചെറുതുണ്ടായിതെന്നേ വേണ്ടൂ". **38**

എന്നിങ്ങനെ മാനുഷഭാവം പൂണ്ട മാമുനിയുടെ ദുഃഖം വളരെ വ്യക്തമായി എഴുത്തച്ഛൻ ചേർത്തുകാണുന്നു. പുത്രിയെയും പൗത്രനെയും ഒറ്റയ്ക്കല്ല,ചില മുനിമാരുടെയും സ്വശിഷ്യൻമാരുടെയും കൂടെയാണ് അയയ്ക്കുന്നത്. ഇങ്ങ നെ എഴുത്തച്ഛന്റെ നിർമ്മിതിയിലും കണ്വനെന്ന പിതാവ് ധർമ്മശാസ്ത്രാ ദികളിൽ പറയുന്ന മാതൃകാരക്ഷിതാവാണ്. ആരായിരിക്കണം സ്ത്രീയുടെ രക്ഷിതാവെന്ന ചിന്ത പതിനാറാംനൂറ്റാണ്ടിലെ സാമൂഹിക സാഹചര്യത്തിൽ വലിയ പ്രാധാന്യത്തോടെ തന്നെയാണ് കവി അവതരിപ്പിച്ചു കാണുന്നത്.

ഭാരതംഗാഥയിൽ ശകുന്തളാപുത്രൻ കണ്വമുനിയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്:-

"ആശ്രയമായതുമച്ഛനാകുന്നതു-
മീശ്വരനായതുമിമ്മുനി താൻ
ചേവടിത്താരിണ വേറിട്ടുപോവതി-
നാവതില്ലേതുമേയോർത്തതോറും". **39**

കണ്വമഹർഷിയെ മാത്രമേ രക്ഷാകർത്തൃസ്ഥാനത്ത് ശകുന്തളാപുത്രൻ കാണുന്നത്. ഈശ്വരന് തുല്യമാണ് അദ്ദേഹം. ആ രക്ഷിതാവിനെ വിട്ട് പോക ണമെന്ന് പറയുന്ന അമ്മയെ ചിരിച്ചുകൊണ്ട് പരിഹസിക്കുകയാണ് പുത്രൻ. ബ്രാഹ്മണൻ എന്ന നിലയിലും രക്ഷാകർത്താവ് എന്നനിലയിലും ഭാരതം ഗാഥാ കാരൻ കണ്വമഹർഷിയ്ക്ക് ഉയർന്ന പദവി നൽകിയിട്ടുണ്ട്.

ശാകുന്തളം ആറുദിവസത്തെ ആട്ടക്കഥയിൽ ശകുന്തളയടക്കമുള്ള ആശ്രമവാസികൾക്കും തപോവനപരിസരത്തിനും ശക്തനായ രക്ഷകനായിട്ടാണ് കണ്വമഹർഷിയെ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം ഇല്ലാത്തതുകൊണ്ടാണ് രാക്ഷസാദികൾ ആശ്രമത്തെ അക്രമിക്കുന്നത്. അതിനുള്ള ബദൽ രക്ഷാമാർഗമായിട്ടാണ് ദുഷ്യന്തനെന്ന രക്ഷകൻ എല്ലാവരെയും സംരക്ഷിക്കുന്നത്.

മധ്യകാലകൃതികൾക്ക് ശേഷം കണ്വമഹർഷിയിലെ രക്ഷാകർത്തൃത്വം സൂക്ഷ്മമായി വിലയിരുത്തുന്നത് ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിലാണ്. കണ്വമുനി ശകുന്തളയെ വാത്സല്യാതിരേകത്തോടെ മാറോടണച്ചാണ് സംസാരിക്കുന്നത്. അദ്ദേഹം ദുർവാസാവിനെപ്പോലെയല്ലെന്ന സൂചനയും എഴുത്തുകാരി തരുന്നുണ്ട്. ശകുന്തളയെ യാത്രയാക്കുന്നു കണ്വമുനിയെ അന്തർജ്ജനം അവതരിക്കുന്നത് ഇപ്രകാരമാണ്.

1. കണ്ണീരിറക്കികൊണ്ട് തൊണ്ടയിടറി വിവശനായി.
2. കണ്വൻ അവളെ വാത്സല്യപൂർവ്വം അടിമുടിനോക്കുന്നു.അശ്രു പൊഴിക്കുന്നു. തൊണ്ടയിടറുന്നു.
3. കണ്വൻ ശകുന്തളയെ അരികിൽ വിളിച്ച് വാത്സല്യപൂർവ്വം കൈകൾ ചേർത്തുകൊണ്ട്.
4. മരങ്ങളുടെ നിഴലിൽ ശകുന്തളയുടെ രൂപം മറഞ്ഞതോടെ കണ്വൻ ശാന്തഗംഭീരമായ സ്വരത്തിൽ ഈ പദ്യം(അർത്ഥഓഹി.....)ചൊല്ലുന്നു.

മകളെ അതിയായി സ്നേഹിക്കുന്ന ഗൃഹസ്ഥനായ പിതാവിനെപ്പോലെ തന്നെ അതിസൂക്ഷ്മമായാണ് കണ്വനെ അന്തർജ്ജനം അവതരിപ്പിച്ചതെന്ന് കാണാം. രക്ഷാകർത്താവ് എന്ന നിലയിൽ അദ്ദേഹത്തെ ശകുന്തള അതിയായി ഭയക്കുന്നുണ്ട്. എന്നാൽ വളരെ സംയമനും വാത്സല്യാതിരേകനുമാണ് കണ്വനെന്ന പിതാവ്. മകളെ സ്നേഹിക്കുകയും അവൾക്ക് സമൂഹം ആവശ്യ

പ്പെടുന്ന സുരക്ഷയൊരുക്കുകയും 'കന്യക പരകീയ ഏവ'- ആയതുകൊണ്ട് ഭർത്തൃഗൃഹത്തിലേയ്ക്ക് പറഞ്ഞയച്ച് ചുമതലകൾ നിറവേറ്റിയ നല്ല രക്ഷിതാവാണ് അദ്ദേഹം.

രക്ഷിതാക്കളുടെ ഇടപെടൽ സ്ത്രീജീവിതത്തിൽ വലിയ സ്വാധീനമാണ് ചെലുത്തുന്നത്. അവരുടെ പദവി, സ്ത്രീയുടെ പദവി ഉയർത്തുന്നു. ധർമ്മങ്ങളിൽ നിന്നുള്ള അവരുടെ വ്യതിചലനം,സ്ത്രീജീവിതം പ്രതിസന്ധിയിലാക്കുന്നു. സ്ത്രീകളാകട്ടെ, വിവാഹം പോലുള്ള സുപ്രധാന തീരുമാനങ്ങൾ സ്വയം എടുക്കേണ്ടതല്ല. രക്ഷിതാക്കളുടെ, പ്രത്യേകിച്ചും പുരുഷരക്ഷി താക്കളുടെ അനുവാദമില്ലാതെ ബാല്യയൗവ്വനവാർദ്ധക്യാദികളിൽ യാതൊ ന്നും പ്രവർത്തിക്കരുത്. അപ്രകാരം ചെയ്യുന്ന സ്ത്രീകൾക്ക് ജീവിതം ദുരിതപൂർവ്വമാകാൻ സാധ്യതയുണ്ട്. പുരുഷരക്ഷിതാക്കളുടെ ധർമ്മം,പദവി എന്നിവയും അവർ സ്ത്രീകളുടെ ജീവിതത്തിൽ ചെലുത്താനിടയുള്ള സ്വാധീനവും ശാകുന്തളപുനർനിർമ്മിതികൾ സൂക്ഷ്മമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കാണാം. അത്തരത്തിലുള്ള സാമൂഹികഘടനയിൽ തന്നെയാണ് കേരളത്തിലെ ബഹുഭൂരിഭാഗം സ്ത്രീകളും ഇന്ന് ജീവിക്കുന്നതെന്നും നിരീക്ഷിക്കാം.

**4.10.2 വിശ്വാമിത്രൻ-സ്വധർമ്മം നിറവേറ്റാത്ത രക്ഷാകർത്താവ്**

ക്ഷത്രീയനായിരുന്ന വിശ്വാമിത്രൻ ബ്രാഹ്മണ്യത്വം കിട്ടുവാൻ ആഗ്രഹിക്കുന്നവനും കാമമോഹിതനുമാണ്-എന്നിങ്ങനെ പരിഹസിക്കുന്നത് വ്യാസന്റെ ദുഷ്യന്തനാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അക്കാര്യം എഴുത്തച്ഛൻ ചേർത്തിട്ടേയില്ല. എന്നാൽ ഭാരതംഗാഥാകാരൻ വസിഷ്ഠമുനിയോടുള്ള വൈരാഗ്യത്താൽ വിശ്വാമിത്രൻ ബ്രഹ്മർഷിയാകാൻ പോയത് സവിസ്തരം ചേർത്തിട്ടുമുണ്ട്. ബ്രാഹ്മണ്യത്വം മോഹിച്ച വിശ്വാമിത്രനെന്ന ശകുന്തളാ

പിതാവിനെ പ്രത്യേകം വിമർശനാത്മകമായി കവി ചിത്രീകരിക്കുന്നുണ്ട്. ഒരുദാഹരണം നോക്കുക:-

'ഗാധിതനൂജന്താനിങ്ങനേ തന്നുടെ
ജാതിസ്വഭാവത്തെ കാട്ടുന്നേരം" 44

വസിഷ്ഠ/വിശ്വാമിത്രകഥ ശാകുന്തളോപാഖ്യാനത്തിൽ പ്രത്യേകം ചേർത്തശേഷം വിശ്വാമിത്രനെ മേൽപ്പറഞ്ഞ രീതിയിൽ പരിഹസിക്കാൻ ഭാരതംഗാഥാകാരനെ പ്രേരിപ്പിച്ചത് വ്യാസഭാരതം തന്നെയാണ്. കാമമോഹിതനും ബ്രാഹ്മണ്യപദവി മോഹിച്ച് നടന്നവനുമായ പിതാവിന് ശകുന്തളയെന്ന സ്ത്രീയെ രക്ഷിക്കാനായതില്ലെന്ന് വ്യാസൻ മുതലുള്ളവർ പരിഹസിക്കുന്നുണ്ട്. അതുകൊണ്ടു തന്നെയാവണം വിശ്വാമിത്രനെന്ന ശകുന്തളാപിതാവിനെ മുൻനിർത്തി വള്ളത്തോൾ അച്ഛനും മകളും എന്ന കാവ്യം തന്നെ രചിച്ചത്. ശകുന്തള മാരീചാശ്രമത്തിൽ കഴിയുന്ന ഭാഗം കാളിദാസന്റെ നാടകത്തിലാണ് ഉള്ളത്.അവിടെ സാന്ദർഭികമായി എത്തിച്ചേരുന്ന വിശ്വാമിത്രൻ ശകുന്തളയെയും പുത്രനെയും കാണുന്നു. വിശ്വാമിത്രന്റെ വ്യക്തിപ്രഭാവം വിവരിക്കാൻ ധാരാളം ഭാഗങ്ങൾ വള്ളത്തോൾ കൂട്ടിച്ചേർക്കുണ്ട്. അവ ഇപ്രകാരം ചുരുക്കിപ്പറയാം.

1. സർവദമനനെന്ന ശകുന്തളാപുത്രന്റെ ക്ഷാത്രതേജസ്സും വിശ്വാമിത്രന്റെ ബ്രാഹ്മതേജസ്സും നേത്രരഞ്ജകമായി തോന്നി.
2. തപഃപ്രഭാവം കൊണ്ട് ത്രിശങ്കുസ്വർഗ്ഗം സൃഷ്ടിച്ചവൻ
3. ഗാധേയന്റെ യഥാർത്ഥ തപഃപ്രഭാവം ഒരിക്കൽ കൂടി ലോകം കാണട്ടെ.
4. ബ്രഹ്മാവിനെ വരുത്തി ബലാൽ വാങ്ങിയെടുത്തതാണ് ബ്രഹ്മർഷിപദവി

ഇപ്രകാരം വ്യാസനും ഭാരതംഗാഥാകാരനും പരിഹസിച്ച വിശ്വാമിത്രനെ അമാനുഷികകഥാപാത്രമായി ഗാംഭീര്യത്തോടെയാണ് വള്ള

ത്തോൾ അവതരിപ്പിച്ചത്. എങ്കിലും പിതാവെന്നനിലയിൽ ശകുന്തളയെ രക്ഷി ക്കാഞ്ഞതിൽ വള്ളത്തോളും വിശ്വാമിത്രനെ വിമർശിക്കുന്നുണ്ട്. തന്റെ തപഃശ്ശക്തി കൊണ്ട് ത്യശ്ശങ്കുവിന് വേണ്ടി സ്വർഗ്ഗം പണിഞ്ഞവനായിട്ടും പുത്രി യെ രക്ഷിക്കാനോ വേണ്ടവിധം സഹായിക്കാനോ അയാൾക്ക് കഴിഞ്ഞില്ല. ധ്യാനാദികൾ കൊണ്ട് ലഭിക്കുന്ന ആനന്ദമാണോ കൊച്ചുമകൻ ആലിംഗനം ചെയ്യുമ്പോഴുണ്ടാകുന്ന ആനന്ദമാണോ ഏറ്റവും ആസ്വാദ്യമായതെന്ന് കവി ചോദിക്കുന്നുണ്ട്. ഉത്തരവാദിത്വങ്ങൾ നിറവേറ്റി ലഭിക്കുന്ന ലൗകിക ആനന്ദ മാണ് സന്യാസത്തേക്കാൾ ശ്രേഷ്ഠമെന്ന് കവി കരുതുന്നതായി വ്യാഖ്യാന കാരനും സൂചിപ്പിക്കുന്നുണ്ട്. **45**

ഇതേഭാഗം തിരക്കഥയിൽ ലളിതാംബികാ അന്തർജ്ജനവും പരാർമശി ക്കുന്നുണ്ട്. മുൻകോപിയായിരിക്കെ തന്നെ വിശ്വാമിത്രൻ അതിയായ സ്നേഹ മുള്ളവനുമാണ്. വിശ്വാമിത്രനെ അന്തർജ്ജനം അവതരിപ്പിച്ചിരിക്കുന്നത് നോക്കുക:-

1. വിശ്വാമിത്രൻ വികാരപാരവശ്യത്താൽ പുറത്ത് തലോടി (ശകുന്തളാപു ത്രനെ) ചുംബിക്കുന്നു.**46**
2. വിശ്വാമിത്രന്റെ മുഖത്ത് വിവിധ വികാരങ്ങൾ ഓളം തല്ലുന്നു. സംശ യം,അപരാധം,സന്തോഷം, ശകുന്തളയുടെ കൈപിടിച്ച് വാത്സല്യ പൂർവ്വം.................
3. ശകുന്തള നമസ്കരിക്കുകയും വിശ്വാമിത്രൻ അനുഗ്രഹിക്കുകയും ചെയ്യുന്നു. മകളെ ആലിംഗനം ചെയ്ത് വിശ്വാമിത്രൻ **47**.
4. വിശ്വാമിത്രൻ കോപാക്രാന്തനായി(ഭർത്തൃനിരാസകഥയറിഞ്ഞ്)
5. ശപിക്കാനായി മുഷ്ടിചുരുട്ടി നെഞ്ചിൽ നിൽക്കുന്നു.ശകുന്തള പരിഭ്രമിച്ച് ആ കൈകളിൽ പിടിച്ചുകൊണ്ട് (ഭർത്താവിനെ ശപിക്കരു തെന്ന് ആവശ്യപ്പെടുന്നു.) ***48***
6. വിശ്വാമിത്രൻ സ്വന്തംകുറ്റം മനസ്സിലാക്കി ആലോചിച്ചു നിൽക്കുന്നു.

7. വിശ്വാമിത്രൻ നിറകണ്ണുകളോടെ വിറതൊണ്ടയിൽ അനുഗ്രഹിക്കുന്നു. ആശ്ലേഷിക്കുന്നു. അച്ഛനും മകളും നിർവൃതിയിൽ ലയിച്ചു നിൽക്കുന്നു. **49**

തിരക്കഥയിൽ വള്ളത്തോളിന്റെ കാവ്യത്തെ മുൻനിർത്തി തനതായ രീതിയിൽ വിശ്വാമിത്രനെന്ന പിതാവിനെ പുനരാവിഷ്കരിക്കുകയാണ് അന്തർജ്ജനം ചെയ്തത്. ആരണധർമ്മശാസ്ത്രാദികളുടെയും കൊളോണിയൽ ആധുനികതയുടെയും രക്ഷാകർത്തൃസങ്കല്പത്തോടൊപ്പം എഴുത്തുകാരിയുടെ നിലപാടും ചേർന്നാണ് വിശ്വാമിത്രൻ രൂപപ്പെട്ടിരിക്കുന്നത്. മകളെ ഉപേക്ഷിക്കുകയെന്ന അപരാധവും ജാമാതാവിനെ ശപിക്കാൻ ശ്രമിച്ച തെറ്റും അയാളെ ഓർമ്മപെടുത്താൻ എഴുത്തുകാരി ശ്രദ്ധിച്ചു. "അച്ഛൻ എനിക്കൊരു ഓർമ്മ മാത്രമായിരുന്നു" എന്ന ശകുന്തളയുടെ വാക്കുകൾ വിശ്വാമിത്രനെ ധർമ്മസങ്കടത്തിലേക്ക് എത്തിച്ചു. മകളുടെ പിതാവ് ചെയ്യേണ്ട ധർമ്മങ്ങൾ മുൻനിർത്തി എഴുത്തുകാരിക്ക് പറയാനുള്ളതെല്ലാം വിശ്വാമിത്രനെന്ന പാത്രസൃഷ്ടിയിൽ അവർ നടത്തിയതായി കാണാം.

സ്ത്രീയ്ക്ക് പുരുഷനായ രക്ഷിതാവ് ഉണ്ടായിരിക്കണമെന്ന് നിർബന്ധമാക്കിയത് ബ്രാഹ്മണജ്ഞാനപദ്ധതികളിലാണെന്ന് വേദാദികൾ മുതലുള്ള പഠനത്തൽ നിന്ന് വ്യക്തമാണ്. കേരളത്തിൽ എഴുത്തച്ഛൻ കിളിപ്പാട്ടുകളിലൂടെ യാണ് മനുസ്മൃതിയിലെ രക്ഷാകർത്തൃസങ്കല്പം അവതരിപ്പിച്ചത്. എന്നാൽ കേരളത്തിൽ അപ്രകാരമുള്ള രക്ഷാകർത്തൃത്വം സാർവത്രികമായത് കൊളോണിയൽ ആധുനികതയിലാണ്. വിശുദ്ധസ്ത്രീയുടെ പുരുഷരക്ഷിതാക്കൾക്ക് ധർമ്മത്തിലധിഷ്ഠിതമായ കർമ്മങ്ങൾ നിർദ്ദേശിച്ചത് ശാകുന്തളപുനർനിർമ്മിതികളിലുണ്ട്. രക്ഷിതാക്കളില്ലാത്തതോ അവരെ അനുസരിക്കാത്തതോ ആയ സ്ത്രീകളെ പിൽക്കാലത്തും എഴുത്തുകാർക്ക് സ്വീകാര്യമല്ലായിരുന്നുവെന്ന് നിരീക്ഷിക്കാനാകും. പുരുഷരക്ഷിതാക്കൾക്ക് കീഴിൽ

അടങ്ങി ജീവിക്കുന്നവളാണ് നല്ലസ്ത്രീയെന്നത് ഇന്നും സമൂഹത്തിന്റെ അബോധത്തിലുണ്ട്.

ശ്രുതിസ്മൃതികളിലെ രക്ഷാകർതൃസങ്കൽപ്പത്തിന് ആധുനികതയുടെ കാലത്ത് ചെറിയ മാറ്റങ്ങളുണ്ടാകുന്നു. കടമകൾ നിർവ്വഹിക്കാത്ത പുരുഷ രക്ഷിതാവ് വിമർശിക്കപ്പെടുന്നത് ഇക്കാലത്തിറങ്ങിയ ശാകുന്തള പുനരാഖ്യാനങ്ങളിലുണ്ട്. അമ്മയെന്ന നിലയിൽ മേനകയ്ക്കുള്ള പ്രാധാന്യവും ആധുനികതയ്ക്കു ശേഷമുള്ള കൃതികളിൽ വിവരിച്ചു കാണുന്നു. ശിശുസംരക്ഷണത്തിൽ മാതാവും പിതാവും ഒരുപോലെ പ്രയത്നിക്കേണ്ടതാണ്. ഭർതൃസംരക്ഷണം ലഭിക്കാത്തതിൽ ആധുനികതയ്ക്കു ശേഷമുള്ള നിർമ്മിതികളിലെ ശകുന്തള അസ്വസ്ഥയാണ്. തന്റെ തെറ്റ് കൊണ്ട് മകന് ലഭിക്കാനിരിക്കുന്ന സൗഭാഗ്യങ്ങൾ നഷ്ടമാകരുതെന്ന് അവൾ കരുതുന്നു. ചുരുക്കത്തിൽ പുരുഷരക്ഷാകർത്താക്കളുടെ ധർമ്മം, അലംഭാവം, വിമർശനം എന്നിവ ശാകുന്തളപുനർനിർമ്മിതികളിൽ പ്രശ്നവൽക്കരിക്കുന്നുണ്ടെന്ന് നിരീക്ഷിക്കാം.

## കുറിപ്പുകൾ

1.അഭിജ്ഞാനശാകുന്തളം-കാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണമാരാർ, മാരാർ

സാഹിത്യപ്രകാശം, കോഴിക്കോട്,അഞ്ചാം പതിപ്പ്,2012,പു.130.

2. ജൂലിയാ ഡേവിഡ്,*മുണ്ടശ്ശേരിയുടെ ശകുന്തള,* മലയാളനിരൂപണം പുനർവായനകൾ, മലയാളപച്ച, (റിസർച്ച് ജേർണൽ, മലയാള വിഭാഗം KKTM ഗവ കോളേജ് കൊടുങ്ങല്ലൂർ, ഫെബ്രുവരി, 2018),പു. 290,291.

3. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം:സംശോധിതസംസ്കരണം-ഡോ പി. എം വിജയപ്പൻ, കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998, പു.225.

4. അതേ പുസ്തകം, പു. 228.

5.ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരളസാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു. 29.

6.അതേ പുസ്തകം, പു. 28.

7. അതേ പുസ്തകം, പു. 35.

8.അതേ പുസ്തകം, പു. 35,36.

9.നൂറ്റിഒന്ന് ആട്ടക്കഥകൾ,സമാ:ഡോ. എസ്.കെ.നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം,(നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ഒന്നാം പതിപ്പ്, 1979), പു.457.

10.അതേ പുസ്തകം, പു.463.

11. അതേ പുസ്തകം, പു. 482.

12..അതേ പുസ്തകം, പു. 499.

13..അതേ പുസ്തകം, പു. 506.

14. .അതേ പുസ്തകം, പു.463.

15. അതേ പുസ്തകം, പു. 478.

16.സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും,*

(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ,ഒന്നാംപതിപ്പ്,1977),പു.145

17.അതേ പുസ്തകം, പു. 147.

18.അതേ പുസ്തകം, പു. 149.

19.അതേ പുസ്തകം, പു. 150.

20.അതേ പുസ്തകം, പു. 152.

21. അച്ഛനും മകളും,അവതാരിക:വിദ്വാൻ സി. എസ്. നായർ, വള്ളത്തോളിന്റെ കവിതകൾ,( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു. 343.

22.അതേ പുസ്തകം, പു. 344.

23..തായാട്ട് *ശങ്കരൻ*,*വള്ളത്തോൾ നവയുഗത്തിന്റെ കവി*,(വള്ളത്തോൾ വിദ്യാപീഠം,ശുകപുരം,ഒന്നാംപതിപ്പ്,1986), പു. 269.

24. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്,*ഭർത്തൃപരിത്യക്തയായ ശകുന്തള*, (മലയാള മനോരമ,കോട്ടയം,ഒന്നാം പതിപ്പ്,1920),പു.5.

25.അതേ പുസ്തകം, പു. 6.

26.*ശകുന്തള*, കെ.പി.കുഞ്ഞുലക്ഷ്മി അമ്മ, (മംഗളോദയം,തൃശ്ശൂർ,ഒന്നാം പതിപ്പ് 1947), പു. 6.

27.അതേ പുസ്തകം, പു. 7.

28. ടി. അമ്മുക്കുട്ടിയമ്മ, സ്ത്രീവിദ്യാഭ്യാസം, (ശാരദ,ലക്കം 1, 1905), പു. 5.

29. ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ*,(കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്,തിരുവനന്തപുരം,2010),പു. 69.

30.അതേ പുസ്തകം, പു. 6.

31.അതേ പുസ്തകം, പു. 57.

32. തോപ്പിൽ ഭാസി, *ശാകുന്തളം,* (ഡി സി. ബുക്ക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 1987),പു.51.

33. ഏ. ആർ. രാജരാജവർമ്മ, മലയാള ശാകുന്തളം,വ്യാ: സി. ജെ. മണ്ണുംമൂട് ,(സി.ജെ.എം. പബ്ലിക്കേഷൻസ്,കോട്ടയം,1988),പു. 89.

34. തോപ്പിൽ ഭാസി, *ശാകുന്തളം,* (ഡി സി. ബുക്ക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 1987),പു.97.

35.അഭിജ്ഞാനശാകുന്തളം-കാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണമാരാർ, (മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്,അഞ്ചാം പതിപ്പ്,2012),പു. 99.

36.അതേ പുസ്തകം, പു. 109.

37.അതേ പുസ്തകം, പു. 111.

38.തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം:സംശോധിതസംസ്കരണം-ഡോ പി. എം വിജയപ്പൻ, കറന്റ്ബുക്ക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998, പു.229.

39.ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരളസാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.40.

40.ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ,*(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2010),പു.62.

41.അതേ പുസ്തകം, പു. 63.

42.അതേ പുസ്തകം, പു. 67.

43.അതേ പുസ്തകം, പു. 69.

44.ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരളസാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.31.

45.അച്ഛനും മകളും,അവതാരിക:വിദ്വാൻ സി. എസ്. നായർ, വള്ളത്തോളിന്റെ കവിതകൾ,( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു.341.

46.ളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ,*(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2010),പു.88.

47.അതേ പുസ്തകം, പു. 89.

48. അതേ പുസ്തകം, പു. 90

49.അതേ പുസ്തകം, പു. 91.

# അധ്യായം അഞ്ച്

# ഭാര്യഭർത്ത്യബന്ധവും സ്ത്രീപദവിയും

ഭാര്യ എന്ന പദത്തിന് ശബ്ദതാരാവലി ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ1 എന്നാണ് അർഥം നൽകുന്നത്.ഭരിക്കുന്നവൻ എന്നതാണ് ഭർത്താവിന് അർഥം. 2 ഭാരതീയസാംസ്കാരികപരിപ്രേക്ഷ്യത്തിൽ യജമാനന് ഭരിക്കുവാനുള്ള വിഭാഗങ്ങളിൽപ്പെടുന്നവളാണ് ഭാര്യ. കുടുംബഘടനയിലാക ട്ടെ പതിഭക്തിയോടെ ജീവിച്ച് ഭർത്താവിനാൽ സംരക്ഷിക്കപ്പെടേണ്ട ഭാര്യയാ യാണ് സ്ത്രീയെ നിർണ്ണയിച്ചിട്ടുള്ളത്. സഹശയനം, സന്താനോത്പാദനം,എന്നീ കടമകൾ നിറവേറ്റി കഴിയാനായി വിഭാവനം ചെയ്തിട്ടുള്ള ഭദ്രമായ ദാമ്പത്യ-കുടുംബഘടനയ്ക്കുള്ളിൽ സ്ത്രീ സ്വത്വം എന്നത് തീർത്തും അന്യമാണ്.3 കേരളത്തിൽ ഉണ്ടായിരുന്ന മരുമക്കത്തായ വ്യവസ്ഥയ്ക്ക് ബദലായി ആധുനി കതയുടെ കാലത്ത് രൂപീകരിച്ച മക്കത്തായ വ്യവസ്ഥ; പരമ്പരാഗത സവർണ്ണ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. അതിന് വേദാദി- ശ്രുതി സ്മൃതികളി ലൂടെ രൂപപ്പെട്ട ഘടനയായിരുന്നു ഉണ്ടായിരുന്നത്. അത്തരം കുടുംബഘ ടനയിലെ സ്ത്രീപ്രതിനിധാനം ശാകുന്തളപുനർനിർമ്മിതികളിൽ ദർശിക്കാം.

### 5.1 ആരാണ് ഭാര്യ

കാമുകീകാമുകന്മാർ, ഭാര്യാഭർത്താക്കന്മാർ എന്നിങ്ങനെ രണ്ടുതരം ബന്ധങ്ങളാണ് ശകുന്തളയും ദുഷ്യന്തനും തമ്മിൽ ഉണ്ടായിരുന്നത്. അതിൽ എഴുത്തച്ഛൻ ഏറ്റവും അധികം പ്രാധാന്യം കൊടുത്ത ബന്ധം ഭാര്യാഭർത്താ ക്കന്മാരുടേതാണ്. ഭാര്യയുടെ കർമ്മാധിഷ്ഠിതധർമ്മങ്ങൾ, പുരുഷന് ഭാര്യയി ലൂടെ ലഭിക്കുന്ന ഉയർന്ന സാമൂഹികസ്ഥാനം-എന്നിങ്ങനെ ഗാർഹസ്ഥ്യ ജീവിതത്തെക്കുറിച്ച് നിരവധി ചിന്തകൾ ശകുന്തളോപാഖ്യാനത്തിലുണ്ട്. വ്യാ സകൃതിയിലെ ശകുന്തളാഭാഷണത്തിൽ ആരാണ് ഭാര്യ എന്ന് ചേർത്തിട്ടുണ്ട്. അത്തരം ആശയങ്ങൾ ഒന്നുകൂടെ ശക്തമായി അവതരിപ്പിക്കാനുള്ള ശ്രമ ങ്ങളാണ് എഴുത്തച്ഛൻ നടത്തുന്നത്. ഗാർഹസ്ഥ്യത്തിനു പ്രാധാന്യമുള്ളതും,

പുരുഷകേന്ദ്രീകൃതകുടുംബവ്യവസ്ഥ രൂപം കൊള്ളുന്നതിന്റെയും ദൃഷ്ടാന്ത ങ്ങളാണ് വ്യാസഭാരതത്തിലുള്ളത്. പ്രസ്തുത വസ്തുത ശകുന്തളോപാഖ്യാനത്തി ലും കാണാം. അതേഭാഗം കുറേക്കൂടെ തീവ്രമായ ഭാഷയിൽ, വിശദമായി തന്നെയാണ് എഴുത്തച്ഛൻ ചേർത്തിട്ടുള്ളത്.

**5.1.1 സ്ത്രീകൾക്ക് ഭർത്തൃസേവനമാണ് നല്ലത്.**

ശൂദ്രാദികൾ എപ്രകാരമാണോ ബ്രാഹ്മണർക്ക് പാദസേവനം ചെയ്തിരുന്നത്, അപ്രകാരം സ്ത്രീകൾ ഭർത്താക്കന്മാർക്ക് സേവനം ചെയ്യേണ്ടതു ണ്ടെന്ന് എഴുത്തച്ഛൻ അഭിപ്രായപ്പെടുന്നു. പതിവ്രതമാരായ കുലസ്ത്രീകൾക്ക് അതിലും വലിയ കർമ്മമില്ലെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. കിളിപ്പാട്ടിൽ കണ്വമുനി ശകുന്തളയോട് ഭർത്താവിന്റെ സമീപത്തേക്ക് പോകണമെന്ന് പറയുന്നത് ഇപ്രകാരമാണ്:-

"ദേവകൾക്കെലാം വിഷ്ണു ദേവതയല്ലോ, ഭൂമി-
ദേവന്മാർക്കെല്ലാമഗ്നിതാനും ബ്രഹ്മാവ് ദൈവം
ലോകങ്ങൾക്കെല്ലാം ദൈവം ബ്രാഹ്മണരെന്നു നൂനം.
മൂർഖനാകിലും ഭർത്താ നാരിമാർക്കെല്ലാം ദൈവം
ചേതസാ വാചാ വൃത്ത്യാ കർമ്മണാ ഭർത്താവിനെ-
സാദരം ശുശ്രൂഷിക്ക നല്ലതു നിങ്ങൾക്കെല്ലാം.
അതിലും പതിവ്രതമാരായ കുലസ്ത്രീകൾ-
ക്കതിനുമീതേയൊരു ധർമ്മമില്ലറിക നീ.
ഗതിയും വരു,മിഹലോകസൗഖ്യവും വരും
പതിശുശ്രൂഷണം കൊണ്ടെന്നു ചൊല്ലുന്നു വേദം".**4**

സ്ത്രീകൾക്ക് ഭർത്തൃസേവനമാണ് ഏറ്റവും പ്രധാന കർമ്മമെന്നും എഴുത്തച്ഛൻ കണ്വമുനിയുടെ വാക്കുകളിലൂടെ സൂചിപ്പിക്കുന്നുണ്ട്. ഭർത്തൃ

ഭവനത്തിൽ ചേതസാ, വാചാ, വൃത്ത്യാ ഭർത്താവിനെ സാദരം സേവിക്കേണ്ട ത് സ്ത്രീകളുടെ ധർമ്മമാകുന്നു. എല്ലാ ലോകത്തിനും ദൈവമായിട്ടുള്ളത് ബ്രാഹ്മണനാണ്. അതുപോലെ മൂർഖനാണെങ്കിൽ പോലും നാരിയുടെ ദൈവം ഭർത്താവാണ്. ഇത്തരത്തിൽ ഒരു ഭാഗം വ്യാസരചനയിൽ ഇല്ല. കാളിദാസനെ കണ്വോപദേശം മുൻനിർത്തി ഭാരതംകിളിപ്പാട്ടിൽ എഴുത്തച്ഛൻ കൂട്ടിച്ചേ ർത്തതാണിത്. അതാകട്ടെ, ശ്രുതിസ്മൃതികളിലെ ഭാര്യാധർമ്മങ്ങളുടെ ആവർ ത്തനമാണെന്ന് കാണാം. താൻ വേദാദികളെ മുൻനിർത്തിയാണ് ഇപ്രകാരം പറയുന്നതെന്ന് കവി സൂചിപ്പിക്കുന്നുമുണ്ട്. അതുകൊണ്ടു തന്നെ വേദാദി കളിലും ശ്രുതിസ്മൃതികളിലും പരാമർശിക്കുന്ന കുലീനസ്ത്രീ തന്നെയാണ് നല്ല ഭാര്യ. ബ്രാഹ്മണസ്ത്രീകളെ മാതൃകയാക്കി നല്ല ഭാര്യയാവാനാണ് ശകുന്ത ളയ്ക്ക് അദ്ദേഹം നിർദ്ദേശം നൽകുന്നത്.

**5.1.2 മാതൃകാ ഭാര്യ**

രാജസന്നിധിയിലെത്തുന്ന ശകുന്തളയെയും പുത്രനെയും രാജാവ് നിരസിക്കുന്ന ഭാഗത്ത് ശകുന്തള; വ്യാസഭാരതത്തിൽ സംസാരിക്കുന്നതു പോലെ കിളിപ്പാട്ടിലും സംസാരിക്കുന്നുണ്ട്. *ആരാണ് ഭാര്യ* എന്നതിനെ ക്കുറിച്ച് സുദീർഘമായാണ് ശകുന്തള സംസാരിക്കുന്നത്.

"ഭാര്യയാകുന്നതവളെവൾ മന്ദിരദക്ഷ
ഭാര്യയാകുന്നതവളെവൾ സൽപ്രജാവതി
ഭാര്യയാകുന്നതവളെവൾ വല്ലഭപ്രാണ
ഭാര്യയാകുന്നതവളതിഥിപ്രിയയെവൾ
പാതിയും മനുഷ്യനു ഭാര്യയെന്നറിഞ്ഞാലും
മേദിനീപതേ! ഭാര്യ വലിയ സഖിയല്ലോ.
ധർമ്മാർത്ഥകാമങ്ങൾക്കു കാരണം ഭാര്യയത്രേ
കർമ്മികളാകുന്നതും ഭാര്യാവത്തുക്കളത്രേ

ബന്ധുനാമാകുന്നതും ഭാര്യയുള്ളവനത്രെ
സന്തതം ഗൃഹസ്ഥന്മാർ ഭാര്യാവത്തുക്കളത്രേ
ഭാര്യാവത്തുക്കളത്രേ സന്തോഷിച്ചീടുന്നതും
ഭാര്യാവത്തുക്കളത്രേ നിശ്ചലശ്രീമത്തുകൾ
വിവിക്തവാസത്തിങ്കൽ തുണയും ഭാര്യയത്രേ
പ്രവൃത്തിക്കനുകരിക്കുന്നതും ഭാര്യയത്രേ.
അശാന്തം പ്രിയം പറയുന്നതും ഭാര്യയത്രേ
വിശ്വസ്യനാകുന്നതും ഭാര്യയുള്ളവനത്രേ
സാക്ഷിയായീടുന്നതും ഭാര്യയുള്ളവനത്രേ
മോക്ഷത്തെസ്സാധിപ്പതും ഭാര്യയുള്ളവനത്രേ" 5

മന്ദിരദക്ഷ,സൽപ്രജാവതി, വല്ലഭപ്രാണ,അതിഥിപ്രിയ എന്നിങ്ങനെയാണ് ഭാര്യയുടെ കർമ്മാധിഷ്ഠിത വിശേഷണമുള്ളത് .പരുഷന്റെ അർധഭാഗമാണ് അവൾ. അവന് പുരുഷാർത്ഥലബ്ധിയ്ക്ക് നിദാനമാകുന്നതും അവളുമായുള്ള ബന്ധമാണ്.സ്ഥിരമായ ഐശ്വര്യം പുരുഷന് ലഭിക്കുന്നത്, ഭാര്യയുള്ളതിനാലാണ്. ഏകാന്തതയിൽ തുണയാകുന്നതും പ്രിയം പറയുന്നതും ഭാര്യയാണ്. മോക്ഷലബ്ധി നേടുന്നതും ഭാര്യയുള്ളവരാണ്-ഇപ്രകാരം അതിസൂക്ഷ്മമായി, വ്യാസഭാരതത്തെക്കാൾ വ്യക്തമായി ഭാര്യാഭർത്തൃബന്ധത്തെ എഴുത്തച്ഛൻ വിലയിരുത്തുന്നു. ശാകുന്തളത്തിലെ വളരെവലിയ ഭാഗങ്ങളെല്ലാം വിട്ടു കളഞ്ഞ എഴുത്തച്ഛന് മേൽപ്പറഞ്ഞഭാഗം ഉപേക്ഷിക്കാമായിരുന്നെങ്കിലും അപ്രകാരം ചെയ്തില്ല. മറിച്ച്, മറ്റുചില കാര്യങ്ങൾ പുതുതായി, അദ്ദേഹം ശകുന്തളയെക്കൊണ്ട് പറയിക്കുന്നു. അവയാകട്ടെ മൂലകൃതിയിലില്ലാത്തതാണെന്നും ശ്രദ്ധിക്കേണ്ടതുണ്ട്. അതുചേർത്തു വായിക്കുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാകൂ.

### 5.1.3 എഴുത്തച്ഛൻ നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്ന ബന്ധങ്ങൾ

എഴുത്തച്ഛൻ നിലവിലുള്ള കുടുംബബന്ധങ്ങളെ മുൻനിർത്തി ചില വ്യത്യസ്തമായ ചിന്തകൾ അവതരിപ്പിക്കുന്നു. ചില മാറ്റങ്ങൾ കുടുംബത്തിലെ സ്ത്രീപുരുഷന്മാർക്കിടയിൽ ഉണ്ടാകണമെന്ന് അദേഹം ആഗ്രഹിക്കുന്നു. അത്തരം ചിന്തകൾ വ്യാസ-കാളിദാസകൃതികളിൽ ഇല്ലാത്തതും എഴുത്തച്ഛൻ സൃഷ്ടിച്ചെടുത്തതാണെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കുലസ്ത്രീകളായി മാറേണ്ട കേരളത്തിലെ മധ്യകാല സ്ത്രീകളെക്കുറിച്ച് എഴുത്തച്ഛന് ചില നിരീക്ഷണങ്ങളുണ്ട്. അത്തരം സ്ത്രീകൾ അപരന്റെ ബീജം ഗ്രഹിക്കുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള കുലസ്ത്രീകൾ നരകത്തിലാണ് എത്തിച്ചേരുന്നത്.

"പരബീജത്തെ ഗ്രഹിച്ചീടിന കുലസ്ത്രീകൾ
നരകം പ്രാപിക്കുന്നു, കുലവും നശിപ്പിക്കും
പരനാൽ ജനിതൻമാരായുള്ള പുത്രന്മാരെ-
പ്പരൻമാരെന്നുതന്നെ ചൊല്ലുകേവേണ്ടൂ നൂനം
പുത്രന്മാരായീടുന്ന ശത്രുക്കളെവരല്ലോ
വൃദ്ധനെന്നവമാനിച്ചേത്രയും ദ്വേഷിക്കയും
ധിക്കരിക്കയും ചൊന്നാലൊന്നുമേ കേളായ്കയും
ദുഃഖം വർദ്ധിക്കുമാറു ശുശ്രൂഷിക്കയും പക്ഷേ
"മക്കളെയുണ്ടാക്കുവാൻ ഞങ്ങൾ പണ്ടുണ്ടോ ചൊല്ലി
ശിക്ഷിപ്പാനെന്തു മൂലം ഞങ്ങളെയിവ" നെന്നും
മന്മഥവിവശനായമ്മയെക്കണ്ടു മോഹി-
ച്ചുന്മദമോടു ചെയ്ക സമ്മതക്കേടിന്നിപ്പോൾ
കല്മഷമാകുന്നതു ധർമ്മത്തെ മറക്കയാൽ
മർമ്മങ്ങൾ ഞങ്ങളോട് പറഞ്ഞാലെന്തു ഫലം ?
ഇത്തരം ഭർത്സിച്ചീടും പരജാതന്മാരായ

പുത്രന്മാരവരെയും ലാളിക്കും പിതാവേറ്റം. 6

പരബീജം ഗ്രഹിച്ച സ്ത്രീകൾ,പരജാതന്മാരായ പുത്രന്മാർ എന്നിങ്ങനെ പുരുഷനെ ബാധിക്കുന്ന ചില പ്രശ്നങ്ങൾ എടുത്തുപറയാൻ എഴുത്തച്ഛൻ ആഗ്രഹിക്കുന്നു. അത് രണ്ടിനും കാരണമാവുന്നത്, സ്ത്രീയാണ്. സ്വന്തരക്തത്തിൽ ജനിച്ച പുത്രന്മാരെ ഉറപ്പു വരുത്തുന്നത് ഭാര്യയിലൂടെയാണ്. അങ്ങനെയല്ലാതുള്ള പുത്രന്മാർ പുരുഷന് വാർദ്ധക്യത്തിൽപ്പോലും സമാധാനം നൽകുകയില്ല. തന്റെ മാതാവുമായി അയാൾക്കുള്ള ബന്ധത്തെ മുൻനിർത്തി പുത്രന്മാർ അധിക്ഷേപിക്കാനിടയുണ്ട്. അതുകൊണ്ട് ഉറപ്പുള്ള ഭാര്യ എന്ന ബന്ധം നിലനിർത്തി രക്തബന്ധമുള്ള പുത്രനെ സ്വീകരിക്കുന്നതാണ് അഭികാമ്യം. അദ്ദേഹം തുടർന്ന് പറയുന്നത് ഇപ്രകാരമാണ്:-

"മലയോദ്ഭവമായ ചന്ദനത്തിലുമേറ്റ-
മലിയും ത്വഗിന്ദ്രിയം സുതനെ പുൽകുന്നേരം.
സ്നിഗ്ദ്ധമാരായ വേശ്യമാരുടെ ശരീരവും
സ്നിഗ്ദ്ധമാം വാസോരത്നജാലമെന്നിവറ്റിലും
പുത്രദേഹാലിംഗനമെത്രയും സുഖമേറും
പുത്രസ്പർശനത്തിൽപരം സ്പർശനസുഖമില്ല
കാലു രണ്ടായുള്ളോരിൽ ശ്രേഷ്ഠൻ ബ്രാഹ്മണനല്ലോ
നാലുകാലുള്ളവരിൽ ശ്രേഷ്ഠത്വം പശുവിനും
ഗൗരവമുള്ളവരിൽ ശ്രേഷ്ഠത്വം ഗുരുവിനും
കാരുണ്യമുള്ളവരിൽ ശ്രേഷ്ഠത്വം മുകുന്ദനും
സ്പർശനവസ്തുക്കളിൽ ശ്രേഷ്ഠത്വം തനയനും
സ്പർശന സുഖമനുഭവിക്ക ഭവാനിപ്പോൾ
സുതന്റെ മൂർദ്ധാവിങ്കൽ ഘ്രാണിച്ചു മനുജന്മാർ
പ്രതിനന്ദിച്ചീടുന്നു നൃപതി ശിഖാമണേ!
ജാതകർമ്മത്തിങ്കലേ വേദമന്ത്രവും തവ
ചേതസി പാഠമല്ലോ മൂഢനല്ലല്ലോ ഭവാൻ"?7

വലിയൊരു ഉപദേശമാണ് ക്ഷത്രീയപുരുഷന്മാർക്ക് ശകുന്തളയിലൂടെ എഴുത്തച്ഛൻ നൽകുന്നത്. നിലവിലുള്ള ശ്രേണീബദ്ധസമൂഹത്തിൽ ശ്രേഷ്ഠതയുള്ളത് ബ്രാഹ്മണന്മാർക്കാണ്. അതേപോലെ സ്പർശനവസ്തുക്കളിൽ ശ്രേഷ്ഠതയുള്ളത് പുത്രനാണ്. ത്വക്ക് എന്ന ഇന്ദ്രിയം ചന്ദനത്തേക്കാളുമധികം അലിയുന്നത് പുത്രനെ പുല്കുമ്പോഴാണ്. മൃദുവും സുന്ദരവുമായ വേശ്യമാരുടെ ശരീരത്തേക്കാളും, ആഭരണാദിയേക്കാളും സ്പർശനസുഖമേറുന്നത് പുത്ര ദേഹാലിംഗനത്തിനാണ്. പുത്രനെ സ്പർശിക്കുന്നതിൽപ്പരം ആനന്ദം ഒരു പുരുഷന് വേറെ ലഭിക്കാനില്ല. ബ്രാഹ്മണൻ,പശു,ഗുരു,മുകുന്ദൻ എന്നിവർക്കുള്ള ശ്രേഷ്ഠത്വം ഓരോ സംവർഗ്ഗത്തിലും ഉൾപ്പെടുത്തി നിരീക്ഷിക്കുന്ന എഴുത്തച്ഛൻ സ്പർശനവസ്തുക്കൾ എന്ന ഗണത്തിൽ പുത്രനെ ഉൾപ്പെടുത്തുകയാണ്. അതിൽ ശ്രേഷ്ഠത പുത്രനാണ് നൽകുന്നത്. ആ പുത്രനെ ചേർത്ത് മൂർദ്ധാവിൽ ഘ്രാണിക്കുന്ന *'മനുജന്മാർ'* ആനന്ദിക്കുന്നു. ഇത്തരം ഉപദേശങ്ങളിലെല്ലാം ബ്രാഹ്മണജ്ഞാനപദ്ധതി നിർദേശിക്കുന്ന പുരുഷമാതൃകയാണ് കവി. *"ജാതകർമ്മത്തിലുള്ള വേദമന്ത്രം നിന്റെ ചേതസ്സിൽ പാഠമായിട്ടില്ലേ, ഭവാൻ മൂഢനല്ലല്ലോ"* എന്ന അവസാന ചോദ്യത്തിൽ നിന്നും; താൻ ഇത്രയും കാര്യങ്ങൾ ഉദ്ബോധിപ്പിച്ചത് മേൽപ്പറഞ്ഞ പ്രത്യയ ശാസ്ത്രത്തെ മുൻനിർത്തിയാണെന്ന് കവി തന്നെ സൂചിപ്പിച്ചതായി നിരീക്ഷിക്കാം. ഭർത്താവ്, ഭാര്യ, പുത്രൻ എന്നിവരെക്കുറിച്ച് എഴുത്തച്ഛന് നിലവിലുള്ള ധാരണകളിൽ നിന്നും വ്യത്യസ്തമായത് പറയാനുണ്ട്. നിലവിലുള്ള വ്യവസ്ഥ മാറേണ്ടതുണ്ടെന്ന നിരീക്ഷണം അതിശക്തമായി കവി ഉന്നയിക്കുന്നു .ബഹുലതയാർന്ന ലൈംഗിക ജീവതത്തിൽ നിന്നും വ്യത്യസ്തമായി ഏകഭാര്യ-ഭർത്താവ് എന്ന സങ്കല്പം വേദാദികളെ മുൻനിർത്തിയാണ് എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്.

നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി പുരുഷന് പ്രാധാന്യമുള്ള ഒരു കുടുംബവ്യവസ്ഥ എഴുത്തച്ഛൻ ശകുന്തളകഥയിലൂടെ നിർമ്മി

ച്ചെടുക്കുന്നു. ബഹുലൈംഗികത വാർദ്ധക്യകാലത്ത് പുത്രാദികളിലൂടെ വിമർശിക്കപ്പെടാനിടയുണ്ട്. അതിലും നല്ലത് വേദാദികളിലെ ഭാര്യാഭർത്തൃ ബന്ധമാണ്. അവ പുരുഷന് ഉയർന്ന പദവി നൽകുന്നതാണ്. എന്നിട്ടും അത് തിരിച്ചറിയാത്തത് പുരുഷൻ വിഡ്ഢിയായതു കൊണ്ട് മാത്രമാണ്. എഴുത്തച്ഛൻ *ശാകുന്തളോപാഖ്യാനം* പ്രത്യേക ലക്ഷ്യത്തോടെയാണ് നിർമ്മിച്ചെടുത്തത്. ഭർത്തൃസേവനമെന്ന കർമ്മാധിഷ്ഠിതമേഖല സ്ത്രീയ്ക്കും അവൾക്കു മുകളിലുള്ള ഭർത്തൃപദവി പുരുഷനുമായി അദ്ദേഹം വിഭജിച്ചു നൽകുന്നതായി കാണാം.

### 5.2 മരുമക്കത്തായവ്യവസ്ഥയിലെ ഭാര്യ

ഭാരതംഗാഥ വ്യത്യസ്തമായ നിരീക്ഷണങ്ങളാണ് ഭാര്യാഭർത്തൃ ബന്ധത്തെ കുറിച്ച് നൽകുന്നത്. കവിയുടെ സാമൂഹികവീക്ഷണം, ഇടപെടലുകൾ എന്നിവ ശകുന്തളാദുഷ്യന്തന്മാരുടെ ബന്ധനിർവ്വചനത്തിലും കാണാം. ദുഷ്യന്തൻ വിവാഹാഭ്യർത്ഥന നടത്തുന്നത് ഇപ്രകാരമാണ് കവി ചേർത്തത്:-

"കായും കിഴങ്ങും ഭുജിച്ചു കൊണ്ടിങ്ങനെ
കാനനം മേവുകയല്ല നല്ലൂ.
ഹാരങ്ങളംഗദജാലങ്ങളിത്തര-
മോരൊന്നേ പൂണ്ടുകൊണ്ടമ്പിനോടു
ചിത്തകുതൂഹലം പൂണ്ടു രമിക്കേണ-
മുൾത്താരിൻ ചേർന്നോരു ഭർത്താവുമായ്.
സുന്ദരമായൊരു മന്ദിരം തന്നിലേ
നിന്ന് വിളങ്ങുക വേണ്ടതിപ്പോൾ."8

മുനികന്യകയെപ്പോലെ കായും പഴങ്ങളും മാത്രം കഴിച്ചു ജീവിക്കാതെ, അലങ്കാരാദികളോടെ ആഗ്രഹിക്കുന്ന ഭർത്താവുമൊത്ത് മനോഹരമായ ഭവ

നത്തിൽ ശോഭയോടെ ജീവിക്കുകയാണ് വേണ്ടത്. രാജാവിന്റെ വാക്കുകൾ ശകുന്തളയിൽ കാമദുഃഖം ഉണ്ടാക്കുകയാണ് ചെയ്തത്. കാമദേവന് സമാനനായ ദുഷ്യന്തൻ സമീപത്തു വന്നപ്പോൾ മനസ്സ് അവനിലായെങ്കിലും, കണ്വമുനിയുടെ അഭിപ്രായം അറിഞ്ഞു മാത്രമേ തനിക്ക് തീരുമാനമെടുക്കാനാവൂ. തുടർന്ന് സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ലെന്ന സ്മൃതിവാക്യം ശകുന്തള തന്നെ സൂചിപ്പിക്കുന്നു. എന്നാൽ 'രാജാക്കന്മാർക്ക് ഗാന്ധർവ്വമെന്ന വേളി' യാണ് ശ്രേഷ്ഠമായത് എന്നു പറഞ്ഞ ശേഷം,

"കൈപ്പിടി ചാലെ കഴിച്ചു നിന്നീടിനാൻ
പുഷ്പശരാർത്തൻമാരെന്നു ഞായം."9

പാണിഗ്രഹണത്തോടെ ഭാര്യാഭർത്താക്കന്മാരായിമാറിയെന്നാണ് സൂചന. തനിക്കുണ്ടാകുന്ന പുത്രനെ രജാവാക്കണമെന്ന് ശകുന്തള ഈ കാവ്യത്തിൽ ആവശ്യപ്പെടുന്നില്ല. വിവാഹത്തിന് മുമ്പ് മുനിയോട് അനുവാദം ചോദിക്കാമെന്ന് പറയാത്ത രാജാവ് വിവാഹശേഷം നാലഞ്ചു നാൾ കഴിഞ്ഞു പോകാനൊരുങ്ങുമ്പോൾ "മാമുനിയോടു വഴങ്ങിച്ചു" വേണം അവളെ കൊണ്ടുപോകാൻ എന്നും പറയുന്നുണ്ട്. ഭാരതഗാഥാകാരന്റെ ശകുന്തളയ്ക്ക്; ദുഷ്യന്തൻ എന്ന ഭർത്താവ് ഗാന്ധർവ്വത്തിനു ശേഷം വേർപിരിയുമ്പോൾ വിരഹവേദനയും പശ്ചാത്താപവുമല്ല ഉണ്ടാകുന്നത്; മറിച്ച് കാമാതാപമാണെന്നും നിരീക്ഷിച്ചിട്ടുണ്ട്.10

പൂവമ്പൻ തന്നുടെ ബാണങ്ങളേൽക്കയാൽ
ജീവനകന്നുള്ള ദേഹം പോലെ
ഇണ്ടലും പൂണ്ടങ്ങു തൊണ്ടയും കമ്പിച്ചു
മിണ്ടുവാൻ വയ്യാതെ നിന്നുപോയി. 11

അച്ചീചരിതങ്ങളിലും,മണിപ്രവാളലഘുകാവ്യങ്ങളിലും കാണും പ്രകാരമുള്ള വിരഹവേദനയാണ് ഭാരതംഗാഥാകാരൻ അവതരിപ്പിച്ചിട്ടുള്ളത്.

അത്തരം കാവ്യങ്ങളിലെ സ്ത്രീകൾ മരുമക്കത്തായികളായിരുന്നുവെന്ന നിരീക്ഷണം ഇവിടെ പ്രസക്തമാണ്. 12

### 5.2.1 മധ്യകാലത്തെ യാഥാർഥ വൈവാഹികരീതി

ക്ഷത്രീയസ്ത്രീകൾക്ക് ബ്രാഹ്മണർ ഭർത്താക്കന്മാരാകാവുന്നതാണെന്ന് അഗ്നിയെക്കൊണ്ടാണ് ഗാഥാകാരൻ പറയിക്കുന്നത്. കേരളത്തിലെ സവിശേഷമായ മരുമക്കത്തായ വ്യവസ്ഥയെ മുൻനിർത്തിയാണ് അദ്ദേഹം അപ്രകാരം പറഞ്ഞതെന്ന് കെ. വി. ദിലീപ്കുമാർ നിരീക്ഷിച്ചിട്ടുണ്ട്.13 യഥാർത്ഥത്തിൽ, മരുമക്കത്തായ കുടുംബ സംവിധാനത്തെ മുൻനിർത്തിയുള്ള വിടവാങ്ങലാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. അതാകട്ടെ, അച്ചീചരിതങ്ങളുടെയോ, സന്ദേശകാവ്യങ്ങളുടെയോ മാതൃകയിലായിപ്പോയി എന്നു കാണാം. ശകുന്തളയുടെ വിരഹവേദന മണിപ്രവാളകാവ്യങ്ങളെ അനുകരിച്ചെഴുതിയ ശേഷം ദുഷ്യന്തന്റെ മറുപടി ഇപ്രകാരമാണ് ചേർത്തത്.

"ഭാവനകൊണ്ടുമിമ്മോതിരം തങ്കലേ
മേവി നിന്നീടുന്ന രൂപം കണ്ടും
വേറിരുന്നുള്ളോരു വേദന കൈവിട്ടു
മേവിനിന്നീടുകയെന്നേ വേണ്ടൂ.
വന്നുവന്നീടുവൻ വൈകാതെ കണ്ടു ഞാൻ".14

ശകുന്തള, തന്റെ ഉള്ളിലെ ഭാവന ഉപയോഗിച്ചും, മോതിരത്തിലുള്ള രാജാവിന്റെ രൂപം നോക്കിക്കൊണ്ടും വിരഹവേദന ഇല്ലാതാക്കാനാണ് ഉപദേശം. പ്രസ്തുത ഭാഗം ഡി. പദ് മനാഭനുണ്ണി ഇപ്രകാരമാണ് വിമർശിക്കുന്നത്:-

ഇവിടെ ശാകുന്തളത്തിലെപ്പോലെ രാജാവ് പ്രേമപുരസ്സരം ശകുന്തളയുടെ കൈപിടിച്ച് തന്റെ വിലയേറിയ മുദ്രാംഗുലീയം അവളുടെ വിരലിൽ ഇടുവിച്ചിട്ട്,

ഇതിലെഴുതിയിരിക്കും മാമകേ നാമധേയേ

പ്രതിദിനമൊരുവർണ്ണംവീതമായെണ്ണണം നീ

എന്ന നിർദ്ദേശവും അതിന്റെ അവസാനത്തിൽ അവളെ അവരോധത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ തന്റെ പരിജനങ്ങൾ എത്തുമെന്ന പ്രതിജ്ഞയും നൽകുന്നത് ഗാഥയിലില്ല. ദുഷ്യന്തൻ "വന്നുവന്നീടുവൻ വൈകാതെ കണ്ടു ഞാൻ" - എന്നെ പറയുന്നുള്ളൂ. നാടകത്തിലെപ്പോലെ സുനിശ്ചിതമായ ഒരവധി പറയുന്നില്ല. എന്നല്ല, വിയോഗകാലത്തിൽ മോതിരത്തിലുള്ള രൂപം കണ്ടുകൊണ്ടും സ്വന്തം ഭാവന കൊണ്ടും ജീവിക്കുവാനാണ് ഭർത്താവിന്റെ ഉപദേശവും! ഈ മോതിരം രാജാവ് നൽകുന്നത് ഒരു പ്രതിഫലച്ഛായയിലാണെന്നുപോലും തോന്നിപ്പോകുന്നു. ശാകുന്തളത്തിലെ സ്നേഹമസൃണവും ഹൃദയഹാരിയുമായ ആ രംഗത്തിന്റെ മൃദുല മാധുര്യം മുഴുവൻ ഇതിൽ നശിച്ചു പോയി.15

യഥാർത്ഥത്തിൽ, ഭാര്യ-ഭർത്താവ് ആരായിരിക്കണം എന്ന കൊളോണിയൽ ആധുനികതയുടെ താല്പര്യങ്ങളാണ് പത്മനാഭനുണ്ണിയെപോലുള്ളവരുടെ വിമർശനത്തിന് കാരണം. മരുമക്കത്തായ ദാമ്പത്യവ്യവസ്ഥയിലെ പുരുഷൻ കാളിദാസന്റെ പ്രണയവും സ്നേഹവും നിറഞ്ഞ ഭർത്താവല്ല. അയാൾ ഭാര്യയ്ക്ക് നൽകുന്ന വാഗ്ദാനങ്ങൾ അനുസരിക്കാനും ഇടയില്ല. ഭാരതംഗാഥാകാരൻ വിമർശിക്കപ്പെടുന്നത്, ആധുനികത സൃഷ്ടിച്ചെടുത്ത ഭർത്തൃസങ്കൽപ്പത്തിൽ നിന്നാണ്. ആ സങ്കൽപ്പത്തിൽ സംബന്ധ വ്യവസ്ഥയിലെ ഭർത്താവ് ഇല്ല. ഗാഥാകാരൻ നമ്പൂതിരിസംബന്ധത്തെ അനുകൂലിച്ചെഴുതിയതാണ് പ്രധാനപ്രശ്നമായി ഉന്നയിക്കപ്പെടുന്നത്. ഭാരതംഗാഥയിലെ ബ്രാഹ്മണ-സംബന്ധാനുകൂലനിലപാടുകൾ, 'നാണമില്ലാത്ത ഭാവന' എന്നിങ്ങനെയും, 'സ്വകാര്യ ലാഭത്തിനു വേണ്ടി ഭാര്യയുടെയും പുത്രിയുടെയും ചാരിത്ര്യം വിൽക്കാൻ തയ്യാറുള്ളവർ അന്നുമുണ്ടായിരുന്നിരിക്കാം' - എന്നിങ്ങനെയും ഡി പദ്മനാഭനുണ്ണി വിമർശിക്കുന്നുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽപ്പോലും നിലനിന്നിരുന്ന മരുമക്കത്തായ വ്യവസ്ഥയെയും അതിലെ വൈവാഹിക രീതിയെയും മുൻനിർത്തി കാവ്യത്തെ വിമർശിക്കുന്നത് മാറിയ സാമൂഹിക

സാഹചര്യത്തിൽ നിന്നാണ്. ഭാര്യ/ഭർത്താവ് എന്നീ ദ്വന്ദങ്ങൾക്ക് അതാത് കാലത്തുണ്ടായിരുന്ന സാമൂഹിക സ്ഥാനങ്ങളാണ് കവിയും, നിരൂപകരും ചർച്ച ചെയ്യതെന്നു കാണാം. ഭാരതകഥയിലെ ശാകുന്തളകഥയെ മുൻനിർത്തി കവിയും, പിൽക്കാലത്ത് നിരൂപകരും ഭാര്യാഭർത്തൃപദവിയും അവകാശങ്ങളും അധികാരങ്ങളും വിലയിരുത്തിയിട്ടുണ്ടെന്ന് നിരീക്ഷിക്കാം. *കൈരളിയുടെ കഥ*യിൽ പ്രൊഫ എൻ. കൃഷ്ണപിള്ളയും ഗാഥാകാരന്റെ ആരണേതര സ്ത്രീകൾക്ക് ചാരിത്ര്യശുദ്ധി വേണ്ട എന്ന നിലപാടിനെയും ക്ഷത്രീയസ്ത്രീകളുടെ ബ്രാഹ്മണസംബന്ധത്തെക്കുറിച്ചുള്ള അനുകൂലനിലപാടിനെയും ശക്തമായി വിമർശിക്കുന്നുണ്ട്.**16**

ചുരുക്കത്തിൽ, ഭാരതംഗാഥയിലെ ഭാര്യാഭർത്തൃനിർമ്മിതി കേരളത്തിലെ അക്കാലത്തെ സാമൂഹികചുറ്റുപാടുകളെ മുൻനിർത്തിയാണ് നടത്തിയിട്ടുള്ളത്. ബ്രാഹ്മണേതരായ സ്ത്രീകളുടെയും എല്ലാ സവർണ്ണപുരുഷൻമാരുടെയും ബഹു ലൈംഗികതയുടെ സൂചനകൾ ശാകുന്തളോപാഖ്യാനത്തിലുണ്ട്. അത്തരം സ്ത്രീപുരുഷബന്ധമാണ് ഭാര്യാഭർത്തൃബന്ധത്തിലും കവി കാണുന്നതെന്ന് കാണാം.

### 5.3 ആട്ടക്കഥയിലെ കാമിജനങ്ങൾ

ശാകുന്തളം ആറു ദിവസത്തെ ആട്ടക്കഥയിൽ ശകുന്തളാദുഷ്യന്തന്മാർ പരസ്പരാനുരാഗികൾ മാത്രമാണ്. മദനപരവശനായ ദുഷ്യന്തൻ ചിന്തിക്കുന്നത് ഇപ്രകാരമാണ്:-

ഇന്ദുമുഖിയാകുമിവളിൽ അനുരാഗമിന്നു വളരുന്നു പാരം
അവിനയമോടിന്നു തരസാസ്വീകരണമനുചിതമിഹാശ്രമപദേ
ചേതസി മുനീശ്വരമതമറിയാതെ ചെയ്വതെന്തിന്നു ബലാൽ
മുനികുലവരൻ വരുവോളം പാർപ്പതിന് മാനസി മമ ധൈര്യമില്ലാ;
എന്ത് ഞാൻ ചെയ് വതധുനാ ദൈവമേ! ഹന്ത വളരുന്നു താപം

വിശ്വജയശീല ഭഗവൻ, കുസുമശര, വിശ്വാസനായോഗ്യ കേൾക്ക

കുസുമശരമൻപൊടു ഭവാനെയ്യുന്നു കുലിശമയമാക്കി ഗൂഢം.

.............................................................................................

തത്ര ഞാൻ ചെന്നു നിഭൃതം പ്രേയസിയെ സത്വരം കാൺക തന്നെ.17

ദുഷ്യന്തൻ അംഗജശരാർത്തി സഹിക്ക വയ്യാതെയാണ് ശകുന്തളയെ കാണാൻ പോകുന്നത്. അതേ അവസ്ഥയിൽ തന്നെയാണ് ശകുന്തളയും:-

നാളിൽ നാളിൽ വന്നീടുന്ന നളിനബാണഖേദമെല്ലാം
ആളിമാർക്കുമറിയിപ്പാൻ ആകുലമുണ്ടെനിക്കുള്ളിൽ
മദനമോഹനാംഗനാം മമ ഹൃദയ വല്ലഭനെ
മതിയിലോർത്തു വാഴ്കയെന്യേ മമ ശരണമില്ല പാർത്താൽ.18

കാളിദാസകൃതിയുടെ മാതൃകയിലുള്ള കാമിജനങ്ങളാണ് ആട്ടക്കഥ യിലെ ശകുന്തളാദുഷ്യന്തന്മാർ. ദുഷ്യന്തൻ വിവാഹാഭ്യർത്ഥന നടത്തുമ്പോൾ തോഴിമാർ വിവാഹാനന്തരം തങ്ങളുടെ സഖിയുടെ നിലയെക്കുറിച്ച് ആശങ്ക പ്പെടുന്നുണ്ട്. അതിന് ദുഷ്യന്തൻ ഇപ്രകാരമാണ് മറുപടി പറയുന്നത്:-

തരുണിമാരെനിക്കങ്ങ് പലരുണ്ടെന്നാകിലും
ഇരുവർ ദയിതമാർ ധരണിയുമിവളും;
വരഗുണരുചിയാമിവളുടെ സുതനെ ഞാൻ
പുരുകുലശ്രീയുടെ രമണനാക്കുന്നേൻ 19

ശകുന്തളയുടെ പുത്രനെ യുവരാജാവാക്കുമെന്ന വാഗ്ദാനം കാളിദാസനാടകത്തിൽ ഇല്ലാത്തതും ഇതിഹാസത്തിൽ മാത്രം ഉള്ളതുമാണ്. വിവാഹാനന്തരമാകട്ടെ, കാമിജനങ്ങളുടെ ശൃംഗാരരസമാർന്ന ലീലകളാണ് വിവരിച്ചിരിക്കുന്നത്. ദുഷ്യന്തൻ ശകുന്തളയോട് യാത്ര പറയുന്നത് ഇപ്രകാ രമാണ്:-

"മനസി തെളിവൊടിന്നു മന്ദിരേ പോകതിന്ന്
മുനിവരനനുജ്ഞ ചെയ്തു
ഇനിയിവിടെ മമ വാസം അനുചിതമറിഞ്ഞാലും
അനുപതിതമിഹ വിരഹമാഹന്ത ബാലികേ!" *20*

സ്വഗൃഹത്തിലേക്ക് പോകുവാൻ അനുവാദം കിട്ടിയതിനാൽ ഭാര്യാ ഗൃഹത്തിലെ വാസം അനുചിതമാണ്. ആഗ്രഹമില്ലെങ്കിലും വിരഹം ഒഴിവാക്കാനാവില്ല. കുറേക്കാലം ഭാര്യാഗൃഹത്തിൽ കഴിഞ്ഞ ഒരുവന്റെ വിടവാങ്ങലിന് സമമാണ് ആട്ടക്കഥയിലെ ദുഷ്യന്തന്റെ വിടപറച്ചിലെന്നത് ശ്രദ്ധിക്കേണ്ടതാണ്. ദുഖിതയാകുന്ന ശകുന്തളയുടെ വിലാപവും വിരഹികൾക്ക് ചേർന്നവ തന്നെയാണ്.

1. നാനാരസമിയലും നഗരേ നീ ചെന്നാൽ പിന്നെ
   കാനനേ വാഴുമെന്നെ കനിവോടെ നിനയ്ക്കുമോ
2. തന്നുടെ പുരം തന്നിൽ ചെന്ന് നീ സുഖമോടു
   സുന്ദരാംഗിമാരോടുമൊരുമിച്ചു
3. അന്യൂനരതി കേളി അനുവേലം ഗമിച്ചീടും
   അന്നേരമുദന്തങ്ങളഖിലവും മറന്നീടും
4. കോമളാംഗനവനുടെ പ്രേമലോലമപാംഗവും
   കാമകേളി കൗശലവും കാണ്മാനെന്നു ഞാൻ. **21**

മേല്പറഞ്ഞ ശകുന്തളാവിലാപങ്ങൾ വിരഹികളായ കാമിജനങ്ങളുടെ വ്യസനചിന്തകളാണ് വെളിപ്പെടുത്തുന്നത്. സന്ദേശകാവ്യങ്ങളിലും മറ്റും കാണുന്ന മാതൃകയിലാണ് അവയുടെ ഘടന എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വ്യാസന്റെയോ കാളിദാസന്റെയോ എഴുത്തച്ഛന്റെയോ ഭാര്യാ ഭർത്തൃ ചിന്തകളോ വിവരണങ്ങളോ ആട്ടക്കഥാകാരൻ സ്വീകരിച്ചിട്ടില്ല. മണിപ്രവാള കാവ്യങ്ങളിൽ വിവരിച്ചിട്ടുള്ള കാമിജനങ്ങളുടെ പ്രണയവും, ലൈംഗികത

യും, വിരഹവുമാണ് ആട്ടക്കഥയിലുള്ളതെന്ന് കാണാം. ആറു ദിവസങ്ങളുള്ള കഥകൾ ഉണ്ടായിട്ടും ഭാര്യാഭർത്തൃബന്ധത്തിലേക്ക് നീങ്ങുന്ന ശകുന്തളാ ദുഷ്യന്തന്മാരുടെ മുഴുവൻ കഥയും ആട്ടക്കഥയിൽ ചേർത്തിട്ടില്ലെന്ന് കാണാം.

### 5.4 മല്ലവിലോചനമാർക്ക് വല്ലഭൻ ഈശ്വരനാണ്-കൈകൊട്ടിക്കളി

സ്ത്രീകളുടെ കൂട്ടായ്മയിൽ പ്രയോഗത്തിലുള്ള കലാരൂപമാണ് കൈകൊട്ടിക്കളി. തിരുവാതിരനോമ്പിന്റെ ഭാഗമായുള്ള പ്രസ്തുതകളിയുടെ സാഹിത്യമാതൃകയിൽ, ഭാര്യാഭർത്തൃപദവി ചർച്ച ചെയ്യുന്നതെങ്ങനെയെന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്. പ്രത്യേകിച്ചും ഇത്തരം അനുഷ്ഠാനങ്ങൾ നല്ല ഭർത്താവിനെ ലഭിക്കാനോ, ഉള്ള ഭർത്താവിന് ഐശ്വര്യമുണ്ടാക്കാനുദ്ദേശിച്ചോ യഥാക്രമം കന്യകകളോ, വിവാഹിതരോ നടത്തുന്നതാണ്. ശാകുന്തളം എട്ടുവൃത്തം കൈക്കൊട്ടിക്കളിപ്പാട്ടിൽ, കണ്വമുനിയുടെ വാക്കുകളിലൂടെയാണ് ഭാര്യാഭർത്തൃബന്ധത്തെക്കുറിച്ച് കവി ആദ്യം സൂചിപ്പിക്കുന്നത്.

"മല്ലവിലോചനമാർക്കിഹ ബാലേ
വല്ലഭനീശ്വരനെന്നറിയേണം
കണവനെ വേർവെട്ടിവിടെയിരുന്നാൽ
പ്രണയമവനു കുറഞ്ഞീടുമല്ലോ" 22

'സുന്ദരിമാർക്ക് ഭർത്താവ് ഈശ്വരനാണ്; കണവനെ വേർപിരിഞ്ഞു ഇവിടെയിരുന്നാൽ അവന്ന് പ്രണയം കുറഞ്ഞിടും. അതുകൊണ്ട് നീ പുത്രനോടൊത്ത് ഭർത്താവിനടുത്തേയ്ക്ക് പോവുക.' എന്നിങ്ങനെയാണ് കണ്വമുനി ശകുന്തളയോട് പറയുന്നത്. ഇത്തരം ബന്ധങ്ങളിലെ ഉറപ്പില്ലായ്മ സൂചിപ്പിക്കുന്ന ഭാഗമാണത്. ഭാര്യയ്ക്ക് ഭർത്താവ് ഈശ്വരനായത് കൊണ്ടും കാണാതെയിരുന്നാൽ ഭർത്താവ് മറന്നുപോകാനിടയുള്ളതുകൊണ്ടും, ഭർത്തൃസവിധത്തി

ലേയ്ക്ക് പോകേണ്ടതാണെന്നാണ് സൂചന. ഭർത്താവിന്റെ മറവിതന്നെ യാണ് ശകുന്തളയ്ക്ക് നേരിടേണ്ടി വന്നത്. ഈ മറവി അഭിജ്ഞാനനഷ്ടം കൊണ്ടുണ്ടാ യതല്ല പകരം; വിട്ടു നിന്നാൽ പുരുഷന് സ്ത്രീയെ മറക്കാനിടയുള്ള സ്വാഭാ വിക പരിണതിയാണ് കവി സൂചിപ്പിക്കുന്നത്.

രാജ്യസഭയിൽ വച്ച് ദുഷ്യന്തനുമായി തർക്കം നടക്കുമ്പോൾ '*ഭർത്താവേ*' എന്ന് ശകുന്തള അഭിസംബോധന ചെയ്ത് ധർമ്മശാസ്ത്രാദികൾ ഉദ്ധരിക്കുന്നുണ്ട്-

പുത്രനെക്കൊണ്ടേ പിതൃക്കൾക്കൂർധ്വലോക പ്രാപ്തിയുള്ളു
സത്വരം തനയൻ തന്നെ, ഭർത്താവേ പരിഗ്രഹിയ്ക്ക

എന്നിങ്ങനെയും,

വല്ലതും പറഞ്ഞിട്ടെന്നെ വല്ലഭ! വെടിയൊലാ!
ചൊല്ലേറും താതൻ തന്നെ നല്ലവണ്ണം ചിന്തിയ്ക്കേണം ![23]

എന്നിങ്ങനെയും ഭർത്തൃവിചാരണ നടത്തുന്നുണ്ട്.എന്നാൽ തന്റെ രക്ഷകനായിരുന്ന 'ചൊല്ലേറുംതാതനെ' മുൻനിർത്തി വേണം താൻ പറയു ന്നതിലെ വസ്തുത വിലയിരുത്തേണ്ടതെന്ന് ശകുന്തള സൂചിപ്പിക്കുണ്ട്. അതിനു ഭർത്താവ് പറയുന്നത് അത്തരത്തിലുള്ള വൻപുകൾ സഭയിൽ പറഞ്ഞാൽ തല്ലുകൊള്ളുമെന്നാണ്. വലിയകാര്യങ്ങൾ പറയുന്ന താപസസ്ത്രീ നാണമില്ലാ തെയാണ് സംസാരിക്കുന്നതെന്നും താൻ പറയുന്നവ സത്യമാണെന്നും രാജാവ് ഉറച്ചു പറയുന്നു. മാത്രമല്ല; കാമതാപം കൊണ്ട് അവളുടെ ബുദ്ധി നേരായി പ്രവർത്തിക്കുന്നില്ലെന്നും സൂചിപ്പിക്കുണ്ട്.

ഏഴാംഭാഗത്തിനൊടുവിൽ, അശരീരി കേട്ട് സന്തുഷ്ടനായ രാജാവ്; പുത്രനോടൊപ്പം ഭാര്യയെ പരിഗ്രഹിച്ച്- *"ധൈര്യമായ് വസിച്ചു സന്തതം"* എന്ന് പറഞ്ഞവസാനിപ്പിക്കുന്നു. തുടർന്നാണ്, എട്ടാം ഭാഗം ചേർക്കുന്നത്. സ്ത്രീപുരുഷബന്ധങ്ങളിൽ, പുലർത്തേണ്ട സമാവസ്ഥയ്ക്ക് ഉദാഹരണമാണ് പ്രസ്തുതഭാഗം. കഥാഭാഗം പറഞ്ഞവസാനിപ്പിച്ച ശേഷം ശകുന്തളയും ദുഷ്യന്തനും ചേർന്നുള്ള ഒരു സന്ദർഭം കവി കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം; അവസാനഭാഗം മുൻനിർത്തി നിർമ്മിച്ചെടുക്കുന്നുണ്ട്. അതിൽ ദുഷ്യന്തൻ, " ദയയില്ലാത്ത ശഠനാണ് താൻ എന്ന് ധരിക്കരുതേ' - എന്നിങ്ങനെ ശകുന്തള യോട് ക്ഷമായാചന നടത്തുന്നുണ്ട്

.

"അരുണാധരി ശൃണു മാമകവചനം
അരുതേ നീരസമകതളിരിൽ
പരമാർത്ഥം തവ പരിചയമൊടുമേ
പരിചൊടുള്ളിലുദിക്കരുതേ
ദയയില്ലാത്തൊരു ശഠനിവനെന്നതു
ദയിതേ നിൻഹൃദി കരുതരുതേ
കൃപയാകേവലമപരാധം മമ
സപദി സഹിക്ക സമസ്തമിദാനീം '

ഭർത്താവ് സമസ്താപരാധങ്ങളും പൊറുക്കണമെന്ന് ശകുന്തളയോട് ആവശ്യപ്പെടുകയാണ്. താൻ സ്നേഹവാനാണ്. ദയയില്ലാത്ത ശഠനല്ല. മനുഷ്യസഹജമായ ബന്ധങ്ങളിൽ സംഭവിക്കുന്ന തെറ്റുകൾ സ്ത്രീയ്ക്ക് മാത്രമായി ആരോപിക്കുന്നില്ല എന്നത് ഇവിടെ ശ്രദ്ധേയമാണ്. സ്ത്രീസംഘങ്ങൾക്കിടയിലുള്ള കലാരൂപത്തിന്റെ പാട്ട് എന്ന നിലയിലാവണം ഇത്തരമൊരു രംഗം ചേർക്കാൻ മച്ചാട്ട് ഇളയത് തയ്യാറായതെന്നും നിരീക്ഷിക്കാം.എന്നാൽ ശകുന്തള മറുപടി പറയുന്നത് കുലീനസ്ത്രീയായിട്ടാണ്.

"വിരവൊടു നൃപഗിരമിതികേട്ടവളും
ഉരചെയ്താളതിസരസതരം.
കുലനാരീജനമതിലൊരുവർക്കിഹ
കലഹം കാന്തനോടുളവാകാമോ-"

പതിവ്രതകളായ ഭാര്യമാർക്ക് ഭർത്താവിനോട് ദേഷ്യം ഉണ്ടാവു കയില്ല.ഭർത്താവിനെ ദൈവസമാനമായി കാണുന്നതിനാൽ;

"പ്രിയമെന്നാകിലുമപ്രിയമാകിലും
അയിനിൻവചനംമമമധുര"-മായി ഭാര്യക്ക് അനുഭവപ്പെടുന്നു. കാവ്യം അവ സാനിക്കുന്നത് ഇപ്രകാരമാണ്:-

"ഹൃദയം ചേർന്നവരനുദിനമിങ്ങനെ
മദനരസേന സുഖിച്ചു വസിച്ചു".24

മദനരസേന സുഖിച്ചു വസിക്കുമ്പോഴും, '*ഹൃദയം*' കൊണ്ട് ഒന്നായെന്ന് ഇളയത് സൂചിപ്പിക്കുന്നുണ്ട്. ഹൃദയത്തോട് ചേർന്ന് നൽകുന്ന ഭാര്യാഭർത്തൃ സങ്കൽപ്പവും അദ്ദേ ഹത്തിന്നുണ്ടെന്ന് കരുതാം.

സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ, ശാകുന്തളം-എട്ടുവൃത്തം കൈകൊട്ടിക്കളിപ്പാട്ടിൽ, വേദാദികളെ മുൻനിർത്തി എല്ലാ സ്ത്രീപുരുഷ ന്മാർക്കും അനുവർത്തിക്കാവുന്ന ഭാര്യാഭർത്തൃജീവിതമാണ് മച്ചാട്ട് ഇളയത് നിർമ്മിച്ചിട്ടുള്ളതെന്ന് കാണാം. ഭാര്യ, കുലസ്ത്രീയായിരിക്കുമ്പോൾ , ഭർത്താ വിന് അവളോട് നീതി പുലർത്താൻ സാധിക്കണമെന്ന് അദ്ദേഹം കരുതുന്നുണ്ട്. ഭാര്യയോട് ക്ഷമ യാചിക്കുമ്പോൾ, സ്വേച്ഛാധിപതിയായ പുരുഷാധികാരി യാണ് ഭർത്താവ് എന്ന് ഈ കാവ്യം അനുശാസിക്കുന്നില്ലെന്നതും ശ്രദ്ധിക്കേ ണ്ടതാണ്. 1750 നും 1843 നും ഇടയിൽ ജീവിച്ച മച്ചാട്ട് ഇളയത് ഭാര്യ-

ഭർത്തൃപദവി സമത്വാധിഷ്ഠിത വ്യക്തി ബന്ധങ്ങളിലാണ് നിർമ്മിച്ചെടുത്ത തെന്ന് കരുതാം.

### 5.5 അച്ഛനും; ഭർത്തൃപരിത്യക്തയായ മകളും

വള്ളത്തോളിന്റെ അച്ഛനും മകളും എന്ന കാവ്യത്തിലെ ശകുന്തള ഭർത്താവ് ത്യജിച്ച അവസ്ഥയിൽ ജീവിക്കുന്നവളാണ്. 1936 ൽ എഴുതിയ പ്രസ്തുതകാവ്യം ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഭാര്യയുടെ അവസ്ഥകൾ ചർച്ച ചെയുന്നു. ശകുന്തളയുടെ രൂപം കാളിദാസനെ മുൻനിർത്തി ഇപ്രകാര മാണ് കവി വിവരിക്കുന്നത്:-

"മുഷിഞ്ഞ വസ്ത്രങ്ങളും, മെടഞ്ഞ വാർകൂന്തലും
മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്
അത്തലിൻ സ്വരൂപം പോലാ വന്ന യുവതിയെ...... "25

ദുഖത്തിന് രൂപം വെച്ചത് പോലെയുള്ള, നെടുവീർപ്പിട്ട് സംസാരിക്കുന്ന, കണ്ണീരൊരുവിധമടക്കാൻ ശ്രമിക്കുന്ന ഭാര്യയാണ് ശകുന്തള. തന്നെ ഉപേക്ഷിച്ച കഥ പറയുമ്പോൾ പോലും ഭർത്താവിനെ കുറ്റപ്പെടുത്താതെ അവൾ പറയുന്നത് ഇപ്രകാരമാണ്:-

"ആശ്രമാൽ പ്രീത്യാ താതകണ്വനാലയയ്ക്കപ്പെ-
ട്ടാശയാ കൊട്ടാരത്തിൽച്ചെന്ന ഗർഭിണിയാം ഞാൻ"
സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണാൾ
"സന്ത്യക്തയായേനല്ലോ, സൗമ്യനാം കണവനാൽ"

സ്നേഹവാനായ കണ്വനെന്ന രക്ഷിതാവ് സന്തോഷത്തോടെ അയക്കപ്പെട്ട ഗർഭിണിയായ താൻ വലിയ പ്രതീക്ഷയോടെയാണ് കൊട്ടാര

ത്തിൽ ചെന്നത്.എന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. ഇവിടെ ഉപേക്ഷിച്ച കണവനെ കവി സംബോധന ചെയ്യുന്നത്, *സൗമ്യൻ* എന്നാണ്. അതിനെക്കുറിച്ച് വിദ്വാൻ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ പറയുന്നത് ഇപ്രകാരമാണ്:-

സൗമ്യനെന്ന് വിശേഷിപ്പിച്ചതിൽ നിന്നും ഭർത്താവ് തന്നെ പരിത്യജിച്ചത് അദ്ദേഹം ചപലനോ ശഠനോ ആയതുകൊണ്ടല്ലെന്നും, തന്റെ തന്നെ ഭാഗ്യദോഷത്താലാണെന്നും വ്യഞ്ജിക്കുന്നു-എന്നിങ്ങനെയാണ്.**26**

ഭാര്യയെ ഉപേക്ഷിച്ച ഭർത്താവിനെ സൗമ്യൻ എന്ന് കവി വിളിക്കുന്നതും, വ്യാഖ്യാതാവ് അതിനു കാരണമായി ഭാര്യയുടെ ഭാഗ്യദോഷമാണെന്ന് പറയുന്നതും വളരെ സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. ഭർത്താവിന്റെ ഇത്തരം പ്രവൃത്തികൾ വിശുദ്ധയായ ഭാര്യ ക്ഷമാപൂർവം സഹിക്കേണ്ടതുണ്ട്. ഭർത്തൃകർമ്മങ്ങളുടെ ദോഷം ഭാര്യ എന്ന സ്ത്രീ സ്വന്തം ഭാഗ്യദോഷമായി കണക്കാക്കേണ്ടതുണ്ട്. ആധുനികത നിർമ്മിച്ചെടുത്ത ഭർത്തൃപദവിക്കുള്ള പ്രാധാന്യമാണ് കവിയും വ്യാഖ്യാതാവും സൂചിപ്പിക്കുന്നതെന്ന് നിരീക്ഷിക്കാം. അതുകൊണ്ടാണ് ഭർത്താവിനെ ശപിക്കാനൊരുങ്ങുന്ന വിശ്വാമിത്രനെന്ന പിതാവിനെ ശകുന്തള തടയുന്നത് കവി ചേർത്തിരിക്കുന്നത് നോക്കുക:-

'ബ്രഹ്മാവെത്തപശക്ത്യാ വരുത്തിച്ചാരേ നിർത്തി
ബ്രഹ്മർഷിപദം ബലാൽ വാങ്ങിയതേതൊന്നാലോ
ആ വലം കരം, ക്രോധാൽ ചുരുട്ടി നെഞ്ചിൽചേർത്താ-
ണീ വചസ്സാരംഭിച്ചതൂർജ്ജസ്വി വിശ്വാമിത്രൻ.
ആ മുഷ്ടി മുന്നോട്ടേക്കൊന്നെറിയപ്പെട്ടാൽതീർന്നു,
സ്വാമിവംശത്തിന്നൊട്ടുക്കിടിവാളായ് പ്പോമല്ലോ.
എന്നാലാശ്ശാപാസ്ത്രത്തെ രണ്ടുകൈകൊണ്ടും പിടി-
ച്ചെന്നെയോർത്താടങ്ങേണമച്ഛനിങ്ങെന്നാൾ മകൾ:
ഭർത്തൃനാശിനിയായി തീരൊലാ ഭവൽ പുത്രി,

നിർദ്ദഗ്ദ്ധയായും തീരൊല്ലുഗ്രവൈധവ്യത്തീയ്യാൽ;" 27

ബ്രഹ്മാവിൽ നിന്ന് ബ്രഹ്മർഷിപ്പദം ബലമായി വാങ്ങിയെടുത്ത അതേ വലംകരം കൊണ്ട് വിശ്വാമിത്രൻ ശപിക്കാനൊരുങ്ങുന്നതു കാണുമ്പോൾ ഭർത്താവിനെ മാത്രമല്ല, അദ്ദേഹത്തിന്റെ വംശനാശം പോലും ഓർത്തു ശകുന്തള ഭയപ്പെടുന്നുണ്ട്. വേദാദികളിൽ പറയുന്നത് പോലെ ഭർത്തൃനാശിനിയായ ഭാര്യയാവാൻ അവൾ ആഗ്രഹിക്കുന്നില്ല. വൈധവ്യമാകുന്ന തീയിൽ ദഹിക്കാനും തയ്യാറല്ല. അതുകൊണ്ടാണ് തന്നെയോർത്ത് അടങ്ങണം എന്ന്പറഞ്ഞു ശകുന്തള പിതാവിനെ വിലക്കുന്നത്.

സൂക്ഷമായി നോക്കുമ്പോൾ ഭാര്യയുടെ കർത്തവ്യമായി ഭർത്തൃപദവീ സംരക്ഷണം മാറുന്നു. ഭർത്താവ് എത്ര കഠിനകുറ്റം ചെയ്താലും പതിവ്രതയായ ഭാര്യ പരാതിപ്പെടരുത്. ഭാര്യാകുടുംബത്തിലെ തലമുതിർന്നവർ പോലും ഭർത്താവിനെ ചോദ്യം ചെയ്യാനോ ശിക്ഷിക്കാനോ പാടില്ല. അവൾക്കു സംഭവിച്ചതെല്ലാം അവളുടെ തന്നെ ഭാഗ്യദോഷം കൊണ്ടാണ്. ഭർത്താവിന് എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വവും ഭാര്യയ്ക്ക് തന്നെയാണ്. ഭർത്തൃസംരക്ഷണമാണ് യഥാർത്ഥത്തിൽ പതിവ്രതയായ വള്ളത്തോളിന്റെ ശകുന്തള ചെയ്യതെന്ന് കാണാം. *"ബ്രാഹ്മണവിവാഹ ദർശത്തിന്റെ മാതൃകയും, കൊളോണിയൽ ആധുനികതയുടെ വക്താക്കൾ നിർമ്മിച്ചെടുത്ത ഭർത്തൃപരികല്പനകളും സമാനമായിരുന്നുവെന്ന് ജെ ദേവിക നിരീക്ഷിക്കുന്നുണ്ട്.* അവ ഭർത്താവിന് കൂടുതൽ പ്രാധാന്യം നൽകുകയും, ഭാര്യയുടെ പദവി രണ്ടാം തരമാക്കുകയും ചെയ്തു. സ്ത്രീധനം പോലുള്ള വരവിലകൾ നിർമ്മിച്ചെടുത്ത് കുറേ മാന്യമായ പദവി പുരുഷന് നേടിക്കൊടുത്തത് നവോത്ഥാനകാലത്തെ പുരുഷപക്ഷനവീകരണ ശ്രമങ്ങളായിരുന്നുവെന്ന് ദേവിക കരുതുന്നു. വള്ളത്തോളിന്റെ ഭർത്തൃപദവീ നിർമ്മിതിയിലും ഇത്തരം പുരുഷപക്ഷചായ്വുണ്ടെന്ന് നിരീക്ഷിക്കാം.

### 5.6 ശകുന്തള-വിശുദ്ധ മാതാവ്

വെണ്ണിക്കുളത്തിന്റെ ശകുന്തള കാവ്യമാരംഭിക്കുമ്പോൾ തന്നെ ഭർത്താവിനാൽ പരിത്യജിക്കപ്പെട്ടവളാണ്. അവളുടെ സംരക്ഷണമേറ്റെടുക്കുന്ന അമ്മയായ മേനക ശകുന്തളയുടെയും ദുഷ്യന്തന്റെയും തൽസ്ഥിതി വിവരിക്കുന്നുണ്ട്:-

"പുരുവംശ യശഃ ശശാങ്കനിൽ
ഗ്ഗുരു വിശ്വാസമുദിക്ക കാരണം
കരളും പരമാനുരാഗവും
ഭരമേല്പിച്ചതു കുറ്റമല്ല തേ.

സഹസാ, പാതി വിസ്മരിക്കിലും
സഹനത്വം തവ മംഗളാങ്കുരം,
വിഹരിപ്പൂ; വിനോദലോലരായ്
ബഹുഭാര്യാകുലരായിളേശ്വരർ" 28

മേനകയുടെ അഭിപ്രായപ്രകാരം ദുഷ്യന്തനിലുള്ള വലുതായ വിശ്വാസം കൊണ്ടാണ് ശകുന്തള കരളും അനുരാഗവും അവന് കൈമാറാൻ ഇടയായത്. ഭർത്താവ് വിസ്മരിച്ചാലും ഭാര്യയുടെ സഹനത്വമാണ് മംഗളകരമായിട്ടുള്ളത്. ബഹുഭാര്യമാരുള്ള ദുഷ്യന്തൻ എന്ന ഭർത്താവാകട്ടെ, വിനോദലോലരായാണ് വസിക്കുന്നത്. അദ്ദേഹത്തെ യാതൊരു കാര്യവും ബാധിക്കുന്നില്ല.

കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യുടെ മാതൃകയിലാണ് കാവ്യത്തിന്റെ മൂന്നാം ഭാഗം ഘടിപ്പിച്ചിട്ടുള്ളത്. ചിന്താമഗ്നയായ ശകുന്തള കഴിഞ്ഞുപോയ കാര്യങ്ങളെല്ലാം ഓർത്തെടുക്കുകയാണ്. ദുഷ്യന്തൻ കാമദേവനെപ്പോലെയാണ് തപോവനത്തിൽ വന്നത്. പ്രണയത്താൽ എന്തെല്ലാം അവമാനോക്തികളാണ് കേൾക്കേണ്ടി വന്നത്. ഉയർന്ന ജീവിതസാഹചര്യത്തി

ലുള്ള രാജാവും ശകുന്തളയും തമ്മിലുള്ള അന്തരം ഓർക്കാതിരുന്ന തന്റെ തെറ്റിനെയാണ് അവൾ പഴിക്കുന്നത്. പൗരവേന്ദ്രനെ വെറുതെ പഴി പറയുന്നത് കൊണ്ട് എന്ത് കാര്യം? ഇനി വയറ്റിലുള്ള കുഞ്ഞിലാണ് അവളുടെ പ്രതീക്ഷ. തനിക്കുണ്ടായ അപമാനം; പുത്രജന്മത്തിലൂടെ ഇല്ലാതാവുമെന്ന് അവൾ പ്രത്യാശിക്കുന്നു.

"വിരുതാർന്നൊരു രാജരാജനായ്-
വരുമിക്കണ്മണിയെന്നിതേ വിധം" 29 എന്നിങ്ങനെയും;

"സുഭഗൻ ശിശു പെണ്മണിയ്ക്കിനി-
ശ്ശുഭ ചിന്താമണിയായ് വിളങ്ങുവാൻ " എന്നിങ്ങനെയും;

പുത്രജന്മത്തെ ശകുന്തളയുടെ വലിയ പ്രതീക്ഷയായി വെണ്ണിക്കുളം അവതരിപ്പിച്ചിരിക്കുന്നു. ഭാര്യ എന്ന നിലയിൽ ശകുന്തള സ്വീകാര്യയായില്ലെങ്കിലും അമ്മ എന്ന നിലയിൽ ശകുന്തളയ്ക്ക് വെണ്ണിക്കുളം; സ്വീകാര്യത കല്പിക്കുന്നതായി ക്കാണാം. ആയത് കവി ഇപ്രകാരമാണ് രേഖപ്പെടുത്തുന്നത്:-

"മരുഭൂമി കണക്കു നീണ്ടു ദു-
സ്സരമായ് ത്തീർന്ന വിയോഗ രാത്രിയിൽ
ഒരു കൈത്തിരി മേനകാത്മജ-
യ്ക്കരുളീ; സുസ്ഥിര ധർമ്മരക്ഷകൻ

കുലമേന്മ വെളിപ്പെടുത്തുമു-
ജ്ജ്വലതേജസ്സു നിറഞ്ഞ പൈതലിൽ
അലസാംഗി, നിജാത്മരാഗസൽ-
ക്കലയർപ്പിച്ചു സമാശ്വസിക്കയായ്" 30

പുത്രൻ ശകുന്തളയ്ക്ക് ഒരു കൈത്തിരിയാണ്. കുലമേന്മയുള്ള ഉജ്ജ്വല തേജസ്സുള്ള ആ പുത്രനിലാണ് ശകുന്തള സമാശ്വസിക്കേണ്ടതെന്ന് കവി കരുതുന്നു. ഒരു വിശുദ്ധ മാതാവിനെപ്പോലെ വ്രതനിഷ്ഠയോടെ കുഞ്ഞിനെ വളർത്തുകയും ഭർത്താവിനെ കാത്തിരിക്കുകയും ചെയ്യുന്നുണ്ട് വെണ്ണിക്കുളത്തിന്റെ ശകുന്തള. ചുരുക്കത്തിൽ, ഭാര്യാ പദവിയേക്കാൾ ശ്രേഷ്ഠത മാതൃത്വത്തിനാണെന്ന് ആധുനികതയുടെ കാലത്തെഴുതിയ ഈ കാവ്യം വിശ്വസിക്കുന്നതായി നിരീക്ഷിക്കാം.

### 5.7 ശകുന്തള-പുത്രജന്മം കൊണ്ട് സഫലയായ മാതാവ്

കെ. പി.കുഞ്ഞിലക്ഷ്മിയുടെ ഖണ്ഡകാവ്യം ഭരതൻ എന്ന പുത്രന്റെ ജന്മം കൊണ്ട് സഫലയായ ശകുന്തളയെയാണ് കഥാപാത്രവൽക്കരിക്കുന്നത്. അവളുടെ ജനനോദ്ദേശം തന്നെ; ഭാരതത്തിന്റെ പ്രതിഷ്ഠാപനകർമ്മത്തിനായി ഭാരം വഹിക്കുകയെന്നതാണ്. പുത്രനെ മുൻനിർത്തിയുള്ള ജീവിത ദൗത്യമാണ് ശകുന്തളയ്ക്ക് കാവ്യം കൽപ്പിച്ചു കൊടുക്കുന്നത്. കവി ചിന്തയാൽ ഉജ്ജ്വമായ സ്ഥാനമാണത്. ബാല്യകാലം മുതലേ , തപസ്വിനിയായല്ല ഗൃഹസ്ഥയായാണ് അവളെ ബന്ധുജനങ്ങൾ കണ്ടു വരുന്നത്:-

"അക്ഷമാലയിൽ രുദ്രാക്ഷമെണ്ണാ-
നക്ഷമമാകിലെന്തതിൽ?
ശീലിക്കേണ്ടതായുണ്ടാവൾക്കന്നേ
മാലെഴും ഗൃഹ്യാനുഷ്ഠാനം.
വാസനാവൈഭവത്തോടാവുമോ,
ശാസനത്തിനു നേരിടുവാൻ."

ഗാർഹസ്ഥ്യജീവിതം പരിശീലിക്കേണ്ടതായി വന്നു-എന്നും, അത് ദുഃഖം നിറഞ്ഞതാണെന്നും -എഴുത്തുകാരി പറയുന്നു. എന്നാൽ സ്ത്രീയുടെ വാസനയിൽ-

അഥവാ-മുജ്ജന്മപരിചയം കൊണ്ടുണ്ടാകുന്ന സ്വഭാവത്തിൽ തന്നെ ഗാർഹസ്ഥ്യാനുഷ്ഠാനങ്ങളോടുള്ള ആഭിമുഖ്യമുണ്ടാവാനിടയുണ്ടെന്നും അവർ കരുതുന്നുണ്ട്. കുടുംബജീവിതത്തിന്റെ ശ്രേഷ്ഠതയിൽ എഴുത്തുകാരി വിശ്വസിക്കുന്നുണ്ട്. അതേസമയം സ്ത്രീയ്ക്കത് കഠിനമാണെന്നും അവർ കരുതുന്നു. പുരുഷനാൽ വഞ്ചിതയായപ്പോൾ തനിക്കേറ്റ കളങ്കത്തെ മരണം കൊണ്ട് കഴുകിത്തീർക്കാമെന്ന് ആദ്യം, അവൾ കരുതുന്നുണ്ട്.

"കുലകളങ്കകാരണം ശകുന്തള
തലമുറ മേലിലിതു പറയുകിൽ"
കറുത്തൊരാവര തുടയ്ക്കുവാൻ മാത്രം
കരുത്തെഴും തപസ്സെനിയ്ക്കുതകുകിൽ 32

കറുത്തൊരാവര തുടയ്ക്കുവാൻ മാത്രം കരുത്തുള്ള തപസ്സ്-തനിക്കുണ്ടായെങ്കിൽ എന്നും അവൾ ചിന്തിക്കുന്നുണ്ട്. പുരുഷനുമായുള്ള അവിഹിതബന്ധം അവൻ നിരസിച്ചാൽ സ്ത്രീ മരണാർഹയാണെന്ന് ഇക്കാവ്യം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ *ദൗഹൃദസ്പർശനം* സർവ്വ ദുഷ്ചിന്തകളെയും അവളിൽ നിന്ന് മാറ്റുന്നു. ഗർഭത്തിലിരിക്കുന്ന കുഞ്ഞിന്റെ സ്പർശനം അവളിലെ മാതൃത്വം ഉണർത്തുന്നതായി കവി കരുതുന്നു. മരണാർഹയായ ശകുന്തളയുടെ വിശുദ്ധമാതൃത്വം, അവളെ ഉന്നതസ്ഥാനത്തെത്തിക്കുന്നു. *ദുഷ്യന്തന്റെ ഭാര്യ* എന്നതിനേക്കാൾ കെ പി കുഞ്ഞി ലക്ഷ്മി, *ഭരതന്റെ മാതാവ്* എന്ന സ്ഥാനത്തിന് വലിയ മൂല്യം നൽകിയതായി കാണാം.

"ഭാരതത്തിന് പ്രതിഷ്ഠയ്ക്കായ് ജന്മ-
ഭാരം വഹിച്ച ദൈവതം."**33**

എന്നിങ്ങനെ പറയുമ്പോൾ, വിശുദ്ധമാതൃത്വമാണ് കവി ഉയർത്തിക്കാട്ടുന്നത്, ഭരതനാലാണ് ഭാരതം എന്ന രാജ്യം ഉണ്ടായത്. ആ ഭാരത

ത്തിന്റെ പ്രതിഷ്ഠയ്ക്കായ് ജന്മഭാരം വഹിച്ച ദൈവതമാണ് ശകുന്തള. മനുഷ്യ സ്ത്രീയെക്കാളുപരി വലിയ കർമ്മങ്ങൾ നിർവഹിക്കുന്ന വിശുദ്ധമാതാവാണ് ശകുന്തളയെന്ന് കവി കരുതുന്നതായി നിരീ ക്ഷിക്കാം.

### 5.8 ശകുന്തള-പൂരുവംശത്തിന് സന്താനത്തെ നൽകേണ്ട അമ്മ

ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിൽ ഗാന്ധർവ്വ വിവാഹത്തിനായി പ്രത്യേകം രംഗസജ്ജീകരണം നടത്തിയിട്ടുണ്ട്. കണ്വാശ്ര മപരിസരത്തിൽ ഒരു ക്ഷേത്രത്തിൽ വച്ചാണ് വിവാഹം നടക്കുന്നത്. ശകുന്തള സ്വയം കെട്ടിയുണ്ടാക്കിയ മാലയും, രാജാവിന് ക്ഷേത്രത്തിൽ നിന്ന് ലഭിച്ച താമരമാലയും പരസ്പരമണിയിച്ച് അവർ വിവാഹം ചെയ്തതായി വിവരിക്കു ന്നു. സിനിമയുടെ ദൃശ്യ സൗന്ദര്യത്തിനനുയോജ്യമായ പശ്ചാത്തലമൊരുക്കു കയാണെന്ന് തോന്നാമെങ്കിലും അതിലുപരി, ക്ഷേത്രസന്നിധിയിൽ നിന്നും വരണമാല്യം ചാർത്തി ആരംഭിക്കുന്ന ഭാര്യാഭർത്തൃ ബന്ധത്തിന് തിരക്കഥാ കൃത്ത് പ്രാധാന്യം നൽകുകയാണ് ചെയ്തതെന്ന് കരുതുകയാണ് യുക്തം.

ശകുന്തളയെ ഭർത്തൃഗൃഹത്തിലേയ്ക്ക് യാത്രയാക്കുമ്പോൾ ദുഷ്യന്തൻ തിരിച്ചറിഞ്ഞില്ലെങ്കിൽ മുദ്രമോതിരം കാണിച്ചുകൊടുക്കണമെന്ന് തോഴിമാർ പറയുന്നുണ്ട്. അതുകേട്ട് ശകുന്തള നടുങ്ങുകയും അതിന്റെ അർത്ഥമെന്തെന്ന് ചോദിക്കുകയും ചെയ്യുന്നുണ്ട്. *'അതിസ്നേഹം അനിഷ്ടശങ്ക'* യാണെന്ന് തോഴികൾ മറുപടി പറയുന്നു.' നമ്മൾ എല്ലാം കരുതണമല്ലോ' -എന്നും സൂചിപ്പിക്കുന്നു. ഭാര്യാ ഭർത്തൃബന്ധത്തിലും ശങ്ക ഇല്ലാതാകുന്നതല്ല. സ്ത്രീ കൾ എല്ലാം കരുതണ്ടതുണ്ട്. പ്രണയാധിഷ്ഠിതമായ കുടുംബജീവിതത്തിൽ അപ്രതീക്ഷിതമായ വഴിത്തിരിവുകൾ ഉണ്ടാകാവുന്നതാണ്. അത്തരം അപ്രതീക്ഷിതസന്ദർഭങ്ങളിൽ സധൈര്യം പിടിച്ചു നിൽക്കാനുള്ള കരുത്ത് സ്ത്രീയ്ക്കുണ്ടാകേണ്ടതുണ്ട്. കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും അണു

കുടുംബത്തിലേയ്ക്ക് മാറിയെങ്കിലും, സ്ത്രീയുടെ ഭാര്യാപദവിയിലെ അടിമത്വം തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്ത അന്തർജ്ജനത്തിന് അതിസ്നേഹത്തിലും ഒളിച്ചിരിക്കുന്ന സ്ത്രീവിരുദ്ധത അവതരിപ്പിക്കാതെ വയ്യ എന്ന് ചുരുക്കം.

കാശ്യപാശ്രമത്തിൽ വച്ച ശകുന്തളയും ദുഷ്യന്തനും കണ്ടുമുട്ടുന്ന രംഗം തിരക്കഥാകൃത്ത് ഇപ്രകാരമാണ് ചേർത്തത്:-

പെട്ടന്ന് രാജാവിനെക്കണ്ട് സ്തബ്ധയായി നിന്ന് പോകുന്നു. ശോകകോപ ക്രോധവികാരങ്ങൾ മാറി മാറി വരുന്നത് നെടുവീർപ്പിട്ട് അടക്കുന്നു.രാജാവ് കുറ്റവാളിയെപ്പോലെ ചൂളി പശ്ചാത്താപവിവശനാകുന്നു. ഇരുവരും തമ്മിൽ നോക്കി ചില നിമിഷങ്ങൾ നിൽക്കുന്നു. താനനുഭവിച്ച നിരവധി അപമാനങ്ങൾ അന്തർജ്ജനത്തിന്റെ ശകുന്തള എണ്ണിപ്പറയുന്നുണ്ട്. ഭാര്യാപദവി നിഷേധിക്കുകയും അപ മാനിച്ചിറക്കി വിടുകയും ചെയ്ത കാര്യത്തെ തനിക്ക് മറക്കാനാവില്ലെന്ന് അവൾ സൂചിപ്പിക്കുന്നു. കണ്ണീരൊഴുക്കി പശ്ചാത്താപവിവശത അറിയിച്ച ദുഷ്യന്തനോട് മനസ്സുപതറുന്നുണ്ടെങ്കിലും അതടക്കി ദൃഡമായി അവൾ പറയുന്നത് ഇപ്രകാരമാണ്:-

"ഇല്ല മഹാരാജാവേ! ഇല്ല. അന്ന് അങ്ങയുടെ പുഞ്ചിരിയിൽ മയങ്ങി ഞാൻ വഞ്ചിതയായി...പക്ഷേ ഇന്ന് കണ്ണീരിൽ മയങ്ങുകയില്ല-രാജർഷിയുടെ മകളായി ജനിച്ച് താപസാശ്രമത്തിൽ വളർന്ന ഇവൾ. രാജപുത്രനെ പ്രസവിച്ച് തപോവനത്തിൽ വളർന്നു...പക്ഷെ ശകുന്തള വളരെ സഹിച്ച ഒരു സ്ത്രീയാണ് രാജൻ-...സ്ത്രീ ..അതോർമ്മ വെയ്ക്കൂ." 34

ശകുന്തള ആവശ്യപ്പെടുന്നത് തന്നിലെ സ്ത്രീത്വത്തെ മാനിക്കാനാണ്. രാജാവിന്റെ ആഡംബരമോ ഉന്നതപദവിയോ അല്ല ശകുന്തളയുടെ ജീവിതം. അത് എക്കാലത്തും ലാളിത്യമാർന്നതായിരുന്നു. അങ്ങനെയിരിക്കെ, കന്യക യായിരിക്കുമ്പോഴുണ്ടായ മനഃചാഞ്ചല്യം ഇനിയുമുണ്ടാവാനിടയില്ല.

തുടർന്ന് അവളെ കാളിദാസനും, ഒപ്പം എഴുത്തുകാരിയും മാതൃത്വ ത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. ഭാര്യാപദവിയുടെ മഹത്വം നിർണയിക്കപ്പെ ടുന്നത് പുത്രജന്മത്തിലൂടെയാണ്. ശകുന്തളയുടെ ഭാര്യാപദവിയിലൂടെ അവൾ ക്കു ലഭിക്കേണ്ടതെല്ലാം ഒഴിവാക്കപ്പെടുകയും മാതൃപദവിയുടെ ഉദാത്താവ സ്ഥ കൈവരികയും ചെയ്യുന്നു. ആ ഘട്ടത്തിൽ, ഭാര്യ എന്ന നിലയ്ക്ക് ഭർത്താ വിനെ ചോദ്യം ചെയ്യാനും എതിർക്കാനുമുള്ള അവസരം ശകുന്തളയ്ക്ക് നഷ്ടമാകുകയും പുത്രന്റെ അവകാശത്തിനു മുമ്പിൽ തളർന്നു പോകുന്ന അമ്മ യായി അവൾ രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. ഭാര്യ എന്ന നിലയിൽ അന്തർജ്ജനത്തിന്റെ ശകുന്തള പ്രതിരോധം തീർക്കുമ്പോൾ, ദുഷ്യന്തൻ ഇപ്രകാരമാണ് വിലപിക്കുന്നത്:-

"ദേവീ! അതുകൊണ്ടാണു ഞാനപേക്ഷിക്കുന്നത്. ഭവതി ഒരു സ്ത്രീയാണ്. അമ്മയാണ്.എനിക്കെന്റെ പുത്രനെത്തരൂ. പുരുവംശത്തിന് സന്താനം തരൂ.ദുഷ്യന്തന്റെ ജീവിതം തരൂ. തിരിഞ്ഞു (ബാലനെ പിടിച്ചടുപ്പിച്ചു കൊണ്ട്), വരൂ ഉണ്ണി, അമ്മയോ ടൊത്ത് കൊട്ടാരത്തിലേക്ക് വരൂ" .

ഇത് കേട്ടതോടെ മകൻ ദുഷ്യന്തനോട് ചേർന്ന് നിന്ന് അച്ഛാ എന്ന് വിളിക്കുന്നു.തുടർന്ന് അന്തർജ്ജനം എഴുതുന്നത് നോക്കുക:-

"ഞാനങ്ങനെ വിളിക്കട്ടെ അമ്മേ എന്ന പുത്രന്റെ ചോദ്യത്തിൽ ശകുന്തള കുഴങ്ങി.എന്നാലും സംശയവും അഭിമാനവും വിടുന്നില്ല. അച്ഛനമ്മമാരുടെ നടുവിൽ നിൽക്കുന്ന കുട്ടി-ശകുന്തള ധർമ്മസങ്കടത്തോടെ മിഴിയുയർത്തി. വിലാപസ്വരത്തിൽ കണ്ണുകളിൽ നീർനിറഞ്ഞു തുളുമ്പി." 35

ഭാര്യാഭർത്തൃപദവിയിൽ ലഭിക്കേണ്ട അവകാശങ്ങൾ നിഷേധി ക്കപ്പെടുകയും, കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള മാതൃജീവിതം ഉദാത്തമാവു

കയും ചെയ്യുന്നു. ഭർത്താവിന് മാപ്പു കൊടുക്കാൻ ശകുന്തളയോട് കാശ്യപ പ്രജാപതി ആവശ്യപ്പെടുന്നത് ഇപ്രകാരമാണ്:-

"മകളെ!നീ സഹിച്ച ദുഷ്യന്തൻ ഞാനറിയുന്നുണ്ട്.അച്ഛനമ്മമാരുപേക്ഷിച്ച പുത്രി.ഭർത്താവുപേക്ഷിച്ച ഭാര്യ-അപമാനിതയായ സ്ത്രീ...നിന്റെ മനസ്സ് പതറുന്നത് കുറ്റമല്ല. ഭർത്താവിന് മാപ്പു കൊടുക്കൂ കുഞ്ഞേ! പുരുഷന് മറവി സ്വാഭാവികമാണ്.അതല്ലേ സ്ത്രീയ്ക്ക് ധാരാളം ഓർമ്മശക്തി കൊടുത്തിരിക്കുന്നത്. 36

ഭർത്താവിന്റെ മറവി സാധൂകരിക്കപ്പെടുകയും സ്ത്രീ അനുഭവിച്ചതെല്ലാം നിസ്സാരവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. കാളിദാസനാടകത്തിന്റെ അവസാന ഭാഗത്തിന് ചില കൂട്ടിച്ചേർക്കലുകൾ നടത്തി ഉദ്വേഗജനകമായി അവതരിപ്പിക്കാനാണ് ലളിതാംബികാ അന്തർജ്ജനം ശ്രമിച്ചത്. സ്ത്രീയെന്ന നിലയിൽ ഭാര്യാപദവിക്ക് സംഭവിച്ച അധഃപതനം വ്യക്തമാക്കാൻ ശകുന്തളയും നാടകീയ രംഗവിതാനവും ശ്രമിക്കുന്നുണ്ട്. എങ്കിലും മാതൃത്വത്തിന്റെ മഹത്വവൽക്കരണത്തിലൂടെ സ്ത്രീയ്ക്ക് അർഹമായ സ്ഥാനത്തെകുറിച്ചുള്ള ചർച്ച അന്തർജ്ജനവും വിട്ടുകളയുന്നതായി നിരീക്ഷിക്കാം.

### 5.9 'ശകുന്തളയോട് അഭിനിവേശം മാത്രം' -ശാകുന്തളം നാടകം

നിരവധി ഭാര്യമാരുള്ളയാളാണ് ദുഷ്യന്തൻ. ദുഷ്യന്തന്റെ ഇത്തരം ബന്ധങ്ങളെ, നാടകത്തിൽ പരിഹസിക്കുന്നുണ്ട്:-

"തോഴരുടെ നിരവധി അനുരാഗം ഞാൻ കണ്ടതാണ്. പട്ടമഹിഷിയായ വസുമതിദേവി, ഹംസപദിക, മധുകരിക, വേത്രവതി അങ്ങനെ നിരവധി പേരോടുള്ള അനുരാഗം താൻ കണ്ടിരിക്കുന്നു. രാജാവിന് കുതിരകളേക്കാൾ കൂടുതലുള്ളത് ഭാര്യമാരാണ്. കൊട്ടാര ത്തിലെ അന്തഃപുരം കുതിരപ്പന്തിപോലെയാണ്" .37

-എന്നിങ്ങനെയാണ് വിദൂഷകൻ ദുഷ്യന്തരാജാവിനോട് പറയുന്നത്. ധാരാളം ഭാര്യമാരുള്ളയാളാണ്. അതുകൊണ്ടു തന്നെ ഭർത്തൃധർമ്മം നിറവേറ്റാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. ശരീരമാത്രനിഷ്ഠമായ താൽപര്യമാണ് അദ്ദേഹത്തിന് ശകുന്തളയോടുള്ളതെന്ന് തോപ്പിൽ ഭാസി കരുതുന്നു. അത്തരം സൂചനകൾ നാടകകൃത്ത് വിവിധ ഭാഗങ്ങളിൽ ചേർത്തിട്ടുണ്ട്.

ദുഷ്യന്തൻ: ശകുന്തളയോടുള്ള പ്രേമം എനിക്കു മറ്റൊരു സ്ത്രീയോടും ഉണ്ടായിരുന്നില്ല.
വിദൂഷകൻ.അടുത്തൊന്നിനെ കാണുമ്പോൾ അതിനോടാവും കൂടുതൽ പ്രേമം. അത് കാട്ടിൽനിന്നായാലും വേണ്ടില്ല, നാട്ടിൽനിന്നായാലും വേണ്ടില്ല-പെണ്ണിന്റെ കോലമായാൽ മതി.
ദുഷ്യന്തൻ: (പുഞ്ചിരിയോടെ വിദൂഷകന്റെ തോളിൽ കൈ വച്ച്) സ്നേഹിതാ, എന്റെ ആഗ്രഹത്തിന് പ്രതിബന്ധം ഉണ്ടാക്കരുത്,.
വിദൂഷകൻ: അങ്ങനെ നേരായ വഴിയേ വാ. ഒഴിഞ്ഞു നിന്നു തരാം.അല്ലെങ്കിൽ അവളെ കൂട്ടിക്കൊണ്ടുവരാം.അതും വിദൂഷകന്റെ ജോലിയാണല്ലോ?

തന്റെ ആഗ്രഹത്തിന് പ്രതിബന്ധം ഉണ്ടാക്കരുതെന്നാണ് ഇവിടെ ദുഷ്യന്തൻ വിദൂഷകനോട് പറയുന്നത്. ആഗ്രഹം ശരീരാധിഷ്ഠിതമാണെന്ന് വരുന്നു. വിദൂഷകൻ അത്തരം ആഗ്രഹത്തിന് പ്രതിബന്ധം ആകാൻ ആഗ്രഹിക്കുന്നില്ല. ഒഴിഞ്ഞു മാറാമെന്നോ അല്ലെങ്കിൽ അവളെ താൻ തന്നെ കൂട്ടി വരാമെന്നോ അയാൾ പറയുന്നു.
മറ്റൊരു ഭാഗത്ത് വിദൂഷകൻ ഇപ്രകാരം പറയുന്നു:

"അമ്മയുടെ ഉപവാസം അവിടേയ്ക്ക് ശകുന്തളയെ മടുക്കുംവരെ നീട്ടാൻ ആജ്ഞാപിച്ചാലും" 38

- എന്നിങ്ങനെയാണ്. ഇവിടെ ദുഷ്യന്തൻ ധാരാളം ഭാര്യമാരുണ്ടായിട്ടും ശകുന്തളയെന്ന കാട്ടുസ്ത്രീയിൽ അഭിരമിക്കുന്നയാളാണ്.ആ ആഗ്രഹം തീരുന്നതുവരെ തന്റെ കർമ്മങ്ങൾ നീട്ടി വെക്കാൻ പരിഹാസരൂപേണ വിദൂഷകൻ

ആവശ്യപ്പെടുന്നു. തനിക്കു പകരം വിദൂഷകനെ രാജകൊട്ടാരത്തിലേയ്ക്ക് ദുഷ്യന്തൻ അയക്കുന്ന കഥ കാളിദാസൻ അഭിജ്ഞാനശാകുന്തളം നാടകത്തിൽ ചേർത്തതാണ്. വിദൂഷകൻ തന്റെ ആഗ്രഹാദികൾ രാജകൊട്ടാരത്തിൽ അറിയിക്കുമോയെന്ന് ദുഷ്യന്തൻ ഭയക്കുന്നത് രണ്ടാം അങ്കത്തിലാണ് കാളിദാസൻ ചേർത്തിട്ടുള്ളത്. അതേഭാഗം കുറേക്കൂടെ വിശദമായി നാടകകാരൻ വിവരിക്കുന്നു:-

ദുഷ്യന്തൻ: ഈ വിടുവായൻ ബ്രാഹ്മണൻ അന്തഃപുരസ്ത്രീകളോടും പട്ടമഹിഷിയോടും എനിക്ക് ശകുന്തളയോടുള്ള അഭിനിവേശം പറയുമോ എന്തോ!(അല്പം ആലോചിച്ചിട്ട് വിദൂഷകൻ പോയിടത്തേക്കു നോക്കി ഉറക്കെ വിളിക്കുന്നു.)തോഴരേ ?

(വിദൂഷകൻ മ്ലാനവദനനായി തിരിച്ചുവരുന്നു)

വിദൂഷകൻ: പിന്നിൽ നിന്നു വിളിച്ചല്ലോ?

ദുഷ്യന്തൻ: സ്നേഹിതാ, യഥാർത്ഥത്തിൽ ഞാൻ വരാതിരിക്കുന്നത് നിശാചരന്മാർ മുനികളുടെ യാഗത്തിന് ഇനിയും തടസ്സമുണ്ടാക്കുമോ എന്ന വിചാരം കൊണ്ടാണ്.

വിദൂഷകൻ:(വിപരീതാർത്ഥത്തിൽ) അതേയതെ

ദുഷന്തൻ: ഈ വിവരമാണ് അമ്മയോടും നമ്മുടെ പട്ടമഹിഷിയോടും മറ്റ് അന്തഃപുരസ്ത്രീകളോടും അമാത്യന്മാരോടും പറയേണ്ടത്.

വിദൂഷകൻ: ശകുന്തളയെപ്പറ്റി പറഞ്ഞു കേൾക്കുന്നതിൽ ഒരു സത്യവും ഇല്ലെന്നും പറയാം.

ദുഷ്യന്തൻ:(ചിരിച്ചു കൊണ്ട്) വിഡ്ഢി! (അല്പം കഴിഞ്ഞ്)സ്നേഹിതാ, യഥാർത്ഥത്തിൽ ആ താപസ കന്യകയോട് എനിക്ക് താത്പര്യമേ ഇല്ല. നാഗരികാംഗനകളിൽ രസിക്കുന്ന ഞാനെവിടെ? മന്മഥകഥപോലും അറിയാതെ മാൻകുട്ടങ്ങളോടൊപ്പം വളർന്ന മുനികന്യകയെവിടെ?**39**

തോപ്പിൽ ഭാസി കാളിദാസദുഷ്യന്തന്റെ യാഥാർത്ഥ ചിന്ത വെളിപ്പെടുന്ന വിധത്തിൽ വിശദമായാണ് പ്രസ്തുതഭാഗം ചേർത്തത്. ശകുന്തളയെ ഭാര്യയാക്കുകയെന്ന ചിന്ത ദുഷ്യന്തനിൽ ഇല്ലായിരുന്നുവെന്ന് ഈ ഭാഗം

തെളിയിക്കുന്നതായി കാണാം. നാലാമങ്കത്തിൽ ശകുന്തള ഇക്കാര്യം തിരിച്ചറിയുന്നുണ്ട്. അവൾ ഇപ്രകാരമാണ് പറയുന്നത്-

"ആര്യപുത്രന് ഭാര്യമാർ ധാരാളമുണ്ട്. വശീകരണശേഷിയുള്ള അവരിലാരെങ്കിലും എന്റെ വൃത്താന്തമറിഞ്ഞ് അദ്ദേഹത്തെ പിന്തിരിപ്പിച്ചതാവുമോ? അച്ഛന്റെ അനുവാദം കൂടാതെ ഞാൻ ഗാന്ധർവത്തിനു വഴങ്ങരുതായിരുന്നു. താതകണ്വൻ തീർത്ഥാടനം കഴിഞ്ഞു മടങ്ങി വരുമ്പോൾ ഗർഭിണിയായ ഞാൻ എങ്ങനെ അദ്ദേഹത്തിന്റെ മുമ്പിൽ ചെല്ലും" ? **40**

ധാരാളം ഭാര്യമാരുള്ളയാളും നഗരവാസിയുമായ ദുഷ്യന്തനിൽ സ്വാഭാവികമായുണ്ടായേക്കാവുന്ന മനഃചാഞ്ചല്യമാണ് ശകുന്തള ഇവിടെ സൂചിപ്പിക്കുന്നത്. രക്ഷിതാക്കളുടെ അനുവാദമില്ലാതെ സ്വന്തമായെടുക്കുന്ന തീരുമാനം സ്ത്രീകൾക്ക് ഭാവിയിൽ ദുരിതമുണ്ടാക്കാനിടയുണ്ടെന്ന സൂചന നാടകകാരൻ നൽകുന്നു. അഞ്ചാമങ്കത്തിന്റെ ആരംഭത്തിൽ തനിക്ക് ഹംസപദികയോട് പട്ടമഹിഷിയായ വസുമതിയേക്കാൾ താത്പര്യമുണ്ടായിരുന്നുവെന്ന് ദുഷ്യന്തൻ വിദൂഷകനോട് പറയുന്നുണ്ട്. അതിനു മറുപടിയായി,വിദൂഷകൻ പറയുന്നത് ഇപ്രകാരമാണ്:-

എടീ മാമ്പൂവേ,വണ്ടിങ്ങനെയാണ്.മാമ്പൂവിനെയും താമരപ്പൂവിനെയും മറന്ന് കാട്ടുപൂവിലും പോകും. തിരിച്ചു പറന്ന് മാമ്പൂവിലെത്തും.തേൻ സംഭരിച്ചു വച്ചോ.........
.......................................എല്ലാ വണ്ടിന്റെ യും സ്വഭാവമതാണ്.**41**

ഇവിടെ വണ്ട് പുരുഷപ്രതീകമാണ്. അഭിജ്ഞാനശാകുന്തളം ആരംഭം മുതലേ കാളിദാസൻ.വണ്ടിനെ പുരുഷനായും, സ്ത്രീയെ പൂവായും ഉപമിച്ചിട്ടുണ്ട്. അതേ മാതൃകയിൽ തന്നെയാണ് തോപ്പിൽ ഭാസിയുടെ വിദൂഷകനും സംസാരിക്കുന്നത്. എല്ലാ പൂക്കളിലും മാറി മാറിയിരിക്കുന്ന വണ്ടിനെപ്പോലെയാണ് എല്ലാ പുരുഷന്മാരും എന്ന സൂചന, തന്നെ പരിഹസിക്കാൻ വേണ്ടി

യാണോ വിദൂഷകനുപയോഗിച്ചതെന്ന് ദുഷ്യന്തൻ സംശയിക്കുന്നുണ്ട്. എന്നാൽ എല്ലാ വണ്ടിന്റെയും സ്വഭാവം തന്നെ അപ്രകാരമാണെന്ന് പറഞ്ഞു വിദൂഷകൻ സാമാന്യവൽക്കരിക്കുന്നു. ആ സാമാന്യവൽക്കരണം പുരുഷന്മാരുടെ സ്വഭാവത്തിന്റെയും സാമാന്യവൽക്കരണത്തിലേക്ക് നീളുന്നു. ശകുന്തളയെ കൊട്ടാരത്തിൽ വച്ച് കാണുന്ന ഘട്ടത്തിൽ എല്ലാം ഓർമ്മയുള്ള എന്നാൽ അവളെ ശക്തമായി അപമാനിക്കുകയും നിരസിക്കുകയും ചെയ്യുന്ന ഭർത്താവിനെയാണ് കാണുന്നത്. അത്തരമൊരു ബന്ധത്തിൽ ശകുന്തളയ്ക്ക് നീതി കിട്ടാനിടയില്ല. അതുകൊണ്ടു തന്നെയാവണം അവർ തമ്മിലൊന്നിക്കുന്ന ഭാഗം എഴുത്തുകാരൻ വിട്ടു കളഞ്ഞത്.

### 5.10 കുടുംബത്തിലെ സ്ത്രീപദവി

സ്ത്രീയും പുരുഷനും വിവാഹധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനമാക്കി ഭാര്യാഭർത്താക്കന്മാരായി മാറുകയെന്നത് ബ്രാഹ്മണജ്ഞാന പദ്ധതികളനുസരിച്ചാണെന്ന് നിരീക്ഷിക്കാം. പുരുഷാധീശവ്യവസ്ഥ നിലനിർത്തുന്ന രീതിയിലാണ് അതിന്റെ ഘടന. എൻ കെ രവീന്ദ്രൻ അഭിപ്രായപ്പെടുന്നത് നോക്കുക :-

'ഭരിക്കപ്പെടേണ്ടവളാണ് ഭാര്യ. കുടുംബത്തിലെ അധികാരകേന്ദ്രമായ ഭർത്താവിനെ നിഷേധിക്കാൻ അവൾക്ക് അവകാശമില്ല. ഭർത്താവ് പരനാരീരക്തനോ ഗുണരഹിതനോ ആയാൽപ്പോലും ഭാര്യ പതിവ്രതയായിരിക്കുകയും അയാളെ ദൈവത്തെപ്പോലെ പൂജിക്കുകയും വേണമെന്ന് മനുസ്മൃതികാരൻ അനുശാസിക്കുന്നുണ്ട്. ഭർത്തൃശുശ്രൂഷ മാത്രം മതി അവൾ സ്വർഗ്ഗത്തിൽ പൂജനീയയായിത്തീരാൻ. ധനം സൂക്ഷിക്കൽ, ചെലവാക്കൽ,വീട് വൃത്തിയാക്കൽ, തേവാരം, അരിവെയ്പ്പ് തുടങ്ങിയ നിർവ്വചനങ്ങൾ ഫലത്തിൽ ഭർത്താവിന്റെ അധികാരത്തെ സുസ്ഥിരമാക്കുന്നതിന് വേണ്ടിയുള്ള ക്രമീകരണ വ്യവസ്ഥകളാണെന്ന് വ്യക്തമാണല്ലോ. ഈ അധികാരത്തെ നിഷേധിക്കുന്നതാകട്ടെ, കുടുംബശൈഥില്യത്തിലേക്ക് നയിക്കുകയും ചെയ്യും. മര

ണം, കലാപം, അനുരഞ്ജനം- ഇവയിലേതെങ്കിലും സ്വീകരിക്കാൻ മാത്രമേ അപ്പോൾ സ്ത്രീയ്ക്ക് കഴിയൂ." 42

വ്യാസഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിൽതന്നെ ഭാര്യയുടെ പദവിയും സ്ഥാനവും വലിയതോതിൽ ചർച്ച ചെയ്തിട്ടുണ്ട്. കാളിദാസനാകട്ടെ, അഭിജ്ഞാനശാകുന്തളം നാടകത്തിൽ, ഗാർഹസ്ഥ്യത്തിന് പ്രാധാന്യം നൽകുകയും കുടുംബത്തിൽ ഭാര്യാപദവി പുരുഷന് താഴെയാക്കി നിർമ്മിച്ചെടുക്കുകയും ചെയ്തു. കേരളത്തിലെ മധ്യകാലഭക്തകവിയായ എഴുത്തച്ഛൻ വ്യാസഭാരതത്തിലെ ഭാര്യാനിർവ്വചനങ്ങൾ അതേപടി ശാകുന്തളോപാഖ്യാനത്തിൽ ആവർത്തിക്കുന്നുണ്ട്. കാളിദാസൻ കണ്വോപദേശങ്ങളെ മുൻനിർത്തിയാണ് ഭാര്യാധർമ്മങ്ങൾ വിവരിച്ചിട്ടുള്ളത്. എന്നാൽ അതേകാലത്ത് കേരളത്തിൽ ബ്രാഹ്മണർ മാത്രമേ അത്തരം വൈവാഹിക ബന്ധനിർവ്വചനങ്ങളിലുൾപ്പെട്ടിരുന്നുള്ളൂ എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭാരതംഗാഥയിലും ആട്ടക്കഥയിലും; എഴുത്തച്ഛൻ അതിശക്തമായി നല്ലതെന്നു വാദിക്കുന്ന ഭാര്യാഭർത്തൃബന്ധം പ്രാധാന്യത്തോടെ ചേർത്തുകാണുന്നില്ല. ഭാര്യാഭർത്തൃബന്ധസവിശേഷതകളോ, പുത്രജന്മത്തിനുള്ള പ്രാധാന്യമോ ചേർത്തിട്ടില്ല. പ്രസ്തുത കാവ്യങ്ങളിൽ, ശകുന്തളാദുഷ്യന്തന്മാരെ മണിപ്രവാളകാവ്യങ്ങളുടെ മാതൃകയിൽ കാമിജനങ്ങളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഹുലൈംഗിക ക്രമം അനുവർത്തിക്കുന്ന സ്ത്രീപുരുഷബന്ധങ്ങളെ മുൻനിർത്തിയാണ്, ഭാരതംഗാഥയിലെയും ആട്ടക്കഥയിലെയും ശാകുന്തളകഥ അവതരിപ്പിച്ചിട്ടുള്ളത്.

ആധുനികതയുടെ കാലത്ത് മാത്രമാണ് കേരളത്തിൽ ഭാര്യാഭർത്തൃബന്ധം ജാതിമതഭേദമെന്യേ ഏക പുരുഷനിലും ഏക സ്ത്രീയിലും അധിഷ്ഠിതമായി രൂപപ്പെട്ടത്. പ്രസ്തുതകാലഘട്ടത്തിൽ എഴുത്തച്ഛന്റെ ഭാര്യാ-ഭർത്തൃനിർവചനങ്ങൾക്ക് വലിയ പ്രാധാന്യം ലഭിച്ചിരുന്നു. *മൂർഖനാണെ*

*ങ്കിലും*-(അറിവില്ലാത്തവൻ,ക്രൂരൻ എന്നിങ്ങനെയെല്ലാം പദാർത്ഥം ) *ഭർത്താവ് നാരിമാർക്കെല്ലാം ദൈവമാണെ*ന്ന എഴുത്തച്ഛന്റെ നിരീക്ഷണം നവോത്ഥാന കാലത്തിറങ്ങിയ മഹിളാരത്നം മാസികയിൽ ചർച്ചാവിധേയമാക്കിയിട്ടുണ്ട്:- മിസ്സിസ് കെ കണ്ണൻ മേനോൻ എന്ന ലേഖിക ഇപ്രകാരം എഴുതുന്നു:-

"ഇങ്ങനെയുള്ളവർ(ഉത്തരവാദിത്വമില്ലാത്ത ഭർത്താക്കന്മാർ) എന്നെ ആരും ബഹുമാനിക്കാതെയും ആയോ, ഞാൻ എന്ത് ചെയ്യാലെന്താ നോക്കരുതോ, പുരാണ ങ്ങൾ മൂർഖനാണെങ്കിലും ഭർത്താ, നാരിമാർക്കെല്ലാം ദൈവം എന്നല്ലേ പറയുന്നത് എന്നും മറ്റും ഘോഷം കൂട്ടി ഈ വക പാസ്സ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടോ?

എന്നിങ്ങനെ പുരാണാദികളിലെ പുരുഷപക്ഷനിലപാടുകൾ എഴുത്ത ച്ഛനെ ഉദ്ധരിച്ചു തന്നെ വിമർശനവിധേയമാക്കുന്നുണ്ട്.**43.** അത്തരത്തിലുള്ള മാതൃകകൾ സ്ത്രീകളുടെ മേൽ അന്യായമായാണ് അടിച്ചേൽപ്പിക്കുന്ന തെന്നും എഴുത്തുകാരി നിരീക്ഷിക്കുന്നു. ഭർത്താവാണ് പ്രത്യക്ഷദൈവം എന്ന അക്കാലത്തെ ചർച്ചകൾ വിമർശിക്കുവാനാണ് പ്രസ്തുത ഭാഗം എഴുത്തു കാരി സ്വീകരിച്ചതെന്ന് കാണാം.

ശാകുന്തളകഥയും അതിലെ കണ്വോപദേശങ്ങളും സ്ത്രീയെ പുരുഷന്റെ അടിമയാക്കി എന്ന് കെ ലക്ഷ്മിയമ്മ നിരീക്ഷിക്കുന്നുണ്ട്:-

സപത്നീജനത്തിൽ വിപ്രയം ചെയ്യരുത് നികൃതയെന്നാകിലും എന്ന് ഒരു സ്ത്രീ രത്നത്തോട് ഉപദേശിച്ച മഹാൻ 'പത്നീജനത്തിനോടും വിപ്രയം ചെയ്യരുതെന്ന് പുരു ഷനോടും ഉപദേശിച്ചിരുന്നെങ്കിൽ ശകുന്തളയുടെ ദുഃഖം വായനക്കാരുടെ മനസിനെ തപിപ്പിക്കുകയില്ലായിരുന്ന.....................................................തനിക്ക് സ്വാതന്ത്ര്യം വേണമെന്ന് പുരുഷന് തോന്നുന്നതുപോലെ സ്ത്രീക്കും കൊടുക്കണമെന്ന് പുരുഷന് തോന്നേ ണ്ടതല്ലേ?അതോ പുരുഷന്റെ സ്വാതന്ത്ര്യം സ്ത്രീയുടെ ദാസ്യത്തെ പ്രബലപ്പെടുത്താൻ മാത്രമോ?**44**

ഇതിഹാസപുരാണാദികഥകൾ ഉദ്ധരിച്ചു കൊണ്ട് സ്ത്രീയെ നന്നാക്കാനുള്ള ശ്രമങ്ങൾ അവളെ അടിമാവസ്ഥയിലേക്കു നയിക്കുമെന്ന് സ്ത്രീകൾ അക്കാലത്ത് തന്നെ തിരിച്ചറിയുകയും വിമർശനാത്മകമായി ഉന്നയിക്കുകയും ചെയ്തതായി കണക്കാക്കാം.

മിഷണറിമാരുടെ സ്വാധീനവും ഇക്കാലത്ത് കേരളത്തിലെ കുടുംബബന്ധങ്ങൾ രൂപപ്പെടുത്താൻ ഉപയോഗിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ട്. പാശ്ചാത്യമിഷനറിമാരിലൂടെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെയും ഇന്നാട്ടിൽ പ്രചരിപ്പിച്ചത് ഏകദാമ്പത്യകുടുംബത്തിന്റെയും വിക്ടോറിയൻ സദാചാരമൂല്യങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളായിരുന്നു. കുടുംബമഹത്വവും സുരക്ഷിതത്വവും പ്രകീർത്തിക്കപ്പെട്ടു. കുടുംബനന്മയ്ക്കു വേണ്ടി അപേക്ഷിക്കുന്ന പ്രാർത്ഥനാസ്തോത്രങ്ങളും ഇക്കാലത്ത് രൂപം കൊണ്ടു.**45**

ബഹുലൈംഗികതയിൽ നിന്നുമാറി സ്ത്രീപുരുഷന്മാർ ഒറ്റയിണയെ മാത്രം സ്വീകരിച്ചു ജീവിക്കുമ്പോൾ ഇരുവരും പുലർത്തേണ്ട ലൈംഗിക വിശ്വാസ്യതയെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചുമുള്ള വിലയിരുത്തലുകൾ ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിൽ വരുന്നുണ്ട്. ശാരദയിൽ, *ഭർത്തൃശുശ്രൂഷ* എന്ന ലേഖനത്തിൽ ഇക്കാര്യം കെ പത്മാവതിയമ്മ ചർച്ചചെയ്യുന്നുണ്ട്. ലേഖനാന്ത്യത്തിൽ *അവർ ഇപ്രകാരം ചേർക്കുന്നു:_*

'മറ്റുള്ളവർ തന്നോട് ഏതുപ്രകാരം പ്രവർത്തിക്കേണമെന്നു താൻ ഇച്ഛിക്കുന്നുവോ അതുപ്രകാരം താൻ ഒന്നാമത് അങ്ങോട്ടും പ്രവർത്തിക്കേണം. എന്നുള്ള തത്ത്വം ഈക്കൂട്ടർ എപ്പോഴും ഓർമ്മ വെക്കണം. ഭാര്യാഭർത്തൃത്വം എന്നത് കേവലം വിഷയസുഖത്തെ മാത്രം ആശ്രയിച്ചിട്ടുള്ളതല്ലെന്നും അതിലധികമായ പലേസുഖങ്ങളും ഭാര്യമാരിൽ നിന്നും സിദ്ധിക്കാനുണ്ടെന്നും അവയെ ആഗ്രഹിക്കുന്ന പക്ഷം ആ അവസ്ഥയ്ക്കനുരൂപമായ മഹത്തായ മനോധർമ്മം അവർക്കുണ്ടാക്കി കൊടുക്കേണ്ടത് തങ്ങളുടെ മുറയാണെന്നും പുരുഷന്മാർ അറിഞ്ഞു പ്രവർത്തിക്കുന്നതായാലേ സ്ത്രീ

കളും തങ്ങളുടെ കൃത്യത്തെ നിർവ്വഹിക്കു ന്നതിൽ ശ്രദ്ധയുള്ളവരായിരിക്കുകയുള്ളൂ. അതല്ലാതെ,സ്ത്രീകൾ കേവലം അടിമകളാണെന്നോ,സ്ത്രീകളുടെ വാക്കുകൾ വേദ വാക്യമാണെന്നോ വിചാരിച്ചു പ്രവർത്തിക്കുന്ന പുരുഷന്മാർക്കും അങ്ങിനെയുള്ള കുടുംബങ്ങൾക്കും ആഗ്രഹിക്കത്തക്ക യാതൊരു സുഖവും ഉണ്ടാകുന്നതല്ല. 46

മേല്പറഞ്ഞ ആധുനികതയുടെ കാലത്തുണ്ടായ ചർച്ചകളിലെല്ലാം ഭാര്യാഭർത്തൃബന്ധത്തിൽ സ്ത്രീയെ പുരുഷന് താഴെയായി നിർമ്മിച്ചെടുക്കു ന്നതിലുള്ള അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം ബന്ധങ്ങളിൽ സ്നേ ഹവും ഏക ലൈംഗികതയുമാണ് വേണ്ടത്. എന്നാൽ ഭാര്യാപദവിയിലുള്ള സ്ത്രീയുടെ ലൈംഗികസംശുദ്ധി മാത്രമാണ് ശാകുന്തളകഥയുടെ പ്രധാന ഭാഗമാവുന്നതെന്ന് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. വെണ്ണിക്കുളത്തിന്റെയും, കെ.പി. കുഞ്ഞിലക്ഷ്മിയുടെയും, ലളിതാംബികാ അന്തർജ്ജനത്തിന്റെയും, തോപ്പിൽഭാസിയുടെയും കൃതികളിൽ പുരുഷന്റെ ബഹുലൈംഗികതയെ സൂക്ഷ്മമായി വിമർശിക്കുന്നുണ്ട്. എങ്കിലും സ്ത്രീയുടെ ധർമ്മങ്ങളാണ് കൂടു തൽ പ്രാധാന്യത്തോടെ ശകുന്തളോപാഖ്യാനങ്ങളിൽ വിവരിച്ചു കാണുന്നത്. സൂക്ഷ്മനിരീക്ഷണത്തിൽ, ഭാര്യാഭർത്തൃബന്ധത്തിലെ സ്ത്രീ പദവി എല്ലാ ശാകുന്തളപുനർനിർമിതികളിലും പുരുഷന് താഴെയാണ്. വേദാദികളിലെ യും മനുസ്മൃതിയിലെയും ഭാര്യഭർത്തൃബന്ധത്തിനാണ് മിക്ക കൃതികളും പ്രാധാന്യം നൽകിയിട്ടുള്ളത്.

### 5.11 ഭാര്യയുടെ ശ്രേഷ്ഠമാതൃത്വം

ദാമ്പത്യബന്ധത്തിന് പുത്രജന്മം ദൃഢത നൽകുന്നതായി എഴുത്തച്ഛൻ,മച്ചാട്ട് ഇളയത് തുടങ്ങിയ മധ്യകാലഎഴുത്തുകാരും പിൽക്കാല എഴുത്തുകാരും സങ്കൽപ്പിക്കുന്നു. ഭാര്യാ-ഭർത്തൃബന്ധം നിലനിർത്തുന്ന തിൽ സ്ത്രീയ്ക്കാണ് ചുമതലയെന്ന് പിൽക്കാല എഴുത്തുകാർ കരുതുന്നു.

പ്രത്യേകിച്ചും മാതൃത്വാവസ്ഥ മഹത്വവൽക്കരിക്കുന്നത് കൊണ്ട് ബന്ധ ദൃഢത കാത്തു സൂക്ഷിക്കേണ്ടത് സ്ത്രീയുടെ മാത്രം ആവശ്യമായി മാറുന്നു. പ്രത്യേകിച്ചും പുത്രന്റെ 'അമ്മ എന്ന സ്ഥാനമാണ് ശകുന്തളയുടെ ഭാര്യാപദവി ഉയർത്തുന്നത്. പ്രസ്തുത ആശയം വള്ളത്തോൾ,വെണ്ണിക്കുളം കെ.പി. കുഞ്ഞി ലക്ഷ്മി, ലളിതാംബികാ അന്തർജ്ജനം എന്നിവർ വളരെ പ്രാധാന്യത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. *'അച്ഛനും മകളും'* എന്ന കാവ്യത്തിൽ മകനെ ജാഗ്രത യോടെ വളർത്തുന്ന വിശുദ്ധ മാതാവാണ് ശകുന്തള. തനിക്ക് ലഭിക്കാതെ പോയ സൗഭാഗ്യങ്ങൾ പുത്രന് നഷ്ടമാകരുതെന്ന ജാഗ്രത അവളിലുണ്ട്. ഭാര്യ യുടെ പദവി അവൾക്ക് തിരിച്ചു ലഭിച്ചതിൽ സർവ്വദമനെന്ന പുത്രന് വലുതായ പങ്കുണ്ട്. അതേ ആശയം വെണ്ണിക്കുളവും കാവ്യത്തിൽ ചേർത്തിട്ടുണ്ട്. തന്റെ ദുസ്സഹാർത്തിയാൽ വരാനിരിക്കുന്ന ശിശുവിന്റെ സ്ഥിതി ക്ഷീണിതമാക്കരു തെന്ന് വെണ്ണിക്കുളത്തിന്റെ ശകുന്തള ചിന്തിക്കുന്നുണ്ട്. മാത്രമല്ല, സുഭഗനായ ആ ശിശുവിലാണ് ശകുന്തളയുടെ ഭാവി ജീവിതമുള്ളതെന്ന്, കാവ്യത്തിലുട നീളം കവി ആവർത്തിച്ചു പറയുന്നു. മകനെ ജാഗ്രതയോടെ വളർത്തുന്ന വിശുദ്ധമാതാവ് തന്നെയായാണ് ഈ കാവ്യത്തിലും ശകുന്തളയെ നിർമ്മി ച്ചെടുത്തത്. കെ. പി. കുഞ്ഞിലക്ഷ്മിയുടെ കാവ്യത്തിലാകട്ടെ, പുത്രനോടൊപ്പം ഭർത്തൃസമീപത്തേക്ക് *'സർവ്വദമനച്ഛായപോലെ സർവ്വം മറന്നു നീങ്ങിയ'* ശകുന്തളയാണുള്ളത്. *കല്യാണമസ്തു* എന്ന മാരീചമുനിയുടെ അനുഗ്രഹത്തിൽ *സതീവ്രതം* അവളെ ഓർമ്മിപ്പിക്കുകയാണെന്ന് കുഞ്ഞിലക്ഷ്മി പറയുന്നു. അങ്ങനെ സതീവ്രതം ഓർമ്മപ്പെടുത്തുന്നത്, കുടുംബജീവിതത്തിൽ സ്ത്രീ പുലർത്തേണ്ട ജാഗ്രത സൂചിപ്പിക്കുന്നതിനു വേണ്ടിയാണ്. ലളിതാംബികാ അന്തർജ്ജനത്തിന്റെ തിരക്കഥയിലും പ്രസ്തുത ആശയം തന്നെയാണ് ആവർ ത്തിക്കുന്നത്. ചുരുക്കത്തിൽ ഭാര്യാപദവിക്ക് മുകളിലാണ് ഭർത്തൃപദവി എന്നും അത്തരം ബന്ധങ്ങൾ സ്ത്രീയുടെ ജാഗ്രതയിലാണ് നിലനിൽക്കുന്ന തെന്നും കാണാം.

സാഹിത്യാദികളിൽ കഥാപാത്രഭാഷണം; വ്യക്തിസത്തയെ നിർണ്ണയിക്കുന്നതാണ്. ശകുന്തളയ്ക്ക് സംഭാഷണസ്വാതന്ത്ര്യം അനുവദിക്കുന്നതിൽ ശാകുന്തളപുനർനിർമ്മിതികൾ സ്വീകരിച്ച നിലപാടുകൾ സാമൂഹിക സാംസ്കാരികഭാഷാവിശകലനോപാധികളിലൂടെ അടുത്ത അധ്യായത്തിൽ അപഗ്രഥിക്കുന്നു.

.

## കുറിപ്പുകൾ

1. ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള, *ശബ്ദതാരാവലി*,(സാഹിത്യപ്രവർത്തക സഹകരണ സംഘം,നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം,2010),പു.1346.
2. അതേ പുസ്തകം, പു. 1342.
3. സുഷമ കെ.കെ.പി.,കഥകളിലെ കുടുംബ വിചാരം, തീയെഴുത്തുകൾ-കെ. സരസ്വതിയമ്മ എഴുത്തും ജീവിതവും,സമാ:ഗീത,(കേരളം ഭാഷാ ഇന്സ്റ്റിട്യൂറ്റ്,തിരുവനന്തപുരം, 2016),പു.98.
4. തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിതസംസ്കരണം:ഡോ പി. എം വിജയപ്പൻ,( കറന്റ്ബുക്സ്, തൃശ്ശൂർ, ഒന്നാംപതിപ്പ്,1998), പു. 228.
5. അതേ പുസ്തകം, പു 223,234.
6. അതേ പുസ്തകം, പു 234.
7. അതേ പുസ്തകം, പു 235.
8. ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരളസാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.34.
9. അതേ പുസ്തകം, പു 35.
10. പ്രൊഫ.ഡി. പദ്മനാഭനുണ്ണി,ഗാഥ,സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, (ജന.എഡി.), ഡോ. കെ.എം.ജോർജ്ജ്,(സാഹിത്യപ്രവർത്തക സഹകരണ സംഘം,നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം),പു 326 .
11. ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരളസാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.36.
12. ഡോ. പി. സോമൻ, *ദേവദാസികളും സാഹിത്യചരിത്രവും*, (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2014), പു.85-109.
13. കെ വി ദിലീപ്കുമാർ, ചെറുശ്ശേരിയുടെ ഭാരതഗാഥ, (താപസം റിസർച്ച് ജേർണൽ, വാല്യം-3,ലക്കം-3, ജനുവരി, 2008), പുറം-350.

14. ഭാരതഗാഥ,പ്രസാ:ചിറക്കൽ ടി ബാലകൃഷ്ണൻ നായർ,(കേരള സാഹിത്യ അക്കാഡമി,തൃശ്ശൂർ,1974),പു.36.

15. പ്രൊഫ.ഡി. പദ്മനാഭനുണ്ണി,ഗാഥ,*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* (ജന.എഡി.), ഡോ. കെ.എം.ജോർജ്ജ്,(സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം),പു 326,327.

16. പ്രൊഫ. എൻ. കൃഷ്ണപിള്ള, *കൈരളിയുടെ കഥ ,* (ഡി.സി. ബുക്ക്സ്, കോട്ടയം, 2016) പു. 141.

17. നൂറ്റിഒന്ന് ആട്ടക്കഥകൾ,സമാ:ഡോ. എസ്.കെ.നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം,(നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ഒന്നാം പതിപ്പ്, 1979), പു.489.

18. അതേ പുസ്തകം, പു 490.

19. അതേ പുസ്തകം, പു 502.

20. അതേ പുസ്തകം, പു 519.

21. അതേ പുസ്തകം, പു 519,520.

22. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും,*(കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ,ഒന്നാംപതിപ്പ്,1977), പു. 149.

23. അതേ പുസ്തകം, പു 152.

24. അതേ പുസ്തകം, പു 153.

25. അച്ഛനും മകളും,അവതാരിക:വിദ്വാൻ സി. എസ്. നായർ, *വള്ളത്തോളിന്റെ കവിതകൾ,*( ഡി.സി. ,ബുക്ക്സ്,കോട്ടയം, ഒന്നാംപതിപ്പ്,2003),പു.340.

26. അതേ പുസ്തകം, പു. 344.

27. അതേ പുസ്തകം, പു. 345,346.

28. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്,*ഭർത്തൃപരിത്യക്തയായ ശകുന്തള,* (മലയാള മനോരമ,കോട്ടയം,1920),പു.5.

29. അതേ പുസ്തകം, പു. 12.

30. അതേ പുസ്തകം, പു. 13.

31. *ശകുന്തള*, കെ.പി.കുഞ്ഞുലക്ഷ്മി അമ്മ, (മംഗളോദയം,തൃശ്ശൂർ,ഒന്നാം പതിപ്പ് 1947), പു. 2.
32. അതേ പുസ്തകം, പു. 10.
33. അതേ പുസ്തകം, പു. 3.
34. ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ*,(കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2010).പു.100.
35. അതേ പുസ്തകം, പു. 101.
36. അതേ പുസ്തകം, പു. 103.
37. തോപ്പിൽ ഭാസി, *ശാകുന്തളം,* (ഡി സി. ബുക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 1987),പു. 58..
38. അതേ പുസ്തകം, പു. 60.
39. അതേ പുസ്തകം, പു. 61.
40. അതേ പുസ്തകം, പു. 68.
41. അതേ പുസ്തകം, പു. 80.
42. എൻ. കെ. രവീന്ദ്രൻ,പെണ്ണെഴുതുന്ന ജീവിതം,(മാതൃഭൂമി ബുക്സ്, കോഴിക്കോട്,2010),പു.81 .
43. മിസ്സിസ് കണ്ണൻ കെ. മേനോൻ, ആധുനിക വനിതാരത്നങ്ങളും അവരുടെ ഭർത്താക്കന്മാരും, മഹിളാരത്നം,കല്പനയുടെ മാറ്റൊലി- സ്ത്രീപുരുഷഭേദവും ആദ്യകാല മലയാളി സ്ത്രീരചനകളും 1898-1938, എഡി: ജെ.ദേവിക,(കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ, 2015)പു.72.
44. അതേ പുസ്തകം, പു.32
45. എൻ. കെ. രവീന്ദ്രൻ,*പെണ്ണെഴുതുന്ന ജീവിതം*,(മാതൃഭൂമി ബുക്സ്, കോഴിക്കോട്,2010),പു.49.
46. കെ.പത്മാവതിയമ്മ, *ഭർത്തൃശുശ്രൂഷ*,(ശാരദ,പുസ്തകം 1, ലക്കം 9,1905), പു.5.

# അധ്യായം ആറ്

# സ്ത്രീയും ഭാഷയും

സ്ത്രീവാദനിരീക്ഷണങ്ങൾ, നിലവിലുള്ള ഭാഷ പുരുഷന്റെ അധികാരവും ആശയങ്ങളും പ്രതിഫലിപ്പിക്കുന്നവയാണെന്ന് കരുതുന്നു. 'പുരുഷമേധാവിത്വസാമൂഹികഘടനയിൽ,പുരുഷന്റെ സങ്കല്പങ്ങൾക്കനുസൃതമായി സ്ത്രീ പെരുമാറിയാലേ അവൾ കുലീനയാകൂ. പെരുമാറ്റത്തോടൊപ്പം ഭാഷ കൂടിയാണ് സ്ത്രീയെ കുലീനയാക്കുന്നത്. ഉച്ചത്തിൽ സംസാരിക്കുവാനോ പുരുഷന്മാർ ഉപയോഗിക്കുന്ന പ്രകാരങ്ങൾ അധികാരത്തോടുകൂടി ഉപയോഗിക്കുവാനോ പാടില്ലെന്ന ധാരണ വിദ്യാസമ്പന്നരായ സ്ത്രീകൾക്കിടയിൽ തന്നെ ഉണ്ട്. വക്താവിന്റെ മനോനില പ്രകടിപ്പിക്കുന്ന പ്രകാരങ്ങളിൽ അവജ്ഞ, ദേഷ്യം,കല്പന,ശാസന എന്നീ മട്ടിലുള്ള അർത്ഥങ്ങൾ വരുന്ന പ്രകാരങ്ങൾ വളരെ നിയന്ത്രിച്ചാണ് സ്ത്രീ, പുരുഷാധിഷ്ഠിതമായ കുലീനതയിലേക്കെത്തുന്നത്.................................പുരുഷന്മാർ അധികാരത്തിനായി ഉപയോഗിക്കുന്ന പ്രകാരങ്ങളും ഊണവും അതുപോലെ ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണം ഗൃഹാന്തരീക്ഷത്തിനേക്കാൾ കുറഞ്ഞ തോതിലേ സാമൂഹികമേഖലയിൽ കാണുന്നുവെന്നുള്ളത് വിരൽ ചൂണ്ടുന്നത് ഭാഷയിൽ അടിയുറച്ചുപോയ ലിംഗ വിവേചനത്തെയാണ്.1 അത്തരം വിവേചനങ്ങളും ഭാഷാപരമായ ബോധ്യങ്ങളും സാഹിത്യാദികളിലെ സ്ത്രീകഥാപാത്രങ്ങൾക്കു എഴുത്തുകാർ നൽകുന്ന ഭാഷയിലും പ്രതിഫലിക്കാനിടയുണ്ട്. അതിനാൽ ശാകുന്തള പുനർനിർമ്മിതികളിൽ എഴുത്തുകാർ ശകുന്തളയ്ക്കു നൽകിയ ഭാഷ അപഗ്രഥിക്കേണ്ടതുണ്ട്.

## 6.1 സ്ത്രീ സംസാരിക്കുന്ന ഇതിഹാസവും, സ്ത്രീയ്ക്ക് ശബ്ദമില്ലാത്ത നാടകവും

ഭാരതേതിഹാസത്തിലെ ശാകുന്തളോപാഖ്യാനത്തിൽ, രണ്ടു പ്രധാന സന്ദർഭങ്ങളിലാണ് ശകുന്തള സംസാരിക്കുന്നത്. ഒന്നാമത്, ദുഷ്യന്താഗമനത്തിലും രണ്ടാമതായി, ഭർത്തൃനിരാസഘട്ടത്തിലുമാണ്. അതിഥിയെ യഥാ

വിധി സ്വീകരിച്ച ശേഷം അയാളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതാണ് ഒന്നാം ഭാഗം. അതിൽ പ്രധാനമായി വരുന്നത് അവളുടെ ജനനകഥാവൃത്താന്തവും ഗാന്ധർവ്വതീരുമാനവുമാണ്. രണ്ടാംഘട്ടത്തിലാകട്ടെ, ഭർത്തൃനിരാസത്തെ എതിർക്കുവാൻ വേണ്ടി നടത്തുന്ന ധർമ്മ ശാസ്ത്രവിധികളുടെ പ്രഘോഷണമാണ്.

പുരുഷനോട് മുഖാമുഖം നോക്കി സംസാരിക്കുന്നവളാണ് ഇതിഹാസത്തിലെ ശകുന്തള. ആവശ്യങ്ങൾ ചോദിച്ചു വാങ്ങാൻ കെൽപ്പുള്ളവളായാണ് അവളെ അവതരിപ്പിച്ചിരിക്കുന്നത്. ദുഷ്യന്തനിരാസഘട്ടത്തിൽ; ദുഷ്ടതാപസിയായ അവളെ താൻ ഓർക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ തപസ്വിനിയായ ആ പാവം ലജ്ജിച്ചുപോയി എന്നാണ് വൈശമ്പായനൻ പറയുന്നത്. പിന്നീട് ദുഃഖക്രോധാവേശത്തോടെ ഭർത്താവിനെ നോക്കി പറഞ്ഞു തുടങ്ങി. രാജാവിന്റെ സത്യസന്ധതയില്ലായ്മയാണ് അവൾ ആദ്യം ചോദ്യം ചെയ്യുന്നത്. തുടർന്ന് പതിവ്രതയായ തന്നെ നിന്ദിക്കുന്നതെന്തിനാണെന്ന് ചോദിക്കുന്നു. പുരുഷന് ഭാര്യ ആരാണെന്നും പുത്രൻ ആരാണെന്നും വിവരിക്കുന്നു. ധർമ്മശാസ്ത്രാദികളിലെ അറിവുകളാണ് ശകുന്തളാ വാക്കുകളിലൂടെ വ്യാസൻ അവതരിപ്പിക്കുന്നത്. പുത്രസ്പർശനത്തിന്റെ ഔന്നത്യം വിപ്രന്മാരെ നോക്കി പഠിക്കേണ്ടതുണ്ട്. തുടർന്ന് അപ്സരസ്സുകളിൽ പ്രമുഖയായ മേനക എന്ന തന്റെ അമ്മയടക്കമുള്ള ബന്ധുക്കൾ തന്നെ ഉപേക്ഷിച്ചതു പോലെ സ്വന്തം പുത്രനെ രാജാവ് ഉപേക്ഷിക്കരുതെന്ന് ശകുന്തള പറയുന്നു. അതോടെ ദുഷ്യന്തൻ; ബ്രാഹ്മണ്യത്വം ആഗ്രഹിച്ച അവളുടെ പിതാവിനെയും, വ്യഭിചാരിണിയായ അമ്മയെയും വിമർശിക്കുന്നു. വ്യഭിചാരിണിയുടെ പുത്രിയായതുകൊണ്ടാണ് അവളും വേശ്യാസ്ത്രീകൾ സംസാരിക്കുന്നതുപോലെ സംസാരിക്കുന്നത്. ശകുന്തള സംസാരിക്കുന്നത് പോലെ 'വേശ്യാസ്ത്രീകൾ മാത്രമേ സംസാരിക്കൂ' എന്ന സൂചന ദുഷ്യന്തനിലൂടെ വ്യാസനും പറയുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രാജാവ് തന്നിലുള്ള വലിയ കുറ്റങ്ങൾ കണക്കാക്കാ

തെ മറ്റുള്ളവരുടെ ചെറിയ കുറ്റങ്ങൾക്ക് നേരെ വിരൽ ചൂണ്ടുകയാണെന്ന് ശകുന്തള ആരോപിക്കുന്നു. സജ്ജനവിരുദ്ധമായ ദുഷ്യന്തന്റെ പ്രവൃത്തി അയാൾക്ക് വൃദ്ധി കൊണ്ടുവരുന്നില്ലെന്നും സത്യത്തെ ത്യജിക്കുന്നതുകൊണ്ട് ഐശ്വര്യം നഷ്ടപ്പെടുമെന്നും ശകുന്തള ഓർമ്മിപ്പിക്കുന്നു.2

ജ്ഞാനിയായ ഒരുവൾക്ക് മാത്രം സംസാരിക്കാനാവുന്ന തത്ത്വങ്ങളാണ് ശകുന്തളാവാക്യങ്ങളിലൂടെ വ്യാസൻ ചേർത്തത്. വേദാദികളുടെ തത്ത്വമറിഞ്ഞു ഒരു സ്ത്രീ സംസാരിക്കുക എന്നത് മഹാഭാരത്തിൽ വലിയ പ്രാധാന്യത്തോടെയാണ് ചേർത്തുകാണുന്നത്. വൈകാരിക വിക്ഷോഭ ങ്ങളടക്കിയാണ് അവൾ സംസാരിച്ചതെന്ന സൂചനയും മഹാഭാരതത്തിലുണ്ട്. സൂക്ഷ്മമായി അപഗ്രഥിയ്ക്കുമ്പോൾ, ധർമ്മശാസ്ത്രങ്ങളിൽ വിവരിച്ചിട്ടുള്ള, ഭാര്യ ,ഭർത്താവ്,പുത്രൻ എന്നീ പദവികളുടെ വിശദീകരണമാണ് ശകുന്തള എന്ന സ്ത്രീയുടെ ഭാഷണത്തിൽ ഇതിഹാസകാരൻ ചേർത്തതെന്ന് കാണാം.

കാളിദാസശാകുന്തളത്തിൽ, ദുഷ്യന്താഗമഘട്ടത്തിൽ ലജ്ജാലുവായ ശകുന്തളയെയാണ് അവതരിപ്പിച്ചിട്ടുള്ളത്. അവൾക്കു വേണ്ടി സംസാരിക്കുന്നതെല്ലാം പ്രിയംവദ, അനസൂയ എന്നീ തോഴിമാരാണ്. ശകുന്തളയുടെ ജനനകഥ പറയുന്നതും ഗാന്ധർവ്വത്തിനു പകരമായി തങ്ങളുടെ തോഴിയ്ക്ക് രാജഗൃഹത്തിൽ ശ്രേഷ്ഠപദവി നൽകാമെന്ന് അഭ്യർത്ഥിക്കുന്നതും തോഴിമാരാണ്. രാജാവ് ഗാന്ധർവ്വാഭ്യർത്ഥന നടത്തുന്ന സമയത്ത്; തനിക്കു വേണ്ടി തോഴിമാർ സംസാരിക്കുമെന്ന നിലപാടാണ് ശകുന്തളയ്ക്കുമുള്ളത്. ഭർത്തൃനിരാസഘട്ടത്തിൽ മാത്രമാണ് അല്പമെങ്കിലും ശക്തമായും വിമർശനാത്മകമായും ശകുന്തള സംസാരിക്കുന്നത്. തന്നെ ദുഷ്യന്തൻ നിഷേധിക്കുകയാണെന്ന നില വന്നപ്പോൾ മാത്രമാണ് അപ്രകാരം സംസാരിക്കാൻ തയ്യാറാകുന്നത്. അവ ഇപ്രകാരം ക്രോഡീകരിക്കാം:-

1. തന്നെ പറഞ്ഞു വിശ്വസിപ്പിച്ചിട്ട് ചതിച്ചതിലുള്ള സങ്കടം പങ്കു വെക്കുന്നത്.
2. അടയാളമോതിരം കാണിക്കാൻ ശ്രമിക്കുന്നത്.
3. മാൻകുട്ടിയോട് ചേർന്ന് നിന്ന സ്വകാര്യനിമിഷങ്ങൾ ഓർമ്മിപ്പിക്കുന്നത്.
4. അനാര്യ എന്ന് സംബോധന ചെയ്ത ശേഷം പുല്ലു മൂടിയ കിണർ പോലെ മാറിയ ദുഷ്യന്തന്റെ അവസ്ഥ വിമർശിക്കുന്നു.
5. വായിൽ തേനും മനസിൽ വിഷവും ഉള്ള ദുഷ്യന്തനെ വിശ്വസിച്ചതിൽ സ്വയം കുറ്റപ്പെടുത്തുന്നു.
6. ദുഷ്ടനായ ദുഷ്യന്തൻ വഞ്ചിച്ചത് പോലെ നിങ്ങളും എന്നെ ഉപേക്ഷിച്ചു പോകുകയാണോ എന്ന് ബന്ധുക്കളോട് ചോദിക്കുമ്പോൾ 3

ഇത്രമാത്രമാണ് കാളിദാസന്റെ ശകുന്തള സംസാരിക്കുന്നത്. യഥാർത്ഥത്തിൽ വ്യാസഭാരതത്തിൽ വലിയ ജ്ഞാനപ്രഭാഷണത്തിന് അവസരം ലഭിച്ച ശകുന്തള ദുഷ്യന്തന്റെ നാടകത്തിൽ വളരെ ദുർബലയായാണ് സംസാരിക്കുന്നതെന്ന് കാണാം. ധർമ്മശാസ്ത്രാദികളുദ്ധരിച്ച് സ്ത്രീപുരുഷബന്ധത്തിൽ ഭാര്യയുടെ സ്ഥാനം വ്യക്തമാക്കനോ, പുത്രന്റെ മാഹാത്മ്യം വെളിപ്പെടുത്താനോ ശകുന്തളയ്ക്ക് കാളിദാസൻ അവസരം നൽകുന്നില്ല. അത്തരം ഉന്നതപ്രഭാഷണങ്ങൾ കൂടെ പോയ കണ്വമുനിയുടെ ശിഷ്യന്മാർക്ക് നൽകുന്നുണ്ട് താനും. സഭാമധ്യത്തിൽ, ഭർത്താവിനാൽ നിരസിക്കപ്പെട്ട സ്ത്രീയുടെ വ്യഥ മാത്രമേ ഉണ്ടാകുന്നുള്ളു. അതാകട്ടെ, സ്വയംകൃതാനർത്ഥമുണ്ടായ പരിണതിയായി ശിഷ്യൻമാർ പരിഹസിക്കുന്നുമുണ്ട്. ചുരുക്കത്തിൽ സ്ത്രീ പുരുഷന് നേരെ നോക്കി കാര്യകാരണസഹിതം സംസാരിക്കേണ്ടതില്ലെന്ന നിലപാടാണ് കാളിദാസൻ സ്വീകരിച്ചതെന്ന് കാണാം.

ശാകുന്തളപുനർനിർമ്മിതികളിൽ വ്യാസന്റെ നിലപാടോ അല്ലെങ്കിൽ കാളിദാസന്റെ നിലപാടോ അല്ലെങ്കിൽ രണ്ടും ചേർന്നുവരുന്ന രീതിയോ സ്വീകരിച്ചാണ് മലയാളത്തിലെ ശാകുന്തള പുനർനിർമ്മിതികളിൽ എഴുത്തുകാർ ശകുന്തളയ്ക്ക് ഭാഷ നൽകിയത്.

### 6.2 കരുത്തോടെ സംസാരിക്കുന്ന എഴുത്തച്ഛന്റെ ശകുന്തള

എഴുത്തച്ഛന്റെ ശകുന്തള, വ്യാസഭാരതത്തെ മുൻനിർത്തി കരുത്താർന്ന ഭാഷയിൽ സംസാരിക്കുന്നു. സഭാമധ്യത്തിൽ തന്റെ വരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമായി അവതരിപ്പിക്കുവാൻ അവൾക്ക് കഴിയുന്നു. എഴുത്തച്ഛനും സ്ത്രീയുടെ ഭാഷണസ്വതന്ത്ര്യത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. ശകുന്തളോപാഖ്യാനത്തിൽ മൂലകഥയിലെ നിരവധി സംഭവങ്ങൾ ഒന്നോ രണ്ടോ ഈരടികളിൽ മാത്രം നൽകിയ എഴുത്തച്ഛന്, ശകുന്തളാഭാഷണങ്ങൾ വേണമെങ്കിൽ ഒഴിവാക്കാമായിരുന്നു. എന്നാൽ മൂലകൃതിയേക്കാൾ ശക്തമായ ഭാഷയാണ് എഴുത്തച്ഛൻ ശകുന്തളയ്ക്ക് നൽകിയത്. മാത്രമല്ല, പല ഘട്ടങ്ങളിലും ഭാഷയുടെ അനിയന്ത്രിതമായ ഒഴുക്ക് സംഭവിച്ചതായും കാണാം. എഴുത്തച്ഛൻ മൂന്ന് പ്രധാന സന്ദർഭങ്ങളിലാണ് ശകുന്തളഭാഷണം ചേർത്തിരിക്കുന്നത്. ദുഷ്യന്തനെ, യഥാവിധി സ്വീകരിച്ചിരുത്തിയ കന്യകയായ ശകുന്തളയുടെ ആദ്യഭാഷണങ്ങൾ രാജാവിന്റെ പ്രണയം അംഗീകരിക്കുന്നതാണ്. സ്വജനനരഹസ്യവും, കണ്വമുനിയെ അറിയിക്കാതെ വിവാഹം നടത്തുന്നതിലുള്ള ഔചിത്യമില്ലായ്മയും ആദ്യഭാഷണത്തിൽ തന്നെ അവൾ മറച്ചുവെക്കുന്നില്ല. 'മനു ചൊന്ന' ഗാന്ധർവ്വ വിവാഹത്തിന് വേണ്ടി ദുഷ്യന്തൻ നിർബന്ധിക്കുമ്പോൾ സത്യം ചെയ്യാനാണ് അവൾ ആവശ്യപ്പെടുന്നത് .4 തനിക്ക് ഉണ്ടാവുന്ന പുത്രന് രാജ്യാവകാശം ആ സത്യത്തിലൂടെ ഉറപ്പുവരുത്തുന്നു.

ദുഷ്യന്തനിരാസഘട്ടത്തിലാണ്, ശകുന്തളാഭാഷണത്തിന് കാഠിന്യമേറുന്നത്. സംഭാഷണത്തിന് മുമ്പ് അവൾക്കു സംഭവിക്കുന്ന ഭാവ മാറ്റങ്ങൾ ഉജ്ജ്വലമായ ഭാഷയിലാണ് എഴുത്തച്ഛൻ വിവരിക്കുന്നത്. ശക്തവും, തീക്ഷ്ണവുമായ ശകുന്തളയുടെ ദൃഷ്ടി, 'ഭൂപതി ദഹിച്ചു പോകുമെന്ന് തോന്നീടും വണ്ണ' മുള്ളതായിരുന്നു. 'ആത്മാവിനെ വഞ്ചിച്ചീടുന്ന പുരുഷൻ; സത്യത്തെ ലംഘിക്കുന്ന പുരുഷൻ' -എന്നിങ്ങനെ ദുഷ്യന്തന് നഷ്ടമായിരിക്കുന്നത് യഥാർത്ഥ പുരുഷസത്ത തന്നെയാണ്. ഒരു പുരുഷന് 'ഭാര്യ' എപ്രകാരമാണെന്ന് സ്ത്രീയെക്കൊണ്ട് തന്നെ പറയിക്കുന്നു.' വേദശാസ്ത്രാദികളഭ്യസിച്ച രാജാവ് മൂഢനാവാൻ വഴിയില്ലല്ലോ' എന്നിങ്ങനെയും ശകുന്തളയെക്കൊണ്ട് കവി ചോദിക്കുന്നു. **5** രാജാവിനെ പ്രകോപിതനാക്കുന്ന ഇത്തരം ചോദ്യ ങ്ങൾക്ക് മറുപടിയായി, അദ്ദേഹം ശകുന്തളയെ മാത്രമല്ല, അവളുടെ അമ്മയെയും വേശ്യ എന്ന് അധിക്ഷേപിക്കുന്നു. 'അസത്യഭാഷണം ചെയ്യുന്ന കുലട' എന്ന് അവളെ സംബോധന ചെയ്യുമ്പോഴാണ് ശകുന്തളാഭാഷണത്തിന്റെ മൂന്നാം ഘട്ടം ആരംഭിക്കുന്നത്. വ്യാസനെ മുൻനിർത്തി എഴുത്തച്ഛൻ വളരെ പ്രശസ്തമായ നീതിവാക്യങ്ങളും, സാരോപദേശങ്ങളും, ധർമ്മോദ്ബോധനവും പറഞ്ഞിരിക്കുന്നത് പ്രസ്തുത മറുപടിയിലാണ്:-

'ഗജമാത്രമുള്ള സ്വന്തദോഷം കാണാതെ മറ്റുള്ളവരുടെ കടുകിന്മണി മാത്രമുള്ള ദോഷം ഉടനെ കാണുന്നു. സ്വന്തജന്മം ദുഷ്യന്തജന്മത്തെക്കാൾ ശ്രേഷ്ഠമാണ്. മാതൃദോഷം കൊണ്ട് ദിവ്യന്മാർക്കൊരു ദോഷവും ഉണ്ടാകുന്നില്ല. കണ്ണാടി കാണുന്നതുവരെ തന്നുടെ മുഖമാണ് ഏറ്റവും നല്ലതെന്ന് വിരൂപന്മാർ ചിന്തിക്കുന്നു. മറ്റുജനങ്ങളുടെ കുറ്റങ്ങൾ പറഞ്ഞുനടക്കുമ്പോൾ, സ്വന്തം കുറ്റമൊന്നും അറിയുകയുമില്ല. യഥാർത്ഥത്തിൽ കുറ്റമില്ലാത്തവർ, കുറ്റമുള്ളവരെ നിന്ദിക്കുകയില്ല. നിത്യവും നല്ല ജലത്തിൽ കുളിച്ചാലും ആനയ്ക്ക് പാംസുസ്നാനമാണല്ലോ സന്തോഷകരം. സത്യധർമ്മാദി വെടിഞ്ഞ പുരുഷനെ ക്രുദ്ധനായ സർപ്പത്തേക്കാൾ ഭയക്കുന്നു' .**6** എന്നിങ്ങനെ സ്വയവിമ

ർശനത്തിന് രാജാവിനെ പ്രേരിപ്പിക്കാനുള്ള ശ്രമം ശകുന്തളാഭാഷണത്തിലുണ്ട്. രാജാവടക്കം എല്ലാത്തരം മനുഷ്യർക്കുമുള്ള ഉപദേശങ്ങളായാണ് എഴുത്തച്ഛൻ ചേർത്തത്.

മനുഷ്യർ അവശ്യം ദീക്ഷിക്കേണ്ട ധർമ്മബോധം എഴുത്തച്ഛൻ വ്യാസഭാരതത്തെ മുൻനിർത്തി ശകുന്തള എന്ന സ്ത്രീയുടെ വാക്കുകളിലൂടെയാണ് പറയുന്നത്. ഭാഷയും ഭാഷണവും അന്യമാക്കപ്പെട്ട സ്ത്രീയല്ല എഴുത്തച്ഛന്റെ ശകുന്തള. രാജാവ് എന്ന നിലയിലും പുരുഷൻ എന്ന നിലയിലും താൻ ചെയ്ത സത്യം പാലിക്കുവാൻ മടിക്കുന്ന, രാജാവിന്റെ ചെയ്തികളെ വിമർശനവിധേയമാക്കുന്നു. ഒരു പുരുഷന് 'ഭാര്യ' എപ്രകാരമാണെന്ന് സ്ത്രീയെക്കൊണ്ട് തന്നെ പറയിക്കുന്നു. ഭാര്യയെക്കുറിച്ചുള്ള ചില വീക്ഷണങ്ങൾ ശകുന്തള എന്ന സ്ത്രീയെക്കൊണ്ടു തന്നെ പറയിക്കുന്നത് ശ്രദ്ധേയമാണ്:-

'ഭാര്യ നല്ല ഗൃഹിണിയാണ്(മന്ദിരദക്ഷ), നല്ല അമ്മയാണ്(പ്രജാവതി)ഭാര്യ, വല്ലഭപ്രാണയും അതിഥിപ്രിയയുമാണ് ഭാര്യ. ഭർത്താവിന്റെ പ്രവൃത്തിയെ അനുകരിക്കുകയും, നിരന്തരം അവനോട് പ്രിയം പറയുകയും ചെയ്യുന്നത് ഭാര്യയാണ്' .

ഇങ്ങനെ വലിയൊരു ഭാഗം ഭാര്യയുടെ ധർമ്മങ്ങൾ വ്യക്തമാക്കാൻ എഴുത്തച്ഛൻ ശകുന്തളയെക്കൊണ്ട് അഥവാ സ്ത്രീയെക്കൊണ്ട് തന്നെ സംസാരിപ്പിക്കുന്നു. വേദാദി പാഠങ്ങളിൽ ആവർത്തിക്കുന്ന ഭാര്യാധർമ്മങ്ങൾ കുലീന-പതിവ്രതാനിർമ്മിതികളെ അനുകരിക്കുന്നതായി കാണാം. സ്ത്രീയെ നിർമ്മിച്ചെടുക്കാൻ പുരുഷാധീശവ്യവസ്ഥ സ്വീകരിക്കുന്ന അത്തരം പാഠങ്ങൾ അവളെക്കൊണ്ട് തന്നെ പറയിക്കുന്നതിലുള്ള മുൻകാല മാതൃകയായി വ്യാസഭാരതത്തിലേയും , ഭാരതം കിളിപ്പാട്ടിലെയും ശാകുന്തള കഥ പരിണമിക്കുന്നു. അബലയോ അവശയോ ആകാതെ രാജസന്നിധിയിൽ നിന്നു തന്നെ വിമർശനശരങ്ങളുതിർക്കാൻ വ്യാസഭാരതത്തിന്റെ മാതൃകയിൽ കവി ശകുന്തളയെ

പ്രാപ്തയാക്കിയതായി നിരീക്ഷിക്കാം. അതോടൊപ്പം വ്യാസഭാരതത്തെ മുൻ നിർത്തി സ്ത്രീധർമ്മങ്ങൾ ധർമ്മശാസ്ത്രമാതൃകയിൽ സ്ത്രീയെക്കൊണ്ട് തന്നെ അവതരിപ്പിക്കുന്നതും കാണാം.

### 6 .3 ഭാരതംഗാഥയിലെ ശബ്ദമില്ലാത്ത ശകുന്തള

സ്ത്രീയെന്ന നിലയിൽ ശകുന്തളയ്ക്ക് മഹാഭാരതമോ, എഴുത്തച്ഛന്റെ കിളിപ്പാട്ടോ നൽകിയ ഭാഷ ഭാരതംഗാഥയിൽ കവി നൽകുന്നില്ല. ശകുന്തള തന്റെ ജനനകഥ പറയുന്നിടത്ത് കവിയാണ് സംസാരിക്കുന്നത്. വസിഷ്ഠ-വിശ്വാമിത്രകഥ പറഞ്ഞു തുടങ്ങുന്നത്, ശകുന്തളയാണെങ്കിലും തുടർന്ന് കവിയുടെ അഭിപ്രായങ്ങളും, ആത്മഗതങ്ങളുമാണ് ഉയർന്നുവരുന്നുത്. കണ്വ മുനിയോട് തനിക്കുള്ള സ്നേഹവും വിധേയത്വവും സൂചിപ്പിക്കുകയും, സ്ത്രീ യെന്ന നിലയിൽ ശകുന്തളയ്ക്ക് സ്വാതന്ത്ര്യമില്ലെന്നത് അവളെ ഓർമ്മപ്പെടു ത്തുകയുമാണ് ഭാരതംഗാഥയിൽ കവി ചെയ്യുന്നത്. ദുഷ്യന്തരാജസന്നിധി യിൽ തിരസ്കൃതയാകുമ്പോഴും ഒന്നും സംസാരിക്കാതെയാണ് അവൾ മടങ്ങു ന്നത്.

"ഭർത്താവ് തന്നെ മറന്നതു ചിന്തിച്ചി-
ട്ടുൾത്താപം പൂണ്ടിങ്ങു പോന്നശേഷം" . 7

എന്നിങ്ങനെ ദുഖിതയായി കാട്ടിലേക്കു പോകുന്നവളാണ് ഗാഥാകാരന്റെ ശകുന്തള. ഗാന്ധർവ്വവിവാഹത്തിന് പകരമായി പുത്രനെ രാജാവാക്കണമെന്ന ആവശ്യം കവി ചേർത്തിട്ടേയില്ല. പിന്നീട് ശകുന്തള സംസാരിക്കുന്നത്, പുത്ര നോടാണ്. തന്റെ പുത്രൻ ഉത്തമനായൊരു രാജാവിന്റെ മകനാണെന്നും, മുനി യോട് അനുവാദം വാങ്ങി നമ്മുടെ രാജ്യത്തേയ്ക്ക് പോകണമെന്നും പറയു മ്പോൾ, മകൻ ചിരിച്ചു കൊണ്ടാണ് മറുപടി പറയുന്നത്:

"പറ്റാത്തൊരമ്പു പുലമ്പി നിന്നിങ്ങനേ
മുറ്റും ഞാൻ ആരെയും കണ്ടില്ലെന്നാൻ
ആശ്രയമായതുമച്ഛനാകുന്നതു-
മീശ്വരനായതുമിമ്മുനി താൻ
ചേവടിത്താരിണ വേറിട്ടുപോവാതി-
നാവതില്ലേതുമേയോർത്തതേ" **8**

സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ശകുന്തളയെക്കാൾ മകന്റെ ഭാഷ യ്ക്കാണ് വ്യക്തതയേറുന്നത്. യാഥാർഥ്യമല്ലാത്തത് 'പുലമ്പു' ന്ന അമ്മയെ പരിഹസിക്കുന്ന മകൻ കുട്ടിയാണ്. കുഞ്ഞാണെങ്കിലും കൃത്യമായ ചോദ്യ ങ്ങളിലൂടെ അമ്മയ്ക്ക് മുകളിൽ (ഭാഷയിലൂടെ) കവി പ്രതിഷ്ഠിക്കുന്നു. സ്ത്രീയുടെ പദവിയേക്കാൾ മുകളിലാണ് പുരുഷനായ കുഞ്ഞിന്റെ സ്ഥാനം. അതേസമയം ശകുന്തള വ്യക്തതയില്ലാതെ സംസാരിക്കുന്നതിനാൽ അപ ഹാസ്യയാവുകയും ചെയ്യുന്നു. ദുഷ്യന്തനെ ഒടുവിൽ കണ്ടുമുട്ടുമ്പോൾ മകനെ കുറിച്ചാണ് അവൾ സംസാരിക്കുന്നത്.

"എങ്കൽ നിനക്ക് ജനിച്ചുള്ള ബാലകൻ
ശങ്കയില്ലേതുമേ തേറിനാലും" .**9**

പുത്രനെ കണ്ട് 'ശങ്ക' യുണ്ടായതറിഞ്ഞപ്പോഴാണ് അവൾ ഇപ്രകാരം പറയുന്നത്. എന്നാൽ അതിന് ഒരുറപ്പുണ്ടാകുന്നത് അശരീരിയുണ്ടാ കുമ്പോഴാണ്.

"സുന്ദരിയായോരു നാരിതാനിങ്ങനേ
സന്ദേഹം കൂടാതെ ചൊന്നനേരം
ഉണ്മയിച്ചൊന്നതിനന്തരമില്ലെന്നു
ഖമ്മിങ്കൽ നിന്നൊരു ചൊല്ലുണ്ടായി" **10**

ശകുന്തളയുടെ വാക്കുകൾക്ക് വ്യക്തതയും ഉറപ്പുമുണ്ടാകുന്നത് ദേവദൂദശബ്ദത്തിലൂടെയാണ്. ദുഷ്യന്തൻ,ശകുന്തള,പുത്രൻ-ഈ മൂന്നുപേർ മാത്രമുള്ള ഭാരതംഗാഥയിലെ ശകുന്തളോപാഖ്യാനത്തിൽ നിലവാരമുള്ളതോ വ്യക്തതയുള്ളതോ ആയ ഭാഷ ശകുന്തളയ്ക്ക് ലഭിക്കുന്നില്ല. ഭർത്താവിനെ അനുസരിക്കുന്നവളും,ചോദ്യം ചെയ്യാത്തവളുമായ സാധ്വിയാണ് ശകുന്തള. ആ രീതിയിലുള്ള ഭാഷ മാത്രമാണ് അവൾക്കു നൽകുന്നത്.

### 6.4 ആട്ടക്കഥയിലെ പ്രാകൃതം സംസാരിക്കുന്ന സ്ത്രീകൾ

സംസ്കൃതനാടകങ്ങളിൽ സ്ത്രീകൾ സംസാരിച്ചിരുന്നത് പ്രാകൃതഭാഷയിലാണ്. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം നാടകത്തിൽ ശകുന്തളയടക്കം എല്ലാ സ്ത്രീകളുടെ ഭാഷയും പ്രാകൃതമാണ്. അതിന് സമാനമായി ശാകുന്തളം ആറുദിവസത്തെ ആട്ടക്കഥയിൽ സ്ത്രീഭാഷണം ചേർക്കേണ്ടുന്ന സംസ്കൃതഭാഗങ്ങൾ, പ്രാകൃതത്തിലാണ് കൊടുത്തിരിക്കുന്നത്. ശകുന്തളയും; പ്രിയംവദ, അനസൂയഎന്നീ തോഴിമാരും; ഗൗതമി, ധൂമ്രകേശി എന്നിവരുമാണ് സ്ത്രീ കഥാപാത്രങ്ങളായി ആട്ടക്കഥയിൽ വരുന്നത്.

ആട്ടക്കഥയിലെ ശകുന്തളാഭാഷണളെ രണ്ടുഘട്ടങ്ങളാക്കി തിരിക്കാനാകും. ഗാന്ധർവ്വവിവാഹത്തിന് മുമ്പ് കന്യകയും കുലീനയുമായിരുന്ന ശകുന്തളയുടെ ഭാഷണങ്ങളാണ് ഒന്നാം ഘട്ടത്തിലുള്ളത് .മറ്റൊന്നാകട്ടെ, വിവാഹശേഷമുള്ളവയും. വിശുദ്ധസ്ത്രീയായ ശകുന്തളയുടെ ചിന്തകളിലാണ് ഒന്നാംഘട്ടഭാഷണങ്ങൾ കവി ചേർത്തത്. ദുഷ്യന്തനോട് സംസാരിക്കുന്നത് തോഴിമാരുടെ സഹായത്തിലാണ്. തിരിച്ച്, ദുഷ്യന്തനും ശകുന്തളയെക്കുറിച്ച് അറിയാൻ തോഴിമാരുടെ സഹായം സ്വീകരിക്കുന്നു. അഭിജ്ഞാന ശാകുന്തളത്തിന്റെ സ്വാധീനം ഇവിടെയും ഉണ്ട്. വിവാഹഘട്ടത്തിൽ മാത്രം ഇരുവരും നേർക്കുനേർ സംസാരിക്കുന്നു. താതനെ ഭയക്കുന്ന

ശകുന്തളാഭാഷണം പ്രസ്തുതഘട്ടത്തിൽ, കുലീനസ്ത്രീയെന്ന നിലയ്ക്ക് അവളെ ഉയർത്തുന്നതുമാണ്. വിവാഹാനന്തരം ദുഷ്യന്തൻ വേർപിരിയുന്ന ഘട്ടത്തിൽ ശകുന്തളാഭാഷണങ്ങൾ നിലവാരമില്ലാത്തതോ അധമരീതിയിലുള്ളതോ ആണ്.

"നാനരസമിയലും നഗരേ നീ ചെന്നാൽ പിന്നെ
കാനനേ വാഴുമെന്നു കനിവോടു നിനയ്ക്കുമോ" ? **11** എന്നിങ്ങനെയും,

"തന്നുടെ പുരത്തന്നിൽ ചെന്നു നീ സുഖമോടു
സുന്ദരാംഗിമാരോടുമൊരുമിച്ചു
അന്യൂനരതികേളിയാനുവേലം ഗമിച്ചീടും
അന്നേരമുദന്തമഖിലവും മറന്നീടും" **12**

എന്നിങ്ങനെയും ദുഷ്യന്തനെ സംശയിക്കുകയും തന്റെ സ്ഥാനത്തിന് കോട്ടം വരുമെന്ന് ആശങ്കപ്പെടുകയും ചെയ്യുന്ന ദുർബ്ബലയായ സ്ത്രീയായി ആട്ടക്കഥയിലെ ശകുന്തള മാറുന്നു. കാളിദാസശാകുന്തളത്തിൽ ഇപ്രകാരമുള്ള ഭാഷണങ്ങൾ ചേർത്തിട്ടില്ല എന്നതും ശ്രദ്ധേയമാണ്. ആട്ടക്കഥാകാരൻ ചേർത്ത ഇത്തരം ഭാഷാപ്രയോഗങ്ങൾ സ്ത്രീഭാഷയിലെ നിലവാരമില്ലായ്മ സൂചിപ്പിക്കുന്നു. രാജാവ് ശക്തമായ ഭാഷയിൽ ഉത്തമകഥാപാത്രത്തെ പോലെ സംസാരിക്കുമ്പോൾ ശകുന്തളാഭാഷ അധമസ്ത്രീകളുടേതിന് സമമാണ്. ഗൗതമിയുടെയും തോഴിമാരുടെയും ഭാഷണങ്ങൾ അഭിജ്ഞാന ശാകുന്തളത്തിന്റെ തർജ്ജമ തന്നെയാണ്. കഥ അതേപടി ആവർത്തിക്കുന്നത് കൊണ്ട്, പ്രസ്തുതഭാഗങ്ങൾക്ക് പുതുമയൊന്നുമില്ലെന്ന് നിരീക്ഷിക്കാനാകും. എന്നാൽ ആട്ടക്കഥാകാരൻ നിർമ്മിച്ചെടുത്ത സ്ത്രീകഥാപാത്രമായ ധൂമ്രകേശിയാകട്ടെ, രാക്ഷസർക്ക് നൽകുന്ന ഭാഷയിലാണ് സംസാരിക്കുന്നത്. ദുഷ്യന്തനോട് ശകുന്തളാരൂപത്തിൽ വന്ന് പ്രണയാഭ്യർത്ഥന നടത്തുമ്പോഴും, പിന്നീട് രാജാവിനെ

ആക്രമിക്കാൻ വരുമ്പോഴും അധമകഥാപാത്രത്തിന്റെ ഭാഷ നൽകിയിരിക്കുന്നു.

സ്ത്രീകൾക്കും അധമകഥാപത്രങ്ങൾക്കും പ്രകൃതഭാഷ മതിയെന്ന് തീരുമാനിച്ച സംസ്കൃതനാടകഭാഷാസമ്പ്രദായമാണ് ആട്ടക്കഥാകാരൻ സ്വീകരിച്ചതെന്ന് നിരീക്ഷിക്കാം. എഴുത്തച്ഛൻ ശകുന്തളാഭാഷയ്ക്ക് വ്യക്തതയും യുക്തിസഹതയും നൽകിയപ്പോൾ ആട്ടക്കഥാകാരൻ തന്റെ സ്ത്രീ സങ്കല്പങ്ങൾക്കനുസരിച്ച് ഒട്ടും മെച്ചമല്ലാത്ത ഭാഷയാണ് ശകുന്തളയ്ക്ക് നൽകിയത്.

### 6.5 സഭയിൽ വമ്പുകൾ പറയുന്ന ശകുന്തള-മച്ചാട്ട് ഇളയത്

ശാകുന്തളം എട്ടുവൃത്തം കൈകൊട്ടിക്കളിപ്പാട്ടിൽ കഥാഗതിയ്ക്കനുസൃതമായാണ് ശകുന്തളാഭാഷണം മച്ചാട്ടിളയത് ചേർത്തിരിക്കുന്നത്. പ്രധാനമായും നാല് ഘട്ടങ്ങളിലാണ് ശകുന്തള സംസാരിക്കുന്നത്.

1. കണ്വമുനിയെ അന്വേഷിച്ച് വരുന്ന ദുഷ്യന്തനോട് സംസാരിക്കുന്നത്.
2. തന്റെ ജനനകഥ വിവരിക്കുമ്പോൾ.
3. തനിക്കു ജനിക്കുന്ന പുത്രനെ അനന്തനരാവകാശിയാക്കണമെന്ന് ആവശ്യപ്പെ ടുമ്പോൾ.
4. രാജസന്നിധിയിൽ വെച്ച് ദുഷ്യന്തനോട് തന്നെ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ.

ഒന്നാം ഘട്ടത്തിൽ ശകുന്തള പറയുന്നത് ഇപ്രകാരമാണ്. കാശ്യപമുനി(കണ്വൻ) കായ്കനികളറുപ്പാനായി പോയതാണ്. കുറച്ചു സമയം കാത്തുനിന്നാൽ അദ്ദേഹം എത്തിച്ചേരും. കണ്ടു പോകണമെങ്കിൽ രണ്ടു നാഴിക താമസിക്കുക. ശകുന്തള കാരണം തനിക്ക് മന്മഥവിവശത വന്നുദിക്കു

ന്നതിനാൽ ആരുടെ പുത്രിയാണ് അവളെന്ന് പറയുക എന്നിങ്ങനെ ദുഷ്യന്തൻ ചോദിക്കുമ്പോൾ ഇളയതിന്റെ ശകുന്തള മറുപടി പറയുന്നത് ഇങ്ങനെയാണ്:-

കണ്വമാമുനിയുടെ സുതയല്ലോ ഞാൻ.
മന്നവാ! ശകുന്തളയെന്നു പേരെനിയ്ക്കെടോ!
എന്നിലാഗ്രഹം തവ നന്നല്ലേതും.
താപസതരുണിയെ ഭൂപനു കൈക്കൊള്ളാമോ?
പാപമുണ്ടതിനെന്നതറിയുന്നീലേ ? **13**

എന്നിങ്ങനെയാണ് ഉത്തമശാസ്ത്രങ്ങളറിഞ്ഞു സംസാരിക്കുന്നത്. ജനന കഥയറിഞ്ഞ ശേഷം രാജാവ് വിവാഹാഭ്യർത്ഥന നടത്തുമ്പോൾ ശകുന്തള 'മുഴുത്ത ലജ്ജ' യോടെയാണ് മറുപടി പറയുന്നത്-

എനിയ്ക്കു നന്ദനനായിജ്ജനിയ്ക്കും ബാലകനെ മേ-
ദിനിയ്ക്കു നായകനാക്കി വാഴിക്കേണം.**14**

സഭയിൽ വച്ച് തർക്കവിതർക്കങ്ങളിലേർപ്പെടുമ്പോഴും ശകുന്തള വ്യക്തമായി സംസാരിക്കുന്നുണ്ട്.

വല്ലതും പറഞ്ഞിട്ടെന്നെ വല്ലഭ! വെടിയൊലാ!
ചൊല്ലേറും താതൻ തന്നെ നല്ലവണ്ണം ചിന്തിയ്ക്കേണം !**15**

എന്നിങ്ങനെ തന്റെ പിതാവിനെ ഓർമ്മിക്കാൻ പറയന്നു. തന്റെ രക്ഷകനായിരുന്ന 'ചൊല്ലേറുംതാതനെ' മുൻനിർത്തി വേണം താൻ പറയുന്നതിലെ വസ്തുത വിലയിരുത്തേണ്ടതെന്ന് ശകുന്തള സൂചിപ്പിക്കുണ്ട്. അതിനു ഭർത്താവ് പറയുന്നത് അത്തരത്തിലുള്ള വൻപുകൾ സഭയിൽ പറഞ്ഞാൽ തല്ലുകൊള്ളുമെന്നാണ്. എങ്കിലും തനിക്കു പറയാനുള്ള കാര്യങ്ങൾ അവൾ പറഞ്ഞു തീർക്കുന്നുണ്ട്. പ്രസ്തുതഘട്ടങ്ങളിലെല്ലാം കഥാഗതി ക്കനുസൃതമായി സംസാരിക്കുന്നവളാണ് ശകുന്തള .എന്നാൽ ന്യായാന്യായ ബോധനം നട

ത്തുകയും, തത്ത്വചിന്താത്മകമായി സംസാരിക്കുകയും ചെയ്യുന്നുമുണ്ട്. എഴുത്തച്ഛന്റെ ശകുന്തളയുടെയത്ര മികച്ച രീതിയിൽ ഭാഷ കൈകാര്യം ചെയ്തിട്ടില്ല. എന്നാൽ മിതമായി തനിക്കു പറയാനുള്ളവ പറയുന്നുമുണ്ട്. ഭർത്താവിനെ തന്റെ കാര്യങ്ങളെല്ലാം പറഞ്ഞു ബോധ്യപ്പെടുത്താൻ അവൾ ശ്രമിക്കുന്നുണ്ട്.

"നാരികളോടിവ്വണ്ണം നേരമ്പോക്കു ചൊല്ലാമല്ലോ" **16** എന്നിങ്ങനെയും,

"പുത്രനെക്കൊണ്ടേ പിതൃക്കൾക്കൂർദ്ധ്വലോകപ്രാപ്തിയുള്ളൂ" **17** എന്നിങ്ങനെയും പറയുന്നിടത്ത് കവി ശകുന്തളയ്ക്ക് ശക്തമായ ഭാഷ നൽകുന്നത്. അതാകട്ടെ,

"അത്രമാത്രംപോലും നാണം ചിത്തതാരിൽ കൂടാതെ നീ
ശാസ്ത്രങ്ങൾ പറയുന്നതു ചിത്രമെത്രയുമോർത്തലും" **18**

എന്നിങ്ങനെ രാജാവിനാൽ അപഹാസ്യമാകുന്നുമുണ്ട്. എഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ അനുകരണമായതുകൊണ്ട്, മികച്ച ഭാഷയാണ് മച്ചാട്ട് ഇളയത് ശകുന്തളയ്ക്ക് നൽകുന്നത്. എന്നാൽ എഴുത്തച്ഛന്റെ മാതൃകയിലുള്ള ബന്ധങ്ങളുടെ നിർവ്വചനമോ, ഉയർന്ന ചിന്തയോ ശകുന്തളാഭാഷയിലില്ല. പൊതുസഭയിൽ വന്ന് ഇത്തരം കാര്യങ്ങൾ സ്ത്രീ സംസാരിച്ചാൽ തല്ലു കൊള്ളാനിടയുണ്ടെന്ന സൂചന പരമാധികാരിയായ പുരുഷന്റെ സാമൂഹിക സ്ഥാനം വെളിപ്പെടുത്തുന്നതാണ്. മാത്രമല്ല പിതാവിന്റെ പേരിലാണെങ്കിലും സ്ത്രീകൾ പൊതു ഇടങ്ങളിൽ സ്വയം പുകഴ്ത്താനോ രാജാവിനെ ഇകഴ്ത്തുവാനോ പാടുള്ളതല്ലെന്ന സൂചനയും ഇക്കാവ്യത്തിലുണ്ട്..

## 6.6 ശകുന്തള കണ്ണീരടക്കി സംസാരിക്കുന്ന ഖണ്ഡകാവ്യം

*അച്ഛനും മകളും* എന്ന ഖണ്ഡകാവ്യം വ്യത്യസ്തമായ രീതിയിൽ ശകുന്തള എന്ന സ്ത്രീയ്ക്ക് പ്രാധാന്യം ലഭിക്കുന്ന വിധത്തിലാണ് വള്ളത്തോൾ പുനരാവിഷ്കരിച്ചത്. നാലു ഘട്ടങ്ങളിലാണ് ശകുന്തളാഭാഷണം ചേർത്തു കാണുന്നത്.

1. വിശ്വാമിത്രമഹർഷിയോട് താൻ ആരെന്ന് വെളിപ്പെടുത്തുമ്പോൾ
2. പിതൃദർശനം അനുഗ്രഹപ്രദമാണെന്ന് പറയുന്നത്
3. തന്റെ ജീവിതകഥ വിവരിക്കുന്നത്
4. ദുഷ്യന്തനെ ശപിക്കുന്നതിൽ നിന്ന് പിതാവിനെ തടയുന്നത്.

ആദ്യ മൂന്നു ഘട്ടത്തിലും, ദുഖിതയും ദുർബ്ബലയുമായ ശകുന്തളയുടെ ഭാഷണങ്ങളാണ് ഉള്ളത്. കണ്ണീരടക്കിക്കൊണ്ടും,നെടുവീർപ്പിട്ടുകൊണ്ടുമാണ് അവളുടെ സംഭാഷണം. മേനകയെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്:- അമ്മയുടെ അനുഗ്രഹത്താലാണ് വലിയ ദുഖത്തിലായിപ്പോയ തനിക്ക് കാശ്യപമഹർഷിയുടെ ആശ്രമം ഈറ്റില്ലമായി മാറിയത്. അമ്മയ്ക്ക് ചെയ്യാനാവുമായിരുന്ന സഹായം തനിക്കു വേണ്ടി ചെയ്തതു തന്നുവെന്ന് ആമുഖമായി ആശ്ചര്യചിഹ്നം ചേർത്തുകൊണ്ട്; കവി ശകുന്തളയെക്കൊണ്ട് പറയിക്കുന്നുണ്ട്. സ്വാഭാവികമായും പിതാവിന് ചെയ്യാമായിരുന്നവ ചെയ്തില്ലെന്ന സൂചനയും വിമർശനവും അതോടെ വരുന്നു. അതോടൊപ്പം തന്നെ; കൊട്ടാരത്തിൽ താനനുഭവിച്ച വേദന വിവരിക്കുമ്പോൾ:-

"സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണാൾ" **19** എന്നിങ്ങനെയാണ് കവി പറയുന്നത്.ഒടുവിൽ:-

"പുത്രിതൻ കണ്ണീർ കൊണ്ടു കോപാഗ്നി ശമിച്ചതി-
ലെത്രയും പ്രസന്നനായഭിനന്ദിച്ചാനച്ഛൻ" **20**

എന്നിങ്ങനെ പുത്രിയുടെ കണ്ണീർ നിറഞ്ഞ ഭാഷയാണ് പിതാവിന്റെ കോപാഗ്നി ശമിപ്പിക്കുന്നത്. പിതാവിനോട് സംസാരിക്കുമ്പോൾ സൗമ്യമായാണ് ശകുന്തള സംസാരിക്കുന്നത്. തന്റെ നിർഭാഗ്യത്താലാണ് എല്ലാം സംഭവിച്ചത്. മാതാപിതാക്കളും ഭർത്താവുമൊക്കെ ഉപേക്ഷിച്ചത് തന്റെ നിർഭാഗ്യം കൊണ്ടാണ്. അതേ നിർഭാഗ്യം തന്റെ പുത്രനും ഉണ്ടാകരുതെന്ന് അവൾ ആഗ്രഹിക്കുന്നു.

"സുബഹിഷ്കൃതമായിക്കൊള്ളട്ടെയെൻ ജീവിതം
സുതനും പുറത്തായിപ്പോകൊലാ മമ ദോഷാൽ" **21**

തന്നെപ്പോലെ പുത്രനും അനാഥജീവിതം ഉണ്ടാകരുതെന്നാണ് അവളുടെ ആഗ്രഹം. എല്ലാത്തരം തെറ്റുകൾക്കും കാരണം സ്ത്രീയാണെന്ന സൂചന ഈ കവിതയിലുണ്ട്. കരഞ്ഞു കൊണ്ട് എല്ലാതെറ്റുകളുടെയും ഉത്തരവാദിത്വം ഭാഷയിലൂടെ അവൾ ഏറ്റെടുക്കുന്നു. ഒപ്പം പിതാവിനെ സൂചനകളിലൂടെ വിമർശിക്കുകയും ചെയ്യുന്നു. ആധുനിക കാലത്തെ സ്ത്രീനിർമ്മിതിയിലാണ് ശകുന്തളാഭാഷയുടെ പ്രാധാന്യം അന്വേഷിക്കേണ്ടതെന്നു നിരീക്ഷിക്കാം. കരഞ്ഞുകൊണ്ട് സംസാരിക്കുന്ന ശകുന്തള, പിതാവായ വിശ്വാമിത്രനെയും, ഭർത്താവായ ദുഷ്യന്തനെയും ഒരുപോലെ സാന്ത്വനപ്പെടുത്തുന്നു. കരഞ്ഞു കൊണ്ടുള്ള ഭാഷയിൽ വിമർശനങ്ങൾ ഒളിപ്പിച്ചു വെക്കുന്നു. തെറ്റുകളെല്ലാം സ്വയം ഏറ്റെടുക്കുന്നു. ഭർത്താവിനെ പിതൃശാപത്തിൽ നിന്നും രക്ഷിക്കുന്നു. പുരുഷനെതിരെ വിമശനാത്മകമായി ഭാഷ പ്രയോഗിക്കുമ്പോൾ കരച്ചിൽ ഒരു പ്രതിരോധ മാർഗ്ഗമായി സ്ത്രീയ്ക്ക് ഉപയോഗിക്കാമെന്ന് വരുന്നു. കണ്ണുകളുയർത്തി മുഖാമുഖം പുരുഷനോട് സംസാരിക്കുന്ന ശകുന്തള , കണ്ണുകൾ താഴ്ത്തി കരഞ്ഞു കൊണ്ട് പറയുമ്പോൾ കുറേക്കൂടെ സ്വീകാര്യയായിത്തീ

രുന്നു. അതുകൊണ്ടാണ്; 'പുത്രിയുടെ കണ്ണീർ കൊണ്ട് ക്രോധാഗ്നി ശമിച്ച അച്ഛൻ സന്തോഷവാനായി അവളെ അഭിനന്ദിച്ചു' വെന്ന് കവി പറയുന്നത്. അതവളുടെ നല്ലശീലമായി പിതാവും കവിയും കരുതുന്നു. പ്രസ്തുത ഭാഗം, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ ഇപ്രകാരമാണ് വിശദീകരിക്കുന്നത്:-

'ശകുന്തള അങ്ങനെ താണുകേണപേക്ഷിച്ചിരുന്നില്ലെങ്കിൽ, വിശ്വാമിത്രൻ ദുഷ്ഷന്തനെ ശാപാഗ്നിയിൽ സകുലം ദഹിപ്പിക്കുമായിരുന്നു. പക്ഷെ, അത്രത്തോളം അദ്ദേഹത്തിന്റെ തപശ്ശക്തിയും നശിച്ചുപോകും. മകളുടെ അനുനയം കൊണ്ട് ആ ധാർമ്മികാധഃപതനം കൂടാതെ കഴിഞ്ഞു.അതിനാൽ പ്രസന്നനായ പിതാവ് പുത്രിയെ ഭർത്തൃസമാഗമരൂപമായ അഭീഷ്ടത്തിന്റെ സിദ്ധിക്കായി സസ്നേഹം അനുഗ്രഹിക്കുന്നു' .

വിശദമായി അപഗ്രഥിക്കുമ്പോൾ, സ്ത്രീ; പുരുഷനെതിരെ ഭാഷ ഉപയോഗിക്കുന്നതിനൊരു മാതൃക അവതരിപ്പിക്കുകയായിരുന്നു കവി എന്ന് നിരീക്ഷി ക്കാം. പിതാവായാലും ഭർത്താവായാലും; പുരുഷനോട് ഭാഷാപരമായി വിശുദ്ധസ്ത്രീ ഇടപെടേണ്ടവിധമാണത്. കരഞ്ഞുകൊണ്ട്, താണുകേണ് ഭാഷ ഉപയോഗിക്കുമ്പോൾ അവൾ സ്വീകാര്യയാവുന്നു. അനുഗ്രഹീതയാകുന്നു. ആധുനികകാലസവർണ്ണപുരുഷജ്ഞാനമണ്ഡലചിന്തകൾ രൂപപ്പെടുത്തിയ സ്ത്രീ ഭാഷാപ്രയോഗരീതിയാണിതെന്ന് നിരീക്ഷിക്കാം.

### 6.7 വെണ്ണിക്കുളത്തിന്റെ ചിന്താവിഷ്ടയായ ശകുന്തള

'ഭർത്തൃപരിത്യക്തയായ ശകുന്തള' യിൽ വെണ്ണിക്കുളം ശകുന്തളയോടൊപ്പം തന്നെ മേനകയ്ക്കും സ്ഥാനം നൽകുന്നുണ്ട്. മേനക മകളോട് സംസാരിക്കുന്നത് ഇപ്രകാരമാണ്:-

"മകളേ! മതി ശങ്ക, യമ്മ തൻ
നികടത്തിൽ ബത! വന്നു ചേർന്നു നീ;
പതറാഞ്ഞിതു താതകാശ്യപൻ
ചിതമായ് വാണരുളും തപോവനം

നിതരാം പക പൂണ്ടു വത്സലേ,
ഹതപുണ്യോദയമാഞ്ഞടിക്കയാൽ
ചതി പറ്റി വിഷണ്ണയാകിലും
ഗതിയില്ലാത്തവളായതില്ല നീ".**22**

എന്നിങ്ങനെ മകൾക്ക് ശക്തി പകരുവാൻ കവി ശകുന്തളാമാതാവിനെ അനുവദിക്കുന്നു, മേനക ദുഷ്യന്തനെ വിമർശിക്കുന്നത് ഇപ്രകാരമാണ്:-

"പുരുവംശ യശഃശശാങ്കനിൽ
ഗ്ഗുരുവിശ്വാസമുദിക്ക കാരണം
കരളും പരാമാനുരാഗവും
ഭരമേല്പിച്ചതു കുറ്റമല്ല തേ .

സഹസാ പതി വിസ്മരിക്കിലും
സഹനത്വം തവ മംഗളാങ്കുരം
വിഹരിപ്പൂ വിനോദലോലരായ്
ബഹുഭാര്യാകുലരായിളേശ്വരർ." **23**

ഒന്നിലധികം ഭാര്യമാരുള്ളപ്പോൾ പുരുഷന്മാർ വിനോദാദികളിൽ സന്തോഷത്തോടെ കഴിഞ്ഞുകൂടുന്നു. തന്റെ മകളാകട്ടെ, വിധിക്കു മുൻപിൽ കുമ്പിടേണ്ടവളായി മാറുന്നു. അരചന്റെ മണിമേട അഭയം തന്നില്ലെങ്കിലും തലചായ്ക്കാൻ തന്റെ മടിത്തടം മകൾക്ക് ഉണ്ടായിരിക്കും. പരിഹസിച്ചാലും വാസ്തവമറിയുന്ന ഈശ്വരനുണ്ട്. തന്റെ മകൾ ഈശ്വരന് പ്രിയപ്പെട്ടവളാണ്.

നല്ലതു വരാൻ അമ്മയെ അനുഗമിക്കുക. മേനക ഭർത്തൃപരിത്യക്തയായ പുത്രിയെ സ്വീകരിച്ച് കാശ്യപാശ്രമത്തിലാക്കിയത് കാളിദാസന്റെ നാടക ത്തിലാണ് ഉള്ളത്. അവർ തമ്മിലുണ്ടായേക്കാവുന്ന സംഭാഷണം സങ്കല്പി ച്ചെഴുതിയ ഭാഗമാണിത്. സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ മേനക മകൾക്കു സംഭവിച്ചതെല്ലാം തിരിച്ചറിയുകയും അതിൽ രാജാവിനെ കുറ്റപ്പെടുത്തു കയും ചെയ്യുന്നുണ്ട്. നടന്ന സംഭവം; മകൾക്കുണ്ടാക്കിയ ആഘാതവും, അതി ലെ ശരിതെറ്റുകളും തന്റെ സഹായസന്നദ്ധതയും നല്ല ഭാഷയിൽ വ്യക്തമായി ത്തന്നെയാണ് മേനകയെകൊണ്ട് കവി സംസാരിപ്പിക്കുന്നതെന്ന് കാണാം.

തുടർന്ന് ആത്മഗതങ്ങളായും ചിന്തകളായുമാണ് ശകുന്ത ളാഭാഷണം ചേർത്തിരിക്കുന്നത്. അവടയ്ക്ക് ശകുന്തളാപാത്രസൃഷ്ടിയിൽ വലി യപ്രാധാന്യമാണ് ലഭിച്ചതെന്നു നിരീക്ഷിക്കാം .സ്വയം ചിന്തിച്ചു ഭാവി നടപ ടികളെടുക്കാൻ അവൾ തയ്യാറെടുക്കന്നത് ആത്മഭാഷണങ്ങളിലൂടെ കവി അനുവാചകനിലെത്തിക്കുന്നു. ശകുന്തള ഇപ്രകാരം പറയുന്നു:- 'ഈ ലോക ത്തിന്റെ നെറികേടുകൾ തിരിച്ചറിയാനുള്ള വകതിരിവ് തന്റെ ചേതനയ്ക്കി ല്ലാതെ പോയി. തനിക്കു വന്നുപെട്ട ദുരിതം ഭർത്തൃവിസ് മൃതിയാണ്. ദുഷ്യന്തനെ സ്വീകരിച്ചത് കൊണ്ട് എന്തെല്ലാം അവമാനോ ക്തിയാണ് തന്റെ കർണ്ണ ത്തിന് കേൾക്കേണ്ടി വന്നത്':-

"കളഭപ്പുഴ ചെറ്റുമാത്രയാൽ
ചെളിനീർച്ചാൽ;-ഒരു മായയത്ഭുതം!
കളിയാർന്നൊരു പഞ്ജരത്തിലെ-
ക്കിളിയായ് മാറ്റിയതെന്നെയീവിധം!" **24** എന്നിങ്ങനെയും,

വിപരീതവിധേ, ജയിക്ക നീ-
യപരാധത്തിനു ശിക്ഷ നൽകുവാൻ
കൃപയെങ്ങനെ നേർന്നിടുന്നു ഞാൻ

ചപലപ്രജ്ഞ വഹിക്കുവോളവും" .**25**

എന്നിങ്ങനെയും തനിക്കനുഭവിക്കേണ്ടിവന്ന വിധിയിൽ ചിന്താധീനയാകുന്ന ശകുന്തളയ്ക്ക് ശക്തമായ ഭാഷ തന്നെയാണ് കവി നൽകിയതെന്ന് നിരീക്ഷിക്കാം. രാജാവിനെ സൂക്ഷ്മവിമർശനത്തിന് ശകുന്തള വിധേയമാക്കുന്നു. കണ്വമഹർഷിയുടെ ഓമനയായി വളർന്നവളായിരുന്നു താൻ. തോഴിമാരോടൊപ്പം കഴിഞ്ഞ നല്ല നിമിഷങ്ങളും വളർത്തുമാനിണകളെയും ഗൗതമിയമ്മയേയും ഓർക്കുന്നത്തോടെ അവൾ 'കൊടുതാമഴൽ' അനുഭവിക്കുന്നു. കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയേപ്പോലെ ശകുന്തളയുടെ ചിന്തകൾ തുടരുന്നതായി കവി പറയുന്നു. ആഗ്രഹിച്ചാൽ പോലും കുമാരിയായി കഴിഞ്ഞ പഴയ സുലഭോത്സവകാലമിനി തിരിച്ചു വരില്ലെന്ന് ഈ തലനീറ്റും കാലത്ത് അവൾ തിരിച്ചറിയുന്നു. കാമദേവന്റെ രൂപമാർന്നുവന്ന പൗരാവ രാജാവിനൊപ്പം വരാനിരിക്കുന്ന ദുരിതാൽക്കടഭാവികാട്ടുവാനെന്നോണം കാർവണ്ട് ഇരുണ്ടമുദ്രയായി വന്നു. രാജാവിന്റെ രാഗവായ്പുകൾ കേട്ട അതേ കർണ്ണങ്ങൾക്ക് ധാരാളം അപമാനവാക്കുകൾ കേൾക്കേണ്ടിവന്നു. ശുദ്ധമായ കളഭപ്പുഴ, ചെറിയൊരു നിമിഷം കൊണ്ട് ചെളിനീർച്ചാലായി മാറി. ഇന്നൊരു ഭംഗിയാർന്ന കൂട്ടിലെ കിളി മാത്രമാണ് താൻ. പുരുവംശരാജാവിന്റെ മനോഹരമായ മന്ദിരമെവിടെ ഈ താനെവിടെ? ഭൂമിയിൽ പ്രണയഭംഗമായ ജീവിതം നരകമാണ്. അതിനേക്കാൾ മരണമാണ് തരുണിയ്ക്ക് അഭികാമ്യം. അല്ലെങ്കിലും രാജാവിനെ വെറുതെ പഴി പറയേണ്ടതില്ല. സ്മരചോദനയാൽ ഞാൻ പരിശുദ്ധാശയരായ പിതാക്കളെ ചതിച്ചു. അല്ലയോ വിപരീതവിധേ നീ ജയിക്കുക. ഒരു പുണ്യമമർന്നു പോയെങ്കിലും അമ്മയുടെ മുഖം കാണാനായത് തന്നെ വിചാരിക്കാത്ത മറ്റൊരു പുണ്യമായി മാറി.അതുകൊണ്ടു തന്നെ എന്റെ ജീവിതം മരുഭൂമിയായി മാറിയില്ലെന്നു കരുതാം. ഭർത്തൃസാമീപ്യമെന്ന പുണ്യമകന്നു പോയാലും തന്റെ ജീവിതം മരുഭൂവായി മാറിയിട്ടില്ല. ദുഖാധിക്യത്താൽ വയറ്റിലുള്ള ശിശുവിന് വിഷമമുണ്ടാകരുതെന്ന് ആഗ്ര

ഹിക്കുന്ന മാതാവാണ് അവൾ. തനിക്കു സംഭവിച്ച ദുരിതങ്ങളെക്കുറിച്ച് ചിന്തിക്കുകയും വിമർശനാത്മകമായി വിശകലനം ചെയ്യുകയും ചെയ്യുന്നത് അവളുടെ ശക്തമായ ആത്മഭാഷണത്തിലൂടെയാണ്. തന്റെ മൂഢചേത നെയാണ് ആദ്യം പഴിക്കുന്നത്.അതിനു ശേഷം മാത്രമാണ് രാജാവിനെതിരെ വിമർശനാ ത്മകമായി ചിന്തിക്കുന്നത്. എങ്കിലും ആത്യന്തികമായി വിധിയെ യാണ് പഴിക്കുന്നത്. അവസാനം കുഞ്ഞിനുവേണ്ടി സ്വന്തദുഃഖങ്ങളൊക്കെ മാറ്റിവെക്കുന്നു. സ്വയവിമർശനങ്ങളും ജീവിതദുരന്തത്തെ നേരിടുവാനുള്ള പരിശ്രമങ്ങളും ശകുന്തളാഭാഷയിലാക്കാൻ കവി സൂക്ഷ്മമായ തെരഞ്ഞെ ടുപ്പാണ് നടത്തിയത് . യഥാർത്ഥത്തിൽ ആത്മവിമർശനപരമായി ശകുന്തള ചിന്തിക്കുന്നതെല്ലാം, പ്രണയവിവാഹത്തിൽ സ്ത്രീ സ്വീകരിയ്ക്കേണ്ടിയി രുന്ന ജാഗ്രതയിലേയ്ക്കാണ് എത്തിച്ചേരുന്നത്. മുതിർന്നവരുടെ അനുമതിയി ല്ലാതെ നടന്ന വിവാഹമെന്ന ദ്രുതതീരുമാനം തെറ്റായിരുന്നുവെന്ന് കവി കരു തുന്നു. പുരുഷൻ ഉപേക്ഷിച്ച സ്ത്രീയ്ക്കു ലഭിയ്ക്കുന്ന നരകജീവിതത്തേ ക്കാൾ ഭേദം മരണമാണ്. അവളുടെ ദുരിതത്തിൽ വിധിയുടെ പങ്കും കവി സൂചിപ്പിക്കുന്നുണ്ട്. ഭാവി ജീവിതത്തിൽ ആകെ പ്രതീക്ഷയുള്ളത് ശിശുവിൽ മാത്രമാണ്.

വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ ശകുന്തളാഭാഷണം, വിശകലനം ചെയ്യുമ്പോൾ ആത്മവിമർശകയായ സ്ത്രീയെയാണ് കാണാനാവുന്നത്. അവ ൾ ചിന്തകളിലൂടെ സ്ത്രീയെയും പുരുഷനെയും വിധിയെയും വിചാരണ ചെയ്യുന്നു. സ്ത്രീയുടെ തെറ്റ് അവളെ മരണാർഹയാക്കുമെന്ന ചിന്ത കവി ശകു ന്തളയിലൂടെ അവതരിപ്പിക്കുന്നുണ്ട്. അത്തരം ചിന്തകളാകട്ടെ, അക്കാലത്ത് പരിവർത്തനവിധേയമാകേണ്ട സ്ത്രീയെക്കുറിച്ചുള്ള പുരുഷാധീശനിലപാടു കളായിരുന്നു.

അതുപോലെ മേനകയെന്ന അമ്മയും ഭാഷയിലൂടെ കഥാപാത്രവ്യക്തത നേടിയെടുക്കുന്നു. കാളിദാസൻ വെറുതെ പറഞ്ഞുപോയ ശകുന്തളയുടെ

അമ്മയല്ല, വെണ്ണിക്കുളത്തിന്റെ  മേനക. സ്ത്രീകൾക്ക് സംസാരിക്കാനും ഗുണ ദോഷവിചിന്തനം നടത്തുവാനും പരുഷാധീശപ്രവർത്തനങ്ങളെ വിമർശിക്കു വാനും വെണ്ണിക്കുളമെന്ന കവി അവസരം നൽകിയെന്ന് കാണാം.

## 6.8 ഇല്ലാ ചവിട്ടിയ കാൽ പിടിക്കില്ല ഞാൻ-കുഞ്ഞുലക്ഷ്മിയുടെ ശകുന്തള

കെ. പി. കുഞ്ഞിലക്ഷ്മിയുടെ ശകുന്തള ദുരന്തകഥാപാത്രമായി മാറിയ കാളിദാസന്റെ  ശകുന്തളയല്ല. ഒരു സ്ത്രീ പുനർനിർമ്മിച്ച ശകുന്തള യാണ്. സ്ത്രീപുരുഷചിന്തകളുടെയും, വികാരനുഭവങ്ങളുടെയും വ്യതിരി ക്തത തിരിച്ചറിഞ്ഞവളാണവൾ.  'വികാരജീവികളായ സ്ത്രീകളുടെ പ്രവൃ ത്തികൾ അവൾക്കു തന്നെ മാനഹാനി നേടിക്കൊടുക്കുന്നു' **26** എന്ന കവി യുടെ നിരീക്ഷണം സ്വതന്ത്രചിന്തയാൽ ഗുണദോഷവിമർശനം നടത്തുന്ന ബുദ്ധിമതിയായ സ്ത്രീയുടെ ചിന്തകളാണ്. ശകുന്തളാചിന്തകളിലാണ് ഇപ്ര കാരം സ്വയവിമർശനം നടത്തുന്നത്. തുടർന്ന് ശകുന്തള സംസാരിക്കുന്നത് ,അവളെക്കുറിച്ച് ചോദിച്ച ബ്രാഹ്മണനോട് തന്റെ  ജീവിതകഥ പറയുന്നിടത്താ ണ്; തുടർന്ന് അവൾ സംസാരിക്കുന്നത്.  'പിതൃസ്ഥാനത്ത് താൻ കണ്ട കണ്വമു നിയും ധാത്രിയായ  ഗൗതമിയും തന്നെ സ്വതന്ത്രയായാണ് വളർത്തിയത്. സ്നേ ഹാദരങ്ങൾ നൽകിയാണ് ബാലികയായ അവളെ, അവർ രൂപപ്പെടുത്തിയത്. അക്കാലത്തിനു ശേഷമുണ്ടായ  പ്രണയത്തെ അവൾ ഓർത്തെടുക്കുന്നു:

അന്നൊരിക്കലപ്പൂവാടി, രണ്ടു ഹൃൽ-
കന്ദളങ്ങളിണക്കിയിളം കാറ്റിൽ.**27**

അപ്പോൾ, ചിന്ത തന്നെ വിലക്കിയില്ല.ദുഷ്യന്തനാകുന്ന നിധി തന്റെ  സ്വന്ത മാണെന്ന്  'ഹൃദയം'  പറഞ്ഞു. പക്ഷെ പിന്നീട്, താൻ തിരിച്ചറിഞ്ഞ സത്യം ഇതാണ്:-

"സാർവ്വഭൗമനദ്ദേഹം, മിയ്യുള്ളവൾ
കേവലം പ്രജാ,യുർവ്വി നിമ്നോന്നതം" .**28**

രാജാവും പ്രജയും തമ്മിലുള്ള അന്തരമാണ് തന്റെ പ്രണയത്തിനുണ്ടായത്.

പിന്നീട് ദുഷ്യന്തൻ പുത്രനായ സർവ്വദമനനെ കണ്ടുവെന്ന വാർത്ത അറിയുമ്പോഴും അഭിമാനബോധത്താൽ ഉറച്ചു സംസാരിക്കുന്ന ശകുന്തളയെ കാണാം.

"ഇല്ലാ ചവിട്ടിയ കാൽ പിടിക്കില്ല ഞാൻ" -എന്നും;
"സാർവ്വഭൗമന്നു ഞാൻ ചെയ്ത തെറ്റെന്തോന്നാ-
ണാവിധമന്നെന്നെ സംത്യജിപ്പാൻ" **29**

എന്നും ശകുന്തള ശക്തമായ ഭാഷയിൽ സംസാരിക്കുന്നു. തന്നെ സഭാമധ്യത്തിൽ ത്യജിക്കുവാൻ തക്ക തെറ്റ് തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്ന് ഉറച്ചു തന്നെ അവൾ പറയുന്നു. ആത്മവിമർശകയായ സ്ത്രീയാണ് കെ. പി. കുഞ്ഞിലക്ഷ്മിയുടെ ശകുന്തള. സ്ത്രീകൾ വികാരജീവികളാകരുതുതെന്നും, അങ്ങനെയായാൽ അവൾക്കു തന്നെ മാനഹാനി വരാനിടയുണ്ടെന്നും ശകുന്തളാചിന്തകളിലൂടെ കവയത്രി വ്യക്തമാക്കുന്നുണ്ട്. പ്രണയ-വൈവാഹിക ബന്ധത്തിൽ സ്ത്രീയുടെ ജാഗ്രതയുണ്ടാവേണ്ടതാണെന്ന സൂചനയും ഉണ്ട്. ശകുന്തളാചിന്തകളിലൂടെ ചേർത്തിട്ടുള്ള ഭാഷയുടെ സൂക്ഷ്മവിശകലനത്തിൽ നിന്നും നവീകരിയ്ക്കേണ്ട സ്ത്രീമാതൃക രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമം നിരീക്ഷിക്കാനാകും.

### 6.9 ശകുന്തള-ഒരുപാട് സഹിച്ച സ്ത്രീ

കാളിദാസന്റെ അഭിജ്ഞാനശാകുന്തളംനാടകത്തെ ഉപജീവിച്ചെഴുതിയ തിരക്കഥയാണ് ലളിതാംബികാ അന്തർജ്ജനത്തിന്റെ ശകുന്തള. കാളിദാസനേക്കാൾ ശകുന്തളാഭാഷയ്ക്ക് കൃത്യതയും വ്യക്തതയും നൽകാൻ അന്തർജ്ജനം ശ്രമിച്ചിരിക്കുന്നു. ഭർത്തൃനിരാസഘട്ടത്തിൽ അതുവരെയുണ്ടായിരുന്ന കുടുംബാംഗങ്ങളും അവളെ ഉപേക്ഷിക്കുമ്പോൾ, തനിക്ക് അപമാനവും ഗതികേടും വരുത്തിയ രാജാവിനെ കോപതാപങ്ങളോടെ പിന്തിരിഞ്ഞു നോക്കിയതായി കഥാവിവരണഭാഗത്തുണ്ട്. പിന്നീട്; പുരോഹിതൻ ശകുന്തള പ്രസവിക്കുന്നതുവരെ, തന്റെ വാസസ്ഥലത്ത് താമസിക്കട്ടെയെന്ന് നിർദ്ദേശിച്ചപ്പോൾ ശകുന്തള രാജാവിന് മറുപടി നൽകുന്നത് അഭിമാനബോധത്തോടെയാണ്:

"വേണ്ടാ രാജൻ-വേണ്ടാ. ശകുന്തളയ്ക്ക് ആരുടെയും കരുണ വേണ്ടാ. വഞ്ചിതരായ സ്ത്രീകൾ നിറഞ്ഞ ഈ കൊട്ടാരത്തിൽ അവളുടെ ലോകത്ത് ശകുന്തള എങ്ങിനെയെങ്കിലും മകനെ വളർത്തി ജീവിച്ചുകൊള്ളാം. അവളുടെ മകനെ പെറ്റ് ഒറ്റയ്ക്ക് അവൾ വളർത്തും. അവൻ ദുഷ്യന്തന് പിറന്നവനാണോ എന്ന് കാണാനുള്ള കാലത്ത് കാണിച്ചു തരാം' .**30** ഇത്രയും ഉറച്ചു സംസാരിക്കുന്ന ശകുന്തള ദുർബലയായ സ്ത്രീയല്ല. ദുഃഖിതയായല്ല അവൾ തിരിച്ചുപോകുന്നത്.

പിന്നീട് കാശ്യപാശ്രമത്തിൽ വച്ച് തന്റെ പുത്രനെ വീരയോദ്ധാവാക്കി മാറ്റി പിതാവിന്റെ മുമ്പിൽ എത്തിക്കുമെന്ന് സർവ്വദമനനോട് അവൾ പറയുന്നുണ്ട്-ക്ഷത്രീയന്റെ മകനായ അവനെ ആ കാട്ടിൽ വച്ചു തന്നെ അസ്ത്രവിദ്യ പഠിപ്പിക്കണം. വളർത്തി വലുതാക്കി വീരയോദ്ധാവാക്കിയിട്ടു വേണം അച്ഛന്റെ മുന്നിൽ നിർത്തി പൗരവരാജാവ് ശകുന്തളയുടെ പുത്രനെ

തിരിച്ചറിയുമോ എന്ന് ചോദിക്കാൻ **31**. ഇപ്രകാരം രാജസദസ്സിൽ വച്ച് ദുഷ്യ ന്തനോടും കാശ്യപാശ്രമത്തിൽ വച്ച് പുത്രനോടും ഉറച്ച ശബ്ദത്തിലാണ് ശകുന്ത ള സംസാരിക്കുന്നത്. അതിവൈകാരികത കൊണ്ട് ദുർബലയോ പ്രജ്ഞയറ്റ് സംസാരിക്കുന്നവളോ അല്ല തിരക്കഥയിലെ ശകുന്തള. തന്നെയും കുഞ്ഞി നേയും നിരസിച്ച അധികാരവ്യവസ്ഥയോട് കലഹിക്കുകയും അഭിമാനത്തോ ടെ; സ്വാതന്ത്ര്യബോധത്തോടെ സംസാരിക്കുകയും ചെയ്യുന്നവളാണ് തിരക്കഥ യിലെ ശകുന്തള.

തിരക്കഥയുടെ അവസാനഭാഗത്താണ് പിന്നീട് ശകുന്തളയുടെ ശബ്ദം ഉയർന്നു കേൾക്കുന്നത്. ദുഷ്യന്തൻ കാശ്യപാശ്രമത്തിൽ വച്ച് ശകുന്തളയെ കണ്ടുമുട്ടുമ്പോൾ, അവളിലുണ്ടാകുന്ന സൂക്ഷ്മമായ ഭാവമാറ്റങ്ങൾ പോലും തിരക്കഥാകൃത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.- രാജാവിനെക്കണ്ട് സ്തബ്ധയാകുന്ന ശകുന്തള; ശോകതാപക്രോധവികാരങ്ങൾ മാറിമാറിവരുന്നത് നെടുവീർപ്പിട്ട് അടക്കുന്നു. അതുകണ്ട് രാജാവ് കുറ്റവാളിയെപ്പോലെ പശ്ചാത്താപവിവശനാ കുന്നു. തനിക്കു മാപ്പു തരാനായി രാജാവ് അപേക്ഷിക്കുമ്പോൾ കുറേക്കാ ലമായി താനനുഭവിക്കുന്ന വേദനകൾ മുഴുവൻ ശകുന്തളാഭാഷണത്തിൽ വന്നു നിറയുന്നു.

'ആശ്രമവാസിനിയായ സാധുതാപസി അങ്ങേയ്ക്ക് എങ്ങനെ മാപ്പു തരാനാണ്.ഈ സാധുതാപസി അങ്ങേയ്ക്കു മാപ്പു തരാനാരാണ്. അവിടുന്ന് പോയാലും- പോയി പൗരവ സിംഹാസനത്തിന്റെ ഗൗരവം കാത്തുസൂക്ഷിക്കുക.

.......................................................................................................................

ഭർത്തൃപരിത്യക്തയായ ഗർഭിത; അപ്സരസ്സ് തീർത്ഥത്തിന്റെ കരയിൽ മരിച്ചവളാണ്.**32**

ഇവിടെ ശകുന്തള താപസസ്ത്രീയെന്ന നിലയിലുള്ള തന്റെ സ്വത്വബോധ ത്തിൽ നിന്ന്, ഉപേക്ഷിച്ചതിന്റെ ക്രൗര്യത ദുഷ്യന്തനെ ഓർമ്മിപ്പിക്കു കയാണ് ചെയ്യുന്നത്. ആർക്കും ചോദ്യം ചെയ്യാനാവാത്ത ദുഷ്യന്തന്റെ ഔദ്ധത്യം ശകുന്തളയ്ക്ക് ഇവിടെ മാത്രമേ വിമർശിക്കാനാവൂ. യൗവ്വനയുക്ത

യും പ്രതീക്ഷാനിർഭരയുമായ ഒരു യുവതിയെ തകർത്തുകളയാൻ രാജാവിന്റെ മറവി കൊണ്ട് സാധിച്ചു. ഉപേക്ഷിച്ചതിലെ അപാകതകൾ വിമർശനവിധേയമാകാതിരുന്നതിനു കാരണം രാജാവ് എന്ന സ്ഥാനമാണ് എന്ന സൂചനകൂടെ മേൽപ്പറഞ്ഞ ഭാഷണത്തിൽ എഴുത്തുകാരി ചേർത്തിട്ടുണ്ട്.

ശകുന്തള ഭർത്തൃനിരാസത്താൽ ഒരുപാട് അപമാനം സഹിക്കേണ്ടി വന്നവളായിരുന്നു. അതുകൊണ്ടു തന്നെയാവണം ദുഷ്യന്തൻ വിളിച്ച ഉടനെ ശകുന്തള എല്ലാം മറന്ന് ഒന്നിക്കുന്ന ശുഭാവസാനം നൽകാൻ അന്തർജ്ജനം തയ്യാറാകാത്തത്. പുരുഷൻ ചെയ്ത തെറ്റ് ശരിയായ വിധത്തിൽ ചോദ്യം ചെയ്യാൻ സ്ത്രീയ്ക്ക് അന്തർജ്ജനം അവസരം കൊടുത്തതായി കാണാം. ദുഷ്യന്തൻ എന്ന കഥാപാത്രം ഏറ്റവമധികം പശ്ചാത്താപവിവശനാകുന്നത് തിരക്കഥയിൽ മാത്രമാണ്. ചോദ്യശരങ്ങളുടെ അവസാന ഘട്ടത്തിൽ ദുഷ്യന്തൻ പിന്തിരിഞ്ഞു പോകാൻ തയ്യാറാകുന്നുണ്ട്. അതോടെ രംഗം ശാന്തമാക്കാൻ കശ്യപമുനി തന്നെ വരുന്നുണ്ട്. `അത്തരത്തിലൊരു ദൗത്യം കാശ്യപമുനിക്ക് കാളിദാസാദികളൊന്നും തന്നെ നല്കിയിട്ടില്ലെന്നതും ശ്രദ്ധേയമാണ്.തിരക്കഥയിൽ പുരുഷനെ മുഖാമുഖം നോക്കി, തലയുയർത്തി സംസാരിയ്ക്കാനുള്ള അനുമതി സ്ത്രീയ്ക്ക് ലഭിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ, വ്യാസഭാരതം ,ഭാരതം കിളിപ്പാട്ട്, എന്നീ കൃതികളുടെ മാതൃകയിൽ പുരുഷനെ ചോദ്യം ചെയ്യാവുന്ന രീതിയിൽ സ്ത്രീയ്ക്ക് ഭാഷ കൈകാര്യം ചെയ്യാൻ അവസരം നൽകിയത് അന്തർജ്ജനമാണ്. സ്ത്രീയോട് മാപ്പുചോദിക്കുന്ന വിധത്തിൽ പുരുഷനെ സൂക്ഷ്മവിചാരണ ചെയ്യാൻ അന്തർജ്ജനം ഉജ്ജ്വലമായ ഭാഷയാണ്ശകുന്തളയ്ക്ക്നൽകിയത്.

## 6.10 നാടകത്തിലെ സംസാരിക്കുന്ന സ്ത്രീ

തന്റെ നാടകം അഭിജ്ഞാനശാകുന്തളത്തെയാണ് പ്രധാനമായും ഉപജീവിച്ചതെന്ന് പറയുമ്പോഴും ശകുന്തളക്ക് നൽകിയ ഭാഷണങ്ങൾ പരിശോധിക്കുമ്പോൾ നാടകകാരൻ വ്യാസനെ ഉപജീവിച്ചതായി കാണാം. ശകുന്തള, ദുഷ്യന്തനെ യുക്തിപൂർവ്വം വിമർശിക്കുന്നത് വ്യാസഭാരതത്തെ മുൻനിർത്തിയാണ്. ദുഷ്യന്തനിരാസത്തോടെ ബന്ധുക്കളെല്ലാം ഉപേക്ഷിച്ച അവസ്ഥയിൽ വീണ്ടുമൊരു അവസരമൊരുക്കിയാണ് ശകുന്തളയും ദുഷ്യന്തനും സംസാരിക്കുന്നത്. ബന്ധുക്കൾ പോകുന്നതു വരെയുള്ള ഭാഷണം കാളിദാസനെ അതേപടി അനുകരിച്ചാണ് ചേർത്തത്. എന്നാൽ പിന്നീട് അതിശക്തമായി ശകുന്തള ദുഷ്യന്തനെ ചോദ്യം ചെയ്യുന്നു.അതോടെ ശകുന്തള അതിരുവിട്ട് സംസാരിക്കുന്നുവെന്ന് രാജാവ് താക്കീതു ചെയ്യുന്നു. സ്ത്രീയുടെ സംസാരത്തിന് അതിരുണ്ടെന്ന സൂചന അത് നൽകുന്നു. എന്നാൽ അതിലും ഉപരിയായി സംസാരിക്കാൻ വ്യാസഭാരതത്തെ മുൻനിർത്തി നാടകകൃത്ത് അവളെ അനുവദിക്കുന്നു. ചില പ്രസക്തഭാഷണങ്ങൾ ഇപ്രകാരമാണ്:-

രാജാധിരാജൻ ,അങ്ങയുടെ ഔദാര്യത്തിന് നന്ദി. ഈ കൊട്ടാരവൃത്തത്തിലുള്ള സകലരും കേൾക്കേ അങ്ങെന്നെ അറിയില്ലെന്നും എന്റെ ഗർഭത്തിലുള്ള ശിശു അങ്ങയുടെ അല്ലെന്നും പറഞ്ഞു കഴിഞ്ഞു.ആ നിലയ്ക്ക് കണ്വാശ്രമത്തിൽ വളർന്ന ശകുന്തളയ്ക്ക് അങ്ങയുടെ ഔദാര്യം വേണ്ട. ശരിയാണ് പുരുവംശ രാജൻ. ജനനം മുതലുള്ള എന്റെ സ്ഥിതിയോർക്കുമ്പോൾ ഞാൻ നിയന്ത്രണം വിടുന്നു. ബ്രഹ്മയോ നിയിൽപ്പെട്ട മേനകയെന്ന അപ്സരസ്സിൽ വിശ്വാമിത്രനെന്ന രാജാവ് ജനിപ്പിച്ച സന്തതിയാണ് ഞാൻ. ഹിമവൽ പ്രസ്ഥത്തിൽ എന്നെ പ്രസവിച്ചിട്ട് അമ്മ പോയി.**33**

ശകുന്തള വേശ്യയെപ്പോലെ സംസാരിക്കുന്നുവെന്ന രാജാവിന്റെ അധിക്ഷേപത്തിന് അവളുടെ മറുപടി ഇപ്രകാരമാണ്.അത് വ്യാസഭാരത്തിലും കിളിപ്പാട്ടിലും ആവർത്തിച്ചതാണ്- "അന്യരുടെ കടുകോളമുള്ള തെറ്റും അങ്ങ് കാണും. കൂവളക്കായയോളമുള്ള സ്വന്തം തെറ്റ് കാണുകയുമില്ല. ദേവ രാജന്റെ ആജ്ഞയ്ക്കു വഴങ്ങേണ്ടിവന്ന മേനകയിലുള്ള എന്റെ ജന്മം അങ്ങയുടെ ജന്മത്തെക്കാൾ ഉത്തമം. മഹാ മേരുവോളം വലിപ്പമുള്ള സ്ത്രീ ത്വമുള്ളവളാണ് ഞാൻ.അങ്ങ് കടുകുമണിയോളം പുരുഷത്വമുള്ള രാജാവ്.വേശ്യാപുത്രിക്ക് സംഭാഷണപടുത കൂടും എന്ന രാജാവിന്റെ പരിഹാ സത്തിന് ശകുന്തള ഇപ്രകാരം മറുപടി പറയുന്നു-" കർമ്മപടുത അതിലും കൂടും. അതങ്ങ് അനുഭവിച്ചറിയാൻ പോകുന്നുണ്ട്. രാജൻ, മനുഷ്യരാശിയിൽ ഏറെ ദുഃഖം അനുഭവിക്കുന്നത് സ്ത്രീയാണ്. അവൾ സഹികെട്ട് ചോദിച്ചു സംസാരിച്ചാലും വിവേകമുള്ള പുരുഷൻ അവൾക്ക് അപ്രിയം ചെയ്യുകയില്ല. (തുടർന്ന് പുരുഷന് സ്ത്രീയുടെയും പുത്രന്റെ യും മാഹാത്മ്യം ശകുന്തള സൂചിപ്പിക്കുന്നു).**34** ശകുന്തള യുക്തിപൂർവ്വം സംസാരിക്കുന്നുവെന്ന് പുരോഹിതൻ പറയുമ്പോൾ ദുഷ്യന്തൻ ചമ്മിപ്പോയതായി നാടകകാരൻ സൂചിപ്പിക്കുന്നുണ്ട്. സ്വർലോകവേശ്യയായ അപ്സരസ്സിന്റെ പുത്രിയായതുകൊ ണ്ടാണ് ഇപ്രകാരം സംസാരിക്കുന്നതെന്ന് വീണ്ടും ദുഷ്യന്തൻ പരിഹസിക്കു മ്പോൾ ശകുന്തള ഇപ്രകാരം മറുപടി പറയുന്നു:- "അങ്ങെന്നെ ബോധപൂർവ്വം വേശ്യാപുത്രിയെന്നു അധിക്ഷേപിക്കുന്നുണ്ടെങ്കിലും മറ്റൊന്ന് കൂടി ധരിക്കു ക. ഞാൻ ധർമ്മോക്തികൾ പറയുന്നത് എന്റെ ഹൃദയത്തിൽ വസിക്കുന്നത് കാശ്യപനായത് കൊണ്ടാണ്. താതകാശ്യപൻ എനിക്ക് വേദേതിഹാസങ്ങൾ ഓതിത്തന്നിട്ടുണ്ട്. മനുവിന്റെ ശാസനമേ അങ്ങ് അറിഞ്ഞിട്ടുള്ളൂ.അത് പറ ഞ്ഞാണ് കണ്വതപോവനകന്യകയായ എന്നെ അങ്ങ് വഞ്ചിച്ചതും. പാലും വെ ള്ളവും കലർത്തിവെച്ചാൽ അരയന്നം പാൽ വേർതിരിച്ചു കുടിക്കും പോലെ യാണ് ആശ്രമജീവികളായ ഞങ്ങൾ പ്രാജ്ഞന്മാർ പറയുന്ന ശുഭാശുഭ

വചസ്സുകളിൽ നിന്ന് നല്ലതു മാത്രം ഗ്രഹിക്കുന്നത്. മറ്റു ചിലർ വരാഹത്തെ പ്പോലെ മാലിന്യം മാത്രം സ്വീകരിക്കും.**35**

ഇത്രയും സംഭാഷണങ്ങൾ ശകുന്തളയ്ക്കു നൽകിയത് വ്യാസ ഭാരതത്തെ മുൻനിർത്തിയാണ്. ദുഷ്യന്തനോട് യുക്തിസഹമായ ചോദ്യങ്ങൾ ഉന്നയി ക്കകയും അദ്ദേഹത്തിന്റെ  വിമർശനങ്ങൾക്ക് സംയമനത്തോടെ മറു പടി പറഞ്ഞശേഷം മാതാവായ മേനകയോടൊപ്പം മാരീചാശ്രമത്തിലേയ്ക്ക് ശകുന്തള പോകുന്നു. പുരുഷനെ  അവൻ ചെയ്ത കുറ്റങ്ങൾ  ബോധ്യ പ്പെടുത്തിയ ശേഷം സ്വന്തം വഴി നോക്കി പോകുന്ന ധീരയായ സ്ത്രീയായാണ് ശകുന്തള നാടകത്തിൽ പ്രത്യക്ഷപ്പെടുന്നത്. സ്ത്രീസ്വത്വബോധത്തെ പുരുഷത്വത്തേ ക്കാൾ ഉയർത്തിപ്പിടിക്കാൻ നാടകകാരൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ യാണ് നാടകഘടനയ്ക്ക് വലിയ പ്രശ്നമൊന്നും വരില്ലാതിരുന്നിട്ടു കൂടി ശകു ന്തളയുടെ അതിശക്തമായ സംഭാഷണം ഉൾപെടുത്താൻ തോപ്പിൽ ഭാസി തയ്യാറായതെന്ന് നിരീക്ഷിക്കാം.

## 6.11 സ്ത്രീഭാഷയുടെ പ്രശ്നവിചാരങ്ങൾ

'സ്ത്രീകൾക്കും നീചകഥാപാത്രങ്ങൾക്കും സംസ്കൃതമെന്ന ഉത്തമഭാഷ നിഷേധിച്ച സാഹിത്യ/കലാരൂപമാണ് സംസ്കൃതനാടകം. ഉയർന്ന സാമൂഹിക സ്ഥിതിയിലുള്ളവരാണെങ്കിലും സ്ത്രീകൾ, കുട്ടികൾ, രോഗികൾ ,പ്രച്ഛന്ന വേഷക്കാർ എന്നിവർ പ്രാകൃതഭാഷയിൽ മാത്രമേ സംസാരിക്കൂ. പ്രാകൃ തത്തിന് സംസ്കൃതത്തിന്റെയത്ര മാന്യതയില്ലല്ലോ. മാന്യതയുള്ളവർ സംസ്കൃത ത്തിലേ സംസാരിക്കുന്നോ എന്നാകാം ഇതിന്റെ  അർഥം'-എന്നിങ്ങനെയാണ് ഡോ. ഉഷാ നമ്പൂതിരിപ്പാട് നിരീക്ഷിക്കുന്നത്.**36** ഏതായാലും സ്ത്രീകളുടെ സംഭാഷണത്തിൽ ഇത്തരം വേർതിരിവ് കാണിച്ച മറ്റൊരു കലാരൂപമില്ലെന്നു തന്നെ പറയാം. അതിൽ പ്രശസ്തമായ അഭിജ്ഞാന ശാകുന്തളം നാടകത്തിൽ,

തുല്യതയില്ലാതെ സൃഷ്ടിച്ച ഒരു സ്ത്രീ കഥാപാത്രത്തിന് പുരുഷനെ നോക്കി സംസാരിക്കാൻ അവസരം ലഭിച്ചത് തന്നെ മൂലകഥയെ മുൻനിർത്തി പുനരാവിഷ്കരിച്ച രചനകളിൽ മാത്രമാണ്. അഭിജ്ഞാനശാകുന്തളം നാടകത്തിൽ, സ്ത്രീകൾ പ്രാകൃതത്തിൽ സംസാരിയ്ക്കുന്നതിനെക്കുറിച്ച് ഡോ. ടി. ബി. വേണുഗോപാലപ്പണിക്കർ വിലയിരുത്തുന്നത് ഇപ്രകാരമാണ്:-

'അവ്യാജമനോഹരികളായ പ്രമദകൾ, മുഗ്ദ്ധകളായിത്തന്നെയിരിക്കണം. പണ്ഡിതകളായിരിക്കരുത്, എന്നാലാണ് അഴകും ആകർഷകത്വവും ഏറുക. എന്നതാണ് പുരുഷന്മാരായ പഴയ കവികളുടെ പക്ഷം......................... .............. ........... ......................................... ...................................................ഈ സമത്വവിചാരം കാളിദാസന് അന്യമാണ്. ഓരോ ആൾക്കും അവരവരുടെ സാമൂഹികനീതിയനുസരിച്ചാണ് നീതിവിതരണം. തുല്യത കാളിദാസന്റെ അജണ്ടയിലില്ല. **37**

സ്ത്രൈണതയെ കുറിച്ചുള്ള പഴയ കവികളുടെ താത്പര്യത്തെ മുൻനിർത്തിയും, ജാതിശ്രേണിയിൽ അവൾക്കുള്ള സ്ഥാനത്തെ മുൻനിർത്തി യുമാണ് കാളിദാസൻ, പ്രാകൃതഭാഷ സ്ത്രീകൾക്ക് നൽകിയതെന്നാണ് ലേഖകന്റെ സൂചന.

ശാകുന്തളകഥയുടെ വിവിധ പുനർനിർമ്മിതികളിൽ വ്യാസനോ കാളിദാസനോ, ശകുന്തളയ്ക്ക് നൽകിയ സംഭാഷണസ്വാതന്ത്ര്യം വ്യത്യസ്തരായ എഴുത്തുകാർ തങ്ങളുടെ താൽപര്യത്തിനനുസരിച്ച് മാറ്റിമറിച്ചിട്ടുണ്ട്. എഴുത്തച്ഛന്റെ ശകുന്തള ശക്തമായ ഭാഷയിൽ സംസാരിക്കുമ്പോൾ, അതേ കാവ്യത്തെ ഭാഗികമായി അനുകരിച്ച മച്ചാട്ട് ഇളയതിന്റെ കൈകൊട്ടിക്കളിപ്പാട്ടിൽ വളരെ മൃദുവായി മാത്രമാണ് ശകുന്തള സംസാരിക്കുന്നത്. ആട്ടക്കഥാകാരനും, ഭാരതംഗാഥാകാരനും വളരെ ദുർബലമായ ഭാഷയാണ് ശകുന്തളയ്ക്ക് നൽകിയത്. പിതാവിനോട് കാര്യകാരണസഹിതം തന്റെ അവസ്ഥ വിവരിക്കാനും അദ്ദേഹത്തെ കൊണ്ട് മാപ്പു പറയിക്കാനും വള്ളത്തോ

ളിന്റെ ശകുന്തളയ്ക്ക് സാധിക്കുന്നുണ്ട്. അതേസമയം ഭാഷാപ്രയോഗത്തിൽ തീക്ഷ്ണതയല്ലാ വേണ്ടതെന്നും കവി സൂചിപ്പിക്കുന്നു. താണുകേണ് കരഞ്ഞുകൊണ്ടാണ് സ്ത്രീ; പുരുഷനെ ശരിതെറ്റുകളുടെ വിചിന്തനത്തിന് പ്രേരിപ്പിയ്ക്കേണ്ടത്. അത്തരം ഭാഷാപ്രയോഗമാണ് സ്ത്രീയെ കൂടുതൽ സ്വീകാര്യയാക്കുക. പിതാവ്, ഭർത്താവ്, പുത്രൻ എന്നിവരെ അവളുടെ തന്നെ ഭാഷാപ്രയോഗത്തിലൂടെ വള്ളത്തോളിന്റെ ശകുന്തള രക്ഷിച്ചെടുക്കുന്നു. വള്ളത്തോൾ ശകുന്തളയ്ക്ക് നൽകിയ ഭാഷയിലും പ്രയോഗത്തിലും നിന്ന്, ആധുനികത, രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ച സ്ത്രീമാതൃക വെളിപ്പെടുന്നുണ്ട്. വെണ്ണിക്കുളത്തിന്റെ ശകുന്തളയാകട്ടെ, ശക്തമായ ആത്മവിമർശനം നടത്തുന്നുണ്ട്. എന്നാൽ സംഭവിച്ച ദുരിതങ്ങൾക്കെല്ലാം സ്ത്രീയുടെ അനവധാനത കാരണമാണെന്ന് സൂചിപ്പിക്കുന്നുമുണ്ട്. ജീവിതത്തിൽ സ്ത്രീ പുലർത്തേണ്ട ജാഗ്രത, പുരുഷന് പകരം വിധിയെ പഴിക്കൽ, കുഞ്ഞിന് വേണ്ടിയുള്ള ശിഷ്ടകാലജീവിതം തയ്യാറാക്കൽ-തുടങ്ങി നവോത്ഥാനകാല സ്ത്രീ രൂപപ്പെടേണ്ട വിധമാണ് സ്ത്രീ ചിന്തകളായി കവി ചേർത്തതെന്ന് സൂക്ഷ്മമായി നിരീക്ഷിക്കാം. കുഞ്ഞിലക്ഷ്മിയുടെ ശകുന്തളാചിന്തകളും ഇതേ മാതൃകയിലാണ് രൂപപ്പെടുന്നത്. പുരുഷൻ തെറ്റുകാരനാണെന്ന് സമ്മതിക്കുമ്പോഴും അവന്റെ ഭൗതിക-സാമ്പത്തിക സാഹചര്യങ്ങൾ നോക്കാതെ പ്രണയ-വിവാഹബന്ധങ്ങളിലേർപ്പെട്ടതിന് സ്ത്രീ വിമർശിക്കപ്പെടുന്നുണ്ട്. വിധിയ്ക്ക് മനുഷ്യജീവിതത്തിലുള്ള പങ്ക്; ദുരിത ജീവിതത്തിന് കാരണമായ സ്ത്രീയുടെ ജാഗ്രതയില്ലായ്മയെ കുറ്റപ്പെടുത്തൽ; പുത്രനെ മുൻനിർത്തിയുള്ള സ്ത്രീജീവിതത്തിന് പ്രാധാന്യം നൽകൽ-എന്നിവ സ്ത്രീചിന്തകളിൽ, അഥവാ സ്ത്രീയ്ക്ക് നൽകിയ ഭാഷയിൽ കവി ചേർത്തിരിയ്ക്കുന്നു. ഈ ചിന്തകളിലും ആധുനികത രൂപ പ്പെടുത്തിയ നല്ല സ്ത്രീയുടെ നിർമ്മിതി കാണാം.

ലളിതാംബികാ അന്തർജ്ജനം, തോപ്പിൽ ഭാസി എന്നിവരുടെ കൃതികളിലാണ് വ്യാസൻ, എഴുത്തച്ഛൻ തുടങ്ങിയവർ ശകുന്തളയ്ക്ക് നൽകി

യ ഭാഷണം അതേപടി ആവർത്തിയ്ക്കുന്നത്. തൊള്ളായിരത്തിഅമ്പതുകൾക്കു ശേഷമാണ് ഇരുകൃതികളും ഉണ്ടാകുന്നത്. കേരളത്തിലെ മാറിയ സാഹചര്യങ്ങളും സ്ത്രീയെക്കുറിച്ചുള്ള വ്യത്യസ്ത നിലപാടുകളും ഇരുകൃതികളിലുമുണ്ട്. അന്തർജ്ജനത്തിന്റെ ശകുന്തള; പുരുഷന്റെ തെറ്റുകൾ ശക്തമായി വിമർശിച്ച ശേഷം; പൊറുത്ത് സ്ത്രീസഹജമായ നന്മകളിലൂടെ അഥവാ നിർമ്മിച്ച് വെച്ച സ്ത്രീമാതൃകയിലൂടെ കുടുംബത്തിലേക്ക് തിരിച്ചു പോകുന്നു. തോപ്പിൽ ഭാസിയുടെ ശകുന്തളയാകട്ടെ, ഭാഷണത്തിലൂടെ പുരുഷനെ വിചാരണ ചെയ്ത ശേഷം സ്വതന്ത്രലോകത്തിലേയ്ക്ക് നീങ്ങുന്നു.

ചുരുക്കത്തിൽ സ്ത്രീയോട് സമൂഹത്തിനുള്ള കാഴ്ചപ്പാടുകൾ എഴുത്തുകാരെയും സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ചിലർ ശകുന്തളയ്ക്ക് നല്ല ഭാഷ നൽകുമ്പോൾ മറ്റു ചിലർ അപ്രകാരം ചെയ്യാതിരുന്നത്. ഉത്തമ പുരുഷനേക്കാൾ വളരെ താഴ്ന്ന സ്ത്രീയ്ക്ക്- നല്ലഭാഷപോലും നൽകാതിരുന്ന സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി-പിൽക്കാലത്ത് പുരുഷനെ ചോദ്യം ചെയ്യാനുള്ള അവസരം വരെ ലഭിച്ചതായി കാണാം. എങ്കിലും അവളുടെ ഭാഷയിൽ തന്നെ അതതു കാലത്തെ സ്ത്രീമാതൃക രൂപപ്പെടുന്നതും കാണാനാവും. അതിനു തക്ക ഭാഷാപ്രയോഗസാധ്യതകളാണ് വിവിധ കാലത്തെ ശാകുന്തള പുനർനിർമ്മിതികളിലുള്ളത്.

## കുറിപ്പുകൾ

1. പി.എം.ഗിരീഷ്, *അധികാരവും ഭാഷയും*,( ഐ ബുക്ക്സ് കേരള, കോഴിക്കോട്, 2015 ),പു.148.
2. വ്യാസമഹാഭാരതം-ഗദ്യവിവ:വിദ്വാൻ കെ. പ്രകാശ്, (ഡി.സി.ബുക്ക്സ്, കോട്ടയം, രണ്ടാം പതിപ്പ്, വാല്യം-ഒന്ന്,2008), പു. 262-265.
3. അഭിജ്ഞാനശാകുന്തളം-കാളിദാസൻ,ഗദ്യപരിഭാഷ:കുട്ടിക്കൃഷ്ണമാരാർ, (മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 2012), പു. 125-131.
4. ഡോ പി. എം വിജയപ്പൻ, തുഞ്ചത്തെഴുച്ഛന്റെ മഹാഭാരതം-സംശോധിത സംസ്കരണം,(കറൻറ് ബുക്ക്സ്, തൃശ്ശൂർ,1998), പു. 223-226.
5. അതേപുസ്തകം, പു. 232-235.
6. അതേപുസ്തകം, പു. 236-239.
7. ചെറുശ്ശേരിഭാരതം,പ്രസാ: ചിറക്കൽ ടി ബാലകൃഷ്ണൻ നായർ, (കേരള സാഹിത്യഅക്കാദമി,തൃശൂർ,1974),പു. 38.
8. അതേപുസ്തകം, പു. 40.
9. അതേപുസ്തകം, പു. 41.
10. അതേപുസ്തകം, പു. 41.
11. നൂറ്റിഒന്ന് ആട്ടക്കഥകൾ-ഡോ. എസ്.കെ.നായർ,പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം,(നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1979), പു. 519.
12. അതേപുസ്തകം, പു. 520.
13. സി. പി. കൃഷ്ണനെളയത്, *വിദ്വാൻ മച്ചാട്ടെളയത്-ജീവിതവും കൃതികളും* (കേരളസാഹിത്യഅക്കാദമി, തൃശൂർ,1977),പു.146.
14. അതേപുസ്തകം, പു. 148.
15. അതേപുസ്തകം, പു. 152.

16. അതേപുസ്തകം, പു. 152 .

17. അതേപുസ്തകം, പു. 152 .

18. അതേപുസ്തകം, പു. 152

19. വള്ളത്തോൾ നാരായണമേനോൻ,*വള്ളത്തോളിന്റെ കവിതകൾ*, (ഡി സി ബുക്ക്സ്, കോട്ടയം,2003),പു. 344.

20. അതേപുസ്തകം, പു. 346

21. അതേപുസ്തകം, പു. 346

22. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, ഭർത്ത്യപരിത്യക്തയായ ശകുന്തള, (മലയാള മനോരമ,കോട്ടയം, 1920),പു. 5.

23. അതേപുസ്തകം, പു. 5.

24. അതേപുസ്തകം, പു. 9 .

25. അതേപുസ്തകം, പു. 10.

26. കെ.പി.കുഞ്ഞുലക്ഷ്മി, *ശകുന്തള* ,( മംഗളോദയം,തൃശ്ശൂർ, 1947), പു.6

27. അതേപുസ്തകം, പു.5

28. അതേപുസ്തകം, പു.14

29. അതേപുസ്തകം, പു. 18

30. ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ* (കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം,2010),പു. 78.

31. അതേപുസ്തകം, പു. 86.

32. അതേപുസ്തകം, പു.100.

33. തോപ്പിൽ ഭാസി, *ശാകുന്തളം-നാടകം* (ഡി സി. ബുക്ക്സ്, കോട്ടയം,1987), പു. 94.

34. അതേപുസ്തകം, പു.94

35. അതേപുസ്തകം, പു.95

36. ഡോ. ഉഷാനമ്പൂതിരിപ്പാട്, സാമൂഹികഭാഷാവിജ്ഞാനം (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1994),പു. 85.

37. ഡോ.ടി.ബി. വേണുഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി.സി. ബുക്സ്, കോട്ടയം,2006. പു.19

# ഉപസംഹാരം

മഹാഭാരതത്തിലെ പ്രസിദ്ധമായ ഉപകഥയാണ് ശാകുന്തളം. കാളിദാസന്റെ വിശ്വപ്രസിദ്ധമായ അഭിജ്ഞാനശാകുന്തളംനാടകം, ഇതിഹാസ ഉപാഖ്യാനത്തിന്റെ പുനർനിർമ്മിതിയാണ്. എഴുത്തച്ഛൻ മുതലുള്ളവർ ശാകുന്തളകഥയുടെ സ്വതന്ത്രപുനർനിർമ്മിതി നടത്തിയിട്ടുണ്ട്. കേരളത്തിൽ ആധുനികതയുടെ കാലത്താണ് മഹാഭാരതത്തിലെ കഥകളെ , പ്രത്യേകിച്ചും അവയിലെ മാതൃകാസ്ത്രീ പുരുഷന്മാരെ സാമൂഹികനവോത്ഥാനം ലക്ഷ്യമാക്കി എഴുത്തുകാർ പുനർനിർമ്മിച്ചത്. കുടുംബം, വൈവാഹികഘടന, വിശുദ്ധ സ്ത്രീ-വേശ്യ വിഭജനം, ബഹുലൈംഗികതയുടെ നിരോധനം, മാതാപിതാക്കളുടെ നിർമ്മിതി, ഭാര്യാഭർത്തൃബന്ധനിർവചനങ്ങൾ തുടങ്ങി നിരവധി പരിവർത്തനങ്ങൾ ഉണ്ടായത് ഇക്കാലത്താണ്. അത്തരം നിർമ്മിതികളിൽ സവർണ്ണപുരുഷാധിഷ്ഠിതനിയമസംഹിതകളും, വിക്ടോറിയൻ സദാചാര സംഹിതകളും ഒരു പോലെ സ്വാധീനം ചെലുത്തിയതായിക്കാണാം. സാഹിത്യകൃതികളിൽ സാമൂഹിക ചലനങ്ങളുടെ അന്തർധാര ഉണ്ടായിരിക്കും. അത് അധികാരകേന്ദ്രങ്ങൾക്കനുസരിച്ചുള്ള രാഷ്ട്രീധാരണകളിലൂടെ രൂപപെട്ടതായിരിക്കും. അത്തരം സാമൂഹികമാറ്റങ്ങൾ ശാകുന്തളകഥയുടെ പുനർനിർമ്മിതികളിലും വ്യക്തമായി പ്രതിഫലിച്ചിട്ടുണ്ട്.

സ്ത്രീപക്ഷസമീപനങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ ആയിരത്തിഎണ്ണൂറുകളുടെ ഒടുവിൽ ആരംഭിച്ചുവെങ്കിലും; കേരളത്തിൽ അതിശക്തമായ സ്ത്രീപക്ഷസൈദ്ധാന്തികനിലപാടുകളുണ്ടായത് ആയിരത്തിതൊള്ളായിരത്തി എൺപതുകൾക്ക് ശേഷം മാത്രമാണ്. സ്ത്രീവാദസിദ്ധാന്തങ്ങളിലെ പാശ്ചാത്യനിലപാടുകളിലൂടെ മാത്രം ഇതിഹാസപുനർനിർമ്മിതികളെ നിരീക്ഷിക്കുന്നത് അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ സൈദ്ധാന്തിക നിരീക്ഷണങ്ങളിൽ സ്ത്രീസ്വത്വനിർമ്മിതീഘടകങ്ങൾ സ്വാംശീകരിച്ചു കൊണ്ടാ

ണ് ശാകുന്തള പുനർനിമ്മിതികളെ പരിശോധിക്കുവാൻ സാധിക്കുകയെന്ന് കാണാം. സ്ത്രീവാദനിരീക്ഷണങ്ങളുടെയും ശാകുന്തളകഥയുടെയും പ്രതിനിധാന സ്വഭാവമുള്ള തെരെഞ്ഞെടുത്ത പുനർനിർമ്മിതികളിൽ സ്ത്രീയെ രൂപപ്പെടുത്താൻ ആണധികാരവ്യവസ്ഥ സ്വീകരിച്ച സൂക്ഷ്മസാംസ്കാരിക ഘടകങ്ങളുടെ വിശകലനം ആവശ്യമായി വരുന്നു. അത്തരം സ്ത്രീനിർമ്മിതീ ഘടകങ്ങളാണ് സ്ത്രീവാദസിദ്ധാന്തങ്ങളിൽ നിന്ന് വേർതിരിച്ചെടുത്ത് ഇതിഹാസ ഉപകഥയെ അപഗ്രഥിക്കാൻ സ്വീകരിച്ചത്.

വിശുദ്ധസ്ത്രീ-വേശ്യ അഥവാ നല്ലസ്ത്രീ-ചീത്തസ്ത്രീവിഭജനം സ്ത്രീയെ ശ്രേണീകരിക്കാൻ സവർണ്ണപുരുഷാധികാരഘടന ബോധപൂർവ്വം സ്വീകരിച്ച സൂക്ഷ്മമായ സാംസ്കാരിക ഉപകരണമാണ്. ഇതിഹാസകാലം മുതലേ അത്തരം പ്രവർത്തനങ്ങളുണ്ടായിരുന്നതിന് ശാകുന്തളോപാഖ്യാനം തന്നെ ഉദാഹരണമാണ്. പ്രധാന കഥാപാത്രമായ ശകുന്തളയെ തന്നെ അപ്രകാരം വിഭജിക്കുന്നുണ്ട്. കേരളത്തിലെ മധ്യകാലകൃതികളിൽ ബ്രാഹ്മണജ്ഞാനപദ്ധതികളാണ് അത്തരം നിലപാടുകളിൽ സ്ത്രീയെ രൂപപ്പെടുത്താൻ എഴുത്തുകാരെ സഹായിച്ചതെങ്കിൽ ആധുനികതയുടെ കാലത്ത് മാറിയ സാഹചര്യങ്ങൾ എഴുത്തുകാർ ഉപയോഗപ്പെടുത്തിയെന്ന് കാണാം. ശാകുന്തളപുനർനിർമ്മിതികളുടെ ആദ്യഭാഗത്ത് ശകുന്തള വിശുദ്ധസ്ത്രീയായും ഭർത്തൃനിരാസഘട്ടത്തിൽ വേശ്യയായും രൂപാന്തരം പ്രാപിക്കുന്നു. മധ്യകാലകൃതികളിലാണ് മേനകയെന്ന ശകുന്തളാമാതാവിന്റെ വേശ്യാത്വം അവളിൽ ആരോപിക്കപ്പെടുന്നത്. ഗാന്ധർവ്വവിവാഹമെന്ന സ്വന്ത തീരുമാനമെടുത്ത സ്ത്രീയെന്ന നിലയിൽ ശകുന്തള വേശ്യയാണെന്ന് എഴുത്തുകാർ നിലപാടെടുത്തു. വൈവാഹികകാര്യങ്ങളിൽ സ്ത്രീകൾ ബന്ധുക്കളെ കൂടാതെ ഒറ്റയ്ക്ക് തീരുമാനമെടുത്താൽ ശകുന്തളയുടെ അവസ്ഥയുണ്ടാകുമെന്ന് എല്ലാ കൃതികളും ഒരുപോലെ ആവർത്തിക്കുന്നുണ്ട്. സ്ത്രീയുടെ ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ അവളല്ല, പുരുഷാധീശവ്യവസ്ഥ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്

തീരുമാനിക്കേണ്ടത്. സ്വന്തമായി തീരുമാനങ്ങളെടുക്കുന്ന സ്ത്രീ നല്ല സ്ത്രീയല്ല. അവൾ വേശ്യയാണ്. ഇതേ നിലപാട് മധ്യകാല ശാകുന്തള പുനർനിർമ്മിതികളിൽ ആവർത്തിക്കുന്നു. ആധുനികതയുടെ കാലത്തുണ്ടായ കൃതികളിലാകട്ടെ, വേശ്യ എന്ന രീതിയിലല്ല, മറിച്ച് അത്തരം സ്ത്രീകളില്ല-ഉണ്ടാവാനിടയില്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരം കൃതികളിൽ പതിവ്രതയായ വിശുദ്ധസ്ത്രീയാണ് ശകുന്തള. അവളിൽ വേശ്യാത്വമല്ല ഉള്ളത്. മറിച്ച് വിശുദ്ധസ്ത്രീയുടെ ഉദാത്ത മാതൃകയായ മാതൃത്വമാണ് ഉള്ളത്. തോപ്പിൽഭാസിയുടെ ശാകുന്തളം നാടകമൊഴിച്ചുള്ള പിൽക്കാല രചനകളിലെല്ലാം ഈയൊരു നിലപാടാണ് ഉള്ളത്. തോപ്പിൽ ഭാസിയുടെ നാടകത്തിലാകട്ടെ, ശകുന്തള ബന്ധുക്കളെ കൂടാതെയെടുത്ത തീരുമാനം വിമർശിക്കുന്നുണ്ട്. എന്നാൽ ശകുന്തളയെ വിശുദ്ധസ്ത്രീയാക്കാനോ വേശ്യയായി ക്കരുതാനോ എഴുത്തുകാരൻ ശ്രമിച്ചിട്ടില്ലെന്ന് കാണാം. അദ്ദേഹത്തിന്റെ നാടകത്തിൽ, ശകുന്തള പുരുഷനെ ആശ്രയിക്കാതെ ഭാവിയെക്കുറിച്ച് സ്വയം തീരുമാനങ്ങളെടുക്കുന്നവളായി മാറുന്നു. മധ്യകാലകൃതികളിൽ നിന്നും വ്യത്യസ്തമായി മേനകയെ വേശ്യയായി പിൽക്കാല രചനകളിലൊന്നും ആക്ഷേപിക്കുന്നില്ല. പകരം വിശുദ്ധമാതാവ് എന്ന ഉയർന്ന പദവിയാണ് പ്രസ്തുത കഥാപാത്രത്തിനുള്ളത്.

രക്ഷിതാക്കളുള്ള സ്ത്രീകളാണ് ഇന്നും സമൂഹത്തിന് അഭികാമ്യം. അതിൽ തന്നെ പുരുഷരക്ഷിതാക്കളുടെ സ്ഥാനം വലിയ പ്രാധാന്യമുള്ളതാണ്. മധ്യകാലത്ത് മരുമക്കത്തായ വ്യവസ്ഥയിൽ അമ്മാവനാണ് സ്ത്രീകളെ സംരക്ഷിച്ചിരുന്നത്. എന്നാൽ നവോത്ഥാനകാലത്തിനു ശേഷം മനുസ്മൃതി മാതൃകയിലെ പിതാ-ഭർത്തൃ-പുത്രസംരക്ഷണയിലാണ് കേരളത്തിലെ സ്ത്രീകൾ കഴിഞ്ഞത്. ശാകുന്തളപുനർനിർമ്മിതിയിലെല്ലാം രക്ഷിതാക്കളുടെ പ്രാധാന്യം, അലംഭാവം എന്നിവ വിഷയമാകുന്നുണ്ട്. പിതാവ്,ഭർത്താവ് എന്നീ പുരുഷരക്ഷിതാക്കൾ ശകുന്തളയോട് യഥാവിധി ധർമ്മനിർവ്വഹണം നടത്തി

യില്ലെന്ന് സൂചിപ്പിക്കുന്നുണ്ട്. കണ്വമഹർഷിയുടെ പിതൃസ്ഥാനം ശകുന്തളയ്ക്ക് വിവാഹത്തിന് മുമ്പ് വലിയ പദവി നൽകുന്നുണ്ട്. എന്നാൽ ഭർത്തൃനിരാസത്തോടെ പിതൃസ്ഥാനീയരും അവളെ കൈവിടുന്നു. പിതാവ്, ഭർത്താവ് എന്നീ രക്ഷകർ ഏറ്റെടുക്കാതിരുന്നതോടെ പ്രതിസന്ധിയിലാകുന്ന ശകുന്തളയുടെ വിഷമം ആധുനികതയുടെ കാലത്തുണ്ടായ കൃതികളിൽ വലിയ പ്രാധാന്യത്തോടെ വിവരിക്കുന്നുണ്ട്. മേനക എന്ന അമ്മ നൽകിയ പിന്തുണ ഏറ്റവും ആവശ്യഘട്ടത്തിൽ ഒരു മാതാവ് കുഞ്ഞിന് ചെയ്യേണ്ട കർമ്മമായി നവോത്ഥാനകാലത്തിലും ശേഷവും ഉണ്ടായ ശാകുന്തള പുനർനിർമ്മിതികൾ കരുതുന്നു. മറ്റൊരു പുരുഷരക്ഷിതാവായ കശ്യപമഹർഷി (മാരീചമുനി)യുടെ ആശ്രമത്തിലെത്തിക്കുന്നതോടെ കാളിദാസനാടകത്തിൽ മേനകയുടെ ഉത്തരവാദിത്വം അവസാനിക്കുന്നു. എന്നാൽ നവോത്ഥാനകാലത്തിനുശേഷമുള്ള പുനർനിർമ്മിതികളിലും രക്ഷാകർത്താവെന്ന നിലയിലുള്ള മേനകയുടെ കർമ്മങ്ങൾ വിലപ്പെട്ടതായിരുന്നുവെന്ന് എഴുത്തുകാർ രേഖപ്പെടുത്തിയതായി കാണാം. ആധുനികതയുടെ കാലത്ത് വിശുദ്ധമാതൃത്വനിർമ്മിതിയുണ്ടായിരുന്നതിന് ഉപോത്ഫലകമാണ് ശാകുന്തളപുനരാവിഷ്കരണങ്ങളെന്ന് നിരീക്ഷിക്കാനാകും. അതുപോലെ പിതാവ് എന്ന നിലയിലുള്ള ധർമ്മങ്ങൾ നിർവഹിക്കാത്തതിന് വിശ്വാമിത്രനെ വള്ളത്തോളും, ലളിതാംബികാ അന്തർജ്ജനവും സൂക്ഷ്മവിചാരണ ചെയ്യുന്നുണ്ട്. സ്ത്രീയുടെ സാമൂഹികനില നിർണ്ണയിക്കുന്നതിൽ രക്ഷാകർത്താക്കളുടെ പ്രാധാന്യം വളരെയധികമുണ്ടെന്ന് ശാകുന്തള കഥ പുനരാഖ്യാനം ചെയ്ത എല്ലാ എഴുത്തുകാരും കരുതുന്നുണ്ട്. ചുരുക്കത്തിൽ രക്ഷാകർത്താക്കളുടെ പ്രാധാന്യം സ്ത്രീയുടെ നിത്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതാണ്. അത്തരത്തിലൊരു ഇടപെടൽ ദുഷ്യന്തന്റെ ജീവിതത്തിലുണ്ടാകുന്നില്ല എന്നും കാണാം.

ശകുന്തളയും രാജാവും തമ്മിലെ പൊതുധാരണപ്രകാരം സ്വീകരിച്ച ഗാന്ധർവവിവാഹത്തിന്റെ സാധുത ഏറ്റവുമധികം ചർച്ച ചെയ്തത് കാളിദാസ

നാണ്. ശകുന്തള സ്വന്തം കുടുംബത്തിലെ മുതിർന്നവരുടെ അനുമതികൂടാതെ നടത്തിയ വിവാഹമാണത്. രക്ഷിതാക്കളുടെ തീരുമാനമില്ലാതെ നടന്ന വിവാഹത്തിന്റെ അനന്തരഫലം അനുഭവിക്കേണ്ടത് സ്ത്രീ തന്നെയാണ്. അതുകൊണ്ടാണ് രാജാവ് നിരസിച്ച അതേ നിമിഷം അവൾ സ്വന്തം ബന്ധുക്കളുടെ ശത്രുവായി മാറുന്നത്. അലങ്കരിച്ച് രാജാവിന്റെ കൊട്ടാരത്തിൽ എത്തിച്ച അതേ ബന്ധുക്കൾ അവളെ അന്യയാക്കി ഉപേക്ഷിച്ചു പോകുന്നു. വിവാഹത്തിന് മുമ്പ് കുലീനയായ കന്യക ഭർത്തൃപരിത്യാഗശേഷം കുലടയായി മാറുന്നു. കണ്വശിഷ്യന്മാർ അവളെ 'പുരോഭാഗേ' എന്നും, കുലം പിഴപ്പിച്ചവൾ എന്നും വിളിക്കുന്നു. "ദാരേഷു സർവ്വതോമുഖീ പ്രഭു താ ഉപപന്നാ ഹി" എന്നിങ്ങനെ ഭാര്യയുടെ മുകളിൽ സർവ്വഅധികാരവും ഭർത്താവിന് നൽകുന്നു. "പതികുലേ ദാസ്യം അപി തവ ക്ഷമം" എന്നിങ്ങനെ പതിവ്രതയായ ഭാര്യയ്ക്ക് ഭർത്തൃഗൃഹത്തിൽ ദാസ്യവേലയും ഉചിതമാണെന്ന് പറയുന്നു. കാളിദാസന്റെ , 'ഭർത്താവിന്റെ അടിമയായ ഭാര്യ' എന്ന ആശയം മലയാളത്തിലെ ഒട്ടുമിക്ക ശാകുന്തള പുനർനിർമ്മിതികളും അതേപടി സ്വീകരിച്ചു. പ്രത്യേകിച്ചും കേരളത്തിൽ ഏകഭാര്യ-ഭർത്തൃനിർമ്മിതിയുണ്ടായ ആധുനിക കാലത്തും; അതിനുശേഷവും ശാകുന്തളപുനർനിർമ്മിതികളിൽ ഭാര്യയുടെ പദവി ഭർത്താവിനും അവന്റെ കുടുംബത്തിനും താഴെയാക്കി മാറ്റി. ഭർത്തൃഗൃഹത്തിലെ അടിമജോലി ഭാര്യയുടെ നിർബന്ധിത കർമ്മമായി മാറി.

കേരളത്തിൽ ബ്രാഹ്മണസ്ത്രീകൾ ഒഴികെയുള്ള ബാക്കി ജനങ്ങൾക്ക് സ്ത്രീപുരുഷഭേദമെന്യേ ബഹുലൈംഗികത ഒരുകാലത്ത് അംഗീകരിക്കപ്പെട്ട കുടുംബവ്യവസ്ഥയായിരുന്നു. ആധുനികതയുടെ കാലത്താണ് ഈ വ്യവസ്ഥ മാറി വരുന്നത്. ഇതിഹാസത്തിൽ തന്നെ പുരുഷന് ഭാര്യയെന്താണെന്ന ചിന്തകൾ ശാകുന്തളോപാഖ്യാനത്തിൽ വ്യാസൻ ചേർത്തിട്ടുണ്ട്. അതേ മാതൃകയിൽ എഴുത്തച്ഛൻ ഭാര്യാ-ഭർത്തൃബന്ധത്തിന്റെ ആവശ്യകത

വലിയ പ്രാധാന്യത്തോടെ കിളിപ്പാട്ടിലും ചേർത്തു കാണുന്നുണ്ട്. അക്കാലത്ത് യഥാർത്ഥത്തിൽ ബഹുലൈംഗികതയിലടിസ്ഥാനമുള്ള വൈവാഹികരീതിയാണ് ഉണ്ടായിരുന്നത്. എന്നിട്ടും സ്മൃതിയിലധിഷ്ഠിതമായ ഭാര്യാ ഭർത്തൃബന്ധം സ്വീകരിച്ചു ജീവിക്കുകയാണ് നല്ലതെന്ന് സ്ത്രീകളെ അഭിസംബോധന ചെയ്ത് അദ്ദേഹം കാവ്യത്തിലൂടെ സംസാരിക്കുന്നുണ്ട്. ശാകുന്തളകഥയെ മുൻനിർത്തി ഭാര്യാ-ഭർത്തൃബന്ധത്തെ പുകഴ്ത്തുന്ന എഴുത്തച്ഛൻ കണ്വോപദേശത്തിലൂടെ; ഭർത്താവിന് താഴെ-എപ്രകാരമാണോ ബ്രാഹ്മണന് ശൂദ്രൻ ദാസനായിരിക്കുന്നത് അതേ മാതൃകയിൽ-ഭർത്തൃദാസീ രൂപത്തിൽ; ഭാര്യയുടെ പദവി നിർണ്ണയിച്ചുവെന്ന് കാണാം. സ്ത്രീവാദപരമായി നോക്കുമ്പോൾ അത്തരം പദവീനിർണ്ണയം പിൽക്കാലത്ത് അവളുടെ അടിമാവസ്ഥ ശക്തമാക്കുവാൻ മാത്രമേ സഹായിച്ചുള്ളുവെന്ന് നിരീക്ഷിക്കാനാകും. ആധുനികതയുടെ കാലത്ത് നടന്ന ഭാര്യാ-ഭർത്തൃബന്ധചർച്ചകളിൽ എഴുത്തച്ഛന്റെ കണ്വോപദേശത്തിലെ വരികൾ അതേപടി ഉദ്ധരിക്കുക വഴി അത്തരം നിലപാടുകൾക്ക് അക്കാലത്ത് കൂടുതൽ പ്രാധാന്യം ലഭിച്ചതായി മനസ്സിലാക്കാം. പതിവ്രതകളായ ഭാര്യമാരുടെ രൂപീകരണം നടന്നതിന് ശാകുന്തളപുനർനിർമ്മിതികളിൽ തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. വള്ളത്തോളിന്റെ അച്ഛനും മകളും, വെണ്ണിക്കുളത്തിന്റെ ഭർത്തൃപരിത്യക്തയായ ശകുന്തള, കെ പി കുഞ്ഞിലക്ഷ്മിയുടെ ശകുന്തള തുടങ്ങിയ കാവ്യങ്ങളിലെല്ലാം ഭർത്തൃദാസ്യമനസ്കയായ ശകുന്തളയെ കാണാം. അച്ഛനും മകളും എന്ന കാവ്യത്തിൽ വിശ്വാമിത്രനെ വിമർശിക്കുന്ന ശകുന്തള, പിതാവിന്റെ ശാപത്തിൽ നിന്ന് ഭർത്താവിനെ രക്ഷപ്പെടുത്തുന്നു. ഭാര്യയുടെ കർത്തവ്യമായി ഭർത്തൃപദവീസംരക്ഷണം മാറുന്നു. ഭർത്താവ് എത്ര കഠിനകുറ്റം ചെയ്താലും പതിവ്രതയായ ഭാര്യ പരാതിപ്പെടരുത്. ഭാര്യാകുടുംബത്തിലെ തലമുതിർന്നവർ പോലും ഭർത്താവിനെ ചോദ്യം ചെയ്യാനോ ശിക്ഷിക്കാനോ പാടില്ല. അവൾക്കു സംഭവിച്ചതെല്ലാം അവളുടെ തന്നെ ഭാഗ്യദോഷം കൊണ്ടാണ്. ഭർത്താവിന് എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വവും ഭാര്യയ്ക്ക് തന്നെയാണ്.

സ്വന്തം പിതാവിന്റെ  ശാപത്തിൽ നിന്നുള്ള ഭർത്തൃസംരക്ഷണമാണ് യഥാർത്ഥത്തിൽ പതിവ്രതയായ വള്ളത്തോളിന്റെ ശകുന്തള ചെയ്യതെന്ന് കാണാം.

പിന്നീടുള്ള കൃതികളിൽ, പ്രത്യേകിച്ചും വെണ്ണിക്കുളം, കെ പി കുഞ്ഞിലക്ഷ്മി,ലളിതാംബികാ അന്തർജ്ജനം എന്നിവരുടെ കൃതികളിൽ ഭാര്യാപദവിയേക്കാൾ ശ്രേഷ്ഠമായ മാതൃപദവിയാണ് ശകുന്തളയെ ഭർത്താവിനോട് അടുപ്പിക്കുന്നത്.  ദുഷ്യന്തൻ മകനെ മുൻനിർത്തി തന്റെ  കൂടെ വരണമെന്നാണ് ശകുന്തളയോട്  ആവശ്യപ്പെടുന്നത്. ഭാര്യാഭർത്തൃപദവിയിൽ സ്ത്രീയ്ക്ക് ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെടുകയും, കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള മാതൃജീവിതം ഉദാത്തമാവുകയും ചെയ്യുന്നു. സ്ത്രീകൾ കുഞ്ഞുങ്ങൾക്കു വേണ്ടി അനിഷ്ടകരമായ  ദാമ്പത്യബന്ധം തുടരേണ്ടതുണ്ടെന്നത് ഇപ്പോഴും നിലനിൽക്കുന്ന സാമൂഹികശരിയാണ്. എന്നാൽ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം അത്തരമൊരു നിബന്ധന സാമാന്യമായി പൊതുസമൂഹം വച്ചുപുലർത്തുന്നില്ലെന്നും നിരീക്ഷിക്കാം .

വേദകാലം മുതൽ സ്ത്രീയുടെ ഭാഷ അധമമായി കണക്കാക്കിയിരുന്നു. അതുകൊണ്ടാണ് ഉത്തമപുരുഷഭാഷയായ സംസ്കൃതം സ്ത്രീകൾക്ക് സംസ്കൃത നാടകാദികളിൽ നിഷേധിച്ചത്. വേദാദികളിൽ തന്നെ സ്ത്രീയുടെ ഉച്ചത്തിലുള്ള സംസാരം, താർക്കികഭാഷണം എന്നിവ നിരുത്സാഹപ്പെടുത്തിയിരുന്നു. ഇതിഹാസത്തിലെ ശാകുന്തളോപാഖ്യാനത്തിൽ  ശകുന്തള രാജസന്നിധിയിൽ ധർമ്മശാസ്ത്രാദികളുന്നയിച്ച് താർക്കികമായി ദുഷ്യന്തനോട് വാഗ്വാദത്തിലേർപ്പെടുന്നുണ്ട്.  എന്നാൽ കാളിദാസനാടകത്തിലെ ശകുന്തള  വളരെ ദുർബലമായാണ് സംസാരിക്കുന്നത്. ഈ രണ്ടു നിലപാടുകൾ പുനർനിർമ്മിതികളിൽ എഴുത്തുകാരുടെ  കാഴ്ചപ്പാടുകൾക്കനുസൃതമായി വ്യത്യാസപ്പെടുന്നതായി നിരീക്ഷിക്കാനാകും. എഴുത്തച്ഛൻ വ്യാസഭാരതത്തിന്റെ  മാതൃകയിൽ നല്ല ഭാഷണം ശകുന്തളയ്ക്ക് നൽകുന്നുണ്ട്. എന്നാൽ,

ആട്ടക്കഥാകാരൻ, ഭാരതംഗാഥാകാരൻ, തുടങ്ങിയവർ ശകുന്തളയെ വളരെ ക്കുറച്ചു മാത്രമേ സംസാരിക്കാൻ അനുവദിക്കുന്നുള്ളൂ. ശകുന്തള സംസാരി ക്കുമ്പോൾ ആട്ടക്കഥയിൽ അത് വിമർശിക്കപ്പെടുകയും, ഭാരതംഗാഥയിൽ മകനാൽ പരിഹസിക്കപ്പെടുകയും ചെയ്യുന്നതായി കാണാം. ആധുനിക തയുടെ കാലത്തെ ശാകുന്തള പുനർനിർമ്മിതികളിൽ ശകുന്തള താഴ്ന്ന ശബ്ദ ത്തിൽ കരഞ്ഞു കൊണ്ട് സംസാരിക്കുന്നവളാണ്. മറ്റുചിലപ്പോൾ ശരിതെറ്റു കൾ വിചിന്തനം ചെയ്ത് തന്നോട് തന്നെ സംസാരിക്കുന്നവളാണ്. പുരുഷനോട് ശബ്ദമുയർത്തി സംസാരിക്കുന്ന ശകുന്തളയെ എഴുത്തുകാർ ഈ കാലയളവിൽ അവതരിപ്പിക്കുന്നില്ല. പകരം നിശബ്ദം കരഞ്ഞുകൊണ്ട് തന്റെ വിധിയെ പഴിക്കുന്നതായി ചേർത്തുകാണുന്നു. എന്നാൽ ആയിരത്തിതൊള്ളായിര ത്തി അമ്പതുകൾക്കു ശേഷം പുറത്തിറങ്ങിയ ലളിതാംബികാ അന്തർജ്ജന ത്തിന്റെ തിരക്കഥയിലും, തോപ്പിൽ ഭാസിയുടെ നാടകത്തിലും; പുരുഷനോ ട് മുഖാമുഖം സംസാരിക്കുന്ന വ്യാസഭാരതത്തിലെ ശകുന്തളയെ തന്നെ അവതരിപ്പിച്ചിട്ടുണ്ട്.

സ്ത്രീയ്ക്ക് നല്ല ഭാഷ നൽകി അവളെ സംസാരിക്കാൻ അനു വദിക്കുകയയെന്നത്, സ്വീകാര്യമല്ലാതിരുന്ന കാലം ശാകുന്തള പുനർനിർമ്മി തികളെ മാത്രം സൂക്ഷ്മമായി പരിശോധിച്ചാൽ തിരിച്ചറിയാനാകും. മാത്രമല്ല, പുരുഷാധീശനിലപാടുകളിൽ ഉച്ചത്തിൽ പുരുഷനോട് ഭാഷയുപയോഗി ക്കുന്ന സ്ത്രീ ഉത്തമസ്ത്രീയല്ലെന്ന നിലപാട് കാളിദാസനോടൊപ്പം പുനർനി ർമ്മിതികളിലും ആവർത്തിക്കുന്നതായി കാണാം. അതിനു കാരണം സ്ത്രീ കളുടെ പദവി നിർണ്ണയത്തിലുണ്ടായ രണ്ടാം സ്ഥാനമാണ്. സ്ത്രീ പരമാധികാ രിയായ പുരുഷനെ ചോദ്യം ചെയ്യാൻ പാടില്ലെന്ന ധാരണ ആധുനികതയുടെ കാലത്ത് രൂപം കൊണ്ടുവെന്നും എന്നും പിൽക്കാലത്ത് അത്തരം ധാരണകൾ മാറിയെന്നും നിരീക്ഷിക്കാം. സ്ത്രീകഥാപാത്രത്തിന്റെ ഭാഷാ നിർമ്മിതി യിൽ എഴുത്തുകാർ അധികാരപരമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പുരു

ഷനെ ഭാഷയിലൂടെ വിമർശിക്കാനുള്ള സ്ത്രീയുടെ അർഹത വിവിധ കാലങ്ങളിൽ എഴുത്തുകാർ പരിശോധനാത്മകമായി വിലയിരിത്തിയിട്ടുണ്ട്. സ്ത്രീഭാഷണത്തെ വിഷയപരമായി വിലയിരുത്തുമ്പോൾ, സ്ത്രീനിർമ്മിതീ ഘടകങ്ങൾ ചിന്തകളുടെ രൂപത്തിൽ ഉണ്ടാകുന്നത് കാണാനാകും. പ്രണയ-വിവാഹബന്ധങ്ങളിൽ സ്ത്രീ പുലർത്തേണ്ട ജാഗ്രത, അവളുടെ ചിന്തകളിലൂടെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പുരുഷന്റെ സാമ്പത്തിക-സാമൂഹിക സാഹചര്യങ്ങളെ മുൻനിർത്തി വേണം അത്തരം ബന്ധങ്ങളിൽ ഏർപ്പെടേണ്ടതെന്ന സൂചന ശകുന്തള പുനർനിർമ്മിതികളിലുണ്ട്. ഭർത്തൃനിരാസത്തിനു ശേഷം സ്ത്രീകൾ ഒന്നുകിൽ മരിയ്ക്കുകയോ അല്ലെങ്കിൽ പുത്രന് വേണ്ടി ജീവിയ്ക്കുകയോ വേണമെന്ന നിലപാട് ആധുനികതയുടെ കാലത്തുണ്ടായ കൃതികളിൽ ആവർത്തിച്ചു വരുന്നുണ്ട്. ഇതേ മാതൃകയിലാണ് കേരളത്തിലെ കുടുംബങ്ങളിൽ ഇന്നും സ്ത്രീയെ നിർമ്മിച്ചിട്ടുള്ളത്. അത്തരം നിർമ്മിതികളിൽ നിന്നും പുറത്ത് കടക്കുന്നവർക്ക് സമൂഹം ചീത്ത സ്ത്രീയുടെ സ്ഥാനമാണ് നൽകുന്നത്. ഉത്തമ പുരുഷനേക്കാൾ വളരെ താഴ്ന്ന സ്ത്രീയ്ക്ക്-നല്ലഭാഷ പോലും നൽകാതിരുന്ന സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി-പിൽക്കാലത്ത് പുരുഷനെ ചോദ്യം ചെയ്യാനുള്ള അവസരം വരെ ലഭിച്ചതായി കാണാം. എങ്കിലും അവളുടെ ഭാഷയിൽ തന്നെ അതതു കാലത്തെ സ്ത്രീമാതൃക രൂപപ്പെടുന്നതും കാണാനാവും. അതിനു തക്ക ഭാഷാപ്രയോഗസാധ്യതകളാണ് വിവിധ കാലത്തെ ശാകുന്തള പുനർനിർമ്മിതികളിലുള്ളത്.

ചുരുക്കത്തിൽ ശാകുന്തള പുനർനിർമ്മിതികൾ സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ, സ്ത്രീയെ വിവിധകാലങ്ങളിലെ പുരുഷാധീശവ്യവസ്ഥ നിർമ്മിച്ചെടുക്കുകയായിരുന്നുവെന്ന് കരുതാം.

# ഗ്രന്ഥസൂചി

## മലയാളം


അച്യുതനുണ്ണി, ചാത്തനാത്ത്. *ഗവേഷണം:പ്രബന്ധരചനയുടെ തത്ത്വങ്ങൾ.* ശുകപുരം:വ ള്ളത്തോൾ വിദ്യാപീഠം,2015.

അച്യുതമേനോൻ,ചേലനാട്ട്. *എഴുത്തച്ഛനും കാലവും.*തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.2015.

അജു കെ. നാരായണൻ.(എഡി), *താക്കോൽ വാക്കുകൾ.* ഭൂമിമലയാളം, ആലുവ:വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, 2017.

അനിതകുമാരി ടി.ഡോ.ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്(എഡി). *ഗവേഷണപഠനവും രീതിശാസ്ത്രവും.* തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലാ പ്രസിദ്ധീകരണം.2017.

അനിൽ കെ എം.(എഡി.)*സംസ്കാരനിർമ്മിതി.* കോഴിക്കോട്: പ്രോഗ്രസ്സ് ബുക്ക്സ്, 2017.

അനിൽ വള്ളത്തോൾ.ഡോ.(സമ്പാ). *മണിപ്രവാളകാവ്യമാലിക* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2013.

അജയ് ശേഖർ,ചന്ദ്രമോഹൻ എസ്. ആർ. *കേരളനവോത്ഥാനം പുതുവായനകൾ.* തിരുവനന്തപുരം:റെയ് വൻ പബ്ലിക്കേഷൻസ്.2017.

അഷ്മിത. എ.സി,സി. *മലയാളത്തിലെ സ്ത്രീ നാടകങ്ങൾ.*കോഴിക്കോട്:പൂർണ്ണ പബ്ലിക്കേഷൻസ്.2017.

അംബേദ്കർ, ബി. ആർ. *ജാതിനിർമ്മൂലനം ,* പരി:വി.എസ്.രാജപാത, തിരുവനന്തപുരം:മൈത്രി ബുക്ക്സ്,2017.

ആനന്ദി ടി. കെ, ഗണേഷ്.കെ.എൻ.*സ്ത്രീ ശാസ്ത്രം സമൂഹം.*തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്.

ഉമ ചക്രവർത്തി. *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ.* വിവ: പി.എസ്. മനോജ് കുമാർ. കോഴിക്കോട്:മാതൃഭൂമി ബുക്ക്സ്,2008.

ഉണിത്തിരി,എൻ.വി.പി. *കാളിദാസകൃതികൾ ഒരു പഠനം* കോഴിക്കോട്:മാതൃ ഭൂമി ബുക്സ്,2013

ഉണ്ണിക്കിടാവ് കെ. *സംഘകാലകൃതികളിലെ തമിഴ്സംസ്കാരം.* തൃശ്ശൂർ.കേരള സാഹിത്യ അക്കാഡമി,2007.

ഉഷാനമ്പൂതിരിപ്പാട്,ഡോ.*സാമൂഹികഭാഷാവിജ്ഞാനം.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1994.

കരുണാകരൻ, തിരുനെല്ലൂർ. (വിവ).*അഭിജ്ഞാനശാകുന്തളം നാടകം*,തിരു വനന്തപുരം:പ്രഭാത് ബുക്ഹൗസ്,2001.

കരുണാകരൻനായർ,ഇ. എ.*ന സ്ത്രീ ജീവിതമർഹതി* ആലുവ:ഖനി ബുക്സ്,1998.

കെ.ഇ.എൻ. *കേരളനവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും*.കോഴി ക്കോട്:ലീഡ് ബുക്സ്.2012.

കുഞ്ചുണ്ണിരാജ.കെ,ഡോ. ഡോ. എം. എസ്. മേനോൻ,(എഡി ),*ഋഗ്വേദത്തിന്റെ സാഹിത്യമൂലം-സംസ്കൃതസാഹിത്യചരിത്രം*, തൃശൂർ:കേരളസാഹിത്യ അക്കാദമി. 2002.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, *ഭാഷാഭാരതം.*

കുഞ്ഞുലക്ഷ്മി, കെ.പി.*ശകുന്തള,* മംഗളോദയം,തൃശ്ശൂർ, 1947

കുട്ടിക്കൃഷ്ണമാരാർ(പരിഭാഷ). *അഭിജ്ഞാനശാകുന്തളം*,കോഴിക്കോട്:മാരാർ സാഹിത്യപ്രകാശം,2012.

കൃഷ്ണനെളയത് സി. പി. *വിദ്വാൻ മച്ചാട്ടെളയത്:ജീവിതവും കൃതികളും,* തൃശ്ശൂർ:കേരളസാഹിത്യഅക്കാദമി,1977.

കൃഷ്ണപിഷാരടി,ആറ്റൂർ. (വിവ).*അഭിജ്ഞാനശാകുന്തളം* .തൃശ്ശൂർ:ആറ്റൂർ പബ്ലി ക്കേഷൻസ്.1985.

കൃഷ്ണപിള്ള എൻ. *കൈരളിയുടെ കഥ*.കോട്ടയം:ഡി.സി.ബുക്സ്.2016.

കൃഷ്ണൻ നായർ, സി.*പാട്ടുകവിതകളുടെ സാമൂഹികപ്രസക്തി.* തിരുവനന്ത പുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2008.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ. *മണിപ്രവാളശാകുന്തളം*. കോട്ടയം: എസ്.പി. സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,1988 .

കേശവൻ നായർ,കുറ്റിപ്പുറത്ത്.(വിവ).അഭിജ്ഞാനശാകുന്തളം .തൃശ്ശൂർ:കറൻറ് ബുക്ക്സ് 1990.

ഗണേശ്, കെ. എൻ. *മലയാളിയുടെ ദേശകാലങ്ങൾ*,കോഴിക്കോട്:റാസ്ബെറി ബുക്ക്സ്,2016.

ഗിരീഷ്,പി.എം. *അധികാരവും ഭാഷയും*. കോഴിക്കോട്:ഐ ബുക്ക്സ് കേരള,2015.

ഗീത.*എഴുത്തമ്മമാർ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിട്യൂട്ട്. 2014.

--------. (എഡി). *തീയെഴുത്തുകൾ-കെ.സരസ്വതിയമ്മ എഴുത്തും ജീവിതവും,* തിരുവനന്തപുരം:കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട്.2016.

………………*.പെൺകാലങ്ങൾ*,തൃശ്ശൂർ:കറൻറ് ബുക്ക്സ്,2010.

ഗോപാലക്കുറുപ്പ്,വെണ്ണിക്കുളം. *ഭർത്തൃപരിത്യക്തയായ ശകുന്തള*,കോട്ടയം: മലയാള മനോരമ,1920.

ഗോപിനാഥൻ നായർ എൻ(വ്യാഖ്യാ),*ഉണ്ണിയാടീ ചരിതം*.കോട്ടയം:സാഹിത്യ പ്രവർത്തകസഹകരണസംഘം.2016.

………………………………………… *മനുസ്മൃതി*, ആലപ്പുഴ:വിദ്യാരംഭം പബ്ലിഷേഴ്സ്, 1997.

ഗോപൻ, പി.കെ. സ്ത്രീജീവിതം-സാംസ്കാരിക കേരളത്തിലെ സ്ത്രീജീവിതങ്ങളുടെ ആത്മകഥ.കോഴിക്കോട്:പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്.2013.

ചന്ദ്രിക സി.എസ്. *കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ*. കോട്ടയം:ഡി.സി.ബുക്ക്സ്,2016.

ജയകൃഷ്ണൻ എൻ (പ്രസാ.) *ഫെമിനിസം*.(കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട്,തിരുവനന്തപുരം,201.

ജിസാജോസ്, സ്ത്രീവാദസാഹിത്യം മലയാളത്തിൽ.കണ്ണൂർ: സമയം ക്ലാസ്സിക്കസ്. 2016 .

ജോസഫ് മുണ്ടശ്ശേരി, *മുണ്ടശ്ശേരി കൃതികൾ, രണ്ടാം വാല്യം,*തൃശ്ശൂർ:കറൻറ് ബുക്ക്സ്,2004.

ജോർജ്ജ്, കെ. എം.(എഡി.) *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* . കോട്ടയം: എസ്.പി.സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2017.

ജ്യോതിലക്ഷ്മി പി. എസ്. ഉറൂബിന്റെ സ്ത്രീത്വദർശനം.തൃശൂർ: കേരളസാഹിത്യഅക്കാദമി.2008.

തുഞ്ചത്തെഴുത്തച്ഛൻ, *അദ്ധ്യാത്മരാമായണം,*കോട്ടയം:എസ്.പി.സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2017

തോമസ്കുട്ടി എൽ.*ഡോ.* ഫോക്‌ലോറും മലയാളനാടകവും.കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.2009.

ഥാപ്പർ, റൊമില. *ആര്യദ്രാവിഡവിവാദവും മതനിരപേക്ഷതയും,*വിവ:പി. ഗോവിന്ദപ്പിള്ള.തിരുവനന്തപുരം:ചിന്ത പബ്ലിഷേഴ്സ്.2006.

ദാമോദരൻപിള്ള.(പരി.) *ഏംഗൽസ്-കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവ യുടെ ഉത്ഭവം.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.2017.

ദേവിക. ജെ. *സ്ത്രീവാദം.* കോട്ടയം:ഡി.സി.ബുക്ക്സ്.2000.

……………………*.പൗരിയുടെ നോട്ടങ്ങൾ.*കോഴിക്കോട്:ഒലിവ് ബുക്ക്സ്.2013.

……………….. *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?* തൃശ്ശൂർ:കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.2015.

…………………(എഡി)*കല്പനയുടെ മാറ്റൊലി-സ്ത്രീപുരുഷഭേദവും ആദ്യകാലമല യാളി സ്ത്രീരചനകളും 1898-1938.*തൃശ്ശൂർ :കേരളാശാസ്ത്ര സാഹിത്യപരിഷത്ത്. 2015.

…………………*.പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു:ലിംഗനീതിയുടെ വിപ്ലവ ങ്ങൾ.* തിരുവനന്തപുരം:റീഡ് മീ ബുക്ക്സ്.2017.

നമ്പൂതിരി,എൻ.എം. *മലബാർപഠനങ്ങൾ,* തിരുവനന്തപുരം: കേരളഭാഷാഇൻ സ്റ്റിററ്യൂട്ട് .2008.

നായർ എസ്. കെ., *ആത്മകഥ*,കോട്ടയം:സാഹിത്യപ്രവർത്തകസഹകരണ സംഘം,1972.

നായർ എസ്.കെ.ഡോ. പ്രൊഫ. ആനന്ദക്കുട്ടൻ നായർ, അക്കിത്തം(സമാ ) *നൂറ്റിഒന്ന് ആട്ടക്കഥകൾ*,കോട്ടയം:നാഷണൽ ബുക്സ്റ്റാൾ, 1979.

നാരയണമേനോൻ വള്ളത്തോൾ.*വള്ളത്തോളിന്റെ കവിതകൾ മകളും*, കോട്ടയം:ഡി.സി.ബുക്ക്സ്,2003.

----------------------------------------- (വിവ). *ഋഗ്വേദസംഹിത*. വിവ: .വാല്യം:ഒന്ന്, കോട്ടയം: എസ്.പി.സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2016

-----------------------------------------(വിവ). *ഋഗ്വേദസംഹിത*. വിവ: .വാല്യം:രണ്ട്, കോട്ടയം: എസ്.പി.സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2016.

നിത്യചൈതന്യയതി. *സീത നൂറ്റാണ്ടുകളിലൂടെ*.തൃശ്ശൂർ:ഗ്രീൻ ബുക്ക്സ്,2013.

നാരായണൻ നമ്പൂതിരി കെ. ഐ. *കൗടിലീയാർത്ഥശാസ്ത്രം-പ്രമേയവും വിവക്ഷയും*. കുന്നംകുളം:കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല,2014.

നീലകണ്ഠൻ ഭട്ടതിരിപ്പാട് ആരിദിയേഴത്ത് (വ്യാ.) *ചന്ദ്രോത്സവം*.തിരുവനന്ത പുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.2017.

നൗഷാദ് എസ്. *വീരപുരുഷനും വിശുദ്ധസ്ത്രീയും-മഹാഭാരതമിത്ത് ആഖ്യാനം കമ്പോളകാലം*.കൊച്ചി:പാഠശാല പബ്ലിക്കേഷൻസ്.2017.

പണിക്കർ,കെ. എം.*ആത്മകഥ*, തൃശ്ശൂർ:മംഗളോദയം.1967.

പത്മനാഭപിള്ള,ശ്രീകണ്ഠശ്വരം. *ശബ്ദതാരാവലി*.കോട്ടയം:എസ്.പി.എസ്, നാഷ ണൽ ബുക്ക്സ് സ്റ്റാൾ.2010.

പ്രകാശം.കെ. വിദ്വാൻ(ഗദ്യ.വിവ.). *വ്യാസമഹാഭാരതം*.വാല്യം:ഒന്ന്. കോട്ടയം: ഡി.സി.ബുക്ക്സ്,2008.

ബഞ്ചമിൻ ഡി. സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം. തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്.2012.

ബാബു,ഐ.വി.*കേരളീയ നവോത്ഥാനവും നമ്പൂതിരിമാരും.* കോട്ടയം: എസ്.പി. സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2013.

ബാലകൃഷ്ണൻ നായർ ടി ചിറക്കൽ.(പ്രസാ)ഭാരതഗാഥ,തൃശ്ശൂർ:കേരള സാഹിത്യഅക്കാഡമി,1974.

ബാലകൃഷ്ണൻ പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും.* കോട്ടയം: ഡി.സി.ബുക്ക്സ്,2015.

----------------------------------എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും. കോട്ടയം: ഡി.സി.ബുക്ക്സ്,2013

ഭട്ടതിരിപ്പാട്,വി.ടി. സമ്പൂർണ്ണകൃതികൾ

ഭാസി, തോപ്പിൽ. *ശാകുന്തളം,* കോട്ടയം:ഡി സി. ബുക്ക്സ്,1987.

മലയാളപഠനസംഘം,*സംസ്കാരപഠനം-ചരിത്രം സിദ്ധാന്തം പ്രയോഗം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം,നാഷണൽ ബുക്ക് സ്റ്റാൾ,2017.

മഹേഷ് എം. ആർ.ഡോ. *മലയാളനോവലും ദേശീയതയും.*തിരുവനന്തപുരം: പ്രകാശനവിഭാഗം,കേരളസർവകലാശാല. 2012.

യാക്കോബ് തോമസ്. പുല്ലിംഗത്തിന്റെ നോട്ടങ്ങൾ.കോഴിക്കോട്:വിദ്യാർത്ഥി പബ്ലിക്കേഷൻസ്,2011.

……………………………..*ആധുനികതയുടെ പാഠങ്ങൾ-മലയാളകവിതയിലെ സ്ത്രീപക്ഷരാഷ്ട്രീയം.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2011.

രാഘവവാര്യർ,എം. ആർ. *മധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ.* കോട്ടയം:എസ്.പി.സി.എസ്, നാഷണൽ ബുക്ക് സ്റ്റാൾ.2016

രാഘവവാര്യർ,കേശവൻ വെളുത്താട്ട്. *മണിപ്രവാളചർച്ച.*കോട്ടയം: എസ്.പി. സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2016.

രാജ, കുഞ്ചുണ്ണി; എം. എസ്. മേനോൻ. സംസ്കൃത സാഹിത്യചരിത്രം,രണ്ടാം ഭാഗം-ലൗകികസാഹിത്യം, തൃശ്ശൂർ: കേരളം സാഹിത്യ അക്കാദമി , 1991.

രാജരാജവർമ്മ, ഏ. ആർ. (വിവ.) *അഭിജ്ഞാനശാകുന്തളം നാടകം*.കോട്ടയം:സി ജെ.എം.പബ്ലിക്കേഷൻസ്.1988.

രാജീവ് വി, ഡോ. ബാബു സെബാസ്ററ്യൻ(സമ്പാ). *അന്വേഷണത്തിന്റെ വഴികൾ*, കോട്ടയം:കറന്റ് ബുക്ക്സ്,2011.

രാജൻ ഗുരുക്കൾ,മിത്ത് ചരിത്രം സമൂഹം.പത്തനംതിട്ട:പ്രസക്തി ബുക്ക് ഹൗസ്,2009.

രാധാകൃഷ്ണൻ ഇളയിടത്ത്. *പൂതപ്രബന്ധം*. കോഴിക്കോട്:ഇൻസൈറ്റ് പബ്ലിക്ക. 2015.

രാമകൃഷ്ണൻ,എം.കെ. കെ.എം വേണുഗോപാൽ. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം*.പത്തനംതിട്ട:പ്രസക്തി ബുക്ക് ഹൌസ്.2016.

രാമചന്ദ്രൻ നായർ, പന്മന. *കേരള സംസ്കാരപഠനങ്ങൾ* . കോട്ടയം:ഡി.സി. ബുക്ക്സ്.201.

രാമദാസ് ചെറായി.(പരി.) *ശാംകരസ്മൃതി*.വ്യാ: ടി.സി.പരമേശ്വരൻ മൂസ്സത്. കോട്ടയം: എസ്.പി. സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ,2017.

രവീന്ദ്രൻ എൻ. കെ. *പെണ്ണെഴുതുന്ന ജീവിതം*.കോഴിക്കോട്:മാതൃഭൂമി ബുക്ക്സ്,2010.

രാധാകൃഷ്ണൻ ആർ,ഡോ. *കേരളത്തിന്റെ സ്ത്രീശക്തി ചരിത്രം*.തിരുവനന്ത പുരം:മാളൂബൻ,2016.

ലീലാവതി എം, *മലയാളകവിതാസാഹിത്യചരിത്രം*, തൃശ്ശൂർ:കേരളസാഹിത്യ അക്കാദമി,2002.

ലളിതാംബികാ അന്തർജ്ജനം, *ശകുന്തള-തിരക്കഥ*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്,2010.

..............................................,*ആത്മകഥക്കൊരാമുഖം*.തൃശ്ശൂർ:കറൻറ് ബുക്ക്സ്, 1991.

വത്സലൻ വാതുശ്ശേരി.*മലയാളസാഹിത്യനിരൂപണം അടരുകൾ;അടയാളങ്ങൾ*. തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.2015.

വിജയപ്പൻ, പി. എം.(സം.സം.) *തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം* തൃശ്ശൂർ : കറന്റ് ബുക്സ്.1998.

വേണുഗോപാലപ്പണിക്കർ ടി.ബി. *ഭാഷാർഥം.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2015.

വേലായുധൻ പണിക്കശ്ശേരി,*സഞ്ചാരികൾ കണ്ട കേരളം,*തൃശ്ശൂർ:കറൻറ് ബുക്സ്.2006.

ശങ്കരൻ, തായാട്ട്.*വള്ളത്തോൾ നവയുഗത്തിന്റെ കവി,*ശുകപുരം:വള്ളത്തോൾ വിദ്യാപീഠം.1986.

ശങ്കുണ്ണിനായർ.എം.പി. കാവ്യവ്യുല്പത്തി.കോട്ടയം: എസ്.പി. സി.എസ്. നാഷ ണൽ ബുക്ക് സ്റ്റാൾ,1974 .

ശിവദാസ്. കെ.കെ. സംസ്കാരവും സാഹിത്യവും തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്.2012.

ഷാജി ജേക്കബ്.(സമ്പാ) *സാംസ്കാരിക വിമർശനവും മലയാളഭാവനയും* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.2014.

ഷൂബ കെ.എസ്. ആഗോളീകരണകാലത്തെ കുട്ടികൃഷ്ണമാരാർ.തിരുവനന്ത പുരം:എം.എൻ.വിജയൻ സാംസ്കാരികവേദി.2011.

ഷംഷാദ് ഹുസൈൻ, *ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ,*തിരുവ നന്തപുരം:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.2009.

സജിത, കെ. ആർ. *ദളിതമക്ഷര സംയുക്തം…,* തിരുവനന്തപുരം:പരിധി പബ്ലിക്കേഷൻസ്,2012

സ്കറിയ സക്കറിയ(എഡി:) 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ ചങ്ങനാശ്ശേരി:താരതമ്യപഠനസംഘം.1999.

സുകുമാരൻ,കെ. *കഴിഞ്ഞകാലകേരളം,* കൊല്ലം:A & A പബ്ലിക്കേഷൻസ് ,2017.

സുജാറാണി മാത്യു,*വുമണിസം സ്ത്രീ ചിന്തയും സിദ്ധാന്തവും.*കണ്ണൂർ:കൈരളി ബുക്സ്.2008.

സുധീഷ്,എസ്. *ചരിത്രവും ഭാവനയും നോവൽ കലയിൽ,*തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2016.

സുനിൽ പി ഇളയിടം *ആത്മം അപരം അധിനിവേശം.* കോഴിക്കോട്:ഐ ബുക്ക്സ് കേരള,2016.

സുബ്രഹ്മണ്യൻ,എൻ.സംഘകാലഭരണസംവിധാനം,ഐ.സി.എച്ച്.ആർ.കോട്ടയം:ഡി.സി.ബുക്ക്സ് .2007.

സോമൻ, പി.*ഡോ. ദേവദാസികളും സാഹിത്യചരിത്രവും.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2011

സംഗീത എം. കെ. പ്രജീഷ എ കെ, പ്രൊഫ്. എം ശ്രീനാഥൻ. ഫെമിനിസ്റ്റ് നിഘണ്ടു(പദവിവരണവും ശബ്ദാവലിയും).തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലാ പ്രസിദ്ധീകരണം.2017.

ശർമ്മ, ആർ.എസ്. പ്രാചീന ഭാരതത്തിലെ ശൂദ്രന്മാർ, ഐ.സി.എച്ച്.ആർ.കോട്ടയം:ഡി.സി.ബുക്ക്സ് .2007.

**ഇംഗ്ലീഷ്**

Butler, Judith. *Gender Trouble: Feminism and the Subversion of Identity.*Newyork and London:Routledge.1990.

Beauvoir De, Simone. *The Second Sex,*London:Pen Books Ltd.1988.

Gilbert, Sandra M, and Susan Gubar. *No Man' s Land: The Place of the Women Writer in the Twentieth Century.* New Heaven:Yale UP,1988.

……………………………………The Mad Woman in the Attic: The Women Writer and the NineteenthCentury Literary Imaagination, New Heaven :Yele University Press,1979.

Heredia C,Rudoulf(Edi.). *The Family in A Changing World.*Newdelhi:Indian Social Institute.2011.

Keith, Berriedale A. *A History of Sanskrit Language.* New Delhi:Motilal Banarsidass Publishers Private Limited,2014.

Kristheva, Julia. *Desire inLanguag: A Semiotic approach to Literature and Art*.Ed. Leon S Roudiez.New York:Columbia UP,1980.

Rajaaram, Navarathna David Frawley. *vedic Aryans and the Origins of civilization* NewDelhi: Vouce of India, 2016.

Raajkumar. *Dalith Personal Narratives*.NewDelhi:Orient Black Swan.2011.

Robin Jeffrey, *Politics, Women and Well-Being*.Melbourne:Oxford University Press,2000.

Romila Thapar. *Sakunthala-Texts Readings Histories*.Delhi:Kali for Women,2000.

…………………....*Early India From the Origins to AD 1300*.Newdelhi:Penguin Books,2012.

Spender,Dale. *Man Made Language*, (Routledge,London,1985.

Spivak, Gayathri Chakravorty.*In Other Worlds:Essays in Cultural Politics.* NewYork*:* Metheun*,*1987*.*

Sawhney, Simona. *The Modernity of Sanskrit.* New Delhi:Permanent Black,2009.

Vaidya C.V. *The Mahabharatha a Criticism.* New Delhi:Cosmo Publications,1983.

Warder, A. K. *Indian Kaavya Literature, Vol.III* New Delhi:Motilal Banarsidass Publishers Private Limited, 1977.

Williams,Monier. *Sakoontala Or The Lost Ring-An Indian Drama.* New Delhi:Thulsi Publishing House,1979.

### ആനുകാലിക പ്രസിദ്ധീകരണങ്ങൾ/ജേർണലുകൾ

എൻ. കെ. രവീന്ദ്രൻ, 'സ്ത്രീയെ നിശബ്ദമാക്കുന്ന സാഹിത്യസംസ്കാരം' . കലാകൌമുദി പുസ്തകം 9,ലക്കം 956.

ഡോ. ജോസ്. കെ. മാനുവേൽ, 'ക്യൂർ-സിദ്ധാന്തവും സംവാദവും കേരളീയ പശ്ചാത്തലത്തിൽ' . വിജ്ഞാനകൈരളി. മാർച്ച് 2018.

യാക്കോബ് തോമസ്, 'വേശ്യ-പാഠം ചരിത്രം ആധുനികത, പഴയ കൃതി പുതിയ വായന' . ഭൂമി മലയാളം,വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം, യു. സി. കോളജ്, ആലുവ,2011.

കെ.വി. ദിലീപ് കുമാർ, ചെറുശ്ശേരിയുടെ ഭാരതഗാഥ, താപസം റിസർച്ച് ജേർണൽ, വാല്യം-3,ലക്കം-3, ജനുവരി, 2008.

കെ.വി, പ്രതികരണലേഖനം,ലക്ഷ്മിഭായി,1915

എ. മീനാക്ഷിയമ്മ, ദമയന്തി, (ശാരദ,പുസ്തകം 1, ലക്കം 5, 1905)

ശാരദ എന്ന ആദ്യകാല മാസികയുടെ 1905 മുതൽ 1909 വരെയുള്ള എല്ലാ ലക്കങ്ങളും.

### ഗവേഷണ പ്രബന്ധങ്ങൾ

അന്നംസിനി എ പി, 'നാടോടിസ്വത്വം എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ' , , കേരളസാഹിത്യ അക്കാദമി.2017

മേഴ്സി കെ വി, 'സ്ത്രീസങ്കല്പം ആനന്ദിന്റെ നോവലുകളിൽ' ,( കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,2006.

ഷനോജ് എം. പി., 'സാമൂഹിക നവോത്ഥാനം മലയാളനോവലുകളിൽ' , കേരളസാഹിത്യ അക്കാദമി, തൃശൂർ.

സത്യൻ എം. 'മലയാള സിനിമയും ലിംഗരാഷ്ട്രീയവും' , മലയാള-കേരളപഠന വിഭാഗം. കാലിക്കറ്റ് സർവ്വകലാശാല. 2017.

ജൂലിയാ ഡേവിഡ്, 'ആദ്യകാല മാസികളിലെ സ്ത്രീശാക്തീകരണം-ശാരദയെ ആസ്പദമാക്കി ഒരു പഠനം' , ഗവേഷണപ്രബന്ധം-യു.ജി.സി.മൈനർ റീസേർച്ച് പ്രോജക്റ്റ്,2016.